# അപ്രമാണിക ഗ്രന്ഥങ്ങൾ

## ഭാഗം 1

ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**ALPHA INSTITUTE OF THEOLOGY AND SCIENCE**
Thalassery, Kerala, India - 670 101
Ph: 0490 2344727, 2343707
Web: www.alphathalassery.org, Email: alphits@gmail.com

# അപ്രമാണിക ഗ്രന്ഥങ്ങൾ
## (ഭാഗം 1)


| | |
|---|---|
| **Title:** | Apocryphal Books: Historical - Critical Analysis (Part 1) |
| **Author:** | Dr. Sebastian Kuttiyanickal |
| **Published by:** | The Director, Alpha Institute, Archdiocese of Tellicherry,<br>Sandesa Bhavan, Tellicherry, 670 101, Kannur, Kerala<br>Ph: 0490 - 2344727, 2343707 |
| **Published on:** | 2019 December 25 (*Christmas*) |
| **Office Assistance:** | Br. Amal Chempakassery<br>Mr. Nidhin Reji<br>Mrs. Jeshitha Vijesh<br>Mrs. Vimmi N.K |
| **Language Mentor:** | Fr. Mathew Edamula |
| **Design & Layout:** | Midhun Thomas |
| **Printing:** | Vimala Offset Press, Thalassery |


| | |
|---|---|
| **Copy Right:** | © All rights reserved. No part of this publication may be reproduced, stored in or introduced into a retrieval system, or transmitted, in any form, or by any means, electronic, mechanical, photocopying, recording or otherwise without the prior written permission of the publisher |

# ഉള്ളടക്കം

1. ആമുഖം ..................... 05
2. ഹെനോക്ക് ..................... 18
3. സിബില്ലെൻ അരുളപ്പാടുകൾ ..................... 71
4. ഷേമിന്റെ പ്രബന്ധം ..................... 82
5. എസെക്കിയേലിന്റെ അപ്രമാണികഗ്രന്ഥം ..................... 90
6. സെഫാനിയയുടെ വെളിപാട് ..................... 94
7. എസ്രായുടെ അപ്രമാണികഗ്രന്ഥം ..................... 109
8. 12 സഭാപിതാക്കന്മാരുടെ നിയമങ്ങൾ ..................... 116
9. ജോബിന്റെ നിയമം ..................... 125
10. സോളമന്റെ നിയമം ..................... 134
11. അരിയാസ്റ്റിയാസിന്റെ കത്ത് ..................... 148
12. ജൂബിലികൾ ..................... 155
13. ഏശയ്യായുടെ രക്തസാക്ഷിത്വവും സ്വർഗ്ഗദർശനവും ..................... 176

*Published for the use of the students of Alpha Institute of Theology and Science*

# 01

## ആമുഖം

വിശുദ്ധ ബൈബിൾ ശ്രദ്ധാപൂർവ്വം വായിക്കുമ്പോൾ നമുക്ക് ഒരു കാര്യം മനസ്സിലാകും. ഈ ഗ്രന്ഥകാരന്മാർ എല്ലാവരുംതന്നെ ചില ഗ്രന്ഥങ്ങൾ ഉറവിടങ്ങളായി ഉപയോഗിച്ചിട്ടുണ്ട്. അവയൊന്നുംതന്നെ ഇന്ന് അവശേഷിച്ചിട്ടുമില്ല. ഈ ഉറവിടഗ്രന്ഥങ്ങളെക്കുറിച്ച് നമുക്ക് വളരെ കുറച്ചേ അറിയൂ. മാത്രമല്ല, ആ ഗ്രന്ഥങ്ങൾ എത്രത്തോളം യഥാർത്ഥ രേഖകളാണെന്ന കാര്യത്തിലും നമുക്ക് തീർച്ചയില്ല. ഇങ്ങനെ നഷ്ടപ്പെട്ടുപോയ ഉറവിടഗ്രന്ഥങ്ങൾ ഏറെയുണ്ട്. താഴെ കാണുന്ന ഗ്രന്ഥങ്ങൾ അവയിൽ ചിലതുമാത്രം: യാഹ്‌വേയുടെ യുദ്ധങ്ങളുടെ ഗ്രന്ഥം (സംഖ്യ 21:14), യാഷാറിന്റെ പുസ്തകം (ജോഷ്വാ 10 :13, 2 സാമു 1:18), സോളമന്റെ നടപടി പുസ്തകം (1 രാജാ 11:41), ഇസ്രായേൽ രാജാക്കന്മാരുടെ ദിനവൃത്താന്ത പുസ്തകം (1 രാജാ 14 : 19; 2 ദിന 20: 34), യൂദായിലെ രാജാക്കന്മാരുടെ ദിനവൃത്താന്ത പുസ്തകം (1 രാജാ 14 :29;15:7), സാമുവൽ ദീർഘദർശിയുടെ പുസ്തകം (1 ദിന 29: 29), നാഥാൻ പ്രവാചകന്റെ ചരിത്രം (2 ദിന 9: 29), ഷെമായാ പ്രവാചകന്റെയും ഇദ്ദോ ദീർഘദർശിയുടെയും ദിനവൃത്താന്തഗ്രന്ഥം (2 ദിന 12:15), ഹനാനിയുടെ പു

ത്രൻ യേഹുവിന്റെ ദിനവൃത്താന്തഗ്രന്ഥം (2 ദിന 20:34), ഏശയ്യാ യുടെ അജ്ഞാതവും പേരില്ലാത്തതുമായ ഗ്രന്ഥം (2 ദിന 26:22), ഹോസായിയുടെ ദിനവൃത്താന്തഗ്രന്ഥം (2 ദിന 33:18), ജറെമിയാ ജോസിയായ്ക്കുവേണ്ടി നടത്തിയ പേരില്ലാത്ത വിലാപഗ്രന്ഥം (2 ദിന 35:25). 1 മക്ക. 16:24 –ൽ യോഹന്നാൻ ഹിർക്കാനൂസിന്റെ ഗ്ര ന്ഥത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നു.

ക്രിസ്തുമതവും റബ്ബിനിക് ജൂഡായിസവും അവരവരുടെ സാ മൂഹികപരിസരങ്ങളിൽ ഗണനീയമാംവിധം സാഹിത്യപ്രവർത്തന ങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. ആദിമനൂറ്റാണ്ടുകളിൽ രചിക്കപ്പെട്ട പല രേഖകളും പകർത്തിയെഴുതുന്നവർ എഴുതി സൂക്ഷിച്ചിരുന്നു. എ ന്നാൽ ഇവയിൽ പലതും നഷ്ടപ്പെട്ടു. ചിലതുമാത്രം കഴിഞ്ഞ രണ്ട് നൂറ്റാണ്ടുകളിൽ കണ്ടെടുത്തു. എക്സ്ട്രാ കാനോനിക്കൽ ഗ്രന്ഥ ങ്ങളുടെ പുരാതനപട്ടികയാണ് ഇവ കണ്ടെത്താൻ സഹായകമാ യത്. ഒരുപക്ഷേ, ആറാം നൂറ്റാണ്ടിലെ ഒരു കാറ്റലോഗാണ് ഇവ യിൽ ഒന്ന്. അലക്സാണ്ഡ്രിയയിലെ അത്തനാസിയൂസിന്റെ പേ രിലാണ് ഈ പട്ടിക അറിയപ്പെടുന്നത് (296 373).

അപ്രമാണിക വിഭാഗത്തിൽ (Apocryphal and Pseudepigraphic) ഉൾപ്പെടുത്തിയ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ തങ്ങൾ ദൈവത്തി ന്റെ അപ്രമാദിത്വമാർന്ന വാക്കുകൾ രേഖപ്പെടുത്തുന്നുവെന്ന മട്ടി ലാണ് രചന നടത്തിയിട്ടുള്ളതെന്ന് പറയേണ്ടിവരും. ആദ്യകാല ത്തെ ക്രിസ്ത്യൻ - യഹൂദ സമൂഹങ്ങൾ മേൽപറഞ്ഞ പട്ടികയിൽ പെട്ട ഗ്രന്ഥങ്ങളെ കൂടുതൽ ഗൗരവത്തോടെ കണ്ടിരുന്നുവെന്ന കാര്യം തീർച്ചയാണ്. യൂദായുടെ രചനാകാരൻ 14ഉം 15ഉം വാക്യ ങ്ങൾ 1 ഹെനോക്കിലെ പ്രവചനഭാഗത്തുള്ളവയാണ് ഉദ്ധരിച്ചിട്ടു ള്ളത്. 1 ഹെനോക്കിലെ (1 ഹെനോക്ക് 1: 9) വരികൾ ചാവുകടൽ ചുരുളുകളിൽ അരമായിക് ഭാഷയിൽ എഴുതപ്പെട്ടവയായി കണ്ടെ ത്തിയിട്ടുണ്ട്. മോശയെക്കുറിച്ചുള്ള നഷ്ടപ്പെട്ടുപോയ യഹൂദ അപ്പോ ക്രിഫോൺ ഗ്രന്ഥത്തിലെ 9,10 വാക്യങ്ങളെ യൂദാ ആശ്രയിച്ചിരി ക്കാം.

### അപ്രമാണിക ഗ്രന്ഥങ്ങളുടെ നിർവചനം

അപ്രമാണികം എന്ന സാങ്കേതികപദപ്രയോഗത്തിനു സുദീർഘ വും വിശിഷ്ടവുമായ ഒരു ചരിത്രമുണ്ട്. രണ്ടാംനൂറ്റാണ്ടിൽ സെറാപി യോൺ ആണ് പഴയനിയമത്തിലെ അപ്രമാണിക ഗ്രന്ഥങ്ങളെ വ്യാ ജമായ മേൽക്കുറിപ്പുകൾ കൂടിയ രചനകൾ എന്ന രീതിയിൽ പരാ മർശിച്ചത്. പതിനെട്ടാം നൂറ്റാണ്ടിലെ ആദ്യവർഷങ്ങളിൽ ജെ. എ.

ഫാബ്രിസിയൂസ് തന്റെ ബൃഹത്തായ രചനകളുടെ ആദ്യവാല്യം Pseudepigraphus Veteris testamenti എന്ന പേരിൽ പുറത്തിറക്കി.

ഈ സന്ദർഭത്തിൽ അപ്രമാണികം എന്നതിന്റെ അർത്ഥമെന്തെന്നു വിശദീകരിക്കുന്നതു നല്ലതാണെന്നു തോന്നുന്നു. ഇപ്പോൾ ഈ പദത്തിനു നിരവധി നിർവചനങ്ങളുണ്ട്. വെബ്സ്റ്ററുടെ മൂന്നാമത്തെ ന്യൂ ഇന്റർനാഷണൽ ഡിക്ഷണറിയിൽ (പേജ് 1830) നൽകിയിരിക്കുന്ന അർത്ഥം ഇങ്ങനെ: ബൈബിളിലെ കഥാപാത്രങ്ങളിൽ നിന്ന് ആവിർഭവിച്ചതും അവരെ സൂചിപ്പിക്കുന്നതുമായ വ്യാജരചനകൾ. എന്നാൽ ഈ അർത്ഥം നമ്മെ തെറ്റിദ്ധരിപ്പിക്കുന്നതാണ്. പുരാതന രചനകൾ യുക്തിസഹമായി നിയമാനുസൃതമല്ലെന്നു വിധിക്കുകയാണ്. റാൻഡം ഹൗസിന്റെ ഇംഗ്ലീഷ് ഡിക്ഷണറിയിൽ അർത്ഥം നൽകിയിരിക്കുന്നത് ഇങ്ങനെ : കാനോനികമല്ലാത്ത ചില രചനകൾ- ഇവ ബിബ്ലിക്കൽ ആണെന്നു അവകാശപ്പെടും. എന്നാൽ ഇവ കാനോനികമായി പരിഗണിക്കുന്നവയോ പ്രചോദിപ്പിക്കപ്പെട്ടതോ അല്ല. രണ്ട് പ്രതികരണങ്ങൾ ഈ നിർവചനത്തിൽ കാണാം: ഒന്ന് - ഇവ കാനോനികമായി അംഗീകരിച്ചതോ പ്രചോദിപ്പിച്ചതോ അല്ല. ഈ രചനകൾ ആരുടേതെന്ന് കണ്ടെത്തേണ്ടിവരും. രണ്ട് - ഇതിന്റെ സ്വഭാവം ബൈബിൾപരമായിരിക്കുമെന്നതാണത്. കൃത്യമായി പറഞ്ഞാൽ ഈ പദം ഗ്രീക്ക് ഭാഷയിലെ ഒരു ലിപ്യന്തരണമായ വ്യാജമായ മേൽക്കുറിപ്പുകളോടുകൂടിയത് എന്നർത്ഥമാക്കുന്നതാണ് . ഈ സമാഹാരത്തിന്റെ നാമമായ പഴയനിയമത്തിലെ അപ്രമാണിക ഗ്രന്ഥങ്ങൾ പദ, ശബ്ദവ്യുത്പത്തി ശാസ്ത്രമനുസരിച്ച് പഴയനിയമത്തിലെ ആദർശശാലികളായ വ്യക്തികളുടേതെന്നു തോന്നിപ്പിക്കുന്ന രചനകളാണ്. ഈ പദം ഒരു വ്യാജധ്വനി പുറപ്പെടുവിക്കുന്നുണ്ട്. അതാകട്ടെ ഇപ്പോൾ അന്താരാഷ്ട്ര തലത്തിൽ തന്നെ ഉപയോഗിച്ചുവരുന്നുമുണ്ട്.

ഇപ്പോഴുള്ള അപ്രമാണിക ഗ്രന്ഥങ്ങളുടെ വിവരണം ചുവടെ ചേർക്കുന്നു: 1) അഹിക്കാർ ഒഴിച്ചുള്ളവ യഹൂദ വിഭാഗത്തിലോ ക്രിസ്തീയ വിഭാഗത്തിൽപെട്ടതോ ആണ്. 2) ഇസ്രായേലിന്റെ പൂർവകാല വ്യക്തിത്വങ്ങളെ ആദർശവാന്മാരായി ചിത്രീകരിക്കുന്നവയാണവ. 3) സാമ്പ്രദായികമായിത്തന്നെ ഇവ ദൈവത്തിന്റെ വചനമോ സന്ദേശമോ ഉള്ളടങ്ങിയതാണെന്നു അവകാശപ്പെടുന്നവയാണ്. 4) ഇപ്പോഴുള്ള പഴയനിയമത്തിലെ ആശയങ്ങളിലും വിവരണങ്ങളിലും നിരന്തരമായി പടുത്തുയർത്തപ്പെട്ടവയാണവ. 5) ബി.സി. 200-നും എ.ഡി. 200-നും മധ്യേ രചിച്ചവയാണ്. അതിലും പഴക്കമുള്ളവയാണെങ്കിൽ അവ അതാതു കാലഘട്ടത്തെ യഹൂദ പാരമ്പര്യങ്ങളനുസരിച്ച് പരിരക്ഷിക്കപ്പെട്ടിട്ടുണ്ട്.

## അപ്രമാണിക ഗ്രന്ഥങ്ങളുടെ പ്രാധാന്യം

ക്രിസ്തുവർഷം ആരംഭിക്കുന്നതിനുമുമ്പ് യഥാവിധി ചരിത്രം മനസ്സിലാക്കാനും യഹൂദരുടെ ചിന്താധാരകൾ എന്തായിരുന്നുവെന്നു മനസ്സിലാക്കാനും അപ്രമാണിക ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പുസ്തകങ്ങളിലൂടെ കഴിയുന്നുണ്ട്. ഈ കാലഘട്ടത്തെക്കുറിച്ചുള്ള നാല് വസ്തുതകൾ മതിപ്പുളവാക്കുന്നതാണ്. ബി.സി. 200-നും എ.ഡി. 200-നും മധ്യേയുള്ള യഹൂദ രചനകളുടെ ഒരു ഭാഗം മാത്രമേ നമുക്ക് കിട്ടിയിട്ടുള്ളുവെങ്കിലും ഈ പട്ടികയിലുള്ള സാഹിത്യ രചനകളുടെ ബാഹുല്യമാണ് ഒന്നാമത്തെ കാര്യം. ആദിമ കാലത്തെ ക്രിസ്തീയ രചനകളിൽ ഉദ്ധരിക്കുകയും പരാമർശിക്കുകയും ചെയ്തിട്ടുള്ള പല രചനകളും നഷ്ടപ്പെട്ടിരിക്കുകയാണ്. ഇവയിൽ പലതും മുറിച്ച് ചെറുതാക്കിയ കൈയെഴുത്തു പ്രതികളോ ചുരുൾ ശകലങ്ങളോ ആണ്. നഷ്ടപ്പെട്ട വാല്യങ്ങളെക്കുറിച്ച് പരാമർശം പല ഭാഗത്തുമുണ്ട്. ഉദാഹരണത്തിന് സൈറിന്റെ ജാസൺ, തിബേരിയാസിലെ ജസ്റ്റിൻ, ഡമാസ്ക്കസിലെ നിക്ലാവൂസ്, എന്നിവ ഉദാഹരണം. ഓരോ കൈയെഴുത്തുപ്രതിയും കണ്ടെത്തുമ്പോൾ ഇനിയും രചനകൾ കണ്ടെത്താനുണ്ടെന്ന കാര്യം നമ്മെ ഓർമ്മിപ്പിക്കുന്നു. പ്രവാസാനന്തര ജൂഡായിസത്തിൽ സവിശേഷതയാർന്നതും ബൃഹത്തായതുമായ സാഹിത്യ കൃതികൾ ഉണ്ടായിരുന്നുവെന്നത് തീർച്ചയാണ്.

രണ്ടാമതായി, അപ്രമാണിക ഗ്രന്ഥങ്ങൾ ആദിമ ജൂഡായിസത്തിൽ പഴയനിയമം ചെലുത്തിയ സർവവ്യാപിയായ സ്വാധീനത്തെ ചിത്രീകരിക്കുന്നതാണ് ഇതെല്ലാം പഴയനിയമത്തിന്റെ വിപുലീകരണ രൂപങ്ങളിൽ ദർശിക്കാനും കഴിയും.

മൂന്നാമതായി, പലസ്തീനിയൻ യഹൂദരെ പേർഷ്യക്കാർ, ഗ്രീക്കുകാർ, റോമാക്കാർ, എന്നിവർ കീഴടക്കിയതും, തുടർച്ചയായി സിറിയ, ഈജിപ്ത്, പാർത്തീനിയ സൈന്യങ്ങൾ ആക്രമിച്ചതും ഇതേ ഗ്രന്ഥനിരയിൽനിന്നു നമുക്ക് ഗ്രഹിക്കാൻ കഴിയുന്നു. എന്നാൽ ഇതൊന്നും പൈതൃകമായി ലഭിച്ച ആചാരങ്ങളും പാരമ്പര്യങ്ങളും കാത്തുസൂക്ഷിക്കാനുള്ള ഭക്തരായ യഹൂദരുടെ ഉത്സാഹം കെടുത്തിയതുമില്ല.

പ്രവാസാനന്തര കാലത്തുള്ള യഹൂദരുടെ നേർക്കാഴ്ചയാണ് അപ്രമാണിക ഗ്രന്ഥങ്ങളിലുള്ള പല രചനകളും. മാത്രമല്ല, ഈ ഗ്രന്ഥപരമ്പര യഹൂദരുടെ ചെറുത്തുനിൽപ്പിന്റെ കഥകളും അനാവരണം ചെയ്യുന്നുണ്ട്. സോളമന്റെ സങ്കീർത്തനങ്ങളിലും, മോശയുടെ

നിയമത്തിലും ദൈവം മാത്രമാണ് ശക്തി കേന്ദ്രമെന്ന് പറയുന്നുണ്ട്. ദൈവം വിജാതീയർക്ക് എതിരേ നടപടി സ്വീകരിക്കുമെന്നും ജെറുസലം വിദേശീയരിൽനിന്നു മോചിപ്പിച്ച് ശുദ്ധീകരിക്കുമെന്നും ഇതേ രചനകളിലുണ്ട്. ചരിത്രത്തിൽനിന്നും ഭൂമിയിൽനിന്നും ദൈവം പിൻവാങ്ങിയെന്ന രീതിയിൽ വർത്തമാനകാലത്തെ നിരാശാവാദികൾ നോക്കിക്കണ്ടപ്പോഴും ഇസ്രായേലിനെക്കുറിച്ചുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതി പൂർണ്ണമാക്കാൻ അവിടുന്ന് വീണ്ടും വരുമെന്ന് ഈ രചനകൾ സാക്ഷ്യം നൽകി.

1947-നു ശേഷം ചാവുകടൽ ചുരുളുകൾ കണ്ടെടുത്തതോടെ ചിത്രമാകെ മാറി. ആദിമകാല ജൂഡായിസത്തിന്റെ വൈവിധ്യത്തെക്കുറിച്ച് കൂടുതൽ ചർച്ചകളുണ്ടായി. യഹൂദ ചിന്താധാരയിലേക്ക് വൈദേശികമായ ആശയങ്ങൾ കടന്നുകയറിയിരുന്നതായി വാദമുണ്ട്. ഇതുമൂലം ഒരു രേഖ കണ്ടെടുത്താൽ അത് ആദിമകാല ജൂഡായിസത്തിന്റേതോ ക്രിസ്ത്യാനിറ്റിയുടേതെന്നോ നിർണ്ണയിക്കുക അസാധ്യമായി. ആദ്യനൂറ്റാണ്ടിലെ ജൂഡായിസം ഐക്യരൂപമുള്ള ഒരു മാതൃകയോ കുഴപ്പം നിറഞ്ഞവിധം വൈവിധ്യമാർന്നതോ ആയിരുന്നില്ല.

## സുപ്രധാനമായ ദൈവശാസ്ത്ര ഭാവനകൾ

പ്രധാനപ്പെട്ട നാല് ദൈവശാസ്ത്രപരമായ ഉത്ക്കണ്ഠകൾ നിരന്തരമായി അപ്രമാണിക ഗ്രന്ഥങ്ങളിൽ കാണാൻ കഴിയും. പാപത്തിന്റെ അർത്ഥത്തെക്കുറിച്ചുള്ള മുൻധാരണകൾ, തിന്മയുടെ ഉത്ഭവം, തിയോഡൈസി എന്ന പ്രശ്നം, മിശിഹായുടെ വരവ് സംബന്ധിച്ച ദൈവത്തിന്റെ പരിധിയില്ലായ്മയിലുള്ള ഊന്നൽ, സദാ പറുദീസായുടെ വിവരണത്തോടുകൂടിയുള്ള ഉയിർപ്പ് പരമായ വിശ്വാസം. ഇവയെല്ലാം ഭാഗികമായെങ്കിലും വികസിതമായത് പഴയനിയമത്തിലെ ആശയ, വിശ്വാസങ്ങളിൽനിന്നാണ്. അപ്രമാണിക ഗ്രന്ഥങ്ങൾ, പഴയനിയമം, ആദിമകാല റബ്ബിനിക് സാഹിത്യം, ഫിലോ, ജോസേഫൂസ്, ചാവുകടൽ ചുരുളുകൾ എന്നിവ സംബന്ധിച്ച ദശകങ്ങൾ നീണ്ട ഗവേഷണങ്ങൾക്ക് ഒടുവിലാണ് ആദിമകാല ജൂഡായിസത്തിലെ ദൈവശാസ്ത്രം പണ്ഡിതന്മാർക്കു മനസ്സിലാക്കാൻ കഴിഞ്ഞത്.

## പാപം തിന്മയുടെ പ്രശ്നം

ബി.സി. ആറാംനൂറ്റാണ്ടിൽ ബാബിലോണിലെ പ്രവാസം കഴിഞ്ഞ് യഹൂദർ പലസ്തീനിയയിൽ തിരിച്ചെത്തി. അവർ കർത്താവിനോടുള്ള ഉടമ്പടിയോട് വിശ്വസ്തരായിരിക്കാൻ പരിശ്രമിച്ചു. ജറുസ

ലേം ദേവാലയം അവർ പുതുക്കിപ്പണിതു. തോറാ പഠിക്കണമെന്നതിനു ഊന്നൽ നൽകി. വിജാതീയരിൽനിന്ന് അവർ അകലം പാലിച്ചു. ശുദ്ധരായിരിക്കാൻ പരിശ്രമിച്ചുകൊണ്ട് അവർ വംശീയ ശുദ്ധി നിലനിർത്തി. ആരാധനയിലും അനുദിന ഭക്തജീവിതത്തിലും അവർ നിഷ്ക്കർഷ പാലിച്ചു. ദൈവത്തിനു പുനരർപ്പണം നടത്തുകയും വിശ്വസ്തരായിരിക്കുകയും ചെയ്തുവെങ്കിലും നീതിമാന്മാർ പുരോഗതി പ്രാപിച്ചില്ല. വിശുദ്ധ നാട്ടിൽ ആധിപത്യത്തിനു കീഴിലല്ലാതെ അവർക്കു ജീവിക്കാനായെന്നു മാത്രം. പാപികൾക്കും അവിശ്വസ്തർക്കും പുരോഗതിയുണ്ടായി. അബ്രാഹത്തിനു പൈതൃകാവകാശമായി ലഭിച്ച ദേശംപോലും വിദേശികൾ കീഴടക്കിഭരിച്ചു. പാപവും അനീതിയും സമ്മാനിതമായി. ദൈവം സൃഷ്ടിച്ച പ്രപഞ്ചത്തിൽ പിശാചിനായി അധീശ ശക്തി. ഈ ചോദ്യം പലവട്ടം ഉയർന്നു കേട്ടു: ഇസ്രായേലിന്റെ പരിശുദ്ധനും സർവശക്തനും നീതിമാനുമായ ദൈവം എങ്ങനെയാണ് നീതിമാന്മാരെ മർദ്ദിച്ചു കീഴടക്കാൻ തിന്മയെ അനുവദിക്കുന്നത്? പല അപ്രമാണിക ഗ്രന്ഥങ്ങളും പിറവികൊണ്ടത് ഈ ചോദ്യത്തിനു ഉത്തരം നൽകിക്കൊണ്ടാണ്. നന്മയുടെയും നീതിയുടെയും പക്ഷത്തുള്ള ദൈവത്തിനു മുമ്പിലുള്ള തിന്മയുടെ അസ്തിത്വം എന്ന ദൈവശാസ്ത്രപരമായ പ്രശ്നമായിരുന്നു ചർച്ച ചെയ്യപ്പെട്ടത് (പ്രത്യേകിച്ചും: 4 എസ്രാ, 2 ബാറൂക്ക്, 3 ബാറൂക്ക്).

നിരവധി അപ്രമാണിക പട്ടികയിൽപെട്ട ഗ്രന്ഥങ്ങളിൽ പാപത്തിന്റെ ഉത്ഭവത്തിനു വിവിധങ്ങളായ വിശദീകരണങ്ങൾ നൽകിയിട്ടുണ്ട്. 1 ഉം 2 ഉം ബാറൂക്കിൽ ദൈവപുത്രന്മാർ മനുഷ്യപുത്രികളെ വിവാഹം ചെയ്ത മാലാഖമാരെക്കുറിച്ച് പറയുന്നു. മാലാഖമാരുടെ പതനത്തിനു നാല് കാരണങ്ങൾ പറയുന്നുണ്ട്. 1. ഭൂമിയിലെ സുന്ദരികളായ സ്ത്രീകളെ മാലാഖമാർ കാമിച്ചതുവഴി (1 ഹെനോ. 6: 116:4; 40 : 7; 54 : 6; 2 ഹെനോ. 18), 2. മാലാഖമാർ സ്വയം അവരെ ജനിപ്പിക്കാൻ ശ്രമിച്ചത് (1 ഹെനോ. 6: 2b ; 7 : 1 3), 3. പിശാചും അവന്റെ സഹചരന്മാരും ആദാമിനെ ആരാധിക്കാൻ കൂട്ടാക്കാത്തത് (Vita 14 : 3), 4. ഒരു മാലാഖയും അവന്റെ സഹചരന്മാരും സ്വയം വാഴ്ത്താൻ ആഗ്രഹിച്ചത് (2 ഹെനോ. 29 : 4 f ). തമ്മിൽ വ്യത്യാസങ്ങളുണ്ടെങ്കിലും ഈ വിശദീകരണങ്ങളെല്ലാംതന്നെ ഒരു കാര്യത്തിൽ ഒരുമിക്കുന്നുണ്ട്. തിന്മയുടെ ഉത്ഭവം ദൈവം മൂലമല്ല. ദൈവത്തിന്റെ ഹിതവും പ്രവൃത്തികളും ലോകത്തിലുണ്ടെങ്കിലും തിന്മ ലോകത്തിലെ പ്രാമാണ്യമുള്ള ഒരു ശക്തിയാണ്. ഈ ലോകത്തിൽ തിന്മയ്ക്ക് ലഭിച്ചിരിക്കുന്ന ശക്തിയാലാണ് നീതിമാന്മാർ സഹിക്കേണ്ടി വരുന്നത്. ഇസ്രായേൽ ദേശത്തിന്റെ പാപങ്ങൾ നി

മിത്തം അവരെ ശിക്ഷിക്കാൻ ദൈവം മറ്റ് രാജ്യങ്ങളെ അനുവദിക്കുന്നു. ഈ രാജ്യങ്ങളെ നിയന്ത്രിക്കുന്നത് തിന്മയുടെ ശക്തികളോ മാലാഖമാരോ ആണ്. ദൈവത്തിനു ഒരേസമയം തിന്മയുടെ ശക്തികളെയും മാലാഖമാരെയും അയക്കാൻ കഴിയും.

## ദൈവത്തിന്റെ ഇന്ദ്രിയാതീതത

നേരത്തേയുള്ള പാരമ്പര്യങ്ങളനുസരിച്ച് ദൈവം ഇസ്രായേലിൽ നിന്നകലെയാണെന്നുള്ളതിനാണ് അപ്രമാണിക ഗ്രന്ഥങ്ങളിൽ ഊന്നലുള്ളത്. രണ്ടു വിവരണങ്ങളാണ് ഇവിടെ ഉദാഹരിക്കാവുന്നത്. ഉത്പത്തിയിലെ 18-ാം അധ്യായത്തിൽ അബ്രാഹത്തിനെ ദൈവം കാണുന്നത് മാമ്രേയുടെ ഓക്കുമരത്തോപ്പിൽവച്ചാണ്. ഇത് ഹെബ്രോണിന്റെ തൊട്ട് വടക്കുഭാഗത്താണ്. പുറപ്പാടിലെ മൂന്നാം അധ്യായത്തിൽ ഹോറെബ് മലയിൽ എരിയുന്ന മുൾപ്പടർപ്പിൽ വച്ചാണ് കർത്താവിനെ മോശ കാണുന്നത്. ആ സ്ഥലം പരിശുദ്ധമാണെന്നു ദൈവംതന്നെ പറയുന്നുണ്ട്. വെളിപാടു ഗ്രന്ഥകാരന്മാർ എല്ലാവരും ദൈവത്തെ ഉന്നതങ്ങളിലുള്ള സ്വർഗത്തിലാണ് പ്രതിഷ്ഠിച്ചിട്ടുള്ളത്, ഭൂമിയിൽനിന്ന് ഏറെ അകലെ (1 ഹെനോ. 1 : 4; 71: 511; 2 ഹെനോ. 20 : 5). എന്നാൽ വെളിപാടുകളിൽ അവിടെയും ഇവിടെയുമായി നൽകിയിട്ടുള്ള പ്രാർത്ഥനകളിൽ ദൈവം അഗമ്യനല്ലെന്ന് പറയുന്നു. ദൈവം ലോകത്തിൽനിന്ന് പിൻവാങ്ങി, ഇനി ചരിത്രത്തിൽ അവിടുന്നില്ല: എങ്കിലും അവൻ വീണ്ടും പ്രവർത്തിക്കും, മധ്യസ്ഥരിലൂടെ (സോളമന്റെ സങ്കീ 17, ലേവിയുടെ നിയമം 18, യൂദായുടെ നിയമം 24; 4 എസ്രാ 7, 2 ബാറൂ 72 f). മിക്ക അപ്രമാണിക ഗ്രന്ഥങ്ങളിലും ആദിമകാല യഹൂദ രചനകളിൽനിന്നു ഭിന്നമായി ദൈവം മഹത്വമാർന്നവനെന്നും ഇന്ദ്രിയാതീതനെന്നും വിവരിച്ചിട്ടുണ്ട് (2 മക്ക. 3: 39; 3 മക്ക. 2: 15; SibOr 3.1.11.81.807; 5.298; 352 Martls 1: 6b; 1 എനോ. 71 : 511; 2 ഹെനോ. 20:5). തിരുലിഖിതങ്ങളിൽനിന്നു മാത്രമേ അവിടുത്തെക്കുറിച്ച് അറിയാനാവൂ. മാലാഖമാരുടെ അവരോഹണം (അബ്രാഹത്തിന്റെ നിയമം 2:15), ദർശനത്തിനായുള്ള സമ്മാനം (1 ഹെനോ. 1:2) ദീർഘദർശിയുടെ വിവിധ സ്വർഗങ്ങളിലൂടെയുള്ള യാത്ര (2 ഹെനോ; ഏശയ്യായുടെ സ്വർഗദർശനം) ഈ ആശയങ്ങളുടെ വൈരുദ്ധ്യം നേരത്തേയുള്ള രചനകളിലുണ്ടായിരുന്നുവെങ്കിലും അബ്രാഹത്തിന്റെ നിയമം എഴുതിയ ഗ്രന്ഥകാരൻതന്നെയാണ് ഉത്പത്തി 28-ാം അധ്യായം പുനർരചിച്ചതെന്ന് അറിയണം. അബ്രാഹത്തിനോടു സംസാരിക്കാൻ ദൈവം ഇറങ്ങി വന്നില്ല; പകരം പിതാവായ അബ്രാഹത്തിനോടു സംസാരിക്കാൻ മിഖായേൽ ദൂതനെ അയക്കുന്നു (അബ്രാഹത്തിന്റെ നിയമം 1, കാണുക. 16).

ഉത്പത്തിപോലുള്ള നേരത്തേയുള്ള രേഖകളിലെ ആശയങ്ങളും പ്രവണതകളും അപ്രമാണിക ഗ്രന്ഥങ്ങളിൽ അതിഭാവുകത്വത്തോടെയല്ല നൽകിയിട്ടുള്ളത്. അബ്രാഹം ദൈവത്തെ കാണുന്നതിനെക്കുറിച്ച് വ്യാഖ്യാനിക്കവേ ഭക്തരായ യഹൂദർ ദൈവം അതിലൗകികനാണെന്നും ദൂരെയുള്ളവനാണെന്നും പ്രവാസിയാണെന്നും വിശ്വസിച്ചിരുന്നില്ല. വെളിപാടുകളിലെ കീർത്തനങ്ങളിലും അർച്ചനാലാപ കാവ്യങ്ങളിലും ദൈവവുമായുള്ള വ്യക്തിസമ്പർക്കങ്ങൾ സാർത്ഥകമാണെന്നുതന്നെ കരുതിയിരുന്നു. ഇതുകൊണ്ടുതന്നെ ആദിമകാല യഹൂദർ ദൈവത്തിന്റെ പരിശുദ്ധിയിലും മഹത്വത്തിലും പരമാധികാരത്തിലും ഇന്ദ്രിയാതീതനാണെന്നു വിശ്വസിച്ചിരുന്നു.

**മെസിയാനിസം:** മിശിഹായിലുള്ള വിശ്വാസമെന്ന പദപ്രയോഗം ഒരു രാജാവോ പുരോഹിതനോ ആയ ആദർശശാലിയെന്ന മട്ടിലാണ്. അവൻ പൂർണ്ണമായ സമാധാനം കൊണ്ടുവരുമെന്നാണ് വിശ്വാസം. ഇത്തരത്തിലുള്ള ഒരു വീക്ഷണം പഴയനിയമത്തിലോ അപ്രമാണിക ഗ്രന്ഥങ്ങളിലോ ഫിലോയിലോ ജോസേഫൂസിലോ (സാന്ദർഭികമായതൊഴികെ) കാണാനാവില്ല. ദാവീദ് വംശജനായ ഒരു ഭാവിരാജാവിനെക്കുറിച്ച് പ്രവാചകന്മാർ പറയുന്നുണ്ട് (Viz. ഏശ. 9: 27; 11: 19; ജെറ. 33: 1422; എസെ 37 : 24–28). ആറോണിന്റെയും ഇസ്രായേലിന്റെയും ഒരു ഭാവി മിശിഹായെക്കുറിച്ച് (അതല്ലെങ്കിൽ അഭിഷിക്തനായ ഒരുവനെക്കുറിച്ച്) ചാവുകടൽ ചുരുളുകളിൽ പരാമർശമുണ്ട് (CD Text B. 19.10f; കാണുക IQs 9.11). തർഗുമുകളിലും മിശിഹാ എന്ന പദപ്രയോഗമുണ്ട് (പ്രത്യേകിച്ച് ജോനാഥൻ എഴുതിയെന്നു കരുതുന്ന ജെറുസലം താർഗുമിൽ ഉത്പ. 49:1 ലും സംഖ്യ 24: 17 24 ലും). ഭാവി മിശിഹാ സ്വരൂപങ്ങൾക്കു നിരവധി പേരുകൾ നൽകിയിട്ടുണ്ട്. ഈ ഉപരിതലദർശനം നമുക്ക് അവസാനിപ്പിക്കാം. അപ്രമാണിക ഗ്രന്ഥങ്ങളിൽ മെസയാ എന്നത് ഹീബ്രു നാമവും ക്രിസ്തു എന്നത് ഗ്രീക്ക് പരിഭാഷയും അഭിഷിക്തനായവൻ എന്നത് ഹീബ്രുവിലും ഗ്രീക്കിലും ഒരേ അർത്ഥത്തിലാണെന്നുമേ പറയാനാവൂ.

വരാനിരിക്കുന്ന മിശിഹായെക്കുറിച്ച് അപ്രമാണിക ഗ്രന്ഥങ്ങളിൽ പരാമർശങ്ങളില്ല. അവശേഷിക്കുന്ന പരാമർശങ്ങൾക്കനുസരിച്ച് മിശിഹായുടെ പ്രവൃത്തികളെപ്പറ്റി ക്രമമായ ഒരു വിവരണം നൽകാനാവില്ല. ഇത്തരം 5 ഗ്രന്ഥങ്ങളിൽ മാത്രമേ വ്യക്തമായി മിശിഹായെക്കുറിച്ചുള്ള യഹൂദ പാരമ്പര്യങ്ങളുള്ളൂ. ബി.സി. ഒന്നാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ സോളമന്റെ സങ്കീർത്തനത്തിൽ വിജാതീയരിൽനിന്ന് ജറുസലേമിനെ മോചിപ്പിക്കുന്ന മിശിഹായെക്കുറിച്ച് പ

റയുന്നു. തന്റെ വായിലെ വചനങ്ങൾ കൊണ്ടായിരിക്കും ഇത് സാധിതമാകുകയെന്നും, അതവന്റെ മാത്രം പ്രവൃത്തിയല്ലെന്നും ദൈവത്തിന്റേതായ അവനെ അവിടുന്ന് ഇതിനായി നിയോഗിക്കുകയാണെന്നും പറയുന്നു (സോളമന്റെ സങ്കീ. 17 f). ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അന്ത്യത്തിലാണ് പുതിയനിയമ രചനകൾ നടക്കുന്നത്. പ്രത്യേകിച്ച് മത്തായി, ലൂക്കാ, യോഹന്നാൻ എന്നിവരുടേത്. മൂന്ന് അപ്രമാണിക ഗ്രന്ഥകാരന്മാർ മിശിഹായെ സംബന്ധിച്ച പാരമ്പര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. 2 ബാറൂക്കിന്റെ ഗ്രന്ഥകാരൻ മിശിഹായുടെ മൂന്ന് പ്രത്യേക കാര്യങ്ങൾ അവതരിപ്പിക്കുന്നു (അധ്യായം 29 f; 39-42; 72-74). എല്ലാം പൂർത്തിയാകുമ്പോൾ മിശിഹാ അവതരിക്കുകയും നീതിമാന്മാർ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും (2 ബാറൂ. 29 f). രണ്ടാമത്തെ വിഭാഗത്തിലാകട്ടെ, (2 ബാറൂ. 39- 42) തിന്മയുടെ നേതാവിനെ വധിച്ച് ദൈവജനത്തെ മിശിഹാ സംരക്ഷിക്കുകയാണ്. മൂന്നാമത്തെ വിഭാഗത്തിൽ ഇസ്രായേലിനോടു മോശമായി പെരുമാറിയ രാജ്യങ്ങളെ മിശിഹാ ശിക്ഷിക്കുകയാണ്. ഇവിടെ വിജാതീയരെ വാളാൽ വകവരുത്തുന്ന സൈനികനായ പോരാളിയായിട്ടാണ് മിശിഹാ ചിത്രീകരിക്കപ്പെട്ടിട്ടുള്ളത്. (72:6) അതേകാലത്തുതന്നെ 2 ബാറൂക്കിന്റെയും 4 എസ്രായുടെയും ഗ്രന്ഥകാരന്മാർ മൂന്നു വാചകങ്ങളിൽ മിശിഹായുടെ ധർമ്മങ്ങളെന്തെന്നു വിവരിക്കുന്നുണ്ട് (അധ്യായം 7.11 : 37-12 :34; 13:3-14:9). ഇതിൽ ആദ്യത്തേത് (4 എസ്ര 7) വരാനിരിക്കുന്ന ലോകത്തെ സംബന്ധിച്ചുള്ളതാണ് (7:50 ; 8:1). മിശിഹാ തന്നെത്തന്നെ വെളിപ്പെടുത്തുകയും നാനൂറ് വർഷത്തേയ്ക്ക് ആഹ്ലാദം സൃഷ്ടിക്കുകയും ആത്യന്തികമായി ഭരിക്കുകയും ചെയ്യും (7 : 28 f). രണ്ടാമത്തെ ഭാഗത്ത് (4 എസ്ര 11 : 37 - 12 : 34) മിശിഹായെ സൂചിപ്പിക്കുന്ന അടയാളം സിംഹമാണ്. ഇവിടെ സിംഹം കുറ്റം ചുമത്തുകയും വിധിക്കുകയും നശിപ്പിക്കുകയും ചെയ്യുന്നത് ദൈവികമല്ലാത്ത എല്ലാറ്റിനെയുമാണ്. വിശ്വസ്തർക്ക് അവൻ ആഹ്ലാദം പ്രദാനം ചെയ്യും. മൂന്നാമത്തെ ഭാഗത്ത് (4 എസ്ര 13 : 3 14 : 9) 'മിശിഹാ എന്റെ പുത്രൻ' (13 : 32 .37 .52 : 14 : 9. കാണുക 7 : 28 f) 'മനുഷ്യൻ' (13 : 26 ; 32) - അവന്റെ വായിൽനിന്ന് അഗ്നിയുടെ പ്രവാഹമുണ്ടാകുകയും അത് എതിർക്കുന്ന ജനക്കൂട്ടത്തെ വിഴുങ്ങുകയും ചെയ്യും.

സമകാലികരെന്നു കരുതാവുന്നവരാണ് 2 ബാറൂക്ക് 4 എസ്രാ എന്നിവയുടെ ഗ്രന്ഥകാരന്മാർ (1 ഹെനോക്കിന്റെ ആമുഖം കാണുക). 1 ഹെനോക്കിന്റെ ഗ്രന്ഥകാരൻ 1 ഹെനോക്ക് 37-71 ൽ മിശിഹായെക്കുറിച്ചുള്ള തന്റെ ആശയം വിവരിക്കുന്നുണ്ട്. മനുഷ്യപുത്രനെന്നും നീതിമാനെന്നും തെരഞ്ഞെടുക്കപ്പെട്ടവനെന്നുമുള്ള

സുവ്യക്തമായ തന്റെ അടയാളപ്പെടുത്തലുകൾക്കു വിപരീതമായി വളരെ ഹ്രസ്വമായ വിശേഷണങ്ങളാണ് നൽകുന്നത് (അഭിഷിക്ത നായവൻ 48 : 10 ; 52 : 4). മിശിഹായുടെ ധർമ്മങ്ങളെക്കുറിച്ച് ഒന്നും പറയുന്നതുമില്ല.

അപ്രമാണിക ഗ്രന്ഥത്തിലുള്ള അഞ്ചാമത്തെ രേഖയായ 3 ഹെനോക്കിൽ മിശിഹായെക്കുറിച്ചുള്ള യഹൂദ കാഴ്ചപ്പാട് നൽകുന്നുണ്ട്. ജോസഫിന്റെ മകൻ, ദാവീദിന്റെ പുത്രൻ (45 : 5) എന്നീ വിശേഷണങ്ങളാണത്. ഇതുരണ്ടും ഒരേ മിശിഹായെ സൂചിപ്പിക്കുന്നതാകാം. ഇസ്രായേലിന്റെ മിശിഹാമാർ സമയത്തിന്റെ അന്ത്യത്തിൽ ഗോഗിനെയും മഗോഗിനുമെതിരേ യുദ്ധം ചെയ്യുമെന്നും പറയുന്നുണ്ട്. ഈ യുദ്ധം സമനിലയിൽ അവസാനിക്കുമ്പോൾ, ദൈവം പ്രത്യക്ഷപ്പെടുകയും അന്തിമയുദ്ധത്തിൽ അവിടുന്ന് വിജയിക്കുകയും ചെയ്യും. 3 ഏനോക്ക് ഇസ്രായേലിന്റെ വിമോചനത്തെത്തുടർന്നുള്ള ആഘോഷങ്ങൾ വിവരിക്കുന്നുണ്ട് (48 : 10 F). ഈ പാരമ്പര്യങ്ങളുടെ കാലഘട്ടം ചാവുകടൽ ചുരുളുകളിലും സദൃശമായാണ് കാണുന്നത് (പ്രത്യേകിച്ചും IQS. CD. IQM).

അപ്രമാണിക ഗ്രന്ഥങ്ങളിലെ ക്രിസ്തീയമായ രചനകളിൽ മിശിഹായ്ക്കു നൽകുന്ന വിശേഷണങ്ങൾ വ്യത്യസ്തമാണ്. സോളമന്റെ അർച്ചനാലാപ കാവ്യങ്ങളിലും (9: 3;17:17. 24: 1; 29 : 6; 39 : 11; 41 : 3; 41 : 15) സെഫാനിയയുടെ വെളിപാടിലും (10 : 24 - 12 : 32) ഏലിയായുടെ വെളിപാടിലും (13: 15 -15 : 14 ; 25 : 8 -19) സെഡ്രാക്കിന്റെ വെളിപാടിലും (അധ്യായം 12) ഏശയ്യായുടെ സ്വർഗദർശനത്തിലെ ക്രിസ്തീയമായ ദീർഘവിവരണങ്ങളിലും (9:1213;30:7 15) ആദാമിന്റെ നിയമത്തിലും (Ree 2) അഭിഷിക്തന്റെയും ക്രിസ്തുവിന്റെയും പരാമർശങ്ങൾ കാണാം.

**ഉയിർപ്പും പറുദീസയും:** പഴയനിയമഗ്രന്ഥങ്ങളിൽ ഏശയ്യ 26, ദാനി. 12 എന്നിവ ഒഴിച്ചുള്ള ഭാഗങ്ങളിലൊന്നും ഉയിർപ്പിനെക്കുറിച്ച് നിശ്ചിതമായ പരാമർശങ്ങളൊന്നുമില്ലെന്ന് പണ്ഡിതന്മാർ പൊതുവേ അഭിപ്രായപ്പെടുന്നു. മരിക്കുമ്പോൾ ഒരു വ്യക്തി അവന്റെ അന്തിമ (പിതാവിന്റെ) സ്ഥലമായ ശവകുടീരത്തിലേക്ക് എത്തുന്നു. ഷിയോളും നരകവും മരിച്ചവരുടെ വസതിയെന്നു വിവരിക്കുമ്പോഴും മരിച്ചതിനുശേഷം മനുഷ്യൻ തുടർന്നു ജീവിക്കേണ്ട ഇടമല്ല (കാണുക. ഏശ. 38: 18; പ്രഭാഷകൻ 17 : 28; 14 :12-19). മരണത്തിനുശേഷം അവന്റെ കീർത്തിയോ മകനോ ആണ് ഭൂമിയിൽ ജീവിക്കുക. ഈ വീക്ഷണത്തിനു വിപരീതമായ ആശയങ്ങളാണ് പ്രവാസാനന്തര ജൂഡായിസത്തിൽ കാണുക. അപ്രമാണിക ഗ്രന്ഥങ്ങളിൽ ചി

ലതിൽ നിരവധി നിശ്ചിതമായ പരാമർശങ്ങൾ മരിച്ചവരുടെ ഉയിർപ്പിനെക്കുറിച്ച് കാണാൻ കഴിയും (കാണുക പ്രത്യേകിച്ചും 2 മക്ക, 7,14). അതല്ലെങ്കിൽ ആത്മാവിന്റെ നിത്യതയെക്കുറിച്ചും വായിക്കാനാകും (സോളമന്റെ വിജ്ഞാനം). ചാവുകടൽ ചുരുളുകളിലും, മരണാനന്തര ജീവിതത്തെക്കുറിച്ച് അസ്പഷ്ടമായ പരാമർശങ്ങളുണ്ട് (പ്രത്യേകിച്ചും കാണുക. IQH 5.34 ; 6.29 f; 11. 10 -14). എന്നാൽ ചില അപ്രമാണിക ഗ്രന്ഥങ്ങളിൽ മറ്റ് രേഖകളെ അപേക്ഷിച്ച് മരണത്തിനുശേഷമുള്ള ഉയിർപ്പിലുള്ള വിശ്വാസം വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട് (Viz. ജോബിന്റെ നിയമം, സോളമന്റെ സങ്കീർത്തനം, 4 മക്ക., P5 phoc, 2 ഏനോ, റെക്കാബ്യരുടെ ചരിത്രം). ശരീരത്തിന്റെ ഉയിർപ്പിനെക്കുറിച്ച് 2 ബാറൂക്കിൽ ഒരു ഭാഗത്തുതന്നെ, 49 -52-ൽ വിവരിക്കുന്നു.

യുക്തിപരമായി പറഞ്ഞാൽ നീതിമാന്മാർക്കുള്ള ഭാവികാല വിശ്രമസ്ഥലമെന്ന ആശയം വികസിതമായി എന്നതു യാഥാർത്ഥ്യമാണ്. പല അപ്രമാണിക ഗ്രന്ഥങ്ങളിലും പറുദീസയുടെ ചിത്രാങ്കിതമായ വിവരണങ്ങളുണ്ട്. പറുദീസ മൂന്നാം സ്വർഗത്തിലാണെന്നും 2 ഹെനോ. 8) ചിലപ്പോൾ ഭൂമിയിലാണെന്നും (1 ഹെനോ. 32; 2 ഹെനോ. 8 :1 എ, 30 :1 f; 38: 5) പറയുന്നു. ചിലപ്പോൾ അത് താമസക്കാരില്ലാത്ത സ്ഥലമായിരിക്കാമെന്നും (1 ഹെനോ. 32; 2 ഹെനോ. 8f ; 4 എസ്ര 8: 52) താമസക്കാരുള്ള ഇടമായിരിക്കാമെന്നും ( സോളമന്റെ സങ്കീ. 14, 2 ഹെനോ. 42 : 3ബി, ; 2 ഏനോ. 65 : 10 എ, സോളമന്റെ അർച്ചനാലാപകാവ്യങ്ങൾ 11 : 16d; 16 f; 4 എസ്രാ 8: 52 ) അന്ത്യത്തിലേക്ക് നയിക്കുന്ന അവസ്ഥയാണെന്നും (ApMos 37 : 5; 40 : 1 -41 : 13 ; Vita 48 : 6 f; ഏശയ്യായുടെ സ്വർഗദർശനം 9 , റക്കാബ്യരുടെ ചരിത്രം 13 -15) പറുദീസയെക്കുറിച്ച് പൊതുവായ ചില വിശ്വാസങ്ങളുണ്ട്. പറുദീസ നിറയെ ഫലം തരുന്ന വൃക്ഷങ്ങളുണ്ടെന്നതാണ് അതിൽ ഒന്ന് (കാണുക. 2 ഏനോ. 8 എ, സോളമന്റെ അർച്ചനാലാപകാവ്യങ്ങൾ 11 : 11 - 16; 23). വിശിഷ്ടമായ ഒരു മധുര ഗന്ധം പരക്കുന്ന ഇടമാണ് (Viz. കാണുക. 1 ഹെനോ 32 : 3; 2, ഹെനോ, 8 എ, സോളമന്റെ അർച്ചനാലാപകാവ്യങ്ങൾ 11 : 15 ; 2 ഹെനോ 23 : 18).

പരസ്പര വൈരുദ്ധ്യമുള്ള ആശയങ്ങൾ വെറുതെ വിശദീകരിക്കുകയോ, കൃത്രിമമായ സമ്പ്രദായമനുസരിച്ച് ബലമായി തള്ളിക്കളയുകയോ ചെയ്യരുത്. അപ്രമാണിക ഗ്രന്ഥങ്ങളിലെ ഇത്തരം ചില ആശയങ്ങൾ സിദ്ധാന്തപരമായ തത്വജ്ഞാനപ്രസ്ഥാനമോ ദൈവശാസ്ത്രപരമായ സമ്പ്രദായമോ ആയിരുന്നില്ലെന്നു വ്യക്ത

മാക്കുന്നുണ്ട്. എന്നാൽ ഇതേ യഹൂദർ തൃപ്തികരമായ സിദ്ധാന്തത്തിന്റെ സമൃദ്ധി പ്രകടിപ്പിച്ചവരുമാണെന്നത് തീർച്ച. ജീവിക്കുന്ന ഒരു മതമെന്നനിലയിൽ ചരിത്രത്തിലും അനുഭവതലത്തിലും ചലനാത്മകമായ അഭിമുഖീകരണത്തിനു മുതിർന്നുവെന്നു പറയേണ്ടിവരും.

അപ്രമാണിക ഗ്രന്ഥങ്ങളിലെ ദൈവശാസ്ത്രപരമായ സവിശേഷതകൾ നാലെണ്ണമാണ്. പാപവും തിയോഡൈസിയും തമ്മിലുള്ള പ്രശ്നം, ദൈവത്തിന്റെ ഇന്ദ്രിയാതീതയിലുള്ള ഊന്നൽ, മിശിഹായെക്കുറിച്ചുള്ള സങ്കല്പങ്ങൾ, മരണാനന്തര ജീവിതം സംബന്ധിച്ച ആശയങ്ങൾ എന്നിവയാണവ. മറ്റനേകം ദൈവശാസ്ത്രപരമായ സവിശേഷതകളും ഉയർത്തിക്കാണിക്കുവാൻ കഴിയും. ചന്ദ്രനെ സംബന്ധിച്ചോ സൂര്യനെ സംബന്ധിച്ചോ കലണ്ടർ തയ്യാറാക്കേണ്ടതെന്ന പ്രശ്നം (കാണുക ജൂബിലി, 1 ഹെനോ) ബി.സി. രണ്ടാംനൂറ്റാണ്ടിൽ ജൂഡായിസത്തിൽ വലിയമാറ്റങ്ങളുണ്ടാക്കി. കലണ്ടർ സംബന്ധിച്ച പ്രശ്നങ്ങൾ ബ്രഹ്മാണ്ഡ സംബന്ധമായും ദൈവശാസ്ത്രത്തിലും ചർച്ചകളായി. സാബത്ത് ദിനത്തിന്റെ നിർണ്ണയംതന്നെ നോക്കുക. നിശ്ചിത ദിനത്തിൽ മാലാഖമാരോടും ശേഷിച്ച പ്രപഞ്ചത്തോടുമൊപ്പം വേണമല്ലോ സാബത്ത് ആചരിക്കേണ്ടത്. പെസഹാ തെറ്റായ ദിനത്തിൽ ആചരിക്കേണ്ടിവന്നാലോ ? തോറായുടെ സത്ത് എന്തെന്നും ദൈവഹിതമെന്തെന്നുമുള്ളതായിരുന്നു അന്വേഷണം. സമകാലിക ചരിത്രത്തിൽ തൃപ്തികരമായ ഉത്തരം ലഭിക്കാത്തത് വെളിപാട്പരമായ ദൈവശാസ്ത്ര കാഴ്ചപ്പാടുകൾ സൃഷ്ടിക്കാൻ കാരണമായി.

വിഷയദൈർഘ്യംകൊണ്ട് അപ്രമാണിക ഗ്രന്ഥങ്ങളെ രണ്ടു ഗ്രന്ഥങ്ങളായാണ് ആൽഫാ ദൈവശാസ്ത്ര ഗ്രന്ഥാവലിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആദ്യഭാഗമായ ഈ ഗ്രന്ഥത്തിൽ ഹെനോക്ക്, സിബില്ലെൻ അരുളപ്പാടുകൾ, ഷേമിന്റെ പ്രബന്ധം, എസെക്കിയേലിന്റെ അപ്രമാണികഗ്രന്ഥം, സെഫാനിയയുടെ വെളിപാട്, എസ്രായുടെ അപ്രമാണികഗ്രന്ഥം, 12 സഭാപിതാക്കന്മാരുടെ നിയമങ്ങൾ, ജോബിന്റെ നിയമം, സോളമന്റെ നിയമം, അരിയാസ്റ്റിയാസിന്റെ കത്ത്, ജൂബിലികൾ, ഏശയ്യായുടെ രക്തസാക്ഷിത്വവും സ്വർഗ്ഗദർശനവും എന്നീ രചനകളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. രണ്ടാം ഭാഗമായി പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥത്തിൽ ജോസഫും അസനെത്തും, ആദാമിന്റെയും ഹവ്വയുടെയും ജീവിതം, സ്യൂഡോ -ഫിലോ, യാക്കോബിന്റെ ഗോവണി, ബാറൂക്ക്, യാന്നസും യാംബ്രസ്സും, റക്കാബ്യരുടെ ച

രിത്രം, എൽദാദും മെദാദും, ജോസഫിന്റെ ചരിത്രം, ജ്ഞാന-ദാർശനികസാഹിത്യം, അഹിക്കാർ, 3 & 4 മക്കബായർ, സ്യൂഡോ - ഫോസൈലൈഡ്സ്, സിറിയക് മെനാൻഡറുടെ വാക്യങ്ങൾ, ദാവീദിന്റേതായി കൂടുതൽ സങ്കീർത്തനങ്ങൾ, മനാസ്സെയുടെ പ്രാർത്ഥന, സോളമന്റെ സങ്കീർത്തനങ്ങൾ, ഹെല്ലെനിസ്റ്റിക് സിനഗോഗൽ പ്രാർത്ഥനകൾ, ജോസഫിന്റെ പ്രാർത്ഥന, യാക്കോബിന്റെ പ്രാർത്ഥന, സോളമന്റെ അർച്ചനാലാപ കാവ്യങ്ങൾ, ഫിലോ എന്ന മഹാകവി, തിയോഡോട്ടസ്, ഓർഫിക്ക, എസെക്കിയേൽ എന്ന ശോകാന്ത നാടകക്കാരൻ, സ്യൂഡോ - ഗ്രീക്ക് കവികളുടെ ശകലങ്ങൾ, അരിസ്റ്റോബുലുസ്, ദെമെത്രിയൂസ് എന്ന ചരിത്രാഖ്യാതാവ്, അരിസ്റ്റിയാസ് എന്ന വ്യാഖ്യാതാവ്, PRAEPARATIO EVANGELICA 9.25.1 4, യൂപോളിമസ്, സ്യൂഡോ - യൂപോളിമസ്, ക്ലിയോദെമസ് മാൽക്കസ്, അർത്തപാനൂസ്, സ്യൂഡോ - ഹെക്കാത്തെവൂസ് എന്നീ രചനകളെക്കുറിച്ചുള്ള പഠനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.

# 02

# ഹെനോക്ക്

## 1 ഹെനോക്ക്
### (എത്യോപിക് വെളിപാട്)

(ബി.സി. രണ്ടാംനൂറ്റാണ്ട് - എ.ഡി. ഒന്നാംനൂറ്റാണ്ട്)

ഹെനോക്കിന്റെ എത്യോപ്യൻ പതിപ്പ് 1 ഹെനോക്ക് എന്നറിയപ്പെടുന്നു. ഹെനോക്കിന്റെ പേരിലുള്ള അപ്രമാണിക ഗ്രന്ഥത്തിൽ ഏറ്റവും പഴക്കമുള്ളതാണിത്. ആദ്യ പുരുഷനായ ആദാമിന്റെയും ആദ്യത്തെ സ്ത്രീയായ ഹവ്വായുടെ വംശത്തിൽ ഏഴാം സ്ഥാനക്കാരനാണ് ഹെനോക്ക്. ഉത്പ. 5: 24 ൽ പറയുന്നു: ഹെനോക്ക് ദൈവത്തിനു പ്രിയങ്കരനായി ജീവിച്ചു. പിന്നെ അവനെ കണ്ടില്ല. കാരണം ദൈവം അവനെ എടുത്തു. ഈ പാരമ്പര്യമനുസരിച്ച് യാരെദിന്റെ പുത്രനായ ഹെനോക്കിനെ സംബന്ധിച്ച് നിരവധി ഹഗ്ഗാദിക് കഥകൾ ഉണ്ടായി. ദൈവം അവനെ എടുത്ത വേളയിൽ പ്രപഞ്ചത്തിന്റെ രഹസ്യങ്ങളും ലോകത്തിന്റെ ഭാവിയും മനുഷ്യകുലത്തിന്റെ മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ജീവിതഗതിയും അവന് കാണാൻ കഴിഞ്ഞു.

ഗ്രന്ഥത്തിന്റെ ആദ്യഭാഗം ആമുഖമാണ് (അധ്യായങ്ങൾ 1-5). ഈ അധ്യായങ്ങളിൽ യുഗാന്ത്യമാണ് ചിത്രീകരിച്ചിട്ടുള്ളത്. നീതിമാന്മാർക്കും ദുഷ്ടർക്കുമായുള്ള വിധിയുടെ വിവരണം (അധ്യായങ്ങൾ 6-36), മാലാഖമാരുടെ പതനം, മനുഷ്യസ്ത്രീകളുമായുള്ള വേ

ഴ്ച (ഉത്പ 6:1-4), ഇത് എല്ലാ മനുഷ്യരെയും ബാധിച്ചത്, ഹെനോക്ക് അവർക്കുവേണ്ടി ഇടപെട്ടുവെങ്കിലും പരാജയപ്പെട്ടത്, അവരുടെ നാശത്തെക്കുറിച്ചുള്ള പ്രവചനം, ഭൂമിയിലൂടെ സഞ്ചരിക്കവേ ഹെനോക്കിനു ലഭിച്ച വിവിധ ദർശനങ്ങൾ, ഷിയോളും സ്വർഗവും എന്നിങ്ങനെ പോകുന്നു ഈ വിവരണം.

രണ്ടാം ഭാഗത്ത് (അധ്യായം 37-71) ഉപമകളാണ്. ദുഷ്ടരെയും ശിഷ്ടരെയും വിധിക്കാൻ വരുന്നതിനെ സംബന്ധിച്ചും മിശിഹായെക്കുറിച്ചും മനുഷ്യപുത്രനെ സംബന്ധിച്ചും നീതിമാനെപ്പറ്റിയും തെരഞ്ഞെടുക്കപ്പെട്ടവനെ സംബന്ധിച്ചും കൂടുതലായുള്ള സ്വർഗീയരഹസ്യങ്ങൾ സംബന്ധിച്ചും പറുദീസായുടെ അളക്കലും, നീതിമാന്മാരുടെ ഉയിർപ്പും പതനത്തിൽപെട്ട മാലാഖമാരെ ശിക്ഷിക്കുന്നതുമെല്ലാം ഇവിടെ പരാമർശിച്ചിരിക്കുന്നു. മൂന്നാം ഭാഗത്തുള്ളത് ജ്യോതിഷപരമായ പ്രബന്ധങ്ങളാണ് (അധ്യായങ്ങൾ 72-82). സൂര്യൻ മൂലമുള്ള കാലഗണനയും, 364 ദിവസമുള്ള സൗരവർഷവും അവസാനദിവസങ്ങളിലുള്ള പ്രപഞ്ചത്തിലെ ക്രമരാഹിത്യവുമെല്ലാം ഇവയിൽ പ്രതിപാദിച്ചിരിക്കുന്നു. നാലാം ഭാഗത്തുള്ളത് സ്വപ്നത്തെ സംബന്ധിച്ചുള്ള ദർശനങ്ങളാണ് (അധ്യായം 83-90). ലോകത്തിന്റെയും ഇസ്രായേലിന്റെയും ഭാവി ചരിത്രത്തെക്കുറിച്ചുള്ള രണ്ട് ദർശനങ്ങൾ ഇതിൽപെടും. പാപം നിറഞ്ഞ സമൂഹത്തെ പ്രളയംകൊണ്ട് ശിക്ഷിക്കുന്നതും ആദം മുതൽ മക്കബായർവരെയുള്ള ഇസ്രയേലിന്റെ ചരിത്രം ധീരമായ പ്രതീകാത്മക ദൃശ്യങ്ങളിലൂടെ അവതരിപ്പിക്കുന്നു. കാള സഭാപിതാക്കന്മാരെയും ആട് വിശ്വസ്തരായ ഇസ്രയേലികളെയും ഇരതേടുകയും പിടിക്കുകയും ചെയ്യുന്ന മൃഗങ്ങളും പക്ഷികളും ഇസ്രയേലിന്റെ വിജാതീയരായ മർദ്ദകരെയും കൊമ്പുകളുള്ള മുട്ടാട് ഉയർന്നുവരാൻ പോകുന്ന യഹൂദ നേതാവിനെയും വലിയ കൊമ്പുള്ള വെളുത്ത നിറത്തിലുള്ള കാളക്കുറ്റനെ മിശിഹാ എന്നുമുള്ള മട്ടിലാണ് പ്രതീകാത്മക വിവരണം. മാലാഖമാരുടെ പതനവും, പരമാധികാരിയുടെ സിംഹാസനത്തിൽനിന്നുള്ള വിധിയും പുതിയ ജെറുസലെമും കൂടാതെ ഹെനോക്കിന്റെ മുമ്പുണ്ടായിരുന്ന വെളിപാടുകളുടെ വിവരണവും ഇവിടെയുണ്ട്.

അഞ്ചാമത്തെ ഭാഗത്താകട്ടെ (അധ്യായങ്ങൾ 8:91-104) ഹെനോക്കിന്റെ നിയമം, നീതിമാന്മാർക്കുള്ള ആത്മീയാനുഗ്രഹങ്ങൾ, പാപികളുടെ ദുരന്താന്ത്യം എന്നിവയെക്കുറിച്ച് പറയുന്നു. ചൂഷണത്തിലൂടെ നേടിയ സമ്പത്തും പീഡിപ്പിക്കപ്പെടാനായി ലഭിച്ച അധികാരവുമെല്ലാം വിവരിച്ചുകൊണ്ടാണ് പാപികൾ അനുഭവിക്കേണ്ടി വ

രുന്ന ദുരിതങ്ങളെപ്പറ്റി പറയുന്നത്. ഈ ഭാഗത്ത് വെളിപാടിന്റെ ആഴ്ചകൾ (91: 12 17 ഉം 93: 1 10 ഉം) ആണുള്ളത്. പത്തുദിവസത്തെ (യഥാർത്ഥത്തിൽ 7 ഉം 3 ഉം ദിനങ്ങൾ) ഭൂമിയിലെ സംഭവങ്ങളാണ് ഇവിടെ രേഖപ്പെടുത്തിയിട്ടുള്ളത്. ഒരു അനുബന്ധത്തിൽ (അധ്യായങ്ങൾ 105–8) സ്വതന്ത്ര രചനകളുടെ ഭാഗങ്ങളാണുള്ളത്. പ്രത്യേകിച്ചും നോഹയുടെ ഗ്രന്ഥത്തിന്റേത് (അധ്യായം 106 f). തുടർന്നുള്ളത് എഡിറ്ററുടെ ഉപസംഹാരമാണ്.

**മൗലികമായ ഭാഷ**

ചില പണ്ഡിതന്മാരുടെ അഭിപ്രായത്തിൽ 1 ഹെനോക്കിന്റെ മൂലഭാഷ ഹീബ്രുവാണ്. മറ്റുള്ളവർ ചിന്തിച്ചിരുന്നത് അറമായ ഭാഷയെന്നും. മറ്റു ചിലർ ദാനിയേലിന്റെ ഗ്രന്ഥംപോലെ പകുതി ഹീബ്രുവിലും പകുതി അറമായ ഭാഷയിലും രചിച്ചുവെന്നും കരുതിപ്പോന്നു.

**കാലഘട്ടം**

1 ഹെനോക്ക് വിവിധ രചനകളുടെ വിവിധങ്ങളായ കാലഘട്ടങ്ങളിൽ വിവിധ എഴുത്തുകാർ രചിച്ച സമാഹാരമാണ്. 1 ഹെനോക്കിന്റെ ചാവുകടൽ ചുരുളുകൾ ലഭിച്ചശേഷം വിവിധ രചനകളുടെ കാലഘട്ടങ്ങൾ നിർണ്ണയിക്കുന്നതിൽ പണ്ഡിതന്മാർ തമ്മിൽ അഭിപ്രായൈക്യമുണ്ടായിട്ടുണ്ട്.ഈ ഗ്രന്ഥം അഞ്ച് പ്രാഥമിക രചനകളായി കരുതപ്പെടുന്നു.:

1. കാവൽക്കാരുടെ ഗ്രന്ഥം (1–36)
2. സാദൃശ്യങ്ങളുടെ ഗ്രന്ഥം (37 – 71)
3. ജ്യോതിശാസ്ത്രപരമായ രചനകൾ ( 72 –82)
4. സ്വപ്ന ദർശനങ്ങളുടെ ഗ്രന്ഥം (83 –90)
5. ഹെനോക്കിന്റെ ലേഖന ഗ്രന്ഥം ( 91 –107)

**ഉറവിടം**

1 ഹെനോക്കോ, അതിലെ മറ്റ് രചനകളോ എവിടെ വെച്ചു രചിക്കപ്പെട്ടുവെന്നതിനെക്കുറിച്ച് നമുക്ക് തീർച്ചയില്ല. എന്തായാലും ഈ രചനയുടെ ഉറവിടം യൂദയാ ആണ്. ക്രിസ്തുമതത്തിനു മുമ്പായി ഖുമ്റാനിൽ ഇത് പ്രചാരത്തിലുണ്ടായിരുന്നു.

1 ഹെനോക്കിന്റെ എത്യോപ്യൻ പതിപ്പിന്റെ ഉറവിടം സംബന്ധിച്ചുള്ള തെളിവുകളൊന്നുമില്ല. എത്യോപിക് സാഹിത്യത്തിന്റെ ആദ്യകാലഘട്ടത്തിലായിരിക്കാം ഈ പതിപ്പ് രചിക്കപ്പെട്ടത് (c. എ.ഡി.

350 – 650). ഈ കാലഘട്ടത്തിൽ ഏത്യോപ്യയിൽ ക്രിസ്ത്യൻ എഴുത്തുകാർ പകർത്തിയെഴുതുകയും പരിഭാഷപ്പെടുത്തുകയും ചെയ്യുന്നുണ്ടായിരുന്നു. പക്ഷേ, ഇവ സംബന്ധിച്ച കൃത്യമായ കാലഘട്ടമോ ദേശമോ നിർണ്ണയിക്കാനാവില്ല.

**ചരിത്രപരമായ പ്രാധാന്യം**

ഈ രചന എത്യോപ്യൻ സഭയിലൊഴിച്ച് മറ്റു യഹൂദ, ക്രിസ്ത്യൻ സമൂഹങ്ങളിൽ ഉപയോഗിച്ചുവെന്നതിൽ വ്യക്തമായ തെളിവുകളൊന്നുമില്ല. അതുകൊണ്ടുതന്നെ ഈ രചനയുടെ യഥാർത്ഥ ഉറവിടം കണ്ടെത്തുകയെന്നത് ദുഷ്കരമാണ്. എന്നാൽ പല യഹൂദർക്കും പ്രത്യേകിച്ചും എസ്സീനുകൾക്ക് 1 ഹെനോക്ക് എന്ന ഗ്രന്ഥം പരിചിതമായിരുന്നു; ആദിമ ക്രൈസ്തവർക്കാകട്ടെ യൂദായുടെ രചയിതാവിനെയും. ഈ ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങൾ പ്രോട്ടോ-എസ്സീൻ പരിസരങ്ങളിൽ ഉറവെടുത്തതാകാം. ഇതിനുശേഷമുള്ള ഭാഗങ്ങളാകട്ടെ ഖുമ്റാൻ എസ്സീനിസത്തിൽനിന്ന് ഏറെ വ്യത്യസ്തവുമാണ്.

2 മക്കബായൻ വിപ്ലവത്തിനു തൊട്ടുപിന്നാലെയുള്ള ചരിത്രസംഭവങ്ങളാണ് 1 ഹെനോക്കിൽ പ്രതിഫലിക്കുന്നത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം, എന്തായാലും ആദ്യകാല എസ്സീൻ ദൈവശാസ്ത്രത്തിലേക്കും ആദിമകാലക്രിസ്തീയതയിലേക്കും ഈ രചന വെളിച്ചം വീശുന്നുണ്ട്. ജൂബിലികൾ, 12 സഭാപിതാക്കന്മാരുടെ നിയമം, മോശയുടെ പരിഗ്രഹണം, 2 ബാറൂക്ക്, 4 എസ്രാ എന്നീ ഗ്രന്ഥങ്ങളുടെ രചയിതാക്കൾ ഈ കൃതി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. പുതിയനിയമ രചയിതാക്കൾക്കും ഈ കൃതി പരിചിതമായിരുന്നുവെന്നു മാത്രമല്ല, അവരെ ഈ കൃതി സ്വാധീനിച്ചിട്ടുമുണ്ട്. യൂദാ നിസ്സംശയം ഈ കൃതി ഉദ്ധരിച്ചിട്ടുണ്ട് (1 : 14 f). എന്തായാലും ഹെനോക്കിന്റെ ആശയങ്ങൾ സുവിശേഷങ്ങളിലും വെളിപാടിലുമടക്കമുള്ള രചനകളിലും കാണാൻ കഴിയും.

ആദിമ സഭയിൽ 1 ഹെനോക്കിന്റെ ഗ്രന്ഥത്തിനു സുപ്രധാന റോളാണുണ്ടായിരുന്നത്. ബർണബാസിന്റെ ലേഖനം, പത്രോസിന്റെ വെളിപാട് തുടങ്ങിയ ക്രിസ്തുമത സംബന്ധമായ രചനകളിൽ ഈ ഗ്രന്ഥം ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. സഭാപിതാക്കന്മാരായ രക്തസാക്ഷിയായ ജസ്റ്റിൻ, ഇറേണിയൂസ്. ഒരിജൻ, അലക്സാണ്ഡ്രിയയിലെ ക്ലെമന്റ് എന്നിവർ 1 ഹെനോക്കിനെക്കുറിച്ച് അറിവുള്ളവരായിരുന്നു. ഈ കൃതിയിൽനിന്ന് അവർ പ്രചോദനം കൊണ്ടിട്ടുമുണ്ട്. 1 ഹെനോക്കിനെപ്പറ്റി തെർത്തുല്യന് ഏറെ പരിഗണനയുണ്ടാ

യിരുന്നു. എന്നാൽ നാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ അഗസ്റ്റിൻ, ഹിലരി, ജെറോം എന്നിവർ ഈ ഗ്രന്ഥത്തെക്കുറിച്ച് വിപരീതമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തി. എട്ടാം നൂറ്റാണ്ടിലെ ഏറെ പഠിച്ച ഒരു സന്യാസിയായ ജോർജിയൂസ് സിഞ്ചെല്ലൂസിന്റെ അഭിപ്രായ ത്തിലും, ഈജിപ്തിലെ ഒരു ക്രിസ്തീയ സെമിത്തേരിയിൽനിന്നു കണ്ടുകിട്ടിയ ഗ്രീക്ക് ചുരുൾ ശകലങ്ങൾ അനുസരിച്ചും 1 ഹെനോ ക്ക് ഏത്യോപ്യയിൽ മാത്രമാണ് പ്രശംസിക്കപ്പെടാൻ ഇടയാക്കിയെ ന്നു പറയുന്നു. എന്നാൽ ഈ ഗ്രന്ഥത്തിലെ ക്രിസ്തീയ ഉറവിട ങ്ങൾ മധ്യകാലമനസ്സുകളിൽ പ്രാധാന്യം നേടുകതന്നെ ചെയ്തു.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

ആദിമകാലത്തെ യഹൂദ ചിന്താധാരകളും ആദിമക്രൈസ്തവ രുടെ ദൈവശാസ്ത്രവുമടങ്ങിയ സമ്പുഷ്ട സങ്കീർണ്ണതകൾ ഇഴ പി രിച്ചെടുക്കാൻ 1 ഹെനോക്ക് സഹായിച്ചിട്ടുണ്ട്. 1 ഹെനോക്കിലെ ദൈവം പഴയനിയമത്തിലെ ദൈവത്തെപോലെ നീതിമാനും നല്ല വനുമാണ്. പ്രപഞ്ചം സൃഷ്ടിച്ചത് അവിടുന്നാണ്. പരിശുദ്ധമായ നിയ മം നൽകിയതും ചരിത്രത്തിന്റെ നിർവാഹകനും, സർവ്വത്തിന്റെ യും വിധികർത്താവും അവിടുന്ന്തന്നെ.

ഉത്പത്തി 6: 1 - 4 ൽ ദൈവപുത്രന്മാർ മനുഷ്യപുത്രിമാരുമായി വേഴ്ചയിൽ ഏർപ്പെട്ടതിനെപ്പറ്റി പറയുന്നുണ്ട്. 1 ഹെനോക്കാകട്ടെ, ഈ വിവരണം മാലാഖമാരുടെ പതനം സംബന്ധിച്ച ദൈവശാസ് ത്രവുമായി ബന്ധപ്പെടുത്തി. ദൈവപുത്രന്മാർക്ക് മനുഷ്യപുത്രിമാ രിലുണ്ടായ അതികായന്മാരാണ് ജനങ്ങൾക്കെതിരേ തിന്മ പ്രവർ ത്തിച്ചത്. അവർ തിന്മയ്ക്ക് കാരണമാകാവുന്ന ആയുധങ്ങളും സൗ ന്ദര്യസംവർദ്ധകവസ്തുക്കളും ലോഹങ്ങളുമെല്ലാം ഉൽപ്പാദിപ്പിക്കാൻ ജനങ്ങൾക്കു പ്രേരണ നൽകി. പതനത്തിൽപെട്ട മാലാഖമാർക്കു വേണ്ടി ഹെനോക്ക് ഇടപെട്ടുവെങ്കിലും പരാജയപ്പെട്ടു. മറിച്ച് അവ രുടെ അന്തിമമായ നാശം ഹെനോക്ക് പ്രവചിക്കുന്നു (12 -16). മാ ലാഖമാരുടെ പതനം സംബന്ധിച്ച പരോക്ഷ പരാമർശങ്ങൾ യഹൂ ദ രചനകളിൽ കാണാവുന്നതാണ് (Viz. ജൂബിലി, പ്രഭാഷകൻ 16 : 7; CD 2 .14-3. 13; 4 Q 180f. കൂടാതെ റബ്ബിനിക് മിദ്രാഷിമിലും).

1 ഹെനോക്കിൽ പുതിയനിയമത്തിന്റെ ദൈവശാസ്ത്ര വിദ്യാർ ത്ഥികൾ ഏറെ ചർച്ച ചെയ്ത ഒരാശയമാണ് സ്വർഗീയ മിശിഹാ യുടേത് (45 -57) 1 ഹെനോക്കിലുള്ള മിശിഹാ സത്യവാനാണ്, മ നുഷ്യപുത്രനാണ്. അവൻ നേരത്തേതന്നെ സ്വർഗീയ അസ്തിത്വ മുള്ള, അതിശോഭയാർന്ന, മഹത്വമാർന്ന, സർവ്വ ആധിപത്യങ്ങളു

ള്ള നശ്വരവും അനശ്വരവുമായ എല്ലാറ്റിനെയും വിധിക്കാൻ മഹത്വത്തിന്റെ സിംഹാസനത്തിൽ വിരാജിക്കുന്നവനാണ് എന്നാണ് 1 ഹെനോക്കിൽ വിവരിക്കുന്നത്.

അന്ത്യവിധിയുടെ പ്രതിഫലനമുള്ള വിവരണമാണിത്. യുഗാന്തപരമായ ഈ ആശയമാണ് തുടർച്ചയായി ഈ ഗ്രന്ഥത്തിലുള്ളത്. ആമുഖഭാഗത്തുതന്നെ (1 -5) ദുഷ്ടരെ നശിപ്പിക്കാനും സത്യവാന്മാർക്ക് അനശ്വര ജീവിതം നൽകുവാനുമായി അവിടുന്ന് ആഗതനാകുമെന്ന പ്രഖ്യാപനമുണ്ട്. സ്വപ്നദർശനങ്ങളിലാകട്ടെ (83 -90) ഇതേ പ്രമേയംതന്നെയാണ് വിവരിക്കുന്നത്. സത്യവാന്മാരും മാനസാന്തരപ്പെട്ട വിജാതീയരും ഒരുമിച്ച് ഉയിർപ്പിക്കപ്പെടുമെന്നും, മിശിഹാ പ്രത്യക്ഷപ്പെട്ട് തന്റെ രാജ്യം സ്ഥാപിക്കുമെന്നും പുതിയ ജറുസലേമിന് ഇതോടെ ആരംഭമാകുമെന്നും പറഞ്ഞിരിക്കുന്നു. പാപികളും പാപം ചെയ്ത മാലാഖമാരും വിശ്വാസം ത്യജിച്ച യഹൂദന്മാരും ശിക്ഷിക്കപ്പെടും. 1 ഹെനോക്കിന്റെ അവസാനമായി നൽകിയിട്ടുള്ള സുദീർഘ വിവരണത്തിൽ (91 –105) സത്യവാന്മാർക്കുള്ള താക്കീതുണ്ട്. ഗ്രന്ഥകാരൻ പ്രവചിക്കുന്നത് ഷിയോളിൽ ദുഷ്ടർക്കുള്ള നിത്യശിക്ഷയാണ്. എന്നാൽ സത്യവാന്മാർ ഉയിർപ്പിലൂടെ സ്വർഗത്തിലെത്തും.

1 ഹെനോക്കിൽ പാപികളെ നിർവചിക്കുന്നുണ്ട്. സാമ്പത്തികമായി ചൂഷണം ചെയ്യുന്നവർ, രാഷ്ട്രീയമായുള്ള മർദ്ദകർ, ലോകത്തിൽ സാമൂഹികമായി അനീതിചെയ്യുന്നവർ തുടങ്ങിയവർ പാപികളാണെന്നു ഗ്രന്ഥകാരൻ വിശേഷിപ്പിക്കുന്നു. ഇതോടെ യഹൂദരുടെ നിയമ പശ്ചാത്തലവുമായുള്ള ചിന്തകളും ക്രിസ്തീയ ദൈവശാസ്ത്രവും സംബന്ധിച്ച നമ്മുടെ കാഴ്ചപ്പാടുകൾ വിപുലീകരിക്കാൻ ഈ ഗ്രന്ഥം സഹായിക്കുന്നുണ്ട്. ഗ്രീക്ക്, റോമൻ സാമ്രാജ്യവാദങ്ങൾക്കും യഹൂദരിൽതന്നെയുള്ള അഭിജാതവർഗ്ഗത്തിന്റെ ആധിപത്യത്തിനും എതിരേയുള്ള യഹൂദരുടെ വിപ്ലവാത്മകമായ വികാരം മനസ്സിലാക്കാനും ഈ ഗ്രന്ഥം നമുക്ക് പ്രയോജനപ്പെടും.

1 ഹെനോക്കിന്റെ കലണ്ടർ സംബന്ധിച്ച കാലഗണനയെങ്കിലും ഇവിടെ പറയേണ്ടതുണ്ട്. ഫരിസേയരുടെ ലൂണാർ കലണ്ടറിലെന്നതുപോലെ സൂര്യനെ നോക്കി മാത്രമാണ് കലണ്ടർ തയ്യാറാക്കേണ്ടതെന്ന് ഗ്രന്ഥകാരൻ പറയുന്നു. ഗ്രന്ഥകാരന്റെ സൗരവർഷത്തിൽ 364 ദിനങ്ങളേയുള്ളു. 365 1/4 ദിനങ്ങളില്ല. യഥാർത്ഥത്തിൽ അങ്ങനെയാണെന്നറിഞ്ഞിട്ടും 364 ദിവസങ്ങളിൽ ഗ്രന്ഥകാരൻ കടിച്ചുതൂങ്ങുന്നു. കലണ്ടർ സംബന്ധിച്ച ചർച്ച ആത്മീയമായ ഉത്ക്കണ്ഠയോടു ബന്ധപ്പെട്ടതാണ്. അവസാനദിനങ്ങൾ സൂര്യനും ചന്ദ്രനും

നക്ഷത്രങ്ങളും ഭൂമിയും ഉൾപ്പെടെയുള്ള ബ്രഹ്മാണ്ഡത്തെ പൂർണ്ണ തകരാറിലാക്കുമത്രേ.

**ബൈബിൾപരവും മറ്റ് അപ്രമാണിക ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

1 ഹെനോക്ക് പഴയനിയമത്തിനു ആധാരമായിട്ടുണ്ട്, പുതിയ നിയമരചനയെ സ്വാധീനിച്ചിട്ടുമുണ്ട്. തുടർന്നുള്ള കൂടുതൽ കാനോനികമായ ഗ്രന്ഥങ്ങളുടെ രചനയ്ക്കും ഈ ഗ്രന്ഥം കാരണമായി. പ്രവാസകാലത്തും, പ്രവാസാനന്തര കാലത്തും യഹൂദ ചിന്താധാരകളിൽ വെളിപാട് ഒരു പ്രധാന പ്രവണതയായിരുന്നു. ക്രൈസ്തവർ ഇത് പൈതൃകമായിത്തന്നെ സ്വീകരിച്ചു. വെളിപാട് എന്നത് ഒരേസമയം പ്രവചനവും വെളിപാടുമാണ്. നിലവിലുള്ള ലോകത്തിന്റെ ധാർമ്മികമായ അപചയങ്ങളും വരാനിരിക്കുന്ന ലോകത്തിന്റെയും അന്തിമമായി ലോകത്തിനു ലഭിക്കാൻ പോകുന്ന വിധിയും ഇവിടെ വിവരിക്കുന്നുണ്ട്.

പഴയനിയമത്തിലെ ആശയങ്ങളും കഥകളുമെല്ലാം ഇവിടെ പുനർവ്യാഖ്യാനിക്കപ്പെടുകയോ വിശദീകരിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഇതാകട്ടെ വെളിപാടുപരമായ ദ്വന്ദ്വഭാവത്തിന്റെ മാതൃകാരൂപങ്ങളിലൂടെയാണ് ഗ്രന്ഥകാരൻ സാധിക്കുന്നത്. ഈ ആശയങ്ങൾ ജൂബിലികളുടെ ഗ്രന്ഥം, 12 സഭാപിതാക്കന്മാരുടെ നിയമങ്ങൾ, മോശയുടെ പരിഗ്രഹണം, അബ്രാഹത്തിന്റെ നിയമവും വെളിപാടും, 2 ബാറൂക്ക്, 4 എസ്രാ എന്നീ രചനകളിൽ വ്യാപിക്കുന്നുണ്ട്. പുതിയനിയമത്തിനും 1 ഹെനോക്ക് പരിചിതമാണ്. പുതിയനിയമലോകത്തെ ഈ രചനയിലെ ഭാഷയും ചിന്താധാരയും സ്വാധീനിച്ചിട്ടുണ്ടെന്നതിൽ സംശയമേയില്ല. മത്തായി, ലൂക്കാ, യോഹന്നാൻ, അപ്പസ്തോലന്മാരുടെ നടപടി, റോമാക്കാർക്കുള്ള ലേഖനം, 1, 2 കൊറീന്ത്യർ, എഫേസോസ്, കൊളോസോസുകാർ, 1-2 തെസലോനിക്കക്കാർ, 1 തിമോത്തി, ഹെബ്രായർ,1 യോഹന്നാൻ, യൂദാ (ഇവിടെ പ്രത്യക്ഷമായി  ഈ ഗ്രന്ഥം ഉദ്ധരിക്കുന്നുണ്ട്) എന്നീ രചനകളെയെല്ലാം 1 ഹെനോക്ക് സ്വാധീനിച്ചിട്ടുണ്ട്. വെളിപാടിലാകട്ടെ നിരവധി കാര്യങ്ങൾ1 ഹെനോക്കിനെ സൂചിപ്പിക്കുന്നു. പുതിയനിയമ സിദ്ധാന്തങ്ങളായ മിശിഹായുടെ പ്രകൃതി, മനുഷ്യപുത്രൻ, മിശിഹായുടെ രാജ്യം, പിശാചുക്കളെക്കുറിച്ചുള്ള അറിവ്, ഭാവികാലം, ഉത്ഥാനം, അവസാനവിധി, യുഗാന്തപരമായ വിവരണങ്ങൾ എന്നിവയിലെല്ലാം ഈ ഗ്രന്ഥത്തിന്റെ സ്വാധീനം നിഴലിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ആദ്യകാല അപ്പസ്തോലന്മാരും, സഭാപിതാക്കന്മാരും ഈ ഗ്രന്ഥത്തെ ഉയർന്ന തലത്തിലാണ് പരിഗണിക്കുന്നത്.

# 2 ഹെനോക്ക്

## (സ്ലാവോനിക് വെളിപാട്)

(ഏ.ഡി. ഒന്നാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ)

ഉത്പത്തി 5: 21 - 32 ന്റെ വിപുലീകരണമാണ് ഈ രചന. ഹെനോക്കിന്റെ ജീവിതവും പ്രളയത്തിന്റെ ആഗമനവും ഇവിടെ വിവരിക്കുന്നു. ആദ്യഭാഗം ഏറെ ദൈർഘ്യമേറിയതാണ്. ഇതുതന്നെയാണ് ഈ ഗ്രന്ഥത്തിൽ ഏറെ വലുപ്പമുള്ളതും. 1 മുതൽ 68 വരെയുള്ള അധ്യായങ്ങളിൽ ദൈവം ഹെനോക്കിനെ എങ്ങനെ ഏഴ് സ്വർഗങ്ങളിലൂടെ സംവഹിച്ചുവെന്നതും, കണ്ടതെല്ലാം തന്റെ കുടുംബത്തെ അറിയിക്കാൻ എങ്ങനെ അദ്ദേഹത്തെ തിരികെയെത്തിച്ചുവെന്നുമെല്ലാം ഈ ഭാഗത്ത് വിവരിക്കുന്നു. രണ്ടാം ഭാഗം 69 മുതൽ 73 വരെയുള്ള അധ്യായങ്ങളാണ്. ഇവിടെ ഹെനോക്കിന്റെ പിൻഗാമികളായ മെത്തുശെലഹ്, നീർ എന്നിവരെപ്പറ്റി പറഞ്ഞുകൊണ്ട് പ്രളയത്തിനു മുമ്പായുള്ള മെൽക്കിസെദെക്കിന്റെ ജനനവും ആരോഹണവും വിവരിച്ച് അവസാനിപ്പിക്കുന്നു.

അടിസ്ഥാനപരമായി ഈ ഗ്രന്ഥം ഒരു മിദ്രാഷ് ആണ്. അല്പമായ കഥയുടെ വെളിപാട്പരമായ ഭൂരിഭാഗവും നഷ്ടപ്പെട്ടിരിക്കുകയാണ്. ഹെനോക്കിന്റെയും പിൻഗാമികളുടെയും കഥ പറയുന്നതിനോടൊപ്പം വിവിധങ്ങളായ ചേരുവകളുണ്ട്. അത്ര കൃത്യമല്ലാത്ത വിധത്തിലാണ് അവ ഉൾപ്പെടുത്തിയിട്ടുള്ളത്. ബ്രഹ്മാണ്ഡം സംബന്ധിച്ച ഊഹങ്ങൾ, ധാർമ്മികമായ അനുശാസനങ്ങൾ, ഭാവിയെക്കുറിച്ചുള്ള പ്രവചനങ്ങൾ എന്നിവയെല്ലാം ഇതിൽ ഉൾപ്പെടും. പ്രളയത്തെക്കുറിച്ച് പ്രവചിക്കുന്നതോടൊപ്പം മനുഷ്യകുലത്തിന്റെ ഭാഗധേയവും, മരണത്തിനുശേഷമുള്ള നന്മയും തിന്മയുമെല്ലാം ഇവിടെ വിവരിക്കുന്നു. പറുദീസ സന്ദർശിച്ചതിന്റെ പശ്ചാത്തലത്തിലാണ് സ്വർഗത്തിലെ ദണ്ഡനങ്ങൾക്കായുള്ള ഇടങ്ങളെക്കുറിച്ച് പറയുന്നത്. മാലാഖമാരെക്കുറിച്ചുള്ള ശാസ്ത്രം, ജ്യോതിഷം, ജ്യോതിശാസ്ത്രം, കലണ്ടറിലെ കാലഗണനകൾ എന്നിവയെല്ലാം സൃഷ്ടിയുടെ പഠനത്തിൽനിന്നു ഉരുത്തിരിയുന്നവയാണ്. ഇത് പൂർണ്ണമായും ദൈവത്തിന്റെ പ്രബോധനങ്ങളാൽ നിറയ്ക്കപ്പെട്ടിരിക്കുകയാണ്. നിരവധി കെട്ടുകഥകളുണ്ടെങ്കിലും ഏകദൈവ സങ്കല്പത്തിൽ വിട്ടുവീഴ്ച ചെയ്തിട്ടില്ല. രചനയിൽ ഉടനീളമുള്ള സിദ്ധാന്തം, കർത്താവാണ് എല്ലാറ്റിന്റെയും സ്രഷ്ടാവ് എന്നത് നിരന്തരം ആവർത്തിക്കുന്നുണ്ട്. അന്തിമവിധി ഒഴിച്ചുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളൊന്നുംതന്നെ ആഘോഷിക്കുന്നില്ല. ചരിത്രത്തിൽ ഈ രചനയ്ക്ക് യാതൊരു താൽപര്യവുമില്ല. ഗ്രന്ഥകാരന്റെ മനോഭാവം ലളി

തമാണ്. ഗ്രന്ഥകാരന്റെ പ്രസ്താവനകൾക്കു തത്വജ്ഞാനപരമായ അടിത്തറയൊന്നുമില്ല. വിഗ്രഹാരാധന മാമൂൽ പ്രകാരം അപലപിക്കുന്നുണ്ട്.

ധാർമ്മികമായ ഘടകങ്ങളെല്ലാം രചനയിൽ ഉടനീളം വ്യാപിച്ചു കിടക്കുന്നുണ്ട്. മാലാഖമാരുടെ അഭിപ്രായങ്ങളിലൂടെയോ സ്വർഗത്തിലെ താമസക്കാരിലൂടെയോ ഹെനോക്കിനും കുടുംബത്തിനും നൽകുന്ന ആഹ്വാനങ്ങൾ ഇവിടെയുണ്ട്. ദരിദ്രരെയും പാവപ്പെട്ടവരെയും സഹായിക്കുന്നതും ലൈംഗികവിശുദ്ധി പാലിക്കുന്നതും പ്രധാനപ്പെട്ട പുണ്യങ്ങളാണ്. ചില ആശയങ്ങൾ തീർത്തും വിചിത്രമായിട്ടാണ് ഇവിടെ നൽകിയിട്ടുള്ളത്. എങ്കിലും യഥാർത്ഥ കാര്യങ്ങളിൽതന്നെയാണ് പ്രധാനമായും ശ്രദ്ധ. ബൈബിളിലെ സൃഷ്ടിവിവരണങ്ങളിൽനിന്നാണ് കഥാതന്തു സ്വീകരിച്ചിട്ടുള്ളതെങ്കിലും ബ്രഹ്മാണ്ഡത്തെ സംബന്ധിച്ചുള്ള വിവരണം അർധ-ശാസ്ത്രീയ രീതിയിലാണ് വിപുലീകരിച്ചിട്ടുള്ളത്. ഇവയുടെ ഫലങ്ങളെല്ലാം സ്ഥിരമാണ്. എന്നാൽ ചില സമയത്ത് ഇവിടെ ചിത്രം ഏറെ ദുർഗ്രഹമാണ്. ഏറെ ക്രമമായി കാണാവുന്ന വിവരണം ഏഴ് സ്വർഗങ്ങളിലൂടെയുള്ള യാത്രയാണ്. പിന്നീടുള്ളത് എല്ലാറ്റിന്റെയും ഉത്ഭവത്തിന്റെ വ്യത്യസ്തമായ വിവരണമാണ്. ഉത്പത്തിയുടെ തുടർച്ചയായിട്ടാണ് ഇത് വിവരിക്കുന്നത്. കർത്താവ് നേരിട്ട് പറയുന്നതുപോലെയുള്ള ആത്മകഥാരൂപമാണ് ഇവിടെയുള്ളത്. ഇവയിൽ പലതും ഹെനോക്ക് സ്വന്തം കുടുംബാംഗങ്ങളോട് വിവരിക്കുമ്പോൾ പട്ടികയുടെ രൂപങ്ങൾ പലതും ആവർത്തിക്കുന്നുണ്ട്.

**മൗലികമായ ഭാഷ**

മൂന്ന് സാധ്യതകളാണ് പണ്ഡിതന്മാർ പിന്തുണയ്ക്കുന്നത്. ഈ രചനയുടെ മൂലകൃതി ഇപ്പോൾ സ്ലാവോനിക് ഭാഷയിൽ മാത്രമാണ് അവശേഷിച്ചിട്ടുള്ളത്. മറ്റൊരിടത്തും ഈ രചന കണ്ടെത്തിയിട്ടുമില്ല. 1 ഹെനോക്കുമായുള്ള ബന്ധം എന്തായാലും പരോക്ഷമാണ്. എന്നാൽ ഇക്കാര്യം നിഷേധിക്കാനുമാവില്ല. ആദ്യകാലത്തുള്ള മതപരമായ സ്ലാവോനിക് രചനകളെല്ലാംതന്നെ ഗ്രീക്കിൽ നിന്നു പരിഭാഷപ്പെടുത്തിയതാണ്. 2 ഹെനോക്കും ഈ വാദത്തിന് അപവാദമല്ല. നാഗരികതയുടെ അരികുകളിലായി ദുർലഭമായുള്ള രചനകൾ അരമായിക്കിലും ഏത്യോപിക്കിലുമുണ്ട്.

**കാലഘട്ടം**

ഇവയുടെ കൈയെഴുത്തു പ്രതികളൊന്നുംതന്നെ പതിനാലാം നൂറ്റാണ്ടിനു മുമ്പുള്ളതാണെന്നു കണ്ടെത്തിയിട്ടില്ല. അതുകൊണ്ടു

തന്നെ നിലവിലുള്ള ഈ രചനയുടെ കാലഘട്ടവും ഇതുതന്നെയാകാം. എന്നാൽ സമ്പൂർണ്ണമായ ഈ കൃതിയിൽ രണ്ട് മുഖ്യപ്രബന്ധങ്ങളുള്ളത് കുറേക്കൂടി പഴക്കമുള്ളതാണെന്നാണ് തെളിവുകളുള്ളത്. ഇവയുടെ കാലപ്പഴക്കവും വ്യത്യസ്തമാണ്. സ്ലാവോനിക് പരിഭാഷയുടെ ആദ്യഘട്ടത്തിലായിരിക്കാം ഈ രചന. ഗ്രീക്ക് പതിപ്പാകട്ടെ ഏ. ഡി. 1000-ൽ രചിച്ചതാണെന്നു കരുതപ്പെടുന്നു. ഗ്രീക്ക് ഗ്രന്ഥകാരൻ പുരാതന വസ്തുതകൾ ഇതിനായി ഉപയോഗിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഉദ്ധരിക്കപ്പെട്ട ഭാഗങ്ങൾ കൂട്ടിവച്ചുകൊണ്ട് കാലഗണന അസാധ്യമാണ്. (2 ഹെനോക്ക് നേരത്തേയുണ്ടായിരുന്നുവെന്നുതന്നെയാണ് ഇത് സൂചിപ്പിക്കുന്നത്.) 2 ഹെനോക്ക് രചിച്ചത് ക്രിസ്തുവിനു മുമ്പോ മധ്യയുഗങ്ങളിലോ ഇടയ്ക്കുള്ള കാലഘട്ടത്തിലാണെന്നു കരുതിയാൽ അത്ഭുതപ്പെടേണ്ടതില്ല.

2 ഹെനോക്ക് മധ്യയുഗത്തിൽ ക്രോഡീകരിച്ചതല്ലെന്നതിന് മറ്റൊരു ചോദ്യത്തിനുകൂടി ഉത്തരം തേടേണ്ടതുണ്ട്. ഈ രചനയ്ക്കാവശ്യമായവ എന്ന് എവിടെവച്ച് ശേഖരിക്കപ്പെട്ടുവെന്നതാണത്. വളരെ ദീർഘമായ ഒരു പ്രക്രിയ ഈ ഗ്രന്ഥരചനയ്ക്ക് പിന്നിലുണ്ട്. ഗ്രന്ഥത്തിലേക്ക് ആവശ്യമായ വിവരങ്ങൾ ശേഖരിക്കാനും എഡിറ്റ് ചെയ്യാനും കാലമേറെയെടുത്തിരിക്കാം. അതുകൊണ്ടുതന്നെ ഈ രചനയുടെ കാലഘട്ടം കൃത്യമായി നിർണ്ണയിക്കുകയെന്നത് ക്ലേശകരമാണ്. ഈ രചനയുടെ പ്രധാന ഘട്ടങ്ങളുടെ തിയതിയും സ്ഥലവും കണ്ടെത്താനുള്ള യത്നം തീർച്ചയായും ഇതിന്റെ കാലഘട്ടവും ഉറവിടവും സംബന്ധിച്ച ഉത്തരം നൽകും.

**ഉറവിടം**

2 ഹെനോക്കിന്റെ ബൗദ്ധികമായ പശ്ചാത്തലം കണ്ടെത്താനുള്ള ശ്രമങ്ങൾ വിഫലമായിരിക്കുകയാണ്. ചാൾസ് മാത്രമാണ് സവിശേഷമായ ഒരു വാദം ഉന്നയിച്ചിട്ടുള്ളത്. അലക്സാണ്ഡ്രിയയിലുള്ള ഹെല്ലനിസ്റ്റായ ഒരു യഹൂദൻ ബി.സി.ഒന്നാം നൂറ്റാണ്ടിൽ ഈ ഗ്രന്ഥം രചിച്ചുവെന്നാണ് അദ്ദേഹത്തിന്റെ വാദം. ജെ.ടി. മിലിക് ആകട്ടെ, ഏ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ ബൈസെൻഷ്യത്തിൽവച്ച് ഒരു ക്രൈസ്തവ സന്യാസി ഈ ഗ്രന്ഥം രചിച്ചുവെന്ന് വാദിക്കുന്നു.

ഖുമ്റാൻ രചനകളിലെ സാദൃശ്യങ്ങൾ വച്ചു നോക്കുമ്പോൾ കലണ്ടർ ഉൾപ്പെടെയുള്ള വിവരണങ്ങൾക്കു 1 ഹെനോക്ക് ഉപയോഗിച്ചതായി കാണാം. മിലികിന്റെ വാദങ്ങളുണ്ടെങ്കിൽപോലും വ

യ്ല്ലന്റ്സിന്റെ ഒരു തിയറി മറ്റൊരു വിധത്തിലാണ്. യഹൂദ ഹെനോക്ക് 1 ന്റെ ക്രിസ്റ്റ്യൻ റിവിഷനാണ് 2 ഹെനോക്ക് എന്ന് അദ്ദേഹം പറയുന്നു. എന്നാൽ ഈ രണ്ട് രചനകൾക്കും തമ്മിൽ പ്രത്യക്ഷമായ ബന്ധങ്ങൾ കുറവാണ്. വസ്തുതാപരമായി നിരവധി വ്യതിയാനങ്ങളുമുണ്ട്. 1 ഹെനോക്കിനു ചരിത്രത്തിൽ താൽപര്യമുണ്ട്. എന്നാൽ 2 ഹെനോക്കിൽ അങ്ങനെയില്ല. സൃഷ്ടിയിൽ 2 ഹെനോക്കിനു താൽപര്യമുണ്ടെങ്കിൽ 1 ഹെനോക്കിൽ അതില്ല. മെൽക്കിസെദെക്കിനായുള്ള താൽപര്യം ഖുമ്റാനിൽ സജീവമായുണ്ട്. 2 ഹെനോക്കിലെ ഈ ഭാഗം പുരാതനമാണെങ്കിൽ ഖുമ്റാൻ മെൽക്കിസെദെക് പാരമ്പര്യങ്ങൾ ക്രിസ്തീയമായ രചനാ രീതിയനുസരിച്ചുള്ള ഹീബ്രു ഭാഷയിലുള്ളത് ഇവിടെ ഉൾപ്പെടുത്തുമായിരുന്നു.

ഈ രചനകൾ സംബന്ധിച്ച് പണ്ഡിതന്മാർ ഇതുവരെ യഹൂദ, ക്രിസ്തീയ തലങ്ങളുള്ളതിൽനിന്നാണ് പിറവിയെടുത്തതെന്നു കണ്ടെത്തിയിട്ടില്ല. രണ്ട് മതങ്ങളുടെയും മുഖ്യധാരയിൽ ഇത് കാണാനുമില്ല.

ശരിയാണ്, ബൈബിൾപരമായ ശൈലി ഈ രചനയിലുണ്ട്. എന്നാൽ ഒരിടത്തും ഈ രചന പുതിയനിയമത്തെ ആശ്രയിച്ചുവെന്നു കരുതാനാവില്ല. ക്രിസ്തീയ പുറംകാഴ്ചകളുണ്ടാകാം. ഒരു കൈയെഴുത്തു പ്രതിയിലോ, ഒന്നിലധികം കൈയെഴുത്തു പ്രതികളിലോ ഒരു കുടുംബത്തിന്റെ സാന്നിദ്ധ്യമുള്ളതുകൊണ്ടു മാത്രം ഈ മുൻവിധി ഇവിടെ പ്രസക്തമാകുന്നുമില്ല. സവിശേഷമായ ക്രിസ്തീയ ആശയമൊന്നും ഈ ഗ്രന്ഥത്തിലില്ല. പുതിയ നിയമത്തിനായി ഇത് പ്രയോജനപ്പെടുത്തിയെന്നത് (ക്രിസ്തുമതത്തിനു മുമ്പുള്ള ഒരു യഹൂദ രചനയിൽ എന്നാണ് തെളിവ്) വളരെ പൊതുവായ ഒരു പദപ്രയോഗമാണ്. 2 ഹെനോക്കും പുതിയനിയമവും ഒരു പൊതുപശ്ചാത്തലത്തിലല്ല കാണാനാവുക. പിൽക്കാലത്ത് ഒരു ഗ്രന്ഥകാരൻ അവ്യക്തമായി സ്വാധീനങ്ങളിൽ ഉൾപ്പെട്ടിരിക്കാമെന്നു മാത്രം.

ഇതനുസരിച്ച് ഇതൊരു യഹൂദ രചനയാണെന്ന് അർത്ഥമാക്കരുത്. ഈ രചനയിലാകട്ടെ യഹൂദ മുഖ്യധാരയിൽപെട്ട വ്യത്യസ്തമായ സിദ്ധാന്തങ്ങളൊന്നുമില്ലതാനും. പ്രളയത്തിനും ലോകാവസാനത്തിനും മധ്യേയുണ്ടായ സംഭവ വികാസങ്ങളെപ്പറ്റി രചനയിൽ ഒന്നുമില്ല. അതുകൊണ്ടുതന്നെ മോശയേയും അബ്രാഹത്തേയും ശേഷിച്ച മറ്റുള്ളവരെയുംകുറിച്ച് പരാമർശമൊന്നുമില്ല. തോറായെക്കുറിച്ചും പരാമർശമില്ല. ജീവിതത്തിനും പാപമോചനം നേടാനുമുള്ള മാർഗനിർദ്ദേശങ്ങൾ ഈ ഗ്രന്ഥത്തിലുണ്ട്. ഏകദൈവമാ

യ സൃഷ്ടികർത്താവ് എന്നതും ലളിതമായ ഒരു ധാർമ്മിക ജീവിത ക്രമം എന്നതിനുമപ്പുറമായി വിശേഷിപ്പിക്കപ്പെടുന്നില്ല.

2 ഹെനോക്ക് ഒരു യുഗത്തിലേക്ക് മടങ്ങുമ്പോൾ, ബ്രഹ്മാണ്ഡ സംബന്ധമായി സിദ്ധാന്തങ്ങളോടൊപ്പമുള്ള യഹൂദ വിശ്വാസത്തിലെ തെരഞ്ഞെടുത്ത ഭാഗങ്ങളുടെ സമന്വയിപ്പിക്കലായി പരിണമിക്കുന്നു. ശരിയാണ്, ഇതിന് ബൗദ്ധികമായ ശക്തിയില്ല; ക്രമവുമില്ല. ഈ ശ്രമമാകട്ടെ തത്വജ്ഞാനപരമാണെങ്കിലും പ്രതിഫലനമില്ലാത്ത ജനങ്ങളുടെ സങ്കല്പമായി മാറുകയും ചെയ്തു. 2 ഹെനോക്ക് ഏതു മതത്തിൽനിന്നും ഉത്ഭവിച്ചതാകാം. യഹൂദ, ഗ്രീക്ക്, ഈജിപ്ഷ്യൻ, മധ്യപൂർവ ആശയങ്ങളിൽനിന്ന് കൂടിക്കലർന്നവയുമാകാം. പ്രോട്ടോഗ്നോസ്റ്റിക് ഊഹാപോഹങ്ങൾ ഇവിടെയുണ്ട്. സ്വർഗീയ ജീവികളുടെ ശ്രേണിയും, ആദം യഥാർത്ഥത്തിൽ സ്വർഗീയ ജീവിയാണെന്നതും, ആദാമിലെ സ്വർഗീയ പറുദീസയിൽ നിന്ന് പതനശേഷം പുറത്താക്കിയതാണെന്നും മറ്റുമുള്ള വിവരണങ്ങൾ പിൻവലിക്കാൻ ബുദ്ധിമുട്ടുണ്ട്. ഈജിപ്ത്, അതല്ലെങ്കിൽ സീറോപലസ്തീൻ, അതല്ലെങ്കിൽ ഏഷ്യാമൈനർ എന്നിവിടങ്ങളിൽ എവിടെയെങ്കിലുമാകാം ഈ രചനയുടെ ബീജാവാപം നടന്നത്. എന്നാൽ എത്ര നേരത്തെയാണോ എത്ര വൈകിയാണോ എന്ന് സൂക്ഷ്മമായി കണ്ടെത്താനാവില്ല. ഇറാനിയൻ ഉറവിടത്തിൽനിന്നുള്ള ചേരുവകൾ ഇവിടെ ഉള്ളതായി സംശയിക്കാം. എന്നാൽ, ഇവിടെ ഒരു മനുഷ്യന് നന്മയോ തിന്മയോ തെരഞ്ഞെടുക്കാമെന്ന ദ്വന്ദ്വഭാവം നിഴലിടുന്നുണ്ട്. തീർച്ചയായും, വീണുപോയ മാലാഖമാരുണ്ട്. 1 ഹെനോക്കിൽ എന്നതുപോലെ ഉത്പ 6: 1-4 ൽ ഈ പരാമർശമുണ്ട്. എന്നാൽ ഖുമ്റാനിൽ ഉള്ളതുപോലെ അംഗപ്പൊരുത്തമുള്ള പ്രകാശത്തിന്റെയും ഇരുട്ടിന്റെയും ആത്മാക്കൾ ഇവിടെയില്ല.

മെൽക്കിസെദെക്കിന്റെ ഐതിഹ്യം ഒരു പ്രത്യേക പ്രശ്നമുയർത്തുന്നുണ്ട്. മതഭ്രാന്ത് ധ്വനിപ്പിക്കുന്നതാണ് മെൽക്കിസെദെക്കിന്റെ പൗരോഹിത്യം. ക്രിസ്തീയ വിശ്വാസം ക്രിസ്തുവിനെ മെൽക്കിസെദെക്കിന്റെ പാതയിൽ അവതരിപ്പിക്കുമ്പോൾ യഹൂദ വിശ്വാസം ഇതേ പൗരോഹിത്യത്തിന്റെ തലപ്പത്ത് അഹറോനെ (അല്ലെങ്കിൽ സാദോക്ക്) പ്രതിഷ്ഠിക്കുന്നു. മെൽക്കിസെദെക്കിനു മാനുഷികമായ പിതൃത്വമില്ല.

2 ഹെനോക്ക് പലസ്തീനിയയിലോ അതിനടുത്തോ വച്ച് നേരത്തെ രചിക്കപ്പെട്ടതാകാമെന്നു കരുതാമെങ്കിലും, ഇതിൽ ഏറ്റവും ഏറെ പ്രാധാന്യം തോറായുടെ വ്യാഖ്യാനരീതിയാണ്. ഉത്പത്തിയിലെ ചില വിവരണങ്ങൾ പ്രത്യേകിച്ചും കാണുമ്പോൾ തിരുലി

ഖിതങ്ങളും ശാസ്ത്രവും രഞ്ജിപ്പിക്കാനുള്ള ആദ്യകാലത്തെ ശ്രമമായികാണാം.

### ചരിത്രപരമായ പ്രാധാന്യം

എല്ലാവിധത്തിലും 2 ഹെനോക്ക് ഒരു ഗൂഢപ്രശ്നമാണ്. എന്ന്, എവിടെവച്ച് രചിച്ചുവെന്നറിയാത്തതുമൂലം ഈ രചനയുടെ ചരിത്രപരമായ ലക്ഷ്യം വിവേചിക്കാനും കഴിയുന്നില്ല. ഇപ്പോഴത്തെ എഴുത്തുകാരൻ ഇത് നേരത്തെയാണോ വൈകിയാണോ രചിച്ചതെന്ന് പറയുന്നില്ല. മാത്രമല്ല, ക്രിസ്തീയ രചനയാണോ യഹൂദരചനയാണോ എന്നും പറയുന്നില്ല. ഈ രചന ഉപയോഗിച്ചിരുന്നവർ മതം മാറിയ വിജാതീയരാകാം. വളരെ പുരാതനമായ ഒരു ഏകദൈവസങ്കല്പത്തിലായിരുന്നു ഇവരുടെ വിശ്വാസം.

സ്രഷ്ടാവാണ് ദൈവമെന്ന് അവർ വിശ്വസിച്ചു. അല്ലാതെ മോശയുടെയും അബ്രാഹത്തിന്റെയും ദൈവമായി അവർ അവിടുത്തെ കണ്ടതുമില്ല.

### ദൈവശാസ്ത്രപരമായ പ്രാധാന്യം

ചില വാക്യങ്ങളിൽ ഹെനോക്കിന്റെ ഗ്രന്ഥത്തെ വിശുദ്ധ ലിഖിതങ്ങളായി കണ്ടിരുന്ന ഒരു സമൂഹമുണ്ടായിരുന്നുവെന്നത് നമുക്ക് സൂക്ഷ്മമായി കാണാനാവുന്നില്ല. അങ്ങനെയുണ്ടാകാമെന്നു കരുതാനേ കഴിയൂ. ഈ ഗ്രന്ഥം ഒരു യാത്രയുടെയും മടക്കത്തിന്റെയും കഥയാണ്. എന്നാൽ ആശയപരമായി ഈ രചനയ്ക്കടിയിലൂടെ ഒരു ഇഴകോർക്കൽ കാണാനാവില്ല. ഇവിടെ ഏകദൈവസങ്കല്പം പരിപൂർണ്ണമാണ്. പക്ഷേ ദൈവം അപ്രാപ്യനാണിവിടെ. മനുഷ്യകുലത്തിൽപ്പെട്ട ഓരോരുത്തരുടേയും കരുണാമയനായ ഒരു പിതാവാണെന്ന ക്രിസ്തീയ, യഹൂദ വിശ്വാസം ദൈവത്തെക്കുറിച്ച് ഇവിടെ കാണാനാവില്ല. ദൈവത്തെ ആദരവ് ജനിപ്പിക്കുന്ന, ഭയാവഹമായ രീതിയിൽ അവതരിപ്പിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്. ഇരുമ്പുദണ്ഡിൽനിന്ന് പൊഴിയുന്ന മിന്നലൊളിപോലെയെന്നത് 22: 1 ൽ കാണാം. വീണ്ടും ഇത് 39:3-ൽ കാണുന്നുണ്ട്. സൃഷ്ടിവിവരണവും പ്രത്യേക വിധത്തിലാണ്. തത്വജ്ഞാനപരമായ പശ്ചാത്തലം ഇവിടെയില്ല. വിവിധ സ്വർഗങ്ങളിലായി ബഹുമുഖ ചുമതലകളുള്ള മാലാഖമാരെ ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. പ്രപഞ്ചം ചലിക്കുന്നത് ദൈവത്തിന്റെ മാത്രം ശക്തികൊണ്ടാണെന്ന് ഇവിടെ വിവരിക്കുന്നുണ്ട്. പിന്നീട് മനുഷ്യന് പ്രാധാന്യം ക്രമേണ ലഭിക്കുന്നുണ്ട്. അവന്റെ ശാരീരികവും മന:ശാസ്ത്രപരവുമായ വിശകലനാത്മകമായ നിരീക്ഷണങ്ങളും ഇവിടെയുണ്ട്.

ധർമ്മവിചാരങ്ങൾ പൊതുവായി മനുഷ്യത്വമുള്ളതാണ്. ധാർമ്മികമായ ആഹ്വാനങ്ങൾക്കായി പരമ്പരാഗതമായ സ്വർഗീയ സുഖം മാധ്യമമായി വിവരിച്ചിരിക്കുന്നു. മൃഗങ്ങളോടുള്ള പെരുമാറ്റങ്ങളിൽപോലും ക്രിസ്തീയ, യഹൂദ ബോധനങ്ങളുമായി ആശയപ്പൊരുത്തമുണ്ട്. മനുഷ്യൻ ദൈവത്തിന്റെ മുഖച്ഛായയാണ്. ദൈവത്തിന്റെ ദൃശ്യമായ മുഖമാണ്. ഒരു മനുഷ്യനോടു അനാദരവ് കാണിക്കുമ്പോൾ ദൈവത്തെതന്നെയാണ് അനാദരിക്കുന്നത്. ഇതുകൊണ്ടുതന്നെ 2 ഹെനോക്കിനെ അപ്രമാണിക ഗ്രന്ഥങ്ങളിൽ ഉൾപ്പെടുത്തിയതിനെ ന്യായീകരിക്കാനാകും.

## 3 ഹെനോക്ക്

### (ഹീബ്രു വെളിപാട്)

(ഏ. ഡി. അഞ്ച് - ആറ് നൂറ്റാണ്ടുകൾ)

ഇഷ്മായേലിന്റെ സ്വർഗീയ യാത്രാവിവരണവും, ദൈവത്തിന്റെ സിംഹാസനവും രഥവുമെല്ലാം കണ്ടതിനെക്കുറിച്ചും മുഖ്യദൂതനായ മെറ്റാട്രോണിൽ നിന്നു ലഭിച്ച വെളിപാടുകളും ഉന്നതങ്ങളിലെ ലോകത്തിലെ കാഴ്ചകളുമാണ് 3 ഹെനോക്കിലുള്ളത്. നാല് പ്രധാന ഭാഗങ്ങളിലായിട്ടാണ് ഇതിന്റെ രചന.

I. ഒന്നും രണ്ടും അധ്യായങ്ങളിൽ ഇഷ്മായേലിന്റെ ആരോഹണമാണ് വിവരിക്കുന്നത്. ആറ് സ്വർഗീയ കൊട്ടാരങ്ങളും ഓരോന്നായി ഇഷ്മായേൽ കടന്നുപോയി. എന്നാൽ ഏറ്റവും ഉള്ളിലായുള്ള ഏഴാമത്തെ കൊട്ടാരവാതിൽക്കലുള്ള കാവൽ മാലാഖമാർ ഇഷ്മായേലിനെ തടഞ്ഞുനിർത്തുന്നു. അവൻ സഹായത്തിനായി ദൈവത്തോടു പ്രാർത്ഥിച്ചു. ദൈവം മുഖ്യദൂതനായ മെറ്റാട്രോണിനെ അയയ്ക്കുന്നു. മുഖ്യദൂതൻ ഇഷ്മായേലിനെ ഏഴാമത്തെ കൊട്ടാരത്തിൽ പ്രവേശിപ്പിക്കുന്നു, ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ ഇഷ്മായേൽ ഹാജരാക്കപ്പെടുന്നു. ദൈവം മഹത്വത്തോടെ ഇഷ്മായേലിനെ സ്വാഗതം ചെയ്യുന്നു. ദൈവത്തിന്റെ സിംഹാസനത്തിനു മുമ്പിൽ, ദൈവത്തെ വാഴ്ത്തിപ്പാടുന്ന മാലാഖമാരോടൊപ്പം ഇഷ്മായേലും ദൈവസ്തുതികൾ പാടുന്നു.

II. അധ്യായം 3 മുതൽ 16 വരെ ഹെനോക്കിന്റെ പദവി ഉയർത്തൽ ആണ് കാണുക. മെറ്റാട്രോൺ ഇഷ്മായേലിനോടു അവൻ യാരെദിന്റെ പുത്രനായ ഹെനോക്ക്തന്നെയാണെന്ന് അറിയി

ക്കുന്നു (ഉത്പ. 5: 18 24 ൽ സൂചിപ്പിച്ചിട്ടുള്ളതു പോലെതന്നെ) ഹെനോക്കിനെ ഉടലോടെ സ്വർഗത്തിലേക്കു കൊണ്ടുപോയതും മാലാഖമാരുടെയെല്ലാം ഉപമേധാവിയായി നിയമിച്ചതും ഇഷ്മായേലിനെ മുഖ്യദൂതൻ അറിയിക്കുന്നു. ഹെനോക്കിനെ എല്ലാ മാലാഖമാരെയുംകാൾ ഉപരിയായി ഉയർത്തിയതിനെക്കുറിച്ചും എന്തുകൊണ്ടാണ് അവനെ സ്വർഗത്തിലേക്ക് സംവഹിച്ചതെന്നും എപ്പോഴാണ് അത് സംഭവിച്ചതെന്നും മെറ്റാട്രോൺ വിശദമായി ഇഷ്മായേലിനോടു പറയുന്നു. ഒരു മനുഷ്യനെ മാലാഖയായി മനസ്സിലും ശരീരത്തിലും രൂപാന്തരീകരിക്കുന്ന നടപടികളെക്കുറിച്ചും ഇവിടെ വിശദീകരണമുണ്ട്. അവന്റെ അധികാര ചിഹ്നങ്ങളെക്കുറിച്ചും സ്വർഗത്തിൽ അവൻ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളും മുഖ്യദൂതൻ പറയുന്നുണ്ട്.

III. അധ്യായം 17 മുതൽ 40 വരെ സ്വർഗമെന്ന ഭവനത്തെക്കുറിച്ചാണ് വിവരണം. സ്വർഗീയലോകത്തിലെ ഘടനയും പ്രവർത്തനങ്ങളും മുഖ്യദൂതൻ വിവരിക്കുന്നു. മാലാഖമാരുടെ ഹയരാർക്കിക്കൽ സംവിധാനവും, മാലാഖമാരുടെ ലിറ്റർജിയും ഇവിടെ വിശദീകരിക്കപ്പെടുന്നു.

IV. അധ്യായം 41 മുതൽ 48 വരെ സ്വർഗീയദൃശ്യങ്ങളുടെ വിവരണമാണ്. മെറ്റാട്രോൺ ഇഷ്മായേലിനെ സ്വർഗീയ അത്ഭുതങ്ങൾ കാണിച്ചുകൊടുക്കുന്നു. ഇവിടെ മൂന്നു വിഷയങ്ങൾ പ്രതിപാദിക്കുന്നുണ്ട്. (എ) ഇഷ്മായേൽ കോസ്മിക് വിജ്ഞാനം ദർശിക്കുന്നു. ഇതുകൊണ്ടാണ് പ്രപഞ്ചം സൃഷ്ടിക്കപ്പെട്ടത്. കോസ്മിക് ആയിട്ടുള്ള എതിർപദാർത്ഥങ്ങൾ അഥവാ സാന്നിദ്ധ്യങ്ങൾ വേറേയും കാണുന്നുണ്ട് (അഗ്നിക്ക് എതിരേ ജലം എന്നതുപോലെയുള്ള പദാർത്ഥ വൈരുദ്ധ്യങ്ങളാണിവ). ദൈവികനാമങ്ങളാണ് ഇവയുടെ സന്തുലിതാവസ്ഥ പരിരക്ഷിക്കുന്നത്. (ബി) യുഗാന്ത്യപരമായ കാര്യങ്ങൾ. ദൈവത്തിന്റെ മുഖത്തിനു മുമ്പിലുള്ള തിരശ്ശീല ഇഷ്മായേൽ കാണുന്നു. ആദം മുതൽ മിശിഹായുടെ ആഗമനംവരെയുള്ള മനുഷ്യകുലത്തിന്റെ ചരിത്രമത്രയും ഈ തിരശ്ശീല പ്രതിനിധീകരിക്കുന്നു. ദൈവത്തിന്റെ സിംഹാസനത്തിനു പിന്നിലായി ഇസ്രായേലിനെ മോചിപ്പിക്കാനുള്ള ദൈവത്തിന്റെ വലതുകരം ഇഷ്മായേൽ കാണുന്നു. (സി) മന:ശാസ്ത്രം: നിരവധി ആത്മാക്കളെ ഇഷ്മായേലിനു കാണാൻ കഴിയുന്നു. നീതിമാന്മാരുടെ ആത്മാക്കൾക്കു ദൈവത്തിന്റെ സാമീപ്യമുണ്ട്. ദുഷ്ടരുടെ ആത്മാക്കൾ നരകത്തിന് ഇടയ്ക്കുള്ള ഇടങ്ങളിലാണ്. സഭാപിതാക്കന്മാരുടെ ആത്മാക്കൾ ഇസ്രായേലിനുവേണ്ടി മാദ്ധ്യസ്ഥ്യം യാചിക്കുന്നു. ദൈവത്തെ വാഴ്ത്തു

ന്നതിൽ പിഴവ് പറ്റിയ നക്ഷത്രങ്ങളുടെയും മാലാഖമാരുടെയും ആത്മാക്കൾക്ക് ദൈവത്തിന്റെ സാന്നിദ്ധ്യം അനുഭവിക്കാനാവുന്നില്ല. അവർ ഭീതിദമായ കൂറ്റൻ മതിലുകൾക്കുള്ളിലാണ്.

എയും ബിയും ഉൾപ്പെട്ട കൈയെഴുത്തു പ്രതിയിലെ ഉള്ളടക്കമാണ് 3 ഹെനോക്കിന്റെ സംഗ്രഹം. ഈ രണ്ട് കൈയെഴുത്തു പ്രതികളും എഡിറ്റ് ചെയ്യപ്പെട്ടതായി തെളിവുകളുണ്ട്. 23-24 അധ്യായങ്ങളും 48 ബിസിഡിയും ഒഴിവാക്കിയാൽ ഈ രചന അനുരൂപമായതും പ്രമേയപരമായി ക്രമീകരിച്ചതുമാണ്. കൂടുതൽ ശ്രദ്ധയോടെ വീക്ഷിക്കുമ്പോൾ, 3 ഹെനോക്കിൽ വിവിധ പാരമ്പര്യങ്ങളുടെ സംയോജനം കാണാം. ഇതാകട്ടെ ഈ രചനകളിലേക്കു കൂട്ടിച്ചേർക്കപ്പെടുന്നതിനുമുമ്പ് സ്വയാസ്തിത്വമുള്ളവയായിരുന്നു. എന്നാൽ ഇവിടെ ചില ആവർത്തനങ്ങളും പരസ്പര വൈരുദ്ധ്യങ്ങളുമെല്ലാം ദൃശ്യമാണ്. 3 ഹെനോക്കിലെ എയും ബിയുമായ കൈയെഴുത്തു പ്രതികളിലാണ് ഏറ്റവും വലിയ പാഠാന്തര പരിശോധനയുള്ളത്. അധ്യായം 3 മുതൽ 15 വരെയുള്ള ഹെനോക്കിനെ പ്രശംസിക്കുന്ന ഭാഗങ്ങളായിരിക്കാം ഇവയിൽ ഏറ്റവും പഴക്കമുള്ളവ.

**മൗലികമായ ഭാഷ**

3 ഹെനോക്ക് രചിച്ചിട്ടുള്ളത് ഹീബ്രുവിലാണ്. എന്നാൽ ഇതിന്റെ യഥാർത്ഥഭാഷ സംബന്ധിച്ച് അന്വേഷണമൊന്നും നടന്നിട്ടില്ല. ഓഡ്ബർഗിന്റെ ഇൻഡക്സ് ടു ഹീബ്രു ടെക്സ്റ്റിൽ (3 ഹെനോ. Pt. 4; PP 3 --18. ESP. 14 18) ഒരു വിശകലനമുണ്ട്. മറ്റൊരു ഭാഷയിൽ നിന്ന്. പ്രത്യേകിച്ച് അരമായിക്കിൽനിന്നോ മറ്റോ ഈ കൃതി പരിഭാഷപ്പെടുത്തിയതാണെന്നു പറയാനാവില്ല. ഇതിൽ ചില മെർക്കബാഹ് പാരമ്പര്യങ്ങൾ എഴുതിവച്ചിട്ടുണ്ട്.

മെർക്കബാഹ് സാഹിത്യത്തിൽ നിന്നും ഏറെ ഭിന്നമാണ് 3 ഹെനോക്കിലെ രചനാശൈലി. ആവശ്യത്തിലേറെ ഉപരിപ്ലവത ഇവിടെയുണ്ട്. ഒരു വാചകത്തിൽ പര്യായപദങ്ങളുടെ ബഹളമാണ് (1:12). വൈകാരികമായ പദങ്ങളുടെ ആവർത്തനങ്ങളും ഏറെയാണ് (19 : 1). താളനിബദ്ധമായ ഒരു ഗദ്യമാണിവിടെയുള്ളത് (22 ബി: 8). ഈ സവിശേഷതകൾ മെർക്കബാഹ് കീർത്തനങ്ങളിൽ കാണാൻ കഴിയും. ജി.ജി. സ്ക്കോളെം ഈ രചനകളിൽ ബഹുഭാര്യത്വം ഉണ്ടെന്നാണ് കൃത്യമായി പറയുന്നത്. അവ മെർക്ക്ബാഹ് മിസ്റ്റിസിസത്തിന്റെ ഹൃദയഭാഗത്ത് കുടികൊള്ളുന്നു. ഉപരിപ്ലവശൈലി മെർക്ക്ബാഹ് കീർത്തനങ്ങളുടെ സവിശേഷതയാണെന്നു നേരത്തെ പറഞ്ഞിരുന്നുവല്ലൊ.

**കാലഘട്ടം**

3 ഹെനോക്ക് - മറ്റേതൊരു മെർക്കബാഹ് രചനകളുമെന്നതു പോലെ - റബ്ബി ഇഷ്മായേലിന്റെ പേരിലാണ് അറിയപ്പെടുന്നത്. പ്രസിദ്ധനായ പലസ്തീനിയൻ പണ്ഡിതനാണ് ഇഷ്മായേൽ. ബർ കോബ്ബ യുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനുമുമ്പേ ഏ. ഡി. 132 -ൽ ഇ ഷ്മായേൽ മരണമടഞ്ഞു. അതുകൊണ്ടാവാം 3 ഹെനോക്കിലെ ചില പാരമ്പര്യങ്ങൾ ഇഷ്മായേൽ കാലത്തിലേതാണ്(ചിലത് അ തിനുമുമ്പും) ഇത് മുഖവിലയ്ക്കെടുക്കാൻ ബുദ്ധിമുട്ടുണ്ട്. ഇതൊരു അപ്രമാണിക ഗ്രന്ഥരചനയാണ്. 3 ഹെനോക്ക് പ്രസിദ്ധപ്പെടുത്താൻ തയ്യാറാക്കിയ ആളോ ഗ്രന്ഥകാരനോ ഇത് ഇഷ്മായേലിന്റെ പേരി ലാക്കിയതായിരിക്കാം. 3 ഹെനോക്കിന്റെ യഥാർത്ഥ രചനാകാലഘ ട്ടത്തെപ്പറ്റി പണ്ഡിതന്മാർ അന്വേഷിക്കുമ്പോൾ ലഭിക്കുന്ന ഉത്തര ങ്ങൾ വ്യത്യസ്തമാണ്.

പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാംനൂറ്റാണ്ടിന്റെ ആദ്യവർ ഷങ്ങളിലും 3 ഹെനോക്ക് ഏറെ അറിയപ്പെട്ടിരുന്നില്ല. ഇത്തരം ര ചനകൾ തോറയും യഹൂദ നിയമങ്ങളും പഠിപ്പിക്കാൻ ഏറെ ശ്രദ്ധ ചെലുത്തിയിരുന്ന ഗാവോനിക് കാലഘട്ടത്തിലേതാണെന്നു പറ യാനായിരുന്നു ഏവരും ശ്രമിച്ചിരുന്നത് (ഏ.ഡി. ഏഴ്, പതിനൊന്ന് നൂറ്റാണ്ടുകൾ). എൽ. സുൻസിന്റെ ഒരു ഗ്രന്ഥത്തിലും ഇതേ അഭി പ്രായം ഉന്നയിക്കപ്പെട്ടിരുന്നു. എന്തായാലും എച്ച്. ഗ്രേറ്റ്സാണ് ഇ തേ വാദം നേരത്തേതന്നെ സ്ഥാപിക്കാൻ പരിശ്രമിച്ചത്. ഈ യഹൂ ദ മിസ്റ്റിക് സാഹിത്യം താൽമുദിനു മുമ്പുള്ളതാണെന്നു ഗ്രേറ്റ്സ് വാദിച്ചു. ഇതിന് അദ്ദേഹം കാരണമായി പറഞ്ഞത് താൽമുദിലെ ആശയങ്ങളൊന്നും ഈ രചനയിൽ കാണുന്നില്ലെന്നായിരുന്നു. അ ന്ന് പ്രചാരത്തിലുണ്ടായിരുന്ന ഇസ്ലാം ആശയങ്ങളുടെ സ്വാധീന ത്തിൽ ഒമ്പതാം നൂറ്റാണ്ടിലാണ് യഹൂദ മിസ്റ്റിക്കൽ രചനകൾ പിറ വി കൊണ്ടതെന്ന് അദ്ദേഹം വാദിച്ചു. ഖുറാനിലെ നീതിമാനായ ഇ ദ്രിസാണ് ഹെനോക്ക് എന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഗ്രേറ്റ്സി ന്റെ വാദത്തെ നമുക്ക് പ്രതിരോധിക്കാനാവില്ല. ഹെനോക്കിലെ ആ ശയങ്ങൾ മക്കബായർ കാലഘട്ടത്തിലെ പലസ്തീനിയൻ വെളി പാടുകളിൽ വേരൂന്നിയതാണ്.

എച്ച്. ഓഡ്ബർഗ് 3 ഹെനോക്കിനെ സംബന്ധിച്ച് ഗ്രേറ്റ്സിന്റെ വാദഗതികളിൽനിന്നു ഭിന്നമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. 3 ഹെനോക്കിലെ നേരത്തേയുണ്ടായിരുന്ന അടിസ്ഥാനതലം (9:2 13:2 മെറ്റാട്രോൺ ആദിമൂലമായ ഒരു ജീവിയാണെന്നു പറയുന്നത്) ഏ. ഡി. ഒന്നാം നൂറ്റാണ്ടിനു മുമ്പുള്ളതാണെന്നു ഇദ്ദേഹം വാദി

ക്കുന്നു. (Pt.1; P. 188) ഈ രചനയുടെ മുഖ്യമായ ഭാഗം, 3-48 എ എ ന്തായാലും പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിയത് ഏ. ഡി. മൂന്നാം നൂറ്റാണ്ടിന്റെ അവസാനത്തെ പകുതിയിലായിരിക്കാം. ശേഷിച്ചഭാഗം (അധ്യായം 1-2, 15ബി, 22 ബി. സി., 48 ബി.സി.) ഇസ്ലാമിക് കാലഘട്ടത്തിനു മുമ്പുമാവാം (Pt. 1; P P. 41 f).

ഓഡ്ബർഗിന്റെ പ്രധാനപ്പെട്ട വാദങ്ങൾ ഇവയാണ്. (1) 3 ഹെനോക്ക് ഹഗിഗാഹിന്റെ 11ബി-16 എ യുമായി താരതമ്യപ്പെടുത്തുമ്പോൾ ആ രചനയ്ക്കു ശേഷമായിട്ടാണ് 3 ഹെനോക്ക് രചിച്ചതെന്നു കാണാം. (Pt.1; P. 32). (2) 3 ഹെനോക്ക് ബാബിലോണിയൻ താൽമുദിന്റെ ഹക്ഷാദിക് ആധികാരിക

പ്രഖ്യാപനവുമായി നേർബന്ധം കാണിക്കുന്നുണ്ട്. ഈ പ്രഖ്യാപനം തന്നായിക് അധ്യാപകരും നേരത്തേയുള്ള അമോര്യരും നൽകിയതാണ്. (Pt. 1 ; P 37) (3) റോമിലെ രാജകുമാരനെക്കുറിച്ചും (26:12) പരാമർശമുള്ളതുകൊണ്ട് രചനാകാലഘട്ടം ഇസ്ലാം കാലഘട്ടത്തിനുമുമ്പാണെന്നു സിദ്ധിക്കുന്നു. കാരണം ആ കാലഘട്ടം റോമും പേർഷ്യയും വേർപിരിഞ്ഞ നിലയിലായിരുന്നുവെന്നാണല്ലോ സൂചിപ്പിക്കുന്നത് (Pt.1 ; P. 37). (4) 3 ഹെനോക്കിൽ ചില രാജ്യങ്ങളോടുള്ള കോപത്തോടുകൂടിയ സമീപനം കാണിക്കുന്നതും ചരിത്രപരമായി യോജിച്ചു പോകുന്നില്ല ( Pt. 1; P P 37 f). (5) 3 ഹെനോക്കിലെ സ്തുതികീർത്തനങ്ങളുടെ സ്വഭാവവും ബാബിലോണിയൻ താൽമുദിലെ ഗെമാറയിലെ അംഗീകൃത സ്വഭാവത്തിലുള്ളതല്ല (Pt. 1; P.38). (6) ജോസഫിന്റെ പുത്രനായ മിശിഹാ (45:5) എന്ന പരാമർശമാകട്ടെ ഈ ശാഖാഹാഡ്രിയാനു ശേഷമുള്ളതാണെന്നു സൂചിപ്പിക്കുന്നുണ്ട് (Pt. 1; P. 38).

ആത്മാക്കളുടെ നേരത്തെയുള്ള അസ്തിത്വം (അധ്യായം 43) ഏ. ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആരംഭത്തിലാണ് ഈ രചനയെന്നു സൂചിപ്പിക്കുന്നു. ഇതാകട്ടെ ബിയർ ബെക്കിന്റെ വാദമായ റബ്ബിനിക് ജൂഡായിസത്തിലേക്ക് ഈ ആശയം ആദ്യം കടന്നുവന്നുവെന്നത് ശരിവയ്ക്കുന്നു ( Pt.1, P P 38, 180). (8) 3 ഹെനോക്കും മെർക്ക്ബാഹ് രചനകളും തമ്മിലുള്ള ബന്ധം ഓഡ്ബർഗ് മനസ്സിലാക്കിയത് അദ്ദേഹത്തിന്റെ കാലഗണനയെ സ്വാധീനിച്ചിരിക്കാം. ഏറെ പുരാതനമായ ഹെകലോട്ട് റബ്ബാറ്റിയുടേതിനേക്കാൾ പഴക്കം 3 ഹെനോക്കിനുണ്ടെന്ന് അദ്ദേഹം വാദിക്കുന്നു (Pt. 2, PP 54,159). ഈ രചന പത്തൊമ്പതാം നൂറ്റാണ്ടിലേതാണെന്നു പറയുമ്പോഴും 3 ഹെനോക്കിന്റെ രചനാകാലഘട്ടം താൽമുദിന്റെ കാലത്താണെന്നു അദ്ദേഹം വാദിക്കുന്നുമുണ്ട്.

ഈ വാദങ്ങളൊന്നും തുല്യമായ രീതിയിൽ കാണാനാവില്ല. നാലാമത്തേതിനു ഒട്ടും വിലയില്ല. മൂന്നാമത്തേത് ദുർബലമാണ്. അഞ്ചാമത്തേത് രസകരമാണ്. 3 ഹെനോക്കിലെ സ്തുതികീർത്തനം സിനഗോഗ് ആരാധനാക്രമത്തിൽ ഉപയോഗിച്ചിരുന്നതിനേക്കാൾ ലളിതമാണ്. എന്നാൽ ഇതിൽനിന്നു മാത്രം 3 ഹെനോക്കിലെ സ്തുതി കീർത്തനങ്ങൾ സിനഗോഗ് സ്തുതി കീർത്തനങ്ങൾക്കു മുമ്പ് രചിച്ചതാണെന്നു ഊഹിക്കുന്നതിലും നമുക്ക് സന്ദേഹമുണ്ടാകാം. രണ്ടാമത്തെ വാദത്തിൽ കഴമ്പുണ്ടെങ്കിലും ഓഡ്ബെർഗ് തെളിവൊന്നും നിരത്തുന്നില്ല. കാരണം റബ്ബിനിക് ഹീബ്രു സംബന്ധിച്ച നമ്മുടെ അറിവ് ഇക്കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ നമ്മെ സഹായിക്കുന്നില്ല. ആറാമത്തേയും ഏഴാമത്തേയും വാദങ്ങൾ തീർത്തും ശരിയാണ്. ഇതിൽനിന്ന് 3 ഹെനോക്ക് അന്തിമമായി പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിയ കാലഘട്ടം നിർണ്ണയിക്കാനാകും. ഏറ്റവും നിർണ്ണായകമായ ഒന്നാമത്തെയും ഏട്ടാമത്തെയും വാദങ്ങളനുസരിച്ച് ഓഡ്ബർഗിനു വിലയിരുത്തലിൽ അടിസ്ഥാനപരമായിത്തന്നെ തെറ്റ് പറ്റിയിട്ടുണ്ട്. സ്ക്കോളെം പറയുന്നത് 3 ഹെനോക്ക് മെർക്ക്ബാഹ് ടെക്സ്റ്റുകളിൽ ഒന്നാണെന്നാണ്. ഓഡ്ബർഗ് പറയുന്നത് 3 ഹെനോക്കിനു മെർക്ക്ബാഹിലെ താൽമുദിനേക്കാൾ പഴക്കമുണ്ടെന്നാണ്. പക്ഷെ സാന്ദർഭികമായി താൽമുദിലുള്ള ചില ഭാഗങ്ങൾ 3 ഹെനോക്കിൽ കാണുന്നതിനെപ്പറ്റി അദ്ദേഹം വിശദീകരണം നൽകുന്നില്ല. ചിലപ്പോൾ ഈ രചനയുടെ അവസാന എഡിറ്റിംഗ് നടന്നത് താൽമുദിനുശേഷമായിരിക്കാം.

സ്ക്കോളെം പറയുന്നത് 3 ഹെനോക്ക് രചിച്ചത് ഏ.ഡി. അഞ്ച്, ആറ് നൂറ്റാണ്ടുകളിലാണെന്നാണ്. എങ്കിലും ഇതിലെ വിവരങ്ങൾ പഴയതും പ്രധാനപ്പെട്ടതുമാണെന്ന് പറയുന്നുണ്ട് (ഗ്നോസ്റ്റിസിസം P.17; n. 19). അദ്ദേഹം തന്റെ വാദങ്ങൾ ക്രമമായല്ല അവതരിപ്പിച്ചിട്ടുള്ളത്. മെർക്കബാഹ് സാഹിത്യത്തെ അവലോകനം ചെയ്ത അദ്ദേഹം മെർക്കബാഹ് മിസ്റ്റിസിസം പുന: സംവിധാനം ചെയ്തത് ഏ.ഡി. ഒന്നു മുതൽ 10 വരെയുള്ള നൂറ്റാണ്ടുകളിലാണെന്നു പറയുന്നു. ഈ നിഗമനത്തിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം 3 ഹെനോക്കിന്റെ രചനാകാലഘട്ടം നിർണ്ണയിക്കുന്നത്. 3 ഹെനോക്ക് ഏറെ സങ്കീർണ്ണമാണെന്നും മെർക്കബാഹ് ടെക്സ്റ്റ് മെർക്കബാഹ് മിസ്റ്റിസിസത്തിന്റെ ചരിത്രത്തിൽ ഏറെ നേരത്തെയാണെന്നും പറയുന്നു (ഇതാകട്ടെ ഹെകലോട്ട് സുതാർത്തിയുടേയും ഹെകലോട്ട് റബ്ബാറ്റിക്കുംശേഷമാണ്) മാത്രമല്ല, 3 ഹെനോക്ക് പുനരാഖ്യാനം ചെയ്തുവെന്നതിനുള്ള തെളിവുകളും അദ്ദേഹം നിരത്തുന്നുണ്ട്. മെറ്റാട്രോണിന്റെ പദവി, ദൈവത്തിന്റെ രഹസ്യനാമമാ

യ അസ്ബോഗാഹ് ഗ്നോസ്റ്റിക് ആശയങ്ങളുമായി ബന്ധപ്പെട്ടാണ് ഇവിടെ കാണാനാവുക. 3 ഹെനോക്കിൽ 18: 22-ൽ അസ്ബോഗാഹ് ഒരു മാലാഖയുടെ പേരുമാത്രമാണ്.

3 ഹെനോക്കിന്റെ കാലഗണന കുറേക്കൂടി നേരത്തേയാക്കുന്നുണ്ട് ജെ.ടി. മിലിക്. എ.ഡി. ഒമ്പത്, പത്ത് നൂറ്റാണ്ടുകൾക്കു മുമ്പായിട്ടല്ല ഈ രചന നടന്നതെന്നു അദ്ദേഹം പറയുന്നു (PP. 126 f). അദ്ദേഹത്തിന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു. (1) 3 ഹെനോക്ക് 2ഹെനോക്കിന്റെ ഗ്രീക്ക് മൂലകൃതിയോട് അടുത്തെത്തുന്നു. അങ്ങനെയെങ്കിൽ രചനാ കാലഘട്ടം ഏ.ഡി. ഒമ്പത്, പത്ത് നൂറ്റാണ്ടുകളാവാം. (2) മന്ത്രോച്ചാരണത്തിനായുള്ള ,പാത്രങ്ങൾ ഏ.ഡി. 7,8 അതല്ലെങ്കിൽ ഒമ്പതു നൂറ്റാണ്ടുകളിലേതാണ്. മെറ്റാട്രോൺ അതുവരെ ഹെനോക്കിനെ തിരിച്ചറിഞ്ഞിരുന്നില്ല (P. 128). ഹെനോക്ക് വെറുമൊരു പച്ചയായ മനുഷ്യൻ മാത്രമായിരുന്നു. 3 ഹെനോക്കിൽ പറയുന്നതുപോലെ ഹെനോക്കിനെ മുഖ്യദൂതന്റെ പദവിയിലേക്ക് ഉയർത്തിയിട്ടേയില്ല (P.133). (3) മെറ്റാട്രോൺ എന്ന പേരുപോലും ലത്തീൻ പദമായ മെറ്റാറ്റോറിൽനിന്ന് ഗ്രീക്ക് പദമായ മെറ്റാറ്റോർ വഴി എത്തിയതാണ് (P. 131). പക്ഷേ കടംകൊണ്ട ഈ പദം ഏ.ഡി 5,6 നൂറ്റാണ്ടുകൾക്കു മുമ്പായി ഹീബ്രുവിലോ ജൂദെയോ അരമായിക്കിലോ എത്തിയിട്ടില്ല. ഈ കാലത്താണ് ഇത്തരം പദങ്ങൾ കൂട്ടത്തോടെ ഭരണ, സൈനിക തലങ്ങളിലായി ഉപയോഗിച്ചു തുടങ്ങിയത് (PP.133f). (4) എട്ട്, പത്ത് നൂറ്റാണ്ടുകളിലെ അറബിക്, ഹെർമെറ്റിക് പാരമ്പര്യങ്ങൾ 3 ഹെനോക്കിനെ സ്വാധീനിച്ചിട്ടുണ്ട്. മന്ത്രോച്ചാരണത്തിനുള്ള തളികകൾ ഹെർമസിലും മെറ്റാട്രോണിനുമുണ്ട്. 3 ഹെനോക്കിന്റെ ഗ്രന്ഥകാരൻ ഈ പാരമ്പര്യങ്ങളെ സ്വീകരിച്ചുകൊണ്ട് ഊഹിക്കുന്നത് ഹെനോക്ക്തന്നെയാണ് മെറ്റാട്രോൺ എന്നാണ് (P.134) (5) ഏ.ഡി. പന്ത്രണ്ടാം നൂറ്റാണ്ട്വരെ കബ്ബാളിസ്റ്റിക് തിയറികൾ, മെറ്റാട്രോണും ഹെനോക്കും ദൈവത്തിന്റെ സേനാധിപന്മാരാണെന്നത് അടക്കമുള്ളവ പടിഞ്ഞാറൻ യൂറോപ്പിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ല (P. 134).

അടുത്തുനിന്നു ശ്രദ്ധിച്ചാൽ മിലികിന്റെ വാദങ്ങൾ നിലനിൽക്കില്ല. 2 ഹെനോക്കിനും 3 ഹെനോക്കിനും തമ്മിൽ പ്രത്യേകമായ ബന്ധമുണ്ടെന്ന വാദം വസ്തുതാപരമായി നിലനിൽക്കുന്നില്ല. രണ്ടാമത്തെ വാദം മന്ത്രോച്ചാരണത്തിനായുള്ള തളികകൾ സംബന്ധിച്ചുള്ളതാണ്. പൊതുവായി ഇതും ചോദ്യം ചെയ്യപ്പെടാവുന്നതേയുള്ളൂ. ഈ തളികകളുമായി ബന്ധപ്പെട്ട് കാലഗണന കൃത്യമാകണമെന്നില്ല. പുരാവസ്തു ഗവേഷണത്തിൽ ഇത്തരം തളികകൾ

കണ്ടെടുത്തിട്ടുണ്ട്. എ.ഡി. ഏഴാം നൂറ്റാണ്ടാണ് ഇവയ്ക്കായി നിർദ്ദേശിക്കുന്ന കാലഘട്ടം. ഈ തളികകൾ മാത്രം വച്ചുകൊണ്ട് ഹെനോക്കും മെറ്റാട്രോണും ഒന്നാണെന്നു വാദിക്കാനാവില്ല.

മൂന്നാമത്തെ വാദമനുസരിച്ച് മിലിക് അമിതമായ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നത് മാലാഖയ്ക്ക് സദൃശമായ മെറ്റാട്രോൺ എന്ന പേര് ലത്തീൻപദമായ മെറ്റാറ്റോറിൽനിന്ന് രൂപം കൊണ്ടുവെന്നതാണ്. ഈ പദം ജൂദെയോ - അരമായിക്കിലേക്കോ ഹീബ്രുവിലേക്കോ കടന്നുവന്നത് അഞ്ച്, ഏഴ് നൂറ്റാണ്ടുകൾക്കു മധ്യേയാണെന്ന വാദത്തിനും തെളിവുകളുടെ പിന്തുണയില്ല. ഈ പദം യഹൂദ രചനകളിൽ നേരത്തേ കണ്ടിട്ടുണ്ട്.

അറബിക് ഹെർമെറ്റിക് പാരമ്പര്യങ്ങൾ വിശദീകരിക്കാനായി മെറ്റാട്രോണും ഹെനോക്കും തമ്മിൽ സാമ്യമുണ്ടെന്നുള്ള മിലികിന്റെ നാലാമത്തെ വാദം അനാവശ്യമാണ്. മിലിക് പറയുന്നതു ശരിയാണെങ്കിൽതന്നെ അറബിക് ഹെർമിറ്റിസിസം 3 ഹെനോക്കിലോ മെർക്കബാഹ് പാരമ്പര്യങ്ങളിലോ അത്ര പ്രകടമല്ലെന്നു പറയേണ്ടിവരും. മിലികിന്റെ അവസാന വാദം തെറ്റിദ്ധാരണയിൽ ഊന്നിയതാണ്. 3 ഹെനോക്ക് പടിഞ്ഞാറൻ യൂറോപ്പിൽവച്ച് രചിച്ചിരിക്കാമെന്ന് അദ്ദേഹം ഊഹിക്കുന്നു. യഥാർത്ഥത്തിൽ ഈ രചന നടന്നത് പൂർവദേശങ്ങളിൽ - ബാബിലോണിയയിലോ പലസ്തീനിയയിലോ വച്ചായിരിക്കാമെന്നത് തീർച്ചയാണ്. (ഉറവിടം എന്ന ഭാഗം നോക്കുക) 3 ഹെനോക്കിലെ ഭൂരിപക്ഷം ആശയങ്ങളും പ്രകടമാക്കുന്നതും ഇതുതന്നെ. എ.ഡി. പന്ത്രണ്ടാം നൂറ്റാണ്ടിനുമുമ്പ് ഇതേ കേന്ദ്രങ്ങളിൽ ഹെനോക്ക് - മെറ്റാട്രോൺ സിദ്ധാന്തങ്ങൾ അറിയപ്പെട്ടിരുന്നുവത്രേ.

എന്നാൽ 3 ഹെനോക്കിന്റെ രചനാകാലഘട്ടമേതെന്ന് കൃത്യമായി നിർണ്ണയിക്കാൻ കഴിയുന്നില്ല. അതിനുള്ള പ്രധാന കാരണം, സാഹിത്യപരമായുള്ള ഇതിന്റെ ഘടനയാണ്. ഏതെങ്കിലും ഒരു നിശ്ചിത കാലഘട്ടത്തിൽ, ഏതെങ്കിലും ഒരു ഗ്രന്ഥകാരൻ മാത്രമായി രചിച്ചതല്ല ഈ ഗ്രന്ഥം. വിവിധ കാലഘട്ടങ്ങളിലെ സർവ്വകലാശാലാപാരമ്പര്യങ്ങൾ ഇതിൽ ശേഖരിക്കപ്പെട്ടിട്ടുണ്ട്. ചില നാൾവഴികളുടെ ഏകദേശ പരിമിതികൾവച്ച് ചില കാര്യങ്ങൾ സമർത്ഥിക്കാൻ കഴിയും. (1) 3 ഹെനോക്ക് രചിക്കപ്പെട്ടത് എ.ഡി. പത്താം നൂറ്റാണ്ടിനു മുമ്പായിരിക്കാം. ഈ കാലഘട്ടത്തിലെ മെർക്കബാഹ് സാഹിത്യ കൃതികൾക്ക് ഏറെ പൗരാണികത്വവും ആധികാരികതയുമുണ്ട്. ഈ കാലഘട്ടത്തിലെ ചില രചനകളിൽ ഹെനോക്കിന്റെ സ്വർഗീയ സംവഹനത്തെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട് (കിത്താബ്

അൽ അൻവാർ 1.4.2). ഇതാകട്ടെ ദൈർഘ്യമേറിയ 3 ഹെനോക്ക് 3-15 ന്റെ ഹ്രസ്വവിവരണമാണ്. ഇതിനർത്ഥം ബാബിലോണിയൻ താൽമുദിൽനിന്ന് ചില ഭാഗങ്ങൾ 3 ഹെനോക്കിൽ ഉപയോഗിച്ചിട്ടുണ്ടെന്നാണ്. ഇത് അന്തിമമായി പ്രസിദ്ധീകരിക്കാൻ തയ്യാറാക്കി നൽകിയത് ഏ.ഡി. അഞ്ചാം നൂറ്റാണ്ടിലാകാം. (3) നിപ്പൂരിൽ നിന്നു കണ്ടെടുത്ത മന്ത്രോച്ചാരണത്തിനുള്ള തളികകൾ സൂചിപ്പിക്കുന്നത് 3 ഹെനോക്കിലെ മെറ്റാട്രോണിനെ സംബന്ധിച്ച ആശയങ്ങൾ ജാലവിദ്യകാരുടെ ഇടയിൽ ഏ.ഡി. ആറ്, ഏഴ് നൂറ്റാണ്ടുകളിൽ പ്രചാരത്തിലുണ്ടായിരുന്നുവെന്നതാണ്. എല്ലാ കാര്യങ്ങളും പരിഗണിക്കുമ്പോൾ, 3 ഹെനോക്കിൽ ചില പുരാതന പാരമ്പര്യങ്ങൾ ദൃശ്യമാണെങ്കിലും അവയെല്ലാം മക്കബായർ കാലഘട്ടത്തിൽ സമാരംഭിച്ച്, അന്തിമമായി പ്രസിദ്ധീകരിക്കാൻ സജ്ജമാക്കിയത് ഏ.ഡി. അഞ്ച്, ആറ് നൂറ്റാണ്ടുകളിലാണെന്ന വാദം സത്യത്തിൽ നിന്നും ഏറെ ദൂരെയല്ല.

## ഉറവിടം

3 ഹെനോക്ക്, മെർക്കബാഹ് മിസ്റ്റിസിസത്തിന്റെ കേന്ദ്രങ്ങളായ പലസ്തീനിയയിലും ബാബിലോണിയയിലുംവച്ച് രചിച്ചതാവാമെന്നാണു നാം കരുതുന്നത്. പലസ്തീനിയൻ വെളിപാട് പാരമ്പര്യങ്ങൾ വ്യാപകമായി ഹെനോക്കിലുണ്ട്. വ്യത്യസ്തമായ ചില ആശയങ്ങൾ പലസ്തീനിയൻ ഉറവിടങ്ങളിലും സമാന്തരമായി കാണാം. ഉദാ. ഹെനോക്കിന്റെയും മെറ്റാട്രോണിന്റെയും വ്യക്തിത്വങ്ങളെ പലസ്തീനിയൻ തർഗുമിൽ കാണാം (TarJon മുതൽ ഉത്പ. 5:24 വരെ). നാലാം നൂറ്റാണ്ടിലെ ഒരു പലസ്തീനിയൻ കൃതിയിൽ മൂന്നാം സ്വർഗത്തിലെ ഒരു രാജകുമാരന്റെ രഹസ്യനാമം മിറ്റാട്രോൺ എന്നാണ്. ബാബിലോണിയയിൽവച്ച് രചിക്കപ്പെട്ട ചില കൃതികളിൽ 3 ഹെനോക്കിനു സദൃശമായ ഭാഗങ്ങൾ കാണാം. ബാബിലോണിയയിൽനിന്നുള്ള മന്ത്രോച്ചാരണത്തിനുള്ള തളികകളിൽ നിരവധി തവണ മെറ്റാട്രോൺ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതായി കാണാം. മഹാനായ രാജകുമാരൻ, ദൈവസിംഹാസനത്തിലെ മഹാനായ രാജകുമാരൻ എന്നിങ്ങനെയുള്ള വിശേഷണങ്ങളുമുണ്ട്. ഒരു മാൻഡേയൻ തളികയിൽ മെറ്റാട്രോൺ തിരശ്ശീലയ്ക്കു പിന്നിൽ ശുശ്രൂഷിക്കുന്നു എന്ന് എഴുതിയിരിക്കുന്നു. ബാബിലോണിയൻ താൽമുദിലാകട്ടെ, മെറ്റാട്രോണിനു ഉയർന്ന പരിഗണന നൽകുന്ന മൂന്ന് പരാമർശങ്ങളുണ്ട് (b. Sanh. 38b,b.Hag 15a, b. AZ 3b). ഏറ്റവും ഒടുവിൽ നമുക്ക് എത്തിപ്പെടാവുന്ന നിഗമനം ഈ രചനയുടെ ഉറവിടം ബാബിലോണിയ ആണെന്നാണ്.

## ചരിത്രപരമായ പ്രാധാന്യം

അതിവിശിഷ്ടമായ റബ്ബിനിക് സാഹിത്യം വ്യക്തമാക്കുന്നത് താൽമുദിക് ജൂഡായിസത്തിൽ നിഗൂഢമായ സിദ്ധാന്തങ്ങൾ ഉണ്ടെന്നാണ്. രണ്ട് വിഷയങ്ങളെ സംബന്ധിച്ചാണവ. ഒന്ന് - സൃഷ്ടിയുടെ വിവരണം. രണ്ട് - രഥത്തിന്റെ വിവരണം. ഇവ രണ്ടിനെയുംകുറിച്ചുള്ള പരസ്യമായ സംവാദം നിരോധിച്ചിരിക്കുകയാണ്. സൃഷ്ടിയുടെ വിവരണം രണ്ടോ മൂന്നോ പേർ മാത്രമോ രഥത്തെക്കുറിച്ചുള്ള വിവരണം ഒരാൾ തന്നെയോ ചർച്ച ചെയ്യുന്നതും നിരോധിച്ചിരിക്കുകയാണ് (m. Hag 2:1). ഈ നിരോധനങ്ങൾ അവഗണിക്കുന്നവർ അവരുടെ നാശം സ്വയം വിളിച്ചു വരുത്തുകയാണ്. ഇങ്ങനെയൊരു കഥയുണ്ട്: ഗലിലേയക്കാരനായ ഒരാൾ മെർക്കബാഹിനെപ്പറ്റി പരസ്യമായി പ്രഭാഷണം നടത്തുമെന്ന് പ്രഖ്യാപിക്കുകയുണ്ടായത്രെ. പക്ഷെ അയാൾ കടന്നലിന്റെ കുത്തേറ്റ് മരിച്ചു (b.shab 80b). തനിക്ക് രഥത്തെക്കുറിച്ച് അറിവുണ്ടെന്ന് വീമ്പ് പറഞ്ഞ യുവാവായ ഒരു പണ്ഡിതന് കുഷ്ഠരോഗം പിടിച്ചുവത്രേ (y. Hag 77a.46). ഇങ്ങനെ സ്വന്തം വിദ്വത്തം വിളമ്പാൻ പോയ ഒരാളെ അഗ്നി വിഴുങ്ങി (b.Hag 13a).

മെർക്കബാഹിലെ പ്രബോധനങ്ങൾ രഹസ്യമാക്കി വയ്ക്കാൻ ശ്രമിച്ചുവെങ്കിലും താൽമുദ് കാലഘട്ടത്തിൽ ഇതിന്റെ ഉള്ളടക്കം കുറേയെല്ലാം നമുക്ക് ഗ്രഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഒന്ന് റബ്ബിനിക് സാഹിത്യമായ ഹഗിഗാഹ് 11b -16a ആണ്. ഇതിൽ ഏഴ് സ്വർഗങ്ങളെക്കുറിച്ചും അവിടെ എന്തെല്ലാം ഉണ്ടെന്നും വിവരിക്കുന്നു. ഈ രചനയിൽ താൽമുദിക് മെർക്കബാഹ് മിസ്റ്റിസിസത്തിന്റെ ആകെത്തുകയാണുള്ളത്. ഏറെ ആഴമുള്ള ഈ പ്രബോധനങ്ങൾ പലയിടത്തും സൂചിപ്പിക്കപ്പെടുന്നുണ്ട്. ഇതിൽ ഒന്ന് പർദേസിൽ പ്രവേശിച്ച നാല് പേരുടെ കഥയാണ്.

പർദേസ് എന്നത് മരണത്തിനുശേഷം നീതിമാന്മാരുടെ ആത്മാക്കൾ ചെന്നെത്തുന്ന ഇടമാണ്. ജീവിച്ചിരിക്കേ നാലുപേർ പർദേസിൽ എത്തുന്ന വിവരണമാണിവിടെ നൽകിയിട്ടുള്ളത്. പർദേസ് ചിലപ്പോൾ ഭൂമിയിലും ചിലപ്പോൾ സ്വർഗത്തിലുമാണ്. ഇതിൽ ഉള്ളടങ്ങിയിട്ടുള്ള പാരമ്പര്യങ്ങൾ കൃത്യമായി നമുക്ക് നിർണ്ണയിക്കാനാവില്ല. എന്തായാലും ദിവ്യമായ ഒരു പർദേസ് ഉണ്ടായിരിക്കാം. ഇത്തരമൊരു സമാന്തര പരാമർശം 2 കോറി 12:17 ലുണ്ട്. ഇതിന്റെ യഥാർത്ഥ അർത്ഥം എന്തുമാകട്ടെ, ഇത് അമോറായിക് കാലഘട്ടത്തിൽ സ്വർഗത്തിലേക്കുള്ള മിസ്റ്റിക് ആരോഹണമായി കരുതപ്പെട്ട് വായിച്ചിരുന്നു. ഗെമാറയിൽ വച്ചാണ് ഇതു നടന്നതെന്നത്

ശ്രദ്ധിക്കേണ്ടതുണ്ട്. സ്വർഗീയ ലോകത്തെ സംബന്ധിച്ച സന്ദർഭത്തിലാണ് ഇത് അരങ്ങേറുന്നത്. ഹഗിഗാഹ് 15a യിൽ നിഗൂഢമായ ഒരു പരാമർശമുണ്ട്. ആഹെർ ചെറുപ്രായത്തിലുള്ള ചെടികൾ വെട്ടിക്കളയുന്നത് വിശദീകരിക്കുന്നത് ഉന്നതങ്ങളിൽ ആഹറും മെറ്റാട്രോണും തമ്മിൽ ഉണ്ടാകുന്ന ഏറ്റുമുട്ടലിന്റെ പശ്ചാത്തലത്തിലാണ്. അതായത് സ്വർഗത്തിൽവച്ച്. അങ്ങനെയെങ്കിൽ പർദേസിൽ നാലുപേർ കടന്നുചെന്നത് ശരിയായ കഥയായിരിക്കാം. താൽമുദിക് കാലഘട്ടത്തിൽ മ്സീഹ് മെർക്കബാഹിൽ സ്വർഗത്തിലേക്ക് ആരോഹണമെന്ന സിദ്ധാന്തം ഉള്ളടങ്ങിയിട്ടുണ്ടാവാം.

താൽമുദിക് കാലഘട്ടത്തിൽ മെർക്കബാഹ് പാരമ്പര്യത്തിലുള്ള മറ്റൊരു റബ്ബിനിക് വ്യാഖ്യാനം കാണാനാവുന്നത് 1 സാമു 6:12 ലാണ്. പശുക്കൾ നേരേ പോകുന്ന സന്ദർഭമാണിത്.കർത്താവിന്റെ പേടകവും വഹിച്ച് പശുക്കൾ ഫിലിസ്ത്യയിൽനിന്ന് ഇസ്രായേലിലേക്ക് പോകുമ്പോൾ, അവ കീർത്തനമുതിർത്തിരുന്നുവത്രേ. അവ പാടിയ സങ്കീർത്തനം (പുറ 15) കടലിലെ ഗാനമാണെന്നു ചിലർ പറയുന്നു. മറ്റുള്ളവരാകട്ടെ ബൈബിളിലെ സങ്കീർത്തനങ്ങളാണെന്നു അവകാശപ്പെടുന്നു (സോളമന്റെ സങ്കീ. 93,98,99). എന്നാൽ പലസ്തീനിയൻ ഹഗ്ഗാദിസ്റ്റ് ആയ ആർ. ഇസഹാക്ക് നാപ്പാഹ (എ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ മധ്യത്തിൽ) പറയുന്നത് ഇത് ബൈബിളിൽ ഇല്ലാത്ത ഒരു ഗാനമാണെന്നാണ്. അത് ഇങ്ങനെയാണ്:

ആഹ്ലാദിക്കൂ, ആഹ്ലാദിക്കു അക്കാഷ്യ ശ്രീകോവിലേ
നിന്റെ വർദ്ധിച്ച മഹത്വത്താൽ നീ ആഡംബരമണിയൂ
പൊന്നിന്റെ ചിത്രത്തുന്നലണിഞ്ഞ് തുള്ളിച്ചാടൂ
ദേവാലയത്തിലെ പരിശുദ്ധ സ്ഥലം കീർത്തിക്കപ്പെടട്ടെ
ഏറ്റവും മികച്ച ആഭരണങ്ങളുടെ അതിശോഭയണിയൂ

സ്ക്കോളെം ചൂണ്ടിക്കാണിക്കുന്നതുപോലെ ഈ വ്യാഖ്യാനത്തിന്റെ സമ്പൂർണ്ണമായ ശക്തി മെർക്കബാഹ് സങ്കീർത്തനത്തിന്റെ പരോക്ഷ പരാമർശമായി പരിണമിക്കുന്നു. സ്വർഗീയ ജീവികൾ ആപേക്ഷികസ്ഥാനത്തു നിന്നുകൊണ്ട് മെർക്കബാഹ് ഏന്തി മെർക്കബാഹ് സങ്കീർത്തനങ്ങൾ ആലപിക്കുന്നതുപോലെ, പശുക്കൾ കർത്താവിന്റെ പേടകം വഹിച്ചുകൊണ്ട് കർത്താവിന്റെ പേടകത്തിനായുള്ള സങ്കീർത്തനങ്ങൾ ആലപിക്കുകയാണ്. പശുക്കൾ ആലപിച്ച ഗീതത്തോടു സാദൃശ്യമുള്ളതും അവശേഷിച്ചിട്ടുള്ളതുമായ മെർക്കബാഹ് സങ്കീർത്തനങ്ങളുണ്ട് (ഹെകലോട്ട് റബ്ബാറ്റി 2:4, BHM, Vol.3, P.84, കെയ്റോ ഗെനിസാ ഹെകാലോട്ട് B/1, 33, ഏ.ഡി ഗ്രുവൻ വാൾഡ്, P. 369). ആർ. ഇസഹാക്കിനും അദ്ദേഹത്തിന്റെ ശ്രോ

താക്കൾക്കും മിസ്റ്റിക്കൽ തലത്തിലുള്ള മെർക്കബാഹ് സങ്കീർത്തനങ്ങൾ പരിചിതമായിരുന്നുവെന്ന് കാണപ്പെടുന്നുണ്ട്.

ആദിമകാലത്തെ ദൈവശാസ്ത്രജ്ഞരുമായി ബന്ധമുള്ള ടെക്സ്റ്റുകളിൽ മ്സ്ഹ് മെർക്കബാഹിന്റെ പഠിതാക്കൾ താൽമുദിക് കാലഘട്ടത്തിൽ ദൈവത്തിന്റെ മിസ്റ്റിക് ശരീരത്തെക്കുറിച്ച് ഊഹാപോഹങ്ങൾ നടത്തിയിരുന്നു. ഉത്തമ ഗീതത്തെക്കുറിച്ചുള്ള ആഖ്യാനത്തിന്റെ ആമുഖത്തിൽ (cf.Jerome Commentary on Ezekiel, 1Praefatio, and Epistle 53, ad Paulinum) ഒരിജൻ നമ്മെ അറിയിക്കുന്നത് അദ്ദേഹത്തിന്റെ കാലത്ത് യഹൂദർ ഉത്പത്തിയുടെ ആദ്യഭാഗവും എസെക്കിയേലിന്റെ ആരംഭവും അവസാനവും ഉത്തമഗീതങ്ങളും ശേഷിച്ച തിരുലിഖിതങ്ങളിലും വാമൊഴിയായുള്ള നിയമങ്ങളിലും അവഗാഹം നേടുന്നതുവരെ പഠിച്ചിരുന്നില്ലെന്നാണ്. ഏ.ഡി. മൂന്നാം നൂറ്റാണ്ടിന്റെ ആദ്യത്തിൽതന്നെ ഉത്തമഗീതങ്ങളും മറ്റ് മിസ്റ്റിക്കൽ രചനകളും ഉൾപ്പെടുത്തിയതിനെക്കുറിച്ച് സ്ക്കോളെം വാദിക്കുന്നുണ്ട്. ലീബെർമാനും സ്ക്കോളെമിന്റെ വാദഗതിയെ സ്ഥിരീകരിക്കുന്നുണ്ട്.

ഈ ചർച്ചകളുടെ പശ്ചാത്തലത്തിൽ താൽമുദിക് കാലഘട്ടത്തിലുള്ള മെർക്കബാഹ് മിസ്റ്റിസിസത്തിൽ മൂന്ന് ഘടകങ്ങൾ ഉള്ളടങ്ങിയതായി കാണുന്നു: (1) സ്വർഗത്തിലേക്കു ആരോഹണമെന്ന മിസ്റ്റിക്കൽ ആശയം. (2) മെർക്കബാഹ് കീർത്തനങ്ങൾ (3) സ്യൂർ ഖൊമാഹ് മാതൃക. ഒരു കാര്യം വ്യക്തമാണ്. മെർക്കബാഹ് ഉപദേശങ്ങളുള്ള ഹെകലോട്ട് റബ്ബാറ്റി, 3 ഹെനോക്ക് എന്നിവയിലെ പ്രധാനപ്പെട്ട ആശയങ്ങൾ താൽമുദിക് കാലഘട്ടത്തിലെ മെർക്കബാഹ് മിസ്റ്റിസിസത്തിൽ സന്നിഹിതമാണ്. ഇവിടെ പ്രധാനപ്പെട്ട ഒരു ചോദ്യമുയരുന്നുണ്ട്. താൽമുദിക് മെർക്കബാഹും മെർക്കബാഹ് ഉപദേശങ്ങളുമായുള്ള ബന്ധമെന്ത്? ഇവിടെ രണ്ട് വീക്ഷണങ്ങളാകാം. ഒരുവശത്ത് മിസ്റ്റിക്കൽ ഉപദേശങ്ങൾ താൽമുദിക് മ്സ്ഹിനെ മനസ്സിലാക്കിക്കൊടുക്കാനുള്ള ശ്രമങ്ങളുടെ പശ്ചാത്തലത്തിൽ വികാസം പ്രാപിച്ചതുമാകാം.

ഹെകലോട്ട് റബ്ബാറ്റി 18: 4-ൽ പറയുന്നത് അനുസരിച്ച് (BHM Vol.3.P.97) വിദഗ്ധൻ സമാധിയിലായിരിക്കേ പറയുന്നത് എഴുത്തുകാർ എഴുതിയെടുക്കുകയും അത് സ്വർഗത്തിലെ സംഭവവികാസങ്ങളായി, വെളിപാടുകളായി പരിണമിക്കുകയും ചെയ്യുകയാണെത്രേ. എന്നാൽ ഇത്തരത്തിലുള്ള ജൽപനങ്ങൾ നേരിട്ട് മെർക്കബാഹ് ടെക്സ്റ്റുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. എന്നാൽ ചില മാലാഖമാരുടെ പേരുകളും മാജിക്കൽ പ്രമാണസൂ

ത്രങ്ങളും ഭാഷാവരപ്രയോഗമെന്ന മട്ടിൽ ഇതിൽ ഭൂരിഭാഗവും വിദഗ്ധന്റെതന്നെ നേരത്തേയുള്ള വൈകാരിക പ്രതിഫലനങ്ങളാകാം. അതല്ലെങ്കിൽ അവനോടൊപ്പമുള്ള സഹാംഗങ്ങളുടെ സമാധിസമയത്തെ അനുഭവങ്ങളുമാകാം. ഈ തീവ്രമായ അനുഭവങ്ങൾ ചില വ്യാഖ്യാനങ്ങൾ ആവശ്യപ്പെടുന്നുണ്ട്. ഇതാകട്ടെ മെർക്കബാഹിലെ എസെക്കിയേലിന്റെ ദർശനത്തെ ബന്ധിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ട്.

സ്ക്കോളെമും ഗ്രുവെൻവാൾഡും മെർക്കബാഹ് വൃത്തങ്ങളിൽ നിന്ന് ആവിർഭവിച്ച ആശയങ്ങൾ ഉൾപ്പെടുത്തിയ ചില മുഖലക്ഷണ ശാസ്ത്രപരമായ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിൽ നിന്നാണ് പൈത്തഗോറിയന്മാരും (Iamblichus, De Vita Pythagorica 17.71, 74) ഖുമ്റാൻ എസ്സീനുകളും മെർക്കബാഹ് മിസ്റ്റിക്കുകളും അവരുടെ രഹസ്യ മതസമ്മേളനങ്ങളിലേക്കുള്ള പ്രവേശനം മുഖലക്ഷണപ്രകാരം നിയന്ത്രിച്ചിരുന്നത്.

സ്വാധീനമുള്ള നിരവധി താൽമുദിക് ജ്ഞാനികൾ മെർക്കബാഹ് വിദ്യകൾ പഠിച്ചിരുന്നു. ഇതാകട്ടെ, റബ്ബിനിക് ജൂഡായിസത്തിന്റെ ഹൃദയഭാഗത്തുള്ള മിസ്റ്റിക്കൽ പ്രസ്ഥാനത്തിൽതന്നെ പ്രകടവുമായിരുന്നു. മെർക്കബാഹ് ടെക്സ്റ്റുകൾ വിശാലാർത്ഥത്തിൽ യാഥാസ്ഥിതികമെന്നു പരിഗണിക്കപ്പെട്ടിരുന്നു. ഏക ദൈവസങ്കല്പത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് തോറായ്ക്ക് അർഹിക്കുന്ന ആദരം നൽകിയിരുന്നു. എന്നാൽ ചില റബ്ബിനിക് അധികൃതർ മെർക്കബാഹ് മിസ്റ്റിസിസത്തെക്കുറിച്ച് അസഹ്യത പ്രകടിപ്പിച്ചിരുന്നു. അവശേഷിക്കുന്ന ടെക്സ്റ്റുകളിലെ അതിതീവ്രമായ പഠനങ്ങളാകാം അവരെ ഉത്കണ്ഠപ്പെടുത്തിയത്. അവശേഷിക്കുന്ന സാഹിത്യം അവരുടെ ദുശ്ശങ്കയുണർത്താൻ കാരണമായെന്നും സമ്മതിക്കേണ്ടിവരും.

ദൈവസിംഹാസനത്തിലേക്കു ഉയർത്തപ്പെടുന്ന മിസ്റ്റിക്കൽ ആരോഹണം റബ്ബിനിക് ജൂഡായിസത്തെ സംബന്ധിച്ചിടത്തോളം അപകടസാധ്യതയുള്ളതാണ്. എന്തുകൊണ്ട് വിദഗ്ധന്മാർ മെർക്കബാഹിലേക്ക് ഉയർത്തപ്പെടാൻ ആഗ്രഹിക്കുന്നുവെന്നത് വ്യക്തമല്ല. ചില സന്ദർഭങ്ങളിൽ ഇത് തികച്ചും മതപരമായ കാര്യമായിരിക്കാം. അവർ ദൈവത്തിന്റെ മഹത്വം ദർശിക്കാനും സ്വർഗീയ വൈത്തുസ (സ്തുതികൾ) കളിൽ പങ്കാളികളാകാനും ആഗ്രഹിച്ചിരിക്കാം (cf.3 ഹെനോ. 1:11). ചിലപ്പോൾ ഈ ഭക്താഭ്യാസം ലൗകികമായ നേട്ടങ്ങൾ നൽകുമെന്ന് അവർ കരുതിയിരിക്കാം. ലോകത്ത് സംഭവിക്കുന്നതെന്തെന്നു കണ്ടെത്താൻ ഇതുമൂലം അവർക്ക് കഴിയുമെ

ന്നും, എല്ലാ മനുഷ്യരുടെയും ചെയ്തികൾ കാണാനും, അവരുടെ ഹൃദയാന്തർഭാഗങ്ങൾപോലും ദർശിക്കാനും സ്വർഗീയ നിയമ കോടതിയുടെ സംരക്ഷണം അവർക്കു ലഭിക്കാനും ഇത് പ്രയോജനപ്പെടുമെന്ന് അവർ കരുതി (ഹെകലോട്ട് റബ്ബാറ്റി 1:1 -2:2 BHM Vol. 3 P P. 83 f). വിജാതീയ പ്രവചനങ്ങളോ പുരാതന കാലത്തെ ക്രിസ്തീയ പ്രവാചകരോ നടത്തുന്നതുപോലെയാണ് ഈ വിദഗ്ധന്മാർ പ്രവർത്തിച്ചത്. ഇത്തരമൊരു വിശാരദന്റെ പ്രവചന പ്രയോഗം ഹെകലോട്ട് റബ്ബാറ്റി 5:5-ൽ കാണാം (BM. Vol. 1, P.74). പലസ്തീനിയയിലുള്ള യഹൂദ പണ്ഡിതരെയെല്ലാം പിടികൂടാൻ റോമൻ ഭരണകൂടം ഉത്തരവിറക്കിയെന്നു പറയപ്പെടുന്നുണ്ട്.

ഇതോടെ വിശാരദന്മാർ തർക്കവിഷയങ്ങളല്ലാത്ത കാര്യങ്ങളിൽ പ്രവചനം നടത്തുന്നതുകൊണ്ട് അപകടമില്ലെന്നു മനസ്സിലാക്കി അത്തരം പ്രവചനങ്ങൾ നടത്തുമ്പോൾ ലിഖിതവും വാമൊഴിയുമായുള്ള നിയമങ്ങൾക്കു അനുസൃതമായിട്ടാണ് അവർ പ്രവർത്തിച്ചത്. വിജാതീയരായ ത്യൂറിസ്റ്റുകൾ (സ്വർഗത്തിലുള്ളവരുമായി ബന്ധപ്പെട്ടുള്ള അനുഷ്ഠാനങ്ങൾ നടത്തുന്നുവെന്ന് കരുതുന്നവർ) ഈ മാദ്ധ്യമങ്ങൾ ആത്യന്തികമായുള്ള സത്യം കണ്ടെത്താനായി ഉപയോഗിച്ചിരുന്നു. ക്രിസ്ത്യൻ മൊണ്ടാനിസ്റ്റുകളാകട്ടെ (രണ്ടാം നൂറ്റാണ്ടിൽ ഫിർജിയയിൽ മൊണ്ടാനൂസ് എന്ന സൈനികൻ സ്ഥാപിച്ചത്) അവരുടെ പ്രവാചകരുടെ പ്രവചനങ്ങൾ ശേഖരിച്ച് പഴയ നിയമങ്ങൾക്കു സമമായി ഒരു മൂന്നാം നിയമംപോലും തയ്യാറാക്കിയിരുന്നു. തുടർച്ചയായുള്ള ഈ പ്രവചനങ്ങൾ ക്രിസ്തീയ സഭയുടെ സ്ഥാപിതഘടനയ്ക്ക് ഗുരുതരമായ ഭീഷണിയുമുയർത്തിയിരുന്നു. മെർക്കബാഹ് മിസ്റ്റിക്കുകളുടെ ഉന്മാദമായ അനുഭവങ്ങൾ റബ്ബിനിക് ജൂഡായിസത്തിനും തോറായോടുള്ള പ്രതിബന്ധതയ്ക്കും ഭീഷണിയുയർത്താൻ കഴിഞ്ഞിരുന്നു.

റബ്ബിനിക് തലങ്ങളിൽ മെർക്കബാഹ് മിസ്റ്റിസിസത്തിനു നിരോധനമേർപ്പെടുത്താൻ എന്തെങ്കിലും ശ്രമമുണ്ടായിരുന്നുവോ എന്ന കാര്യത്തിൽ വ്യക്തതയൊന്നുമില്ല. എന്നാൽ ശക്തമായ ശ്രമങ്ങൾ ഈ പ്രവണതകൾക്കെതിരേ ഉണ്ടായിരുന്നു. യാഥാസ്ഥിതികപക്ഷത്തിന്റെ എന്നതുപോലെ ഇത്തരം പ്രവണതകൾക്കെതിരേ പ്രതിരോധം തീർത്തിരുന്നുതാനും. പക്വതയുള്ള പണ്ഡിതന്മാർ മാത്രമേ ഇക്കാര്യങ്ങൾ പഠിച്ചിരുന്നുള്ളൂ (m.Hag 2:1; b. Hag 14a) ഹെകലോട്ട് റബ്ബാറ്റി 20:1 ൽ (BHM, Vol. 3; P. 98) പറയുന്നത് ബൈബിൾ, മിഷ്ണ, ഹലക്കോട്ട്, ഹഗ്ഗദോട്ട് എന്നിവയിൽ പ്രാവീണ്യം നേടിയവരെയും, സിനായ് മലയിൽവച്ച് മോശയ്ക്ക് നൽകിയ നി

യമങ്ങളെല്ലാം പാലിക്കുന്നവരെയും മാത്രമാണ് മെർക്കബാഹിന്റെ വിശദാംശങ്ങളിലേക്കു കടക്കാൻ അനുവദിച്ചിരുന്നത്. ഉത്തമമായ ഈ അച്ചടക്ക രീതികൾ മിസ്റ്റിക്കുകളുടെ ദൈവസിംഹാസനത്തിലേക്കുള്ള പ്രാരംഭ പഠനമായി. ഇതോടെ മിസ്റ്റിക്കുകൾ തങ്ങളുടെ മിസ്റ്റിക്കൽ അനുഭവങ്ങളിലേക്ക് യാഥാസ്ഥിതിക ലോക വീക്ഷണങ്ങൾ കൂട്ടിച്ചേർക്കുകയുണ്ടായി.

മിസ്റ്റിക്കുകളുടെ സമ്പ്രദായങ്ങൾ മാത്രമല്ല, അവരുടെ ചില സിദ്ധാന്തങ്ങളും ഉത്ക്കണ്ഠയുണർത്തിയിരുന്നു. താൽമുദിൽ മൂന്നു പരാമർശങ്ങളിൽ രണ്ടെണ്ണത്തിലും മെറ്റാട്രോൺ എന്നത് ചില റബ്ബികൾ അവരിൽതന്നെ ആരോപിക്കുന്നുവെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്. YHWH ൽ താഴെ എന്ന മെറ്റാട്രോണിന്റെ പദവി മിസ്റ്റിക്കൽ സാഹിത്യത്തിൽനിന്നും വന്നിട്ടുള്ളതാണ് (കാണുക 3 ഹെനോ. 13:5) ചില മിസ്റ്റിക്കൽ തലങ്ങളിൽ ഹെനോക്കിനെ കൂടുതലായി മഹത്വവൽക്കരിക്കുന്നുണ്ട്. ഇതാകട്ടെ രണ്ട് താൽമുദുകളിലും അവനെക്കുറിച്ച് മൗനം പാലിക്കുന്നത് വൈരുദ്ധ്യം സൃഷ്ടിക്കുന്നുണ്ട്. ക്ലാസിക് മിദ്രാഷിമിലും ഹെനോക്കിനെപ്പറ്റി പ്രതികൂലമായ സൂചനകളാണുള്ളത്.

നിലവിലുള്ള 3 ഹെനോക്കിന്റെ ടെക്സ്റ്റുകളിൽ മെർക്ക്ബാഹ് പാരമ്പര്യങ്ങളെക്കുറിച്ച് അസ്വസ്ഥതയുണർത്തുന്ന അടയാളങ്ങൾ ദൃശ്യമാണ്. ഈ ഉപദേശഗ്രന്ഥം പ്രസിദ്ധപ്പെടുത്താൻ നൽകുന്നതിനുമുമ്പ് യാഥാസ്ഥിതിക ഭാഗത്തുനിന്ന് ചില മുൻകരുതലുകൾ എടുത്തതായി സൂചനയുമുണ്ട്. മെറ്റാട്രോണിന്റെ ശക്തികുറവെന്ന മട്ടിലാണ് വിവരണം. 3 ഹെനോ. 15-ന്റെ ഒരു പതിപ്പിൽ മെറ്റാട്രോണിനെ പദവികുറഞ്ഞ രീതിയിലാണ് അവതരിപ്പിച്ചിട്ടുള്ളത് (കാണുക. b. Hag 15a). 3 ഹെനോ. 10:3 ലും യാഥാസ്ഥിതികരുടേതായി ഇതിനു സദൃശമായ ശ്രമമുണ്ട്. 3 ഹെനോക്കിലെ പുരാതന അനുഷ്ഠാന കർമ്മങ്ങളിലും മെറ്റാട്രോണിനെപ്പറ്റി പരാമർശമില്ല. 3 ഹെനോക്കിൽ ഒരിടത്തും ദൈവസിംഹാസനത്തിലേക്കു ഉയരുന്നതിനെപ്പറ്റി പരാമർശമില്ല (3 ഹെനോ. 1:1 ൽ ഒരു വാക്യത്തിൽ മാത്രമാണ് ആരോഹണത്തെപ്പറ്റി പറയുന്നത്). ഇവിടെയാകട്ടെ മെർക്കബാഹ് കീർത്തനങ്ങളുടെ അഭാവവുമുണ്ട്. 3 ഹെനോക്ക് 4: 1 ൽ മെറ്റാട്രോണിന്റെ 70 പേരുകളെങ്കിലും പറയേണ്ടിടത്ത് അവ എഡിറ്റ് ചെയ്ത് ഒഴിവാക്കിയിരിക്കുകയാണ് (കാണുക അധ്യായം 16, n.a) (ഈ പേരുകൾ ഉച്ചരിക്കുന്നത് മെറ്റാട്രോണിനെ പ്രചോദിപ്പിക്കാനാണെന്നാണ് കരുതേണ്ടത്).

മെർക്കബാഹ് ടെക്സ്റ്റുകളിലെ നിരവധി ഘടകങ്ങൾ വെളിപാട് പരമായ സാഹിത്യത്തിൽ സമാന്തരമായി കാണാനാകും. പാരമ്പ ര്യങ്ങൾ പങ്കുവയ്ക്കപ്പെടുമ്പോഴും മെർക്കബാഹ് മിസ്റ്റിസിസത്തി ലെ ധർമ്മനീതികൾ വെളിപാട്പരമായ രചനകളിൽനിന്നു വ്യത്യ സ്തമാണ്. മെർക്കബാഹ് രചനകൾ മുഖ്യമായും സ്വർഗത്തിലെ നിഗൂഢതകൾ സംബന്ധിച്ചും ദൈവസിംഹാസനത്തിന്റെ വിവര ണം സംബന്ധിച്ചും ഉള്ളതാണ്. യുഗാന്ത്യപരമായ വിഷയങ്ങളിൽ (അന്ത്യവിധി, മരിച്ചവരുടെ ഉയിർപ്പ്, മെസയാനിക് രാജ്യം, വരാനി രിക്കുന്ന ലോകം തുടങ്ങിയവ) താൽപര്യം പ്രകടിപ്പിക്കുന്നില്ല. ഇ തെല്ലാം ക്ലാസിക് ആയിട്ടുള്ള വെളിപാട് രചനകളിൽ ഉണ്ടുതാനും. ഈ വൈജാത്യങ്ങൾ തീർച്ചയായും പ്രധാനപ്പെട്ടതാണ്. മെർക്ക ബാഹ് ടെക്സ്റ്റുകളിൽ ചില യുഗാന്ത്യപരമായ കാര്യങ്ങൾ ഉണ്ട് (കാണുക. ഉദാ. 3 ഹെനോ. 45:5). വെളിപാട്പരമായ സാഹിത്യ ത്തിൽ മ്സീഹ് മെർക്കാബാഹ് ഉള്ളടങ്ങിയിട്ടുണ്ട് (കാണുക. ഉദാ. 1 ഹെനോ. 14:825). എന്നാൽ യുഗാന്ത്യപരമായ വിഷയങ്ങളിൽ വെ ളിപാട്പരമായ സാഹിത്യത്തിൽ ഉള്ളതിനേക്കാൾ താത്പര്യം മെർ ക്ക്ബാഹ് ടെക്സ്റ്റുകളിൽ ദൃശ്യമല്ല. അതുപോലെതന്നെ പ്രപഞ്ചോ ത്പത്തി സംബന്ധിച്ച ശാസ്ത്രവും രണ്ട് രചനകളിലും ഭിന്നമായി ട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത് (കാണുക ഉദാ. 1 ഹെനോ. 72 -80 ഉം 3 ഹെനോ 18 : 4 7; 4142). മെർക്കബാഹ് മിസ്റ്റിസിസത്തിൽ ഉള്ളതിനേക്കാൾ പ്രപഞ്ചോത്പത്തി സംബന്ധിച്ച കാര്യങ്ങൾ വെ ളിപാട് രചനകളിൽ മുഴച്ചു നിൽപ്പുണ്ട്. താൽമുദിക് കാലഘട്ടത്തിൽ പ്രപഞ്ചോത്പത്തി സംബന്ധിച്ച ശാസ്ത്രം നിഗൂഢമായ പാരമ്പ ര്യങ്ങളോടു ബന്ധപ്പെടുത്താനുള്ള ഒരു പ്രവണതയുണ്ടായിരുന്നു. അവസാനമായി നാം ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യമുണ്ട്. താത്ക്കാലി ക സമാധിയിലാകുന്നവർ (ആദ്യകാല വെളിപാട് രചനകളിൽ) ദർ ശനങ്ങൾ കാണുന്നവർ ത്യൂറിക് ഘടകം മെർക്കബാഹ് പാരമ്പര്യ ത്തിൽ പ്രയോജനപ്പെടുത്തുന്നതായി കാണാം. മഹത്വത്തിന്റെ സിം ഹാസനത്തിലേക്കു ആരോഹണം ചെയ്യാനുള്ള തന്ത്രങ്ങളെക്കുറി ച്ച് പ്രതിപാദിക്കുന്ന നിരവധി പ്രബന്ധങ്ങളും രചിക്കപ്പെട്ടിരുന്നു.

മ്സീഹ് മെർക്കബാഹ് ഏ.ഡി. 70-നു മുമ്പായി വെളിപാട് പരമാ യ സാഹിത്യത്തിലേക്കുള്ള ഇഴകളിൽ ഒന്നായി കാണപ്പെടുന്നുണ്ട്. എന്നാൽ ആ കാലഘട്ടത്തിലെ യുഗാന്ത്യപരമായ വിഷയങ്ങൾക്കു സാഹിത്യരൂപമുണ്ടായിരുന്നുവോ എന്നും സ്വന്തമായ പാരമ്പര്യം ഈ ശാഖയ്ക്കുണ്ടായിരുന്നുവോയെന്നതും വ്യക്തമല്ല. ഏ.ഡി. 70-നു ശേഷം വെളിപാട്പരമായ സാഹിത്യത്തിനു പുറത്ത് മെർ ക്കബാഹ് മിസ്റ്റിസിസത്തിനു അസ്തിത്വമുണ്ടായിരുന്നില്ലെന്നു വാ

ദിക്കുവാൻ കഴിയും. ഏ.ഡി. 70 - 135 കാലഘട്ടത്തിൽ പലസ്തീനിയയിൽ വെളിപാട് സംബന്ധിച്ച കാര്യങ്ങൾക്കു പുതിയ ദിശാനിർണ്ണയമുണ്ടായി. ഇതോടെ മെർക്കബാഹ് പ്രസ്ഥാനത്തിനു സ്വതന്ത്രരൂപം കൈവരികയും ചെയ്തു. ഏ.ഡി. 70-ൽ ജറുസലേം ദേവാലയം തകർക്കപ്പെടുന്നതിനു മുമ്പായിട്ടാണ് മെർക്കബാഹ് പ്രസ്ഥാനം സമാരംഭിക്കുന്നതായി ഹെകലോട്ട് റബ്ബാറ്റി 13 :1 ൽ (BHM, Vol.3, P.93) രേഖപ്പെടുത്തിയിട്ടുള്ളത്. ജറുസലേം ദേവാലയം തകർക്കപ്പെട്ടതോടെ ദൈവസാന്നിധ്യത്തിന്റെ ശക്തവും ദൃശ്യവുമായ ഒരു അടയാളമാണ് ഇല്ലാതായത്. മെർക്കബാഹ് രചനകളിലെ ഇന്ദ്രിയാതീതനായ ദൈവമെന്ന വീക്ഷണം പരിപോഷിപ്പിക്കുന്നതായി ഇത്. റോമിനെതിരേയുള്ള യുദ്ധംപോലും യുഗാന്ത്യപരമായ തീക്ഷ്ണത കെടുത്തിക്കളഞ്ഞു. മെസയാനിക് പ്രതീക്ഷകളും മങ്ങി. വെളിപാടുപരമായ മതഭ്രാന്തിനു നേരേ യഹൂദർ മുഖം തിരിച്ചു. കാരണം അത്തരം പ്രവണതകൾ യഹൂദ ജനത്തിന്റെ ദുരിതം വർദ്ധിപ്പിക്കുമെന്നു അവർ കരുതി. വെളിപാട്പരമായ പ്രതീക്ഷകൾ തകർന്നതുകൂടാതെ 60 വർഷങ്ങൾക്കുശേഷമുണ്ടായ ബർകോബ്ബയിലെ പതനം ജറുസലേമിനെ ഒരു വിജാതീയ നഗരമാക്കി മാറ്റി. ഇതോടെ വെളിപാട് രചനകളിലെ യുഗാന്ത്യപരമായ ചിന്തകൾക്ക് മങ്ങലേറ്റു. ഭാവിയെക്കുറിച്ച് ഉത്ക്കണ്ഠ പ്രകടിപ്പിക്കാത്തതും എന്നാൽ സ്വർഗീയ ലോകത്തെക്കുറിച്ച് താത്പര്യമുള്ളതുമായ മറ്റൊരു പാരമ്പര്യത്തിനു തുടക്കമായി. ഏ.ഡി. 70-ൽ ജറുസലേം ദേവാലയം തകർക്കപ്പെട്ടതോടെ അസാമാന്യമായ ആഴമുള്ള ഒരു പ്രതിസന്ധി വെളിപാട് സാഹിത്യത്തിൽ രൂപപ്പെട്ടു. ഇതാകട്ടെ മെർക്കബാഹ് മിസ്റ്റിസിസത്തിന് പ്രേരകശക്തിയാവുകയും ചെയ്തു. ഖുമ്റാനിലെ മാലാഖമാരുടെ ലിറ്റർജി (4 Q Sir Sabb) പ്രത്യേകമായുള്ള മ്സീഹ് മെർക്കബാഹ് പ്രമേയങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത് ഏ.ഡി. 70 നു മുമ്പായി പ്രത്യക്ഷപ്പെട്ടിരുന്നു. അങ്ങനെയെങ്കിൽ, ആ ടെക്സ്റ്റ് ചുരുൾ ശകലങ്ങളിലായിരുന്നുവോ എന്നതിനെക്കുറിച്ച് നമുക്ക് തീർച്ചയില്ല. ദേവാലയത്തിന്റെ നാശത്തിനു മുമ്പുണ്ടായിരുന്നതാവാം അവ എന്നു കരുതാം. മ്സീഹ് മെർക്കബാഹിനു തനതായ ഒരു സാഹിത്യമുണ്ടായിരുന്നുവെന്നും, അവരുടെ വിഷയങ്ങൾ അവർക്കു ശരിയെന്ന മട്ടിൽ കൈകാര്യം ചെയ്തിരുന്നുവെന്നും പറയേണ്ടതുണ്ട്.

യഹൂദ മതചരിത്രത്തിന്റെ വെളിച്ചത്തിലാണ് നാം മെർക്ക്ബാഹ് മിസ്റ്റിസിസത്തെക്കുറിച്ചുള്ള വികാസപരിണാമങ്ങൾ ചിത്രീകരിക്കാൻ ശ്രമിക്കുന്നതെങ്കിൽ അത് അപൂർണ്ണമായിരിക്കും. പുരാതന കാലങ്ങളിലെ യഹൂദേതര ലോകവീക്ഷണങ്ങളോടു അവയ്ക്ക് ചില

സാദൃശ്യമുണ്ടെന്ന കാര്യം നാം കണ്ടെന്നു വരില്ല. നിസ്സംശയമെന്യേ നമുക്ക് കാണാനാവുന്നത് ഗ്നോസ്റ്റിസവുമായുള്ള സമാനതകളാണ്. യഥാർത്ഥത്തിൽ സ്ക്കോളെം വാദിക്കുന്നത് മെർക്കബാഹ് മിസ്റ്റിസിസം യഹൂദ ഗ്നോസ്റ്റിസമായി പരിഗണിക്കണമെന്നാണ് (Gnosticism PP. 23,10). ഗ്നോസ്റ്റിസിസം കുപ്രസിദ്ധമാംവിധംതന്നെ നിർവചിക്കാൻ ബുദ്ധിമുട്ടുണ്ട്. ഗ്നോസ്റ്റിസിസത്തിന്റെ സമ്പ്രദായങ്ങൾതന്നെ വ്യത്യസ്തവുമാണ്. ഇതിൽ ഒരെണ്ണത്തിൽ മാത്രം ദൈവം ഇന്ദ്രിയാതീതനാണെന്നും പരമാധികാരിയാണെന്നും പറയുന്നു. കൂടാതെ ഒരു രണ്ടാം ശക്തിയാണ് (ചിലപ്പോൾ കാരണഭൂതനെന്നും വിളിച്ചു) പ്രപഞ്ചത്തെ സൃഷ്ടിച്ചതെന്നും നിരവധി തലങ്ങൾ (അല്ലെങ്കിൽ കൽപ്പങ്ങൾ) പരമശക്തിയിൽനിന്നു മനുഷ്യനെ വേർതിരിച്ചു നിർത്തുന്നുവെന്നും ഓരോന്നും ഒരു പ്രതികൂല സ്വഭാവമുള്ള ആത്മാവിന്റെ (അല്ലെങ്കിൽ അക്രോൺ) നിയന്ത്രണത്തിലാണെന്നും മനുഷ്യാത്മാവിന്റെ ദൈവികതയും പരമശക്തിയിലേക്കുള്ള ആരോഹണവും രഹസ്യജ്ഞാന (ഗ്നോസ്റ്റിസിസ്) മാണെന്നും അത് കൈവന്നാൽ ഒരുവനു ആരോഹണം സാധ്യമാകുമെന്നും പറയുന്നു.

വിശാലമായ രൂപരേഖകൾ പ്രകാരം ഇത് മെർക്കബാഹ് ടെക്സ്റ്റുകളുമായി സാദൃശ്യം ക്ഷണിച്ചുവരുത്തുന്നുണ്ട്. ഇതിലൂടെ ദൈവം ഇന്ദ്രിയാതീതനാണെന്നും, മഹത്വത്തിന്റെ സിംഹാസനത്തിൽ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നുവെന്നും, ദൈവം തന്നെത്തന്നെ വെളിപ്പെടുത്തുന്നത് സൃഷ്ടികർത്താവായിട്ടാണെന്നും പറയുന്നു. ദൈവത്തെയും മനുഷ്യനെയും വേർതിരിക്കുന്ന മേഖലകളുടെ നിയന്ത്രണം മാലാഖമാർക്കാണ്. മാലാഖമാർ ദൈവത്തെ സമീപിക്കുന്നതിൽനിന്ന് മനുഷ്യരെ തടയുന്നു. മനുഷ്യാത്മാവിന്റെ സ്വർഗീയോദ്ഭവത്തെക്കുറിച്ച് മെർക്കബാഹ് ടെക്സ്റ്റിലും പരാമർശമുണ്ട് (3 ഹെനോ. 43:3). സ്വർഗത്തിലേക്ക് ആരോഹണംചെയ്യാനുള്ള രഹസ്യം തങ്ങൾക്ക് അറിയാമെന്നും പറയുന്നു.

ഗ്നോസ്റ്റിസിസത്തിൽ ശക്തിയേറിയ ഒരു യഹൂദ ഘടകമുണ്ടെന്ന് നേരത്തേതന്നെ നിരീക്ഷിച്ചിട്ടുണ്ട്. ഗ്നോസ്റ്റിസിസത്തിൽ കാണുന്ന യഹൂദ ഘടകങ്ങൾ മെർക്കബാഹ് രചനകളിലും കാണാനാകും. മെർക്കബാഹ് മിസ്റ്റിസിസവും ഗ്നോസ്റ്റിസിസവുമായുള്ള ബന്ധം രണ്ട് രചനകളിലൂടെ ചിത്രീകരിക്കാൻ കഴിയും. ഒന്നാമത്തേത് Hypostasis of Archons (NHC 2/4) ആണ്. ഈ പ്രബന്ധത്തിന്റെ രണ്ടാംഭാഗത്ത് വെളിപാട്പരമായ രചനകളിൽ കാണുന്ന മാതൃകകൾ കാണാൻ കഴിയുന്നുണ്ട് (3 ഹെനോക്കിലും ഉള്ളതു

പോലെ). ഒരു മാലാഖ രഹസ്യങ്ങൾ വെളിപ്പെടുത്തുകയാണിവിടെ. ഏലെലത്ത്, സാഗാസിറ്റി, മഹാനായ മാലാഖ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യത്തിൽ സ്വർഗത്തിൽ നിന്നിറങ്ങിവന്നു നോറിയയോടു അക്രോണുകളുടെ ഉദ്ഭവത്തെക്കുറിച്ച് പറയുന്നു. അധ്യായം 94, 8-13 ൽ (Labib 142, 8-13) ഒരു മൂടുപടത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഈ മൂടുപടമാണ് മുകളിലുള്ള ലോകത്തെയും താഴെയുള്ള തട്ടുകളെയും വേർതിരിക്കുന്നത്. 95 ാം അധ്യായത്തിൽ 19-22-ൽ (Labib 143; 19-22) വ്യക്തമാക്കുന്നത് ഈ മൂടുപടം ഏഴും എട്ടും സ്വർഗങ്ങളെ വേർതിരിക്കുന്നുവെന്നാണ്. സമാന്തരമായുള്ള പേരില്ലാത്ത ഒരു രചനയിൽ (NHC 2/5) ഒരു ആവരണത്തെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. ഇത് മനുഷ്യനെയും ദിവ്യമായതിനെയും വേർതിരിക്കുന്നതാണ് (98,22, Labib 146, 22). മെർക്കബാഹ് ടെക്സ്റ്റുകളിലും സ്വർഗീയ ആവരണങ്ങളെക്കുറിച്ച് പരാമർശമുണ്ട്. ഇതനുസരിച്ച് ഒന്നാം സ്വർഗമെന്നു പറയുന്ന വിലോൺ ഒരു ആവരണമാണ്. ദൈവസിംഹാസനത്തിനു മുമ്പിൽ ഒരു തിരശ്ശീലയുണ്ടെന്നു നാം വായിക്കുന്നുമുണ്ട് (കാണുക 3 ഹെനോ. 17: 3; 45: 1). 94, 25-26ൽ (Labib 142,25 26) ഒന്നാമത്തെ അക്രോൺ അസ്തിത്വത്തിലേക്കു വരുന്നത് സമായേൽ ആയിട്ടാണ് (അതായത് ഗുപ്തനായ ദൈവം). 3 ഹെനോ. 14 : 2; 26:12 ലും സമായേൽ വാദികളുടെ രാജകുമാരനാണ്. ഗ്നോസ്റ്റിക് ടെക്സ്റ്റിലുള്ള പദോത്പത്തി ശാസ്ത്രം ശ്രദ്ധിക്കേണ്ടതുണ്ട്. സമായേൽ എന്ന പദം ഹീബ്രുവിൽനിന്ന് പിറവിയെടുത്തതാണ്. അരമായിക് മൂലം sm ഗുപ്തനായ എന്നും el എന്നത് ദൈവമെന്നും.

സമായേൽ തന്റെ ഏഴ് സന്തതികളോടു പ്രഖ്യാപിക്കുന്നു: ഞാനാണ് സമഗ്രതയുടെ ദൈവം. വിശ്വാസത്തിന്റെയും ജ്ഞാനത്തിന്റെയും പുത്രിയായ ജീവൻ (zoe) (Pistis - Sophia) അവനെ ശകാരിക്കുന്നു. അവൾ അവന്റെ മുഖത്തേക്ക് നിശ്വസിക്കുന്നു. അവളുടെ നിശ്വാസം ഭീതിദമായ ഒരു മാലാഖയായി മാറുന്നു. ആ മാലാഖ യാൽദാബാവോത്തിനെ (സമായേലിനെ) ബന്ധിച്ച് പാതാളത്തിനും താഴെയുള്ള ടാർറ്ററോസിലേക്കു തള്ളുന്നു (95, 8-13, Labib 143, 8-13). ഇതാകട്ടെ ഒരുപക്ഷേ, മെർക്കബാഹിലെ മാലാഖമാർ സൃഷ്ടിക്കപ്പെട്ടത് പൂർണ്ണമായും ദൈവത്താലാണെന്ന ആശയത്തോടു പൊരുത്തപ്പെടുന്നില്ല (കാണുക 3 ഹെനോ 40:4 cf: 27:3). യാൽദബാവോത്തിന്റെ സന്തതികളിൽ ഒരാളായ സബോത്ത് തന്റെ പിതാവിനു ലഭിച്ച ശിക്ഷ കണ്ട് അനുതപിച്ച് തന്റെ പിതാവിനെയും മാതാവിനെയും നിന്ദിക്കുന്നു. മാറ്റർ ജ്ഞാനത്തെയും (Sophia) ജീവനെയും (zoe) പ്രശംസിക്കുന്നു. ഇതോടെ അവനെ അവർ

ഏഴാം സ്വർഗത്തിന്റെ ചുമതലയേൽപ്പിക്കുന്നു. സബോത്ത് തനിക്കായി കെരൂബുകൾ വഹിക്കുന്ന ചതുർമുഖമുള്ള ഒരു രഥം നിർമ്മിക്കുന്നു. അനന്തമായി നിരവധി മാലാഖമാരെ സാരംഗിയും വീണപോലെയുള്ള ഉപകരണങ്ങളുമായി തന്നെ ശുശ്രൂഷിക്കാനായി നിയോഗിക്കുന്നു. ജ്ഞാനം തന്റെ മകളായ ജ്ഞാനത്തെ വലതുവശത്തിരുത്തി എട്ടാമത്തെ സ്വർഗത്തിലുള്ള കാര്യങ്ങൾ പഠിപ്പിക്കുന്നു (95,13-34; Labib 143, 13 -34). 3 ഹെനോ. 4-15 ലെ ഹെനോക്കിന്റെ ആരോഹണം സബോത്തിന്റെ ആരോഹണത്തെ ഓർമ്മിപ്പിക്കുന്നതാണ്. ഉദാഹരണത്തിനു 3 ഹെനോക്ക് 10:5 ൽ ഹെനോക്കിനുള്ള നിർദേശങ്ങളും ഇവിടെ സബോത്തിനു ലഭിക്കുന്ന നിർദ്ദേശങ്ങളും സമാനതകളുള്ളതാണ്. ജ്ഞാനത്തിന്റെ രാജകുമാരനോടും ധാരണാശേഷിയുടെ രാജകുമാരനോടും ഹെനോക്കിനെ താഴെയും മുകളിലുമുള്ളതും ഈ ലോകത്തിലും വരാനിരിക്കുന്ന ലോകത്തിലുമുള്ള എല്ലാ ജ്ഞാനവും പഠിപ്പിക്കാൻ ദൈവം കൽപ്പിക്കുന്നുണ്ട്. സബോത്തിന്റെ രഥം നമ്മെ എസെക്കിയേലിന്റെ മെർക്കബാഹിനെ ഓർമ്മിപ്പിക്കുന്നു. കെരൂബുകളുടെ രഥം എന്നതാണ് അവതരണം. ഇത് 3 ഹെനോ. 24:1 ലും 22:11 ലുമുള്ളതിനു സദൃശമാണ്. ഗ്നോസ്റ്റിക് ടെക്സ്റ്റിലെ മുഖ്യപ്രതിപാദ്യമായ മാലാഖമാരുടെ ഗായകസംഘങ്ങളെന്നത് മെർക്കബാഹ് ടെക്സ്റ്റുകളിലും സമാന്തരമായുണ്ട് (കാണുക. 3 ഹെനോ. 35 -40).

മെർക്കബാഹ് മിസ്റ്റിസിസവുമായി താരതമ്യം ചെയ്യാവുന്ന രണ്ടാമത്തെ രചന ഒരിജന്റേതാണ്. Contra Celsum 6: 24 38 ൽ ഒരിജന്റെ ഗ്നോസ്റ്റിക് പ്രബോധനങ്ങളായ Sect of Ophians എന്ന സംഗ്രഹമാണത്. ഒരിജന്റെ വിവരണം വളച്ചൊടിച്ചതാണെങ്കിലും ചില കാര്യങ്ങളിൽ വ്യക്തമാണത്. ഓഫിയൻ പ്രബോധനബദ്ധനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മരണശേഷം ആത്മാവ് സ്വർഗത്തിലേക്കു കരേറ്റപ്പെടുമെന്നതാണ് (6:27). ഈ ലക്ഷ്യം നേടാൻ പിതാവിന്റെയും പുത്രന്റെയും മണ്ഡലം കടക്കേണ്ടതുണ്ട്. ഇത് തിന്മയുടെ അതിര് കടക്കലാണ്. ഈ അതിരിനെ നിർവചിക്കുന്നത് അക്രോണിന്റെ ഗേറ്റ് എന്നാണ്. ഇത് നിത്യമായി അടഞ്ഞുകിടക്കുകയുമാണ് (6:31). ഏഴ് അക്രോണുകളാണ് ഈ ഗേറ്റ് നിയന്ത്രിക്കുന്നത്. അവയുടെ ആരോഹണക്രമം ഇങ്ങനെ : ഹൊറെയൂസ്, ഹെലോയുസ്, അസ്തഫായുസ്, (അഡോണേയൂസ്) സാബോത്ത്, ഇയാവോ, ഇയാൽദബോത്ത്. ഈ ഗേറ്റ് കടന്നു പോകണമെങ്കിൽ ആത്മാവ് ഓരോ അക്രോണിനെയും പേരുചൊല്ലി വിളിക്കണം.കൃത്യമായി ഫോർമുലയനുസരിച്ച് വേണം ഈ ഉച്ചാരണം. മാത്രമല്ല, അവരെ ഒരു ചിഹ്നം കാണിക്കേണ്ടിയിരുന്നുതാനും. ഈ ചിഹ്ന

ങ്ങൾ മുദ്രകളുമായി ബന്ധപ്പെട്ടതാവാം. പിതാവ് യൗവ്വനത്തെയും പുത്രനെയും അർപ്പിക്കുന്നതായിട്ടാണ് 6:27 ൽ പറയുന്നത്. ഹിപ്പോളിറ്റസ് Refutation of All Heresies 5.10.2ൽ ഒരു നാസീൻ കീർത്തനം ഉദ്ധരിക്കുന്നുണ്ട്. കൽപ്പങ്ങൾ കടന്നുപോകുന്ന സന്ദർഭത്തിൽ മുദ്രകളെപ്പറ്റി ഇവിടെ സൂചിപ്പിക്കുന്നുണ്ട്. ഏഴ് അക്രോണുകളുടെയും മണ്ഡലങ്ങളിലൂടെ കടന്ന് ആത്മാവ് എട്ടാമത്തെ തലത്തിലെത്തുന്നു, ഓഗ്ദോദിൽ (6:31). പ്രാഥമിക ശക്തിയെന്ന പേരില്ലാത്ത ജീവിയാണ് ഇവിടം നിയന്ത്രിക്കുന്നത്. ഓഗ്ദോദിനു മുമ്പ് പിതാവും പുത്രനും സ്ഥിതിചെയ്യുന്ന മണ്ഡലത്തിൽ ആത്മാവ് എത്തുന്നതോടെ, അതിന്റെ ലക്ഷ്യം നിറവേറുകയായി.

'ഇവിടം മുതൽ' എന്ന് ആരോഹണം ചെയ്യുന്ന ആത്മാവ് പ്രഖ്യാപിക്കുന്നു. 'പിതാവിന്റെയും പുത്രന്റെയും പ്രകാശത്തിൽ ഞാൻ ഇതിനകം ഭാഗഭാക്കായിക്കഴിഞ്ഞു. ഞാൻ പരിശുദ്ധിയോടെ അയക്കപ്പെട്ടവനാണ്' (6:31). ഓഗ്ദോദ്, അഥവാ എട്ടാം സ്വർഗം ഗ്നോസ്റ്റിക് ടെക്സ്റ്റിൽ പലയിടത്തും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ഉദാഹരണത്തിന് Hypostasis of Archons 95, 34 (Labib 143, 34)

ഹെകലോട്ട് റബ്ബാറ്റി 17: 1 20:3 (BHM, Vol. 3, PP95 98) മെർക്കബാഹിലേക്കുള്ള ആരോഹണം വിവരിക്കുന്നതുപോലെതന്നെയാണ് ഈ എല്ലാ വരികളും നമുക്ക് താരതമ്യപ്പെടുത്താവുന്നത്. ഈ ടെക്സ്റ്റിൽ വിശാരദൻ മെർക്കബാഹിലേക്കു ആരോഹണം ചെയ്യുന്നത് ഏഴ് വാതിലുകളിലൂടെയാണ് (സ്വർഗീയ കൊട്ടാരങ്ങളുടെ വാതിലുകൾ). ഈ വാതിലുകളുടെ നിയന്ത്രണം ശക്തിയുള്ള മാലാഖമാരുടെ കരങ്ങളിലാണ് (കാണുക 3 ഹെനോ 18: 3). ഈ വാതിലിലൂടെ കടക്കണമെങ്കിൽ വിശാരദന് വാതിൽ സൂക്ഷിപ്പുകാരുടെ പേരുകൾ അറിയേണ്ടിയിരുന്നു. മാത്രമല്ല, പ്രവേശനാനുമതി ലഭിക്കാനുള്ള മുദ്രകളും കാണിക്കേണ്ടിയിരുന്നു (കാണുക 3 ഹെനോ 48D:5). എട്ടാമത്തെ സ്വർഗത്തിന്റെ ആശയവും മെർക്കബാഹ് ടെക്സ്റ്റുമായി യോജിച്ചുപോകുന്നതാണ്. ഗ്നോസ്റ്റിക് ടെക്സ്റ്റിൽ പരമശക്തിയുടെ പേരെന്ന രീതിയിലാണ് ഓഗ്ദോദിനെ പലപ്പോഴും കണ്ടെത്തുക. സ്ക്കോളെം വാക്കിലെ സാധർമ്മ്യംകൂടി ഇവിടെ ചൂണ്ടിക്കാണിക്കുന്നുണ്ട്. മെർക്കബാഹ് ടെക്സ്റ്റിൽ അസബോഗാഹ് എന്ന വാക്കിലെ 3 തരം വ്യഞ്ജനാക്ഷരങ്ങൾ ഹീബ്രു ലിഖിതങ്ങളിലെ സംഖ്യാ സൂചകമനുസരിച്ചുള്ള കണക്കുകൂട്ടലിൽ എട്ട് എന്ന് സിദ്ധിക്കുന്നതായി സ്ക്കോളെം വാദിക്കുന്നു (ഗ്നോസ്റ്റിസിസം, PP. 6571 കാണുക. 3 ഹെനോ 18: 22). നാലാം കൽപ്പത്തിലെ അക്രോണിന്റെ ഗ്നോസ്റ്റിക് ടെക്സ്റ്റിൽ കാണുന്നത് ശ്ര

ദ്ധിക്കേണ്ടതുണ്ട്. ഒരിജൻ കണ്ടെത്തിയത് ഇയാവോ എന്നത് നാലക്ഷരങ്ങളുള്ള കർത്താവ് എന്ന അർത്ഥം വരുന്ന പദമെന്നാണ്. ഗ്നോസ്റ്റിക് രചനകളായ Pistis Sophia യിലും Book of Jeu ലും മഹാനായ ഇയാവോ എന്നും ചെറിയ ഇയാവോ എന്നും (Pistis Sophia യിൽ അധ്യായം 7-ലും (രണ്ടുതവണ) 86,140, Book of Jeu-Â അധ്യായം 50)കാണുന്നുണ്ട്. ഇത് മെർക്കബാഹ് ടെക്സ്റ്റിലുള്ള മഹത്തായ യാഹ്‌വേ എന്നും അത്രത്തോളം ഇല്ലാത്ത യാഹ്‌വേ എന്നുമുള്ള പദവികൾക്കു സദൃശമായിരിക്കാം ഇത് (3 ഹെനോ 48B : 1[44], 48D: 1[90]) (കാണുക Odeberg, 3 slt\mPt. 1. app.2. PP 188-92).

മെർക്കബാഹ് മിസ്റ്റിസിസത്തിലെയും ഗ്നോസ്റ്റിസത്തിലെയും സമാന്തരങ്ങളെ എങ്ങനെ വിശദീകരിക്കണമെന്നതിൽ നമുക്ക് വ്യക്തത പോരാ. മെർക്കബാഹ് മിസ്റ്റിസിസത്തെ ആദ്യകാലങ്ങളിൽ ഗ്നോസ്റ്റിസിസം സ്വാധീനിച്ചിരുന്നുവോ? ഈ രണ്ട് സമ്പ്രദായങ്ങളും പൊതുവായ പൈതൃക പാരമ്പര്യങ്ങളിൽനിന്ന് രൂപമെടുത്തതാണോ? പലസ്തീനിയൻ വെളിപാടുകൾപോലെയുള്ളവയിൽ നിന്നായിരിക്കുമോ ഇത് രൂപപ്പെട്ടത്? അതല്ലെങ്കിൽ മൂന്നാമതൊരു വിഭാഗം സമന്വയ ജാലവിദ്യപോലെ ഒരു പാരമ്പര്യത്തിൽ നിന്ന് മറ്റൊരു പാരമ്പര്യത്തിലേക്കു ഇടനിലക്കാരായി വർത്തിച്ച് കൈമാറിയതാണോ? ഇപ്പോഴത്തെ നമ്മുടെ അറിവനുസരിച്ച് അതിനുള്ള സാധ്യത വിരളമാണ്. ഈ സമാന്തര ഭാഗങ്ങളിലൂടെ കടന്നുപോകുമ്പോൾ കൂടുതലായൊന്നും ചിന്തിക്കേണ്ടതില്ല. അവഗണിക്കാനാവാത്ത വ്യത്യാസങ്ങൾ മെർക്കബാഹ് മിസ്റ്റിസിസവും ഗ്നോസ്റ്റിസിസവും തമ്മിലുണ്ട്.

ഗ്നോസ്റ്റിസിസത്തിൽ നന്മയുടെ അധീശശക്തിയും തിന്മയുടെ കാരണഭൂതനും തമ്മിൽ ശക്തമായ സംഘർഷമാണുള്ളത്. മെർക്കബാഹ് ടെക്സ്റ്റിലാകട്ടെ ഇന്ദ്രിയാതീതനായ ദൈവം മഹത്വത്തിന്റെ സിംഹാസനത്തിൽ സ്വയം വെളിപ്പെടുത്തുകയാണ്. ഇവിടെ ദൈവത്തിനു മുമ്പിൽ ശക്തനായ എതിരാളിയേയില്ല. ഗ്നോസ്റ്റിസിസത്തിൽ മരണശേഷമാണ് സ്വർഗ്ഗത്തിലേക്കുള്ള ആരോഹണം സാധ്യമാകുക. മെർക്കബാഹ് മിസ്റ്റിസിസത്തിലാകട്ടെ ജീവിച്ചിരിക്കുമ്പോൾ പലതവണ സ്വർഗ്ഗത്തിലേക്കു ആരോഹണം ചെയ്യാമെന്നാണ് പറയുന്നത്. മെർക്കബാഹ് മിസ്റ്റിസിസത്തിലെ സമാന്തരപരാമർശങ്ങൾ ഗ്നോസ്റ്റിസിസത്തിൽ മാത്രമല്ല കാണാനാവുക. ഹെർമെറ്റിക് രചനകളിലും കാൽദിയൻ പ്രവചനങ്ങളിലും മാജിക്കൽ പപ്പീറികളിലും (പാരീസിലെ മഹത്തായ മാജിക്കൽ പപ്പീറ

സ് എന്നു വിളിക്കുന്നവതന്നെ) കൂടുതൽ അകന്നവിധത്തിൽ റോമൻ മിത്രായിസത്തിലും നിയോപ്ലാറ്റോണിസത്തിലും കാണാനാകും. പുരാതന കാലത്തെ പാഗനിസത്തിലും മെർക്കബാഹ് ആശയങ്ങളോടു അടുപ്പം തോന്നാം. ഇ. ആർ. ഡോഡ്സ് ചൂണ്ടിക്കാണിച്ചിട്ടുള്ളത് എ.ഡി. രണ്ടാം നൂറ്റാണ്ടിൽ നിരവധി ഭക്തരായ വിജാതീയരുണ്ടായിരുന്നുവെന്നാണ്. ഇവർ ഗ്രീക്ക് മിത്തോളജിയിലെ ദേവന്മാരെ വിശ്വാതീതമായ രാജാവെന്നു ധരിച്ചിരുന്നു.

യഹൂദേതരമായ മതപരമായ ലോകത്തെ വീക്ഷണങ്ങൾ മെർക്കബാഹ് മിസ്റ്റിസിസത്തിന്റെ വെളിച്ചത്തിൽ പരിഗണിക്കുമ്പോൾ അവ എത്രത്തോളം അന്നത്തെ മതാത്മകമായ കാലത്തിനു അനുയോജ്യമെന്നു കാണാൻ കഴിയും. അതൊരു തീർത്തും ശുദ്ധമായ യഹൂദ മതാത്മക പ്രതിഭാസമല്ല. പുരാതന കാലത്തെ രാഷ്ട്രീയ, സാമൂഹിക ചരിത്രത്തിൽ പ്രവർത്തിച്ചിരുന്ന ശക്തികൾ രൂപപ്പെടുത്തിയതാണത്. ഈ ശക്തികളെ അടയാളപ്പെടുത്തുകയെന്നത് അത്യന്തം വിവേചനാശക്തിയുള്ള യത്നമാണ്. മാർക്കസ് ഔറേലിയൂസിന്റെയും കോൺസ്റ്റന്റൈന്റെയും കാലഘട്ടത്തിലെ പ്രശ്നഭരിതമായ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക വികാസ പരിണാമങ്ങളുടെ മതാത്മക ലോകവീക്ഷണങ്ങൾ മെർക്കബാഹ് മിസ്റ്റിസിസത്തോടു നമുക്ക് താരതമ്യപ്പെടുത്താനാകുമെന്ന് ഇ. ആർ. ഡോഡ്സ് പറയുന്നു. ഇത് അംഗീകരിക്കാനായി അദ്ദേഹം ഫെസ്തൂജിയെരയുടെ സൂക്തം ഉദ്ധരിക്കുന്നുണ്ട്. ദുരിതങ്ങളും മിസ്റ്റിസിസവും പരസ്പര ബന്ധമുള്ള കാര്യങ്ങളാണ്, ഒരളവുവരെ ഡോഡ്സ് പറയുന്നത് ശരിയാണ്. ഇവിടെ രസകരമായ ഒരു കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്. പ്രതിസന്ധികളുടെയും സംഘർഷങ്ങളുടെയും നാളുകളിൽ മെർക്കബാഹ് മിസ്റ്റിസിസം ആശ്വാസത്തിന്റെയും വിശ്വാസത്തിന്റെ വീണ്ടെടുപ്പിന്റെയും ഉറവിടങ്ങളായി മാറുമെന്ന് മെർക്കബാഹ് ടെക്സ്റ്റുകൾതന്നെ പഠിപ്പിക്കുന്നുണ്ട് (ഹെകലോട്ട് റബ്ബാറ്റി 4:4 5; BHM. Vol. 3; PP. 86f;കാണുക BM, Vol. 1, 74 ff, ഹെകലോട്ട് റബ്ബാറ്റി 13, BHM, Vol. 3, P.93). എന്നാൽ ദുരിതത്തെയും മിസ്റ്റിസിസത്തെയും വെറുതെ ബന്ധിപ്പിച്ചതുകൊണ്ട് കഥ പൂർണ്ണമാകുന്നില്ല. മെർക്കബാഹ് മിസ്റ്റിസിസം പലസ്തീനിയയിൽ മാത്രമല്ല, ബാബിലോണിയയിലും 8,9 നൂറ്റാണ്ടുകളിൽ പുരോഗതി പ്രാപിക്കുകയും വികാസം നേടുകയും ചെയ്തുവെന്ന കാര്യംകൂടി നാം കണക്കിലെടുക്കേണ്ടതുണ്ട്.

താത്ക്കാലിക സമാധി എന്ന പ്രതിഭാസം മെർക്കബാഹ് മിസ്റ്റിസിസത്തിൽ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. മ്സീഹ് മെർക്കബാ

ഹിന്റെ സാമൂഹികപരമായ പ്രവർത്തനത്തെക്കുറിച്ച് ആഴത്തിലുള്ള ധാരണാശേഷി നമുക്ക് ഇവിടെ ലഭിക്കുന്നു. താത്ക്കാലിക സമാധിയെന്ന പ്രതിഭാസം കൂടുതലായും തീരെ ദരിദ്രമായ സമൂഹങ്ങളിലാണ് അരങ്ങേറിയത്. ഇവിടെ നിർണ്ണായകമായ വ്യത്യാസം ദർശിക്കാനാകും. താത്ക്കാലികമായ സമാധി ദാരിദ്ര്യവുമായി ബന്ധപ്പെടുത്തിയുള്ള കലകളിലൂടെയുള്ള വികാര വിവേചനമായി ബന്ധപ്പെടുത്തുമ്പോൾ, അതൊരു പൊതുകാര്യമായി മാറുന്നു. കൂടുതൽ പേർ ഇങ്ങനെ താത്ക്കാലിക സമാധിയിലാകുന്നു. മെർക്കബാഹ് മിസ്റ്റിക്കുകൾ എണ്ണത്തിൽ കുറവാണ്. ഇവരുടെ താത്ക്കാലിക സമാധികൾ അരങ്ങേറിയത് ചെറിയ, കാവലേർപ്പെടുത്തിയിട്ടുള്ള രഹസ്യ സമ്മേളനങ്ങളിലായിരുന്നു. ഈ സജ്ജീകരണങ്ങൾക്കു പുറത്തുള്ള സമാധികളെ പിശാച്ബാധയായി കരുതിയിരുന്നു. മെർക്കബാഹ് താത്ക്കാലിക സമാധികൾ ഉന്നതകുല ജാതരായവരുടെ ചെറിയ സമൂഹങ്ങളിലാണ് നടന്നിരുന്നത്. അവർ ഇതിനെ ഷമാനിസ്റ്റിക് താത്ക്കാലിക സമാധിയെന്നു വിളിച്ചു. ഇവർ താത്ക്കാലിക സമാധിക്കു വിഷയമാകേണ്ടവ സംഘത്തിനുള്ളിൽതന്നെ തീരുമാനിക്കുന്നു. അതാകട്ടെ സമൂഹത്തിനു സമഗ്രമായുള്ള ഇവരുടെ പങ്കിനെ സൂചിപ്പിക്കുന്നു. മെർക്കബാഹ് താത്ക്കാലിക സമാധികൾ റബ്ബിനിക് സമൂഹത്തിലാണ് ഈദൃശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടിയിരുന്നത്. അവർ റബ്ബിമാരായ വിശാരദന്മാരുടെ അധികാരത്തെ താങ്ങിനിർത്തി. അവരെ വിശുദ്ധരായി, മതസമൂഹത്തിലെതന്നെ വിശുദ്ധരായി കണക്കാക്കുകയും ചെയ്തു. താത്ക്കാലിക പ്രതിഭാസം റബ്ബിമാരുടെ സമൂഹത്തിലെ പങ്കുമായും ബന്ധപ്പെട്ടിരുന്നു. റബ്ബി ഒരു വിദ്യാഭ്യാസ വിദഗ്ധൻ മാത്രമായിരുന്നില്ല. പൈശാചിക ശക്തികളിൽനിന്നു തന്റെ അറിവുകൊണ്ടും അധികാരംകൊണ്ടും സമൂഹത്തെ സംരക്ഷിക്കേണ്ട ബാദ്ധ്യതയും റബ്ബിമാർക്കുണ്ടായിരുന്നു. ദൈവത്തിനും മനുഷ്യനും മധ്യേയുള്ള ഒരു മധ്യസ്ഥനായിരുന്നു റബ്ബി. വരൾച്ചയുള്ളപ്പോൾ മഴയ്ക്കായി അവർ പ്രാർത്ഥിക്കും. അയാളുടെ വിശുദ്ധിമൂലം അയാൾക്കു ദൈവവുമായി അടുത്ത ബന്ധമാണുണ്ടായിരുന്നത്. സ്വർഗത്തിലേക്കു ആരോഹണം ചെയ്യാനും ദൈവത്തിന്റെ സിംഹാസനത്തിനു മുന്നിൽ എത്താനുള്ള കഴിവ് തന്റെ ധർമ്മങ്ങൾ അനുഷ്ഠിക്കാനുമായിട്ടാണ് അയാൾ ഉപയോഗപ്പെടുത്തിയിരുന്നത്. യഹൂദ സമൂഹത്തിൽ ഇങ്ങനെ റബ്ബിമാർക്കു പ്രാധാന്യം ലഭിച്ചുകൊണ്ടേയിരുന്നു, ഇതാകട്ടെ മെർക്കബാഹ് മിസ്റ്റിസിസം ഏറെ നാൾ സജ്ജീവമായി നിലനിൽക്കാൻ കാരണമാകുകയും ചെയ്തു.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

### പ്രപഞ്ചോത്പത്തിശാസ്ത്രം

പ്രപഞ്ചോത്പത്തിയെക്കുറിച്ചുള്ള മുഖ്യപ്രതിപാദ്യം മ്സീഹ് ബെരെസിറ്റിനെക്കുറിച്ചുള്ളതാണ്. മ്സീഹ് മെർക്കബാഹ് ടെക്സ്റ്റുകളിൽ പ്രപഞ്ചോത്പത്തിയെക്കുറിച്ച് നിരവധി പ്രതിപാദ്യങ്ങളുണ്ട്. മ്സീഹ് മെർക്കബാഹിലെ പ്രപഞ്ചോത്പത്തിപരമായ ഒരു ഘടകമെന്നു പറയുന്നത് സൗരയൂഥത്തിൽ ദൈവത്തിന്റെ സിംഹാസനം നിർണ്ണയിച്ചു നൽകാനും മനുഷ്യനും ഭൂമിയും തമ്മിലുള്ള ആകാശ സംബന്ധിയായ ബന്ധത്തിലേക്കു കൊണ്ടുവരുകയെന്നതുമാണ്.

3 ഹെനോക്ക് 17:1 3ലും 18:1 2 ലും പറയുന്നത് ഭൂമിക്കു മുകളിൽ ഏഴ് സ്വർഗങ്ങളുണ്ടെന്നാണ്. സാർവദേശീയമായിത്തന്നെ റബ്ബിനിക് സാഹിത്യത്തിലും മെർക്കബാഹ് ടെക്സ്റ്റിലും ഈ ഏഴ് സ്വർഗങ്ങൾ എന്ന പാരമ്പര്യമുണ്ട് (ഉദാ.b. Hag 12b; cf PRE 19) (ഉദാ. മെസ്സേക്കെറ്റ് ഹെ ലോട്ട് 4, BHM, Vol. 2, P. 42; റുയ്യോത്ത് യെസക്കേൽ BM, Vol. 2, P.130 എഡി. ഗ്രുവൻവാൾഡ് P. 115) മ്സീഹ് ബെരെസിറ്റ്, എഡി. സെഡ്, A 72 -123, 296 -369, B 60-112, 263 304). എന്തായാലും മറ്റ് ചില വീക്ഷണങ്ങളും സാന്ദർഭികമായി കണ്ടെത്തിയിട്ടുണ്ട്. ഹഗിഗാഹ് 12 ബിയിൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ച് 2 സ്വർഗങ്ങളേയുള്ളൂ. എന്നാൽ മിദ്രാസ് തെഹെല്ലിം 114 : 2-ൽ (എഡി. ബൂബർ, 236a) പ്രസ്താവിച്ചിട്ടുള്ളത് സ്വർഗങ്ങൾ മൂന്നുണ്ടെന്നാണ്. മെർക്കബാഹ് പാരമ്പര്യമനുസരിച്ച് ഏഴാം സ്വർഗത്തിനു മുകളിലും സ്വർഗമുണ്ടത്രേ. എസെക്കിയേൽ 1 : 22 പരാമർശമാണ് ഇതിനാധാരം. ഇതിൽ ഏറ്റവും പരിധിവിട്ട ചിന്ത എന്നു പറയുന്നത് ഏഴാം സ്വർഗത്തിനു മുകളിൽ 955 സ്വർഗങ്ങളുണ്ടെന്നതാണ് ! (3 ഹെനോ 48A: 1; മെസ്സേക്കെറ്റ് ഹെകലോട്ട് 7, BHM, Vol. 2, P.45).

3 ഹെനോക്ക് 18-ൽ സ്വർഗങ്ങൾ വെറുതെ ഒന്ന്, രണ്ട്, മൂന്ന് സംഖ്യാക്രമത്തിൽ എണ്ണുന്നു. 17-ാം അധ്യായത്തിലാകട്ടെ അവയ്ക്കു പേരുകളുണ്ട് (ആരബോട്ട്, മാഓൺ എന്നിങ്ങനെ) (കാണുക 3 ഹെനോ. 38: 1). മറ്റു ടെക്സ്റ്റുകളിലും ഈ പേരുകൾ കാണുന്നുണ്ട്. ചില നേരിയ അഭിപ്രായ വ്യത്യാസങ്ങളുണ്ടെന്നു മാത്രം. 3 ഹെനോക്ക് 17 കൃത്യമായി ഹഗീഗാഹ് 12a യുമായി ഒത്തുപോകുന്നുണ്ട്. മൂന്നാം നൂറ്റാണ്ടിലെ പലസ്തീനിയൻ റേഷ് ലാകിഷിലാണ് ഇത് കാണാനാവുക. ഒന്നാം സ്വർഗം ആവരണമെന്ന പേരിലാണുള്ളത്. അധോസ്വർഗങ്ങളെയും ഉപരി സ്വർഗങ്ങളെയും വേർതിരിക്കുന്ന

താണിത്. പ്രകാശവും ഇരുട്ടും മാറിമാറിയുണ്ടാകുന്നത് ഇവയുടെ കവചം തുറക്കുകയും അടയ്ക്കുകയും ചെയ്യുമ്പോഴാണത്രേ.

പ്രപഞ്ചോത്പത്തി സംബന്ധിച്ചു കൂടുതൽ കാര്യങ്ങൾ 3 ഹെനോക്കിൽ കാണാം. അവ താഴെ: (1) 17 : 47 ൽ ഹ്രസ്വമായ ഒരു ജ്യോതിർശാസ്ത്ര വിവരണത്തിൽ സ്വർഗീയശരീരങ്ങൾ എന്നു വിവരിക്കാവുന്ന നിശ്ശേഷ്ടമായ കൂട്ടങ്ങൾ എന്നപോലെ സ്വർഗത്തിലെ മാലാഖമാർക്കിടയിലൂടെ നീങ്ങുന്നു. (2) 14: 3-4-ൽ ഒരുപറ്റം മാലാഖമാർ ഭൂമിയിലെ അഗ്നി, മഴ, കൊടുങ്കാറ്റ് മുതലായവയെ നിയന്ത്രിക്കുന്നു. (3) 41: 13 ൽ പ്രപഞ്ചം സൃഷ്ടിച്ച വിജ്ഞാനത്തെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ (4) 42 : 17ൽ എതിർ ഘടകങ്ങളുടെ (ചൂട്ഃതണുപ്പ് ഉദാഹരണം) നിയന്ത്രണമുള്ള ദൈവിക നാമങ്ങളെക്കുറിച്ചുള്ള ഊഹാപോഹങ്ങൾ.

**സ്വർഗീയ ലോകം**

ഏഴാം സ്വർഗമെന്നു പറയുന്നത് ദൈവത്തിന്റെ വാസസ്ഥാനമാണ്. ഏഴ് സ്വർഗ്ഗങ്ങൾ (ഹെകലോട്ട്) ഏകകേന്ദ്രമായി സംവിധാനം ചെയ്തിരിക്കുന്നു (3 ഹെനോ. 18 : 3, കാണുക 1: 12; 7; 37;1 ഹെകലോട്ട് റബ്ബാറ്റി 1516 BHM, Vol.3, P. 94, മസ്സകെറ്റ് ഹെകലോട്ട് 4, BHM, Vol. 2, P.42). കൊട്ടാരമെന്നതിനായി ഉപയോഗിച്ചിരിക്കുന്ന ഹെകൽ എന്ന പദം ഒരേസമയം കൊട്ടാരത്തെയും ദേവാലയത്തെയും സൂചിപ്പിക്കുന്നു. രാജകീയ ഭാവവും പരിശുദ്ധിയും അതിനാൽ ഇവിടെ സൂചിപ്പിക്കപ്പെടുന്നു. മെർക്കബാഹ് പാരമ്പര്യത്തിൽ ഏഴ് സ്വർഗങ്ങളുടെയും വിവരണം പ്രത്യേക വിധത്തിലാണ്. എന്നാൽ ഇത് മെർക്കബാഹ് ടെക്സ്റ്റുകളിൽ കാണാനില്ല. റിയൂയോട്ട് എസക്കേലിന്റെ ആദ്യകാല രചനയിലും ഈ പരാമർശമില്ല. ഇത് പാരമ്പര്യമായി ഹഗിഗാഹ് 11 b 16a -ൽ പ്രത്യക്ഷപ്പെടുന്നില്ല. നാം മുകളിൽ സൂചിപ്പിച്ചതുപോലെ അകീബായുടെ പരാമർശത്തോടുള്ള പരോക്ഷമായുള്ള 'കറകളഞ്ഞ മാർബിളിന്റെ ശിലകൾ' (14a) ഏഴ് സ്വർഗങ്ങൾ (ഹെകലോട്ട്) എന്നതിനോടു അനുരൂപമായ ആശയങ്ങൾ നിരവധി സ്ഥലങ്ങളിലുണ്ട്. സെപെർഹെരസിം ഏഴ് സ്വർഗീയ വാസസ്ഥലങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. ഹഗിഗാഹ് 13a - യിൽ ദൈവത്തിന്റെ അന്തർമന്ദിരങ്ങളെക്കുറിച്ചും ബാഹ്യവസതികളെക്കുറിച്ചും പറയുന്നു. 1 ഹെനോ. 14: 10 17 ൽ (കാണുക. 1 ഹെനോ. 71: 5-9) ദൈവത്തിന്റെ വസതിയെക്കുറിച്ച് പറയുന്നുണ്ട്. ഒരു മന്ദിരത്തിനുള്ളിൽ മറ്റൊരു മന്ദിരമെന്നത് അനുസ്മരിക്കുന്നത് മെർക്കബാഹ് സാഹിത്യത്തിൽ ഏഴ് സ്വർഗങ്ങളെ വിവരിക്കാൻ ഉപയോഗിച്ച ഭാഷയാണ്. പ്രപഞ്ചോത്പത്തി സംബന്ധിച്ച

ഊഹാപോഹങ്ങളിൽനിന്നാണ് മ്സീഹ് മെർക്കബാഹിന്റെ ഏഴ് കൊട്ടാരങ്ങൾ എന്ന ആശയമുണ്ടായത്. 3 ഹെനോ. 18 ലാകട്ടെ രണ്ട് ആശയങ്ങൾ സംയോജിപ്പിക്കപ്പെടുന്നു. ഏഴാം സ്വർഗത്തിൽ ഏഴ് കൊട്ടാരങ്ങൾ എന്നായി കൂടിച്ചേരുകയാണ്. ഇതാകട്ടെ സ്വതന്ത്രമായ രണ്ട് പാരമ്പര്യങ്ങൾ ഒരുമിച്ചു ചേരുന്നതായി മാറുന്നു.

സ്വർഗീയ ലോകത്തിന്റെ കേന്ദ്രസ്ഥാനം മെർക്കബാഹ് ആണ്. ഏഴ് സ്വർഗങ്ങളുടെയും ഏറ്റവും ഉള്ളിലായി മഹത്വത്തിന്റെ സിംഹാസനം വിരാജിക്കുന്നത് ഇവിടെയാണ്. മെർക്കബാഹിന്റെ ദൈഹിക ആകാരങ്ങൾ വ്യക്തമായി ദൃശ്യവത്കരിച്ചിട്ടില്ല എങ്കിലും (കാണുക. 3 ഹെനോ. 25 : 2 ഉം 22:12 ഉം 48:C4 ഉം) പൊതുവായി സ്വർഗത്തിന്റെ സ്ഥലവർണ്ണന തൃപ്തികരമായി നടത്തിയിട്ടുണ്ട് (കാണുക 3 ഹെനോ. 37). ഇതാകട്ടെ ഭയാവഹമായ ഒരു മഹിമയുടെ അന്തരീക്ഷം സൃഷ്ടിക്കാനാണ്. മാലാഖമാരുടെ ഹയരാർക്കികൾക്ക് അനുസൃതമായിട്ടാണ് മെർക്കബാഹിന്റെ രൂപകൽപന. ഇതിന്റെ ദൈഹിക ഘടകങ്ങൾ ആത്മീയവത്ക്കരിക്കാനുള്ള ഒരു ശ്രമം കാണാം.

സ്വർഗീയ ലോകത്തിൽ ശേഷിച്ച ഭാഗത്തിനു പെട്ടെന്നു ദൃശ്യമാകാതിരിക്കാൻ സ്വർഗത്തിലെ സിംഹാസനം ഒരു തിരശ്ശീലയാൽ വേർതിരിച്ചിട്ടുണ്ട്. ദൈവിക മഹത്വത്തിന്റെ സമ്പൂർണ്ണ പ്രകാശം മാലാഖമാരിൽ പതിക്കാതിരിക്കാൻ ഈ തിരശ്ശീല സഹായിക്കുന്നു. ഇതാകട്ടെ ദൈവത്തിന്റെ ആത്യന്തികമായ ദുർഗ്രഹതയെ പ്രതീകവത്ക്കരിക്കുന്നു. ദൈവത്തിന്റെ രഹസ്യങ്ങൾ ദൈവത്തിനു മാത്രമേ അറിയൂ എന്നു ചുരുക്കം. 3 ഹെനോക്ക് 45-ൽ മെറ്റാട്രോൺ ഇഷ്മായേലിനെ തിരശ്ശീലയിൽ ആദം മുതൽ മെസയാനിക് യുഗം വരെ ആലേഖനം ചെയ്തിരിക്കുന്നത് കാണിച്ചു കൊടുക്കുന്നുണ്ട്.

ദാനിയേൽ 7: 10-ൽ ഉള്ളതുപോലെ മെർക്കബാഹ് ടെക്സ്റ്റിൽ മഹത്വത്തിന്റെ സിംഹാസനത്തിന്റെ അടിയിൽനിന്നുള്ള ഒരു അഗ്നി പ്രവാഹത്തെക്കുറിച്ച് പറയുന്നു (3 ഹെനോ. 36: 1). സാന്ദർഭികമായി ഒന്നിലധികം അഗ്നി പ്രവാഹങ്ങളെക്കുറിച്ച് സൂചനകളുണ്ട്. (3 ഹെനോ. 19 : 4; 33: 4; 37:1). അഗ്നിപ്രവാഹത്തിന്റെ പ്രവർത്തനങ്ങൾ പല സന്ദർഭങ്ങളിൽ പല പ്രകാരത്തിലാണ്. ദൈവിക വിധി നടപ്പാക്കുമ്പോഴുള്ള ദൈവത്തിന്റെ ക്രോധമായി ഇതിനെ കാണാം (18: 19; 21; 33: 45). ഇത് ചിലപ്പോൾ ഒരു വിശുദ്ധ സ്ഥലത്തിന്റെ വിവരണവുമാകാം. അഗ്നിപ്രവാഹത്തിലാണ് മാലാഖമാർ സ്നാനം ചെയ്യുന്നത്. ദൈവത്തെ സ്തുതിക്കുന്നതിനുമുമ്പാണ് ഈ സ്നാനം (36 : 2). ഈ പ്രതിപാദ്യത്തിൽ അഗ്നി നദികൾക്കു മുകളിലൂടെ

യുള്ള പാലങ്ങളും സങ്കല്പിക്കപ്പെടുന്നുണ്ട് (22: B1; with n.b; 22: C:1).

ദിവ്യമായ കൊട്ടാരങ്ങളിൽ നിരവധി ഖജനാവുകളും കലവറകളുമുണ്ട്. ഇതിൽ ചിലത് പ്രകൃതിയുടെ പ്രതിഭാസമായ മഞ്ഞ് (22 B: 3;4) ഇടിമിന്നൽ (37 : 2) എന്നിവ ഉൾപ്പെടുന്നതാണ്. മറ്റുള്ളവ ആത്മീയ സമ്മാനങ്ങളാണ് - ജ്ഞാനം, സമാധാനം, സ്വർഗത്തെക്കുറിച്ചുള്ള ഭയം (48 D : 2, Varia lectio, cf. 1: 11; 8: 11). കൂടാതെ രേഖാശേഖരങ്ങളുണ്ട്. സ്വർഗീയ നിയമങ്ങളുടെ കോടതി രേഖകൾ ഇവിടെയാണ് സൂക്ഷിച്ചിട്ടുള്ളത്. ജീവികളുടെ ഒരു ശേഖരത്തെക്കുറിച്ചും ഇവിടെ പരാമർശമുണ്ട്.

**ദൈവം**

3 ഹെനോക്കിലും മറ്റ് മെർക്കബാഹ് ടെക്സ്റ്റുകളിലും ദൈവത്തെക്കുറിച്ചുള്ള അടിസ്ഥാനപരമായ ഊന്നൽ ഇന്ദ്രിയാതീതത്വത്തിലാണ്. ദൈവത്തിന്റെ ഇന്ദ്രിയാതീതത മൂന്നു പ്രധാന മാർഗങ്ങളിലൂടെയാണ് പ്രസ്താവിച്ചിട്ടുള്ളത്.

ഒന്നാമത്, ദൈവം വിസ്തൃതി സങ്കല്പമനുസരിച്ച് ഏറെ അകലെയാണ്. പ്രപഞ്ചോത്പത്തി ശാസ്ത്രത്തിൽ ഈ ആശയം ഉള്ളടങ്ങിയിട്ടുണ്ട്. ദൈവം വസിക്കുന്നത് ഏഴാം സ്വർഗത്തിലെ ഏഴാമത്തെ കൊട്ടാരത്തിലാണ്. മെർക്കബാഹ് ടെക്സ്റ്റുകളിൽ വിവിധ സ്വർഗങ്ങൾ തമ്മിലുള്ള അകലം നമുക്ക് ഗ്രഹിക്കാനാവാത്ത വിധത്തിലാണെന്നാണ് പറയുന്നത്. കാണുക: ഹഗിഗാഹ് 13a; മ്സെക്കെറ്റ് ഹെകലോട്ട് 4 (BHM.Vol. 2, P.43) റിയൂട്ട് യെഹെസ്തൽ (BM,Vol. 2,P 131. എഡി. ഗ്രുവെൻ വാൾഡ്, P. 121). സ്വർഗങ്ങളുടെ വിസ്തൃതിയുടെ ഘടകങ്ങളാണ് 3 ഹെനോക്ക് 22 C യിലുള്ളത്.

രണ്ടാമതായി, ദൈവം മനുഷ്യന് അപ്രാപ്യമായവിധം ഏറെ ഉയരത്തിലാണ്. ഏഴ് ഏകകേന്ദ്ര കൊട്ടാരങ്ങൾക്കുള്ളിലാണ് ദൈവത്തിന്റെ സിംഹാസനം. ഓരോ കൊട്ടാരത്തിന്റെ വാതിൽക്കലും ഉഗ്രരൂപങ്ങളായ കാവൽമാലാഖമാർ വഴി തടഞ്ഞു നിൽക്കുന്നുണ്ട്. ഈ കാവൽക്കാരായ മാലാഖമാർ മാത്രമല്ല, പൊതുവേ എല്ലാ മാലാഖമാരും മനുഷ്യനെ എതിർക്കുന്നവരാണ് (3 ഹെനോ 1:67; 2:2; 5:10; 6:2; 15 B: 2). മനുഷ്യനോടു വിരോധമുള്ള ഈ മാലാഖമാർ ദൈവത്തിന്റെ സിംഹാസനത്തിനു ചുറ്റും പ്രതിരോധവൃത്തം ചമയ്ക്കുന്നു. ദൈവത്തിന്റെ പരിശുദ്ധിക്ക് ചുറ്റുമുള്ള അമൂർത്തമായ ശക്തികളെന്നാണ് അവരെ കരുതുന്നത്.

മൂന്നാമതായി ദൈവത്തിന്റെ ഇന്ദ്രിയാതീതത 3 ഹെനോക് 5:10 -14 ലെ ഒരു കഥയിലൂടെയാണ് അനാവരണം ചെയ്യുന്നത്. ഭൂമിയിൽനിന്ന് തന്റെ ഷെക്കിനാ (കൂടാരം) പിൻവലിച്ചുവെന്ന കഥയാണിത്. ഒരാളോടു കൂടിയോ ഒരു സംഘം ആളുകളോടൊപ്പമോ ദൈവസാന്നിധ്യമുള്ള ഇടമാണ് ഷെക്കിനാ എന്നു വിളിക്കുന്നത്. ദൈവത്തിന്റെ സാന്നിധ്യം ഷെക്കിനായിൽ ഉണ്ടായിരിക്കും. 3 ഹെനോക്കിൽ ഷെക്കിനായെക്കുറിച്ച് വളരെ വ്യക്തമായി വിവരിക്കുന്നുണ്ട്. അവിടെ തെളിഞ്ഞ പ്രകാശമുണ്ടായിരിക്കും. ശോഭയാർന്ന മേഘമുണ്ടായിരിക്കും. ദൈവത്തിന്റെ സാന്നിധ്യം അറിയിച്ചുകൊണ്ട് മേഘം ആലയത്തിൽ നിറഞ്ഞതിനെയാണ് ഇത് അനുസ്മരിപ്പിക്കുക (1 രാജാ 8:10; ലേവ്യ 16:2 ; കാണുക സംഖ്യ 12: 4; ഗീതം R 3:8). 3 ഹെനോക്ക് 5: 1 14 അനുസരിച്ച് ഏദനിൽനിന്ന് ആദാമിനെ പുറത്താക്കിയതിനു ശേഷം ഷെക്കിനാ ഭൂമിയിൽതന്നെയുണ്ടായിരുന്നു. എന്നാൽ അതിനുശേഷം ആദാമിന്റെ മൂന്നാം പേരുകാരനായ ഹെനോഷിന്റെ തലമുറയോടുകൂടി ദൈവം അത്യുന്നത സ്വർഗത്തിൽ താമസിക്കാനാരംഭിച്ചു.

മഹത്വത്തിന്റെ സിംഹാസനത്തിൽ ആരാണ്, എന്താണ് ആസനസ്ഥമായിരിക്കുന്നതെന്നും, അവൻ എങ്ങനെയാണ് പ്രതിനിധീകരിക്കുന്നതെന്നുമുള്ള പ്രശ്നം മെർക്കബാഹ് മിസ്റ്റിക്കുകളെ വല്ലാതെ അലട്ടിയിരുന്നു. 3 ഹെനോക്കിൽ പറയുന്നത് സിംഹാസനത്തിലുള്ളത് ഷെക്കിനായാണെന്നാണ് (കാണുക ഉദാ. 18: 19 ; 24; 22:13; 16; 24 : 15; 28 : 2; 37 : 1; 39 : 1 ). വായിച്ചുപോകുമ്പോൾ മാത്രമാണ് നമുക്ക് ഇത് കാണാനാവുക. 3 ഹെനോക്കിൽ ദൈവത്തിന്റെ വാസസ്ഥലമെന്നത് സിംഹാസനമായി ചുരുക്കുന്നുണ്ട്. ഈ മൗനം ഭജിക്കൽ മാലാഖമാരുടെ ശ്രേണീപദവികൾപോലും വിവരിക്കുന്നതിനോടു വൈരുദ്ധ്യമുള്ളതുമാണ്. ഇതാകട്ടെ സിയൂർ ക്യുയോമയുടെ മിസ്റ്റിക്കൽ പാരമ്പര്യങ്ങളിൽനിന്ന് അകലെയാണുതാനും. സിയൂർ ക്യുയോമയിൽ ദൈവമഹത്വത്തിനു ഒരു ആകൃതി നൽകുന്നുണ്ട്. ഇതനുസരിച്ച് ദൈവത്തിനു ഭീമാകാരമായ ഒരു മനുഷ്യ പ്രകൃതിയാണുള്ളത്. 3 ഹെനോക്കിലെ ഊഹവുമായി ഇതിനൊരു ബന്ധവും കാണാനാവില്ല.

മെർക്കബാഹ് ടെക്സ്റ്റിൽ ദൈവം ഒരു ചക്രവർത്തിയെപോലെയും മാലാഖമാർ രാജസദസ്സിലുള്ളവരെപോലെയുമാണ് വിവരിച്ചിട്ടുള്ളത്. ദൈവത്തിനു സ്വർഗീയ കൊട്ടാരം, സിംഹാസനം. ഓട്ടോമൻ രാജഭരണകാലത്തെ സൂചിപ്പിക്കുന്ന ഉന്നത ഭരണാധികാരിയെന്ന മട്ടിൽ മെറ്റട്രോൺ (Vizier) എന്ന പദമാണ് ഇവിടെ ഉ

പയോഗിച്ചിരിക്കുന്നത്. ചക്രവർത്തിയെപോലെതന്നെ ഖജനാവും കലവറകളുമെല്ലാം ദൈവത്തിനുണ്ട്. 3 ഹെനോക്കിലെ സ്വർഗീയ രാജസദസ്സുകൾ ഭൂമിയിലെ രാജാക്കന്മാരുടെ രാജസദസ്സുകൾ അനുസ്മരിപ്പിക്കുന്നുണ്ട്. ശ്രദ്ധേയമായ കാര്യം മാലാഖമാരുടെ ഗണത്തെ സ്വർഗീയ ഭവനത്തിലുള്ളവർ എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത് (Pamalya Selema alah : 3 ഹെനോ, 18 : 21; കാണുക 12: 5; 16:1). ഇതാകട്ടെ മോചിപ്പിക്കപ്പെട്ട രാജകീയ അടിമകളെ ഉൾപ്പെടുത്തി രൂപീകരിച്ച റോമൻ സിവിൽ സർവീസിനെ ഓർമ്മിപ്പിക്കുന്നുണ്ട്. മാലാഖമാർ ദൈവത്തിന്റെ രാജകീയ ഉദ്യോഗസ്ഥരാണ് ഇവിടെ. മെർക്കബാഹ് ടെക്സ്റ്റുകളിൽ സ്വർഗീയ ലോകത്തെ ഒരു ഏകാധിപതിയുടെ ഭരണ സംവിധാനത്തോടാണ് ഉപമിച്ചിട്ടുള്ളത്. ഇവിടെ ചക്രവർത്തിയെ സമീപിക്കാൻ മദ്ധ്യസ്ഥരോ അതല്ലെങ്കിൽ സങ്കീർണ്ണമായ ഭരണതലമോ കടന്നുവേണമെന്നാണ് സൂചന. ഇതാകട്ടെ ബൈസെന്റൈൻ കാലഘട്ടത്തുള്ള ഏകാധിപതികളുടെ ഭരണ സംവിധാനത്തെ സൂചിപ്പിക്കുന്നുമുണ്ട്.

**സ്വർഗീയ അന്തേവാസികൾ**

മെർക്കബാഹ് മിസ്റ്റിസിസത്തിൽ മാലാഖമാർ കേന്ദ്രസ്ഥാനത്തുണ്ടെന്നതു നേരാണ്. പക്ഷേ മെർക്കബാഹ് രചനകളിൽ മാലാഖമാർക്കു ഐകരൂപമൊന്നുമില്ല. 3 ഹെനോക്കിൽ മാലാഖമാരെ സംബന്ധിച്ചുള്ള മൂന്ന് ശാസ്ത്രീയ വിശകലനങ്ങൾ കാണാം (അധ്യായം 17, അധ്യായം 18, അധ്യായം 19–22 ഉം 25: 1–28: 6). മറ്റു ചില സാമ്പ്രദായിക ക്രമങ്ങളുടെ ശകലങ്ങളും കാണാനുണ്ട്.

പൊതുവേയുള്ള റബ്ബിനിക് വീക്ഷണമനുസരിച്ച് മാലാഖമാർ ഭയമുളവാക്കുന്നവരാണെന്നത് 3 ഹെനോക്കിലും സമ്മതിക്കുന്നുണ്ട് (അധ്യായം 7 ഉം 15 ഉം). ഉന്നതരായ മാലാഖമാർക്കു മനുഷ്യരൂപമാണത്രേ ഉള്ളത്. അവയെ വാളും അമ്പുമെല്ലാമായി യോദ്ധാക്കളായിട്ടാണ് ചിത്രീകരിച്ചിട്ടുള്ളത്. വിവിധ വിവരണങ്ങളിൽ മനുഷ്യരായും ആത്മാക്കളായും മനുഷ്യകുലത്തിനു മുമ്പിൽ മാലാഖമാർക്കു പ്രത്യക്ഷപ്പെടാൻ കഴിയുമെന്ന് പറഞ്ഞിരിക്കുന്നു.

എണ്ണമറ്റ മാലാഖമാരെ ഓരോ ഗണങ്ങളായി തിരിച്ചിട്ടുണ്ട്. ഗണങ്ങളെ ഹയരാർക്കികളായും. 3 ഹെനോക്കിലുള്ള മാലാഖമാരെക്കുറിച്ചുള്ള വിവരണം ഇങ്ങനെ (3 ഹെനോ 19–22; 25 : 128 :6): പൊതുവായ മാലാഖമാർ ഗൽഗല്ലിം, ജീവികൾ, കെരൂബുകൾ, ഓഫാനിം, സെറാഫിം, കാവൽക്കാർ, പരിശുദ്ധർ. മാലാഖമാരുടെ മറ്റൊരു ഗണത്തെ വേറൊരിടത്തു പേരെടുത്തു പറയുന്നു. : ഹസ്

മല്ലിം -സിനാനിം, (അധ്യായം 7) എലിം, എറെല്ലിം, ടപ്സാരിം (14:1) എലോഹിം (15 B: 1, n.c).

മെർക്കബാഹ് മിസ്റ്റിസിസത്തിൽ മാലാഖമാരുടെ പേരുകളെപ്പറ്റി ഏറെ താൽപര്യം പുലർത്തുന്നുണ്ട്. ഇത് ഭാഗികമായി അനുഷ്ഠാനപരമാണ്. (theurgical). മാലാഖമാരുടെ പേരുകൾ അറിഞ്ഞാൽ മാത്രമേ അവരെ ഉണർത്താനാകൂ (കാണുക. ഉദാ. ഹെകലോട്ട് റബ്ബാറ്റി 14 : 4, BHM. Vol. 3, P.94). മെർക്കബാഹ് രചനകളിൽ നിറയെ മാലാഖമാരുടെ പേരുകളാണ്. ഇവയാണ് വിവിധതരത്തിലുള്ളവ: (1) ചിലത് മിഖായേലും ഗബ്രിയേലും പോലുള്ളവർ ബൈബിളിലും പാരമ്പര്യങ്ങളിലുമുണ്ട്. മറ്റുള്ളവർ ദൈവത്തിനു ചുറ്റും പ്രതിരോധം തീർക്കുന്നവരാണ്. ഇവരിൽ ചിലരുടെ പേരുകൾ അവരുടെ ദൗത്യത്തെ സൂചിപ്പിക്കുന്നു. ഇടിമിന്നലിന്റെ മാലാഖയുടെ പേര് ഉദാഹരണം. ബരാക്കിയേൽ എന്നാണ് ഈ പേര് (3 ഹെനോ. 14:4). ചില പേരുകൾ ദൈവത്തിന്റെ സൂചകമായ യാഹ് (കർത്താവ്) കൂട്ടിച്ചേർത്തവയാണ്. ഉദാ. സൂര്യാഹ്. (2) മറ്റൊരു സംഘത്തിന്റെ പേരുകൾ സംഖ്യാസൂചകമായ മാജിക്കൽ രൂപമുള്ളവയാണ്. അതെല്ലാം എട്ടിൽ അവസാനിക്കുന്നവയായിരിക്കും. ഉദാ. അസ്ബോഗാഹ് (3 ഹെനോ. 18: 22). ഈ പേര് വ്യഞ്ജനാക്ഷരങ്ങളുടെ മൂന്നു ജോഡികൾകൊണ്ട് രൂപപ്പെടുത്തിയതാണ്. (3) മറ്റ് ചില മാലാഖമാരുടെ പേരുകൾ വിദേശ ഭാഷകളിൽനിന്നുള്ളവയാണ്. പ്രത്യേകിച്ചും ഗ്രീക്ക്. (4) ഉന്മാദാവസ്ഥയിൽ ഉച്ചരിക്കുന്ന അർത്ഥമില്ലാത്ത വാക്കുകളിൽനിന്ന് രൂപം കൊണ്ടവ.

മെർക്കബാഹ് രചനകളിൽ സുപ്രധാനമായ മാലാഖമാരുടെ ദൗത്യകേന്ദ്രങ്ങൾ കാണാനാകും. വിവിധ മാലാഖമാർ വിവിധ പാരമ്പര്യങ്ങൾക്കു അനുസരിച്ചാണ് ഇവിടെ നിയോഗിക്കപ്പെടുക. ഇത് സ്ഥിരമായിരിക്കുകയും ചെയ്യും.

(1) ഏതു നേരത്തും ദൈവത്തെ സമീപിക്കാവുന്ന മാലാഖയാണ് ഇവരിൽ ഒരാൾ (കാണുക. 3 ഹെനോ. 8 : 1; 48 C: 7, ഹെകലോട്ട് റബ്ബാറ്റി 11: 1 BHM, Vol. 3, P. 91). ഈ മാലാഖയുടെ പരാമർശം തിരശ്ശീലയുമായി ബന്ധപ്പെട്ടതാണ്: മസെകെറ്റ് ഹെകലോട്ട് 7 ശ്രദ്ധിക്കുക (BHM,Vol. 2 P. 46). 3 ഹെനോക്കിൽ ഈ പേരുകാരൻ മെറ്റട്രോൺ ആണ്. മറ്റുള്ളവർ, പ്രത്യേകിച്ചും സൂര്യാഹ് (ഹെകലോട്ട് റബ്ബാറ്റി 14 :4 BHM Vol. 3, P.94) ഇതേ പദവി വഹിക്കുന്നുണ്ട്. ഏശയ്യാ 63: 9-ൽ നിന്ന് ലഭിച്ചതാകാം ഈ പേര് (കാണുക തോബിത് 12: 15; ജൂബിലികൾ 1: 27, ഹെകലോട്ട് റബ്ബാറ്റി 3:3 (BHM,Vol. 3, P.85). എസ്തേറിന്റെ ഗ്രന്ഥത്തിലെ 1:14 ൽ രാജാവി

ന്റെ മുഖം ശ്രദ്ധിച്ചു കൊണ്ടിരുന്ന പേർഷ്യയിലെയും മേദിയായിലെയും ഏഴ് രാജകുമാരന്മാരെക്കുറിച്ചുള്ള പരാമർശം കാണാം.

(2) തോറയുടെ രാജകുമാരൻ എന്നത് തോറ ആഴത്തിലും അതിന്റെ ദുർഗ്രഹത നീക്കിയും മനസ്സിലാക്കാൻ സഹായിക്കുന്നു. ഇതേ മാലാഖയാണ് പഠിച്ചത് മറക്കാതിരിക്കാൻ സഹായിക്കുന്നത് (ഹെകലോട്ട് റബ്ബാററി 30 : 2 BHM.Vol 3 P.107, മ്സീഹ് മെർക്കബാഹ് 13. എഡി. സ്ക്കോളെം P. 109). 3 ഹെനോ. 48 D : 4 ൽ തോറായുടെ രാജകുമാരനെ യപ്പിപ്യാഹ് എന്നും വിളിക്കുന്നു. സീനായ് മലയിൽവച്ച് കൽപനകൾ ലഭിച്ചപ്പോൾ മറന്നു പോയത് മോശയെ ഓർമ്മിപ്പിക്കുന്നത് ഈ മാലാഖയാണ്. വിദ്യയുടെ മാലാഖ ജ്ഞാനത്തിന്റെ മാലാഖ എന്നും തോറായുടെ രാജകുമാരൻ എന്നും പേരുകൾ ഉള്ളതായി ഗ്രുവെൻ വാൾഡ് എഡിറ്റ് ചെയ്ത ഗ്രന്ഥങ്ങളിൽ കാണുന്നുണ്ട്.

(3) രാജ്യങ്ങളുടെ രാജകുമാരന്മാർ. ദാനിയേലിന്റെ ഗ്രന്ഥത്തിൽ നിന്ന് (10:20 21) രൂപപ്പെട്ടതാണ് ഈ പദപ്രയോഗം. 3 ഹെനോക്കിൽ പറയുന്നത് ഓരോ രാജ്യത്തെയും പ്രതിനിധീകരിച്ച് സ്വർഗത്തിൽ ഓരോ മാലാഖമാരുണ്ടായിരിക്കുമെന്നാണ് (കാണുക. 1 ഹെനോ 89:59). സ്വർഗീയ കോടതിയിൽ ഈ മാലാഖമാരായിരിക്കും ആ രാജ്യത്തിനുവേണ്ടി സംസാരിക്കുക. 3 ഹെനോക്കിൽ റോമിന്റെ രാജകുമാരനായി സമ്മായേലിനെയും പേർഷ്യയുടെ രാജകുമാരനായി ഡബ്ബിയേലിനെയും (26:12) ഇസ്രായേലിന്റെ രാജകുമാരനായി മിഖായേലിനെയും (44:10) അവതരിപ്പിക്കുന്നുണ്ട്.

(4) ലോകത്തിന്റെ രാജകുമാരൻ. രാജ്യങ്ങളുടെ രാജകുമാരന്മാരിൽനിന്നും തികച്ചും വ്യത്യസ്തനാണ് മുഴുവൻ ലോകത്തിന്റെയും രാജകുമാരൻ. റബ്ബിനിക് രചനകളിൽ ഈ രാജകുമാരനെപ്പറ്റി പരാമർശമുണ്ട്. പക്ഷേ ഇത് ഒരു മങ്ങിയ പരാമർശമാണ് (b.Yeb 16 b, b. Hull 60a, b. Sanh 94 a; ExR 17 : 4). 3 ഹെനോക്ക് 20:2 -ൽ പറയുന്നത് രാജ്യങ്ങളുടെ രാജകുമാരന്മാരുടെമേൽ ലോകത്തിന്റെ രാജകുമാരന് അധികാരമുണ്ടെന്നാണ്. ലോകത്തിനുവേണ്ടി സ്വർഗീയ കോടതിയിൽ ഹാജരാകുന്നതും ഇതേ രാജകുമാരൻതന്നെ. 3 ഹെനോ. 38 : 3-ൽ സ്വർഗീയ ശരീരങ്ങളുടെ ഭരണ നിയന്ത്രണവും ഈ രാജകുമാരനാണെന്നു പറയുന്നുണ്ട്. 3 ഹെനോക്കിൽ ഈ രാജകുമാരനാരാണെന്നു കൃത്യമായി പറയുന്നില്ല. ഈ രാജകുമാരന്റെ ചില ജോലികൾ നിർവഹിക്കുന്നത് മെറ്റട്രോണാണ് (3:2; 10:3) പിന്നീടുള്ള ടെക്സ്റ്റുകളിൽ മെറ്റട്രോണിനെ ഈ രാജകുമാരനുമായി സാമ്യപ്പെടുത്തുന്നുണ്ട് (Tosapot to Yeb 16 b and to Hull 60 a). ചില

വൃത്തങ്ങൾ സൂചിപ്പിക്കുന്നത് മിഖായേലാണ് ലോകത്തിന്റെ രാജകുമാരനെന്നാണ് (PRE 27: cfYalqut Simoni Gen 132). എന്നാൽ യോഹന്നാൻ 12: 31 ലും 16: 11 ലും കാണുന്നതുപോലെ ലോകത്തിന്റെ രാജകുമാരൻ മെർക്കബാഹ് രചനകളിൽ തിന്മയുടെ കഥാപാത്രമായി അവതരിപ്പിച്ചിട്ടില്ല.

(5) വാതിൽ കാവൽക്കാർ: ഏഴ് കൊട്ടാരങ്ങളുടെയും വാതിൽക്കൽ കാവലിൽ ഏർപ്പെട്ടിരിക്കുന്നവർ. ഓരോ ഗേറ്റിലും എട്ടുപേർ വീതമുണ്ടെന്നും ഹെകലോട്ട് റബ്ബാറ്റി 22: 1 ൽ (BHM Vol. 3, P. 99) ഓരോ സംഘത്തിനും ഓരോ നേതാവുണ്ടെന്നും പറയുന്നു. ഹെകലോട്ട് റബ്ബാറ്റിയിൽനിന്നു വ്യത്യസ്തമായി 3 ഹെനോ. 18 :3ൽ ഗേറ്റ് കാവൽക്കാർക്കു പേര് നൽകിയിട്ടില്ല.

3 ഹെനോക്കിൽ ഏററവും പ്രധാനിയായ മാലാഖ മെറ്റട്രോണാണ്. യാഹ്‌വേയിലും അൽപംകുറഞ്ഞവൻ എന്നാണ് മെറ്റാട്രോണിനെ നിർവചിച്ചിട്ടുള്ളത് (3 ഹെനോ. 12:5; 48C: 7; 48D: 1 [90]). ദൈവത്തിന്റെ മുഖ്യദൂതനാണ് മെറ്റാട്രോൺ (3 ഹെനോ 10:3-6). അതിവിശുദ്ധനായ ദൈവത്തിനു സമീപം ദിവ്യമായ ഒരു നിയമകോടതിയിൽ തന്റെ സിംഹാസനത്തിലാണ് മെറ്റാട്രോണിന്റെയും ഇരിപ്പിടം (3 ഹെനോ 16: 1).

മെറ്റാട്രോൺ എന്ന പേരിനെക്കുറിച്ച് നിരവധി ഊഹാപോഹങ്ങളുണ്ട്. Mttrwn എന്നും Myttrwn എന്നും രണ്ടു രൂപങ്ങളിൽ ഇത് കാണപ്പെടുന്നുണ്ട്. ഇതിന് വിവിധ പദവ്യുത്പത്തികൾ നിർദ്ദേശിക്കാറുണ്ട്. കൂടുതൽ ശരിയാണെന്നു തോന്നിപ്പിക്കുന്നവ ഇനി പറയുന്നു: (1) ലാറ്റിൻ മെറ്റാറ്റോർ. സൈന്യത്തിനു മുമ്പേ പോയി താവളമൊരുക്കുന്ന നിയുക്ത മേധാവിയെയാണ് ഈ പേര് കൊണ്ട് അർത്ഥമാക്കുന്നത്. പിന്നീട് ഇത് വഴിയൊരുക്കുന്ന ഏവർക്കുമുള്ള പേരായി മാറി.ഹീബ്രു, യഹൂദ അരമായിക് എന്നീ ഭാഷകളിൽനിന്ന് കടം കൊണ്ട ഒരു വാക്കാണിതെന്ന് ഇതിനാൽ സിദ്ധിക്കുന്നു. (2) ഗ്രീക്ക് പദമായ metaturannos എന്നതാണ് അടുത്തത്. ഭരണാധികാരിക്ക് തൊട്ടുതാഴെ എന്നർത്ഥം. അതായത് ദൈവത്തിനു തൊട്ടുതാഴെ. Sunthronos എന്ന പദവും ഇതിനു സദൃശമാണ്. ദൈവത്തിനു തൊട്ടുതാഴെ എന്നുതന്നെയാണ് അർത്ഥം ലഭിക്കുക. (3) ഗ്രീക്കിലുള്ള (ho) meta thronon എന്നതിന് ദൈവിക സിംഹാസനത്തിനു തൊട്ടരികെയുള്ളത് എന്നർത്ഥം. എന്നാൽ ഈ പദവ്യുത്പത്തികളൊന്നും തൃപ്തികരമല്ല. മെറ്റാട്രോൺ എന്നത് ഒരു മാലാഖയുടെ നാമമാണെന്നും വിഡ്ഢിത്തം നിറഞ്ഞ ഒരു പദമാണെന്നും

കരുതാം. adiriron, Dapdapiron എന്നിങ്ങനെയുള്ള മാജിക്കൽ പേരുകൾപോലെതന്നെയാണ് ഇതെന്നും പറയാം.

3 ഹെനോക്കിൽ സുദീർഘമായ ഒരു ചരിത്രം പിന്നിലുള്ള ഒരു സങ്കീർണ്ണ വ്യക്തിത്വമാണ് മെറ്റാട്രോണിന്റേത്. ഈ വ്യക്തിത്വത്തിന്റെ വികാസപരിണാമങ്ങൾ ഘട്ടംഘട്ടമായി നമുക്ക് കണ്ടെടുക്കാവുന്നതാണ്. മെറ്റാട്രോൺ, എല്ലാ തലത്തിലും മുഖ്യദൂതനായ മിഖായേലിനു സദൃശനാണ്. രണ്ടു പേരും മഹാന്മാരായ രാജകുമാരന്മാരാണ്. ഇരുവരും സ്വർഗീയ വിശുദ്ധ സ്ഥലത്ത് ശുശ്രൂഷ ചെയ്യുന്നു. ഇരുവരും ഇസ്രയേലിന്റെ കാവൽ മാലാഖമാരാണ്. ഒറ്റ വ്യത്യാസമേയുള്ളൂ. ഒരിടത്ത് മിഖായേലെന്നും മെറ്റാട്രോണെന്നും പറയുന്നുവെന്നുമാത്രം. ഈ സാദൃശ്യങ്ങൾ വ്യക്തമാക്കുന്നത് മെറ്റാട്രോണും മിഖായേലും ഒരേ മാലാഖമാർ തന്നെയാണെന്നാണ്. മിഖായേൽ എന്നത് സാധാരണ നാമവും മെറ്റാട്രോൺ എന്നത് നിഗൂഢവും മാജിക്കലുമായ പേരുമായിരിക്കും. എന്നാൽ മിഖായേലിന്റെ ശക്തിയുള്ള മൂന്നാമതൊരു മുഖ്യദൂതൻകൂടിയുണ്ടെന്ന് പഴയകാല രചനകളിലുണ്ടെങ്കിലും അവയെല്ലാം പൂർണ്ണമായും നഷ്ടപ്പെട്ട നിലയിലാണ്.

മെറ്റാട്രോൺ മറ്റ് രണ്ട് സ്വർഗീയ രൂപങ്ങളുമായി ലയിച്ചതായി കാണുന്നുണ്ട്. (1) മുഖ്യദൂതനായ യഹോയേൽ. (2) രൂപാന്തരം സംഭവിച്ച ഹെനോക്ക്. 3 ഹെനോ. 48D:1 (1) ൽ മെറ്റാട്രോൺ യഹോയേലിന്റെ പേര് വഹിക്കുന്നുണ്ട്. മറ്റ് ടെക്സ്റ്റുകളിൽ മെറ്റാട്രോണിൽനിന്ന് തികച്ചും സ്വതന്ത്രനായ ഒരു മാലാഖയെ നാം കാണുന്നു (Seper Ha Razim 2: 38 ed. Margaliloth, P. 83, 2: 140 ed.Margaliloth p89 മ്സീഹ് മെർക്കബാഹ് 20, സ്ക്കോളെം P. III 1. 29, Slavonic LAE 32: 1f, ApMos 43: 4 പ്രത്യേകിച്ചും Slavonic Ap Ab 10). 3 ഹെനോക്കിൽ 12: 5ലും സാൻഹെഡ്രിൻ 38b യിലുള്ളതും പുറപ്പാട് 23: 20 ലെ മാലാഖയും മെറ്റാട്രോണെന്നു കണ്ടെത്തിയിട്ടുണ്ട്. ഹെനോക്ക് 12:5 ലുള്ള യാഹ്വേയെക്കാൾ അൽപം കുറഞ്ഞത് എന്നത് യഥാർത്ഥത്തിൽ യഹോയേലിനെക്കുറിച്ചായിരിക്കാം. ഗ്നോസ്റ്റിക് രചനകളിലാകട്ടെ ഇത് സ്വതന്ത്രമായി തന്നെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ഹെനോക്ക് മെറ്റാട്രോണായി രൂപാന്തരം പ്രാപിക്കുന്നത് പലസ്തീനിയൻ അപ്പോകാലിപ്റ്റിക് ഹെനോക്ക് പാരമ്പര്യങ്ങളിൽ മാത്രമേയുള്ളൂ. എന്നാൽ മറ്റ് അപ്പോകാലിപ്റ്റിക് രചനകളൊന്നുംതന്നെ ഹെനോക്ക് മുഖ്യദൂതനായി രൂപാന്തരപ്പെട്ടതിനെപ്പറ്റി പരാമർശിക്കുന്നില്ല.

മിസ്റ്റിക്കുകൾ മെറ്റാട്രോണിനു വലിയസ്ഥാനമാണ് കൽപിക്കുന്നത്. മെറ്റാട്രോൺ അവരെ ആകർഷിച്ചതിൽ കാര്യമുണ്ട്. വെറുമൊരു മനുഷ്യൻ എല്ലാ മാലാഖമാരെയുംകാൾ ഉപരിയായി ഉയർത്തപ്പെട്ടത് മനുഷ്യന് ഏതു പ്രതിസന്ധിയെയും മറികടന്ന് മാലാഖമാരുടെ പ്രതിരോധത്തെയും അതിജീവിച്ച് ദൈവത്തെ പ്രാപിക്കാമെന്നതിന്റെ തെളിവായി അവർ ചൂണ്ടിക്കാണിക്കുന്നു. സ്വർഗീയ കോടതിയിൽ മെറ്റാട്രോൺ ശക്തനായ ഒരു സ്നേഹിതനാണ്. 3 ഹെനോക്കിന്റെ സ്വർഗത്തിലേക്കുള്ള ആരോഹണം ചില മിസ്റ്റിക്കുകളെങ്കിലും സ്വന്തം അനുഭവങ്ങളോടു സാമ്യപ്പെടുത്തി കാണുകയും ചെയ്യുന്നു. 3 ഹെനോ 16 ലും 10:3 ലുമുള്ള മെറ്റാട്രോണിനെ സംബന്ധിച്ച സിദ്ധാന്തങ്ങൾ ചിലപ്പോഴെങ്കിലും വിമർശനങ്ങൾ ക്ഷണിച്ചു വരുത്തുന്നുമുണ്ട്.

## സ്വർഗീയലോകത്തെ പ്രവർത്തനങ്ങൾ

### സ്വർഗീയ നിയമകോടതി

ബൈബിളിലുള്ള 1 രാജാ 22: 19 22, സങ്കീ. 82, ജോബ് 1 :6 12 എന്നീ പരാമർശങ്ങൾക്കു അനുസൃതമായി സ്വർഗത്തിലും ഒരു കോടതിയുണ്ടെന്നു റബ്ബിമാർ പഠിപ്പിച്ചു. ഈ കോടതിയിൽ അധ്യക്ഷസ്ഥാനത്തുള്ളത് ദൈവമാണ്. സ്വർഗത്തിലെ കോടതി ഭൂമിയിലെ സാൻഹെദ്രിനു സമമാണ്. ഈ രണ്ട് കോടതികളുടെയും ബന്ധപ്പെട്ട അധികാരപരിധി സംബന്ധിച്ച് വലിയ സംവാദങ്ങൾ തന്നെ നടന്നിട്ടുണ്ട്. 3 ഹെനോക്കിൽ സ്വർഗീയ നിയമ കോടതി മുഖ്യ പ്രമേയങ്ങളാണ്. ഈ കോടതിയുടെ പ്രവർത്തനങ്ങൾ ഇവിടെ വിശദമായി പ്രതിപാദിച്ചിട്ടുമുണ്ട്. ഈ വിവരണങ്ങളിൽ മൂന്ന് പ്രധാന ഭാഗങ്ങൾ കാണാം (1) 28: 710,30: 13 3: 2, (2) 26 : 12 (3) 18:19-21. 3. ഹെനോക്കിലെ സ്വർഗീയ കോടതി മരിച്ചവരുടെ ഉയിർപ്പിനുശേഷം അന്ത്യവിധിനടത്തുന്ന ഇടമല്ല. എന്നാൽ ഇവിടെ എല്ലാ ദിവസവും വിധി പ്രസ്താവമുണ്ട് (3 ഹെനോ 28: 7,9,26: 12 cf Gen R 50: 3). 3 ഹെനോക്ക് 30: 1f അനുസരിച്ച് 72 രാജ്യങ്ങളിലെ രാജകുമാരന്മാരും ലോകത്തിന്റെ രാജകുമാരനുമാണ് ഇവിടെ ആസനസ്ഥരായിരിക്കുന്നത്. സാത്താൻ തന്റെ പ്രതിനിധികളോടൊപ്പം (റോമിന്റെ രാജകുമാരനായ സമായേലും, പേർഷ്യയുടെ രാജകുമാരനായ ഡബ്ബിയേലും) ആരോപിതരായി ഇവിടെയുണ്ട് (26:12).

### സ്വർഗീയ സർവകലാശാല

3 ഹെനോക്ക് 18:15f -ൽ ഒരു റബ്ബിനിക് ആശയത്തിന്റെ മിന്നലാട്ടമുണ്ട്. ഇതനുസരിച്ച് ഭൂമിയിലെ സർവകലാശാലകളിൽ പഠിപ്പി

ക്കുന്നതുപോലെ സ്വർഗീയ സർവകലാശാലയിൽ തോറാ പഠിപ്പിക്കുന്നുണ്ട്.

## ദിവ്യമായ ക്വെതൂസാ (സ്തുതികൾ)

3 ഹെനോക്കിൽ സ്വർഗീയ ആരാധനയുടെ ഭാഗമായി പറയുന്നത് ക്വെതൂസായുടെ ജപിക്കലാണ്. ദൈവത്തിന്റെ പരിശുദ്ധിയെ വാഴ്ത്തുന്നതാണിത്. 3 ഹെനോക്ക് 35 –40 പൂർണ്ണമായി ഈ വിഷയം പ്രതിപാദിക്കാനായി മാറ്റിവച്ചിരിക്കുന്നു. ദിവ്യമായ ദൈവസ്തുതികളുടെ വിവിധ രൂപങ്ങൾ 3 ഹെനോക്കിലുണ്ട്.

മെർക്കബാഹ് രചനകളിലെ ഏറെ ശ്രദ്ധിക്കുന്ന സവിശേഷതകളായ മെർക്കബാഹ് കീർത്തനങ്ങൾ ഇവിടെയില്ല. 3 ഹെനോക്കിലെ സ്വർഗീയ കീർത്തനങ്ങൾ പാരമ്പര്യങ്ങളിലും ബൈബിളിലുമുള്ള ക്വെതൂസാ മാത്രമാണ്. 3 ഹെനോക്കിൽനിന്ന് മെർക്കബാഹ് കീർത്തനങ്ങളെ ഒഴിവാക്കിയത് ഈ രചന പ്രസിദ്ധീകരിക്കാൻ തയ്യാറാക്കിയവർക്ക് ഉണ്ടായിരുന്ന അതിന്ദ്രീയ വിരുദ്ധ പ്രവണതയാകാം.

## മനുഷ്യൻ

മനുഷ്യന്റെ ആത്മാവിന്റെ ഉത്ഭവം, അതിന്റെ ഭാഗധേയം എന്നതിനെക്കുറിച്ച് 3 ഹെനോക്ക് സവിശേഷമായ താൽപര്യം കാണിക്കുന്നുണ്ട് (കാണുക പ്രത്യേകിച്ചും 43: 1 44: 7). മനുഷ്യരെ മൂന്നു വിഭാഗങ്ങളായി തിരിച്ചിട്ടുണ്ട് - നീതിമാന്മാർ, ഇടയ്ക്കുള്ളവർ, ദുഷ്ടന്മാർ. നീതിമാന്മാരുടെ ആത്മാക്കൾ മരണശേഷം മഹത്വത്തിന്റെ സിംഹാസനത്തിലേക്ക്, ദൈവസന്നിധിയിലേക്ക് ആരോഹണം ചെയ്യും. 3 ഹെനോക്ക് 43:2 ൽ പറയുന്നത് ഈ ആത്മാക്കൾ സിംഹാസനത്തിനു മുകളിൽ പറക്കുമെന്നാണ്. സാൻഹെദ്രിൻ 152b യിൽ പറയുന്നത് അവരെ സിംഹാസനത്തിനു കീഴിലുള്ള നിധിപ്പുരകളിൽ സൂക്ഷിക്കുമെന്നാണ്. നന്മയ്ക്കും തിന്മയ്ക്കും ഇടയ്ക്കുള്ളവരെ ഷിയോളിലെ ശുദ്ധീകരണാഗ്നിയിൽ ശുദ്ധി ചെയ്യും. ശുദ്ധീകരണം കഴിഞ്ഞാൽ ഇവർക്ക് നീതിന്മാരോടൊപ്പം ചേരാം. ദുഷ്ടന്മാരെ ഗെഹിനോമിലെ (3 ഹെനോ 44:3) അഗ്നി വിഴുങ്ങും. ഇവർക്ക് അന്തിമമായി എന്തു സംഭവിക്കുമെന്ന് ഹെനോക്ക് പറയുന്നില്ല. റബ്ബിമാർ ഇക്കാര്യത്തിൽ ഏറെ തർക്കിച്ചിട്ടുണ്ട്. പലരും കരുതുന്നത് ഇവരുടെ ശിക്ഷാവിധിക്ക് പരിമിതിയുണ്ടാകുമെന്നാണ്. എന്നാൽ മറ്റ് ചിലർ വാദിക്കുന്നത് അവർ ഉന്മൂലനം ചെയ്യപ്പെടുമെന്നാണ്. ചിലർ പഠിപ്പിക്കുന്നത് ചില പ്രത്യേകതരം കുറ്റവാളികൾ ശിക്ഷിക്കപ്പെടുന്നത് നിത്യമായിട്ടാണെന്നാണ്.

മനുഷ്യരെ ഇങ്ങനെ വിഭജിക്കുന്നത് എപ്പോഴാണെന്ന് ഹെനോക്ക് പറയുന്നില്ല. ഇതിനെക്കുറിച്ച് രണ്ട് വീക്ഷണങ്ങളാണുള്ളത്. എല്ലാ നവവത്സര ദിനത്തിലും ചേരുന്ന സ്വർഗീയ കോടതി ഈ വിഭജനം നടത്തുന്നുവെന്നതാണ് ഇതിൽ ഒന്ന്. രണ്ടാമത്തേതിൽ അന്ത്യവിധിയിൽ, മരിച്ചവർ ഉയിർപ്പിക്കുന്ന ദിവസം നടക്കുമെന്നു പറയുന്നു. 3 ഹെനോക്കിന് അന്ത്യവിധിയിൽ താൽപര്യമില്ല. എല്ലാ മനുഷ്യരും അവർ മരിക്കുമ്പോൾതന്നെ തനതു വിധിയുടെ കീഴിലായിരിക്കുമെന്നു ഹെനോക്ക് പറയുന്നു. മനുഷ്യരുടെ ദുഷ്ടരും ശിഷ്ടരുമൊക്കെയായുള്ള വിഭജനവും അപ്പോഴായിരിക്കും നടത്തുക.

നീതിമാന്മാരുടെ ആത്മാക്കൾ സ്വർഗീയ ഇടങ്ങളിലേക്ക് ഉയർത്തപ്പെടുമെന്നു 3 ഹെനോക്ക് പറയുന്നു. ഇവിടെ ആത്മാവ് മാത്രമല്ല ശരീരവും നിലനിൽക്കും. ഒരു മനുഷ്യൻ ജനിക്കുമ്പോൾ അവന്റെ ശരീരത്തിലേക്ക് അവരോഹണം ചെയ്യുന്ന ആത്മാവ് അവൻ മരിക്കുമ്പോൾ (നീതിമാന്മാരുടെ) സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുകയാണ്. ആത്മാവ് നൈസർഗികമായിത്തന്നെ വിശുദ്ധിയുള്ളതാണെന്നു ചില റബ്ബിമാർ പറയുന്നുണ്ട്. 3 ഹെനോക്കിലെ ഊന്നൽ അനശ്വരതയിലാണ്. എന്നാൽ യുഗാന്ത്യത്തിൽ മരിച്ചവർ ഉയിർപ്പിക്കപ്പെടുമെന്ന ആശയം ഇവിടെ പരാമർശിക്കുന്നില്ല.

**കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

**പഴയനിയമം**

ബൈബിളിലും സ്വർഗീയലോകത്തിലും മിസ്റ്റിക്കുകൾ അവഗാഹം നേടിയതും തങ്ങളുടെ പഴയനിയമ പരാമർശങ്ങളെ ഏകോപിപ്പിച്ചതും മൂന്ന് കാര്യങ്ങളിൽ ഊന്നിയാണ്. (1) ദൈവിക വെളിപാടുകൾ (2) മാലാഖമാർ (3) സ്വർഗാരോഹണങ്ങൾ.

1. **ദൈവിക വെളിപാടുകൾ :** എസെക്കിയേലിന്റെ മെർക്കബാഹ് ദർശനങ്ങൾ (1; 3:12 15; 22-24; 8:1 4; 10: 1 2-2; 43: 1 7) ആയിരുന്നു അവരുടെ അടിസ്ഥാന രചനകൾ. മെർക്കബാഹിനെക്കുറിച്ചുള്ള മൗലികമായ ഘടകങ്ങൾ ഇവയിലൂടെ ലഭിച്ചു (3 ഹെനോ.1: 1.5-7): ചക്രങ്ങൾ (ഓഫാനിം : 3 ഹെനോ 25) നാല് ജീവികൾ (ഹയ്യോത്ത്: 3 ഹെനോ 20f). മഹത്വത്തിന്റെ സിംഹാസനം (3 ഹെനോ 1:10; 12), ദി ഹാസ്മാൽ (3 ഹെനോ. 36: 2,7), കെരൂബുകൾ (3 ഹെനോ. 22). എസെക്കിയേലിന്റെ ചിത്രീകരണങ്ങളോട് ദാനി. 7:9 10 ഉം ഏശയ്യാ 6 ഉം ബന്ധപ്പെട്ടു കാണുന്നുണ്ട്. ദാനിയേൽ 7-ലെ ദർശനത്തിൽ ഭയജനകമായ ഒരു സിംഹാസനത്തിൽ ദൈവം ഇരിക്കുന്നതായും ഇതിന് അഗ്നിയുടെ ചക്രങ്ങളാണുള്ളതെന്നും പറ

യുന്നു. അനുബന്ധമായ പ്രതിപാദ്യങ്ങൾ സ്വർഗീയ നിയമകോട തിയുടേതും (3 ഹെനോ. 28: 7) അഗ്നിനദിയുടേതുമാണ് (3 ഹെ നോ 18:19-21), 19:4:33:4:36 1-2: 37: 1). ശുശ്രൂഷികളായ മാലാഖമാരു ടെ വിവരണവും (കാണുക 3 ഹെനോ 19: 6) ഇവിടെയുണ്ട്. ഏശ യ്യാ 6 ലാകട്ടെ ഉന്നതമായ സ്തുതിയുടെ സിംഹാസനത്തിൽ ദൈ വം ആസനസ്ഥനായിരിക്കുന്നതിന്റെ ചിത്രമുണ്ട് (കാണുക 3 ഹെ നോ 26: 12) ഏശയ്യാ 6-ൽ തന്നെ സെറാഫിമുകളുടെ സമ്പൂർണ്ണ ചിത്രവും (3 ഹെനോ 26) വൈദൂസ്സായും (3 ഹെനോ 1: 12; 20: 2) കാ ണാം. 1 രാജാ 22: 19 -22-ൽ ദൈവം തന്റെ സിംഹാസനത്തിലിരി ക്കുന്നതും അതിനു മുമ്പിലായി സ്വർഗീയ വ്യൂഹങ്ങൾ അണിനിര ന്നിട്ടുള്ളതായും പറയുന്നു. എസെക്കിയേൽ ഭൂമിയിലെ ദിവ്യ വെ ളിപാടുകളായി പ്രകൃതിയിലെതന്നെ അഗ്നി, ഇടിമിന്നൽ, കൊടു ങ്കാറ്റ് എന്നിവയെയാണ് അവതരിപ്പിച്ചിട്ടുള്ളത്. ഇവയെല്ലാം ദൈ വത്തിന്റെ പ്രത്യക്ഷീകരണങ്ങളായി പ്രവാചകൻ വിവരിക്കുന്നു. മെർ ക്കബാഹ് രചനകൾ പഴയനിയമത്തിലെ ചിത്രീകരണങ്ങൾ ഉദ്ധ രിച്ചുകൊണ്ട് പ്രകൃതിയിലെ ദിവ്യവെളിപാടുകളെക്കുറിച്ച് പറയു ന്നു. പ്രത്യേകിച്ചും സീനായ് മലയിൽവച്ച് ഇസ്രായേലിനു ദൈവം വെളിപ്പെട്ട സന്ദർഭം ഇവിടെ അനുസ്മരിക്കാം (പുറ 19: 16-18; കാ ണുക. 1 രാജാ 19: 11-13 ; സങ്കീ. 18: 7-15; സങ്കീ. 97: 2-5). ഇതിനോ ട് സാമ്യമുള്ള ചിത്രീകരണങ്ങൾ 3 ഹെനോ 34,37 വാക്യങ്ങളിൽ കാണാം.

**2. മാലാഖമാർ:** പഴയനിയമത്തിലെ പദപ്രയോഗങ്ങളായ സ്വർ ഗീയസൈന്യങ്ങൾ (1 രാജാ 22: 19), ആകാശസൈന്യം (ഏശയ്യാ 24: 21) എന്നിവയെല്ലാം സൂചിപ്പിക്കുന്നത് മാലാഖമാരുടെ എണ്ണമ റ്റ വ്യൂഹങ്ങളെയാണ് (കാണുക. 3 ഹെനോ. 19: 6). പഴയനിയമ ത്തിൽ മാലാഖമാർക്കു വ്യത്യസ്തമായ പേരുകളുണ്ട്: സെറാഫിം (ഏശയ്യാ 6: 2,6) കെരൂബുകൾ (എസെ.10) ജീവികൾ (ഹയ്യോട്ട്) (എസെ.1) കാവൽക്കാരും പരിശുദ്ധരും (ദാനി. 4: 14). 3 ഹെനോക്ക് പദവിയനുസരിച്ച് മാലാഖമാരുടെ വിവിധ ശ്രേണികളെപ്പറ്റി വിവ രിക്കുന്നു (3 ഹെനോ 19-22; 25-28: 6). മാലാഖമാർ ഉത്പത്തി ഗ്ര ന്ഥത്തിലും (19: 1f) ദാനിയേലിന്റെ ഗ്രന്ഥത്തിലും (8 : 15 f) ഉണ്ട്. മ നുഷ്യരൂപത്തിലുള്ള മാലാഖയെ ജോഷ്വാ 5:13 ലും സംഖ്യ 22: 23 ലും ദിനവൃത്താന്തം 21: 16 ലും കാണാം. ഇവർ സായുധരാണ് (കാ ണുക. 3 ഹെനോ 22: 39). ഏറ്റവും ശക്തനായ കർത്താവിന്റെ ദൂതൻ (ദൈവത്തിൽനിന്നു ഈ ദൂതനെ വേർതിരിച്ചു കാണുകയെന്നത് പലപ്പോഴും ദുഷ്കരമാണ്) 3 ഹെനോക്കിൽ വിവരിക്കുന്ന മെറ്റാ

ട്രോണിനു സദൃശനാണ് (കാണുക പുറ. 23: 20-33, ന്യായാ. 2: 1 5. കാണുക. 3 ഹെനോ. 12 : 5, b. Sanh. 38 b).

**3. സ്വർഗാരോഹണങ്ങൾ:** ബൈബിളിൽ ഒരാൾ സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്ന വ്യക്തമായ ദൃശ്യമുള്ളത് 2 രാജാ 2: 11ലാണ്. ഏലിയാ ആണ് സ്വർഗാരോഹണം ചെയ്യുന്നത്. പഴയ പാരമ്പര്യമനുസരിച്ച് 3 ഹെനോക്കിൽ 1 ഹെനോക്കിന് രൂപാന്തരീകരണം സംഭവിക്കുന്നതായി പറയുന്നു. ഉത്പ. 5: 24 ലും 2 രാജാ 2: 9 ലും ഹീബ്രുപദത്തിന്റെ പരിഭാഷയായ എടുക്കപ്പെട്ടു എന്ന പദമാണ് ഉപയോഗിച്ചിട്ടുള്ളത്. റബ്ബിമാരുടെ ആഖ്യാനങ്ങളിൽ ഏലിയായെപോലെ ഹെനോക്കും എടുക്കപ്പെട്ടു എന്ന് വിവരിക്കുന്നു. 3 ഹെനോ 6: 1-ൽ ഹെനോക്ക് സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുന്നതിന് ഉപയോഗിക്കുന്ന പദംതന്നെയാണ് ഏലിയായുടെ സ്വർഗത്തിലേക്കുള്ള ആരോഹണത്തിന്റെ സന്ദർഭത്തിലും ഉപയോഗിക്കുന്നത്.

**പുതിയനിയമം**

3 ഹെനോക്ക് പ്രസിദ്ധീകണത്തിന് അന്തിമമായി നൽകിയ കാലഘട്ടം കണക്കാക്കുമ്പോൾ പുതിയനിയമത്തിന്റെ രചനയിൽ ഈ ഗ്രന്ഥം പ്രത്യക്ഷമായി സ്വാധീനിച്ചതായി കാണാനാവില്ല. എന്തായാലും ഈ ഗ്രന്ഥവും മെർക്കബാഹ് രചനകളും പുതിയനിയമത്തിലെ ചില വസ്തുതകളിലേക്കു വെളിച്ചം വീശുന്നുണ്ട്.

**1. കൊളോസ്സ്യൻ പാഷണ്ഡത:** കൊളോസ്സിയൻ പാഷണ്ഡതകളിലെ ചില ആശയങ്ങൾ സമാന്തരമായിതന്നെ മെർക്കബാഹ് മിസ്റ്റിക്കുകളും ഉന്നയിച്ചിട്ടുണ്ട്. കൊളോസ്സ്യൻ പാഷണ്ഡതയിൽ ദൈവത്തിനും മനുഷ്യനും മദ്ധ്യേയുള്ള മദ്ധ്യസ്ഥർ മാലാഖമാരാണെന്നും (കൊളോ.2: 8,18 കാണുക കൊളോ 1: 13-20. 2:15) ദർശനങ്ങൾക്കു മതജീവിതത്തിൽ സുപ്രധാന സ്ഥാനമുണ്ടെന്നുമുള്ള (കൊളോ 2: 18) ഊന്നലുകളാണുള്ളത്. ഈ പാഷണ്ഡതാവാദികളുടെ പ്രബോധനങ്ങളിൽ നിയമപരമായ ഇഴകൾ പാകിയിരുന്നു. അവർ മതപരമായ ഉത്സവങ്ങൾ സാബത്തും, നവചന്ദ്രോദയങ്ങളും ആഘോഷിച്ചു വന്നു. മാത്രമല്ല, യഹൂദ ഭക്ഷണ നിയമങ്ങളും അവർ പാലിച്ചിരുന്നു (കൊളോ 2: 16, 21). മാത്രമല്ല, അവർ പുതിയതായി മതത്തിൽ ചേരുന്നവർ പരിച്ഛേദനം ചെയ്യണമെന്നു വാദിച്ചു (കാണുക. കൊളോ 2:11). പുതിയനിയമ പണ്ഡിതന്മാർ കൊളോസ്സ്യൻ പാഷണ്ഡതയെക്കുറിച്ച് വിവരിച്ചത് അവർ ജൂഡായിസത്തിൽ ജ്ഞാനവാദം കലർത്തുന്നുവെന്നാണ്. അതല്ലെങ്കിൽ സമന്വയ ജൂഡാ

യിസം അവതരിപ്പിക്കുന്നുവെന്നാണ്. ഇതാകട്ടെ ഖുമ്റാൻ, എസ്സീനുകൾ എന്നിവരുമായി ജൂഡായിസത്തെ ബന്ധപ്പെടുത്താനും ശ്രമിച്ചു. എന്നാൽ ഇവ ഫരിസേയിക് പ്രസ്ഥാനവുമായി ബന്ധപ്പെട്ടില്ലെന്നും അവർ വാദിക്കുന്നു. എന്തായാലും മെർക്കബാഹ് രചനകൾ ഏറെ സുവ്യക്തമാക്കിയ ഒരു വസ്തുതയുണ്ട്: ഈ ആശയങ്ങൾ തോറായിലെ കർക്കശമായ അനുഷ്ഠാനങ്ങൾക്കൊപ്പം മാത്രമേ നിലനിൽക്കുകയുള്ളൂ.

**2. പൗലോസ് പറുദീസയിൽ:** 2 കോറി, 12: 1 7 ൽ പൗലോസിന്റെ സ്വർഗാരോഹണത്തെപ്പറ്റി അദ്ദേഹംതന്നെ വിവരിക്കുന്നു. മൂന്നാം സ്വർഗം, പറുദീസ എന്നീ പദപ്രയോഗങ്ങളാണ് ഇവിടെയുള്ളത്. മെർക്കബാഹ് പ്രസ്ഥാനത്തിൽ 1 പർദേസിൽ പ്രവേശിക്കുകയെന്നാണ് പറയുന്നത്. മെർക്കബാഹ് മിസ്റ്റിക്കുകളെപോലെ പൗലോസ് തന്റെ പറുദീസാനുഭവങ്ങൾ വിവരിക്കുന്നില്ല. സ്വർഗത്തിൽ കേട്ട വാക്കുകൾ മനുഷ്യന് ആവർത്തിക്കാനാവാത്ത വിധം രഹസ്യപൂർണ്ണമാണെന്ന് അദ്ദേഹം പറയുന്നു (2 കോറി 12: 14 NEB) പൗലോസ് തന്റെ ആരോഹണത്തെക്കുറിച്ച് ദർശനങ്ങളും കർത്താവിന്റെ വെളിപാടുകളും (2 കോറി 12 : 1) എന്ന രീതിയിലാണ് വിവരിച്ചിട്ടുള്ളത്. ഇവിടെ സംബന്ധികയാണ് ലക്ഷ്യം. പൗലോസിന് അറിയാവുന്ന പ്രപഞ്ചോത്പത്തിശാസ്ത്രമനുസരിച്ച് മൂന്നു സ്വർഗങ്ങളെക്കുറിച്ച് പറയാൻ മാത്രമേ അദ്ദേഹത്തെ അനുവദിക്കുന്നുള്ളൂ.

**3. വെളിപാട് ഗ്രന്ഥം:** വെളിപാട് ഗ്രന്ഥം അടിസ്ഥാനപരമായി അന്ത്യകാലത്തെക്കുറിച്ചുള്ള ദർശനമാണ്. പഴയനിയമഗ്രന്ഥങ്ങളിലെ മൂന്ന് ദൈവിക ദർശനങ്ങൾ സമന്വയിപ്പിക്കുന്നതാണ് ഇവിടെയുള്ള വിവരണം. എസെക്കി. 1, ദാനിയേൽ 7, ഏശയ്യ 6. മെർക്കബാഹ് രചനകളിൽ ഉള്ളതുപോലെ ദൈവത്തെ വാഴ്ത്തി സ്തുതിക്കുന്ന രംഗങ്ങൾ ഇവിടെയുണ്ട്. വെളിപാട് 4: 11; 5:12; 13 7: 12; 15: 3f എന്നീ ഭാഗങ്ങളിലെ പദപ്രയോഗങ്ങൾപോലും മെർക്കബാഹ് കീർത്തനങ്ങളുടേതിനോടു സദൃശമാണ്.

**4. ദൈവത്തിന്റെ ഭവനം കുടുംബം:** യോഹ 14 : 1-ൽ പറയുന്നത് ദൈവത്തിന്റെ ഭവനത്തിൽ നിരവധി മുറികളുണ്ടെന്നാണ്. ഇതാകട്ടെ 3 ഹെനോ 1:1 ലെ വിവരണങ്ങൾക്കു സദൃശമാണ്. എഫേസോസ് 3: 14 ൽ ദൈവത്തിനു സ്വർഗത്തിലും ഭൂമിയിലും കുടുംബങ്ങളുണ്ടെന്നു പറഞ്ഞിരിക്കുന്നു. മെർക്കബാഹ് രചനകളിൽ മാലാഖമാരെ ദിവ്യമായ കുടുംബമെന്നും ഇസ്രായേലിനെ ഭൂമിയിലുള്ള ഭവനമായും ചിത്രീകരിച്ചിട്ടുണ്ട്.

# 03

## സിബില്ലെൻ അരുളപ്പാടുകൾ

(ബി.സി. രണ്ടാം നൂറ്റാണ്ട് - എ.ഡി. ഏഴാംനൂറ്റാണ്ട്)

പുരാതന ലോകത്ത് സിബില്ലെൻ അരുളപ്പാടുകൾ എന്നത് വ്യാപകമായി അംഗീകരിച്ചിട്ടുള്ള ഒരു പ്രതി ഭാസമാണ്. ഇവ മാറ്റമില്ലാത്ത ഗ്രീക്ക് ഹെക്സാമീറ്ററു കളിൽ (ഒരുപക്ഷേ, ഡെൽഫിക് അരുളപ്പാടുകളുടെ സ്വാധീനം കൊണ്ടാവാം) കാണപ്പെടുന്നുവെങ്കിലും ഈ പ്രതിഭാസം ഗ്രീസിനു അപരിചിതമല്ല. ചിലർ പ റയുന്നത് ഈ സിബിൽസ് എല്ലാം ഏഷ്യയിൽനിന്നു ള്ളതാണെന്നാണ്. കിഴക്കു ദേശങ്ങളിൽനിന്നാണ് ഗ്രീ സിലേക്കു അരുളപ്പാടുകൾ എത്തിയതെന്നു പരക്കെ ഊഹിക്കപ്പെടുന്നു. ഈ വീക്ഷണത്തെ അനുകൂ ലിക്കാനോ പ്രതികൂലിക്കാനോ മതിയായ തെളിവുക ളുമില്ല. സിബിൽ എന്ന വാക്കിന്റെ പദവ്യുത്പത്തിയും തൃപ്തികരമായി അവതരിപ്പിക്കാൻ കഴിയില്ല. അതു കൊണ്ടുതന്നെ ഈ പ്രതിഭാസത്തെക്കുറിച്ച് കൂടുതൽ വ്യക്തമായി മനസ്സിലാക്കാനും കഴിയുന്നില്ല. ബി.സി. നാലും അഞ്ചും നൂറ്റാണ്ടുകളിൽ സിബിൽ എന്നത് ഒ രു വ്യക്തിയുടെ പേരായി പരാമർശിക്കപ്പെട്ടിരുന്നു. ഇതനുസരിച്ച് ഒരു പ്രവാചികയുടെ പേരായിരിക്കാ നാണ് സാധ്യതയേറെയും.

ഉന്മാദാവസ്ഥയിൽ അരുളപ്പാടുകൾ നടത്തുന്ന ഒരു വയോധിക യെന്ന മട്ടിലാണ് സിബിൽ എന്ന പേര് കാണാനാവുക. ഓവിഡ് പ റയുന്നത് കടൽക്കര മുഴുവൻ ധാന്യമണികൾ വിതറിക്കൊണ്ട് അ പ്പോളോ ദേവൻ നിരവധി വർഷങ്ങൾ ജീവിക്കാൻ അവൾക്ക് അ നുമതി നൽകിയെന്നാണ്. അവൾ ഒരിക്കലും യൗവ്വനം വരമായി ചോദിച്ചില്ല. അതുകൊണ്ട് ആയിരക്കണക്കിനു വർഷങ്ങൾ അവൾ ചുക്കിച്ചുളുങ്ങിയ ശരീരവുമായി ഒരു വൃദ്ധയായി ജീവിച്ചു. ഹെരാ ക്ലീഡ്സ് പൊന്തിക്കസ് (C 360- 25 ബി.സി.) പറയുന്നതുപ്രകാരം ഓർഫിയൂസിനേക്കാൾ സിബിലിനു പ്രായമുണ്ട്. അഞ്ചാംനൂറ്റാണ്ടിൽ ഈ പ്രവാചിക ഒരു ഐതിഹ്യമായി പരിണമിച്ചു. അവളുടെ ശബ്ദ ത്തിലൂടെ അവൾ ആയിരിക്കണക്കിനു വർഷങ്ങളിൽ എത്തിപ്പെടു കയായിരുന്നുവെന്ന് ഹെരാക്ലീഡ്സ് പറയുന്നു. മരണശേഷവും സി ബിലിന്റെ അരുളപ്പാടുകൾ തുടർന്നു. ചന്ദ്രന്റെ മുഖോപരിതലത്തിൽ അവളുടെ ആത്മാവ് ചുറ്റിത്തിരിഞ്ഞുകൊണ്ടിരുന്നുവത്രേ. ദൈവി കരൂപമായിട്ടും മനുഷ്യരൂപമായിട്ടും മാറാൻ ഇവർക്കു കഴിയുമായി രുന്നു. എറിത്രിയയിലെ ഒരു നാണയത്തിൽ ഇവരെ  തീയാ സി ബില്ലിയ സിബിൽ എന്ന ദേവത എന്നു പരാമർശിക്കുന്നു. യഹൂദ പാരമ്പര്യമനുസരിച്ച് നോഹയുടെ മകളോ മരുമകളോ ആണത്രേ സിബിൽ.

ബി.സി. നാലാംനൂറ്റാണ്ട് മുതൽ നിരവധി സിബിലുമാരെക്കുറി ച്ച് നാം വായിക്കുന്നുണ്ട്. ഇവരിൽ പ്രസിദ്ധരായവർ എറിത്രിയയി ലും ഏഷ്യാ മൈനറിലെ മാർപ്പെസൂസിലും ഇറ്റലിയിലെ കുമെയാ യിലും ഉള്ള സിബിൽമാരാണ്. പുരാതനകാലത്ത് ഇവരുടെ പട്ടിക യുണ്ടാക്കാനുള്ള ശ്രമം നടന്നിരുന്നു. ഇതിൽ ഏറ്റവും സ്വാധീനി ക്കപ്പെട്ട പട്ടിക വരോയിന്റേതാണ്. 10 സിബിൽമാരെയാണ് ഇവി ടെ നിരത്തിനിർത്തുന്നത്. പേർഷ്യൻ, ലിബിയൻ,ഡെൽഫിക്, സി മ്മേരിയൻ,എറിത്രിയൻ, സാമിയൻ,കുമെയൻ, ഹെല്ലെസ്പോണിയൻ, ഫിർജിയൻ, ടിബുർടൈൻ എന്നിവയാണിവ. ഈ പട്ടികയിൽ ഹീ ബ്രു, കൽദായൻ, ഈജിപ്ഷ്യൻ സിബിലുകളെ ഒഴിവാക്കിയിട്ടുണ്ട്. സുദായും അജ്ഞാത രചയിതാവിന്റെ ആമുഖവും ഈ സിബി ല്ലെൻ അരുളപ്പാടിലുണ്ട്. എന്നാൽ പേർഷ്യൻ സിബിലിനെ ഹീ ബ്രുവിനോടൊപ്പമാണ് കണ്ടെത്താൻ കഴിഞ്ഞത്. മധ്യനൂറ്റാണ്ടുക ളിൽ ഇവരുടെ എണ്ണം പന്ത്രണ്ടായി വർദ്ധിച്ചു. പന്ത്രണ്ട് ശിഷ്യ ന്മാർക്കൊപ്പമാകാനായിരുന്നു ഇത്. പൗസാനിയാസിന്റേതാണ് ഏ റ്റവും ചെറിയ പട്ടിക. 10: 12  1-9. ഇവിടെ നാലുപേരെയുള്ളൂ. ലി ബിയൻ സിബിൽ, മാർപെസ്സൂസിന്റെ ഹെറോഫൈൽ (ഡെൽഫി ക് എറിത്രിയൻ, സാമിയൻ സിബിലുകളെ ഇവരോടൊപ്പമാണ്).

കുമെയോായിലെ ഡെമോ, ഹീബ്രൂസിലെ സാബ്ബെ എന്നിവരാണ് ശേഷിച്ചവർ. (ഇവരെ ചിലർ ബാബിലോണിയൻ, സാമിയേൽ സി ബിലുകൾ എന്നു വിളിക്കും) ഹീബ്രു സിബിലും,സാബ്ബെ അതല്ലെ ങ്കിൽ സാബ്ബെത്തെ സിബിലിന്റെ നിഗൂഢമായ പദപ്രയോഗമാണ്. മാരിയിലെ രാജ്ഞി നിബ്തു, ഷേബാരാജ്ഞി എന്നിങ്ങനെ മൗലി കമല്ലാത്ത പല പദപ്രയോഗങ്ങളുണ്ട്. യഹൂദ സബ്ബാത്ത് അല്ലെ ങ്കിൽ ദൈവിക വിശേഷണമായ സബോഓാത്ത് എന്നിങ്ങനെയും കാണാം. എന്നാൽ പദവ്യുത്പ്പത്തി പ്രകാരം ഈ പേരുകളുമായു ള്ള ബന്ധം സ്ഥാപിക്കാനുള്ള തെളിവൊന്നുമില്ല.

ഹീബ്രു സിബിലും ബാബിലോണിയൻ (അതല്ലെങ്കിൽ കൽ ദായൻ) സിബിലുമായി പ്രകടമായ ബന്ധം കാണാനുണ്ട്. പൗസാ നിയാസ് പറയുന്നത് ബാബിലോണിയൻ സിബിൽ ആണ് സബ്ബെ എന്നാണ്. ബെറോസ്സസിന്റെ മകളായിരുന്നു ഇവൾ. ബെറോസ്സസ് ഒരു കൽദായ പുരോഹിതനായിരുന്നു. ബി.സി. മൂന്നാംനൂറ്റാണ്ടി ന്റെ ആദ്യ ക്വാർട്ടറിലാണ് ഇദ്ദേഹം ജീവിച്ചിരുന്നത്. ഒരു ഹസ്ത രേഖാ ശാസ്ത്രജ്ഞനായിരുന്ന ഇദ്ദേഹം ബാബിലോണിന്റെ ചരി ത്രമെഴുതിയിട്ടുണ്ട്. ഭൂമിയെ സൃഷ്ടിച്ചത് നിരവധി പുരാണങ്ങളുമാ യി ബന്ധപ്പെടുത്തി ഇദ്ദേഹം വിവരിക്കുന്നു ബ്രഹ്മാണ്ഡത്തിന്റെ നാശവും ഇദ്ദേഹം പ്രവചിച്ചിരുന്നു. സബ്ബെ ഇത്രയേറെ സുപ്രസി ദ്ധനായ ഒരു ചരിത്രകാരന്റെ പുത്രിയാകാനിടയില്ല.

സിബില്ലൈൻ അരുളപ്പാടുകളിൽ 3.809f-ൽ ബാബിലോണിൽ നിന്നാണ് താൻ വന്നതെന്നു പറയുന്നു. ഇതേ ഗ്രന്ഥത്തിൽ സിബി ല്ലൈൻ അരുളപ്പാടിൽ 3. 97-161 ൽ ബാബേൽ ഗോപുരത്തിന്റെ പതനം വിവരിക്കുന്നു ഒപ്പം താരതമ്യപ്പെടുത്താനാവാത്ത ഗ്രീക്ക് പുരാണങ്ങളിൽപ്പെട്ട ബൗസ്സെറ്റിന്റെയും ഗെഫ്ക്കെന്റെയും രചന കൾവരെ ഈ ഭാഗം ബാബിലോണിയൻ സിബിലിന്റെ ചുരുൾശക ലങ്ങളിൽനിന്നാണെന്നു കരുതിയിരുന്നു. സിബിലിനെ ബെറോസ്സ സുമായി ബന്ധിപ്പിക്കുന്നതിനെ വിശദീകരിക്കുന്നത് ബെറോസ്സസ് സിബിലിൽനിന്നു ചില കാര്യങ്ങൾ സ്വീകരിച്ചുവെന്ന് അംഗീകരിച്ചു കൊണ്ടാണ്. അതല്ലെങ്കിൽ മറിച്ചുമാവാമെന്ന് കരുതപ്പെടുന്നു. സി ബില്ലൈൻ അരുളപ്പാടുകൾ കൂടുതൽ സൂക്ഷ്മതയോടെ പരിശോ ധിച്ചാൽ അവയ്ക്ക് ബാബിലോണിയൻ ഉറവിടമാണെന്നു പറയാ നാവില്ല. ഗോപുരം തകർന്നു വീഴുന്നതിന്റെ വിവരണം ബൈബി ളിലെ വിവരണത്തിന്റെ വിപുലീകരണമാണ്.

ഗ്രീക്ക് മിത്തോളജിയുടെ താരതമ്യം ചെയ്യാനാവാത്ത വിവരണ മാകട്ടെ മറ്റൊരു ഉറവിടത്തിൽനിന്നു കടംകൊണ്ടതാണ്. എന്നാൽ

ആ ഉറവിടം ബാബിലോണാണെന്നു സംശയിക്കാൻ കാരണമൊന്നുമില്ല. ബാബിലോണിയൻ സിബിലിന്റെ അരുളപ്പാടുകളോ ചുരുൾശകലങ്ങളോ അവശേഷിച്ചിട്ടുമില്ല. അത്തരമൊരു സിബിൽ നിലവിലുണ്ടെന്നും, അവയ്ക്ക് ജുവിഷ് സിബിലുമായോ ബെറോസ്സസുമായോ ബന്ധമുണ്ടെന്നും ചിന്തിക്കുന്നത് സാങ്കൽപ്പികം മാത്രമാണ്. ബെറോസ്സസിന്റെ ചരിത്രത്തിന്റെ രൂപരേഖയിലുള്ളതു സൃഷ്ടിക്കുശേഷം ബ്രഹ്മാണ്ഡമായ ഒരു കുലുക്കമുണ്ടാകുകയും തുടർന്നുള്ള അന്തിമ നാശവുമാണ്. ഇതാകട്ടെ മിക്ക സിബിലല്ലെൻ ഗ്രന്ഥങ്ങളുടെ സാദൃശ്യം പേറുന്നവയാണ്. ഈ സാദൃശ്യം ചരിത്രപരമായ സ്വാധീനംകൊണ്ടാണെങ്കിലും, അവ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഇതിൽനിന്നും സിബിലും ബൊറോസ്സസും തമ്മിലുള്ള ബന്ധം ഉയർന്നുവരുന്നുണ്ടെന്നു പറയാം.

## സിബില്ലെൻ അരുളപ്പാടുകളുടെ തനിമ

മാനവകുലത്തിനു സംഭവിക്കാൻ പോകുന്ന ദുരിതങ്ങളെക്കുറിച്ചും ദുരന്തങ്ങളെക്കുറിച്ചുമുള്ള പ്രവചനങ്ങളാണ് സിബില്ലെൻ അരുളപ്പാടുകളുടെ മുഖ്യസവിശേഷത. എറിത്രിയൽ സിബിലിൽ മനുഷ്യർക്കുവേണ്ടി അവർക്കു സഹിക്കാൻ വൈഷമ്യമുള്ള കഷ്ടപ്പാടുകൾ അവ മുൻകൂട്ടി ദർശിക്കുന്നു. പണ്ടുമുതലേ ഉണ്ടായിരുന്ന പ്രവാചകന്മാർ... അനേകദേശങ്ങൾക്കും പ്രബല രാഷ്ട്രങ്ങൾക്കുമെതിരായി യുദ്ധവും ക്ഷാമവും പകർച്ചവ്യാധിയുമുണ്ടാകുമെന്നു പ്രവചിച്ചു (ജെറ. 28:8). കൂടുതലായി പ്രവാചകന്മാർ ചില പ്രത്യേക ജനപദങ്ങൾക്കും നഗരങ്ങൾക്കുമെതിരായി നാശമുണ്ടാകുമെന്നു പ്രവചിച്ചു. പ്രതീക്ഷയുടെ കിരണംപോലെ വിനാശത്തിനുശേഷം പുനരുദ്ധാരണമുണ്ടാകുമെന്നും അവരുടെ പ്രവചനങ്ങളിലുണ്ടായിരുന്നു. ഈ ദുരന്തങ്ങളെല്ലാം ദൈവത്തിന്റെ ക്രോധം നിമിത്തമായിരുന്നു. അനുഷ്ഠാനങ്ങളിൽ വന്ന ഇടർച്ചകളുടെ പേരിലായിരുന്നു ഇത്. എന്നാൽ യഹൂദ, ക്രിസ്തീയ പ്രവചനങ്ങളിലാകട്ടെ ധാർമ്മികതയുടെ ലംഘനത്തിന്റെ പേരിലായിരുന്നു ഇത്. വിജാതീയ സിബിലുകളുടെ അവശേഷിക്കുന്ന ചുരുൾ ശകലങ്ങളിൽ ദേവന്മാരുമായി, പ്രത്യേകിച്ച് അപ്പോളോയുമായുള്ള തന്റെ ബന്ധത്തെപ്പറ്റി വിവരിക്കുന്നുണ്ട്. എന്നാൽ, യഹൂദ, ക്രിസ്തീയ ഗ്രന്ഥങ്ങളിൽ കാണുന്ന ചരിത്രബന്ധമൊന്നും അവയ്ക്കില്ല.

ഈ കാരണങ്ങൾകൊണ്ട് ആദ്യകാല സിബില്ലെൻ അരുളപ്പാടുകളും നമ്മുടെ സമാഹാരത്തിൽ കാണുന്ന ദൈർഘ്യമേറിയ പ്രവചനങ്ങളും തമ്മിൽ കാതലായ വ്യത്യാസവുമുണ്ടെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. നേരത്തേയുള്ള സിബില്ലെൻ

അരുളപ്പാടുകളുടെ പ്രോട്ടോടൈപ്പ് ലൈകോഫ്രോണിന്റെ അലക്സാഡ്രിയ എന്നപേരിലുള്ള സുദീർഘമായ പദ്യത്തിൽ നൽകിയിട്ടുണ്ട്. ലൈകോഫ്രോൺ ബി.സി. മൂന്നാംനൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ജീവിച്ചിരുന്ന വ്യക്തിയാണ്. ഈ പദ്യത്തിലെ VSS. 1448 50-ൽ ബി.സി. 197- ൽ നടന്ന സൈനോസെഫാലെ യുദ്ധത്തെപ്പറ്റി പരാമർശിക്കുന്നുണ്ട്. മിക്ക പണ്ഡിതന്മാരും കരുതുന്നത് ഈ പരാമർശം വ്യാജമാണെന്നാണ്. ഈ പദ്യത്തിൽ വ്യക്തമായ പ്രവചന സ്വഭാവമുണ്ട്. ഇത് കസാൻഡ്രയുടെ യഥാർത്ഥ പ്രവചനമായി ആരും പരിഗണിക്കുന്നില്ല. നേരത്തേയുള്ള സിബില്ലൈൻ അരുളപ്പാടുകളുടെ കുറേ സവിശേഷതകൾ അലക്സാണ്ഡ്രിയയിലുണ്ട്. ഇതാകട്ടെ അവശേഷിക്കുന്ന വിജാതീയ ചുരുൾശകലങ്ങളിൽ കാണാനുമില്ല. ഒരർത്ഥത്തിൽ ലോകചരിത്രം മുഴുവൻ വിവരിക്കാനുള്ള ഒരു ശ്രമമാണ് ഇവിടെയുള്ളത്. ഏറ്റവും പഴയകാല സംഭവങ്ങൾ മുതൽ സമകാലിക സംഭവങ്ങൾവരെ വിവരിക്കാനായിരുന്നു ശ്രമിച്ചത്. സിബില്ലൈൻ അരുളപ്പാടുകളുടെ ഏറ്റവും ഇഷ്ടമേറിയ വിഷയം കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സംഘർഷമായിരുന്നു.

അലക്സാണ്ഡ്രിയയോ എറിത്രിയൻ സിബിലോ ലോകചരിത്രത്തെ കാലഘട്ടങ്ങൾക്കനുസരിച്ച് വിഭജിച്ചു കാണുന്നില്ല. ചരിത്രത്തെ കാലഘട്ടമനുസരിച്ച് വിഭജിക്കുന്ന രീതി താരതമ്യേന സിബില്ലൈൻ പാരമ്പര്യത്തിനുമുമ്പ് (അതായത് ബി.സി. 400 നു ശേഷം) പേർഷ്യൻ സ്വാധീനംമൂലം ഉണ്ടായതാകാം.

## റോമൻ സിബില്ലൈൻ അരുളപ്പാടുകൾ

ഏറ്റവും പ്രസിദ്ധമായ സിബില്ലൈൻ അരുളപ്പാടുകളുടെ സമാഹാരം റോമിലുള്ള ഔദ്യോഗിക പുരാതന ശേഖരത്തിലുള്ളതാണ്. ടാർക്വിനിയൂസ് പ്രിസ്കസിന്റെ കാലത്താണ് ഇവ പിറവിയെടുത്തത്. റോമാക്കാരുടെ ഏകാധിപത്യ ഭരണം നിലയ്ക്കുന്നതിനുമുമ്പ് ഗ്രീക്കിലുള്ള ഹെക്സാമീറ്ററിലുള്ള കുറേ പ്രവചനസമാഹാരങ്ങൾ അവർ ശേഖരിച്ചിരുന്നുവത്രേ. ഈ പ്രവചനങ്ങൾ ആദ്യം രണ്ടു പേരെയും പിന്നീട്, പത്തുപേരെയും അതിനുശേഷം പതിനഞ്ചുപേരെയും സൂക്ഷിക്കാൻ ഏൽപ്പിച്ചു. രാജ്യത്തിനു പ്രതിസന്ധി നേരിടുമ്പോൾ സെനറ്റിന്റെ ഒരു ഉത്തരവോടെ ഇവ പരിശോധിക്കാറുണ്ടായിരുന്നു. ഗ്രീക്കോ - റോമൻ ലോകത്ത് ഏതെങ്കിലും ഒരു സാഹിത്യരചനയ്ക്ക് ഇത്തരമൊരു ഔദ്യോഗികാംഗീകാരം ഉണ്ടായിരുന്നതായി അറിവില്ല.

ബി.സി. 83-ൽ ജൂപ്പിറ്ററിന്റെ ക്ഷേത്രം തകർക്കപ്പെട്ടതോടൊപ്പം സിബില്ലെൻ ഗ്രന്ഥങ്ങളും നശിപ്പിക്കപ്പെട്ടു. ബി.സി. 76-ൽ ക്ഷേത്രം പുനർനിർമ്മിച്ചു. സിബില്ലെൻ കേന്ദ്രങ്ങളിൽനിന്ന് പ്രവചനങ്ങൾ സമാഹരിക്കപ്പെട്ടു. പ്രത്യേകിച്ചും എറിത്രിയയിൽനിന്ന്. വിവിധ ഉറവിടങ്ങളിൽനിന്ന് സമാഹരിക്കപ്പെട്ടതുകൊണ്ട് അവയെല്ലാം ഹ്രസ്വരൂപത്തിലുള്ളവയായിരുന്നു. ഇവയുടെ ഉള്ളടക്കങ്ങളും വ്യത്യസ്തമായിരുന്നു. ടിബുല്ലസ് 2.5 66-78 -ൽ സിദ്ധികളെക്കുറിച്ചും ശകുനങ്ങളെക്കുറിച്ചുമാണത്രേ വിവരിക്കുന്നത്. റോമൻ സിബില്ലെൻസിന്റെ അവശേഷിക്കുന്ന ഒന്നിൽ സ്ത്രീയും പുരുഷനുമായിട്ടുള്ള ഒരാളുടെ ജനനത്തെക്കുറിച്ച് പറയുന്നു. അഞ്ചാംനൂറ്റാണ്ടിൽ ഗ്രീക്ക് ദേവീദേവന്മാർക്കായി ക്ഷേത്രം നിർമ്മിക്കാൻ സിബില്ലെൻ അരുളപ്പാടുകൾ പ്രയോജനപ്പെടുത്തിയിരുന്നു. മാസിഡോണിയയുമായുള്ള ഒരു യുദ്ധത്തിൽ ബി.സി. 173-ൽ റോമാക്കാർ ശകുനങ്ങൾ കണ്ടു ഭയപ്പെട്ടപ്പോൾ ഈ അരുളപ്പാടുകളെ ആശ്രയിച്ചിരുന്നു.

## സിബില്ലെൻ അരുളപ്പാടുകളുടെ ധർമ്മങ്ങൾ

സിബില്ലെൻ അരുളപ്പാടുകൾ അവയുടെ സിദ്ധി അന്ധവിശ്വാസത്തോടു ചേർത്ത് അംഗീകരിക്കുമ്പോൾ ഇവ രാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിച്ചിരുന്നതായി കാണാം. കല്ലിസ്തിനെസ് എഴുതിയിട്ടുള്ളത് ദിദിമെയിലെ അപ്പോളോയെക്കുറിച്ചും അലക്സാണ്ടർ ചക്രവർത്തിയാകാൻ പോകുന്നതിനെക്കുറിച്ചും എറിത്രിയൻ അരുളപ്പാടുകളുണ്ടായിരുന്നുവെന്നാണ്. കല്ലിസ്തിനെസിനെ ഇഷ്ടപ്പെട്ടിരുന്ന നിക്കാനോർ അലക്സാണ്ടറിന്റെ പ്രചാരണങ്ങളിൽ അയാളെയുംകൂടെ കൂട്ടിയിരുന്നു. വാരോ പറയുന്നത് പേർഷ്യൻ സിബിൽ ആണ് ഏറ്റവും പഴക്കമുള്ളതെന്നാണ്. സിബിലിലുള്ള നിക്കാനോറിന്റെ താത്പര്യം ശക്തിയായി നിർദ്ദേശിക്കുന്നത് അലക്സാണ്ടറിന്റെ പ്രചാരണങ്ങളിൽ സിബില്ലെൻ അരുളപ്പാടുകൾ മുഖ്യപങ്ക് വഹിച്ചിരുന്നുവെന്നാണ്. രാഷ്ട്രീയമായുള്ള വലിയ മാറ്റങ്ങളെ പ്ലൂട്ടാർക്ക് സിബില്ലെൻ അരുളപ്പാടുകളുമായി ബന്ധിപ്പിക്കുന്നുണ്ട്. എ.ഡി. 12-ൽ അഗസ്റ്റസ് ചക്രവർത്തി സിബില്ലെൻ അരുളപ്പാടുകളടക്കമുള്ള രണ്ടായിരത്തോളം പ്രവചനങ്ങൾ അവ രാഷ്ട്രീയവിധ്വംസക പ്രവർത്തനങ്ങൾക്കു വഴിവയ്ക്കുമെന്ന് ആരോപിച്ച് നശിപ്പിക്കുകയുണ്ടായി എല്ലാ സിബില്ലെൻ അരുളപ്പാടുകളും മതപരമായിരുന്നു. എല്ലാ സിദ്ധികളും ശകുനങ്ങളും രാഷ്ട്രീയ പ്രതിസന്ധികളും ദൈവഹിതവുമായും യഥാർത്ഥ ദൈവാരാധനയായും ബന്ധപ്പെട്ടിരുന്നു (ഉദാ. അവശേഷിച്ചിരിക്കുന്ന റോമൻ സിബില്ലെൻ അരുളപ്പാടുകൾ) വിജാതീയ സിബിൽ അപ്പോളോയെക്കുറിച്ച് പറയുമ്പോൾ യഹൂദ പക്ഷത്തുള്ളവ യാഹ്‌വേയെക്കുറിച്ച് പറയുന്നു.

പ്രാചീനകാലത്തെ എല്ലാ അരുളപ്പാടുകളെയുംപോലെ സിബി ല്ലെൻ അരുളപ്പാടുകളിലും കൂട്ടിച്ചേർക്കലും വ്യാജമായി എഴുതി ച്ചേർക്കലും തിരുത്തലുകളുമെല്ലാമുണ്ട്. ഈ യാഥാർത്ഥ്യം പൗ രാണിക ലോകത്തിനറിയാമായിരുന്നു. സിബിലുകൾക്കു അരിസ് റ്റോഫെൻസും ലൂസിയാനും പാരഡികൾ ചമച്ചിട്ടുണ്ട്. സിസെ റോയും പ്ലൂട്ടാർക്കും പ്രവചനവിൽപ്പനക്കാരെക്കുറിച്ച് സ്വയം ബോധ്യമുള്ളവരായിരുന്നു. എങ്കിലും അരുളപ്പാടുകൾക്കു അളവറ്റ മതിപ്പുണ്ടായിരുന്നു.

**കാലഘട്ടം**

ബി.സി. രണ്ടാംനൂറ്റാണ്ടിനും ഏ.ഡി. ഏഴാംനൂറ്റാണ്ടിനും മധ്യേ യാണ് സിബില്ലെൻ ഗ്രന്ഥങ്ങളിൽ പലതും രചിച്ചിട്ടുള്ളത്. വ്യ ക്തിപരമായി എഴുതിയിട്ടുള്ള ഗ്രന്ഥങ്ങളെപ്പറ്റി തുടർന്നു വരുന്ന ആമുഖങ്ങളിൽ പരാമർശിക്കുന്നുണ്ട്. ഏതായാലും 3,4,5 ഗ്രന്ഥങ്ങൾ അലക്സാണ്ഡ്രിയയിലെ ക്ലെമന്റ് ഏ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ അ ന്ത്യത്തിൽ എഴുതിയിരിക്കാമെന്നു കണക്കാക്കുന്നു. 6,7,8 ഗ്രന്ഥങ്ങ ൾ ഏ.ഡി. മൂന്നാംനൂറ്റാണ്ടിൽ ലങ്താനിയൂസ് എഴുതിയെന്നു പറ യപ്പെടുന്നു. ആമുഖത്തിന്റെ രചനാ കാലഘട്ടം ഏ.ഡി. 500 ആണ്.

**ഉറവിടം**

ഓരോ വ്യക്തികളുടേയും പേരിലുള്ള ഗ്രന്ഥങ്ങളുടെ ഉറവിടങ്ങ ളെപ്പറ്റി തുടർന്നു വരുന്ന ആമുഖങ്ങളിൽ പറയുന്നുണ്ട്. ഈ സമാ ഹാരത്തിലെ പകുതിയും ഈജിപ്തിൽ വച്ച് എഴുതിയതായി (3,5,11 -14) കരുതുന്നു. മറ്റ് പുസ്തകങ്ങളുടെ ഉറവിടം സിറിയയാണെന്നാ ണ് കണ്ടെത്തിയിട്ടുള്ളത് (4,6,7). 1 ഉം 2 ഉം ഏഷ്യാമൈനറിൽ വച്ചും അതല്ലെങ്കിൽ ഏതെങ്കിലും കിഴക്കൻ ദേശത്തുവച്ചും എഴു തിയതായി കരുതപ്പെടുന്നു.

**ചരിത്രപരമായ പ്രാധാന്യം**

ചരിത്രപരമായ പരാമർശങ്ങൾകൊണ്ട് ഏറെ സമ്പന്നമാണെ ങ്കിലും സിബില്ലെൻ അരുളപ്പാടുകൾ നമുക്ക് ആശ്രയിക്കാവുന്ന കാലഗണനയോ വസ്തുതാപരമായ വിവരണങ്ങളോ നൽകുന്നില്ല. നേരത്തേയുള്ള ചില ഗ്രന്ഥങ്ങളിൽ വിവരിക്കുന്ന സംഭവങ്ങളെപ്പ റ്റി വളരെ അവ്യക്തമായ അറിവേ രചയിതാക്കൾക്കുള്ളൂ. അരുള പ്പാടുകളുടെ ഭംഗിയേറിയ അവതരണമാകട്ടെ ഒരു കാരണവശാലും വസ്തുതാപരമായ സംഭവവിവരണം ഉദ്ദേശിക്കുന്നതുമില്ല. രാഷ്ട്രീ യത്തിലുള്ള ജനകീയാഭിമുഖ്യങ്ങൾ, രാജാക്കന്മാരുടെയും സാമ്രാ ജ്യങ്ങളുടെ ഐതിഹാസികപരമായ വിവരണങ്ങൾ എന്നിവയ്

ക്കെല്ലാമാണ് ഈ രചനകൾ പ്രാധാന്യം നൽകുന്നത്. ഗ്രീക്ക് ആധിപത്യകാലത്ത് കിഴക്കൻ രാജ്യങ്ങളിലുള്ള ജനങ്ങളുടെ പ്രതീക്ഷകളും ഉത്ക്കണ്ഠകളും ആദ്യഗ്രന്ഥങ്ങളിൽ കാണാം. രണ്ടാമത്തേതിലാകട്ടെ റോമൻ ഭരണത്തെക്കുറിച്ചുള്ള ഇതേ ജനപദങ്ങളുടെ ഉത്ക്കണ്ഠകളും. കിഴക്കൻ രാജ്യങ്ങളിൽ റോമാക്കാരെ ചെറുത്തു നിൽക്കാനുള്ള ആദർശങ്ങളാണ് ഇവയിലേറെയുമുള്ളത്. ക്രിസ്തീയ അരുളപ്പാടുകളെന്നു കരുതുന്ന 6,7 ലും 1,2,8 എന്നീ ഗ്രന്ഥങ്ങളിൽ ഭാഗികമായും മറ്റ് പ്രവചന ഗ്രന്ഥങ്ങളേക്കാൾ ചരിത്രപരമായ താത്പര്യം ഏറെ കുറവാണ്.

**ദൈവശാസ്ത്രപരമായ പ്രാധാന്യം**

സിബില്ലെൻ അരുളപ്പാടുകളുടെ യഥാർത്ഥ ഉള്ളടക്കമല്ല അവയുടെ ദൈവശാസ്ത്രപരമായ പ്രാധാന്യം പ്രതിഫലിപ്പിക്കുന്നത്. മറിച്ച്, അവ പ്രതിനിധാനം ചെയ്യുന്ന പ്രതിഭാസപരമായ കാര്യങ്ങളാണ്. യഹൂദ, ക്രിസ്ത്യൻ, വിജാതീയ അരുളപ്പാടുകളിലെല്ലാം ഈ പ്രവണത ദൃശ്യമാണ്. യഥാർത്ഥത്തിൽ സിബിൽ നോഹയുടെ മകളോ മരുമകളോ ആണെന്നാണ് കരുതുന്നത്. ക്രിസ്തുമതത്തെ പ്രതിരോധിക്കുന്നവർ ഇവരെ ഒരു വിജാതീയ സ്ത്രീയായിട്ടാണ് പരിഗണിക്കുന്നത്. ക്രിസ്തീയ വിശ്വാസത്തിന്റെ സത്യം തിരിച്ചറിയുന്ന ഒരു സ്വതന്ത്രസാക്ഷ്യമെന്ന രീതിയിലാണ് അവർ ഇവരെ അവതരിപ്പിക്കുന്നത്. Epitome Institutionum എന്ന കൃതിയിൽ 68: 73-ൽ ലക്താൻതിയൂസ് യുക്തിപരമായ തന്റെ നിലപാട് വ്യക്തമായി അവതരിപ്പിക്കുന്നു.

തങ്ങളുടെ മതത്തിനു പ്രതിരോധം തീർക്കാനായി ക്രിസ്തീയ എഴുത്തുകാർ സിബിലുകളെ ഉപയോഗിക്കുന്നതിനു മുമ്പ്, അരുളപ്പാടുകൾ പൊതുവേ യഹൂദർക്കു സ്വീകാര്യമാകുന്ന വിധത്തിലുള്ള ഒരു വൈകാരിക ഭാവം പ്രകടിപ്പിച്ചിരുന്നു. ജൂഡായിസത്തിലെ ജ്ഞാനവാദസാഹിത്യത്തിലാണ് ജുവിഷ് സിബില്ലെൻ അരുളപ്പാടുകൾ പിറവിയെടുത്തത്. വിജാതീയ അരുളപ്പാടുകളിൽ നിന്നുള്ള കാര്യങ്ങൾ കൂട്ടിച്ചേർക്കാനുള്ള സന്നദ്ധത യഹൂദ, വിജാതീയ വിഭാഗങ്ങളെ പൊതുവായ മാനുഷികാടിസ്ഥാനത്തിൽ കാണാനിടയാക്കി. സിബില്ലെൻ അരുളപ്പാടുകളിലെ മൂന്നാമത്തേത് തങ്ങളുടെ വിജാതീയരായ അയൽക്കാരോടു ഏറെ അനുകൂലമായ നിലപാടാണ് പ്രകടിപ്പിച്ചിട്ടുള്ളതെന്നാണ്. ദേവാലയം തകർക്കപ്പെട്ടതിനുശേഷം യഹൂദ അരുളപ്പാടുകളിൽ ഉദാഹരണമായി സിബില്ലെൻ അരുളപ്പാടുകളിലെ അഞ്ചാമത്തേത് തികച്ചും പ്രതികൂലമായ നിലപാട് സ്വീകരിച്ചുവെങ്കിലും അന്തർദേശീയതലത്തിലുള്ള സി

ബില്ലെൻ രൂപത്തിൽനിന്നു വ്യതിചലിക്കാൻ വിസമ്മതിക്കുകയായിരുന്നു.

## യുഗാന്ത്യപരമായ ശാസ്ത്രം

സിബില്ലെൻ അരുളപ്പാടുകളിൽ യുഗാന്ത്യപരമായ കാര്യങ്ങൾക്കാണ് ഉള്ളടക്കത്തിൽ മുൻതൂക്കം. എന്നാൽ യുഗാന്ത്യപരമായ വിഷയങ്ങൾ സ്പർശിക്കാത്ത രണ്ട് സിബില്ലെൻ വാക്യങ്ങളുള്ളത് 11-13 -ലാണ്. ചിലപ്പോൾ ഈ വിഷയം പ്രതിപാദിക്കുന്ന വരികൾ നഷ്ടപ്പെട്ടതോ സ്ഥാനം തെറ്റി നൽകിയതോ ആയിരിക്കാം. യഹൂദ പ്രവചനങ്ങൾക്കു ഒരുതരം രാഷ്ട്രീയ സ്വഭാവമാണുള്ളത്. മഹത്വമാർന്ന ഒരു രാജ്യത്തിന്റെ ആഗമനവും ഭൂമിയുടെ രൂപാന്തരീകരണവുമായിരിക്കും അവയിലുള്ളത്. ഹെല്ലനിസ്റ്റിക് ലോകത്തെക്കുറിച്ച് പ്രചരിപ്പിക്കാൻ ഇതൊരു നല്ല മാധ്യമമായി മാറി. രൂപാന്തരീകരണം സംഭവിക്കുന്ന ഭൂമി ആദർശവാനായ ഒരു ഭരണാധികാരി ഭരിക്കുമെന്നു ഇവിടെ പറയുന്നു. ഇതിനൊരു പ്രസിദ്ധമായ ഉദാഹരണമാണ് വിർജിലിന്റെ നാലാമത്തെ എക്കലോഗ്. റോമിനെ ചെറുക്കാനും (നേരത്തെ ഗ്രീസിനെയും) നിയർ ഈസ്റ്റിൽ പ്രതിരോധിക്കാനും രാഷ്ട്രീയമായ യുഗാന്ത്യപരാമർശങ്ങൾ ഉതകി. ഇതിനുള്ള ഉദാഹരണങ്ങൾ ഈജിപ്ഷ്യൻ ഡിമോട്ടിക് ദിനവൃത്താന്തത്തിലും പോട്ടറുടെ പ്രവചനങ്ങളിലും ഹൈസ്റ്റാപ്സിന്റെയും ബഹ്മാൻ യസ്റ്റിന്റെയും പേർഷ്യൻ അരുളപ്പാടുകളിലും തീർച്ചയായും യഹൂദ വെളിപാട് സാഹിത്യത്തിലും കാണാൻ കഴിയും.

ഇതിന്റെ ഏറ്റവും പ്രതികൂലമായ വശമെന്നു പറയുന്നത് ഭൂമി അഗ്നിയാൽ നശിപ്പിക്കപ്പെടുമെന്ന യുഗാന്ത്യദർശനമാണ്. വിജാതീയ ലോകത്തും പേർഷ്യൻ യുഗാന്ത്യപരമായ ശാസ്ത്രത്തിലും സമാന്തരമായ ചിന്തകൾ കാണാം. കൊടിയ അഗ്നിബാധയോടു ചേർന്നാണ് പ്രളയവും കാണാനാവുക. (സിബില്ലെൻ അരുളപ്പാടുകൾ 1/2 ഉം 4 ഉം) ഗ്രീക്ക് രചനകളിലും ദ്വിവിധത്തിലുള്ള ലോകനാശത്തെക്കുറിച്ച് വിവരണങ്ങളുണ്ട്.

കാലഗണന സിബില്ലെൻ അരുളപ്പാടുകളിൽ സർവവ്യാപിയാണ്. സാധാരണയായി ചരിത്രം 10 തലമുറകളുടേതായിട്ടാണ് വിഭജിക്കാറുള്ളത്. സിബില്ലെൻ അരുളപ്പാടുകളിൽ നാല് സാമ്രാജ്യങ്ങളാണ് കടന്നുവരുന്നത്. പേർഷ്യൻ മതത്തിൽനിന്നാണ് ചരിത്രത്തിന്റെ വിഭജനം പത്ത് കാലഘട്ടങ്ങളായി കുറിക്കപ്പെടുന്നത്. ഇതേ രീതിതന്നെ യഹൂദരുടെ വെളിപാട് രചനകളിലുണ്ട്.

സിബില്ലെൻ അരുളപ്പാടുകളിലെ സാദൃശ്യങ്ങളോട് വിജാതീയരുടെ യുഗാന്ത പരാമർശങ്ങൾ കൂട്ടിച്ചേർത്തതോടെ ജനകീയമായ പ്രതിപാദ്യങ്ങളും ഇതിഹാസങ്ങളും വർദ്ധിച്ചു. ഇതിൽ ഏറ്റവും പ്രധാനമായ പരാമർശം സിബില്ലെൻ അരുളപ്പാടിലെ 4,5,8 നമ്പറുകളിലെ നീറോയെക്കുറിച്ചുള്ളതാണ്. മറ്റൊന്ന് നാല് നമ്പറിലെ നാല് സാമ്രാജ്യങ്ങളെക്കുറിച്ചുള്ള പദ്ധതിരേഖയാണ്.

ക്രിസ്തീയ രചനകളിൽ മാത്രമാണ് മരണാനന്തരമുള്ള മനുഷ്യന്റെ അവസ്ഥയെക്കുറിച്ച് വിപുലമായ താത്പര്യം കാണുന്നത്. ജുവിഷ് സിബില്ലെൻ അരുളപ്പാടിലെ 4-ൽ ഉയിർപ്പിലുള്ള വിശ്വാസം അംഗീകരിക്കുന്നുണ്ട്; വളരെ സ്പഷ്ടമായി തന്നെ. സിബില്ലെൻ അരുളപ്പാടിലെ 2-ൽ കാണുന്ന അന്ത്യവിധിയുടെ രംഗം എത്രത്തോളം ക്രിസ്തീയമെന്നോ ജൂവിഷെന്നോ ഉള്ള സംശയമുണ്ട്. ശിക്ഷിക്കപ്പെട്ടവർ നേരിടേണ്ട സഹനത്തെക്കുറിച്ച് ഏറെ പ്രാധാന്യത്തോടെ നൽകിയിട്ടുണ്ട്. അതാകട്ടെ സഹനങ്ങളെക്കുറിച്ചുള്ള ഭയാനകമായ വിവരണങ്ങളാണുതാനും.

ക്രിസ്തീയ ഗ്രന്ഥങ്ങളിൽപോലും ഉയിർത്തെഴുന്നേറ്റ വിശുദ്ധരുടെ പറുദീസ ഭൗമികമാണ്. ഇതാകട്ടെ ഭൂമിയുടെ രൂപാന്തരീകരണത്തെ സൂചിപ്പിക്കുകയും ചെയ്യുന്നു.

**ധാർമ്മിക പ്രബോധനങ്ങൾ**

സിബില്ലെൻ അരുളപ്പാടുകളിലെ യുഗാന്ത്യപരമായ വിവരണം സാധാരണനിലയിൽ ധാർമ്മിക പ്രബോധനങ്ങളുടെ രൂപഭാവങ്ങളിലുള്ളതാണ്. പാപങ്ങൾക്കുള്ള ശിക്ഷ നീതിയാർന്ന പ്രവൃത്തികളിലൂടെ ഒഴിവാക്കാൻ കഴിയും. വിഗ്രഹാരാധനയും ലൈംഗികമായ കുറ്റങ്ങളുമാണ് സിബിലിൽ പ്രത്യേകമായി പരാമർശിക്കപ്പെടുന്നതെങ്കിലും അനീതിയും അക്രമവും ധാർമ്മികമായി പ്രതിരോധിക്കുന്നുണ്ട്. ഏകദൈവവാദത്തിൽ ഊന്നി വിഗ്രഹാരാധനയെ കർശനമായി എതിർക്കുകയാണിവിടെ. എല്ലാവിധത്തിലുമുള്ള ലൈംഗിക കുറ്റങ്ങളും അപലപിക്കപ്പെടുന്നുവെന്നു മാത്രമല്ല സ്വവർഗ ലൈംഗികതയ്ക്കെതിരേ കടുത്ത നിലപാടാണ് ഇവിടെ വ്യക്തമാക്കിയിട്ടുള്ളത്. സിബില്ലെൻ അരുളപ്പാടുകളിലെ 2.51-ൽ, ഒരു ക്രിസ്തീയമായ വാക്യത്തിൽ ചാരിത്ര്യം ഒരു പുണ്യമാണെന്നു പറഞ്ഞിരിക്കുന്നു. വിജാതീയരുടെ ധാർമികപ്രബോധനങ്ങളിലും ഇവയ്ക്ക് സമാന്തരമായി പരാമർശങ്ങളുണ്ട്.

സിബില്ലെൻ അരുളപ്പാടിലെ 8-ൽ അത്യാർത്തി നിരന്തരം അപലപിക്കപ്പെടുന്നുണ്ട്. അരുളപ്പാടുകളിലുള്ള മതപരമായ വിവാദ

ങ്ങൾ പ്രത്യക്ഷമായിത്തന്നെ രാഷ്ട്രീയ വിവാദങ്ങളെ ചുറ്റിപ്പറ്റിയാണെന്നു മാത്രം.

## സാംസ്ക്കാരികമായ പ്രാധാന്യം

പടിഞ്ഞാറ് സിബില്ലൈൻ അരുളപ്പാടുകളുടെ പ്രതികരണം അവയുടെ ദൈവശാസ്ത്രപരമായ പാരമ്പര്യങ്ങളുടെകൂടി പ്രതികരണമാണ്. സഭാപിതാക്കന്മാർ നൂറുനൂറു തവണ അരുളപ്പാടുകൾ ഉദ്ധരിച്ചിട്ടുണ്ട്. കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ വിശുദ്ധരോടുള്ള പ്രസംഗം എന്ന ഗ്രന്ഥത്തിൽതന്നെ ഇവയ്ക്ക് സ്ഥാനം ലഭിച്ചുവെന്നത് അവയുടെ പ്രാധാന്യം വെളിപ്പെടുത്തുന്നു. ഏറ്റവും പ്രധാനമെന്നു പറയുന്നത് മധ്യനൂറ്റാണ്ടുകളിലൂടെ സിബില്ലൈൻ അരുളപ്പാടുകൾ പ്രവഹിക്കവേ, ഫിയോറിലെ ജോവാക്കിമിനെ പോലെയുള്ളവരിൽപോലും അവ സ്വാധീനം ചെലുത്തിയെന്നു പറയേണ്ടതുണ്ട്.

മധ്യനൂറ്റാണ്ടുകളിൽ ഏറെ ജനപ്രീതിയാർജ്ജിച്ചതാണ് ടിബുർടൈൻ സിബിൽ.ആരാധനാക്രമത്തിലും (Tomas a Celano യുടെ S Diesirae) ഓർലാൻഡോ ഡി ലാസ്സോ കമ്പോസ് ചെയ്ത സിബില്ലൈൻ പ്രവചനങ്ങളുടെ പോളിഫോണിക് സജ്ജീകരണത്തിലും സിബില്ലൈൻ അരുളപ്പാടുകൾ ശാശ്വതീകരിച്ചിട്ടുണ്ട്.

മതേതര സംസ്ക്കാരത്തിൽ അരുളപ്പാടുകൾക്ക് അത്ര വലിയ സ്ഥാനമില്ല. ലത്തീൻ കവികളിലും അങ്ങനെ തന്നെ. കുമെയ്ൻ സിബിൽ വിർജിൽ ഉപയോഗിച്ചതു കൂടാതെ ഹൊറെയ്സിലും ജുവെനാലിലും ഇവ കാണുന്നുണ്ട്. എന്നാൽ ഈ കൃതികൾ സാഹിത്യപരമായി അരുളപ്പാടുകളെ ആശ്രയിച്ചുവോ എന്നതിൽ കൃത്യതയില്ല. ഡാന്റെയുടെ ഇൻഫെർണോയിൽ സിബില്ലൈൻ അരുളപ്പാടുകളിലെ 2-ന്റെ അനുരണനങ്ങളുണ്ട്. എന്നാൽ ഈ രചനാരീതിക്ക് അരുളപ്പാടുകളോടു മാത്രമല്ല കടപ്പാടുള്ളത്. പ്രത്യുത, വൈപുല്യമാർന്ന വെളിപാട്പരമായ സാഹിത്യത്തോടാണ്.

# 04

## ഷേമിന്റെ പ്രബന്ധം

(ബി.സി. ഒന്നാംനൂറ്റാണ്ട്)

നോഹയുടെ പുത്രനായ ഷേമിന്റെ പേരിലാണ് ഈ ഗ്രന്ഥം അറിയപ്പെടുന്നത്. രാശിചക്രത്തിൽ ഒരു വർഷത്തിന്റെ സവിശേഷതകളെപ്പറ്റിയാണ് ഇവിടെ പ്രതിപാദിക്കുന്നത്. സാങ്കേതികമായി ഇത്തരം രേഖകൾ calendologia എന്നാണ് വിളിക്കപ്പെടുക. ഷേമിന്റെ പ്രബന്ധത്തിൽ 12 അധ്യായങ്ങളാണുള്ളത്. രാശിചക്രത്തിലെ 12 സൂചകങ്ങളെ ക്ലോക്കിന്റെ സൂചിയുടെ ചലനത്തിനു വിപരീതമായി ഏരീസ് മുതൽ കാപ്രികോൺവരെയും ഇതിന് വിരുദ്ധമായി പിഷസിനു മുമ്പായി അക്വാരിയൂസും നൽകിയിരിക്കുന്നു. ഈ തലകീഴായുള്ള ക്രമത്തിനു കാരണം ഒരു പകർപ്പെഴുത്തുകാരന്റെ തിടുക്കമാണ്. തിടുക്കത്തിൽ ഇയാൾ ഒരു അധ്യായം വിട്ടുപോയി. അവശേഷിച്ച കൈയെഴുത്തു പ്രതിയാണ് അയാൾ പകർത്തിയെഴുതിയത്. Aquarius നു ശേഷം Pisces വരാൻ കാരണം ഇതാണെന്നു വായനക്കാർക്കു മുന്നറിയിപ്പ് നൽകുന്നുണ്ട്. യഥാർത്ഥത്തിൽ Aries മുതൽ താഴോട്ട് 12 അധ്യായങ്ങളുണ്ട്. Aries ൽ തുടങ്ങവേ ഏറ്റവും മോശമായ വർഷം Pisces ന്റെ വരവോടെ ഉച്ചസ്ഥാനത്തെത്തും. പിന്നീട് മികച്ച വർഷം ആഗതമായി, മനുഷ്യരുടെ ഇ

ടയിൽ ശാന്തിയും ഐശ്വര്യവും ഉണ്ടാകും. ഭൂമിയിലുള്ള എല്ലാ രാജാക്കന്മാരും തമ്മിൽ സ്നേഹവും ഐക്യവുമുണ്ടാകും (Trshem 11:18).

**മൗലികമായ ഭാഷ**

സിറിയക് ടെക്സ്റ്റിൽ കണ്ട ഗ്രീക്കിൽനിന്ന് കടംകൊണ്ട നാല് വാക്കുകൾ യഥാർത്ഥത്തിലുള്ള ഈ രചനയുടെ ഭാഷ ഗ്രീക്കാണെന്ന സൂചന നൽകുന്നില്ല. യഥാർത്ഥ ഭാഷ സെമിറ്റിക് ആണെന്നു കരുതാവുന്നതാണ്. സെമിറ്റിക് അക്ഷരമാലയിലുള്ള പേരുകൾ ഇവിടെയുണ്ട് (അധ്യാ. 2,6,7,8,9,10,11,12). സിറിയക് ടെക്സ്റ്റിന്റെ കൃത്രിമത്വവും പൊള്ളത്തരവും കാണിക്കുന്നത് യഥാർത്ഥ ഭാഷ ഹീബ്രുവോ അരമായിക്കോ ആയിരിക്കാമെന്നാണ്. ഇതിന്റെ ഉറവിടം അലക്സാണ്ഡ്രിയയാണെങ്കിൽ അരമായിക്കായിരിക്കാം ഈ രചനയുടെ മൗലികഭാഷ.

**കാലഘട്ടം**

ഈ രേഖയുടെ കാലഘട്ടം കൃത്യമായും സൂക്ഷ്മമായും നിർണ്ണയിക്കാനാവില്ല. യുക്തിപരമായി ന്യായീകരിക്കാവുന്നത് ഇതിന് ചരിത്രപരമായ അടിസ്ഥാനമുണ്ടെന്നാണ്. ഈ ഊഹം ശരിയാണെങ്കിൽ, റോമാക്കാരെക്കുറിച്ചുള്ള പരാമർശമുള്ളതുകൊണ്ട് (1:5;3: 6f; 11: 12) ഇത് രചിച്ചത് റോമൻ കാലഘട്ടത്തിലാണെന്നു കരുതാം. എ.മിൻഗാന ഊഹിക്കുന്നത് ഈ രചന വെസ്പേഷ്യനോ ഹാഡ്രിയനോ പലസ്തീന കൊള്ളയടിച്ചതിനു ശേഷമായിരിക്കാമെന്നാണ്. ഈ നിർദ്ദേശം അസാധ്യമാണെന്നു കരുതാവുന്നതാണ്. ആ കാലഘട്ടത്തിൽ (C.ഏ.ഡി.69-138) റോമൻ സാമ്രാജ്യത്തിൽ സമാധാനം നിലനിന്നിരുന്നു. രചനാകാലഘട്ടം വേണമെങ്കിൽ യുദ്ധങ്ങളെ അടിസ്ഥാനമാക്കി നിർണ്ണയിക്കാമെന്നു തോന്നുന്നു (3: 6f; 1:9;2:2;3:3; 7:8; 18; 10: 10f; cf.5: 7;6:13; 12: 8). ബി.സി. 31-ൽ ഒക്ടേവിയൻ ആന്റണിയെ തോൽപ്പിക്കുന്നുണ്ട്. ആന്റണിയുടെയും ക്ലിയോപാട്രയുടെയും ഈജിപ്ഷ്യൻ നിയമമനുസരിച്ചുള്ള വിവാഹത്തെക്കുറിച്ച് (ബി.സി. 37-30) പരാമർശമുണ്ട്. പിന്നീട് ആന്റണിയും ക്ലിയോപാട്രയും ആത്മഹത്യ ചെയ്യുന്നു. ബി.സി. 30-ൽ അലക്സാണ്ഡ്രിയയിൽ ഒക്ടേവിയന്റെ ക്രൂരമായ നടപടികൾ അരങ്ങേറുന്നുണ്ട്. 12:4 ൽ ഈജിപ്ത് പലസ്തീനിയ ഭരിക്കും എന്ന പരാമർശം ബി.സി. 34 ലേതാണ്. ആ വർഷത്തിൽ തന്റെ ദുർഘടാവസ്ഥമൂലം ആന്റണിക്ക് ക്ലിയോപാട്രയുടെ പണം വേണ്ടിയിരുന്നു. ഇതിനു പകരമായി ക്ലിയോപാട്രയ്ക്ക് പലസ്തീനയുടെ ഭരണം വിട്ടു നൽകി. തു

ടർന്ന് ക്ലിയോപാട്രയും സീസറിയോണും ചേർന്ന് പാലസ്തീന ഭരിച്ചു.

രചനാകാലഘട്ടം സൂചിപ്പിക്കാവുന്ന 'മോഷ്ടാക്കൾ' കൊള്ളക്കാർ എന്നിവരെക്കുറിച്ചുള്ള ഭയം ഇവിടെ പരാമർശിക്കുന്നുണ്ട് (cf. 7: 20; 10: 7; 11:11; 12:1; cf. 6:1; 10: 1; 11: 1). ഈ കാലഘട്ടത്തിൽ ഒക്ടേവിയൻ രാജ്യത്തുടനീളം മികച്ച നിലവാരത്തിലുള്ള റോഡുകൾ നിർമ്മിക്കുകയുണ്ടായി. ഇതെല്ലാം സൂചിപ്പിക്കുന്നത് ഷേമിന്റെ പ്രബന്ധം രചിച്ചത് ബി.സി. ഒന്നാം നൂറ്റാണ്ടിലെ അവസാനത്തെ 30 വർഷങ്ങൾക്കുള്ളിലാണെന്നാണ്.

കാലഘട്ടം നിർണ്ണയിക്കാൻ വേറേയും ചില പരാമർശങ്ങളുണ്ട്. 2: 3-ൽ ആന്റണിയും ക്ലിയോപാട്രയുമാണ് വിഷയം. മാത്രമല്ല ആന്റണിയും ഒക്ടേവിയനും തമ്മിൽ ആക്ടിയത്തു വച്ചു നടന്ന യുദ്ധവും ഇവിടെ പരാമർശിക്കുന്നു (2:10). 6:13-17 ലാകട്ടെ കടൽ യുദ്ധത്തിൽ ആന്റണിയെ ഒക്ടേവിയൻ തോൽപ്പിക്കുന്നതും, തുടർന്ന് ആന്റണിയുടെ അലക്സാണ്ഡ്രിയയിൽവച്ചുള്ള ആത്മഹത്യയും വിവരിക്കുന്നു. 7: 16 f ലും ഈ യുദ്ധത്തെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഇതിൽനിന്നെല്ലാം സൂചന ലഭിക്കുന്നത് ബി.സി. 31 നുശേഷം ഒരു യഹൂദൻ ജ്യോതിഷവുമായി ബന്ധപ്പെട്ട ഈ രേഖ രചിച്ചുവെന്നാണ്.

## ഉറവിടം

ഈ രചന നടന്നിരിക്കാമെന്നു കരുതുന്ന രണ്ട് സ്ഥലങ്ങളിൽ ഒന്ന് ഈജിപ്തിലാണ്. ഇക്കാര്യം അധ്യായം 1,2,7,8,9,12 എന്നീ ഭാഗങ്ങളിൽ പറഞ്ഞിരിക്കുന്നു. രണ്ടാമത്തേത് പലസ്തീനിയ (ഈ പരാമർശങ്ങളുള്ള അധ്യായങ്ങൾ 4,6,11). പലസ്തീനിയയിൽനിന്നു വന്ന കൊള്ളക്കാർ എന്ന് 11: 11 ൽ പറയുന്നു. മാത്രമല്ല, നൈൽ നദിയെക്കുറിച്ചും ഏറെ പരാമർശങ്ങളുണ്ട് (അധ്യായം 1,2,3,4,5,6,7,8,12). ഇതെല്ലാം സൂചിപ്പിക്കുന്നത് രചന നടന്നത് ഈജിപ്തിലാണെന്നാണ്. ജലസേചനത്തെക്കുറിച്ച് പറയുന്നതും (1; 4; 10: 18) മരുക്കാറ്റിലൂടെ ഉണ്ടാകുന്ന രോഗങ്ങളെപ്പറ്റി പരാമർശിക്കുന്നതും (4: 7) ഈ സാധ്യത വർദ്ധിപ്പിക്കുന്നു. അലക്സാണ്ഡ്രിയ നഗരത്തെക്കുറിച്ച് പറയുന്നതുമൂലം (4:3; 6:14) രചനാവേദി അലക്സാണ്ഡ്രിയ ആണെന്നും കരുതാം. വടക്കൻ കാറ്റിന്റെ ഗുണഗണങ്ങളും (3: 1; 5:1; 8: 1) കിഴക്കൻ കാറ്റിന്റെ ഉപദ്രവങ്ങളും (7:3; 10: 2) കടലിനെക്കുറിച്ച് തുടരെത്തുടരെയുള്ള പരാമർശങ്ങളും (1: 10; 2: 12 (രണ്ടുതവണ) 3:7;4:5; 7: 18 (രണ്ടു തവണ); 11:5; cf.10:5; കടൽത്തീരത്തെക്കുറിച്ചും (10:15) മത്സ്യബന്ധനത്തെക്കുറിച്ചും (11:5) കപ്പലുകളെക്കുറിച്ചും (1:

10; 2: 12; 3:7;4:5; 6:16; 11:6) എന്നിവയെല്ലാം പരാമർശിക്കുമ്പോൾ രചന നടന്നിട്ടുള്ളത് അലക്സാണ്ഡ്രിയയിലാകാനാണ് സാധ്യത.

## ചരിത്രപരമായ പ്രാധാന്യം

ഏതാനും ദശകങ്ങൾക്കു മുമ്പുവരെ യേശുവിന്റെ കാലത്ത് യഹൂദർ ജ്യോതിഷസംബന്ധമായ രചനകൾ നടത്തിയിരുന്നുവെന്നതിനു പണ്ഡിതന്മാർക്കു തെളിവൊന്നും ലഭിച്ചിരുന്നില്ല. മധ്യകാലയഹൂദ മിസ്റ്റിസിസത്തിന്റെ കാലത്തു മാത്രമാണ് ഇത്തരമൊരു താത്പര്യം യഹൂദർക്കുണ്ടായിരുന്നതെന്നാണ് പല നല്ല ചരിത്രകാന്മാരും കരുതിയിരുന്നത്.

നസ്രത്തിലെ യേശുവിനേക്കാളും വളരെ നേരത്തേയാണ് യഹൂദർക്കു രാശിചക്രത്തിൽ താത്പര്യമുണ്ടായിരുന്നത്. യഹൂദ സിബില്ലെൻ അരുളപ്പാടിലെ 5,512. 31. ൽ ഇത് പറയുന്നു. ചാവുകടൽ ചുരുളുകളിലും ജ്യോതിഷത്തെ സംബന്ധിച്ച രണ്ട് രേഖകൾ കിട്ടിയിരുന്നു.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

വിർഗോയിലാണ് വർഷം ആരംഭിക്കുന്നതെങ്കിൽ ഒരു യഹൂദന്റെ പേരിൽ നിശ്ചിതമായ അക്ഷരങ്ങളുണ്ടാകണമെന്നും, അവൻ കൊള്ളയടിക്കപ്പെടുമെന്നും അവന് പലായനം ചെയ്യേണ്ടിവരുമെന്നും പറഞ്ഞിരിക്കുന്നു. ഇതാകട്ടെ ഒരു യഹൂദ ഭവനം ദൈവം പരിരക്ഷിക്കുന്നുവെന്ന പുരാതന പാരമ്പര്യത്തിനു കടകവിരുദ്ധമായിരുന്നു (ഉദാ. കാണുക. പുറ. 12 : 13, 22). കുടുംബത്തിന്റെ കെട്ടുറപ്പ് ഓരോ കുടുംബാംഗങ്ങളെയും സംരക്ഷിക്കുമെന്നും ഇതേ പാരമ്പര്യത്തിലുണ്ട് (കാണുക. ലേവ്യ. 25 : 25; 47 -49; ഉത്പ 4: 23f). ഭാഗ്യം കൈവരുന്നതും, നൈൽ നദിയിലെ ജലനിരപ്പുയരുന്നതും, നക്ഷത്രങ്ങളുടെയും ചന്ദ്രന്റെയും ചലനങ്ങളും, ആരോഗ്യവും,നല്ല വിളവുമെല്ലാം പരക്കെ രാശിചക്രത്തിന്റെ പിൻബലത്തിലാണെന്നു കരുതിയിരുന്നു. ഇതാകട്ടെ പ്രപഞ്ചത്തിന്റെ അധിനാഥൻ ദൈവമാണെന്ന പുരാതന പാരമ്പര്യത്തിനു (cf. സങ്കീ. 24,29) വിരുദ്ധവുമായിരുന്നു. ചരിത്രത്തിന്റെ ഗതി നിയന്ത്രിക്കുന്നതിൽ ദൈവത്തിനുള്ള സ്ഥാനവും (നിയമം 26: 5 9; cf.സങ്കീ. 8) ഇവിടെ നഷ്ടപ്പെടുകയാണ്. മഴയെ നിയന്ത്രിക്കുന്നത് ദൈവമാണെന്നു ആമോസിന്റെ ഗ്രന്ഥത്തിലും (4:7) സക്കറിയായുടെ ഗ്രന്ഥത്തിലും (10:1) വായിക്കുന്നുണ്ട്. യഹൂദ വിശ്വാസത്തിന്റെ ജനകീയമായ സ്വഭാവം കാർമ്മൽ മലയിൽവച്ച് മഴയ്ക്കുവേണ്ടി പ്രാർത്ഥിച്ച ഏലിയാ പ്രവാചകനിലും (1 രാജാ 18:1; 41-46) കാണുന്നുണ്ട്. ഷേമിന്റെ പ്രബന്ധ

ത്തിലെ 10: 17 -ൽ മനുഷ്യരുടെ മഴയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന കൾ ഫലപ്രദമാകുമെന്ന ചിന്തകൾക്കും വിരുദ്ധമാണിത്.

അപ്രമാണിക ഗ്രന്ഥങ്ങളിലെ ഈ ബൈബിൾ കാഴ്ചപ്പാടുകൾ ജ്യോതിഷവിരുദ്ധമായവിധം ആവർത്തിച്ചുറപ്പിക്കുന്നുണ്ട്. ജൂബിലി കളുടെ ഗ്രന്ഥകാരൻ ഷേമിനെ ആദരിക്കുന്നുണ്ട് (cf. ജൂബി 7:10-18, 8: 18; 10:13 f; 19:24f). എന്നാൽ ജ്യോതിഷത്തിൽ ഊന്നിയുള്ള ഷേ മിന്റെ പ്രബന്ധത്തിലെ ആശയങ്ങൾ ജൂബിലികളുടെ ഗ്രന്ഥകാരൻ തള്ളിക്കളയുന്നു. അബ്രാഹത്തിന്റെ മനോഗതങ്ങൾ വിവരിക്കുന്ന 12:16-18 ൽ ഈ ചിന്തകൾ കൂടുതൽ പ്രകടമാണ്.

ജൂബിലികളുടെ ഗ്രന്ഥത്തിലെ 12 ാം അധ്യായത്തിൽ ഷേമിന്റെ പ്രബന്ധത്തിനെതിരേ രചയിതാവ് ഒന്നും എഴുതിയിട്ടില്ല. എന്നാൽ രാശിചക്രത്തെ അടിസ്ഥാനമാക്കി വർഷപാതവും മറ്റും കണക്കാ ക്കുന്ന ജ്യോതിഷപരമായ അവകാശവാദങ്ങൾ മുഖവിലയ്ക്കെടു ക്കുന്നില്ല. ഷേമിന്റെ പ്രബന്ധത്തിൽ (5:1) കാണുന്ന മഴയെയും കാ റ്റിനെയുംകുറിച്ചുള്ള വർണ്ണന ഇതിനു ഉദാഹരണമാണ്.

ദൈവം മനുഷ്യരുടെ പ്രാർത്ഥന കേൾക്കുമെന്നും അവന്റെ അപേ ക്ഷ സഫലമാക്കുമെന്നും പറഞ്ഞുകൊണ്ടാണ് ജ്യോതിഷപരമായ കാഴ്ചപ്പാടുകൾ തള്ളിക്കളയുന്നത് (8: 3; 10: 17 cf. 12: 9). ഗ്രന്ഥകാ രൻ ഇവിടെ മൂന്നുതവണയാണ് ദൈവത്തെക്കുറിച്ച് (8: 3; 11: 17; 12:9) പരാമർശിക്കുന്നത്. ഇവിടെ രണ്ടുതവണ ജീവിക്കുന്ന ദൈവം എന്നാണ് പദപ്രയോഗം.

ഷേമിന്റെ പ്രബന്ധം രചിച്ചിരിക്കുന്നത് ഒരു യഹൂദനാവാനാണ് സാധ്യത. ചില യഹൂദരായ ജ്ഞാനവാദികൾ വൈദേശികമായ സമ്പ്രദായങ്ങൾക്ക് ഇടം നൽകാനായി പുരാതന പാരമ്പര്യങ്ങളോട് വിട്ടുവീഴ്ച ചെയ്തിരിക്കാം. മറ്റ് രാജ്യങ്ങളിലുള്ളവരുടെ ജൂഡായി സവും എന്തിന് പലസ്തീനിയൻ ജൂഡായിസംപോലും യാഥാസ്ഥി തികരാൽ നിയന്ത്രിക്കപ്പെട്ടിരുന്നില്ല. ജൂഡായിസത്തിന്റെ അന്തർ നിയമപരമായ നാനാവർണ്ണസ്വഭാവം ഈ രചനയിലൂടെ നമുക്ക് കൂടുതൽ വെളിപ്പെട്ടു കിട്ടുന്നുണ്ട്. ഖുമ്റാൻപരവും, വിഭാഗീയ ഇ ടർച്ചയ്ക്കും അപ്പുറത്തൊന്നുമല്ല ജൂഡായിസത്തിലെ ജ്യോതിഷ മെന്ന ആനുകാലിക നിലപാടും ഇവിടെ അസാധുവാകുന്നുണ്ട്.

ഈ രചനയിൽ മാലാഖമാരെക്കുറിച്ച് പരാമർശമില്ല. അനശ്വര തയോ മരിച്ചവരുടെ ഉയിർപ്പോ സ്വർഗത്തിന്റെ വിവിധ തലങ്ങളെ ക്കുറിച്ചോ ഒന്നും പറയുന്നില്ല. പെസഹാ മാത്രമേ ഇവിടെ പരാമർ ശിക്കുന്ന തിരുനാളുകളിൽ പെടുന്നുള്ളൂ (1 : 8; 6: 12). ഈ പരാമർ ശങ്ങൾ രചന നടന്നത് ഈജിപ്തിലാണെന്ന സൂചന നൽകുന്നുണ്ട്.

ഗ്രന്ഥകാരനോ പിന്നീട് പകർപ്പെഴുത്തുകാരനോ ഈ ഗ്രന്ഥം ഷേമിന്റെ പേരിൽ ആക്കിയതാകാം. നോഹയുടെ ഏറ്റവും പ്രായം ചെന്ന പുത്രനാണ് ഷേം (ഉത്പ. 10 : 21; cf. ജൂബി, 4: 33). നോഹ ഏറെ അനുഗ്രഹിച്ചവനും സ്നേഹിച്ചവനുമായിരുന്നു ഷേം (ഉത്. 9: 26; ജൂബി. 7:11f; 8: 18; 10: 14 cf Tsim 6:5). ഷേം ഏറെ ആദരിക്കപ്പെട്ടവനായിരുന്നു (പ്രഭാ. 49: 16) ആദം മുതൽ അബ്രാഹം വരെയുള്ള വിശുദ്ധ നിരയിലെ ഒരു പ്രധാനപ്പെട്ട വ്യക്തിയായിരുന്നു ഷേം (ഉത്പ.11: 10 33; ജൂബി 19 : 24 31). പൈതൃകമായി ഷേമിന് ഭൂമിയുടെ മദ്ധ്യഭാഗം ലഭിച്ചു (ജൂബി. 8:12-30). ഇതിൽ വാഗ്ദത്തഭൂമിയും ദൈവത്തിന്റെ മൂന്ന് വാസസ്ഥാനങ്ങളായ ഏദൻ തോട്ടം, സീനായ് മല, സിയോൺ മല എന്നിവയും ഉൾപ്പെടുന്നു (ജൂബി. 8: 18 f). ചില പുരാതന പാരമ്പര്യങ്ങളനുസരിച്ച് മാലാഖമാർ നോഹയെ എല്ലാ മരുന്നുകളെക്കുറിച്ചും രോഗചികിത്സയെപ്പറ്റിയും പഠിപ്പിച്ചുവെന്നും നോഹ അതെല്ലാം എഴുതി ഒരു പുസ്തകത്തിൽ സൂക്ഷിച്ചിരുന്നുവെന്നും പിന്നീട് അത് ഷേമിന് കൈമാറിയതായും പറയുന്നു (ജൂബി 10:10-14) ഷേമിന്റെ പേരിലുള്ള ഈ രേഖയിൽ ഒരു യഹൂദനാണ് ഈ പാരമ്പര്യങ്ങൾ ഉൾപ്പെടുത്തിയതെന്നു കരുതാവുന്നതാണ്.

### കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം

ഈ രചനയെക്കുറിച്ച് നിരന്തരം നടക്കുന്ന ചർച്ചകളിൽ ഇതിനെ പഴയനിയമത്തോടാണ് താരതമ്യപ്പെടുത്തുന്നത്. എന്നാൽ ചില സമാന്തര പരാമർശങ്ങൾ മറ്റു ചില കാഴ്ചപ്പാടുകൾക്കു ഊന്നൽ നൽകുന്നു. ഉദാഹരണം പറയാം. പഴയനിയമകാലത്തെ പ്രവാചകർ ചരിത്രത്തിൽ ദൈവം ഇടപെടുന്നതുകൊണ്ട് എന്താണ് പെട്ടെന്ന് സംഭവിക്കാൻ പോകുന്നതെന്നു പ്രവചിക്കുന്നു. ഈ രചനയിലാകട്ടെ ഭൂമിയിൽ വിദൂരഭാവിയിൽ സംഭവിക്കാൻ പോകുന്ന കാര്യങ്ങൾക്കു രാശിചക്രത്തിന്റെ സ്വാധീനമുണ്ടെന്നാണ് പറയുന്നത്. പഴയനിയമ ഗ്രന്ഥകാരന്മാർ ദൈവത്തിന്റെ കൽപനകൾ നക്ഷത്രങ്ങൾ അനുസരിച്ചിരുന്നുവെന്ന് പറയുന്നു. ഷേമിന്റെ പ്രബന്ധകാരൻ പറയുന്നത് ഭൂമിയിലെ സംഭവങ്ങൾക്കു ഉത്തരവാദി സ്വർഗവാസികളാണെന്നാണ്.

യേശുവിനും അനുചരർക്കും മുമ്പായി യഹൂദർക്ക് ജ്യോതിഷത്തിലുണ്ടായിരുന്ന വിശ്വാസം പുതിയനിയമത്തിലെ മത്തായിയുടെ (2:2) സുവിശേഷത്തിൽ പരാമർശിക്കുന്നു. കിഴക്ക് നക്ഷത്രം ഉദിച്ചതു കണ്ടാണ് ജ്ഞാനികൾ നവജാതനായ രാജാവിനെ കാണാൻ വരുന്നത്. ഇവിടെ സുവിശേഷം രചിച്ച മത്തായിയെയോ മറ്റൊരു

യഹൂദ ക്രൈസ്തവനെയോ ജ്യോതിഷപരമായ പ്രവചനങ്ങൾ സ്വാധീനിച്ചതായി കരുതാം. മത്താ 2:9 ലും ശക്തമായ ജ്യോതിഷപരമായ പരാമർശങ്ങളുണ്ട്. നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ ജോൺ ക്രിസോസ്റ്റവും അഞ്ചാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന വിശുദ്ധ അഗസ്റ്റിനും വി. മത്തായിയുടെ സുവിശേഷത്തിലെ 2:1-12 വാക്യങ്ങളിലെ ജ്യോതിഷപരമായ വ്യാഖ്യാനങ്ങളെപ്പറ്റി ഒന്നോ രണ്ടോ പ്രഭാഷണങ്ങൾതന്നെ നടത്തിയിട്ടുണ്ട്. വി.അഗസ്റ്റിന്റെ ഇക്കാര്യത്തിലുള്ള വിമർശനം അതിരൂക്ഷമാണ്. ക്രിസ്തു ജനനത്തിന്റെ മഹത്വം ഒരു നക്ഷത്രത്തിനു തീരുമാനിക്കാനാവില്ല. തന്റെ മറ്റ് അത്ഭുതങ്ങളോടൊപ്പം നക്ഷത്രം പ്രത്യക്ഷീകരിക്കുവാൻ യേശു തീരുമാനിച്ചിട്ടുണ്ടാകും - വി. അഗസ്റ്റിൻ പറയുന്നു.

ബാലാമിനെക്കുറിച്ച് സംഖ്യ 22 : 1 24 : 25 വാക്യങ്ങളിലെ പരാമർശങ്ങളും പാരമ്പര്യങ്ങളും എ.പോളും ആർ. ഇ. ബ്രൗണും ചർച്ചാവിഷയമാക്കിയിട്ടുണ്ട്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിലെ രണ്ടാം അധ്യായത്തെ ആസ്പദമാക്കി എല്ലാ യഹൂദരും മനുഷ്യന്റെ ഭാഗധേയം നിർണ്ണയിക്കുന്ന നക്ഷത്രങ്ങളിൽ വിശ്വസിച്ചിരുന്നുവെന്ന് കരുതരുതെന്ന് അവർ പറയുന്നു. മത്തായി സുവിശേഷം രചിക്കുന്നതിനുമുമ്പുതന്നെ ജ്യോതിഷപരമായ ഊഹാപോഹങ്ങൾ യേശുവിന്റെ ജനനവുമായി ബന്ധപ്പെടുത്തിയിരുന്നു. ജ്യോതിഷത്തിൽ വിശ്വസിച്ചിരുന്നതുകൊണ്ട് കിഴക്കുനിന്നുള്ള ജ്ഞാനികൾ വിജാതീയരാണെന്നു കരുതാനാവില്ലെന്നും അവർ വാദിക്കുന്നു. യേശുവിന്റെ ജനന സമയത്തുള്ള ഗ്രഹനില ഇവർ പരാമർശിക്കുന്നുണ്ട്. നക്ഷത്രം ഇസ്രായേലിനെ (അതല്ലെങ്കിൽ പലസ്തീനയെ) ആണ് പ്രതിനിധീകരിച്ചിട്ടുള്ളത്. ഇതിൽ സിദ്ധമാകുന്ന അർത്ഥം അവസാന നാളുകളിൽ ഇസ്രായേലിൽ മഹാനായ രാജാവ് ജനിക്കുമെന്നായിരുന്നു. ഷേമിന്റെ പ്രബന്ധം കണ്ടെത്തിയതോടെ ക്രിസ്തുമതത്തിനുമുമ്പ് യഹൂദർ ജ്യോതിഷപരമായ വിശ്വാസങ്ങളുള്ളവരായിരുന്നുവെന്ന് കരുതാനാകും. മത്തായിയുടെ രണ്ടാം അധ്യായം വിശ്വസിക്കാവുന്ന ചരിത്രയാഥാർത്ഥ്യമാണെങ്കിലും, ഇതേ അധ്യായത്തിലുള്ള നക്ഷത്രം ഒരു മിത്തിന്റെ പശ്ചാത്തലത്തിൽ സൃഷ്ടിക്കപ്പെട്ടതാണെന്നു കരുതാൻ വിഷമമുണ്ട്.

### സാംസ്ക്കാരികപരമായ പ്രാധാന്യം

ഷേമിന്റെ പ്രബന്ധം രചിക്കപ്പെട്ട കാലം എന്നത് പരമ്പരാഗതമായി വർഷാരംഭത്തിൽ, വസന്തകാലത്തിൽ ആണെന്നത് പ്രധാനമാണ്. ഇവിടെ ഗ്രഹനിലയിലുള്ള മാറ്റം ജ്യോതിഷപരമായി വൈകാരിക മാറ്റമുണ്ടാക്കുന്നുണ്ടെന്ന് ജി.ദെ. സന്തില്ലാന വാദിക്കുന്നു.

ഇതിലും കൂടുതൽ സാംസ്ക്കാരികപരമായ പ്രാധാന്യമെന്നു പറയുന്നത് ആക്റ്റിയത്തു വച്ചും അലക്സാണ്ഡ്രിയയിൽ വച്ചുമുള്ള ആന്റണിയുടെയും ക്ലിയോപാട്രയുടെയും അകാലത്തിലുള്ള വിയോഗമാണ്. ഇരുവരുടെയും വിചിത്രമായ ജീവിതവും സ്നേഹവും എത്രയോ സാഹിത്യ കൃതികൾക്കു പ്രചോദനമായി. പ്ലൂട്ടാർക്കിന്റെ മാർക്ക് ആന്റണിയുടെ ജീവിതം, ഷേക്സ്പിയറിന്റെ ആന്റണിയുടെയും ക്ലിയോപാട്രയുടെയും ദുരന്തം, ഡ്രൈഡെൻസിന്റെ എല്ലാം സ്നേഹത്തിനുവേണ്ടി, ബർണാഡ്ഷായുടെ സീസറും ക്ലിയോപാട്രയും എന്നീ മഹത്തായ കൃതികൾ നമ്മുടെ സാംസ്ക്കാരിക രംഗത്തിൽ ചെലുത്തിയ സ്വാധീനം നമുക്കു കുറച്ചു കാണാനാവില്ല.

05

# എസെക്കിയേലിന്റെ അപ്രമാണിക ഗ്രന്ഥം

എസെക്കിയേലിന്റെ സംശയാസ്പദമായ ഗ്രന്ഥകർത്തൃത്വമുള്ള ഗ്രന്ഥം പൂർണ്ണമായ നിലയിൽ അവശേഷിച്ചിട്ടില്ല. പ്രാധാന്യത്തിൽ രണ്ടാം സ്ഥാനമുള്ള നാല് ചുരുൾശകലങ്ങളും അപ്രമാണിക ഗ്രന്ഥത്തിന്റെ ഒരു ചെറിയശകലവുമേ ഇന്ന് അവശേഷിക്കുന്നുള്ളൂ. ഇവയെക്കുറിച്ച് അലക്സാണ്ഡ്രിയയിലെ ക്ലെമന്റ് പരാമർശിച്ചിട്ടുള്ളതാണ്. ഈ അഞ്ച് ശകലങ്ങളിൽ ഏറ്റവും ദൈർഘ്യമേറിയത് റബ്ബിനിക് സാഹിത്യത്തിൽ എപ്പിഫാസൂസിന്റെ രചനകളിൽ കാണുന്ന മുടന്തന്റെയും അന്ധന്റെയും കഥയാണ്.

ഈ കഥയിൽ ഒരു രാജാവ് ഒരു മഹാവിരുന്ന് നടത്തുകയാണ്. മുടന്തനും അന്ധനും ഈ വിരുന്നിലേക്ക് ക്ഷണിക്കപ്പെട്ടില്ല. ഇവർ ഇരുവരും ഒരു തന്ത്രം മെനയുന്നു. മുടന്തൻ ഒരു കയറുണ്ടാക്കി അത് അന്ധനുമായി ബന്ധിപ്പിക്കുന്നു. അങ്ങനെ അവന്റെ ചുമലിൽ മുടന്തൻ കയറുന്നു. മുടന്തന്റെ കണ്ണുകളും അന്ധന്റെ കാലുകളും പരസ്പരം ഉപയോഗിച്ചുകൊണ്ട് അവർ രാജാവിന്റെ ഉദ്യാനത്തിൽ കയറിപ്പറ്റുന്നു. ഫല

വൃക്ഷങ്ങൾ ഇരുവരും ചീന്തിക്കളയുന്നു. ഇവർ തെരഞ്ഞെടുത്ത ഫലം ഭക്ഷിക്കുന്നുവെന്നാണ് ഹീബ്രുവിൽ പറയുന്നത്. ഇവരുടെ പ്രവൃത്തി കണ്ടുപിടിച്ചതോടെ ഇരുവരേയും രാജസമക്ഷം ഹാജരാക്കി. ഇരുവരും തങ്ങൾ കുറ്റം ചെയ്യാൻ കഴിയാത്തവരാണെന്നു വാദിക്കുന്നു. ഇതോടെ ബുദ്ധിമാനായ രാജാവ് അന്ധന്റെ തോളിൽ മുടന്തനെ കയറ്റിയിരുത്തുന്നു. ഇങ്ങനെയാണ് അവർ കുറ്റം ചെയ്തതെന്ന് സ്ഥാപിച്ചുകൊണ്ട് ഇരുവരേയും ചാട്ടകൊണ്ടടിക്കാൻ ശിക്ഷിക്കുന്നു. ചാട്ടവാറിന് അടി കൊണ്ടപ്പോഴും ഇവർ പരസ്പരം പഴിചാരുന്നുണ്ട്. ഈ കഥയുടെ ഗുണപാഠം ഇങ്ങനെ: ശരീരവും ആത്മാവും ചേർന്നാണ് ഓരോ പ്രവൃത്തികളും ചെയ്യുന്നത്. ദൈവത്തിന്റെ വിധിദിനത്തിൽ ശരീരവും ആത്മാവും ഒന്നിക്കും. ശരീരത്തിനും ആത്മാവിനും ഇതോടെ അർഹമായത് ലഭിക്കും.

**മൗലികമായ ഭാഷ**

രചന ഏതു ഭാഷയിലായിരുന്നുവെന്നു തെളിയിക്കാവുന്നതൊന്നും അവശേഷിക്കുന്നില്ല. മാത്രമല്ല, അവശേഷിച്ചിട്ടുള്ള ചുരുൾശകലങ്ങളിൽനിന്ന് ഇക്കാര്യം മനസ്സിലാക്കാനുമാവില്ല. എങ്കിലും ഈ ഗ്രന്ഥം ഗ്രീക്കിലോ ഹീബ്രുവിലോ രചിച്ചതാവാനാണ് സാധ്യത. പഴയനിയമങ്ങൾക്കു മദ്ധ്യേയുള്ള കാലഘട്ടത്തെപ്പറ്റി ഏറെ വിപുലമായി സംസാരിച്ചിട്ടുള്ളത് ഗ്രീക്കാണ്. മാത്രമല്ല, കൈയെഴുത്തുപ്രതിയുടെ അവശേഷിച്ചിട്ടുള്ള ഭാഗവും ഗ്രീക്ക് ഭാഷയിലാണ്. മറ്റൊരിടത്ത് ഈ രചന ഹീബ്രു ഭാഷയിലാണെന്നു ചിന്തിക്കുന്നവരുണ്ട്. ഒന്നാമത്തെ ശകലം ഹീബ്രുവിലാണ്. മാത്രമല്ല, ജോസേഫൂസ് തന്റെ കാലത്ത് എസെക്കിയേലിന്റെ രണ്ട് ഗ്രന്ഥങ്ങൾ പ്രചാരത്തിലുണ്ടായിരുന്നതായി പറയുന്നു. ഈ രണ്ട് കൃതികളും ഹീബ്രുവിലായിരുന്നുവെന്ന് അദ്ദേഹം പറയുന്നുണ്ട്. എന്നാൽ കൈയെഴുത്തു പ്രതികൾ തെളിവായി ലഭിക്കാത്തതുകൊണ്ട് ഈ കൃതിയുടെ മൗലിക ഭാഷ ഏതെന്ന ചോദ്യം മറുപടിയില്ലാതെ അവശേഷിക്കുന്നു.

**കാലഘട്ടം**

ഏ.ഡി. ഒന്നാംനൂറ്റാണ്ട് അവസാനിക്കുന്നതിനു മുമ്പാണ് ഈ ഗ്രന്ഥത്തിന്റെ രചനാകാലം. ഒന്നാം ക്ലെമന്റ് (C. എ.ഡി. 95) തന്റെ ഉറവിട ഗ്രന്ഥമായി ഈ ഗ്രന്ഥത്തെക്കുറിച്ച് പറയുന്നു. യഹൂദ ചരിത്രകാരനായ ഫ്ളാവിയൂസ് ജോസേഫൂസാകട്ടെ (Ant. 10.5.1) എസെക്കിയേലിന്റെ രണ്ട് ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി പറയുന്നു. ഇതിൽ നമുക്ക് ഊഹിക്കാവുന്നത് ഇവയിൽ ഒരെണ്ണം ഈ ഗ്രന്ഥ

മായിരിക്കാമെന്നാണ്. സൂക്ഷ്മമായി ഈ ഗ്രന്ഥത്തിന്റെ രചനാകാലം നിർണ്ണയിക്കാനാവില്ലെങ്കിലും കെ.ഹോളും ജെ. ബി. ഫ്രെയും അനുമാനിക്കുന്നത് ഗ്രന്ഥരചന നടന്നിരിക്കുന്നത് ബി.സി. 50-നും ഏ.ഡി. 50 നും മദ്ധ്യേയാണെന്നാണ്. ഈ വാദം പൊതുവേ അംഗീകരിക്കപ്പെട്ടിട്ടുമുണ്ട്.

## ഉറവിടം

ചുരുൾശകലങ്ങളായതുകൊണ്ടുതന്നെ ഇതിന്റെ ഉറവിടം ഗണിക്കുകയെന്നത് ദുഷ്കരമാണ്. ചില ശകലങ്ങൾ ക്രിസ്തീയ പക്ഷത്തെ സൂചിപ്പിക്കുന്നു. എന്നാൽ മൂലരൂപം യഹൂദ സ്വഭാവമുള്ളതാണെന്നും കരുതുന്നു.

## ചരിത്രപരമായ പ്രധാന്യം

ചരിത്രപരമായ എസെക്കിയേലിന്റെ അപ്രമാണിക ഗ്രന്ഥ ഉറവിടം യഹൂദമാണെങ്കിലും ഇത് പഴയനിയമ കാലഘട്ടങ്ങൾക്കു മദ്ധ്യേയുള്ള രചനയായി കരുതുന്നു. ശകലങ്ങളിലാണെങ്കിൽ കൂടിയും ഇവ സൂക്ഷിച്ചിരിക്കുന്നത് ക്രിസ്തീയ ഉറവിടങ്ങളിലാണ്. പൊതുവായ ഈ പ്രതിഭാസം നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട്. പഴയനിയമ കാലങ്ങൾക്കിടയിലുള്ള ജൂഡായിസത്തിലെ ദൈവശാസ്ത്രം പൂർണ്ണമായും ഇതു സംബന്ധിച്ചതായിരുന്നില്ല. അൽപം നേരത്തേയുള്ള കാലത്തെ റബ്ബിനിക് സാഹിത്യത്തിലും അത് സജാതീയ വിഭാഗത്തിൽ പെടുന്നുമില്ല. എസെക്കിയേലിന്റെ അപ്രമാണിക ഗ്രന്ഥം ഏറെ പ്രചാരത്തിലുള്ളതായിരുന്നതുകൊണ്ട് ഇത് കാനോനികമാണെന്ന ചായ്വ് പ്രകടിപ്പിച്ചിരുന്നു. നാലാമത്തെ ശകലത്തെക്കുറിച്ച് പറയുമ്പോൾ, എങ്ങനെയാണ് കുറിക്കുകൊള്ളുന്ന, അപ്രമാണിക ഗ്രന്ഥ രചനയിൽനിന്നുള്ള ഒരു ചൊല്ല് ഒരു ക്രിസ്തീയ ആപ്തവാക്യമായി മാറിയതെന്നും അതിന്റെ ഉറവിടം എങ്ങനെ വിസ്മൃതമായെന്നും ചിന്തിക്കേണ്ടതുണ്ട്.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

ആദ്യത്തേതും ദൈർഘ്യമേറിയതുമായ ചുരുൾശകലം അന്ത്യനാളുകളിലെ ദൈവത്തിന്റെ വിധിയും ഉയിർപ്പുമെന്ന സിദ്ധാന്തത്തിന്റെ വാക്സാമർത്ഥ്യമുള്ള പ്രസ്താവനയായി മാറുന്നു. ഹീബ്രു, ഗ്രീക്ക് പതിപ്പുകളിലെ സന്ദേശം വ്യക്തമാണ്. ദൈവം ശരീരത്തെയും ആത്മാവിനെയും അന്ത്യവിധി നാളിൽ കൂട്ടിച്ചേർക്കും. നീതിപൂർവം ശിക്ഷയോ സമ്മാനമോ നൽകാനാണിത്. നേരത്തേയുള്ള ശരീരത്തിൽ നിന്നകന്നുപോയ ആത്മാവിന്റെ പുനഃപ്രവേശ

നമാണിവിടെ കാണുക. മനുഷ്യൻ ശരീരത്തിലുള്ള ഒരു ആത്മാവോ ആത്മാവിലുള്ള ഒരു ശരീരമോ അല്ല. രണ്ടും കൂടിയാണ്. രണ്ടും കൂടിയല്ലാതെ ഒരു വ്യക്തിയെ അംഗീകരിക്കാനാവില്ല; വിധിക്കാനാവില്ല. ഒരു വ്യക്തിയെ ഒരു ജനപദത്തിൽ ഒരാളെന്നോ സമൂഹത്തിൽ ഒരാളെന്നോ എന്ന മട്ടിലല്ല വിധിക്കുക.. ജീവിച്ചിരിക്കുമ്പോൾ നടത്തിയ പ്രവൃത്തികളുടെ പേരിലാണ് വിധി നടപ്പാക്കുക. ഗ്രീക്ക് പതിപ്പിൽ രാജാവിനെ സേവിച്ചവരെ (ക്രൈസ്തവർ ?) വിധിയിൽ നിന്ന് ഒഴിവാക്കുന്നുണ്ട്. ഇതേ പതിപ്പിൽ വിരുന്നിനു ക്ഷണമുള്ളവരെ വിധിക്കുന്നില്ലെന്നു പറയുന്നു.

**കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

ചില പണ്ഡിതന്മാർ എസെക്കിയേലിന്റെ അപ്രമാണിക ഗ്രന്ഥം പ്രത്യേക രേഖയായി നിലനിൽക്കുന്നില്ലെന്നു പറയുന്നു. മിദ്രാഷിലെയും കാനോനികമായി അംഗീകരിച്ചിട്ടുള്ള എസെക്കിയേലിലെയും ഭാഗങ്ങളുടെ വിപുലീകരണമാണത്രേ ഇത്. നാം ചുരുൾശകലങ്ങളിൽ പെട്ട 2,4,5 എന്നിവ മാത്രമാണ് കൈകാര്യം ചെയ്യുന്നതെങ്കിൽ ഈ അവകാശവാദം ആകർഷണീയമാണ്. ഈ വരികൾക്ക് കാനോനികമായി അംഗീകരിച്ചിട്ടുള്ള എസെക്കിയേലിനോടു സാദൃശ്യമുണ്ട്. 1 ഉം 3 ഉം ചുരുൾശകലങ്ങൾ വ്യത്യസ്തങ്ങളാണ്. അവ കാനോനിക ഗ്രന്ഥമായ എസെക്കിയേലിനോടു പൊരുത്തപ്പെട്ടു പോകുന്നില്ല. എപ്പിഫാനൂസ് പറയുന്നത് ഒന്നാമത്തെ ചുരുൾശകലത്തിലുള്ളത് എസക്കിയേലിന്റെ സ്വന്തം അപ്രമാണിക ഗ്രന്ഥത്തിലേതാണെന്നാണ്. ഇവിടെ യഹൂദ ചരിത്രകാരനായ ജോസഫൂസിന്റെ അവകാശവാദവും പരിഗണിക്കണം. അവശേഷിക്കുന്ന അഞ്ച് ചുരുൾശകലങ്ങൾ എസെക്കിയേലിന്റേതായ ഒരു അപ്രമാണിക ഗ്രന്ഥം ഉണ്ടായിരുന്നുവെന്ന വാദത്തെ യഹൂദ, ക്രിസ്ത്യൻ എഴുത്തുകാരും ശരിവയ്ക്കുന്നു. കാനോനികമായി അംഗീകരിച്ചിട്ടുള്ള രചനകളുമായുള്ള ബന്ധത്തെ സംബന്ധിച്ച പ്രസ്താവന അപ്രമാണിക ഗ്രന്ഥത്തിന്റെ പൂർണ്ണമായ രൂപം കണ്ടെത്തുന്നതുവരെ നിർഭാഗ്യവശാൽ നമുക്ക് നടത്താനുമാവില്ല.

# 06

# സെഫാനിയയുടെ വെളിപാട്

(ബി.സി. ഒന്നാം നൂറ്റാണ്ട് -എ.ഡി. ഒന്നാം നൂറ്റാണ്ട്)

ടെക്സ്റ്റ് ചുരുൾശകലങ്ങളിലാണെങ്കിലും അവയുടെ ഇനവും ഘടനയും ഏറെ പ്രകടമാണ്: ഇതൊരു വെളിപാടാണ്. മറ്റ് വെളിപാട് രചനകളേക്കാൾ (1 ഹെനോ, 2 ഹെനോ. 3 ബാറൂക്ക്, പൗലോസിന്റെ വെളിപാട് എന്നിവ) ഇതിൽ സാഹിത്യഗുണം കൂടുതലുണ്ട്. ഇവയിലെല്ലാം പ്രഥമപുരുഷനെന്ന രീതിയിലുള്ള വിവരണമാണുള്ളത്. ഒരു ദീർഘദർശിയെ മാലാഖ സ്വർഗത്തിലേക്ക് ആനയിക്കുന്നു. ദീർഘദർശി താൻ കണ്ടത് വിവരിക്കുന്നു എന്ന രീതി (cf. ലേവിയുടെ നിയമവും ആരോഹണവും). ശിക്ഷയ്ക്കു വിധിക്കുന്നതിനുമുമ്പ് പാപികൾക്കുള്ള പീഡനങ്ങൾ ഇവിടെ വിവരിക്കുന്നുണ്ട്. ഒരു ഗോളാന്തര യാത്രയുടെ വ്യത്യസ്തമായ സംഭവവിവരണങ്ങളാണിവിടെ കാണാനാവുക. ഇവയെല്ലാം സ്വതന്ത്ര സാഹിത്യരചനകളെന്ന ഭാവേനയാണ് ദർശിക്കാനാവുക. ഇവയ്ക്കെല്ലാം വേണമെങ്കിൽ മാറ്റങ്ങൾ വരുത്താമെന്ന സാധ്യതയുമുണ്ട്. 1 ഹെനോക്കിലെ രംഗങ്ങളും സംഭവങ്ങളും വിവിധ കാലഘട്ടങ്ങളിൽ വ്യത്യസ്ത രചയിതാക്കളുടേതാണ്. 3 ബാറൂക്കിൽ നേരേ സ്വർഗാരോഹണ വിവരണമാണ്. അഞ്ച് സ്വർഗങ്ങളിലൂടെ കടന്നു പോകു

ന്നതിനിടയിൽ വിവരണത്തിൽ വ്യതിചലനമുണ്ടാകുന്നുണ്ട്. 2 ഹെനോക്കിലാകട്ടെ രണ്ട് സ്ലാവോനിക് പതിപ്പുകൾ പരിശോധിച്ചാൽ മതി വ്യത്യസ്തമായ രംഗങ്ങൾക്കു എങ്ങനെ രൂപമാറ്റം വരുത്തിയെന്നു മനസ്സിലാക്കാൻ. രചനയുടെ സമ്പൂർണ്ണഘടനയ്ക്ക് കോട്ടം തട്ടാതെ പലതും വിപുലീകരിക്കുകയോ വിട്ടുകളയുകയോ ചെയ്തിരിക്കുകയാണ്. പൗലോസിന്റെ വെളിപാടിൽ വാഗ്ദത്ത ഭൂമിയിലേക്കുള്ള യാത്രയും പറുദീസാ സന്ദർശനവും സൂചിപ്പിക്കുന്നത് വ്യത്യസ്തമായ ഉറവിടങ്ങളിൽനിന്ന് രചനയ്ക്ക് ആവശ്യമായ കാര്യങ്ങൾ സമാഹരിച്ചുവെന്നാണ്.

സെഫാനിയയുടെ വെളിപാടും സമാനമായ ഒരു രചനയാണ്. അവശേഷിക്കുന്ന ചുരുൾശകലങ്ങളിൽ ആവർത്തനങ്ങളും ഇരട്ടിപ്പും കാണാനാകും. 6:1 ൽ അഗ്നിസമുദ്രത്തെക്കുറിച്ചുള്ള പരാമർശമുണ്ട്. 10:3 ൽ ഇതേ പരാമർശം വീണ്ടും കാണുന്നു. അഗ്നിസമുദ്രത്തിൽ മുങ്ങിപ്പോകുന്ന ആത്മാക്കളുടെ കഠിനമായ പീഡനത്തെപ്പറ്റി ഇവിടെ പറയുന്നുണ്ട്. 10:4-9 ൽ പാപികളെ ശിക്ഷിക്കുന്നതിനെപ്പറ്റി ചർച്ച ചെയ്തതാണ്. ഇതിൽ ആദ്യത്തെ എട്ടുവരികൾ സാഹിദിക് ചുരുൾശകലങ്ങളിലേതാണ്.

ഇത്തരത്തിലുള്ള രചനകളിലെ രംഗങ്ങളും സംഭവങ്ങളും നല്ലപോലെ വിളക്കിച്ചേർത്ത് ഒരു സംഭവ പരമ്പരയായി തീരുന്നുണ്ടെങ്കിലും, ആദ്യത്തെ 46 പേജുകളിൽനിന്നു എന്താണ് നഷ്ടപ്പെട്ടതെന്ന് ഊഹിക്കാൻ കഴിയുന്നില്ല. അവയിൽ ഉള്ളത് സെഫാനിയയുടെ ഗോളാന്തര യാത്രകളും, അദ്ദേഹം നടത്തിയ സ്വർഗീയ യാത്രയുടെ വിവരണങ്ങളും നരകത്തിലെ പീഡനങ്ങളുമാണ്. അഞ്ചാം സ്വർഗത്തെക്കുറിച്ചുള്ള ക്ലെമന്റിന്റെ ഉദ്ധരണിയോടും സാഹിദിക് ചുരുളുകളിലെ നരകത്തിൽ ആത്മാക്കൾ നേരിടുന്ന പീഡനങ്ങൾ സംബന്ധിച്ച വിവരണങ്ങളോടും ചേർന്നു പോകുന്നതാണിത്. ഇവ രണ്ടും കാണുന്നത് ടെക്സ്റ്റിലെ ആദ്യപകുതിയിൽ എവിടെയൊക്കെയോ ആണ്.

അവശേഷിക്കുന്ന ടെക്സ്റ്റ് ആരംഭിക്കുന്നത് അഞ്ചാം സ്വർഗത്തിലെ മാലാഖമാരുടെ മഹത്വം വിവരിച്ചുകൊണ്ടാണ്. ഇവിടെ ദീർഘദർശി ഒരു ആത്മാവിന്റെ പീഡനം കാണുന്നു, ഒപ്പം അതിനോടുള്ള അദ്ദേഹത്തിന്റെ നടുക്കത്തോടെയുള്ള പ്രതികരണവും. ഇതിനെ തുടർന്ന് കർത്താവിന്റെ മാലാഖയോടൊപ്പം ദീർഘദർശി ഒരു തുറസ്സായ സ്ഥലത്തേക്കു വരുന്നു. ഇവിടെ വച്ചാണ് പിന്നീടുള്ള ദർശനങ്ങൾ സംഭവിക്കുന്നത്.

അഖിമിമിക് കൈയെഴുത്തുപ്രതിയാണ് അവശേഷിക്കുന്ന ടെക്സ്റ്റിലെ വലിയ ഭാഗം. ഇവ രണ്ടു ഭാഗമായി തിരിക്കാം: 1. യാത്രയ്ക്കിടയിലെ രംഗങ്ങൾ (2) കാഹളത്തിന്റെ രംഗങ്ങൾ

ആദ്യത്തെ യാത്രാക്കുറിപ്പ് കാണുന്നത് 2:1 ലാണ്. ഇപ്പോൾ ഞാൻ കർത്താവിന്റെ മാലാഖയോടൊപ്പം പോയി. അവൻ എന്നെ എന്റെ നഗരത്തിന്റെ മുകളിലെത്തിച്ചു. ഉന്നതങ്ങളിലെ ഈ രംഗങ്ങൾ 3:1 വരെ തുടരുന്നുണ്ട്. രണ്ടാമത്തെ യാത്രാക്കുറിപ്പ് ഇങ്ങനെ; കർത്താവിന്റെ  മാലാഖ എന്നോടു പറഞ്ഞു: വരൂ, നിന്നെ നീതിമാന്മാരുടെ സ്ഥലം കാണിച്ചുതരാം അവൻ എന്നെ സിയർമല മുകളിലേക്ക് കൊണ്ടുപോയി. മറ്റ് യാത്രാക്കുറിപ്പുകൾ 4:1;5:1;6:1; 8:1 എന്നീവാക്യങ്ങളിലുണ്ട്. ഇവിടെ ദീർഘദർശിയെ ഒരു വഞ്ചിയിൽ കയറ്റി കാഹളമുയർത്തുന്ന സ്ഥലത്തേക്കു കൊണ്ടുവരികയാണ്. ക്ലെമെന്റിന്റെ വിവരണത്തിലും സാഹിദിക് ടെക്സ്റ്റുകളിലും (B8)സമാനമായ യാത്രാക്കുറിപ്പുകളുണ്ട്. ഈ യാത്രാക്കുറിപ്പുകൾ ഗ്രന്ഥകാരൻ വിവിധ സംഭവപരമ്പരകളായി വിവരിക്കാൻ ഉപയോഗിച്ചിട്ടുണ്ട്. ഹ്രസ്വമായ ആമുഖങ്ങളുള്ള ചുരുൾശകലങ്ങളിൽ ഏഴിടത്ത് ശവസംസ്ക്കാരത്തെപ്പറ്റി പറയുന്നുണ്ട്.

1. ശവസംസ്ക്കാരം സംബന്ധിച്ച ഹ്രസ്വമായ ചുരുൾശകലം (അധ്യായം 1)
2. ജെറുസലേമിനു മുകളിലുള്ള സ്വർഗീയ ഇടത്തിൽനിന്നുള്ള ദൃശ്യങ്ങൾ (അധ്യായം 2): ഇവിടെ ദീർഘദർശി നഗരജീവിതം കാണുന്നു. ഇവിടെ ചർച്ച ചെയ്യുന്നത് നീതിമാന്മാരുടെ മേൽ വീഴുന്ന നിത്യമായ പ്രകാശത്തെപ്പറ്റിയും പീഡനം സഹിക്കുന്ന മനുഷ്യരെക്കുറിച്ചുമാണ്.
3. സിയർ മലയിൽനിന്നുള്ള ദൃശ്യങ്ങൾ: ദർശനത്തിൽ മൂന്നാളുകൾ രണ്ട് മാലാഖമാരുടെ നേതൃത്വത്തിൽ പോകുന്നതായി കാണുന്നു. ഇവിടെ മാലാഖമാർ മനുഷ്യർ ചെയ്യുന്ന നന്മയും തിന്മയും അന്ത്യവിധിക്കായി കൈയെഴുത്തായി തയ്യാറാക്കുന്നതിനെപ്പറ്റി പറയുന്നു.
4. സ്വർഗീയ നഗരത്തിന്റെ പുറത്തുള്ള രംഗങ്ങൾ (അധ്യായം 4): ഇവിടെ സെഫാനിയ ഭീതിയുണർത്തുന്ന മാലാഖമാർ ദുഷ്ടരായവരുടെ ആത്മാക്കളെ നിത്യശിക്ഷയ്ക്കായി കൊണ്ടുവരുന്നത് കാണുന്നു. പാപമോചനത്തിനുവേണ്ടി പ്രാർത്ഥിച്ചു; അവന്റെ പ്രാർത്ഥന കേട്ടു.

5. സ്വർഗത്തിനുള്ളിലെ രംഗങ്ങൾ (അധ്യായം 5): ഇവിടെ ദീർഘദർശിയുടെ ശ്രദ്ധയത്രയും നഗരവാതിലുകളെ കേന്ദ്രീകരിച്ചും നഗരചത്വരത്തെ ചുറ്റിപ്പറ്റിയുമാണ്. മാലാഖയായ തന്റെ ഗൈഡിന്റെ രൂപാന്തരീകരണത്തിനും അവൻ സാക്ഷിയാകുന്നു.

6. ഹദെസിൽനിന്നുള്ള രംഗങ്ങൾ (അധ്യായം 6 f): സെഫാനിയ തിരിഞ്ഞു നോക്കുമ്പോൾ ഒരു അഗ്നി സമുദ്രം. സ്വന്തം പാപങ്ങളും വീഴ്ചകളും രേഖപ്പെടുത്തിയ കൈയെഴുത്തു പ്രതിയുമായി വാദിയെ ഇവിടെ അവൻ കാണുന്നുണ്ട്. തന്റെ നന്മ പ്രവൃത്തികളുടെ കണക്ക് സൂക്ഷിച്ചിട്ടുള്ള എരമിയേലിനെയും കാണുന്നു.

7. വഞ്ചിയിലുള്ള രംഗം (അധ്യായം 8): ഈ സന്ദർഭത്തിൽ ദീർഘദർശി മാലാഖയുടെ വസ്ത്രമണിഞ്ഞ് ആതിഥേയനായ മാലാഖയോടു ചേരുന്നു.

ഈ ടെക്സ്റ്റ് അവസാനിക്കുന്നത് ഒരു സ്വർണകാഹളം മഹാനായ ഒരു മാലാഖ ഊതുന്നതോടെയാണ്. ഇത്തരത്തിലുള്ള നാല് രംഗങ്ങളുണ്ട്. താഴെ കാണുന്ന വിധത്തിലാണ് ആ രംഗങ്ങൾ:

1. വാദിക്കെതിരേയുള്ള ദീർഘദർശിയുടെ വിജയം സൂചിപ്പിക്കുന്ന കാഹളം മുഴങ്ങുന്നു (അധ്യായം 9). ഇവിടെ മാലാഖയെ ആശ്ലേഷിക്കാനുള്ള ദീർഘദർശിയുടെ ആഗ്രഹം വിവരിക്കുന്നു. പഴയനിയമത്തിലെ വിശുദ്ധരായ അബ്രാഹം, ഇസഹാക്ക് എന്നിവരോടു മാലാഖ സംഭാഷണം നടത്തുന്നു.

2. സ്വർഗം തുറക്കുന്നതിന്റെ സൂചനയായി കാഹളം മുഴങ്ങുന്നു. (അധ്യായം 10). ഭയപ്പെടുത്തുന്ന സമുദ്രവും അവിടെ പാപികൾ നേരിടുന്ന പീഡനവും ദീർഘദർശി വീണ്ടും കാണുന്നു. കർത്താവാണ് ശരീരവും മുടികളും നൽകുന്നതെന്ന് അയാൾ മനസ്സിലാക്കുന്നു.

3. മദ്ധ്യസ്ഥപ്രാർത്ഥന നടത്താനുള്ള വിശുദ്ധരോടുള്ള ആഹ്വാനം സൂചിപ്പിച്ചുകൊണ്ട് കാഹളം മുഴങ്ങുന്നു (അധ്യായം 11). പീഡനമേൽക്കുന്നവർക്കുവേണ്ടി മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്ന ഒരു ജനക്കൂട്ടത്തെ ദീർഘദർശി കാണുന്നു. ദിവസേന കാഹളം മുഴങ്ങുമ്പോൾ വിശുദ്ധർ പ്രാർത്ഥനയ്ക്കായി ഒത്തുകൂടുമെന്ന് അവനെ അറിയിക്കുന്നു.

4. ഏറ്റവും അവസാനമായി കാഹളത്തിലൂടെ ഒരു ചർച്ചയാരംഭിക്കുന്നുണ്ട് (അധ്യായം 12). ഭാവിയിൽ കാഹളനാദം കേൾക്കുമ്പോൾ ദൈവത്തിനുണ്ടാകുന്ന ക്രോധത്തെക്കുറിച്ച് ദീർഘദർശിയെ അറിയിക്കുന്നു.

**ഗ്രന്ഥനാമം**

സെഫാനിയയുടെ വെളിപാട് എന്ന ഗ്രന്ഥനാമം അവശേഷിക്കുന്ന കോപ്റ്റിക് കൈയെഴുത്തു പ്രതികളിൽ കാണാനില്ല. എന്നാൽ സാഹിദിക് കൈയെഴുത്തുപ്രതിയിൽ ഇങ്ങനെയൊരു പ്രസ്താവന കാണുന്നു: സത്യമായും, ഞാൻ, സെഫാനിയ ഈ കാര്യങ്ങൾ എന്റെ ദർശനത്തിൽ കണ്ടു ഇതോടെ ഈ ടെക്സ്റ്റിന് സെഫാനിയയുടെ വെളിപാട് എന്ന പേര് ലഭിച്ചു.

ടെക്സ്റ്റിന്റെ ശേഷിച്ച ഭാഗങ്ങളിലെ ഉള്ളടക്കം പരിശോധിച്ചാൽ പോലും ദീർഘദർശിക്ക് എന്തിന് സെഫാനിയ എന്ന പേരിട്ടുവെന്നത് വ്യക്തമല്ല. ബൈബിളിലെ സെഫാനിയയുടെ ഗ്രന്ഥത്തിനു സമാന്തരമായി ചില രചനകളുണ്ട്. എന്നാൽ ഇതിലും ശക്തമായ സമാന്തര രചനകൾ സഖറിയയുടെ പേരിലുണ്ട്. അവശേഷിക്കുന്ന ടെക്സ്റ്റിലെ ശക്തിയാർന്ന സമാന്തര രചന വിശ്വാസം ത്യജിച്ച പുരോഹിതന്മാരെക്കുറിച്ച് 3: 2-6 ലെ ഉത്ക്കണ്ഠ വിവരിക്കുന്നതാണ് (Cf. സെഫാ. 1 :4). ദൈവത്തിന്റെ വരാനിരിക്കുന്ന ക്രോധം 12:5-8-ൽ കാണാം (cf. സഫാ. 1:14 -18). ടെക്സ്റ്റിന്റെ ഗണ്യമായ ഭാഗം നഷ്ടപ്പെട്ടിട്ടുണ്ട്. ടെക്സ്റ്റിന്റെ ആരംഭത്തിൽ നഷ്ടപ്പെട്ടുപോയ സംഭവങ്ങൾ ബൈബിളിലുള്ള സെഫാനിയ പ്രവാചകന്റെ ഗ്രന്ഥവുമായി സാഹിത്യപരമായ മൽസരത്തിലുമാണ്.

**മൗലികമായ ഭാഷ**

ഗ്രീക്ക് മൂലത്തിന്റെ പരിഭാഷയാണ് കോപ്റ്റിക് ഭാഷയിലുള്ള ഈ ഗ്രന്ഥത്തിന്റെ പതിപ്പുകളെന്ന് പൊതുവായി ഊഹിക്കപ്പെടുന്നു. ഗ്രീക്ക് മൂലത്തിനുമുമ്പ് ഏതെങ്കിലും രചനാശ്രമങ്ങളുണ്ടായോ എന്നതിൽ കഴമ്പില്ലെന്ന് അവശേഷിക്കുന്ന ചുരുൾശകലങ്ങൾ സൂചിപ്പിക്കുന്നു. മറിച്ച് ഗ്രന്ഥകാരന് ഹീബ്രു പൂർണ്ണമായും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ലെന്ന് 6: 7-ലെ പദപ്രയോഗങ്ങൾ സൂചിപ്പിക്കുന്നു.

**കാലഘട്ടം**

അലക്സാണ്ഡ്രിയയിലെ ക്ലെമന്റിന്റെ ഉദ്ധരണി വെളിപാടിന്റെ ഭാഗമാണെന്നു കരുതാമെങ്കിലും ഈ ടെക്സ്റ്റിനുള്ളിൽതന്നെ കാ

ലഘട്ടമേതെന്നു നിർണ്ണയിക്കുന്നതിനു പരിമിതികളുണ്ട്. ദാനിയേലിന്റെ ഗ്രന്ഥത്തിന്റെ ഭാഗമായുള്ള സൂസന്നയുടെ കഥ ഗ്രീക്ക് ഭാഷയിൽ പ്രചരിച്ചതിനുശേഷമായിരിക്കാം സെഫാനിയയുടെ ഈ ഗ്രന്ഥം രചിക്കപ്പെട്ടത്. 6: 10 ൽ വെളിപാടിന്റെ ഗ്രന്ഥകാരൻ സൂസന്നയുടെ വിവരണം അനുസ്മരിക്കുന്നുണ്ട്. ഷദ്രാക്ക്, മെഷാക്ക്, അബ്ദ്നെഗോ എന്നിവരെ ദൈവത്തിന്റെ ശക്തി പ്രകടിപ്പിക്കുന്ന ഉദാഹരണങ്ങളായി അവതരിപ്പിക്കുന്നു. സൂസന്നയുടെ കഥ ഏതു ഭാഷയിൽ രചിച്ചുവെന്നത് ഇപ്പോഴും തർക്കത്തിലാണ്. എന്നാൽ ബി.സി. ഒന്നാംനൂറ്റാണ്ടിൽ ദാനിയേലിന്റെ ഗ്രന്ഥത്തിന്റെ ഭാഗമായി സൂസന്നയുടെ കഥ അലക്സാണ്ഡ്രിയയിൽ പ്രചരിച്ചിരുന്നുവെന്ന ഊഹത്തിൽ കഴമ്പുണ്ട്. അലക്സാണ്ഡ്രിയയിലെ ക്ലെമന്റ് Stromata എഴുതിയ കാലത്തായിരിക്കാം ഈ ഗ്രന്ഥത്തിന്റെ രചനയും നടന്നത്. ക്ലെമന്റ് അംഗീകരിക്കുന്നതിനുമുമ്പേ ബൈബിളിലെ സെഫാനിയാ പ്രവാചകന്റെ രചന ആദരം നേടിയിരുന്നു. ക്രിസ്തുയുഗത്തിലെ രണ്ടാംനൂറ്റാണ്ടിന്റെ അവസാനപാദത്തിലായിരിക്കാം രചന നടന്നിട്ടുള്ളത്.

മേൽകാണിച്ച വാദമുഖങ്ങളുടെ ഫലമെന്നോണം ഈ രചന നടന്നത് ബി.സി. 100-നും ഏ.ഡി. 175-നും മദ്ധ്യേയാണെന്നു നിശ്ചയിക്കാവുന്നതാണ്. 3 : 2-ൽ സിയർ മലയെപ്പറ്റി പരാമർശിക്കുന്നുണ്ട്. ഈ പരാമർശം നൽകുന്ന കാലഗണന ഏദോമ്യർക്ക് അനുകൂലമാക്കിയിട്ടുണ്ട്. ഏ.ഡി. 70-ൽ ജെറുസലേം ദേവാലയം തകർക്കപ്പെടുന്നതുവരെ ഈ പ്രവണത നിലനിന്നിരുന്നു. ദീർഘദർശിയുടെ ദർശനത്തിൽ സിയർ മല കയറിപ്പറ്റിയതിനു രചയിതാവാണ് ഉത്തരവാദിയെങ്കിൽ ഈ ഗ്രന്ഥം രചിക്കപ്പെട്ടത് ഏ.ഡി. 70-ൽ ആകാനാണ് സാധ്യതയേറെയും.

**ഉറവിടം**

നമുക്ക് ഗ്രന്ഥകാരനെക്കുറിച്ച് ഒരറിവുമില്ലെന്നു മാത്രമല്ല, രചനയുടെ സ്വഭാവമനുസരിച്ച് രചയിതാവിനെപ്പറ്റി അനുമാനിക്കാനും കഴിയുന്നില്ല. സെഫാനിയാ പ്രവാചകന്റെ ഗ്രന്ഥമാണെന്ന അവകാശവാദം മാത്രമാണ് ഇവിടെയുള്ളത്. പ്രവാചകൻതന്നെ വിവരിക്കുന്നവിധമാണ് രചനാശൈലിയും. വെളിപാട് രചനകളിലെ സാഹിത്യപരമായ പാരമ്പര്യങ്ങൾവച്ചു നോക്കുമ്പോൾ ഈ അവകാശവാദം പണ്ഡിതന്മാർ തള്ളിക്കളയുകയാണ്. സെഫാനിയ എന്ന വ്യാജനാമം ഉപയോഗിച്ചുള്ള രചനയാണിതെന്നു അവർ കരുതുന്നു. ബൈബിളിലുള്ള സെഫാനിയാ പ്രവാചകന്റെ ആത്മാവിനാൽ പ്രചോദിപ്പിക്കപ്പെട്ട് ഒരാൾ എഴുതിയെന്നോ അതുമല്ലെങ്കിൽ പ്രസി

ഢിയാർജ്ജിച്ച ദൈവത്തിന്റെ ഒരു വ്യക്തിയുടെ പേരിൽ തന്റെ ആശയങ്ങൾ ആദരവോടെ അവതരിപ്പിക്കാൻ ഒരാൾ ശ്രമിച്ചുവെന്നോ മാത്രമേ ഈ രചനയെപ്പറ്റി പറയാനാവൂ.

ഗ്രന്ഥകാരന്റെ പേര് എന്തുമാകട്ടെ, അയാൾ ഒരു യഹൂദനാണ്. അവശേഷിക്കുന്ന ഭാഗങ്ങളിൽ കാണുന്ന പാപങ്ങൾക്കുള്ള ശിക്ഷ, മദ്ധ്യസ്ഥപ്രാർത്ഥന, മരണാനന്തര ജീവിതം തുടങ്ങിയ സിദ്ധാന്തങ്ങൾ ക്രിസ്തുമതത്തിൽനിന്നും ഭിന്നമല്ല. നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു കാര്യമുണ്ട്. ഒരു ക്രിസ്തീയ ആശ്രമത്തിലെ ഗ്രന്ഥശാലയിൽനിന്നു ലഭിച്ച കൈയെഴുത്തുപ്രതികളിൽ ക്രിസ്തീയഘടകങ്ങൾ കുറവായിരുന്നുവെന്നതാണത്. സന്യാസികളാണ് അവ സൂക്ഷിച്ചിരുന്നത്.സന്യാസികൾ തന്നെയായിരിക്കും പകർത്തിയെഴുതിയതും. നേരത്തേയുള്ള കൈയെഴുത്തു പ്രതികളിൽ ഗ്രീക്കിൽ നിന്ന് കോപ്റ്റിക് ഭാഷയിലേക്കാണ് അവ പരിഭാഷപ്പെടുത്തിയത്. അതും ഒരു ക്രിസ്തീയ സമൂഹത്തിൽ വച്ച്! കൂടുതൽ വിശദമായി പരിശോധിക്കുമ്പോൾ ചില വസ്തുതകൾ കണ്ടെത്താൻ കഴിയും. (1) ക്രിസ്തീയപരിഭാഷകൻ ഗ്രീക്കിലെ ചില പദപ്രയോഗങ്ങൾ പരിഭാഷപ്പെടുത്തുമ്പോൾ അവയ്ക്കു ക്രിസ്തീയ അർത്ഥം ഉണ്ടെന്നു ധരിച്ചിരിക്കാം. (2) ഒരു ക്രിസ്തീയ പശ്ചാത്തലത്തിൽനിന്നു ലഭിച്ച പരിചിതമായ ഒരു ആരാധനാക്രമം സംബന്ധമായ പ്രസ്താവന അറിയാതെ വിപുലീകരിച്ചിരിക്കാം. (3) പറുദീസയിലെ വിശുദ്ധരുടെ ഗണത്തിൽ അങ്ങനെ ഒരു സന്യാസി യേശുവിന്റെയും പൗലോസിന്റെയുമെല്ലാം പേരുകൾ എഴുതിച്ചേർത്തിരിക്കാം.

ടെക്സ്റ്റ് പരിഷ്ക്കരിച്ചതിനു വ്യക്തമായ തെളിവുകളൊന്നും നമ്മുടെ മുമ്പിലില്ല. ക്രിസ്തീയ രചനകൾ ഏററവും അടുപ്പമുള്ള വിധത്തിൽ കാണുന്നത് അഖിമിമിക് ടെക്സ്റ്റുകളിലാണ്. 2: 14ൽ മത്തായി 24 : 40 f ലെയും ലൂക്കാ 17: 34 – 36 ലെയും ഒരു സമാന്തര പരാമർശം കാണാം. 6: 11–15 ൽ എരമിയേൽ മാലാഖയുടെ പരാമർശമുണ്ട്. വെളിപാട്ഗ്രന്ഥത്തിലെ മാലാഖമാരുടെ സവിശേഷതകൾ ഇവിടെയും പൊരുത്തപ്പെട്ടു പോകുന്നുണ്ട്. 10: 9 ലുള്ള ഒരു ഉദ്ധരണിയും ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. ഈ സമാന്തര പരാമർശങ്ങളെല്ലാംതന്നെ യഹൂദ-ക്രൈസ്തവ പൈതൃകങ്ങളുടെ പൊതുസ്വഭാവംകൊണ്ട് എളുപ്പം വിശദീകരിക്കാൻ കഴിയും. അവശേഷിക്കുന്ന ചുരുൾശകലങ്ങളിൽ ക്രിസ്തീയമായ എന്തെങ്കിലും പരിഷ്ക്കരണം നടത്തിയെന്നതിനും തെളിവൊന്നുമില്ലെന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതുകൊണ്ടുതന്നെ ദൈവശാസ്ത്രപരമായ ഉത്ക്കണ്ഠയൊന്നും ഈ രചനയിൽ പ്രകടിപ്പിച്ചിട്ടുമില്ല.

ഈ രചനയെക്കുറിച്ചുള്ള കൂടുതൽ പഠനം വിരൽചൂണ്ടുന്നത് പുരാതന ജൂഡായിസത്തിലെ വിഭാഗീയ താത്പര്യങ്ങളെക്കുറിച്ചാണ്. ഈ വെളിപാടിന്റെ സാമൂഹികപരമായ സന്ദർഭത്തെക്കുറിച്ച് ചിന്തിക്കണമെങ്കിൽ മേൽപറഞ്ഞ ജൂഡായിസത്തിലെ അന്തർധാരകൾ പരിചിന്തിക്കേണ്ടിവരും. ഏതായാലും പ്രാഥമികമായി കണ്ടെത്താവുന്ന ചില കാര്യങ്ങളുണ്ട്. മരണത്തിനു ശേഷമുള്ള ജീവിതത്തെക്കുറിച്ച് ഉത്ക്കണ്ഠപ്പെടുന്ന ഗ്രന്ഥകാരൻ ഏതായാലും ഒരു സദൂക്കായനല്ല. 3.3f ലും 11: 5f ലും കാണുന്ന പരാമർശങ്ങൾക്കനുസരിച്ച് ഗ്രന്ഥകാരൻ ഒരു പുരോഹിതനാണെന്നു അടയാളപ്പെടുത്താനാവില്ല. ഏതൊരു വെളിപാട് ഗ്രന്ഥകാരനെയുംപോലെ ഈ രചനയിലും മറ്റുള്ള സദൃശഗ്രന്ഥങ്ങളിലെ വിവരണങ്ങൾ കാണാം. മാത്രമല്ല അപ്രമാണിക ഗ്രന്ഥങ്ങളായ തോബിത്ത്, സോളമന്റെ ജ്ഞാനം, ദാനിയേലിന്റെ ഗ്രന്ഥത്തിലെ അനുബന്ധങ്ങൾ എന്നിവയിൽ നിന്നുള്ള പരാമർശങ്ങൾ ഈ രചനയിൽ തെളിഞ്ഞു കാണുന്നുമുണ്ട്.

ഗ്രീക്കിലാണ് രചനയെങ്കിലും ഗ്രന്ഥകാരൻ പലസ്തീനിയയ്ക്കു പുറത്തുള്ള യഹൂദ സമൂഹത്തിലായിരിക്കാം ജീവിച്ചിരുന്നത്. ചിലപ്പോൾ ജ്ഞാനവാദികളുടെ കൂടെയുമായിരിക്കാം. തെളിവുകൾ എല്ലാം ഈജിപ്തിന് അനുകൂലമാണ്. വ്യത്യസ്തമായ രണ്ട് കൈയെഴുത്തു പ്രതികൾ ഈജിപ്തിൽ അവശേഷിക്കുന്നുണ്ട്. കോപ്റ്റികിലുള്ള (ബൾജ്) പൗലോസിന്റെ വെളിപാടിൽ മൂന്നാമത്തെ ഈജിപ്ഷ്യൻ കൈയെഴുത്തുപ്രതിയിൽനിന്നുള്ള ഒരു ഭാഗം കാണുന്നുണ്ട് (കാണുക. ചുരുൾ ശകലം ബി.). ഇതാകട്ടെ ഈജിപ്തിലുള്ള ഈ ഗ്രന്ഥത്തിന്റെ ജനപ്രീതി സൂചിപ്പിക്കുന്നതുമാണ്. അവശേഷിക്കുന്ന ഗ്രീക്കിലുള്ള ചുരുൾ ശകലം അലക്സാണ്ഡ്രിയയിലെ ക്ലെമന്റിന്റെ ഉദ്ധരണിയാണ്. ഇതുകൊണ്ടു തന്നെ ഈ രചന നടന്ന സ്ഥലം അലക്സാണ്ഡ്രിയയാണെന്നാണ് കരുതുന്നത്. നന്മയും തിന്മയും അളന്നു നോക്കുമെന്ന ഈ രചനയിലെ (കാണുക. അധ്യ. 1.8) മുഖ്യ പ്രതിപാദ്യം ഈജിപ്ഷ്യൻ ശൈലിയെ അനുസ്മരിപ്പിക്കുന്നുണ്ട്.

### ദൈവശാസ്ത്രപരമായ പ്രാധാന്യം

എല്ലാ മനുഷ്യരും അഭിമുഖീകരിക്കേണ്ട ദൈവിക വിധിയാണ് എല്ലാ കോപറ്റിക് ചുരുൾശകലങ്ങളിലെയും അടിസ്ഥാന പ്രമേയം. ഉദാഹരണത്തിനു സാഹിദിക് ചുരുൾശകലത്തിൽ നിയമം ലംഘിച്ചു ജീവിച്ച ഒരു ആത്മാവിനെ ചാട്ടവാർകൊണ്ട് അടിക്കുന്ന ഒരു വിവരണമുണ്ട്. യാത്രാവിവരണത്തിലാകട്ടെ, ഇതേ പ്രമേയത്തിന്റെ

അനുബന്ധ വിവരണങ്ങൾ കാണാം. 3: 1ൽ മാലാഖ പറയുന്നത് വരൂ നീതിമാന്മാരുടെ സ്ഥലം ഞാൻ നിനക്ക് കാണിച്ചുതരാം എന്നാണ്. ഹദെസിലെ നദിയ്ക്കപ്പുറമാണ് പഴയനിയമത്തിലെ നീതിമാന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ്, ഹെനോക്ക്, ഏലിയാ, ദാവീദ് എന്നിവർ വസിക്കുന്നത്. ഇവിടേക്കുള്ള ദീർഘദർശിയുടെ യാത്ര ഘട്ടംഘട്ടമായിട്ടായിരുന്നു. ആദ്യഘട്ടത്തിൽ സിയർമലയാണ് വേദി. ഇവിടെ, ഗേറ്റിൽ ഒരു മനുഷ്യന് അനുകൂലമായും പ്രതികൂലമായും മാലാഖമാർ തെളിവുകൾ ശേഖരിക്കുന്നതെങ്ങനെയെന്ന് ദീർഘദർശി കാണുന്നു. രണ്ടാമത്തെ ഘട്ടം സ്വർഗീയ നഗരത്തിനു പുറത്താണ്. ഇവിടെ ഭീതിയുണർത്തുന്ന മാലാഖമാർ തിന്മ ചെയ്ത ആത്മാക്കളെ നിത്യശിക്ഷയ്ക്കായി കൊണ്ടുപോകുന്നത് കാണുന്നു. മൂന്നാമത്തെ സ്ഥലം ഗേറ്റിനു മുൻപായുള്ള നഗരപ്രദേശമാണ്. ഇവിടെ അഗ്നിജ്വലിക്കുന്നു. ദീർഘദർശി അവിടെനിന്നു പിൻവാങ്ങി ഹദെസ്സിലെത്തുന്നു. ഇവിടെ എരെമിയേലിനെയും വാദിയെയും കാണുന്നു. തടവറയിൽ കിടക്കുന്ന ആത്മാക്കൾക്ക് സഹായിയാണ് എരെമിയേൽ. പക്ഷേ വാദി കർത്താവിന്റെ മുമ്പിൽ മനുഷ്യരുടെ പേരിൽ കുറ്റം ചുമത്താനുള്ളയാളാണ്. അന്ത്യവിധിസമയത്ത് ഈ വാദിയായിരിക്കും പ്രോസിക്യൂട്ടർ ആകുക. എന്തായാലും സെഫാനിയക്കെതിരേ വാദി തോൽക്കുന്നു. അതോടെ സെഫാനിയ മാലാഖമാരുടെ ഗണത്തിൽ ചേർക്കപ്പെടുന്നു.

കാഹളത്തിന്റെ രംഗങ്ങളിൽ പാപം നിറഞ്ഞ ആത്മാക്കളെ ശിക്ഷിക്കുന്നതാണ് വിവരിക്കുന്നത്. ഇവിടെ നീതിമാന്മാരുടെ മദ്ധ്യസ്ഥ പ്രാർത്ഥനയ്ക്കു തുല്യമായ പ്രാധാന്യം നൽകിയിരിക്കുന്നു. ഇവിടെ രണ്ട് മാലാഖമാർ ജോവാത്തമിന്റെ മൂന്നു പുത്രന്മാരെ ഓർത്ത് കരയുന്നുണ്ട്. അവരുടെ പേരിൽ നീതിപൂർണ്ണമായ പ്രവൃത്തികളൊന്നും രേഖപ്പെടുത്താൻ ഇല്ലാത്തതാണ് കാരണം. മൂന്നാമത്തെ കാഹളത്തിന്റെ രംഗമാണ് പരിസമാപ്തി കുറിക്കുക. ഇവിടെ പീഡനമേൽക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്ന വൻ ജനാവലിയെയാണ് കാണുന്നത്. ഇവരിൽ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുമുണ്ട്.

കരുണ കാണിക്കാൻ കഴിവുള്ള ദൈവത്തോടാണ് മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നത്. (11:2) വിശുദ്ധരോടൊപ്പം വസിക്കുന്ന ദൈവത്തിനു ലോകത്തോടു അനുകമ്പയുണ്ട്. (2: 9) ദൈവത്തെക്കുറിച്ചുള്ള ഇത്തമൊരു മനോവിചാരം സെഫാനിയ സ്വയം നടത്തുന്ന പാപമോചനത്തിനായുള്ള പ്രാർത്ഥനയിലുമുണ്ട്. 6:10-ൽ ദൈവം തന്റെ വിശുദ്ധരോടു പ്രകടിപ്പിച്ച വിശ്വസ്തതയെപ്പറ്റി പറയുന്നു.

7:8 ലാകട്ടെ എല്ലാ സ്ഥലത്തും എല്ലായിടത്തും നിറഞ്ഞിരിക്കുന്ന ദൈവകരുണയെപ്പറ്റി പറയുന്നു.

ദൈവം കരുണാമയനാണെന്നും ക്ഷമിക്കുന്നവനാണെന്നും അനുമാനിക്കാൻ, മനുഷ്യന്റെ അനുതപിക്കാനുള്ള സന്നദ്ധതമൂലം അവന് അർഹിക്കുന്ന ശിക്ഷയിൽനിന്നു ഒഴിഞ്ഞുമാറാൻ കഴിയുന്നുവെന്ന് ഗ്രന്ഥകാരൻ പറയുന്നു. രണ്ടാമത്തെ കാഹളത്തിന്റെ രംഗത്തിന് ഒരു പ്രത്യേകതയുണ്ട്. പീഡകളേൽക്കുമ്പോഴും ആത്മാവിന് അനുതപിക്കാനാവുമെന്ന കാഴ്ചപ്പാടാണത്. ഇതാകട്ടെ ദൈവത്തിന്റെ അന്ത്യവിധിവരെ തുടരും. അനുതാപത്തിന് ഏറെ ഊന്നൽ നൽകുന്ന രചനയാണത്.

ദൈവത്തിന്റെ കരുണയെക്കുറിച്ചും അനുതപിക്കുന്ന ആത്മാവിനെ സ്വീകരിക്കുന്നതിനെപ്പറ്റിയും പറയുന്ന ഗ്രന്ഥകാരൻ, ഇതിന്റെയെല്ലാം അന്തിമവിധികർത്താവ് ദൈവമാണെന്നു പറയുന്നു. അഖിമിമിക് ടെക്സ്റ്റ് ചുരുൾശകലം പൊട്ടിപ്പോയിട്ടുണ്ട്. ദൈവത്തിന്റെ ക്രോധം വിവരിക്കാൻ തുടങ്ങുന്നതിനു മുമ്പാണിത്. ഇവിടെ നാല് പേജുകളാണ് കാണാതെ പോയിട്ടുള്ളത്. ഈ പേജുകളിൽ യുഗാന്ത്യം അനുബന്ധിച്ച ദുരിതങ്ങളായിരിക്കാം വിവരിക്കുന്നതെന്ന് ഊഹിക്കാം.

കോപ്റ്റിക് ടെക്സ്റ്റുകളിൽ പരോക്ഷമായി ദൈവത്തിന്റെ മഹത്വം അവതരിപ്പിച്ചിരിക്കുന്നു. ദൈവത്തിന്റെ ഇന്ദ്രിയാതീതത്വത്തെക്കുറിച്ച് ഉടനീളം പറഞ്ഞിട്ടുണ്ട്. എന്നാൽ എരെമിയേൽ എന്ന മാലാഖയുടെ മഹത്വം കണ്ട് ദീർഘദർശി ദൈവമാണെന്നു തെറ്റിദ്ധരിച്ച് കാലിൽ വീണ് ആരാധിക്കുന്നുണ്ട്. മാലാഖ ഉടനടി ദീർഘദർശിയെ തിരുത്തുന്നു. ദൈവത്തിന്റെ മഹാനായ മാലാഖയുടെ മഹത്വം ഇത്രയേറെ ശോഭയാർന്നതെങ്കിൽ ദൈവത്തിന്റെ മഹത്വമെന്തായിരിക്കുമെന്ന് നാം ചിന്തിച്ചുപോകുന്നു. ക്ലെമന്റ് സൂക്ഷിച്ചുവച്ചിട്ടുള്ള ഉദ്ധരണിയിൽ അഞ്ചാം സ്വർഗത്തിലെ മാലാഖമാരുടെ സിംഹാസനം ഉദിച്ചുയരുന്ന സൂര്യനെക്കാൾ ഏഴ് മടങ്ങ് പ്രകാശമാർന്നതാണ് എന്നു പറയുന്നു. ഇവിടെ അഞ്ചാം സ്വർഗത്തിനും ഏറെ ഉന്നതത്തിലുള്ള ദൈവത്തിന്റെ മഹത്വം വിവരിക്കാനാവില്ലെന്നു ചുരുക്കം.

ക്ലെമന്റിന്റെ ഉദ്ധരണിക്ക് വിപരീതമായി അഖിമിമിക് ടെക്സ്റ്റിൽ കർത്താവ് സർവശകതനാണെന്നാണ് വിവരിച്ചിട്ടുള്ളത്. സെപ്ത്വജിന്റിൽ ഈ പദപ്രയോഗം നിരന്തരം ഉപയോഗിച്ചിട്ടുണ്ട്. ഹീബ്രുവിലുള്ള സൈന്യങ്ങളുടെ കർത്താവ് എന്ന പദപ്രയോഗത്തിനു സമമാണിത്. പ്രവാസകാലത്തിനുമുമ്പ് യാഹ്വേയെ ഇസ്രയേൽ

സൈന്യങ്ങളുടെ ദൈവമെന്നാണ് പറഞ്ഞിരുന്നത്. പ്രവാസകാലത്ത് സൈന്യങ്ങൾ സ്വർഗീയവാസികളായി മാറി (cf. ഏശ. 13 : 4f). മാലാഖമാരുടെ സൈന്യങ്ങൾക്ക് ഏറെ ഊന്നൽ നൽകിയിട്ടുള്ള ഈ രചനയിൽ സൈന്യങ്ങളുടെ കർത്താവ് എന്ന പദപ്രയോഗം കാണുക സ്വാഭാവികം മാത്രം.

സ്വർഗീയലോകത്തെക്കുറിച്ചുള്ള ഒരു ഗ്രന്ഥകാരന്റെ ധാരണാശേഷിയിൽ മാലാഖമാരെക്കുറിച്ചുള്ള അറിവ് സുപ്രധാനമാണ്. പരമാധികാരിയായ ഏകദൈവമെന്നും, ദൈവം സർവവ്യാപിയാണെന്നും വിവരിക്കുന്നതോടൊപ്പമുള്ള ഗ്രന്ഥകാരന്റെ മുമ്പിൽ മാലാഖമാരെക്കുറിച്ചുള്ള അറിവ് ദ്വന്ദ്വഭാവത്തിലുള്ളതാണ്. (1) സൗന്ദര്യമുള്ള മാലാഖമാർ: ഇവർ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുന്നു, നീതിമാന്മാരെ സഹായിക്കുന്നു. (2) വിരൂപികളായ മാലാഖമാർ: ദുഷ്ടരായവരെ ഭയപ്പെടുത്താൻ ഇവർ അയക്കപ്പെടുന്നു. ദുഷ്ടരുടെ ആത്മാക്കളെ ഇവരാണ് നിത്യശിക്ഷയ്ക്കായി സംവഹിക്കുക. ഇവർ ദുഷ്ടരെ പീഡിപ്പിക്കുകയും ചെയ്യും. വിരൂപികളായ മാലാഖമാർ ഭൂതങ്ങളല്ല,അവർ തിന്മനിറഞ്ഞവരുമല്ല. എല്ലാ സൃഷ്ടികൾക്കുമായുള്ള സേവകരാണ് അവർ. (4:6) അങ്ങനെ വരുമ്പോൾ സർവവും സൃഷ്ടിച്ച ദൈവത്തിന്റെ സേവകരാണവർ. ഏറ്റവും വിരൂപിയായ മാലാഖയാണ് വാദി. പതനം സംഭവിച്ച മാലാഖയെന്നോ, ഭൂതങ്ങളുടെ നേതാവെന്നോ ഇതിനെ വിളിക്കാനാവില്ല. സഖറിയായുടെ ഗ്രന്ഥത്തിൽ സാത്താനെക്കുറിച്ച് പറഞ്ഞിട്ടുള്ളതാണ് ഇവിടെ ഗ്രന്ഥകാരൻ ആവർത്തിക്കുന്നത്. സഖറിയായുടെ ഗ്രന്ഥം ഈ വെളിപാട് ഗ്രന്ഥകാരനെ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

അഖിമിമിക് ടെക്സ്റ്റിൽ മാലാഖമാരുടെ ദൗത്യമെന്നു പറയുന്നത് മനുഷ്യരെ നിരീക്ഷിക്കുകയും അവരുടെ ഓരോ ചെയ്തികളും രേഖപ്പെടുത്തുകയെന്നതുമാണ്. നല്ലതും ചീത്തയുമായ എല്ലാ ചെയ്തികളും ഇവർ രേഖപ്പെടുത്തുന്നു. അന്തിമമായി എഴുത്തുകാരനായ മാലാഖ സർവജ്ഞാനിയായ ദൈവത്തിന്റെ മുമ്പിലെത്തുന്നു. നമ്മുടെ എല്ലാ പ്രവൃത്തികളും അറിയാവുന്ന നീതിപൂർണ്ണനായ വിധികർത്താവാണ് ദൈവം. വിരൂപികളായ മാലാഖമാരാകട്ടെ, മനുഷ്യരുടെ എല്ലാ തിന്മ പ്രവൃത്തികളും രേഖപ്പെടുത്തി വാദിയുടെ അരികിലേക്ക് ആനയിക്കുന്നു. ഇവർ ദൈവതിരുമുമ്പിൽ മനുഷ്യനിൽ കുറ്റമാരോപിച്ച് വാദിക്കുന്നു. സൗന്ദര്യമുള്ള മാലാഖമാർ മനുഷ്യരുടെ എല്ലാ നന്മപ്രവൃത്തികളും രേഖപ്പെടുത്തി, മഹാനായ മാലാഖയുടെ (സെഫാനിയയുടെ മാർഗദർശി) അടുത്തെത്തിക്കുന്നു. അവർ ഒരുമിച്ച് ദൈവതിരുമുമ്പിലെത്തുന്നു. അവിടെ അവരുടെ പേരുകൾ ജീവന്റെ പുസ്തകത്തിൽ എഴുതിച്ചേർക്കുന്നു. ഇവിടെ

നമുക്ക് കാണാനാവുന്നത് രണ്ടുതരം പ്രവൃത്തികൾ ചെയ്യുന്ന രണ്ട് വിഭാഗം മാലാഖമാരുടെ ഇടങ്ങളാണ്. ഒരു സംഘം മഹാനായ മാലാഖയ്ക്കുവേണ്ടിയും മറ്റൊരു കൂട്ടർ വാദിക്ക്വേണ്ടിയും പ്രവർത്തിക്കുന്നു. ദൈവതിരുമുമ്പിൽ മഹാനായ മാലാഖയും വാദിയും സമന്മാരാണ്. ഇത്തരമൊരു രംഗം ഹദെസിലും വിവരിക്കുന്നുണ്ട്. ഖുമ്റാൻ മാന്വൽ ഓഫ് ഡിസിപ്ലിനിലും (IQS 3.13 4.26) ഇതേ രീതിയിലുള്ള ഒരു പ്രവർത്തന രീതി കാണാം. മനുഷ്യരുടെ കാര്യങ്ങൾ നോക്കാൻ ദൈവം രണ്ട് ആത്മാക്കളെ നിയോഗിക്കുകയാണ്. സത്യത്തിന്റെ ആത്മാവും കാപട്യത്തിന്റെ ആത്മാവും. ഏറെ സുപ്രധാനമായ വ്യത്യാസമെന്നു പറയുന്നത് സെഫാനിയയുടെ വെളിപാട് ഗ്രന്ഥത്തിൽ വിരൂപികളായ മാലാഖമാർ മനുഷ്യരെ വഞ്ചിക്കുകയോ അവരുടെ പതനത്തിനുവേണ്ടി പ്രവർത്തിക്കുകയോ ചെയ്യുന്നില്ല എന്നുള്ളതാണ്. മനുഷ്യർ ചെയ്യുന്ന തിന്മ പ്രവൃത്തികൾ അറിയിക്കുക മാത്രമാണ് അവ ചെയ്യുന്നത്.

**കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

സെഫാനിയയുടെ വെളിപാട് ഒരു യഹൂദ സമൂഹത്തിനുള്ളിൽ വച്ച് രചിക്കപ്പെട്ടതാണ്. ഗ്രന്ഥകാരന് പഴയനിയമം പരിചിതമാണ്. തന്റെ വായനക്കാരും അങ്ങനെയായിരിക്കുമെന്ന് ഗ്രന്ഥകാരൻ പ്രതീക്ഷിച്ചു. പഞ്ചഗ്രന്ഥി, പ്രവാചക ഗ്രന്ഥങ്ങൾ, മറ്റ് രചനകൾ എന്നിവയെല്ലാം ഗ്രന്ഥകാരന് പരിചിതമാണ്. ദാനിയേലിന്റെ ഗ്രന്ഥത്തിലെ സൂസന്നയെയും, ഏശയ്യാഗ്രന്ഥത്തിലെ തൊട്ടിയിലെ ജലത്തിലെ ഒരു തുള്ളിയും ഗ്രന്ഥകാരൻ തന്റെ രചനയിൽ ഉൾപ്പെടുത്തുന്നുണ്ട്.

പലയിടത്തും ഗ്രന്ഥകാരൻ പഴയനിയമത്തിലെ ഒരു പ്രത്യേക ഗ്രന്ഥത്തെയല്ല ആശ്രയിച്ചിട്ടുള്ളത്. ഗ്രന്ഥകാരന് ദൈവത്തിന്റെ നിരവധി പര്യായപദങ്ങൾ അറിയാം (6:7), സഭാപിതാക്കന്മാരുടെ പേരുകളറിയാം (11:4; 9:4), വീരനായകന്മാരെ അറിയാം (6:10, 9:4), സെഫാനിയ പ്രവാചകനെ അറിയാം (ചുരുൾശകലം ബി. 7). ഗ്രന്ഥകാരൻ സങ്കീർത്തനങ്ങളെപ്പറ്റിയും (1:2) ജീവന്റെ പുസ്തകത്തെപ്പറ്റിയും പറയുന്നു (3: 7;9:2; cf. സങ്കീ. 69: 28). വ്യാഖ്യാതാവായ മാലാഖയും പ്രവാചകനും തമ്മിലുള്ള സംഭാഷണം സഖറിയാ 1-6 നെ സൂചിപ്പിക്കുന്നു. ഇത്രയും വിവരങ്ങൾ രചനയ്ക്ക് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് ഗ്രന്ഥകാരനെ പൗലോസ്, ഫിലോ, ജൂബിലികളുടെ ഗ്രന്ഥരചയിതാവ് എന്നിവരെപോലെ തിരുലിഖിതങ്ങളെക്കുറിച്ച് സൂക്ഷ്മതയോടെ പഠിക്കുന്ന ഒരു വിദ്യാർത്ഥിയായി കാണാനാവില്ല. യഹൂദ സമുദായത്തിലെ ഒരു സാധാരണക്കാര

ന്റെ അറിവ് മാത്രമേ ഈ രചയിതാവിനുള്ളൂ. തന്റെ ദൈവശാസ്ത്രപരമായ നിലപാടിനു പിന്തുണയുറപ്പിക്കാൻ ഗ്രന്ഥകാരൻ തിരുലിഖിതങ്ങൾ പഠിക്കാനോ അവ പ്രത്യക്ഷമായി രചനയിൽ ഉപയോഗിക്കാനോ സന്നദ്ധനായിട്ടില്ല. പഴയനിയമത്തിൽനിന്നുള്ള സാഹിത്യശൈലി ഗ്രന്ഥകാരൻ മാലാഖമാരുടെ പ്രഭാഷണം രചിക്കാൻ വിനിയോഗിച്ചിട്ടുണ്ട്. പഴയനിയമത്തിലെ ചില കഥാപാത്രങ്ങളെയും ധാർമ്മികമായ ചില ഉത്കണ്ഠകളെയും സാന്ദർഭികമായ ചില വിവരണങ്ങളെയും ഗ്രന്ഥകാരൻ ആശ്രയിച്ചിട്ടുണ്ട്. പഞ്ചഗ്രന്ഥിയിലെ പദപ്രയോഗമായ കൽപനകളും ഉത്തരവുകളും (3: 4) ജോയതാം എന്ന പുരോഹിതന്റെ കൽപനകളെന്നും ദൈവത്തിന്റെ ഉത്തരവുകളുമെന്ന മട്ടിൽ രണ്ടായി വിഭജിച്ച് പ്രയോഗിച്ചിരിക്കുന്നു. ഇസ്രായേലിന്റെ മക്കൾ എന്നു ഗ്രന്ഥകാരൻ പറയുന്നുണ്ട്. എന്നാൽ ഉടമ്പടി, തെരഞ്ഞെടുപ്പ്, ദേശം എന്നീ പദങ്ങൾ കാണാനില്ല. 9 :4-ൽ സഭാപിതാക്കന്മാരുടെ പട്ടികയുണ്ട്. രക്ഷിക്കപ്പെട്ട വിശുദ്ധരായവർ എന്ന വിശേഷണമാണ് അവർക്കു നൽകിയിട്ടുള്ളതെന്നു മാത്രം. ഇസ്രായേലിനെ ഫറവോയിൽനിന്നു ദൈവം രക്ഷിച്ചതിനെപ്പറ്റി (6:10) പറയുന്നുണ്ടെങ്കിലും ഇവിടെ ദൈവശാസ്ത്രപരമായ വികാരം പ്രതിഫലിപ്പിക്കുന്നില്ല.

പഴയനിയമത്തിലെ ചരിത്രഗ്രന്ഥങ്ങളിൽ ഗ്രന്ഥകാരന് തെല്ലും താത്പര്യമില്ല. വിശുദ്ധരായ മനുഷ്യരെന്ന മട്ടിലാണ് ഏലിയായെയും ദാവീദിനെയും ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നത്. ഗ്രന്ഥകാരൻ കൂടുതൽ പ്രതിപത്തി പ്രകടിപ്പിച്ചിട്ടുള്ളത് പ്രവാചകരോടാണ്. മാലാഖമാരിലും സിംഹാസനങ്ങളിലും അന്ത്യവിധിയിലുമെല്ലാമുള്ള ഗ്രന്ഥകാരന്റെ താത്പര്യം ദാനിയേൽ, സങ്കീർത്തനങ്ങൾ എന്നീ പഴയനിയമ ഗ്രന്ഥങ്ങളോടുള്ള പ്രത്യക്ഷ സ്വാധീനം പ്രകടമാക്കുന്നുണ്ട്. ജോബ്, നിയമാവർത്തനം, ഏശയ്യ, എന്നീ ഗ്രന്ഥങ്ങളും രചയിതാവിനെ സ്വാധീനിച്ചിട്ടുണ്ട്. വിധവകളെക്കുറിച്ചും അനാഥരെക്കുറിച്ചുമുള്ള ധാർമ്മികമായ ഉത്ക്കണ്ഠ പഴയനിയമത്തിലുടനീളമുണ്ട് (നിയമ.24:17; ഏശയ്യ 1:17; ജോബ് 31:16f). പ്രാർത്ഥനയെക്കുറിച്ചും ഉപവാസത്തെക്കുറിച്ചും പഴയനിയമത്തിലുമുണ്ട് (ന്യായാ. 20 : 26 ; 1 രാജാ 21: 19; എസ്രാ. 8: 21). എന്നാൽ ഇസ്രായേൽ മക്കളിലേക്കുള്ള തിരിഞ്ഞുനോട്ടം പ്രവാസാനന്തര ജീവിതത്തിലേക്കാണ് വിരൽചൂണ്ടുന്നത്. അതായത് യഹൂദേതര സാമൂഹ്യ പരിസരങ്ങളിൽ ഇസ്രായേലിന്റെ മക്കൾ ഒറ്റപ്പെട്ടുപോയെന്ന പ്രതീതിയാണ് ഇവിടെയുള്ളത്. എന്നാൽ നെഹെമിയാ വച്ചുപുലർത്തുന്ന രാഷ്ട്രീയ പ്രതീക്ഷകളിൽ ഗ്രന്ഥകാരന് താത്പര്യമേയില്ല. പകരം നെഹെ. 1: 4 6 ൽ പ്രകടിപ്പിക്കുന്ന ദൈവഭക്തിയാണ് ഗ്രന്ഥകാരന് സ്വീകാര്യം. ഇവി

ടെ നെഹെമിയാ ഉപവാസത്തെക്കുറിച്ചും പ്രാർത്ഥനയെക്കുറിച്ചും പരാമർശിക്കുന്നുമുണ്ട്. ഇസ്രായേലിന്റെ മക്കൾ എന്ന ഭാഷാപ്രയോഗവും ഇവിടെയുണ്ട്.

ഇപ്പോഴത്തെ ടെക്സ്റ്റ് പുതിയനിയമത്തിന്റെ സ്വാധീനത്തിലാണെന്നു പറയാൻ കാരണമൊന്നുമില്ല. ചില സമാന്തര പരാമർശങ്ങൾ കാണാമെങ്കിലും അത് അന്നത്തെ സാമൂഹിക പരിസരത്തിൽ നിന്ന് കടമെടുത്തുവെന്നേപറയാനാവൂ. ദീർഘദർശിയുടെ ദർശനങ്ങളിൽ പ്രധാനം രണ്ട് സ്ത്രീകൾ തിരികല്ലിൽ പൊടിച്ചുകൊണ്ടിരിക്കുമെന്നതാണ് (2:3; cf. മത്താ 24 : 41). ഏറെ പ്രസിദ്ധമായ പഴഞ്ചൊല്ലിൽ അടിസ്ഥാനമിട്ട അവതരണം ഈ വെളിപാട് ഗ്രന്ഥകാരനും സുവിശേഷകനും പ്രയോജനപ്പെടുത്തിയെന്നും പറയാം.

6: 14 f ൽ പ്രധാനപ്പെട്ട ഒരു സമാന്തര ഭാഗം വെളിപാടിലെ 19 : 10 ലുണ്ട് (cf. 22 : 8f). രണ്ടിടത്തും മാലാഖയുടെ കാലിൽവീണ് ആരാധിക്കുന്ന രംഗമുണ്ട്. രണ്ടിടത്തും മാലാഖ ഇത് തടഞ്ഞ് തന്നെയല്ല ദൈവത്തെയാണ് ആരാധിക്കേണ്ടതെന്നു പറയുന്നുമുണ്ട്. ഈ രചനയിൽ രംഗം യുക്തിസഹമാണ്. എരമിയേൽ മാലാഖയുടെ ശോഭ കണ്ട് ദൈവമായി മാലാഖയെ ദീർഘദർശി തെറ്റിദ്ധരിക്കുകയാണ്. ഇവിടെ മാനുഷികമായ സാങ്കല്പികമായ പരിമിതി തന്നെ ഗ്രന്ഥകാരൻ വെളിപ്പെടുത്തുകയാണ്. ഇതേ പ്രതിപാദ്യം വെളിപാടിൽ രണ്ടുതവണ കാണാം (19:10; 22:8f). എന്നാൽ ഇവയുടെ സന്ദർഭം വ്യക്തമല്ല. ദീർഘദർശിയോട് താൻ ദൈവത്തിന്റെ സേവകനായ ഒരു മാലാഖ മാത്രമാണെന്നാണ് പറയുന്നത്. പുതിയനിയമ ഗ്രന്ഥകാരന് മറ്റൊരു ലക്ഷ്യം കൂടിയുണ്ടാവാം. മാലാഖമാരെ ആരാധിക്കുന്ന പാരമ്പര്യങ്ങളോടുള്ള  പരോക്ഷമായ ഒരു കലഹമാകാം അത്.

സെഫാനിയയുടെ വെളിപാടിൽ ആരാധനയേറ്റുവാങ്ങുന്ന മാലാഖമാരെക്കുറിച്ചുള്ള വാക്യങ്ങൾ (6: 11 15) യോഹന്നാന്റെ വെളിപാടിലേതിനു സദൃശമാണ് (1:13 18). ഇവിടെ പ്രത്യക്ഷപ്പെടുന്ന മാലാഖയുടെ രൂപത്തിനാകട്ടെ ദാനി. 10:5-14 ലെ വിവരണത്തോടു സാമ്യവുമുണ്ട്. എസെ. 1:27 ൽ കുറേക്കൂടി വ്യക്തമായ വർണ്ണനയാണ് കാണുക. പേർഷ്യക്കാരെ തുരത്താൻ മിഖായേൽ മാലാഖ സഹായിച്ചുവെന്നും എസെക്കിയേൽ അവകാശപ്പെടുന്നുണ്ട്. ദാനിയേലിന്റെ വിവരണത്തിൽനിന്നു പ്രവാചകൻ ദൈവത്തെയോ ഏതെങ്കിലും ഉന്നതനായ മാലാഖയെയോ കണ്ടിരിക്കാമെന്നാണ് വിവരണത്തിൽനിന്നു മനസ്സിലാക്കേണ്ടത്. എന്നാൽ സെഫാനിയയുടെ വിവരണത്തോടെ ഈ സന്ദേഹം ഇല്ലാതാകുകയാണ്. സെ

ഫാനിയ വ്യക്തമായി വിവരിക്കുന്നത് താൻ എരമിയേലിനെ ദർശിച്ചുവെന്നാണല്ലൊ.

ഗ്രന്ഥകാരൻ ദാനിയേലിന്റെ വിവരണത്തിലെ മാനുഷിക രൂപം ഉപേക്ഷിച്ചിട്ടുണ്ട്. മാത്രമല്ല, ധരിച്ചിരിക്കുന്നതു ചണവസ്ത്രമെന്ന വിവരണവുമില്ല. കാരണം ഗ്രന്ഥകാരൻ മാനുഷികമായ സവിശേഷതകൾ കണക്കിലെടുക്കുന്നില്ലെന്നു ചുരുക്കം. പകരം സൂര്യനെ പോലെ അവൻ പ്രകാശിക്കുന്നുവെന്നും പാതാളത്തിലും ഹദെസിലും ഉള്ളവരെ തടവിലാക്കിയത് അവനാണെന്നും പരാമർശിക്കുകയാണിവിടെ. ഇരുവരും വെളിപാട് ഗ്രന്ഥത്തിലെ 1:11-18 ലെ വിവരണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

ക്രിസ്തീയ പാരമ്പര്യമനുസരിച്ചാണ് ദാനിയേലിന്റെ രൂപവർണന (ദാനി. 10:5). ദാനി. 7-ൽ മനുഷ്യപുത്രനെന്നു പറയുന്നു. വെളിപാട് 1:11-18 ലെ വർണ്ണനയ്ക്ക് ആധാരം ദാനിയേലിന്റെ ഗ്രന്ഥത്തിലെ 7-ാം അധ്യായത്തിലുള്ള പുരാതനദിനങ്ങളെക്കുറിച്ചുള്ള വിവരണമാണ്.

എന്തെല്ലാം വ്യത്യാസങ്ങളുണ്ടെങ്കിലും എരമിയേലിന്റെയും വെളിപാടു ഗ്രന്ഥത്തിലെ മനുഷ്യപുത്രന്റെയും വിവരണങ്ങൾ തമ്മിൽ ശ്രദ്ധേയമായ സാദൃശ്യമുണ്ട്. ഹദെസിലെ ആത്മാക്കളെപ്പറ്റിയുള്ള ഉത്ക്കണ്ഠയും ഇവിടെ പ്രതിഫലിക്കുന്നുണ്ട്. ഈ സാദൃശ്യങ്ങളുടെ പശ്ചാത്തലത്തിൽ സെഫാനിയയും യഹൂദ പാരമ്പര്യത്തിലെ എരമിയേലിനെ സൂചിപ്പിക്കുന്നതാണെന്നു ഊഹിക്കേണ്ടിവരും. ഷിയോളിലെ നല്ല മാലാഖയെന്ന വിവരണത്തിനാകട്ടെ ദാനിയേൽ 10:5-12 ലെ പ്രതിബിംബത്തോടും സാദൃശ്യമുണ്ട്. ദാനിയേൽ 10:5 7- ലെ മനുഷ്യപുത്രനെ എരമിയേലിനോടു ചേർത്ത് മരണത്തെയും ഷിയോളിനെയും കാൽക്കീഴിലാക്കിയ ഉത്ഥിതനായ യേശുവിനോടു ചേർത്തു ചിന്തിക്കാൻ തുടങ്ങി.

# 07

## എസ്രായുടെ അപ്രമാണിക ഗ്രന്ഥം

(ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അന്ത്യത്തിൽ)

അപ്രമാണിക ഇംഗ്ലീഷ് ബൈബിളിൽ 2 എസ്ദ്രാസ് എന്ന തലവാചകത്തിൽ നൽകിയിട്ടുള്ള ഗ്രന്ഥത്തിലെ 3 മുതൽ 14 വരെയുള്ള അധ്യായങ്ങളാണ് 4 എസ്രാ എന്ന പേരിൽ ലത്തീൻ കൈയെഴുത്തു പ്രതികളായ പ്രബന്ധത്തിലുള്ളത്. വിപുലീകരിച്ച ഇത് ക്രൈസ്തവാശയത്തിലുള്ളതാണ്. പഴയകാലത്തെ ലത്തീൻ കൈയെഴുത്തു പ്രതികളിൽ 1 f ഉം 15 f ഉം പൊതുവേ 2,5 എസ്രാ എന്നാണറിയപ്പെടുന്നത്. വായനക്കാരുടെ സൗകര്യാർത്ഥം തുടർന്നുള്ള പേജുകളിൽ 16 അധ്യായങ്ങളുടെയും പരിഭാഷ നൽകിയിരിക്കുന്നു. ഇതോടൊപ്പമുള്ള പട്ടികയിൽ ഈ രചനയിൽ നൽകിയിട്ടുള്ള വൈവിധ്യമാർന്ന സന്ദേഹമുണർത്തുന്ന നാമാവലി നൽകിയിട്ടുണ്ട്

എസ്രായെ ദൈവം വിളിക്കുന്നതിനെ പരാമർശിച്ചുള്ളതാണ് തുടക്കത്തിലെയുള്ള രണ്ട് അധ്യായങ്ങളും. എസ്രാ പുരോഹിതരുടെ വംശാവലിയിൽ (1:1–3) പെട്ടവനാണ്. യഹൂദ ജനത്തോടു വീണ്ടും വീണ്ടും ദൈവം കരുണ കാണിക്കുന്നു(1:42–32)വെന്നു തെളിയിക്കുകയാണ് എസ്രായുടെ ദൗത്യം. ഇസ്രായേൽ തള്ളിക്കളഞ്ഞതോടെ എസ്രാ വിജാതീയരിലേക്കു തിരിയുന്നു (2:33–41). ഇവിടെയുള്ള ദർശനത്തിൽ

സിയോൺ പർവ്വതത്തിൽ നിലയുറപ്പിക്കുന്ന ജനാവലിയെയും, ദൈവപുത്രൻ ഓരോരുത്തരെയും കിരീടം ധരിപ്പിക്കുന്നതിനെയുംകുറിച്ച് കാണിച്ചുകൊടുക്കുന്നു. (2:42-48)ക്രിസ്തീയമായ ഈ ആമുഖത്തിനുശേഷം ഗ്രന്ഥത്തിലെ പ്രധാനപ്പെട്ട ഭാഗങ്ങൾ യഹൂദനാണ് രചിച്ചിട്ടുള്ളതെന്നു പ്രകടിപ്പിക്കുന്നവിധം കിഴക്കൻ ദേശത്തുള്ള നിരവധി പതിപ്പുകൾ ഇവിടെ കാണുന്നുണ്ട്. സലാത്തിയേലിനു ലഭിച്ചതു പോലെയുള്ള ഏഴ് ദർശനങ്ങളും (ഇത് എസ്രായും കണ്ടിട്ടുണ്ട്) ഇവിടെ വിവരിക്കുന്നു. ആദ്യത്തെ ദർശനം (3:1 5-19) സംഭാഷണ രൂപത്തിലാണ്. തന്റെ ജനത്തെ ഓർത്ത് എസ്രാ വിലപിക്കുന്നു. അതോടൊപ്പം ലോകത്തിൽ എങ്ങനെ പാപവും സഹനവുമുണ്ടായെന്നതടക്കമുള്ള സങ്കീർണ്ണമായ ചോദ്യങ്ങളും ഉന്നയിക്കുന്നു. യുഗാന്ത്യം ആസന്നമാണെന്ന് എസ്രാ ഉറപ്പിക്കുന്നു.

രണ്ടാമത്തെ ദർശനത്തിൽ (5:2-16 : 34) തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനത്തെ വിജാതീയർക്കു ഏൽപ്പിച്ചുകൊടുത്തതിലുള്ള പരാതി എസ്രാ ഉന്നയിക്കുന്നു. ഈ യുഗം കടന്നു പോകുന്നതിനു മുമ്പ് നിരവധി പേർ മരിച്ചുപോകുമെന്ന (5:4) പ്രശ്നവും ഇവിടെ പറയുന്നു. എന്നാൽ ഈ യുഗം ആരംഭിച്ചപ്പോഴുള്ള (5:42 6: 10) സമസ്ത ജനങ്ങളും ഉണ്ടായിരിക്കുമെന്ന് ഉറപ്പ് ലഭിക്കുന്നു. പിന്നീട് വിവരിക്കുന്നത് യുഗാന്ത്യത്തിന്റെ അടയാളങ്ങളാണ് (6:11-28).

മൂന്നാമത്തെ ദർശനവിവരണം ദൈർഘ്യമേറിയാണ് (6:35;9: 25). അന്ത്യവിധിയും നീതിമാന്മാരുടെയും ദുഷ്ടന്മാരുടെയും ഭാവിദിനങ്ങളുമാണ് ഇവിടെ വിവരിച്ചിട്ടുള്ളത് (7: 26 [13]). നഷ്ടപ്പെട്ടുപോയവരോടുള്ള അനുകമ്പ ഇവിടെ തുടിച്ചു നിൽക്കുന്നു. ദുഷ്ടരോടു ദയ കാണിക്കണമെന്നു ദൈവത്തോടു എസ്രാ മദ്ധ്യസ്ഥം പ്രാർത്ഥിക്കുന്നുണ്ട് (8: 4- 36). ദുഷ്ടർക്കു അർഹിക്കുന്നതാണ് നൽകുന്നതെന്നും, അവരെക്കുറിച്ച് കൂടുതൽ ഉത്ക്കണ്ഠപ്പെടാതെ സ്വന്തം ഭാവിയെപ്പറ്റി ചിന്തിക്കുവാൻ എസ്രായോടു ആവശ്യപ്പെടുകയാണ് (8: 37 62). ദർശനങ്ങൾ അവസാനിക്കുന്നത് യുഗാന്ത്യ അടയാളങ്ങളുടെ സംഗ്രഹിക്കപ്പെട്ട വിവരണത്തോടെയാണ് (8: 63 9: 25).

നാലാമത്തെ ദർശനത്തിൽ (9: 26 10 : 59) തന്റെ ഏക മകന്റെ മരണത്തിൽ വിലപിക്കുന്ന സ്ത്രീയെക്കുറിച്ചും അവളുടെ സഹനത്തെക്കുറിച്ചും (9: 38 :10: 4)പറയുന്നു. ഇവൾ പെട്ടെന്ന് വിശുദ്ധ നഗരമായി രൂപാന്തരപ്പെടുന്നു. വിമോചനത്തിന്റെ നാളുകളിലെ സ്വർഗീയ സീയോണാണിതെന്നു പിന്നീട് വിശദീകരിക്കുന്നു (10:25-29).

അഞ്ചാമത്തെ ദർശനത്തിൽ (11:1-12 : 39) ഭാവിചരിത്രത്തിന്റെ ദൃഷ്ടാന്തപരമായ ഗതി, കടലിൽനിന്ന് ഒരു കഴുകൻ ഉയർന്നു വരു

ന്നത് (11 :1-35) വിവരിച്ചുകൊണ്ട് സൂചിപ്പിക്കുന്നു. കഴുകൻ റോമൻ സാമ്രാജ്യമാണെന്നു എസ്രായോടു പറയുന്നു. തന്റെ തെരഞ്ഞെടുക്കപ്പെട്ടവനെ പീഡിപ്പിച്ചതിന്റെ പേരിൽ ദൈവത്തിന്റെ മിശിഹാ അവരെ ശിക്ഷിക്കും (12:10-34).

ആറാമത്തെ ദർശനത്തിൽ (13:1-58) കടലിൽനിന്ന് ഒരു മനുഷ്യൻ ഉയർന്നുവരുന്നു. തന്റെ വായിൽനിന്നുള്ള അഗ്നിജ്വാലയിൽ ശത്രുക്കളെ അവൻ ഉന്മൂലനം ചെയ്യുന്നു.

ഏഴാമത്തേതും അവസാനത്തേതുമായ ദർശനത്തിൽ (14 :1-48) 40 ദിവസത്തിനുള്ളിൽ അഞ്ചുപേർക്കു പറഞ്ഞു കൊടുത്തുകൊണ്ട് 94 ഗ്രന്ഥങ്ങൾ രചിക്കാനായി മാലാഖ എസ്രായെ നിയോഗിക്കുന്നതിനെക്കുറിച്ച് പറയുന്നു. ഇതിൽ 24 കാനോനിക ഗ്രന്ഥങ്ങളാണുള്ളത്. ശേഷിച്ച 74 നിഗൂഢ ഗ്രന്ഥങ്ങൾ ഇനിയും പ്രകാശിതമായിട്ടില്ല.

ഇവിടെവച്ച് കിഴക്കിന്റെ പതിപ്പുകൾ അവസാനിക്കുന്നു. ക്രിസ്തീയമായ രീതിയിലുള്ള ലത്തീൻ കൈയെഴുത്തു പ്രതികളിൽ അനുബന്ധമായി 15ഉം 16ഉം അധ്യായങ്ങൾ കാണുന്നു. ഇവിടെ ദൈവത്തിന്റെ ശത്രുക്കളെ പരസ്യമായി കുറ്റം വിധിക്കുന്നുണ്ട്. ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവരോടു ദൈവത്തിൽ വിശ്വാസമർപ്പിക്കാനുള്ള പ്രബോധനങ്ങളുമുണ്ട്.

**മൗലികമായ ഭാഷ**

നഷ്ടപ്പെട്ടുപോയ മൂലകൃതിയും എസ്രായുടെ വെളിപാട് (അധ്യായം 3-14) സംബന്ധിക്കുന്ന അവശേഷിക്കുന്ന പതിപ്പുകളുമായുള്ള ബന്ധം ഏറെ ദീർഘമായും ആവർത്തിച്ചും പഠനത്തിനു വിധേയമായിട്ടുണ്ട്. അർമീനിയൻ പതിപ്പൊഴികെ പല പതിപ്പുകളിലും വ്യതിയാനങ്ങളുമുണ്ട്. ഗ്രീക്ക് പതിപ്പിൽ ഉള്ളടങ്ങിയിരിക്കുന്നവ മനസ്സിലാക്കുന്നതിൽ വന്ന പിഴവുകളാകാം അത്. ഉദാഹരണത്തിനു 8:6ലും 9: 19 ലും കാണുന്ന പരാമർശങ്ങൾ ശ്രദ്ധിക്കുക. 4 എസ്രായിലെ ഉദ്ധരണികളിൽ ഗ്രീക്ക് പട്രിസ്റ്റിക്, അപ്പോക്രിഫൽ രേഖകൾ ഉൾപ്പെടുന്നതുകൊണ്ട് ഈ ഗ്രന്ഥത്തിനു ഒരു ഗ്രീക്ക് പതിപ്പുണ്ടായിരുന്നുവെന്നു കരുതാം. ആധുനിക കാലത്ത് ഹിൽജൻ ഫെൽഡ് ലഗാർദെയുടെയും എച്ച്. റോൺഷിന്റെയും സഹായത്തോടെ ലത്തീൻ പതിപ്പിൽനിന്ന് ഗ്രീക്ക് ടെക്സ്റ്റ് പുനർനിർമ്മിച്ചിട്ടുണ്ട്.

എന്നാൽ ഗ്രീക്ക് മൂലത്തിനു പിന്നിൽ ഒരു സെമിറ്റിക് ടെക്സ്റ്റുണ്ടായിരിക്കാമെന്ന് ചിലർ നിർദ്ദേശിക്കുന്നു. പല പണ്ഡിതന്മാരും വാദിക്കുന്നത് ഇത് അരമായിക്കായിരിക്കുമെന്നാണ്. മറിച്ച് ഹെബ്രാ

യിസത്തിന്റെ നിഴൽപ്പാടുകൾ കണ്ടെത്താമെന്നതിനാൽ ഗ്രീക്ക് പതിപ്പിനു പിന്നിൽ ഒരു ഹീബ്രു മൂലമുണ്ടായിരിക്കാമെന്നു ആധുനിക കാലത്തെ പണ്ഡിതന്മാർ ചിന്തിക്കുന്നു.

### കാലഘട്ടം

ഇന്ന് 4 എസ്രാ എന്നറിയപ്പെട്ട യഹൂദ ഗ്രന്ഥം ഏ.ഡി. 100-ൽ രചിച്ചതാവാമെന്നു മിക്ക പണ്ഡിതന്മാരും പറയുന്നു. ആദ്യവാചകത്തിൽതന്നെ നമ്മുടെ നഗരം തകർക്കപ്പെട്ടതിന്റെ മുപ്പതാം വർഷത്തിൽ സലാത്തിയേലും എസ്രായെന്നു വിളിക്കുന്നവനും ബാബിലോണിലായിരുന്നുവെന്ന് (3:1) പറയുന്നു. ബി.സി. 586 ലാണ് നെബുക്കദ്നേസർ ജെറുസലം നശിപ്പിക്കുന്നത്. എന്നാൽ ഏ.ഡി. 70-ൽ ജെറുസലം നശിപ്പിക്കപ്പെട്ടതിനെപ്പറ്റിയാണ് ഈ പരാമർശമെന്നു കരുതാം (3:2; 6:19; 10:48; മറ്റു പല ഭാഗത്തും).

എന്നാൽ ഇവിടെ വിശ്വാസയോഗ്യമല്ലാത്ത ഒരു വസ്തുതയുണ്ട്. ബർ-കോബ്ബ കലാപത്തിനുശേഷം സഭയും സിനഗോഗുകളും വലിയ അകൽച്ചയിലായിരുന്നു. ഈ നാളുകളിൽ ഒരു യഹൂദ ഗ്രന്ഥം ക്രിസ്തീയ തലങ്ങളിൽ എങ്ങനെ പ്രചാരം നേടും? ഹീബ്രു മൂലം പൂർണ്ണമാക്കിയത് ഏ.ഡി. 120-ൽ ആകാം. ഈ സമയത്തിനുള്ളിൽ ഗ്രീക്ക് പതിപ്പ് തയ്യാറാക്കുകയും ഇതേ പതിപ്പ് ക്രിസ്തീയ മേഖലകളിൽ പ്രചാരത്തിലാകാനുള്ള സമയം അങ്ങനെ ലഭിക്കുകയും ചെയ്തിരിക്കാം.

### ഉറവിടം

ഈ ഗ്രന്ഥത്തിന്റെ കാതലായുള്ളത് റോമിൽ, യഹൂദ പരിസരങ്ങളിൽ (ബാബിലോണെന്നു 3:1-ൽ) രചിക്കപ്പെട്ടതാകാമെന്നു നിരവധി പണ്ഡിതന്മാർ ചിന്തിക്കുന്നു. സെമിറ്റിക് നിറമുള്ളതുകൊണ്ട് രചന പലസ്തീനിയയിൽവച്ച് ഹീബ്രുമൂലം എഴുതി പ്രകാശിതമാക്കിയെന്നു പറയുന്നു. ഈജിപ്ഷ്യൻ ജൂഡായിസത്തിന്റെയോ ഖുമ്റാൻ സമൂഹത്തിന്റെയോ സ്വാധീനമൊന്നും ഇവിടെ കാണാനാവുന്നില്ല.

### ദൈവശാസ്ത്രപരമായ പ്രാധാന്യം

4 എസ്രായിലെ പ്രധാനപ്പെട്ട ദൈവശാസ്ത്രപരമായ ആശയങ്ങൾ ദൈവം ഏകനാണെന്നും ഏക സൃഷ്ടികർത്താവാണെന്നുമുള്ള ചിന്തകളാണ് (3: 4; 6: 38 – 55; 6: 1-6) വെളിപാടിന്റെ ഭാഗത്ത് 68 തവണ ദൈവത്തെ അത്യുന്നതൻ എന്ന് വിശേഷിപ്പിക്കുന്നു. ക്രിസ്തീയമായ അനുബന്ധങ്ങളിലാകട്ടെ ഒരു തവണയും. അന്ത്യ

വിധിയിലെ വിധിയാളനായും (6: 1-6) കർത്താവ് കരുണാമയനും അനുകമ്പാർദ്രനുമാണെന്നും (7: [132 38]) വിശേഷിപ്പിക്കുന്നുണ്ട്. ഇസ്രായേലിനുള്ള ദൈവിക സമ്മാനമാണ് നിയമം( 3: 19 f; 9: 31 f). ലോകത്തിലെ മറ്റ് രാജ്യങ്ങൾക്കു നിയമം നൽകാൻ ഒരുങ്ങിയെങ്കിലും അവർ മന: പൂർവ്വം അത് നിരാകരിച്ചു. ( 7: 23 f; [72]). ഇസ്രായേലാണെങ്കിൽ അത് സ്വീകരിക്കുകയും ചെയ്തു. ഇതോടെയാണ് ദൈവം തന്റെ തെരഞ്ഞെടുക്കപ്പെട്ട ജനമായി ഇസ്രായേലിനെ ഉയർത്തുന്നത്.

ഈ ഗ്രന്ഥത്തിൽ ഗ്രന്ഥകാരൻ ഉത്തരം കിട്ടാൻ വിഷമിക്കുന്ന ഒരു ചോദ്യമുണ്ട്. എന്തുകൊണ്ട് ദൈവം തന്റെ ജനത്തെ ശത്രുക്കളുടെ കൈകളിൽ ഏൽപ്പിച്ചു? ഇസ്രായേലിന്റെ ശത്രുക്കൾക്കു ഐശ്വര്യവും തന്റെ സ്വന്തം ജനമായ ഇസ്രായേലിനു ദുരിതങ്ങളും ദൈവം സമ്മാനിച്ചത് എന്തുകൊണ്ട് ? (3:30,32) ഒടുവിൽ ഗ്രന്ഥകാരൻ സമാധാനിക്കുന്നു - ദൈവത്തിന്റെ വഴികൾ ദുർജ്ഞേയങ്ങളാണ്.

4 എസ്രാ പഠിപ്പിക്കുന്നത് മനുഷ്യന്റെയും മനുഷ്യഹിതത്തിന്റെയും ശുഭാന്ത്യമാണ്. നിയമത്തോടു അവിശ്വസ്തത കാണിക്കുന്നവർ പാപികളായി മാറും (9:36). ഇതോടെ ദൈവത്തിൽനിന്ന് അവർ അകന്നു പോകും (7: 48). സ്വതന്ത്രമായ മന:സാക്ഷി ചില വാക്യങ്ങളിൽ (ഉദാ. 3:8; 8:56-58) പരാമർശിച്ചു കാണുന്നുണ്ട്. ദൈവത്തിൽനിന്ന് അനിവാര്യമെന്നപോലെ ഏവരും അകന്നുപോകും. ആദാമിന്റെ പാപമാണ് ഇതിനു കാരണം (7: 118). തിന്മയുടെ ഒരു വിത്ത് പാകിക്കഴിഞ്ഞു (4:30). തിന്മയുടെ ഹൃദയംകൊണ്ട് ആദാമിന്റെ പിൻതലമുറക്കാർ പൊതിയപ്പെടും (3:26) ഇതിനു ഓരോരുത്തരും ധാർമ്മികമായി ഉത്തരവാദികളാണ്. ഇതേ വീക്ഷണം റബ്ബിനിക് സിദ്ധാന്തങ്ങളിലും കാണാം.

മെസയാനിക സാമ്രാജ്യം ഭൂമിയിൽ സ്ഥാപിക്കപ്പെടുമെങ്കിലും, അദ്ദേഹത്തിന്റെ വീക്ഷണമനുസരിച്ച് നാനൂറു വർഷമേ നിലനിൽക്കുകയുള്ളൂ (7: 28 f). അന്ത്യത്തിന്റെ ഉദയത്തിനു ഭയാനകമായ അടയാളങ്ങളുണ്ടാകും. ഭൗതികവും ധാർമ്മികവും, രാഷ്ട്രീയവുമായുമുള്ള അടയാളങ്ങളായിരിക്കും അവ (4:52 5:13a; 6:1129;7:26 [44]; 8: 63 9:12). ഉയിർപ്പിനും (5: 45;7: 32; [37]) വിധിക്കും ശേഷം (7:33-35; 7: 105-115) ദുഷ്ടർ നരകത്തിലെ തീച്ചൂളയിലേക്കും നീതിമാന്മാർ പറുദീസയിലെ സന്തോഷത്തിലേക്കും പ്രവേശിപ്പിക്കപ്പെടും (7:36; [78 101]).

എസ്രാ മറ്റ് യുഗാന്ത്യപരമായ പ്രബോധനങ്ങളിൽനിന്നു ഭിന്നമായി ചിലതു പറയുന്നുണ്ട്. കഴുകന്റെ ദർശനത്തിൽ (അധ്യായം 12) റോമൻ ആധിപത്യത്തിൽനിന്നുള്ള രാഷ്ട്രീയമായ യുഗാന്ത്യ ചിന്ത പങ്കുവയ്ക്കുന്നു. മിശിഹാ തന്റെ രാജ്യം ഭൂമിയിൽ സ്ഥാപിക്കുമെന്നും (12 :32 34; cf. 11:4446) കടലിൽനിന്ന് ഉയർന്നു വരുന്ന മനുഷ്യൻ എന്ന ദർശനത്തോടു (അധ്യായം 13)നിലവിലുള്ള മിശിഹാ സങ്കല്പം ഉൾച്ചേർക്കുകയാണ്. ശത്രുക്കളെ ഉന്മൂലനം ചെയ്തശേഷം ശാന്തി നിറഞ്ഞ ജനാവലിയെ (ഇസ്രായേലിന്റെ നഷ്ടപ്പെട്ടു പോയ 10 ഗോത്രങ്ങൾ) അവൻ വിളിച്ചുകൂട്ടുകയാണ്.

മൊത്തമായുള്ള യുഗാന്ത്യപരമായ ചിന്തകളിൽ 4 എസ്ര മിശിഹായെ കൂട്ടിച്ചേർക്കുന്നു. സ്റ്റോൺ സൂചിപ്പിക്കുന്നത് മിശിഹായുടെ ഇവിടെയുള്ള പങ്ക് കണക്കാക്കാൻ ബുദ്ധിമുട്ടുണ്ടെന്നാണ്. 11,12,13 അധ്യായങ്ങളിൽ ഏറെ പരാമർശിക്കപ്പെടുന്ന മിശിഹായെക്കുറിച്ച് ഗ്രന്ഥകാരൻ മറ്റ് ഭാഗങ്ങളിൽ പരിമിതമായേ (7:28 f) പറയുന്നുള്ളൂ. മിശിഹായെക്കുറിച്ച് കൂടുതലായി പറയാനുള്ളത് എസ്രാ ഉന്നയിച്ചചോദ്യങ്ങൾക്കു ഉത്തരം മിശിഹായാണെന്നു ഗ്രന്ഥകാരൻ കരുതാത്തതുകൊണ്ടാണെന്നു സ്റ്റോൺ വിശദീകരിക്കുന്നു. അതേസമയം, ദീർഘദർശിയുടെ ആഗ്രഹങ്ങളിൽ മിശിഹാ ഒരു പ്രത്യേക കേന്ദ്രമല്ല. ഗ്രന്ഥകാരന്റെ യുഗാന്ത്യപരമായ പദ്ധതിയിൽ മാത്രമേ മിശിഹായ്ക്കു സ്ഥാനമുള്ളൂ.

ദീർഘദർശിയുടെ ദൈവശാസ്ത്രപരമായ മറ്റൊരു കാഴ്ചപ്പാട് പ്രതികരണമർഹിക്കുന്നുണ്ട്. മരണാനന്തര ജീവിതത്തിൽ സാർവദേശീയമായ അടിസ്ഥാനത്തിൽതന്നെ ദുഷ്ടർ ശിക്ഷിക്കപ്പെടുമെന്നതാണത്. മാനവകുലത്തെ മുഴുവൻ ഓർമ്മിച്ചുകൊണ്ടാണ് ഗ്രന്ഥകാരന്റെ വിലാപം. വംശീയമായ പരിഗണനയില്ലാതെയാണത്( 7: [62 69]). നഷ്ടപ്പെട്ടവരോടുള്ള അനുകമ്പ ദൈവത്തിനു സമാനമായി എസ്രായ്ക്കുമുണ്ട് (cf.8: 3762).

മാനവകുലത്തിലെ പാപികളായവർക്ക്വേണ്ടിയുള്ള എസ്രായുടെ ദീർഘമായ മദ്ധ്യസ്ഥ പ്രാർത്ഥനയും പാഴാകുന്നുണ്ട് ഇവിടെ. ഒടുവിൽ എസ്രാ തുറന്നു പറയുന്നു: നിരവധി പേർ സൃഷ്ടിക്കപ്പെട്ടു, പക്ഷേ കുറച്ചുപേർ മാത്രം രക്ഷിക്കപ്പെട്ടു (8:3).

### കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം

എസ്രായുടെ വെളിപാടുകളിലുള്ള ചിന്തകളും ഭാഷാരീതിയും പുതിയനിയമത്തോടു സാദൃശ്യമുള്ളവയാണ് (അധ്യായം 3-14). എന്നാൽ ഇവയൊന്നുംതന്നെ സ്വതന്ത്രമായ ആശയബോധം പ്രകടി

പ്പിക്കുന്നില്ല. 7:7-ൽ ഗ്രന്ഥകാരൻ നീതിമാന്മാർക്കുള്ള ഇടുങ്ങിയ പ്രവേശന കവാടത്തെപ്പറ്റി സൂചിപ്പിക്കുന്നുണ്ട്. മത്തായി 7: 13f ൽ ഇതേ ആശയം പ്രത്യക്ഷപ്പെടുന്നുണ്ട്. നിരവധിപേർ സൃഷ്ടിക്കപ്പെട്ടു; കുറേ പേർ മാത്രം രക്ഷിക്കപ്പെട്ടു (8:3) എന്ന പ്രസ്താവനയാകട്ടെ മത്തായി 22: 14 ലും ലൂക്കാ 13:23f ലും സദൃശമാണ്. 4: 33-ൽ ദീർഘ ദർശി ചോദിക്കുന്നുണ്ട് ഈ യുഗത്തിന്റെ ആരംഭം എപ്പോഴാണെന്ന്. ലൂക്കാ 21:17 ൽ ശിഷ്യന്മാർ യേശുവിനോടു ഉന്നയിക്കുന്ന ചോദ്യവും ഇതിനോടു സദൃശമാണ്. ഇത് എപ്പോഴാണ് സംഭവിക്കുക?

പൗലോസിന്റെ ദൈവശാസ്ത്രവും തിന്മയെക്കുറിച്ച് ദീർഘദർശി പരാമർശിക്കുന്ന വേളയിൽ കാണാൻ കഴിയും. തിന്മയെക്കുറിച്ച് റോമാ 5: 12-22 ലുള്ളത് ദീർഘദർശിയുടെ വാക്കുകളിലുമുണ്ട്. സിയോണിനു വൈയക്തിക രൂപം നൽകിക്കൊണ്ട് അമ്മയെന്നു പറയുന്നുണ്ട്. (10:7) ഗലാത്തിയാ 4:26 ൽ ജറുസലേമിനെ അമ്മയാണെന്നാണ് പൗലോസ് അപ്പസ്തോലനും വിശേഷിപ്പിക്കുന്നത്. മനുഷ്യ ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചുള്ള വിവരണം 7 [61]) യാക്കോബിന്റെ ലേഖനത്തിൽ (4:14) അതേപോലെതന്നെയുണ്ട്. 4 എസ്രായിൽ ജനാവലി മൂടൽമഞ്ഞുപോലെയാണെന്നും മറ്റും പറയുന്നത് യാക്കോബിന്റെ ലേഖനത്തിലെ അൽപനേരത്തേക്കു പ്രത്യക്ഷപ്പെടുകയും അതിനുശേഷം അപ്രത്യക്ഷമാകുകയും ചെയ്യുന്ന മൂടൽമഞ്ഞാണ് നിങ്ങൾ എന്ന വിവരണത്തോടു ചേർന്നു പോകുന്നു.

4 എസ്രാ 12:42-ൽ എസ്രായെ ഇരുട്ടിൽ കത്തിച്ചുവച്ച ദീപമെന്നു പറയുന്നുണ്ട്. 2 പത്രോ. 2:49 ലാകട്ടെ ഇരുളിൽ പ്രകാശിക്കുന്ന പ്രവാചക വചനത്തെക്കുറിച്ച് പരാമർശിക്കുന്നു. വിദ്വേഷം നിറഞ്ഞ ജനാവലിയെ മിശിഹാ തന്റെ വായിലെ അഗ്നികൊണ്ട് നശിപ്പിക്കുമെന്ന (13:10f) ഗ്രന്ഥകാരന്റെ പരാമർശം 2 തെസ. 2:8 ലുണ്ട്.

വെളിപാടിന്റെ ഗ്രന്ഥത്തിൽ 4 എസ്രായിലെ നിരവധി സമാന്തര വചനങ്ങളുണ്ട്. ഉദാ: 4 എസ്രായിലെ 13:32-39, വെളിപാട് 7:9;14:1. മനുഷ്യപുത്രൻ വരുമ്പോഴുള്ള മെസയാനിക് ദുരിതങ്ങളെക്കുറിച്ച് പറയുന്നതിനു സദൃശമായി സിയോൺ പർവ്വതത്തിൽ സമാധാനപൂർണ്ണമായി ജനാവലി അണിനിരക്കുന്നതായിട്ടാണ് വിവരിക്കുന്നത്.

# 08

## 12 സഭാപിതാക്കന്മാരുടെ നിയമങ്ങൾ

(ബി.സി. രണ്ടാംനൂറ്റാണ്ട്)

പന്ത്രണ്ട് സഭാപിതാക്കന്മാരുടെ നിയമങ്ങൾ എന്ന് ഉദ്ദേശിക്കുന്നത് ഉത്പ. 49-ലെ യാക്കോബിന്റെ അന്ത്യമൊഴികൾപോലെ അവന്റെ പന്ത്രണ്ട് പുത്രന്മാരുടെ വാക്കുകളാണ്. ഓരോ മക്കളും അവന്റെ മരണത്തിനുമുമ്പ്, എല്ലാ സന്തതികളെയും വിളിച്ചുകൂട്ടി തന്റെ ജീവിതത്തെക്കുറിച്ചും, വന്നുപോയ പിഴവുകളെക്കുറിച്ചും വിവരിച്ചുകൊണ്ട് തന്റെ കുടുംബത്തോടു പാപങ്ങളിൽ നിന്നകന്നു ജീവിക്കാൻ ആഹ്വാനം ചെയ്യുകയാണ്. ഈ സംസാരം അവസാനിപ്പിക്കുന്നത് ഇസ്രായേലിന്റെ ഭാവി പ്രവചിച്ചുകൊണ്ടും തന്റെ ശവസംസ്ക്കാരം എങ്ങനെ നടത്തണമെന്നു നിർദ്ദേശിച്ചുകൊണ്ടുമാണ്. ഈ സംസാരത്തിൽ ലേവിക്കും യൂദായ്ക്കും പ്രത്യേകം ആദരം നൽകണമെന്ന് ആവശ്യപ്പെടുന്നുണ്ട്. പൂർവികരായ അവർ യഥാക്രമം രാജ്യത്തെ പുരോഹിത, രാജകീയ വംശാവലിയിൽ പെടുന്നുവെന്ന് പറയുന്നു. ഓരോരുത്തരുടെയും ശവസംസ്ക്കാര വിവരങ്ങൾകൂടി പറഞ്ഞുകൊണ്ടാണ് ഈ സംസാരം അവസാനിക്കുന്നത്. രാജ്യം ചെയ്ത പാപം, പ്രവാസം, ദൈവികവിധി, യുഗാന്ത്യത്തിലുള്ള മഹത്വം

വീണ്ടെടുക്കൽ എന്നീ ക്രമത്തിലാണ് ഓരോന്നിലും വിവരണമുള്ളത്.

**മൗലികമായ ഭാഷ**

ഈ നിയമങ്ങളുടെ അരമായിക് ഭാഷയിലുള്ള ശകലങ്ങളാണ് കണ്ടുകിട്ടിയിട്ടുള്ളത്. ഗ്രീക്കിലുള്ള ഈ രചന സാങ്കല്പികമായി അരമായിക്കിലും ഹീബ്രുവിലുമുള്ളതാണെന്നു ചില പണ്ഡിതന്മാർ കരുതുന്നു. ഗ്രീക്ക് പതിപ്പിലും അരമായിക് രചനയുമായുള്ള ബന്ധം വിരളമാണ്. എന്നാൽ സെമിറ്റിക് ചുരുൾശകലങ്ങളിൽ അവതരിപ്പിക്കുന്ന നിയമങ്ങളിലെ അടിസ്ഥാനപരമായ ആശയങ്ങളുടെ അഭാവം അരമായിക് മൂലരൂപമില്ലെന്നു വ്യക്തമാക്കുന്നതാണ്.

ഈ രചനയുടെ മൗലികഭാഷ ഹീബ്രുവാണെന്നുള്ളതിനു ചാൾസ് നിരത്തുന്ന കാര്യങ്ങൾ ഇങ്ങനെ: (1) ഹീബ്രു ഭാഷാശൈലി ഗ്രീക്ക് ടെക്സ്റ്റിന്റെ പശ്ചാത്തലത്തിലുണ്ട്. (2) സംസാരങ്ങളിലെ വികൃതമായ തിരിവുകൾ, വ്യക്തികളുടെയും സ്ഥലങ്ങളുടെയും പേരുകളിൽ കാണുന്ന കടങ്കഥ പോലെയുള്ള പദവ്യുത്പത്തികൾ, ബുദ്ധിപരമല്ലാത്ത വാചകങ്ങൾ എന്നിവയെല്ലാം ഒരു ഹീബ്രു മൂലത്തിൽനിന്നുള്ള പുന:രചനയെക്കുറിച്ചാണ് സൂചന നൽകുന്നത്. ഈ ശൈലിയാകട്ടെ ഗ്രീക്ക് ഭാഷ സംസാരിച്ചിരുന്ന സെപ്ത്വജിന്റ് ഉപയോഗിച്ചവരിൽനിന്നുള്ളതുമാകാം.

സെമിറ്റിക് മൂലത്തിൽനിന്നുള്ള പരിഭാഷാ വ്യതിയാനങ്ങൾ തെളിവായി ഉദ്ധരിക്കുന്നത് സാങ്കല്പികം മാത്രമാണെന്നും നമ്മുടെ രേഖ സെപ്ത്വജിന്റിലെ ജോസഫിന്റെ നിയമത്തെ (20:3) അടിസ്ഥാനപ്പെടുത്തിയാണെന്നും ഗ്രീക്ക് പദങ്ങളുടെ ദ്വയാർത്ഥങ്ങളാണ് യഥാർത്ഥത്തിൽ പ്രശ്നമുണ്ടാക്കിയതെന്നും ചിന്തിക്കാം (ഉദാ. ലേവിയുടെ നിയമം 6:1). രചനയിലെ ഈ ഭാഗങ്ങൾ പരിശോധിക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ ഗ്രീക്ക് ഭാഷയിൽ രചിച്ചതാണെന്നു ചിന്തിക്കേണ്ടിവരും. ഗ്രീക്ക് സംസാരിക്കുന്ന യഹൂദർ ചിലപ്പോൾ ചില മാറ്റങ്ങൾ വരുത്തിയിരിക്കാം. ഉദാഹരണത്തിനു റൂബൻ 6:7 ഉം ലേവിയുടെ നിയമം 18: 9 ഉം. ഇങ്ങനെ യഹൂദരായ (എസ്സീനുകളല്ല) എഡിറ്റർമാർ മാറ്റം വരുത്തിയിട്ടുണ്ടാകാം.

ഈ രചനകളിലെ നിരവധി വാക്യങ്ങൾ മെസയാനിക് ശൈലിയിലുള്ളവയാണ്. എന്നാൽ ഇവയിൽ പത്തോ അതിലധികമോ ക്രിസ്തീയ ശൈലിയിലുള്ളവയാണ്. ലേവിയുടെ നിയമത്തിലെ 4:1; 14:2 എന്നീ വാക്യങ്ങളിൽ ഉദാഹരണങ്ങളുണ്ട്. ആഷെർ 7:3 ൽ മനുഷ്യനെപോലെ തിന്നുകയും കുടിക്കുന്നവനുമായി ദൈവം വരുമെ

ന്ന് പറയുന്നു. ബെഞ്ചമിൻ 9:3 ൽ കർത്താവ് ആദ്യദേവാലയത്തിൽ പ്രവേശിക്കുന്നത് മരത്തിൽ ഉയർത്തിയ ശേഷമായിരിക്കുമെന്ന് പറയുന്നു. അടിസ്ഥാനപരമായ യഹൂദ ശൈലിയിലുള്ള രചനയിലേക്കു ക്രിസ്തീയമായി കൂട്ടിച്ചേർത്തതാണ് ഈ പരാമർശങ്ങളെന്നു ചാൾസ് വാദിക്കുന്നു. എം.ദെ ജോംഗെ പറയുന്നത് ഈ രചനയാകെ ക്രൈസ്തവമാണെന്നാണ്. ഏ.ഡി. 200 -ൽ ഈ 12 നിയമങ്ങളും പൂർണ്ണമായി ഒരു ക്രിസ്തീയ ഗ്രന്ഥകാരൻ ക്രോഡീകരിച്ചിരിക്കാമെന്നും അദ്ദേഹം പറയുന്നു.

എല്ലാവശങ്ങളും പരിശോധിക്കുമ്പോൾ നിയമങ്ങൾ എഴുതുന്ന ഒരു ഗ്രന്ഥകാരൻ സ്വതന്ത്രമായ പാരമ്പര്യത്തിൽ ഊന്നിനിന്നുകൊണ്ട് തന്റേതായ ഒരു സാഹിത്യരചന സൃഷ്ടിച്ചുവെന്നു പറയേണ്ടിവരും. ഹീബ്രു, അരമായിക് മൂലരൂപങ്ങളെ അത്ര കർക്കശമല്ലാതെ മാതൃകയാക്കിക്കൊണ്ടായിരിക്കാം ഈ രചന നടന്നിട്ടുള്ളത്. എന്നാൽ ആശയപരമായി ഇത് ഉപരിപ്ലവമാണ്. എന്നാൽ ഇത് സാഹിത്യപരമായി അസ്ഥാനത്താണ്. അതുകൊണ്ടുതന്നെ യഥാർത്ഥ ഗ്രീക്ക് രചനയിൽനിന്നു വ്യത്യസ്തവുമാണ്.

**കാലഘട്ടം**

ക്രിസ്തീയ കൂട്ടിച്ചേർക്കലുകൾ കൂടാതെ ഈ രചനയിൽ കാണുന്ന യോഹന്നാന്റെ ചിന്തകൾ സൂചിപ്പിക്കുന്നത് രചനാകാലഘട്ടം ഏ.ഡി. രണ്ടാംനൂറ്റാണ്ടിന്റെ ആദ്യ വർഷങ്ങളിലാണെന്നാണ്. ഇതിലെ അടിസ്ഥാന രചനാശൈലിയാകട്ടെ ഒരു ജ്ഞാനവാദിയായ യഹൂദന്റേതാണെന്ന സൂചനയും നൽകുന്നു. രചനയ്ക്ക് സെപ്ത്വജിന്റ് ഉപയോഗിച്ചിരിക്കുന്നതുകൊണ്ട് ഈ കൃതി ബി.സി. 250 -ൽ എഴുതിയതാണെന്നും വാദമുയരുന്നുണ്ട്. ഈ വർഷത്തിലാണ് സെപ്ത്വജിന്റിന്റെ പരിഭാഷ പൂർണ്ണമായത്. ലോകരാജ്യങ്ങളുടെ ഒരു ചിത്രീകരണത്തിൽ സിറിയയെയാണ് അവസാനത്തെ ലോകശക്തിയായി അവതരിപ്പിക്കുന്നത്. സ്പഷ്ടമായി മക്കബായരെക്കുറിച്ച് പരാമർശമില്ലാത്തതുകൊണ്ട് ബി.സി. രണ്ടാംനൂറ്റാണ്ടിലെ സിർക്കാ എന്ന ദേശീയ കലാപത്തിനുമുമ്പായിരിക്കാമിത്. ജോൺ ഹിർക്കാനൂസും ആർ. എച്ച്. ചാൾസും ലേവിയുടെ നിയമത്തിലെ 18:2 ഉദ്ധരിച്ചുകൊണ്ട് പറയുന്നത് രചനാകാലഘട്ടം ബി.സി. 137-107 നും മദ്ധ്യേയാണെന്നാണ്. മറ്റു ചിലർ (എം. ഫിലോനെൻകോയും എ. ഡുപോർട്ട് സമ്മറും) ഈ രചന എസ്സീൻ ഉറവിടങ്ങളിൽനിന്നാണെന്നു വാദിക്കുന്നു. ഇവിടെ മെസയാനിക് സങ്കല്പത്തിന്റെ ദ്വന്ദ്വഭാവങ്ങളുണ്ട്. യൂദായിലെ രാജാവും ലേവിയുടെ ഗോത്രത്തിൽ നിന്നുള്ള പുരോഹിതനുമാണവ. ഖുമ്റാനിലെ മിശിഹാ പരാമർശ

ങ്ങൾക്കു സദൃശമാണവ. അപവാദങ്ങളുണ്ടെങ്കിലും. ബി.സി. 150 ലാണ് ഖുമ്റാൻ സമൂഹങ്ങൾ പുരോഗതി കൈവരിച്ചത്. ഈ ബന്ധം തെളിവായി സ്വീകരിക്കുകയാണെങ്കിൽ, മക്കബായൻ കാലഘട്ടത്തിലാണ് നിയമങ്ങൾ എഴുതപ്പെട്ടതെന്നാണ് നിഗമനം.

## ഉറവിടം

ഈ രചനയ്ക്ക് അരമായിക് മൂലമുണ്ടെന്നു വാദിക്കുന്നവർ രചനാവേദി പലസ്തീനിയയാണെന്നു പറയുന്നു. എന്നാൽ രചനയ്ക്കുള്ളിലെ തെളിവുകൾ വിരൽ ചൂണ്ടുന്നത് ഈജിപ്തിലേക്കാണ്. ജോസഫിനു നൽകുന്ന പ്രാധാന്യമാണ് അതിനു കാരണം. ക്രിസ്തീയ കൂട്ടിച്ചേർക്കലുകളും യോഹന്നാൻ ചിന്തകളും പരിശോധിക്കുമ്പോൾ അലക്സാണ്ഡ്രിയൻ ക്രിസ്തീയ പശ്ചാത്തലത്തിലാണ് രചനയെന്നു ചിലർ കരുതുന്നു. ഇവിടെ സിറിയയാണ് ഉറവിടമെന്നു പറയുന്നു. ഈ രചനയിൽ ലോകശക്തിയായി വിവരിക്കുന്നത് ഈജിപ്തിലെ ടോളമിമാരേക്കാൾ സിറിയയെയാണ്. അതുകൊണ്ട്തന്നെ രചനാവേദി പലസ്തീനിയയാണെന്ന വാദം തള്ളിക്കളയേണ്ടിവരും.

## ചരിത്രപരമായ പ്രാധാന്യം

ക്രിസ്തീയ കൂട്ടിച്ചേർക്കലായി പത്തോ പന്ത്രണ്ടോ ഭാഗങ്ങൾ മാറ്റി നിർത്തിയാൽ, രചനയിലെ അടിസ്ഥാന വീക്ഷണം മക്കബായൻ വിപ്ലവത്തിനുമുമ്പുള്ള ജൂഡായിസമാണെന്നു കാണാം. ഈ നൂറ്റാണ്ടുകളിലെ യഹൂദരുടെയും ക്രൈസ്തവരുടെയും കാഴ്ചപ്പാടുകളും ഇവിടെ ദർശിക്കുന്നുണ്ട്. ഈ രചനയുടെ പുരാതനമായ വിവേചനാഘട്ടം പ്രതിനിധീകരിക്കുന്നത്: (1) മോശയുടെ നിയമത്തോടുള്ള ഭക്തിയും മെസയാനിസവും (രാജത്വവും പൗരോഹിത്യവും) തമ്മിലുള്ള സംയോജിപ്പിക്കൽ (2) ജ്ഞാനവാദത്തിന്റെ മതപരവും സദാചാരപരവുമായ ഭാഷയും ആശയവും ഭക്തിയിലേക്കു സംവഹിക്കൽ. നിയമങ്ങളുടെ രചന ക്രൈസ്തവ എഴുത്തുകാർ ഏറ്റെടുത്തതോടെ അവർ സാർവദേശീയ ആശയങ്ങൾ മാത്രമല്ല, ജ്ഞാനവാദികളുടെ ധാർമ്മിക നിലപാടുകളും യുഗാന്ത്യപരമായ പ്രതീക്ഷകളും താപസപരമായ ആഹ്വാനങ്ങളും ഉത്പത്തിയിലെ ജീവശാസ്ത്രപരമായ വിഭാഗങ്ങളിലെ വിനോദപരമായ പൊടിപ്പും തൊങ്ങലും ചേർക്കലും ആദിമകാലഘട്ടത്തിലെ ശാരീരികമായ മന:ശാസ്ത്രം ഉൾച്ചേർക്കലുമെല്ലാം നടത്തിയിരുന്നു. രണ്ടാമത്തെ ദേവാലയ നിർമ്മാണത്തിന്റെ കാലം മുതൽ യഹൂദേതര സാംസ്ക്കാരിക ചിന്താധാരകളുടെ സ്വാധീനംവരെയുള്ള കാലഘട്ടത്തിലെ ജൂഡായിസത്തിലെ വിവിധ വിഭാഗീയതകളോടു ഈ

രചന തുറവി പുലർത്തുന്നു. ജോസേഫൂസിന്റെ ആന്റികിറ്റീസിൽ നിന്നു (13.171-173) ചരിത്രകാരന്മാർക്കു പൈതൃകമായി ലഭിച്ച യഹൂദരുടെ മൂന്ന് തത്വജ്ഞാനമെന്ന വിഭജനം ഇവിടെ അപര്യാപ്തവുമായി പരിണമിക്കുന്നു.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

**ദൈവം:** ദൈവം കരുണാപൂർണ്ണനും കൃപാലുവുമാണ് (Tiss 6:4; T Jos 2:1; T Jud 23:5). ഗുണഗണമായി രേഖപ്പെടുത്തിയിട്ടുള്ളത് പരിശുദ്ധിയാണ് (T Levi 3:4). ക്രോധം (T Levi 6 : 11) ലോകത്തിൽ അവൻ വിധി നടപ്പാക്കുന്നു (T Levi 4: 1; 18: 1f; T Jud 22:1; 23 :3) അവന്റെ പ്രതികാരത്തിനു മറ്റുള്ളവർക്കുവേണ്ടി സഭാപിതാക്കന്മാർ മാദ്ധ്യസ്ഥ്യം വഹിക്കുന്നു (T Reu 1: 7; 4:4; 6:6). ഏറ്റവും ഒടുവിൽ ഇസ്രയേലിൽ അവൻ വസിക്കുന്നു (T Levi 5:2; T Jud 22: 2; T Zeb 9:8; T Naph. 8:3).

മനുഷ്യൻ: മനുഷ്യന് ഏഴ് (അതല്ലെങ്കിൽ എട്ട്) ആത്മാക്കളുണ്ട് (T Reub 2:2-9). ഇത് മറ്റ് ഏഴ് തെറ്റിന്റെ ആത്മാക്കളോടു ഒന്നിച്ചിരിക്കുന്നു (T Reub 3:36). ശാരീരിക മന:ശാസ്ത്രത്തിന്റെ രീതിയിൽ അവന്റെ അവയവങ്ങളുടെ സ്വഭാവത്തെ സ്വാധീനിക്കുന്നു (T Sim 2:4 ; T Zeb 2: 4 ;T Gad 5:11; TJos 15:3). നിദ്രയിൽ അവനെ ഫാന്റസിയിലേക്കും തെറ്റിലേക്കും നയിക്കുന്നു. മരണത്തിന്റെ ദർശനങ്ങൾ നൽകുന്നു (T Reu 6:2).

## പ്രപഞ്ചഘടനാശാസ്ത്രം

പ്രപഞ്ചമെന്നു പറയുന്നത് മേലാപ്പായി മൂന്ന് സ്വർഗങ്ങൾ ഉള്ളവയാണ്. ആദ്യം വെള്ളം, പ്രകാശം, പിന്നെ ദൈവത്തിന്റെ വാസസ്ഥലം എന്നതാണ് ക്രമം (T Levi 2:7 10). പ്രകൃതിയുടെ ക്രമം പാലിക്കേണ്ടത് അനിവാര്യമാണ് (T Naph 3:4). ദൈവത്തിന്റെ ലക്ഷ്യം പൂർത്തിയായാൽ ഈ യുഗം അവസാനിക്കും (T Reu 6:8).

**മാലാഖമാർ:** സ്വർഗത്തിൽ സന്നിഹിതരായിട്ടുള്ള നീതിമാന്മാരെ ഉപദേശിക്കുന്നത് മാലാഖമാരാണ് (T Reu 5: 3; TIss 2: 1; T Jud 15:5). ദുഷ്ടരെ ശിക്ഷിക്കാനും ഇവർ ഉപകരണങ്ങളായി ഭവിക്കുന്നു (T Levi 3: 23). രണ്ടാമത്തെ സ്വർഗത്തിൽ ബിലെയറിന്റെ ആത്മാക്കൾ വസിക്കുന്നു. മൂന്നാമത്തേതിൽ ദൈവസന്നിധിയിലുള്ള മുഖ്യദൂതന്മാരും. അവർ ദൈവത്തിനു രക്തരഹിതമായ ആരാധനയർപ്പിക്കുന്നു. സമാധാനത്തിന്റെ മാലാഖ ഇസ്രായേലിന്റെ ശത്രുക്കളെ പ്രതിരോധിക്കാനായി ഇസ്രായേലിനോടൊപ്പം നിലകൊള്ളു

ന്നു (T Dan 6:5). ഇസ്രായേലിനുവേണ്ടി മദ്ധ്യസ്ഥരായി വർത്തിക്കുന്നതോടൊപ്പം (T Levi 5:6) ലേവിക്കും യൂദായ്ക്കും പ്രത്യേകം മാർഗനിർദ്ദേശം നൽകുന്നു (T Levi 5:4).

**ദ്വന്ദ്വ ഭാവം:** ലോകത്തിനു പുറത്ത് രണ്ടുതരം മാലാഖമാരുണ്ട്. സത്യത്തിന്റെയും തെറ്റിന്റെയും മാലാഖകൾ ( T Jud 20:1 f). സമയത്തിനു മുമ്പ് കാവൽക്കാർ ഭൂമിയുടെ പ്രകൃത്യാലുള്ള ക്രമം തെറ്റിച്ചതിനു ഭൂമിയെ ശപിക്കുന്നു (T Naph 3:5). അടിസ്ഥാനപരമായ വേർതിരിവ് പ്രകടമാക്കുന്നത്, ഒരു മാർഗത്തിൽ കർത്താവിന്റെ മാലാഖ നിർദ്ദേശങ്ങൾ നൽകുന്നു. മറ്റൊന്നിലാകട്ടെ ബിലെയറിന്റെ മാലാഖമാർ വഴി കാട്ടുന്നു (TAsh). ബിലെയറാണ് പാപകരമായ പ്രവൃത്തിയും (പ്രത്യേകിച്ചും ലൈംഗികമായ കാമനകൾ) (T Reub 4:11;6:3;7:2; ചെയ്യാൻ മനുഷ്യരെ പ്രേരിപ്പിക്കുന്നത് (T Dan 1:7; 3:6 ഇവിടെ സാത്താനെന്നാണ് അവനെ വിളിക്കുക 5 :6, T Benj 6: 1; 7:1f). അന്ത്യനാളുകളിൽ അവൻ അനേകരെ വിശ്വാസം ത്യജിക്കാൻ പ്രേരിപ്പിക്കും (TIss 6:1). എന്നാൽ സാത്താന്റെ പ്രവർത്തനങ്ങൾ ദൈവത്തിന്റെ രക്ഷാകരകർമ്മത്തിനായുള്ള ദൂതന്മാർ പരാജയപ്പെടുത്തും.

**യുഗാന്ത്യപരമായ കാര്യകർത്താക്കളും സംഭവങ്ങളും:** യുഗാന്ത്യപരമായ നിയമങ്ങളിലെ കേന്ദ്രകഥാപാത്രങ്ങൾ ലേവിയും യൂദായുമാണ് (T Reu 6:8, 11, T Sim 7:1, TIss 5:78; T Jos 19:11; TNaph 5:15;6:7; 8:2). യൂദായാണ് രാജാവ് (T Jub 1:6;24:16). എന്നാൽ ലേവി യൂദായെക്കാൾ ഉന്നതനാണ് (T Jos 19:4). ദൈവത്തിന്റെ അഭിഷിക്തനായ പുരോഹിതൻ എന്ന നിലയിൽ പാപപരിഹാരത്തിന്റെ കാര്യകർത്താവ് ലേവിയായിരിക്കും (T Levi 18:1 11) ലേവി ബിലെയറിനെ കീഴ്പ്പെടുത്തും (T Levi 18:12). വിധിദിനത്തിൽ ദേവാലയം തകർക്കപ്പെട്ടതിനുശേഷം (T Levi 10: 3; 15:1; 16:4 5) അന്ത്യത്തിൽ അത് പുനർനിർമ്മിക്കപ്പെടും (T Benj 9:2). ഇവിടെ ചില വ്യത്യാസങ്ങളുണ്ട്. ചില വാക്യങ്ങളിൽ യുഗാന്ത്യപരമായുള്ള ദേവാലയത്തിൽ അതുല്യനായ ഒരു പ്രവാചകൻ ലേവിയെയും യൂദായെയും കൂടാതെ പ്രത്യക്ഷപ്പെടുമെന്നു പറയുന്നു (T Benj 9:2). മറ്റുചില ടെക്സ്റ്റുകളിൽ ലേവിയിൽനിന്നും യൂദായിൽനിന്നുമുള്ള ഒരു കാര്യകർത്താവ് പാപപരിഹാരം പൂർത്തിയാക്കുമെന്നാണ് (T Dan 5:10; ഠ Gad 8:1; T Benj 4:2). അന്തിമമായി എല്ലാ രാജ്യങ്ങൾക്കുമായി ദൈവം സ്വയം വെളിപ്പെടുത്തും (T Levi 4:4). ഇവർക്കുനടുവിൽ ഇസ്രയേൽ പ്രകാശമായി നിലകൊള്ളും (T Levi 14:34 ; T Sim 7:2; T Jud 22:3; 25:5; T Benj 9:5).

**ധാർമ്മികത:** നിയമഗ്രന്ഥങ്ങളിൽ ഉടനീളം നിയമം പാലിക്കണമെന്ന ആഹ്വാനമാണുള്ളത്. എന്നാൽ ഇവയിലൊന്നും തോറായിലുള്ള വകുപ്പുകൾ പ്രത്യക്ഷമല്ല. പകരം, സ്റ്റോയിസിസത്തിനു സമാനമായ സാർവലൗകിക പുണ്യങ്ങൾ അവതരിപ്പിക്കപ്പെടുന്നു (T Sim 4:5;T Levi 13:1; TIss 3:2; 4: 8;5:1; TJud 23:5). ഈശ്വരഭക്തി (T Reu 6:4; Tiss 7:5; T Levi 16:2). സത്യനിഷ്ഠ (TIss 13:1;4:6; T Gad 7:7; T Sim 5:2) സത്യസന്ധത (T Dan 1:3). ഉദാരത ( TIss 3:8;4:2; 7:3) അനുകമ്പ (times 7:5; T Jud 18:3; T Zeb 2:4; 5:13; 7:14;8: 6). കഠിനാധ്വാനം (TIss 5:35)സ്വയം നിയന്ത്രണം ( T Jos 4:12; 6:7; 9: 23; 10: 23). ഏറ്റവും കഠിനമായ പാപമെന്നു പറയുന്നത് വിവേചനരഹിതമായ ലൈംഗികവേഴ്ചയാണ് (T Reu 1:6; 1:9; 3:10 4:2; 4:78; 5:34; 6:1; T Levi 9:9; 14:6; 17:11; T Sim 5:3; TIss 4:4; 7:2; T Jud 11:15; 12:19; 13:58; 17 : 13;18:26). ഇവിടെ ബിലെയറിന്റെ ചൂഷണമാണ് നടക്കുക (T Reu 4:10). എന്നാൽ ലൈംഗികമായ തെറ്റുകൾ പ്രത്യേകമാംവിധം കൽപനകളോടു ബന്ധപ്പെടുത്തിയിട്ടില്ല. ഇത്തരം പാപങ്ങൾ ചെയ്യാതിരിക്കാൻ അവയോടു എതിർപ്പ് കാണിക്കുകയും, അവയ്ക്കെതിരേ സംയമനം പാലിക്കുകയും ചെയ്യുകയെന്നാണ് ഇവിടെ നിഷ്കർഷിക്കുന്നത്. ഈ നിലപാടുകൾ തോറായെ അടിസ്ഥാനമാക്കിയല്ല. പാപത്തിനു ബിലെയർ പ്രത്യക്ഷമായി പ്രേരണ നൽകുന്നതു മാത്രമല്ല (T Reu 4:8,10) കാരണം, കോപവും (T Dan 1:4; T Gad 7:17; T Sim 4:5,7, 9, 6:2). അത്യാർത്തിയും (T Jud. 17:1; 19:103) നിമിത്തമാകുന്നു. സ്ത്രീകൾ നൈസർഗികമായി തിന്മയാണ് (T Reu 5:1). അവർ പുരുഷന്മാരെ വശീകരിക്കും (T Reu 5:1 7; T Jud 10: 35; 15: 5f). കാവൽക്കാരും (T Reu 5:6) പാപം ചെയ്യാം. സാബത്ത് സംബന്ധിച്ച നിയമങ്ങൾ ഇവിടെ പരാമർശിച്ചിട്ടില്ല. പരിച്ഛേദനത്തെക്കുറിച്ചുള്ള പരാമർശമാകട്ടെ യാക്കോബിന്റെ മക്കൾ ഷെക്കെമിലുള്ളവരെ പരിച്ഛേദനം ചെയ്തശേഷം വധിച്ച സംഭവത്തിൽ മാത്രം ഒതുങ്ങുന്നു. ഇവിടെ പരിച്ഛേദനമല്ല വിഷയം, സഹജീവികളായ മനുഷ്യരോടുള്ള ക്രൂരതയാണ്. ഭക്ഷണത്തെക്കുറിച്ചുള്ള നിയമങ്ങളും സദാചാരപരമായ വിശുദ്ധിയുടെ രൂപകമായി മാത്രം അവതരിപ്പിക്കുന്നു. (T Ash 2:9;4:5)

നല്ല ജീവിതം നയിക്കാനുള്ള ശക്തി ലഭിക്കുന്നത് ദൈവത്തിൽ നിന്നാണ് (T Sim 4:4). ഒരുവന്റെ മന:സാക്ഷി ( T Reu 4:3; T Jos 20:2) ദൈവത്തിന്റെ വിശ്വസ്തതയും (T Jos 9:2) തിന്മയെ അതിജീവിക്കാനുള്ള സഹജമായ ശക്തിയുമാണ് (T Benj 5). ഏറ്റവും ഉന്നതമായ പുണ്യം സഹോദരസ്നേഹമാണ്.

(T Sim 4:7; TIss 5:2; T Dan 5:4). ഇവിടെ സഹോദരനെ വെറുത്താലുണ്ടാകാവുന്ന കാര്യങ്ങളും വിവരിക്കുന്നുണ്ട് (T Gad 3:15; 11; T Sim 2:67). ഇതിനാകട്ടെ മാതൃകയായി അവതരിപ്പിക്കുന്നത് ജോസഫിനെയാണ് (T Sim 4:5f; T Jos 17:28).

നിയമഗ്രന്ഥങ്ങളിൽ നിയമം എന്നു പറയുന്നത് ജ്ഞാനത്തിനുള്ള യഥാർത്ഥ നാമാവലിയാണ് (T Levi 13:19). റബ്ബിനിക് പാരമ്പര്യം മുതലേ അങ്ങനെയാണു താനും. T Levi 14:4 ൽ നിയമം സമം ജ്ഞാനമാണ്. T Naph 3 ൽ ആകട്ടെ അതിനെ താരതമ്യപ്പെടുത്തുന്നത് സ്വാഭാവികമായ നിയമവുമായിട്ടാണ്. സ്വവർഗ ലൈംഗികതയും വിഗ്രഹാരാധനയും അപലപിക്കപ്പെടുന്നത് അവ പ്രത്യേകമായി തോറായിൽ എടുത്തു പറഞ്ഞിരിക്കുന്നതു കൊണ്ടല്ല; പ്രത്യുത സ്വാഭാവികമായ നിയമവുമായി പൊരുത്തപ്പെട്ടു പോകാത്തതു കൊണ്ടാണ്. (T Naph 3:34) ജ്ഞാനത്തെ സ്വാഭാവികമായ നിയമവുമായി ബന്ധപ്പെടുത്തുന്നതും സ്വർഗീയവാസികളുടെ സഞ്ചാരവുമെല്ലാം സോളമന്റെ വിജ്ഞാനത്തിലെ ഏഴാം അധ്യായവുമായി യോജിച്ചു പോകുന്നതല്ല. അന്നത്തെ ഫരിസേയ പ്രസ്ഥാനവുമായും ഇതിന് യോജിപ്പില്ല. തോറായിലുള്ള കർക്കശമായ നിയമങ്ങൾ പിന്തുടർന്നാൽ തങ്ങൾ യഹൂദ സഹമതക്കാരുമായി ഒത്തുപോകാൻ ബുദ്ധിമുട്ടാകുമെന്ന് അവർ കരുതി. നിയമഗ്രന്ഥങ്ങളിലെ സാർവലൗകിക കാഴ്ചപ്പാട് തോറായുമായി ഒത്തുപോകുന്നില്ല. രണ്ടാമത്തെ ദേവാലയ കാലഘട്ടത്തിൽ തോറായായിരുന്നു ദൈവവുമായി ഉടമ്പടി പാലിക്കുന്നതിൽ യഹൂദരുടെ പ്രതിരോധത്തിന്റെ കോട്ട.

### ജീവിതത്തിനു ശേഷം

ഈ രചനകളിലൊന്നും ഇഹലോകജീവിതത്തിനു ശേഷമുള്ള പ്രതീക്ഷയെക്കുറിച്ച് പറയുന്നില്ല. (TIss 4:3) ചില വരികളിൽ വിശ്വസ്തർ ഉയിർത്തെഴുന്നേൽക്കുമെന്നു പറയുന്നുണ്ട് (T Jud 25:14; TZeb 10:2)

### കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം

ധാർമ്മികമായ പ്രബോധനങ്ങളും യുഗാന്ത്യപരമായ പ്രതീക്ഷകളും പൊതുവായി യേശുവിന്റെ സുവിശേഷപാരമ്പര്യങ്ങളുടെ ധ്വനി നൽകുന്നുണ്ട്. ദൈവസ്നേഹത്തെ അയൽക്കാരനുമായുള്ള സ്നേഹത്തോടു ബന്ധപ്പെടുത്തിയുള്ളതാണ് പൊതുവായ ഈ ഘടകം. നിയമഗ്രന്ഥങ്ങളിൽ അയൽക്കാരൻ എന്ന് അർത്ഥമാക്കുന്നത് ഒപ്പമുള്ള ഒരു ഇസ്രയേലിയെയാണ്. ലേവിയും യൂദായുമുള്ളതും

ലേവിയും യൂദായും പ്രവാചകനുമുള്ളതുമായ മെസയാനിക് പ്രതീക്ഷകൾ പുതിയ നിയമങ്ങളിലില്ല. പ്രവാചകനായും പുരോഹിതനായും രാജാവുമായുള്ള മെസയാനിക് പ്രതീക്ഷകൾ യേശുവിലാണ് പുതിയ നിയമ രചയിതാക്കൾ ചാർത്തികൊടുക്കുന്നത്.(പ്രവാചകൻ ലൂക്കാ 13:33; യോഹ 6:14; പുരോഹിതൻ -ഹെബ്രാ 7; രാജാവ് - മത്താ 2:2; ലൂക്കാ 19:38: യോഹ 1:49; വെളിപാട് 19:16) ഉന്നത പുരോഹിതന്റെ അഭിഷേകം (T Levi 8:1-10) എഫേസോസുകാർക്കുള്ള ലേഖനത്തിലെ 6:13 ലുള്ള ക്രൈസ്തവർ ദൈവത്തിന്റെ എല്ലാ ആയുധങ്ങളും ധരിക്കുവിൻ എന്ന ആഹ്വാനത്തോടു ചേർന്നു നിൽക്കുന്നു. ക്രിസ്തീയ കൂട്ടിച്ചേർക്കലുകളോ യോഹന്നാൻ ശ്ലീഹായുടെ ചിന്താധാരകളോ ആയാലും അവയെല്ലാം രണ്ടാമതായി ഗണിക്കാവുന്ന പ്രകൃതങ്ങളാണ്. അവയൊന്നും യഥാർത്ഥരചനയുടെ ഭാഗമാകുന്നില്ല. ഒരേ പ്രശ്നങ്ങൾക്കു പുതിയനിയമത്തെ അപേക്ഷിച്ച് ഈ രചനയിൽ വ്യത്യസ്തമായ പരിഹാര മാർഗങ്ങളാണ് നിർദ്ദേശിക്കുന്നതെന്നതും പ്രസ്താവ്യമാണ്.

## സാംസ്ക്കാരികപരമായ പ്രാധാന്യം

പൗരാണികമായി, നിയമഗ്രന്ഥങ്ങൾ ഏറ്റവും പ്രധാനമായ പ്രതികരണമുണ്ടാക്കിയിട്ടുള്ളത് ക്രൈസ്തവരിലാണ്. അവർ അത് പകർത്തി സ്വന്തം ലക്ഷ്യങ്ങൾക്കായി പ്രയോജനപ്പെടുത്തി. സഭാപിതാക്കന്മാരുടെ വിവരണത്തെക്കുറിച്ച് തോമസ് മാന്റെ ബൃഹത്തായ പരിവൃത്തിയിൽ ജോസഫ് എല്ലാം തികഞ്ഞവനെന്ന വർണനയാണുള്ളത്. നിയമഗ്രന്ഥങ്ങളിലേക്കു നോക്കുന്ന നവനയനങ്ങളെല്ലാംതന്നെ അങ്ങനെതന്നെയാണ് ജോസഫിനെ കാണുന്നതും.

# 09

## ജോബിന്റെ നിയമം

(ബി.സി. ഒന്നാംനൂറ്റാണ്ട് - എ.ഡി. ഒന്നാംനൂറ്റാണ്ട്)

ഏറെ അറിയപ്പെടുന്ന പന്ത്രണ്ട് സഭാപിതാക്കന്മാരുടെ നിയമത്തിന്റെ രൂപവും ഉദ്ദേശ്യവും ജോബിന്റെ നിയമത്തിനോടും സാദൃശ്യമുള്ളതാണ്. റോമാക്കാർക്കുള്ള പൗലോസിന്റെ ലേഖനത്തേക്കാൾ അൽപം ചെറുതാണിത്. സഹനമെന്ന പുണ്യമാണ് ഇവിടെ പ്രകീർത്തിക്കപ്പെടുന്നത്. ബൈബിളിലെ കഥാപാത്രമായ ജോബിനെ അടിസ്ഥാനമാക്കിയാണ് ഈ ഗ്രന്ഥം. കാനോനികമായി അംഗീകരിച്ചിട്ടുള്ള ജോബിന്റെ ഗ്രന്ഥത്തോടു കിടപിടിക്കുന്ന രചനയല്ലിത്. ജോബിന്റെ നിയമം വിരസമാണ്, ചിലപ്പോൾ അൽപം തമാശയുണർത്തുന്നതും.

ആമുഖത്തിലാണ് (അധ്യായം 1) ഗ്രന്ഥനാമവും രംഗസജ്ജീകരണവുമുള്ളത്. ഉപസംഹാരത്തിൽ (അധ്യായം 51 -53) ജോബിന്റെ മരണവും, ആത്മാവിന്റെ ആരോഹണവും ശവസംസ്ക്കാരവും വിവരിച്ചിരിക്കുന്നു. ഈ രചനയുടെ മുഖ്യഭാഗത്ത് നാല് ഭാഗങ്ങളുണ്ട് (അധ്യായം 2-50). ജോബിനെ മാലാഖ സന്ദർശിക്കുന്നു (അധ്യായം 2-5), സാത്താൻ കാണുന്നു (അധ്യായം 6-27), 3 രാജാക്കന്മാർ കാണാനെത്തുന്നു (അധ്യായം 28-45), 3 പുത്രിമാരെ കാണുന്നു (അധ്യായം 46 -50).

ഈ ഗ്രന്ഥത്തിലെ ഭൂരിഭാഗവും (1:4-45:4) ആദ്യത്തെ മൂന്നു ഭാഗങ്ങളിലായുണ്ട്. ഇവിടെ ജോബ് രോഗത്തിനുള്ള കാരണവും പ്രത്യാഘാതങ്ങളും സ്വയം വിവരിക്കുകയാണ്.

ഏസാവിന്റെ പിൻതലമുറക്കാരനായ ജോബാബിനെ ദൈവമാണ് ജോബെന്നു പേരു ചൊല്ലിവിളിച്ചത്. ജീവിതാവസാനവേളയിൽ ജോബ് തന്റെ സന്തതികൾക്കു ഉപദേശങ്ങൾ നൽകുന്നു, ഒപ്പം തന്റെ ഭൂസ്വത്തും (അധ്യായം 1). വിഗ്രഹാരാധന കണ്ടപ്പോൾ ജോബ് പരിഭ്രമിക്കുന്നു (അധ്യായം 2 f ). മാലാഖ പ്രത്യക്ഷപ്പെട്ട് കൊടുംവിപത്ത് പ്രവചിക്കുന്നു (അധ്യായം 4). എന്നാൽ ജോബ് വിഗ്രഹമുണ്ടായിരുന്ന ക്ഷേത്രം തകർക്കുന്നു (അധ്യായം 5).

ഇതോടെ ജോബിനെ സാത്താൻ ആക്രമിക്കുന്നു (അധ്യായം 6-27). ഒരു യാചകനായി വേഷം മാറി വന്ന് (അധ്യായം 6-8) ജോബിന്റെ മഹാമനസ്കതയും ഈശ്വര ഭക്തിയും ചൂഷണം ചെയ്യുന്നു. ജോബ് സുദീർഘമായിട്ടാണ് ഇത് വിവരിക്കുന്നത് (അധ്യായം 9 -15). കാരുണ്യ പ്രവൃത്തികൾ ചെയ്തതെല്ലാം നഷ്ടമായി കലാശിക്കുന്നു (അധ്യായം 16-26). സ്വത്ത്, കുടുംബം, ആരോഗ്യം എല്ലാം ജോബിനു നഷ്ടപ്പെടുകയാണ്. എങ്കിലും ജോബ് ക്ഷമയോടെ വിവേകത്തോടെ സഹിച്ചുനിന്നു. ഒടുവിൽ സാത്താൻ നേരേ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ജോബിന്റെ സഹനത്തിന്റെ കായികാഭ്യാസിക്കു മുന്നിൽ സാത്താൻ പരാജയപ്പെടുന്നു (അധ്യായം 27).

ജോബിന്റെ എണ്ണമറ്റ ദുരിതങ്ങൾ കണ്ട് മൂന്ന് രാജാക്കന്മാർ അത്ഭുതപ്പെടുന്നു (അധ്യാ. 28-30). ജോബിന്റെ നഷ്ടങ്ങൾ കണ്ട എലിഫാസ് വിലപിക്കുന്നു (അധ്യാ. 31-34). ജോബിന്റെ വിവേകം ബൽദാദ് പരീക്ഷിക്കുന്നു (35:1-38: 5). സോഫാർ തന്റെ രാജകീയ ചികിത്സകരെ അയച്ചു കൊടുക്കാമെന്ന് വാഗ്ദാനം ചെയ്യുന്നു (38:6-8) അവസാനത്തെ ആഘാതമെന്ന നിലയിൽ ജോബിന്റെ ദു:ഖിതയായ ഭാര്യ സിറ്റിസ് മരിച്ചു. അവളെ സംസ്ക്കരിച്ചു (അധ്യായം 39f) ഒടുവിൽ എലിഹു സംസാരിക്കുന്നു (അധ്യായം 41). ജോബ് ഇടപെട്ട് രാജാക്കന്മാർക്ക് മാപ്പ് വാങ്ങി നൽകുന്നു (അധ്യ. 42). എലിഹുവിനെ ശപിക്കുന്നു (അധ്യായം 43). ജോബ് ദുരിതങ്ങളിൽ നിന്ന് കരകയറുന്നു (അധ്യായം 44). അന്തിമമായി അവൻ ഉപദേശങ്ങൾ നൽകുന്നു. തന്റെ ഏഴ് മക്കൾക്കായി സമ്പത്ത് വീതിക്കുന്നു (അധ്യായം 45).

മൂന്നു പുത്രിമാർ സ്വത്തിന്റെ വീതം ചോദിച്ചെത്തി. ജോബ് (തന്റെ സൗഖ്യത്തിനു കാരണമായ ദൈവം നിർദേശിച്ചത്) യഹൂദർ

പ്രഭാത പ്രാർത്ഥനയ്ക്ക് ഉപയോഗിക്കുന്ന മൂന്ന് ഇഴകളിൽ ചുറ്റി വളഞ്ഞു വച്ചിരിക്കുന്ന ഗ്രന്ഥം കൊണ്ടുവരാൻ നിർദേശിച്ചു (അധ്യായം 46). ആ മാജിക്കൽ ഇഴകളിൽ ഓരോന്നു വീതം ഓരോ പുത്രിമാർക്കും നൽകുന്നു. ഇതോടെ അവർക്ക് ഭൗതികകാര്യങ്ങളിൽ താത്പര്യം നഷ്ടപ്പെടുകയും പുത്രിമാർ മാലാഖമാരുടെ ഭാഷയിൽ സംസാരിക്കാൻ തുടങ്ങുകയും ചെയ്തു (അധ്യായം 47-50). ഫലം തരുന്ന കീർത്തനങ്ങൾ ജോബിന്റെ സഹോദരൻ നേരൂസ് കാത്തു സൂക്ഷിച്ച (അധ്യായം 51) സ്വർഗീയ രഥത്തിൽ ജോബിന്റെ ആത്മാവ് സംവഹിക്കപ്പെടുന്നു (അധ്യായം 52). അർഹമായ ദു:ഖാചരണത്തോടെ ജോബിന്റെ മൃതശരീരം സംസ്ക്കരിക്കുന്നു.

## മൗലികമായ ഭാഷ

നേരത്തെ ആധുനിക പണ്ഡിതന്മാർ (കൊഹ്ലർ, ജെയിംസ്, റീസ്ലർ) ഈ ഗ്രന്ഥത്തിന്റെ രചന നടന്നിട്ടുള്ളത് ഹീബ്രുവിലാണെന്നു പറഞ്ഞിരുന്നു. സെമിറ്റിക് ഉറവിടം നിലനിൽക്കേ കൈയെഴുത്തു പ്രതിയുടെ തെളിവൊന്നും ഇല്ലാതെയാണിത്. കീർത്തനങ്ങളുടെ സ്വഭാവം വച്ചും ഹീബ്രു മൂലമാണുള്ളതെന്ന് വാദമുണ്ട്.

സി.സി. ടോറി ഈ രചനയുടേത് അരമായിക് മൂലമാണെന്നു വാദിച്ചു. എന്നാൽ ചില പണ്ഡിതന്മാർ മാത്രമേ ഇതിനോടു യോജിച്ചുള്ളൂ. എന്നാൽ ജോബിന്റെ നിയമം യഥാർത്ഥത്തിൽ എഴുതിയിട്ടുള്ളത് ഗ്രീക്ക് ഭാഷയിലാകാനാണ് സാധ്യത. സെമിറ്റിക് ഭാഷയിലുള്ള കൈയെഴുത്തു പ്രതികളൊന്നും കണ്ടെത്തിയിട്ടില്ല. സെപ്ത്വജിന്റിലുള്ള ജോബിന്റെ ഗ്രന്ഥത്തോടുള്ള ഭാഷാപരമായ ബന്ധം ഇതിന്റെ രചന ഗ്രീക്കിലായിരിക്കാം നടന്നിരിക്കാമെന്നു കരുതാൻ ഇടനൽകുന്നു.

## ഉറവിടം, ലക്ഷ്യം, കാലഘട്ടം

ഗ്രീക്കിൽ ബി.സി. ഒന്നാംനൂറ്റാണ്ടിലോ ഏ.ഡി ഒന്നാംനൂറ്റാണ്ടിലോ ആയിരിക്കാം ഇതിന്റെ രചന നടന്നിരിക്കുക. ഈജിപ്ഷ്യൻ യഹൂദ സെക്ടായ തെറാപ്യൂട്ടെയുടെ മദ്ധ്യേയാണ് ഇത് പ്രചാരത്തിലിരുന്നത്. ഈ വിഭാഗത്തെപ്പറ്റി ഫിലോ Vita Contemplative എന്ന ഗ്രന്ഥത്തിൽ വിപുലമായി വിവരിക്കുന്നുണ്ട്.

ക്രൈസ്തവരായവർ എഡിറ്റ് ചെയിതിരിക്കാമെങ്കിലും യഹൂദ സ്വഭാവമാണ് ഈ ഗ്രന്ഥത്തിനുള്ളത്. സെപ്ത്വജിന്റിലുള്ള ജോബിന്റെ ഗ്രന്ഥത്തിൽനിന്നും ഈ ഗ്രന്ഥരചനയ്ക്കായി കുറേ ഭാഗങ്ങൾ വിനിയോഗിച്ചിട്ടുണ്ട്. ചില വസ്തുതകൾ വച്ചുകൊണ്ട് ഖുമ്റാൻ

ടെക്സ്റ്റുകളോടു സാദൃശ്യമുണ്ടെങ്കിലും മാജിക് എന്ന പദപ്രയോഗം മെർക്ക്ബാഹ് മിസ്റ്റിസിസത്തോടു കൂടുതൽ അടുത്തു നിൽക്കുന്നു.

കാർഡിനൽ മായി പറയുന്നത് ജോബിന്റെ നിയമം ഒരു ക്രൈസ്തവൻ രചിച്ചിരിക്കാമെന്നാണ്. ജെയിംസ് പറയുന്നതാകട്ടെ ഇതിനൊരു സെമിറ്റിക് ഉറവിടമുണ്ടായിരിക്കാമെന്നും. ഏ.ഡി. രണ്ടാം നൂറ്റാണ്ടിൽ യഹൂദനായി ജനിച്ച ഒരു ക്രൈസ്തവൻ ഹീബ്രുമൂലരൂപം തന്റേതായ ഭാഗങ്ങൾ കൂട്ടിച്ചേർത്ത് ഗ്രീക്ക് ഭാഷയിലാക്കിയെന്നാണ് ജെയിംസിന്റെ വാദം (T Job 4653) കവിതാമയമായ ഭാഗങ്ങളും ഇങ്ങനെതന്നെ ഉൾപ്പെടുത്തിയതാവാം (T Job 25, 32, 33, 43).

ഒരു ദശകത്തിനുശേഷം ജെയിംസ്, എഫ്. സ്പിറ്റ ജോബിന്റെ നിയമത്തെപ്പറ്റി വിപുലമായ ഒരു പഠനം നടത്തി. അദ്ദേഹം കണ്ടെത്തിയത് ഈ ഗ്രന്ഥം എസ്സീനുകളുടെതല്ലെന്നാണ്. ക്രിസ്തു മതത്തിനു മുമ്പുള്ള ഒരു നാടോടി ഭക്തികാവ്യമെന്നാണെന്നു അദ്ദേഹം വിലയിരുത്തി. ജോബിന്റെ സഹനകഥയെന്ന പാരമ്പര്യത്തിന്റെ തുടർച്ചയായിട്ടാണ് പുതിയനിയമത്തിലെ സഹിക്കുന്ന യേശുവിന്റെ ചിത്രീകരണമുണ്ടായതെന്നും അനുമാനിക്കുന്നുണ്ട്.

ഡി. റഹ് നെൻഫുറർ ഇതേ വാദങ്ങൾ അംഗീകരിക്കുന്നതിനോടൊപ്പം യഹൂദ ജ്ഞാനവാദികളുടെ മിഷൻ പ്രചാരണത്തിന്റെ താത്പര്യം ഇതിൽ നിഴലിക്കുന്നുവെന്നു പറയുകയുണ്ടായി.

ബി.സി. 40-ൽ പലസ്തീനയെ പേർഷ്യൻ ജനറലായ പക്കോരുസ് ആക്രമിക്കുകയുണ്ടായി. സാത്താൻ പേർഷ്യൻ രാജാവായി വേഷം മാറി വന്നുവെന്ന വിവരണം ഈ ചരിത്ര പശ്ചാത്തലത്തിൽ നിന്നാകാമെന്ന് എം. ഡെൽ കോർ നിർദ്ദേശിക്കുന്നു (T Job 17:2) എന്നാൽ മറ്റ് ചില വസ്തതകൾ ചൂണ്ടിക്കാട്ടി ജെ. കോളിൻസ് ഏ.ഡി. ഒന്നാംനൂറ്റാണ്ടിലായിരിക്കാം രചന നടന്നതെന്നു പറയുന്നു.

ഖുമ്റാൻ ടെക്സ്റ്റുകൾ കണ്ടെത്തിയതോടെ എം. ഫിലോനെൻകോ പുതിയ വാദമുഖങ്ങളുമായെത്തി. ഈജിപ്ഷ്യൻ തെറാപ്യൂട്ടെ വിഭാഗക്കാർ തന്നെയാകാം രചനയുടെ ഉറവിടമെന്ന് അദ്ദേഹം പറയുന്നു. എസ്സീനുകൾ സ്ത്രീവിദ്വേഷികളാണ്. തെറാപ്യൂട്ടെ വിഭാഗക്കാർ സ്ത്രീകളെ മാനിക്കുന്നവരാണ്. കിഴക്ക് ദിക്കിലേക്ക് നോക്കിയുള്ള പ്രാർത്ഥന (T Job 40:3) യും മേൽവിവരിച്ച വിഭാഗക്കാരുടേതാണ്. ഈ വിഭാഗക്കാരുടെ വിശുദ്ധസമ്മേളനങ്ങളിൽ സ്ത്രീകളും പുരുഷന്മാരും സന്നിഹിതരാകാറുണ്ട്. ഈ സമ്മേളനങ്ങ

ളിൽ വച്ച് നിമിഷ കവിതകൾ കീർത്തനങ്ങളായി രൂപപ്പെടാറുണ്ടെന്നു ഫിലോ പറയുന്നുണ്ട്.

ഉള്ളടക്കത്തിലെ സവിശേഷതകൾ ഈജിപ്തിലാണ് ഈ ഗ്രന്ഥം പിറവിയെടുത്തതെന്നു സ്ഥിരീകരിക്കുന്നുണ്ട്. ജോബിനെ മുഴുവൻ ഈജിപ്തിന്റെയും രാജാവ് എന്നാണ് വിശേഷിപ്പിച്ചിട്ടുള്ളത് (T Job 28:7). ജോബിന്റെ 50 ബേക്കറികൾ (T Job 10:7) സെപ്ത്വജിന്റിലേതല്ല. തെറാപ്യൂട്ടെ വിഭാഗത്തിൽ 50 എന്ന സംഖ്യയ്ക്ക് പ്രത്യേക പരിഗണനയുണ്ട് (T Job 28: 4f; 32:5 cf.Job 31: 24 LXX). ഈജിപ്ഷ്യൻ ഉറവിടം സംബന്ധിച്ച് ഫിലോ ഒരു പ്രത്യേക കാര്യം ഉന്നയിക്കുന്നുണ്ട്. തെറാപ്യൂട്ടെ വിഭാഗത്തിൽ അടിമകളില്ല. സ്ത്രീകളും (13:4) പുരുഷന്മാരുമായ (14:4)അടിമകളെപ്പറ്റി ജോബിന്റെ നിയമത്തിൽ പരാമർശമുണ്ട്. ഇതെല്ലാമാണെങ്കിലും ഈ ഗ്രന്ഥത്തിന്റെ ഉറവിടം ഈജിപ്താകാനാണ് സാധ്യത.

എന്നാൽ ക്രൈസ്തവരായവർ ആരെങ്കിലും ഈ ഗ്രന്ഥം എഡിറ്റ് ചെയ്തിട്ടുണ്ടോ? പ്രഥമ പുരുഷരൂപത്തിലുള്ള ജോബിന്റെ വിവരണം അധ്യായം 45-ൽ അവസാനിക്കുകയാണ്. വെളിപാട്പരമായ വിവരണശൈലി അധ്യായം 46-53-ൽ കാണാം. 1-45-ൽ കാണുന്ന കവിതാമയമായ ശൈലി ഇവിടെ കാണാനുമില്ല.

സ്പിളിറ്റർ കരുതുന്നത് രണ്ടാംനൂറ്റാണ്ടിൽ മൊണ്ടാനിസ്റ്റുകൾ ഈ ഗ്രന്ഥം പുനർരചിച്ചിട്ടുണ്ടാകാമെന്നാണ്. ജോബിന്റെ പുത്രിമാരുടെ ഉന്മാദത്തോടെയുള്ള സംസാരം മൊണ്ടാനിസ്റ്റുകളുടെ സംഭാവനയാകാം. ജോബ് രക്ഷപെട്ടുപോകുന്ന പുഴുക്കളെ തന്റെ ശരീരത്തിലേക്കു വീണ്ടും എടുത്തുവയ്ക്കുന്നത് (T Job 20:8f) തെർത്തുല്യന്റെ ഗ്രന്ഥങ്ങളോടു (Deanima 14.27) സദൃശപ്പെടുത്തുന്നു. ഈ ഗ്രന്ഥങ്ങൾ രചിച്ചത് മൊണ്ടാസിസ്റ്റ് കാലഘട്ടത്തിനു തൊട്ടു മുമ്പാണ്.

ബി.സി. ഒന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തിൽ അലക്സാണ്ഡ്രിയയിലെ തെറാപ്യൂട്ടെ വിഭാഗത്തിലെ ഒരു അംഗം ക്ഷമയെ പ്രകീർത്തിച്ചുകൊണ്ട് ഒരു നിയമം എഴുതിയുണ്ടാക്കി. ഈ രചയിതാവ് ഒരു സെമിറ്റിക് മൂലത്തിൽനിന്നാകാം ഇത് എഴുതിയുണ്ടാക്കിയത്. ഈ രചനയിൽ ഗ്രന്ഥകാരന്റെ സെപ്ത്വജിന്റിനോടുള്ള ആഭിമുഖ്യം പ്രകടമാണ്. തെറാപ്യൂട്ടെ ജാഗരണവേളയിൽ എഴുതിയുണ്ടാക്കിയ മൂന്ന് കീർത്തനങ്ങളെങ്കിലും (T Job 25,32,43, (33?) കവിതാമയമാണ്. പിന്നീട് ഫിർജിയൻ മേഖലയിൽവച്ച് ഈ രചന ഗ്രീക്കിലാക്കിയതാകാം.

സെപ്ത്വജിന്റിൽനിന്ന് വികസിപ്പിച്ച ഭാഗങ്ങൾ ഈ രചനയിലുണ്ട് (T Job 24). രണ്ട് നൂറ്റാണ്ടിനുശേഷവും ഫിർജിയൻ മേഖലയിൽ ഇപ്പോഴും ഇത് പ്രചാരത്തിലുണ്ട്.

പുതിയ പ്രവചനങ്ങൾ ഉയർന്നുവന്നതോടെ കാനൻ, തിരുലിഖിതങ്ങൾ, സിദ്ധാന്തങ്ങൾ എന്നതിൻമേൽ തർക്കമുണ്ടായില്ല. കന്യകമാരായ പ്രവാചികമാരുടെ സ്ഥാപനങ്ങൾപോലും രൂപപ്പെട്ടു. ഏ.ഡി. 195-ൽ ഒരു മൊണ്ടാനിസ്റ്റ് എഴുത്തുകാരൻ ഉന്മാദവേളയിൽ തിരുലിഖിതാടിസ്ഥാനത്തിലുള്ള പ്രവചനമുണ്ടെന്ന അവകാശവാദമുന്നയിച്ചു. ജോബിന്റെ പുത്രിമാർ നടത്തിയ മാലാഖമാരുടെ ഭാഷയിലുള്ള പ്രവചനമെന്ന വിവരണത്തിനു കാരണമിതായിരിക്കാം.

മൊണ്ടാനിസ്റ്റുകൾ ഈ ഗ്രന്ഥം പ്രചരണോപാധിയാക്കി. തെർത്തുല്യൻ മൊണ്ടാനിസ്റ്റാകുന്നതിനു മുമ്പുതന്നെ ഈ രചനയുമായെത്തി. ഈ ഗ്രന്ഥത്തിൽ പ്രകടിപ്പിക്കപ്പെടുന്ന ക്ഷമയെ പ്രകീർത്തിച്ചുകൊണ്ട് തന്റെ കൃതിയായ De Patientia യിൽ എഴുതി. ഇതോടെ മൊണ്ടാനിസ്റ്റ് പ്രസ്ഥാനത്തിനു ആകർഷണമേറ്റാൻ ഈ രചനയ്ക്കു കഴിഞ്ഞു.

ആറാംനൂറ്റാണ്ടിൽ ഗെലാസ്യൻ ഡിക്രിയുടെ പട്ടികയിൽ ഈ ഗ്രന്ഥവും ഉൾപ്പെട്ടു. ഇതിനു മുമ്പുതന്നെ ഈ രചന കോപ്റ്റിക് ഭാഷയിലേക്കു പരിഭാഷപ്പെടുത്തിയതുകൊണ്ട് ഈജിപ്തിൽ ഈ കൃതിക്കു ജനപ്രീതി ലഭിച്ചു. പത്താംനൂറ്റാണ്ടിൽ ഇതിനു സ്ലാവോനിക് പരിഭാഷയുണ്ടായി. മദ്ധ്യയുഗത്തിലെ 4 കൈയെഴുത്തുപ്രതികളുണ്ടായിട്ടും പടിഞ്ഞാറൻ നാടുകളിൽ ആധുനിക കാലഘട്ടം വരെ ഈ കൃതി അജ്ഞാതമായി ശേഷിച്ചു.

**ദൈവശാസ്ത്രപരമായ പ്രാധാന്യം**

മൊത്തത്തിൽ ഈ രചനയുടെ ദൈവശാസ്ത്രപരമായ വീക്ഷണം ഹെല്ലെനിസ്റ്റിക് ജൂഡായിസത്തോടാണ്. 37:2; 43: 13; 2: 4; 3;9 : 12, എന്നീ ഗ്രന്ഥ ഭാഗങ്ങളിൽ ഇതിന്റെ സൂചനകളുണ്ട്. പിതാവ് എന്ന പദം പോലും 33:39; 40:3; 47:11; cf. 50:3; 52:6 തുടങ്ങിയ ഗ്രന്ഥഭാഗങ്ങളിൽ കാണാമെങ്കിലും അതൊരു ക്രിസ്തീയ തിരുകിക്കയറ്റലായി കരുതാനാവില്ല. ഒരു വിഗ്രഹം വച്ചിരിക്കുന്ന ആലയം തകർക്കപ്പെട്ടതോടെയാണ് ജോബിന്റെ ദുരിതങ്ങളുടെ ആരംഭം. ഒടുവിൽ നാം കാണുന്നത് ജോബ് വേദനയില്ലാതെ മരിക്കുന്നതാണ്.

ജോബിനെ പോലുള്ള ഒരു മനുഷ്യ പ്രകൃതി സാത്താന്റെ വഞ്ചനയ്ക്ക് വിധേയമാകുകയാണ് (3:3). ജോബിനെ നേരിടാൻ വിവിധ രൂപങ്ങളിലാണ് സാത്താൻ എത്തുന്നത്. ജോബിന്റെ ഭാര്യ, അവ

ന്റെ ഭൃത്യന്മാർ, ജോബ് സ്വയം തന്നെയും സാത്താന്റെ ആക്രമണത്തിനു വിധേയരാകുന്നു. സാത്താനെക്കുറിച്ചുള്ള ഏറെ വികസിതമായ ഒരു സിദ്ധാന്തം ജോബിന്റെ നിയമത്തിലുണ്ട്.സാത്താൻ എന്നും (6:4) പിശാച് എന്നും (3:3) തിന്മയുടെ ആൾരൂപമെന്നും (7:IV) ശത്രു എന്നും (47:10) ഇവിടെ വിശേഷിപ്പിക്കുന്നു. അവൻ മനുഷ്യനല്ല (23:2cf. 42:2) ജോബിനെ പോലെ മാംസളമായ ശരീരമുള്ളവനല്ല (27:2) എന്നാൽ അവൻ ഒരു ആത്മാവാണ് (27:2) ഏലിഹുവിന്റെ പെരുമാറ്റത്തിനു പിന്നിൽ (41:5f. cf. 17:1f) സാത്താനാണ്. കാനോനികമായ വിവരണമനുസരിച്ച് സാത്താന് പരിമിതമായ അധികാരമേ നൽകാറുള്ളു (8:113;cf. Job 1:12; 2:6)

നിരവധി യുഗാന്ത്യപരമായ ആശയങ്ങൾ ഈ രചനയിലുണ്ട്. ജോബിനു മാലാഖ വാഗ്ദാനം നൽകിയ സമ്മാനം ഉയിർപ്പിലുള്ള പങ്കുചേരലാണ് (4:9) വീടിന്റെ ഭിത്തി ഇടിഞ്ഞു വീണ് ജോബിന്റെ സന്തതികൾ മരിച്ചപ്പോൾ (39:8) അവർക്കു പ്രത്യേകം ശവസംസ്ക്കാരം നടത്തേണ്ടി വന്നില്ല. അവരുടെ സൃഷ്ടികർത്താവ് നേരെ അവരെ സ്വർഗത്തിലേക്ക് സംവഹിച്ചു (39:8 40:3) എന്നിട്ടും ജോബിന്റെ ആത്മാവിനെ ഒരു രഥത്തിലാണ് സംവഹിക്കുന്നത്. (52: 10) ജോബിന്റെ ശവസംസ്ക്കാരം നടക്കുന്നതാകട്ടെ ഈ സംഭവം അരങ്ങേറി കുറെ ദിവസങ്ങൾ കഴിഞ്ഞാണ്. (53:57) യഥാർത്ഥത്തിൽ ശവസംസ്ക്കാരത്തെക്കുറിച്ചുള്ള കാര്യങ്ങളിൽ ഈ രചനയ്ക്ക് വലിയ കാര്യമൊന്നുമില്ലെങ്കിലും, ഇതിന്റെ യഹൂദ ഉറവിടം മൂലമാണ് ഇത്തരമൊരു വിഷയം ചർച്ചചെയ്യേണ്ടി വന്നതെന്നു കരുതാം. ജോബിന്റെ ഭാര്യ സിറ്റിസ് തന്റെ മക്കളെ യഥാവിധി സംസ്ക്കരിക്കണമെന്നു (39: 1-10) പറയുക മാത്രമല്ല, തന്റെ സംസ്ക്കാരത്തെക്കുറിച്ചും വിശദമായി വിവരിക്കുന്നുണ്ട്. ശവസംസ്ക്കാരത്തിനായുള്ള വിലാപയാത്ര, സ്ഥലം, വിലാപത്തിനായി ഉപയോഗിക്കേണ്ട അനുഷ്ഠാനഭാഗങ്ങൾ എന്നിവയെല്ലാം ഇവിടെ വിവരിക്കുന്നുണ്ട്. മൃഗങ്ങൾ പോലും അവളുടെ വേർപാടിൽ ദു:ഖമാചരിക്കുന്നുണ്ട്. (40: 6-14) ഇതുപോലെ തന്നെയാണ് ജോബിന്റെ ശവസംസ്ക്കാരവും വിവരിക്കുന്നത്. (53:5-7) ജോബ് 25 ലെയും 32 ലെയും കവിതാമയമായ ഭാഗങ്ങൾ വിലാപരൂപത്തിലുള്ളവയാണ്.

ജോബിന്റെ നിയമത്തിൽ സ്ത്രീകളോടു വ്യക്തമായ താത്പര്യം പ്രകടിപ്പിക്കുന്നുണ്ട്. ജോബിന്റെ നിലവിലുള്ള പത്നിയുടെ പേര് ദീന എന്നാണ്. മരിച്ചുപോയ ഭാര്യയുടെ പേര് സിറ്റിസ്. ജോബ് 2:9f ൽ സിറ്റിസിന്റെ പേര് പരാമർശിക്കുന്നില്ല. ജോബിന്റെ കാനോനികഗ്രന്ഥത്തിൽ ഇവളുടെ വിപുലമായ പ്രസംഗമുണ്ട് (T Job 24: 1 25:10). സിറ്റിസ് ജോബിന്റെ നിയമത്തിൽ ഒരു ദു:ഖകഥാപാത്രമാണ്.

അവജ്ഞ നിറഞ്ഞ ഒരവസരത്തിൽ ഇവൾ തന്റെ മുടി സാത്താനു വിൽക്കുന്നുണ്ട്.

സ്ത്രീകളായ അടിമകൾക്കായി ജോബിന്റെ നിയമത്തിൽ ആറ് വാക്കുകളാണ് നീക്കിവച്ചിട്ടുള്ളത്. വിധവകളും ഇവിടെ പ്രത്യക്ഷപ്പെടുന്നുണ്ട്. ജോബാണ് ഇവരുടെ വീരനായകൻ (ജോബിന്റെ വിലാപഗാനത്തിൽ വിധവകളുടെ വസ്ത്രങ്ങൾ പറന്നു പോയല്ലോ എന്നു പറയുന്നുണ്ട് 53:3). ജോബ് തന്റെ ആലാപനപാടവം കൊണ്ട് അവരുടെ പരിഭവങ്ങൾ നീക്കിക്കളഞ്ഞിരുന്നു (14:1-5). ജോബിന്റെ പുത്രിമാർ ആ നാട്ടിൽ ഏറ്റവും സൗന്ദര്യമുള്ളവരായിരുന്നു എന്നു പറയുന്നുണ്ട് (ജോബ് 42:15).

ക്ഷമയ്ക്കും, സഹനത്തിനും ഇവിടെ ഏറെ പ്രശംസകൾ ലഭിക്കുന്നുണ്ട്. ക്ഷമയുടെ നായകനായി ജോബ് അവതരിപ്പിക്കപ്പെടുന്നു. അതിനാണ് ജോബ് പിറന്നതു തന്നെ (1:5) മാലാഖ നൽകിയ വാഗ്ദാനം (4:6) ക്ഷമ കാണിച്ചാൽ നിനക്കു പ്രശസ്തി വീണ്ടുകിട്ടുമെന്നായിരുന്നു. ഭാര്യയായ സിറ്റിസിനോടു തന്റെ സഹനത്തിൽ പങ്കുചേരാനും കടക്കാരോടു അൽപകാലം ക്ഷമിക്കാനും ജോബ് യാചിക്കുന്നു (26:5, 11:10). ഈ രചനയുടെ രത്നചുരുക്കം 27:7 ലുണ്ട്. ഇപ്പോൾ എന്റെ മക്കളേ, നിങ്ങളും എന്തു സംഭവിച്ചാലും ക്ഷമ പ്രകടിപ്പിക്കുവിൻ. മറ്റ് എന്തിനെക്കാളും നല്ലത് ക്ഷമയാണ്.

**സാംസ്കാരികപരമായ പ്രാധാന്യം**

റബ്ബിമാരും സഭയും ജോബിനെ തള്ളിക്കളയുകയായിരുന്നു. ആധുനിക കാലത്തും ഈ രചന ശ്രദ്ധയിൽപെടാതെ കിടന്നു. പാശ്ചാത്യസംസ്കാരത്തിലാകട്ടെ കണ്ടെടുക്കാവുന്ന ഒരു സ്വാധീനവും ഈ രചനമൂലം ഉണ്ടായതുമില്ല. ആർച്ചിബാൾഡ് മക്ലീഷിന്റെ നാടകത്തിലും ഈ രചനയുടെ വേരുകളൊന്നും കണ്ടെത്തിയതായി പറയുന്നില്ല.

ആദിമകാലത്തെ സഭാപിതാക്കന്മാർ സഹനത്തിന്റെ കാര്യത്തിൽ ജോബിനെയും യേശുവിനെയും സാദൃശ്യപ്പെടുത്തിയിരുന്നു. മദ്ധ്യനൂറ്റാണ്ടുകളിലെ ക്രിസ്തീയ ചിത്രരചനകളിലും ഇതേ ആശയം നിഴലിട്ടിരുന്നു. തെർത്തുല്യൻ തന്റെ സാഹിത്യചരിത്രത്തിൽ ചില രൂപങ്ങളിൽ ജോബിന്റെ നിയമം പ്രയോജനപ്പെടുത്തുകയുണ്ടായി. കൊഹ്ളർ പറയുന്നത് ഇസ്ലാമിക പാരമ്പര്യം ജോബിന്റെ കഥയിലുണ്ടെന്നാണ്. 16,18 നൂറ്റാണ്ടുകളിൽ ചില നാടകങ്ങൾ ബൈബിളിലെ ജോബിനെ ആധാരമാക്കി രചിക്കുകയുണ്ടായി.

ഒരു നൂറ്റാണ്ടു മുമ്പ് ഫ്രഞ്ച് പരിഭാഷയുടെ ഒരു ഹ്രസ്വമായ ആമുഖം പ്രസിദ്ധീകരിക്കുകയുണ്ടായി.ജോബിന്റെ കഥയും ജോബിന്റെ നിയമവുമായുള്ള വ്യതിയാനങ്ങൾ ഇനിയും ഗവേഷണം ചെയ്ത് കണ്ടെത്തേണ്ടതുണ്ട്.

ഹെല്ലെനിസ്റ്റിക് ജൂഡായിസത്തിന്റെ വിഭാഗീയ വൈവിധ്യമാണ് ജോബിന്റെ നിയമത്തിൽ അന്തർലീനമായിട്ടുള്ളത്. ഇതിലുള്ള പദാവലി പുതിയനിയമവുമായി പങ്കുവയ്ക്കപ്പെടുന്നുണ്ട്. നിയമഗ്രന്ഥങ്ങളിലെ വിഭാഗത്തിലും സമകാലിക സാഹിത്യവുമായി പൊരുത്തങ്ങളുണ്ട്. ഒരൊറ്റ ഗ്രന്ഥത്തിൽതന്നെ ഹെല്ലെനിസ്റ്റിക് യഹൂദ ഏകദൈവ പ്രചാരണത്തിന്റെയും ധാർമ്മിക പ്രബോധനങ്ങളുടെയും മിശ്രരൂപമാണിവിടെയുള്ളത്. ഇതാകട്ടെ മെർക്കബാഹ് മിസ്റ്റിസിസത്തിന്റെ പ്രാഗ് രൂപമാണ്. ഖുമ്റാന്റെ ദ്വിതലവീക്ഷണവും ഇവിടെയുണ്ട് (പ്രത്യേകിച്ചും T Job 43ൽ). യഹൂദ മാജിക്കിന്റെ ആരംഭങ്ങൾ (46:3–47:6) മാലാഖമാരെക്കുറിച്ചുള്ള മൊണ്ടാനിസ്റ്റുകളോടുള്ള ചേർന്നുള്ള പരാമർശ സാദൃശ്യങ്ങൾ എന്നിവയും ഇവിടെയുണ്ട്. ഹെല്ലെനിസ്റ്റിക് ജൂഡായിസത്തിലെ ഭക്തിയും സമ്പന്നമായ വൈവിധ്യവും അമൂല്യമായ സ്മാരകവും ഇവിടെ ദർശിക്കാം.

# 10

## സോളമന്റെ നിയമം

(ഒന്നു മുതൽ മൂന്നാംനൂറ്റാണ്ടുവരെ)

സോളമന്റെ നിയമം ഹഗ്ഗാദിക് രീതിയിലുള്ള നാടോടിക്കഥയാണ്. സോളമൻ ദേവാലയം നിർമ്മിക്കുന്നതാണ് മുഖ്യ പ്രമേയം. അതോടൊപ്പം ജ്ഞാനവും, മാജിക്കും, ജ്യോതിഷവും, മാലാഖമാരെക്കുറിച്ചുള്ള അറിവും, പിശാചിനെക്കുറിച്ചുള്ള അറിവും, പുരാതനകാലത്തെ ഔഷധങ്ങളുമെല്ലാം പരാമർശിക്കുന്നു. സോളമന് ഇഷ്ടമുള്ള ഒരു ബാലൻ ദേവാലയത്തിന്റെ ആശാരിപ്പണികൾക്കു പ്രചോദനം നൽകുന്നതാണു കഥയുടെ തുടക്കം. എന്നാൽ അവനിൽ നിന്നു അവന്റെ ആത്മാവിനെ ഒർനിയാസ് എന്നൊരു പിശാച് ഊറ്റിയെടുക്കുന്നു. സോളമൻ കർത്താവിനോടു പ്രാർത്ഥിക്കുന്നു. മുഖ്യദൂതനായ മിഖായേൽ പ്രത്യക്ഷപ്പെട്ട് സോളമന് ഒരു മാന്ത്രിക മുദ്രമോതിരം നൽകുന്നു. പിശാചിനെ വിളിച്ചു വരുത്തി ചോദ്യം ചെയ്യാൻ സോളമന് ഈ മുദ്രമോതിരം ശക്തി നൽകുന്നു. ഇവിടെ പിശാചുക്കളെപോലും ദേവാലയനിർമ്മാണത്തിനു അവർക്കുള്ള ശിക്ഷയുടെ ഭാഗമായി നിയോഗിക്കുന്നു. ഉദാഹരണത്തിനു ഒർനിയാസിനെ ജോലിചെയ്യാൻ കരിങ്കൽക്വാറിയിലേക്കാണ് അയക്കുന്നത്. അധ്യായം 1-3ൽ മന്ത്രമോതിരത്തിന്റെ ബലത്തിൽ സോളമൻ പിശാചുക്കളുടെ തലവനായ ബേൽസെബൂലിനെ പോലും വിളിച്ചുവരുത്തുന്നുണ്ട്. അധ്യായം

4-ൽ ബേൽസെബൂലിന്റെക്കൊണ്ട് വിളിച്ചുവരുത്തിയ ഓനോസ്ക്കെലിസിനെ കൊണ്ട് ദേവാലയനിർമ്മാണത്തിനായുള്ള വടങ്ങൾ രൂപപ്പെടുത്തുന്നുണ്ട്. അഞ്ചാം അധ്യായത്തിൽ അസ്മോ ദേവൂസ് എന്ന ദുർദ്ദേവനെക്കുറിച്ചാണ് വിവരിക്കുന്നത്. റാഫായേൽ ദൂതൻ മത്സ്യത്തിന്റെ ചങ്കും കരളും പുകച്ച് അസ്മോദേവൂസിനെ അകറ്റുന്നു. നിപതിച്ച മാലാഖയാണ് ബേൽസെബൂൽ എന്ന് സോളമൻ മനസ്സിലാക്കുന്നു. ബേൽസെബൂൽ പൈശാചിക കാറ്റായ എഫിപ്പാസിനെപ്പറ്റി പ്രവചിക്കുന്നു (അധ്യായം 22-24). സർവശക്തനായ ദൈവം സോളമനെ സ്വർഗീയ കാര്യങ്ങളെക്കുറിച്ച് അറിയിക്കുന്നു. ബേൽസെബൂലിനോടു സോളമൻ ദേവാലയ നിർമ്മാണത്തിനുള്ള മാർബിൾ മുറിക്കാൻ കൽപ്പിക്കുന്നു (അധ്യായം 6). സോളമൻ വായു ഭൂതമായ ലിക്സ് ടെട്രാക്സിനെ ചോദ്യം ചെയ്യുന്നു. ഈ പിശാച് വഴിയുണ്ടാകുന്ന എല്ലാ അനർത്ഥങ്ങളും ഇവിടെ വിവരിക്കുന്നുണ്ട്. അസായേൽ എന്ന മുഖ്യമാലാഖ ഈ വായു ഭൂതത്തെ കീഴ്പ്പെടുത്തുന്നു. ദേവാലയ മുകളിലേക്ക് നിർമ്മാണത്തിനാവശ്യമായ ശിലകൾ തൊഴിലാളികൾക്കു എറിഞ്ഞു കൊടുക്കാൻ ഈ പിശാച് നിയോഗിക്കപ്പെടുന്നു (അധ്യായം 7).

സോളമൻ സ്വർഗീയ ദേഹികളെ ചോദ്യം ചെയ്യുന്നു. അവരുടെ ദുഷ്ടതകളെയും മാലാഖമാരെ പ്രതിരോധിക്കുന്നതും മനസ്സിലാക്കുന്നു (യഥാക്രമം ലെമക്കിയേൽ, ബറൂക്കിയേൽ, മർമറോത്ത്, ബാൽത്തിയൂൾ, ഉറിയേൽ, അസ്റ്ററോത്ത്, പിന്നെ പേരില്ലാത്ത മാലാഖയുമാണ് ഈ പട്ടികയിലുള്ളത്). അധ്യായം 8-ൽ മുദ്രമോതിരത്തിന്റെ ശക്തിയിൽ ദേവാലയത്തിന്റെ അസ്തിവാരം കുഴിക്കുവാൻ അവരോടു സോളമൻ കൽപ്പിക്കുന്നു. ശിരസ്സില്ലാത്ത ഒരു പിശാചാണ് കൊലപാതകമെന്ന പേരുള്ളവൻ. ഇവനെ ബേൽസെബൂലിനോടൊപ്പം ജോലി ചെയ്യാനായി നിയോഗിക്കുന്നു (അധ്യായം 9). ശ്വാനനെപോലെയുള്ള ഒരു പിശാചാണ് സെപ്റ്റർ. ദേവാലയത്തിനായുള്ള മരതകക്കല്ല് ഈ പിശാചിനെകൊണ്ട് സോളമൻ എത്തിക്കുന്നു. മഹാനായ ബ്രയത്തോസ് ആണ് ഇവനെ എതിർത്തതെന്നു സോളമൻ ഗ്രഹിക്കുന്നു (അധ്യായം 10). സിംഹസദൃശനായ പിശാചിനെ എമ്മാനുവേൽ ഒരു കൊടുമുടിയിലേക്ക് കൊണ്ടുപോയി വെള്ളത്തിൽ തള്ളിയിടുകയാണ്. ഈ പിശാചിനോടൊപ്പം ഒരു സംഘം പിശാചുക്കളുണ്ടായിരുന്നു. ഇവരെ മരത്തടികൾ ചുമന്നു കൊണ്ടുവരുവാൻ നിയോഗിക്കുന്നു. ചൂളകെടാതെ സൂക്ഷിക്കലാണ് സിംഹസദൃശനായ പിശാചിന്റെ ജോലി (അധ്യായം 11). മൂന്നുതലയുള്ള വ്യാളിരൂപമാണ് അടുത്ത പിശാച്. വ്യാളികളുടെ തലവനായിരുന്നു ഇവൻ. തലയോട്ടിയിടം എന്നു രേഖപ്പെടുത്തിയാണ്

ഈ പിശാചിനെ തടുത്തു നിർത്തിയിരുന്നത്. കുരിശിൽ കിടക്കുന്ന അത്ഭുതകരമായ ഉപദേശിയുടെ മാലാഖ ദേവാലയത്തിനായുള്ള സ്വർണനിധി കാണിച്ചു കൊടുക്കുന്നു. ഈ സ്വർണ്ണംകൊണ്ടാണ് ദേവാലയത്തിന്റെ ഭിത്തികൾ നിർമ്മിച്ചത് (അധ്യായം 12)

സ്ത്രീയായ പിശാചാണ് ഒബിസൂത്ത്. പാറിപ്പറക്കുന്ന മുടിയോടുകൂടിയവൾ. നവജാതശിശുക്കളെ പ്രസവസമയത്തു തന്നെ ഞെരിച്ചു കൊല്ലുന്നതടക്കമുള്ള ദുഷ്കൃത്യങ്ങൾ സോളമന്റെ ചോദ്യം ചെയ്യലിൽ അവൾ വെളിപ്പെടുത്തുന്നു. ഇവളെ തടുത്തുനിർത്തുന്നത് റഫായേൽ മാലാഖയാണ്. അവളുടെ മുടിമെടഞ്ഞ് അവളെ സോളമൻ ദേവാലയത്തിന്റെ മുൻഭാഗത്ത് കെട്ടിത്തൂക്കുന്നു. (അധ്യായം 13) ചിറകുകളുള്ള വ്യാളിയെയാണ് പിന്നീട് സോളമൻ ചോദ്യം ചെയ്യുന്നത്. അധ്യായം 14 -ൽ ദേവാലയനിർമ്മാണത്തിനായുള്ള മരഉരുപ്പടികൾ തന്റെ ശ്വാസം കൊണ്ട് കത്തിച്ചുകളഞ്ഞ ചിറകുള്ള വ്യാളിയെപ്പറ്റി വിവരിക്കുന്നു. ഇവനെ പ്രതിരോധിക്കാൻ സോളമൻ ബസാസത്ത് മാലാഖയെ ഉണർത്തുന്നു. ഈ മാലാഖ വ്യാളിയെ മാർബിൾ മുറിക്കാൻ നിയോഗിക്കുന്നു. അധ്യായം 15-ൽ ഇനെപ്സിഗോസ് എന്ന പിശാചിനെപ്പറ്റിയാണ് വിവരണം. രണ്ടു ശിരസ്സുകളുള്ള സ്ത്രീപിശാചാണിത്. ഇവളെ പ്രതിരോധിക്കാൻ രതാനേയൽ എന്ന മാലാഖയ്ക്ക് കഴിയുമെന്ന് സോളമൻ ഗ്രഹിക്കുന്നു. സോളമൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു. രതാനേയൽ ഉണരുന്നു. ഇനെപ്സിഗോസിനെ മൂന്നു നിറങ്ങളുള്ള ചങ്ങലകൊണ്ട് ബന്ധിക്കുന്നു. ബന്ധനത്തിലായ അവൾ പലകാര്യങ്ങളും പ്രവചിക്കുന്നുണ്ട് രാജ്യവും ദേവാലയവും തകരുമെന്നും പിശാചുകൾ വ്യാപിക്കുമെന്നും എമ്മാനുവേൽ എന്ന ദൈവപുത്രൻ കന്യകയായ സ്ത്രീയിൽ നിന്നു പിറക്കുമെന്നും, അവൻ കുരിശിൽ തറയ്ക്കപ്പെടുമെന്നുമെല്ലാം ഈ പിശാച് പ്രവചിക്കുന്നുണ്ട്. ഇസ്രയേലിന്റെ മക്കൾ പിശാചുക്കളുടെ ശക്തിയും രൂപവും അറിയാനും ഏതെല്ലാം മാലാഖമാരാണ് അവരെ പ്രതിരോധിക്കുന്നതെന്നു മനസ്സിലാക്കാനുമാണ് സോളമൻ ഈ ഗ്രന്ഥം രചിച്ചിട്ടുള്ളതെന്നു വിശദീകരിക്കുന്നുണ്ട്. രാശിചക്രത്തിന്റെ 36 സ്വർഗീയ ദേഹികളെ സോളമൻ ചോദ്യം ചെയ്യുന്നു. അവരുടെ പേരുകൾ മനസ്സിലാക്കിയ അവൻ അവ വിതയ്ക്കുന്ന രോഗങ്ങളെക്കുറിച്ചും അനർത്ഥങ്ങളെക്കുറിച്ചും ഗ്രഹിക്കുന്നു. അവയെ പ്രതിരോധിക്കാനുള്ള മാലാഖമാരെ ഉണർത്തി, അവയെക്കൊണ്ട് ദേവാലയത്തിലേക്ക് ആവശ്യമായ വെള്ളമെത്തിക്കുകയെന്ന ജോലി നൽകുന്നു (അധ്യായം 18).

ദക്ഷിണദേശത്തെ രാജ്ഞിയായിരുന്ന ഷേബ അടക്കം (ഇവൾ മന്ത്രവാദിനിയാണെന്നാണു ഇവിടെയുള്ള വിവരണം) ഭൂമിയിലെ

എല്ലാ രാജാക്കന്മാരും സോളമന് പണം നൽകുന്നു (അധ്യായം 19). അധ്യായം 20-ൽ ഒരു വൃദ്ധനും മകനും തമ്മിലുള്ള തർക്കം സോളമൻ കേൾക്കുന്നതിനെക്കുറിച്ചാണ് വിവരണം. ഒർനിയാസ് എന്ന പിശാച് ഇവരിൽ മകന്റെ മരണം പ്രവചിക്കുന്നു. സോളമൻ വരാനിരിക്കുന്ന കാര്യങ്ങൾ എങ്ങനെ അറിഞ്ഞുവെന്നു പറയാൻ ഒർനിയേലിനെ നിർബന്ധിക്കുന്നു. സ്വർഗത്തിലുള്ള പിശാചുക്കൾ ദൈവം പറയുന്നത് ഒളിഞ്ഞുനിന്നു കേൾക്കുന്നതിലൂടെയാണ് ഇതിനു കഴിയുന്നതെന്ന് ഒർനിയേൽ പറയുന്നുണ്ട്. ഏതായാലും ഒർനിയേലിന്റെ പ്രവചനം ഫലിച്ചു. മകൻ മരിക്കുകയും ചെയ്തു (അധ്യായം 20). അധ്യായം 21-ൽ ദേവാലയംകണ്ട് സംതൃപ്തയായ ഷേബാരാജ്ഞി പതിനായിരം ഷെക്കൽ സംഭാവന ചെയ്തതായി പറയുന്നു.

അറേബ്യൻ രാജാവായ അഡാർക്ക്സിന്റെ ഒരു കത്ത് സോളമനു ലഭിക്കുന്നു. രാജാവിന്റെ പരാതി മനുഷ്യരെയും മൃഗങ്ങളെയും കൊല്ലുന്ന വായുഭൂതത്തിനെതിരെയായിരുന്നു. ഇതിനുള്ള സഹായാഭ്യർത്ഥനയായിരുന്നു കത്തിൽ. ദേവാലയത്തിന്റെ ഭീമാകാരമായ മൂലക്കല്ല് നിർമ്മാണജോലിക്കാരും പിശാചുക്കളും ഒന്നുചേർന്ന് ശ്രമിച്ചിട്ടും അനങ്ങാതെയിരിക്കുകയായിരുന്നു. ഏതായാലും സോളമൻ തന്റെ സഹായിയായ ബാലനെ അറേബ്യയിലേക്ക് അയച്ചു. മോതിരത്തിന്റെ സഹായത്തോടെ ബാലൻ വായൂഭൂതത്തെ തുകൽ കൊണ്ടുള്ള ഒരു ഫ്ളാസ്ക്കിൽ അടച്ച് ദേവാലയത്തിലെത്തിക്കുന്നു. സോളമൻ ഈ പിശാചിനെ ചോദ്യം ചെയ്യുന്നു. ഈ പിശാചിനെ തടയാനുള്ള മാലാഖ കന്യകയിൽനിന്ന് ജനിക്കുകയും യഹൂദരാൽ കുരിശിൽ തറയ്ക്കപ്പെടുകയും ചെയ്യുമെന്ന് സോളമൻ മനസ്സിലാക്കുന്നു. (അധ്യായം 22) ഈ വായൂഭൂതത്തിന് അതിഭയങ്കരമായ ശക്തിയുണ്ടെന്ന് സോളമൻ ഗ്രഹിക്കുന്നു. അങ്ങനെ ഭീമാകാരമായ മൂലക്കല്ല് ഈ പിശാച് യഥാവിധി സ്ഥാപിക്കുന്നു. അധ്യായം 23 ലും 24 ലും ഈ മൂലക്കല്ല് സ്ഥാപിച്ചതു സംബന്ധിച്ച വിവരണമാണ് (സങ്കീ 118:22). ചെങ്കടലിൽ നിന്നുള്ള പിശാചിനെ സോളമൻ ചോദ്യം ചെയ്യുന്നു. എബെസെത്തിബൂ എന്നാണ് ഇതിന്റെ പേര്. ഈജിപ്തിൽ മോശയ്ക്കെതിരേ യാന്നസും യാംബ്രെസും വിളിച്ചുവരുത്തിയത് തന്നെയാണെന്നും താനാണ് ഫറവോയുടെ ഹൃദയം കഠിനമാക്കാൻ കാരണമായതെന്നും അവൻ ഏറ്റു പറയുന്നു. അങ്ങനെയാണ് ഇസ്രയേൽ മക്കളെ പിന്തുടരാൻ ഫറവോ തീരുമാനിക്കുന്നതത്രേ (അധ്യായം 25). സോളമൻ ഒരു ഷൂമാനൈറ്റ് സ്ത്രീയോടു ഭ്രാന്തമായവിധം പ്രേമത്തിലായി. അവളുടെ വിജാതീയ ദേവന്മാരായ റഫാനും മൊളോക്കിനും വേണ്ടി അവൻ അഞ്ച്

വെട്ടുക്കിളികളെ ബലിയർപ്പിച്ചു. അവളെ സോളമൻ കൊട്ടാരത്തി ലേക്ക് കൂട്ടിക്കൊണ്ടുപോയി. ദൈവത്തിന്റെ മഹത്വം അവനെ വിട്ടു പോയി. അവൻ അവളുടെ വിഗ്രഹങ്ങൾക്കുവേണ്ടി ദേവാലയങ്ങൾ നിർമ്മിച്ചു. അങ്ങനെ അവൻ ഈ നിയമം എഴുതി (അധ്യായം 26).

**മൗലികമായ ഭാഷ**

1896 -ൽ മോസസ് ഗാസ്റ്റർ ഒരു ഹീബ്രു പദപ്രയോഗമെന്നു തെറ്റിദ്ധരിച്ച് സോളമന്റെ നിയമം ഹീബ്രുവിൽനിന്നുള്ള പരിഭാഷ യാണെന്നു വാദിക്കുകയുണ്ടായി. മെക്കൗൺ ആകട്ടെ രണ്ട് സാ ധ്യതകൾ ചൂണ്ടിക്കാട്ടി. സോളമന്റെ നിയമത്തിനു പിന്നിൽ സെമി റ്റിക് ഭാഷയിലുള്ള വസ്തുതകളാണെന്നാണ് ഒന്ന്. അല്ലെങ്കിൽ ഈ ചെറിയ കാര്യങ്ങൾകൊണ്ട് ഇതൊരു പരിഭാഷയല്ലെന്നതാണു ര ണ്ടാമത്തെ കാര്യം. മെക് കൗണിന്റെ വാദം ഇപ്പോഴും നിലനിൽ ക്കുന്നു. ഹെല്ലനിസ്റ്റിക് കാലഘട്ടത്തിൽ കോയ്നെ ഗ്രീക്കിലാണ് ഈ ഗ്രന്ഥം രചിച്ചതെന്നു മെക്കൗൺ പറയുന്നു. ഇതാകട്ടെ ഗ്രീ ക്കിലുള്ള പുതിയനിയമത്തിനോട് സദൃശവുമാണ്.

**കാലഘട്ടം**

ബി.സി. പത്താംനൂറ്റാണ്ടിൽ സോളമന്റെ ഭരണകാലത്താണ് ഈ ഗ്രന്ഥത്തിന്റെ രചന നടന്നതെന്നു കരുതുന്നു. എന്നാൽ ഭാഷയും പ്രത്യേകിച്ച് ചില പ്രവാചകരൂപത്തിലുള്ള സംഭവങ്ങളുമെല്ലാം ഇ തിന്റെ രചനാകാലം കുറേ വർഷങ്ങൾക്കു ശേഷമായിരിക്കാമെന്നു കരുതുന്നുണ്ട്. ഏ.ഡി. ഒന്നാംനൂറ്റാണ്ട് രചനാകാലമാണെന്നു കരു താമെങ്കിലും അത് പൊതുവേ ഹെല്ലെനിസ്റ്റിക് കാലഘട്ടമായി ക രുതപ്പെടുന്നുമുണ്ട്. കഥയുടെ ഗതിയും പ്രവചനങ്ങളും അനുസരി ച്ച് ചരിത്രപരമായ സംഭവങ്ങളുമായി ബന്ധപ്പെടുത്താനാവില്ലെ ങ്കിലും രചനാകാലഘട്ടത്തെക്കുറിച്ച് വിവിധ വാദങ്ങളാണുള്ളത്. എഫ്. എഫ്. ഫ്ളെക്ക് വാദിക്കുന്നത് ഇതൊരു മദ്ധ്യ നൂറ്റാണ്ടുകളി ലെ ബൈസെന്റൈൻ രചനയാണെന്നാണ്. റഷ്യക്കാരനായ ഇസ് ട്രിൻ കണ്ടെത്തിയ കൈയെഴുത്തു പ്രതി അനുസരിച്ച് വാദിച്ചത് ര ചനാകാലം ഏ.ഡി. 1200 ആണെന്നാണ്. 1844-ൽ ജർമ്മൻകാരനായ എഫ്. എ. ബോർണെമാൻ വീണ്ടും രചനാകാലഘട്ടം നാലാംനൂറ്റാ ണ്ടിന്റെ ആദ്യവർഷങ്ങളിലേക്കു കൊണ്ടുപോയി. അതിനുകാരണം, ഈ രചനയിലെ പിശാചുക്കളെക്കുറിച്ചുള്ള വിവരണം ലഞ്താൻ തിയൂസിന്റെ ഇൻസ്റ്റിട്യൂഷൻസ് എന്ന കൃതിയോടു സാദൃശ്യമുള്ള തുകൊണ്ടാണത്രേ. 1907 ൽ സി.എച്ച്. ടോയ് തയ്യാറാക്കിയ ജൂവി ഷ് എൻസൈക്ലോപീഡിയായും ഇതേ അഭിപ്രായംതന്നെ എഴുതി വച്ചു. എം. ഹർനാക്ക് കൃത്യമായി രചനാകാലം രേഖപ്പെടുത്തി

യില്ല. ഇ. ഷ്റൂർ ആകട്ടെ രചനാകാലഘട്ടം നിർണ്ണയിക്കാൻ ഇനിയും ചർച്ചകൾ നടത്താമെന്ന അഭിപ്രായമാണ് പ്രകടിപ്പിച്ചത്.

സങ്കീ. 2: 7-ലെ വാക്യം ക്രൈസ്തവർ എഴുതിച്ചേർത്തത് യഹൂദൻ 2 സാമു. 7 : 14 ലെ വാക്യമാണെന്നു വാദിച്ചു. ഇതിനുള്ള ക്രിസ്തീയ പ്രതികരണം 1 രാജാ 11 : 3 6-ൽ കാണാം. കർത്താവിന്റെ വഴിയിൽ ചരിക്കണമെന്നു ഇത് ദാവീദിന്റെ പുത്രന് ഉപാധിയായിരുന്നു. എന്നാൽ ദാവീദ് കർത്താവിന്റെ വഴിയിൽ ചരിച്ചു. സോളമൻ കർത്താവിന്റെ കൽപനകൾ ലംഘിച്ചു. അവൻ വെട്ടുക്കിളികളെ ബലിയായി നൽകി.

1922 -ൽ മെക്കൗൺ വാദിച്ചത് രചനാകാലഘട്ടം ഏ.ഡി. 400 ആണെന്നായിരുന്നു. ഇതൊരു ക്രിസ്തീയ രചനയാണെന്നും അദ്ദേഹം വാദിക്കുന്നു.

1922ൽ മെക്കൗണിന്റെ തിയറി എം.ആർ. ജെയിംസ് അംഗീകരിച്ചുവെങ്കിലും പൂർണമല്ലെന്ന് പറയുന്നു. രചനാകാലം മെക് കൗൺ പറയുന്നതുപോലെ മൂന്നാം നൂറ്റാണ്ടിന്റെ ആദ്യമായിരിക്കാമെന്ന് ജെയിംസ് സമ്മതിക്കുന്നുണ്ട്. എന്നാൽ മാജിക്കൽ പാപ്പീറി അനുസരിച്ച് കെ. പ്രീസെൻഡാൻസ് പറയുന്നത് രചനാകാലം എ. ഡി. ഒന്ന് -രണ്ട് നൂറ്റാണ്ടുകളിലായിരിക്കാമെന്നാണ്. ഏതായാലും ഒരു കാര്യം തീർച്ച, ഈ രചനയിൽ ഒന്നാം നൂറ്റാണ്ടിലെ ജൂഡായിസത്തിന്റെ പ്രതിഫലനമുണ്ട്.

രചനാ കാലഘട്ടം സംബന്ധിച്ച ഈ ചർച്ച അവസാനിപ്പിക്കുന്നതിനുമുമ്പേ അപ്രതീക്ഷിതമായ ഒരു കാര്യംകൂടി സൂചിപ്പിക്കുന്നുണ്ട്. 1945-ൽ 51 പ്രബന്ധങ്ങളുടെ കോപ്റ്റിക് ഭാഷയിലുള്ള പരിഭാഷകൾ ദക്ഷിണ ഈജിപ്തിൽ വെച്ചു കണ്ടുകിട്ടുകയുണ്ടായി. ഇതിൽ നാല് പ്രബന്ധങ്ങൾ സോളമന്റെ പേരിലുള്ളതാണ്. അവയിൽ ഒന്ന് ലോകത്തിന്റെ ഉദ്ഭവം എന്നത് സോളമന്റെ ഗ്രന്ഥം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സോളമന്റെ ഗ്രന്ഥത്തിൽ നാല്പത്തൊന്ന് പിശാചുക്കളെക്കുറിച്ചും അവയുടെ പ്രവൃത്തികളെക്കുറിച്ചും പറയുന്നു. ഇതാകട്ടെ നിരവധി ഊഹാപോഹങ്ങൾക്ക് വഴിവെച്ചു. ജെ. ദോരെസ്സെ രണ്ടു നിർദ്ദേശങ്ങൾ വയ്ക്കുന്നു: ഈ പരാമർശം റെഹോബോവാമിന്റെ ലേഖനത്തെക്കുറിച്ചാകാം. ഇവ Hygromancie of Solomon അല്ലെങ്കിൽ The Key to Hydromancy എന്നും വിളിക്കപ്പെടാം. ഒരു പക്ഷേ ഇവ ബി.സി. ഒന്നാം നൂറ്റാണ്ടിൽ ഈജിപ്തിൽ വച്ചു രചിച്ചിട്ടുള്ളതാകാം. സോളമന്റെ ഈ ഗ്രന്ഥത്തിൽ ഏഴു ഗ്രഹങ്ങളെക്കുറി

ച്ചും മാലാഖമാരെക്കുറിച്ചും പിശാചുക്കളെക്കുറിച്ചും ഓരോ ആഴ്ചയിലേയും ഓരോ ദിവസത്തെയും 24 മണിക്കൂറിൽ അവ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ചും എഴുതിയിട്ടുണ്ട്. തുടർന്ന് ഗ്രഹങ്ങളോടും മാലാഖമാരോടുമുള്ള പ്രാർത്ഥനയും, ഓരോ ഗ്രഹത്തിന്റെ മാന്ത്രികമായ അടയാളങ്ങളും രാശിചക്രമനുസരിച്ചുള്ള അടയാളങ്ങളും സസ്യങ്ങളുമെല്ലാം വിവരിച്ചിരിക്കുന്നു.

## ഗ്രന്ഥകർത്താവും ഉറവിടവും

സോളമന്റെ നിയമത്തിൽ ഗ്രന്ഥകർത്താവാരെന്നു കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. ഗ്രന്ഥകാരന് ഹീബ്രുവോ അരമായിക്കോ എഴുതാനറിയില്ല. ഗ്രീക്ക് ഭാഷ സംസാരിക്കുന്ന ഒരു യഹൂദനാണ് യഥാർത്ഥത്തിൽ ഈ രചന നടത്തിയതെങ്കിൽ ഒരു ക്രൈസ്തവൻ ഇത് എഡിറ്റ് ചെയ്തിരിക്കാം. ചിലപ്പോൾ ഗ്രീക്ക് സംസാരിക്കുന്ന ഒരു ക്രൈസ്തവൻ ആണ് ഗ്രന്ഥകാരനെന്നു വാദിക്കാനുമാകും. ഇതിനു സൂചകമാക്കുന്നത് സോളമന്റെ നിയമത്തിലെ 11 :6 ,12 :3 , 15 :10 -15 എന്നീ ഭാഗങ്ങളാണ്.

എന്നാൽ ഈ ഗ്രന്ഥത്തിലെ ചില ഘടകങ്ങൾ രചനയുടെ ഉറവിടം ബാബിലോണിയയാണെന്ന് നിർദ്ദേശിക്കുന്നുണ്ട്. സോളമനെ ദേവാലയം നിർമിക്കാൻ പിശാചുക്കൾ സഹായിച്ചുവെന്ന് ബാബിലോണിയൻ താൽമുദിലുണ്ട് . എന്നാൽ ചിലർ വാദിക്കുന്നത് ഈ ഗ്രന്ഥം താൽമുദിന് മുമ്പുള്ള കാലഘട്ടത്തിലുള്ളതാണെന്നാണ്. അതുകൊണ്ട് ബാബിലോണിയ അല്ല രചനാസ്ഥലമെന്നു അവർ വാദിക്കുന്നു.

രണ്ടാമതായി പറയാനുള്ളത് ഏഷ്യാ മൈനറാണ്. ജാലവിദ്യക്കാരുടെ കേന്ദ്രം എഫേസൂസ് ആണെന്ന് അപ്പസ്തോലന്മാരുടെ നടപടി ഗ്രന്ഥത്തിലുണ്ട്. എഫേസൂസ് 19:11-20-ൽ കത്തിച്ചുകളഞ്ഞ ഗ്രന്ഥങ്ങളുടെ വില 50,000 വെള്ളി നാണയങ്ങൾ വരുമെന്ന കണക്കുമുണ്ട്. ജാലവിദ്യയുടെ കേന്ദ്രമായിരുന്നു ഏഷ്യാ മൈനർ എന്നതിന് വേറേയും തെളിവുകളുണ്ട്. ജെയിംസ് രചനാസ്ഥലം എഫേസൂസ് ആയിരിക്കാമെന്നു പറയുന്നുണ്ടെങ്കിലും മെക്കൗൺ ഇതിനോട് പൂർണമായും യോജിക്കുന്നില്ല.

ഒരുപക്ഷേ ഈജിപ്തായിരിക്കാം രചനാവേദി. പൗരാണിക ജാലവിദ്യയുടെ വിദ്വത്ത്വകേന്ദ്രമെന്നതായിരിക്കാം ഇതിനു കാരണം. യഹൂദ,ക്രിസ്ത്യൻ പാരമ്പര്യങ്ങൾ എത്യോപ്യയിലേക്ക് വന്നത് ഈജിപ്ത് വഴിയാണ്. എത്യോപ്യയാകട്ടെ ജാലവിദ്യ, പിശാചുക്കളെ സംബന്ധിച്ച അറിവ്, ഐതിഹ്യങ്ങൾ എന്നിവയെല്ലാം പരിപാലിക്കുകയും ചെയ്തു.

## ദൈവശാസ്ത്രപരമായ പ്രാധാന്യം

സോളമന്റെ നിയമത്തിൽ മതപരമായ ഐതീഹ്യങ്ങളുടെയും വിശ്വാസങ്ങളുടെയും മിശ്രിത സമാഹാരമാണുള്ളത്. ഇവിടെ ദൈവശാസ്ത്രത്തിന്റെ സാമ്പ്രദായികമായ ക്രമീകരണം കാണാനാവില്ല.

## ദൈവം

ബൈബിളിലെ ദൈവംതന്നെയാണ് ഇവിടെ. പക്ഷേ പിശാചുക്കളുടെമേൽ അതിയായ അധികാരം ദൈവത്തിനുണ്ടെന്ന് പറയുന്നു. അവൻ മാത്രമാണ് ഏക ദൈവം (സോളമന്റെ നിയമം 26:3) ജീവിക്കുന്ന ദൈവം (സോളമന്റെ നിയമം 1:13,5:12) ഇസ്രയേലിന്റെ കർത്താവായ ദൈവം (സോളമന്റെ നിയമം 1:13) ഇസ്രയേലിന്റെ പരിശുദ്ധൻ (സോളമന്റെ നിയമം 4:12) എന്നെല്ലാം പറയുന്നുണ്ടെങ്കിലും ദൈവത്തെ നിരന്തരം വിശേഷിപ്പിക്കപ്പെടുന്നത് സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും ദൈവമെന്നാണ് (സോളമന്റെ നിയമം 1:8,2:9,3:6,17:4,18:41,20:21). ഇത് സൂചിപ്പിക്കുന്നത് എല്ലാ സൃഷ്ടികളും അവന്റെ ഭരണത്തിൻ കീഴിലാണെന്നാണ്. സോളമന്റെ നിയമത്തിലെ 11:26-ലെ വിശേഷണമാകട്ടെ ദൈവം വസിക്കുന്നത് സ്വർക്ഷത്തിലാണെന്നു പറയുന്നു. അവിടെവെച്ച് അവൻ മനുഷ്യനെക്കുറിച്ച് തീരുമാനങ്ങളെടുക്കുന്നു (സോളമന്റെ നിയമം 20:12). വെറുതെ ദൈവമെന്നും ഈ ഗ്രന്ഥത്തിൽ പറയുന്ന ഭാഗങ്ങളുമുണ്ട്. (സോളമന്റെ നിയമം 16:1,25:9).

പ്രഭുവായ ദൈവം (സോളമന്റെ നിയമം 1:7;13; 5 :12,10:10) സർവശക്തനായ ദൈവം (സോളമന്റെ നിയമം 3:5) സാബത്തിന്റെ കർത്താവ് (സോളമന്റെ നിയമം 1:6f, 5:9) തുടങ്ങിയ എല്ലാ വിശേഷണങ്ങളും ശക്തിയെയും അധികാരത്തെയും സൂചിപ്പിക്കുന്നതാണ്. ഭൂമിയിലും ഭൂമിക്ക് മുകളിലും താഴെയുമുള്ള എല്ലാറ്റിന്റെയുംമേൽ ദൈവത്തിനു അധികാരമുണ്ടെന്ന് ഈ ഗ്രന്ഥത്തിൽ പറയുന്നു (18:3). ചോദ്യം ചെയ്യപ്പെടാനാവാത്ത അധികാരിയെന്ന നിലയിലാണ് സോളമൻ ദൈവത്തെ കാണുന്നതും പ്രാർത്ഥിക്കുന്നതും. ആ ദൈവമാണ് സോളമന് പിശാചുക്കളുടെമേൽ അധികാരം നൽകിയത്. ഏറ്റവും ഒടുവിൽ സോളമൻ വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞതോടെ ദൈവാത്മാവ് അവനെ വിട്ടുപിരിയുന്നു (സോളമന്റെ നിയമം 26).

## മനുഷ്യൻ

മനുഷ്യത്വത്തിന്റെ വികസിതമായ ഭാവനയൊന്നും ഇവിടെ കാണാനാവില്ല. സോളമൻ മനുഷ്യനായിരുന്നുവെങ്കിലും പ്രത്യേക അ

ധികാരങ്ങൾ ലഭിക്കുന്നുണ്ട്; ഇസ്രയേലിന്റെ മക്കളിൽ ഒരുവനെന്ന നിലയിലാണത് (സോളമന്റെ നിയമം 15:14). സോളമന്റെ നിയമത്തിലെ 15:14,26:8 എന്നീ ഗ്രന്ഥഭാഗങ്ങൾ പൈശാചിക ശക്തികളെ പ്രതിരോധിക്കാൻ അവരുടെ പേരുകൾ അറിയണമെന്നും, അവരുടെ ചെയ്തികൾ അറിയണമെന്നും, അവരെ പ്രതിരോധിക്കാൻ ഏത് മാലാഖയ്ക്ക് കഴിയുമെന്നും അറിയണമെന്നും പറയുന്നു. ഈ സിദ്ധികളെല്ലാം മനുഷ്യന് ലഭിക്കുന്നത് ദൈവത്തിൽനിന്നാണ്.

## പ്രപഞ്ചോത്പത്തിശാസ്ത്രം

ത്രിതലമാണ് പ്രപഞ്ചം: മുകളിൽ സ്വർഗം, മധ്യത്തിൽ ഭൂമി, ഭൂമിക്കു കീഴെ നരകം (സോളമന്റെ നിയമം 18:3). ദൈവം ഉ ന്നതമായ സ്വർഗത്തിൽ വസിക്കുന്നു (സോളമന്റെ നിയമം 20:11-17) സ്വർഗത്തിലാണ് മാലാഖമാരുടേയും വാസം (സോളമന്റെ നിയമം 5:9,2:7). പതനം സംഭവിച്ച മാലാഖമാരാണ് പിശാചുക്കൾ. പ്രകൃതിയുടെ മണ്ഡലമാണ് ഭൂമി. മനുഷ്യരുടെ ജീവിതവേദിയാണത്.എന്നാൽ പ്രകൃതിനിയമങ്ങളെ ഭംഗപ്പെടുത്താൻ ദൈവത്തിനു കഴിയും. മാലാഖമാരും പിശാചുക്കളും ഇവിടെ പ്രത്യേക്ഷപ്പെടും. പക്ഷേ പിശാചുക്കൾ കൂടുതലായും വിജന പ്രദേശത്തു ചുറ്റിത്തിരിയും (സോളമന്റെ നിയമം 4:4,6,17:2) പിശാചുക്കളുടെ തലവനായ ബേൽസെബൂൽ മനുഷ്യരെ എബൈസെത്തിബൗവിന്റെ നിയന്ത്രണത്തിലുള്ള ടർടാറസിൽ പിടിച്ചുവെയ്ക്കുന്നു (സോളമന്റെ നിയമം 6:3,23-25).

സോളമന്റെ നിയമത്തിന്റെ പ്രപഞ്ചഘടനയിലെ സവിശേഷത എന്നത് ജ്യോതിഷത്തിന്റെയും പിശാചുക്കളെക്കുറിച്ചുള്ള അറിവുകളുടെയും സംയോജനമാണ്. നക്ഷത്രങ്ങൾക്ക് പൈശാചിക ശക്തിയുണ്ടെും അവയ്ക്ക് മനുഷ്യനെതിരേ നശീകരണശക്തിയുണ്ടെന്നും ഇവിടെ പറയുന്നു. എട്ടാം അധ്യായത്തിൽ ഏഴു ചെറു നക്ഷത്രങ്ങൾ അന്ധകാരത്തിന്റെ ലോകത്തിലെ ഭരണകർത്താക്കളാണ് (സോളമന്റെ നിയമം 5:8). ഇത് സംബന്ധിച്ചു കൂടുതൽ വിശദാംശങ്ങളും ആദ്യഭാഗത്ത് പറഞ്ഞിട്ടുണ്ട്.

## പിശാചുക്കളെക്കുറിച്ചുള്ള അറിവ്

സോളമന്റെ നിയമം പല പുരാതന യഹൂദരചനകളിലെ ആശയങ്ങൾ പങ്കുവെയ്ക്കുന്നുണ്ട് ഉത്പ 6:1-4ൽ പറയുന്നതുപോലെ പതനം സംഭവിച്ച മാലാഖമാരാണ് പിശാചുക്കളെന്നു ഈ ഗ്രന്ഥത്തിലും പറയുന്നു (സോളമന്റെ നിയമം 6:2). പതനം സംഭവിച്ച മാലാഖമാരുടെയും മനുഷ്യപുത്രിമാരുടെയും സന്തതികൾ യഹൂദസാഹിത്യത്തിൽ രാക്ഷസസന്തതികളാണ്. പിശാചുക്കൾ പ്രാഥമിക

മായും ആത്മാക്കളാണെന്നും അവയ്ക്ക് ഒന്നോ ഒന്നിലധികമോ രൂപങ്ങളായി മാറാമെന്നും പറയുന്നു (പ്രത്യേകിച്ചു സോളമന്റെ നിയമം 3:6,15:5,20:13).

പിശാചുക്കളിൽ പലതും നക്ഷത്രങ്ങളാണ്. അതല്ലെങ്കിൽ നക്ഷത്രങ്ങളുമായി ബന്ധപ്പെട്ടവയാണ്. എല്ലാ വിധത്തിലും അവ ദുഷ്ടത പ്രവർത്തിക്കുന്നു. ശ്രദ്ധേയമായ ഒരു ക്രിസ്തീയ വീക്ഷണം 15:10-ൽ കാണാം.

## മാലാഖമാരെക്കുറിച്ചുള്ള അറിവ്

സോളമന്റെ നിയമത്തിൽ മാലാഖമാരുടെ ഉത്ഭവമോ ശ്രേണീഘടനയോ കൃത്യമായി വിവരിക്കുന്നില്ല. ഒരു പിശാചിനെ നശിപ്പിക്കണമെങ്കിൽ അതിനെ പ്രതിരോധിക്കാൻ കഴിവുള്ള മാലാഖയാരെന്ന് അറിയണം. ഈ ഗ്രന്ഥത്തിലെ 5:5-ൽ ചില പിശാചുക്കൾ ദൈവത്തെപ്പോലെ ആരാധിക്കപ്പെടുന്നുണ്ടെന്നും 1:7-ൽ മാലാഖമാർ ദൈവത്തിന്റെ ദൂതരാണെന്നും പറഞ്ഞിരിക്കുന്നു.

ഏഴു മുഖ്യദൂതരിൽ നാല് പേരെ - മിഖായേൽ, ഒറിയേൽ, റഫായേൽ, ഗബ്രിയേൽ - ഈ ഗ്രന്ഥത്തിൽ കാണാനാകും. 36 സ്വർഗീയ ദേഹികൾക്കുമേലും ഇവർക്കു അധികാരമുണ്ട്. പിന്നീട് 18:4f ലും 2:4 ലും 8:9 ലും 18:7 ലും 5:9 ലും 13:6 ലും 18:8 ലും 18:6 ലും മാലാഖമാരെക്കുറിച്ചുള്ള വിശേഷണങ്ങളും അവരവരുടെ ദൗത്യങ്ങളും വിവരിക്കുന്നു.

മാലാഖമാരുടെ പേരുകൾക്ക് ഒരു സെമിറ്റിക് സ്വഭാവമുണ്ട്. ഒരെണ്ണത്തിന്റെ പേര് സർവശക്തനായ ദൈവമെന്നാണ്. മറ്റൊന്ന് ഹീബ്രുവിൽ പടികേ എന്നും എമ്മാനുവേൽ എന്ന് ഗ്രീക്കിലും അറിയപ്പെടുന്നുണ്ട്.

## ദ്വന്ദ്വഭാവം

ദ്വന്ദ്വഭാവം സോളമന്റെ നിയമത്തിലുണ്ട്. ദൈവം സോളമന്റെ പ്രാർത്ഥന കേട്ട് പിശാചുക്കളുടെമേൽ അവനു അധികാരം നൽകുന്നു. മന്ത്രമോതിരംകൊണ്ട് സോളമൻ പിശാചുക്കളെ കീഴടക്കി ദേവാലയനിർമാണത്തിനായി അവയെ ഉപയോഗിക്കുന്നു.

## ജാലവിദ്യയും, ഔഷധവും

ഔഷധങ്ങളെപ്പറ്റി ഈ ഗ്രന്ഥത്തിൽ ഏറെ പരാമർശമുണ്ട്. 18-ാം അധ്യായം ഒരു പുരാതന കുടുംബ മെഡിക്കൽ എൻസൈക്ലോപീഡിയപോലെയാണ്.

**ധാർമ്മികത**

ബൈബിളിലെ ധാർമ്മികതയ്ക്ക് വിപരീതമായി പ്രവർത്തിക്കാൻ മനുഷ്യരിൽ പിശാച് ഇടപെടുന്നുവെന്നാണ് ഇവിടെ വിവരിക്കുന്നത്. ഇവിടെ ദൈവം നല്ല ദൈവമാണെന്നു പറയുന്നു. മനുഷ്യർക്കെതിരേ പ്രവർത്തിക്കുന്ന പിശാചുക്കളെ തുരത്താൻ ദൈവവും അവനോടൊപ്പമുള്ള മാലാഖമാരും സന്നദ്ധരായി നിൽക്കുന്നു. ഈ ഗ്രന്ഥത്തിലെ ധാർമ്മിക നിലപാടെന്നത് മാനസികവും ശാരീരികവും ധാർമ്മികവുമായി ആരോഗ്യം  നന്മയാണെന്നാണ്. അതേ സമയം മാനസികവും ശാരീരികവും ധാർമ്മികവുമായ രോഗാവസ്ഥ തിന്മയാണെന്നുമാണ്.

**മരണാനന്തരം**

മരണാനന്തരജീവിതമെന്തെന്നുള്ളതിനു യാതൊരു വീക്ഷണവും ഇവിടെയില്ല. 26:8-ൽ സോളമൻ എബെസെത്തിബൂവിനോടു വായുവിന്റെ തൂൺ അന്ത്യംവരെ ഉയർത്തിപ്പിടിക്കാൻ ആവശ്യപ്പെടുന്നതായി പറയുന്നുണ്ട്.

**കാനോനികമായ ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

സോളമന്റെ നിയമത്തിനു ഹീബ്രുലിഖിതങ്ങളും പുതിയനിയമവുമായി നിരവധി ബന്ധങ്ങളുള്ളതായി കാണാം. ഇതിൽ ഒന്നു മാത്രമാണ് സങ്കീ. 118:22 ലെ (സോളമന്റെ നിയമം 23 :4) മൂലക്കല്ലിന്റെ പ്രവചനം. മറ്റെല്ലാം സാഹിത്യേതരമാണ്. ഹീബ്രു ലിഖിതങ്ങളെ സംബന്ധിച്ചിടത്തോളം സോളമന്റെ ദേവാലയനിർമ്മാണം (1 രാജാ. 6f) സോളമന്റെ ജ്ഞാനം (1 രാജാ 4: 29 34) ഷേബാരാജ്ഞിയുടെ കഥ (1 രാജാ.10, സോളമന്റെ നിയമം 19 : 13; 21: 1 14) സോളമന്റെ നിരവധി ഭാര്യമാർ, വിജാതീയ ദേവന്മാരെ ആരാധിച്ചതു വഴിയുള്ള പതനം (1 രാജാ 11, സോളമന്റെ നിയമം 26) ഇതെല്ലാം തന്നെ വിശദമായി യഹൂദ, അറബി നാടോടിക്കഥകളിലും പുറപ്പാടിലെ കഥകളിലും (പുറ 14, സോളമന്റെ നിയമം 6: 3f; 22: 7; 23: 2; 24 25) വിവരിച്ചിട്ടുണ്ട്. രാജ്യം വിഭജിക്കപ്പെടുന്നത് (1 രാജാ 12, സോളമന്റെ നിയമം 5:5; 15 :8) മാലാഖമാരുടെ പതനം (ഉത്പ 6: 1 4; സോളമന്റെ നിയമം 5:3; 6: 1 4) വിസ്മയനീയനായ ഉപദേശകന്റെ പ്രവചനം (ഏശ. 7: 14; സോളമന്റെ നിയമം 12 : 3) എമ്മാനുവേൽ (ഏശ. 7:14; സോളമന്റെ നിയമം 6:8; 11: 6; 15 : 11) കെരൂബുകളും സെറാഫുകളും ( 1 രാജാ. 7 : 48 f സോളമന്റെ നിയമം 18 : 34; cf. 2:12) എന്നിവയെക്കുറിച്ചും വിവരണമുണ്ട്. മേൽ സൂചിപ്പിച്ചതുപോലെ മുഖ്യദൂതന്മാരായ മിഖായേലിനെയും (ദാനി. 10: 13; 12: 1; സോ

ളമന്റെ നിയമം 1:6 (n.J); 18: 5) ഗബ്രിയേലിനെയും (ദാനി.8: 16; 9: 21; സോളമന്റെ നിയമം 18: 6) ഇവിടെ കാണുന്നു. അവസാനമായി നിരവധി ഹെല്ലനിസ്റ്റിക് മാജിക്കൽ പാപ്പീറി, ഗ്നോസ്റ്റിക് സാഹിത്യത്തിലെ നിരവധി സെമിറ്റിക് രൂപമുള്ള പേരുകൾ നിയമത്തിൽ ഉടനീളമുണ്ട്. എന്നാൽ ഇവയൊന്നും നേരിട്ട് ലിഖിതങ്ങളിലേക്കു സൂചന നൽകുന്നുമില്ല.

സോളമന്റെ നിയമം വാമൊഴിയായി പുതിയനിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു. കോണിബെയർ പുതിയനിയമത്തിലും കൈയെഴുത്തുപ്രതിയിലും സദൃശമായുള്ള ചില പദപ്രയോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ ചിലത് പൊതുവായ പരിസരവർണ്ണനകൾ മാത്രമാണ്. എന്നാൽ ഗെരെസെനറുടെ നാട്ടിലെ പിശാചുക്കൾ (മർക്കോ. 5: 113; സോളമന്റെ നിയമം 11) ബേൽസെബൂലിനെക്കുറിച്ചുള്ള പരാമർശങ്ങൾ (cf. മർക്കോ. 3: 22, മത്താ. 10:25; 12: 24; ലൂക്കാ. 11 : 15; സോളമന്റെ നിയമം 3, 4: 2) കന്യക (മത്താ 1: 18 25; ലൂക്കാ 1: 25 38) എന്ന പരാമർശം സോളമന്റെ നിയമത്തിൽ 22: 20 ൽ കാണാം. സോളമന്റെ നിയമത്തിൽ 15 : 10f ൽ കാണുന്ന പരാമർശം യേശുവിനെക്കുറിച്ചാണെന്നു മെക് കൗൺ വാദിക്കുന്നു. 644 എന്ന സംഖ്യയെക്കുറിച്ചും ഇതേപോലെ ചില വാദഗതികൾ ഉയരുന്നുണ്ട്.

22 : 20 ൽ യേശുവിനെ കുരിശിൽ തറയ്ക്കുന്നതിനെക്കുറിച്ച് വീണ്ടും പരാമർശിക്കുന്നു. ഇതാകട്ടെ 12 : 3 ൽ മൂന്നുതലകളുള്ള ഒരു വ്യാളിയുടെ ആത്മാവിന്റെ പ്രസ്താവനയോടു ബന്ധപ്പെടുത്തി വേണം ചിന്തിക്കാൻ. സങ്കീ. 22 : 1 ലും മർക്കോ 15 : 34 ലും യേശുവിന്റെ കുരിശിലെ മൊഴികളാണ് ഇവ. സോളമന്റെ നിയമത്തിൽ 6: 8 ൽ യേശുവിന്റെ പ്രവൃത്തികളെ പിശാചിനെ പ്രതിരോധിക്കുന്ന ഒരു മാലാഖയെന്ന മട്ടിൽ വിവരണമുണ്ട്.

ഏറ്റവും ഒടുവിലായി പിശാചുക്കളെക്കുറിച്ചുള്ള അറിവും സോളമനെ ദാവീദിന്റെ പുത്രനായി വിവരിക്കുന്നതും തമ്മിൽ നിരവധി പൊതുവായ ബന്ധങ്ങളുണ്ടെന്നാണ് കരുതേണ്ടത് (സോളമന്റെ നിയമം 1:7; 20:1). എന്നാൽ സോളമന്റെ നിയമം പുതിയനിയമത്തിലെ നിരവധി ഭാഗങ്ങൾ മനസ്സിലാക്കാൻ മികച്ച പശ്ചാത്തലമൊരുക്കുന്നുണ്ടെന്ന് ചില പണ്ഡിതന്മാർ വിശ്വസിക്കുന്നു.

## സാംസ്ക്കാരികപരമായ പ്രാധാന്യം

സോളമന്റെ ജാലവിദ്യാപരമായ പാടവം ജൂഡായിസത്തിലും ക്രിസ്തുമതത്തിലും ഇസ്ലാമിലും ശാശ്വതീകരിച്ചിട്ടുണ്ട്. സോളമന്റേതായ ഐതിഹ്യങ്ങൾ താൽമുദ്, എത്യോപ്യൻ ക്രിസ്റ്റ്യാനിറ്റി, ഖുറാൻ,

അറേബ്യൻ രാവുകൾ എന്നിവയോടൊപ്പം പ്രചരിപ്പിച്ചതുപോലെ ഏലസ്സ്, മന്ത്രത്തകിട്, 5 കോണുകളുള്ള മാന്ത്രിക ചിഹ്നമായ നക്ഷത്രം തുടങ്ങിയ മാന്ത്രികവസ്തുക്കളും ഇവിടെ വ്യാപകമായി. സോളമന്റെ ജാലവിദ്യാഗ്രന്ഥങ്ങൾ ഔദ്യോഗിക ജൂഡായിസം 12-ാം നൂറ്റാണ്ട്വരെ ഒഴിവാക്കിയിരുന്നില്ല. ഹെസക്കിയാ കുറിപ്പടികളുടെ ഗ്രന്ഥം ഗൂഢമായി മറച്ചുവച്ച പാരമ്പര്യം റബ്ബിമാരും പിന്തുടർന്നു. ഹിപ്പോളിറ്റസ് (c. എ.ഡി. 160 -236) എന്ന ക്രിസ്തീയ എഴുത്തുകാരനാണ് സോളമന്റെ ഗ്രന്ഥങ്ങൾ ഹെസക്കിയാ മറച്ചുവച്ചതായി ആദ്യമായി പറഞ്ഞത്. യൗസേബിയൂസിന്റെ നഷ്ടപ്പെട്ടുപോയ ഒരു വിവരണത്തിലും ആദ്യകാല ക്രിസ്തീയ എഴുത്തുകാർ ഇത്തരമൊരു ആശയത്തെക്കുറിച്ച് പറഞ്ഞിരുന്നു. ആദ്യകാലങ്ങളിൽ സോളമന്റെ ജാലവിദ്യാഗ്രന്ഥങ്ങൾ സംശയത്തിന്റെ നിഴലിലായിരുന്നു. ഔദ്യോഗിക ജൂഡായിസവും ക്രിസ്തുമതവും ജാലവിദ്യയെ വിജാതീയരുമായി ബന്ധപ്പെടുത്തി കാണാൻ തുടങ്ങിയിരുന്നു. മറ്റൊരു കാര്യം കൂടിയുണ്ട്. റോമൻ സാമ്രാജ്യത്തിൽ ജാലവിദ്യ പഠിക്കുന്നത് വധശിക്ഷയ്ക്കുള്ള കാരണമായിരുന്നു. എന്നാൽ ജാലവിദ്യയും ഔഷധവും തമ്മിൽ വേർതിരിക്കാനാവാത്തതുകൊണ്ട് ജനകീയ സംസ്കാരത്തിൽ ജാലവിദ്യ വ്യാപകമായി തഴച്ചുവളർന്നു. ഇടവിട്ട് ഗ്രന്ഥങ്ങൾ തീവെച്ചു നശിപ്പിച്ചുവെങ്കിലും സോളമന്റെ ചില ഗ്രന്ഥങ്ങൾ ആ സാഹചര്യത്തെയും അതിജീവിക്കുകയുണ്ടായി. ഉദാഹരണത്തിനു നിയോഡെറ്റ് (എ. ഡി. 385/393- 458) 1 രാജാ 4: 33 -ന്റെ വ്യാഖ്യാനത്തിൽ സോളമന്റെ ഔഷധങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ അവശേഷിച്ചിരുന്നതായി പറയുന്നുണ്ട്. വൈദ്യശാസ്ത്രപരമായ സമഗ്ര വിജ്ഞാനത്തെ സംബന്ധിച്ചിടത്തോളം സോളമന്റെ പ്രാവീണ്യത്തെ തിയോഡെറെറ്റ് പ്രകീർത്തിക്കുന്നുമുണ്ട്. എന്നാൽ ഈ ഗ്രന്ഥത്തെപ്പറ്റി വ്യക്തമായി പരാമർശിക്കുന്ന 1 രാജാ 11 : 31 -36 -ൽ അദ്ദേഹത്തിന്റെ വേർപാടിനെക്കുറിച്ച് പറയുമ്പോൾ സോളമന്റെ പ്രശസ്തി കളങ്കിതമാകുന്നുണ്ട്. എ.ഡി. 400-ൽ രചിക്കപ്പെട്ട dialogue of Timothy and Aquilla എന്ന കൃതിയിലാണ് ഈ കടന്നാക്രമണമുള്ളത്. ക്രിസ്തീയ എഴുത്തുകാരാകട്ടെ യേശുവിനെ സോളമനുമായി ബന്ധിപ്പിക്കുന്നതു സംബന്ധിച്ചാണ് സോളമന്റെ കീർത്തിയെ ഇകഴ്ത്തിക്കാണിക്കാറുള്ളത്. ഇവിടെ ജൂഡായിസവുമായുള്ള സംഘർഷം കാണാനില്ല. ആദികാലങ്ങളിലുള്ള രോഗസൗഖ്യം നൽകുന്നവൻ എന്ന കീർത്തി ഏതായാലും നഷ്ടമായതുമില്ല.

മധ്യനൂറ്റാണ്ടുകളിൽ, അതായത് പന്ത്രണ്ടാംനൂറ്റാണ്ടിൽ അറേബ്യയുടെ സ്വാധീനത്തിൽ ശാസ്ത്രീയ, ജാലവിദ്യാപരമായ ഗ്രന്ഥ

ങ്ങളുടെ രചയിതാവായി സോളമൻ അറിയപ്പെട്ടു. എം സെലിഗ് സോൺ അറബിക്, ഹീബ്രു സാഹിത്യത്തിൽ ഇത്തരത്തിലുള്ള 49 ഗ്രന്ഥങ്ങൾ സോളമന്റേതായി രേഖപ്പെടുത്തിയിട്ടുണ്ടെന്നു പറയുന്നു. എന്നാൽ മെക് കൗൺ ഈ പട്ടിക പൂർണ്ണമല്ലെന്നാണ് വാദിക്കുന്നത്. മധ്യനൂറ്റാണ്ടുകളിലെ സോളമന്റെ രചനകളിൽ Key of Solomon ' എന്നത് ഗ്രീക്ക്, ഹീബ്രു,ലത്തീൻ ഭാഷകളിലുള്ളതാണ്. ജാലവിദ്യാകലകളുടെ ദുരൂഹതകളുടെ പൂട്ട് തുറക്കാൻ ഈ ഗ്രന്ഥത്തിനു കഴിയുമെന്നാണ് പറയുക. പതിനഞ്ചാം നൂറ്റാണ്ടോടെ ജാലവിദ്യാരഹസ്യങ്ങളെക്കുറിച്ചുള്ള ഗ്രന്ഥങ്ങളിലെ മുഖ്യകഥാപാത്രങ്ങൾ യഹൂദ ലിഖിതങ്ങളിൽ കയറിപ്പറ്റി. ഇവരിൽ ആദാമും മോശയും സോളമനുമുണ്ട് ഇവരോടൊപ്പം സൊരാഷ്ടർ, ഹെർമെസ്ട്രിസ് മെജിസ്റ്റസ്, അരിസ്റ്റോട്ടിൽ, മഹാനായ അലക്സാണ്ടർ, വിർജിൽ, മുഹമ്മദ് എന്നിവരും അണിചേർന്നു. പാശ്ചാത്യ മിസ്റ്റിസിസത്തെക്കുറിച്ചുള്ള ചരിത്രപഠിതാക്കൾ മിസ്റ്റിക്കൽ ജൂവിഷ് കബാലയുമായി നിരവധി പൊതുവായ ഘടകങ്ങൾ കണ്ടെത്തും. ഉത്പ. 6: 14 ലും 1 ഹെനോ. 6 -11ലുമുള്ള മാലാഖമാരുടെ പതനം ഉദാഹരണം. പത്താമത്തെ അധ്യായത്തിൽ അൻപതോ അൻപത്തിയൊന്നോ പിശാചുകളുടെ പട്ടിക നൽകിയിട്ടുണ്ട്. സമ്പത്ത് വർദ്ധിപ്പിക്കാനും അധികാരലബ്ധിക്കും, സന്തോഷം ലഭിക്കാനുമെല്ലാം ഇവയെ വിളിച്ചുവരുത്തിയാൽ മതിയെന്നു പറയുന്നുണ്ട്.

ഉപസംഹാരമായി പറയുമ്പോൾ, സോളമന്റെ നിയമം ആദിമകാലത്തുള്ള ക്രൈസ്തവരുടെ അനുദിന മതജീവിതം മനസ്സിലാക്കാനുള്ള സുപ്രധാന രേഖയാണ്. മറിച്ച് ഇത് ഒരു പ്രണയകഥ കൂടിയാണ്. സോളമൻ ദേവാലയം നിർമ്മിച്ചു. നേരത്തേ ചെത്തിമിനുക്കിയ കല്ലുകളായിരുന്നതുകൊണ്ട് പണിനടക്കുന്ന സമയത്ത് മഴുവിന്റെയോ ചുറ്റികയുടെയോ മറ്റ് ഇരുമ്പായുധങ്ങളുടെയോ ശബ്ദം ദേവാലയത്തിൽ കേട്ടിരുന്നില്ല (1 രാജാ 6:7). സ്ത്രീകളെ സ്നേഹിക്കുന്ന സ്വഭാവമായിരുന്നു സോളമന്റേത്. അതവന് വിനാശകാരിയാവുകയും ചെയ്തു. എന്നാൽ അവൻ ബുദ്ധിമാനായ രാജാവായിരുന്നു. അവന്റെ വിജ്ഞാനം ജാലവിദ്യാവസ്തുക്കൾ സംബന്ധിച്ചും സസ്യങ്ങളെ സംബന്ധിച്ചും മൃഗങ്ങളെ സംബന്ധിച്ചുമുള്ളതായിരുന്നു. ഏറ്റവും ആകർഷണീയമായ വിവരണം പിശാചുക്കളുടെമേൽ അധികാരം ലഭിച്ചിട്ടുള്ള മാന്ത്രിക മോതിരത്തിന്റേതായിരുന്നു. ആർ. എൽവുഡ് പറയുന്നത് ഇതൊരു പാശ്ചാത്യ ബദൽ മതപാരമ്പര്യമാണെന്നാണ്.

# 11

## അരിയാസ്റ്റിയാസിന്റെ കത്ത്

(മൂന്നാം നൂറ്റാണ്ട് ബി.സി. – ഒന്നാംനൂറ്റാണ്ട് എ.ഡി.)

ഗ്രീക്കിലുള്ള യഹൂദബൈബിളായ സെപ്ത്വജിന്റിനെ മനസ്സിലാക്കാനുള്ള പ്രാഥമിക സ്രോതസ്സാണ് അരിസ്റ്റിയാസിന്റെ കത്ത്. അലക്സാണ്ഡ്രിയായിലേക്ക് യഹൂദനിയമം പരിഭാഷപ്പെടുത്താനായി 72 യഹൂദരെ അയച്ചതിനെക്കുറിച്ചാണ് ഈ കത്തിലെ പ്രതിപാദ്യം. ഈ ദൗത്യത്തെക്കുറിച്ച് തന്റെ സഹോദരനായ ഫിലോ ക്രാറ്റ്സിനു അരിസ്തിയാസ് എഴുതിയ കത്താണിത്. ഈ ദൗത്യത്തിൽ പങ്കെടുത്ത അലക്സാൻഡ്രിയായിൽ നിന്നുള്ള യഹൂദനായിരിക്കാം അരിസ്റ്റിയാസ് എന്ന് കരുതാം.

ഇതിലെ ഉള്ളടക്കം ചുരുക്കമായി ഇങ്ങനെ വിവരിക്കാം: അലക്സാൺഡ്രിയായിലെ ഗ്രന്ഥശാലയിലേക്ക് ലോകത്തുള്ള എല്ലാ ഗ്രന്ഥങ്ങളും ശേഖരിക്കാൻ ഈജിപ്ഷ്യൻ രാജാവായ ടോളമി രണ്ടാമൻ (285 – 247 ബി.സി.) തന്റെ ലൈബ്രേറിയനായ ഫലേരുമിലെ ദിമിത്രിയൂസിനോടു കൽപ്പിക്കുന്നു.

ഇത്തരമൊരു ഗ്രന്ഥശേഖരത്തിൽ യഹൂദ നിയമ ത്തിന്റെ ഒരു പരിഭാഷയുണ്ടായിരിക്കണമെന്ന് ചിന്തിച്ച ദിമിത്രിയൂസ് ജറുസലേമിലെ മുഖ്യ പുരോഹിതന് ഒരു കത്തയയ്ക്കാൻ നിർദ്ദേശിക്കുന്നു.

വിഷയത്തിൽനിന്ന് വ്യതിചലിച്ചുവെന്നവണ്ണം അരിസ്റ്റിയാസ് (vss. 12.27) ലാഗോസിന്റെ പുത്രനായ ടോളമി രാജാവ് ബലം പ്രയോഗിച്ച് ഈജിപ്തിലേക്ക് നാടുകടത്തിയ യഹൂദന്മാരെ വിട്ടയക്കണമെന്ന് രാജാവിന്റെ മുമ്പിൽ നിവേദനം നൽകുന്നു. ഇതിനായി പ്രസക്തമായ രാജകീയ കൽപനയും ഉദ്ധരിച്ചു.

വീണ്ടും അരിസ്റ്റിയാസ് പ്രധാനവിഷയത്തിലേക്ക് കടക്കുകയാണ്. മുഖ്യപുരോഹിതനുള്ള നിർദ്ദേശങ്ങളടങ്ങിയ ദിമിത്രിയൂസിന്റെ കത്ത് അരിസ്റ്റിയാസ് ഉദ്ധരിക്കുന്നു (vss. 28-34). പന്ത്രണ്ട് ഗോത്രങ്ങളിൽ അനുയോജ്യരായ ആറുപേരെ വീതം നിയോഗിച്ചുകൊണ്ട് പരിഭാഷ പൂർത്തിയാക്കാൻ കത്തിൽ നിർദ്ദേശിക്കുന്നു (vss. 35-40) ഈ നിർദ്ദേശം സ്വീകരിച്ചുകൊണ്ട് പരിഭാഷകരുടെ പേരുകൾ കത്തിൽ നൽകിയിരിക്കുന്നു (vss. 47-50) മുഖ്യ പുരോഹിതനു രാജാവ് സമ്മാനങ്ങൾ കൊടുത്തയച്ചു (vss. 51-82) അരിസ്റ്റിയാസ് സ്വയം വിശേഷിപ്പിക്കുന്നത് ഒരു നയതന്ത്ര പ്രതിനിധിയെന്നാണ് (vss. 43).

പലസ്തീനിയയുടെ വിവരണമാണ് പിന്നീടുള്ളത്. ഇതിൽ ദേവാലയത്തെക്കുറിച്ചും മുഖ്യപുരോഹിതന്റെ വിശേഷ വസ്ത്രങ്ങളെക്കുറിച്ചും പരാമർശിച്ചിട്ടുണ്ടെങ്കിലും, വാഗ്ദാനം ചെയ്തതുപോലെ യാത്രയുടെ വിവരണമൊന്നും നൽകിയിട്ടില്ല. പരിഭാഷകരുടെ യോഗ്യതകളും ഗുണഗണങ്ങളും ഇവിടെ പെരുപ്പിച്ചു പറഞ്ഞിട്ടുണ്ട് (vss. 121-27).

വീണ്ടും ജൂഡായിസത്തിന്റെ നിയമങ്ങളിൽനിന്നുള്ള മറ്റൊരു വ്യതിചലനം കാണാം (vss. 128-72) പരിഭാഷകരുടെ അലക്സാൺഡ്രിയായിലേക്കുള്ള ആഗമനവും അവർക്കായി ഒരുക്കിയ രാജകീയ വിരുന്നും ഇവിടെ വിവരിച്ചിരിക്കുന്നു (vss. 173-86).

അരിസ്റ്റിയാസിന്റെ കത്തിന്റെ മൂന്നിലൊരുഭാഗം വരുന്ന അടുത്ത വിഷയ വിവരണത്തിന്റെ വലുപ്പത്തെക്കുറിച്ച് ഗ്രന്ഥകാരൻ സ്വയം ക്ഷമായാചനം നടത്തുന്നുണ്ട് (173-294). ഏഴുദിവസത്തെ വിരുന്നിൽ ഓരോ പരിഭാഷകരോടും ഊഴമനുസരിച്ച് രാജാവ് ചോദിച്ച ചോദ്യങ്ങളും അവയുടെ ഉത്തരങ്ങളും അയാൾ വിവരിക്കുന്നു. ഒടുവിൽ പരിഭാഷകർക്കായി വിശാലമായി സജ്ജീകരി

ച്ചിട്ടുള്ള താമസസ്ഥലത്തേക്ക് ദിമിത്രിയൂസ് അവരെ കൂട്ടിക്കൊണ്ടു പോയി. അങ്ങനെ പരിഭാഷയുടെ ജോലികൾ ആരംഭിച്ചു. പരിഭാഷയുടെ കരടുകൾ ആദ്യം തയ്യാറാക്കി. പിന്നീട് അന്തിമമായ പകർപ്പ് 72 ദിവസംകൊണ്ട് പൂർത്തിയാക്കി (vss. 301-7)

യഹൂദ സമൂഹത്തിനു പരിഭാഷയുടെ പകർപ്പ് വായിച്ചു കൊടുത്തു. യഹൂദനിയമത്തിന്റെ ശേഷിച്ചഭാഗംകൂടി പരിഭാഷപ്പെടുത്തി പൂർണ്ണമാക്കാൻ ദിമിത്രിയൂസ് ആവശ്യപ്പെട്ടു. ഈ നിയമത്തിൽ എന്തെങ്കിലും കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനായിരിക്കുമെന്ന വ്യവസ്ഥയും പ്രഖ്യാപിച്ചു. ഇതാണ് ഔദ്യോഗികവും ആധികാരികവുമായ ഗ്രീക്ക് പരിഭാഷയെന്നു ഇതിനാൽ സ്ഥിരീകരിക്കപ്പെട്ടു (VSS. 308-11).

പ്രാഥമിക ദൗത്യം പൂർത്തിയാക്കിയതിൽ രാജാവും സന്തോഷഭരിതനായി. നിയമഗ്രന്ഥത്തിന്റെ വിശുദ്ധിക്ക് ഊന്നൽ നൽകിക്കൊണ്ട് ഗ്രന്ഥങ്ങൾ പ്രത്യേകമാംവിധം കാത്തുസൂക്ഷിക്കണമെന്നു ദിമിത്രിയൂസിനോടു രാജാവ് കൽപ്പിച്ചു (VSS. 312-17)

സൈനിക ബഹുമതികളോടെ പരിഭാഷകർ സ്വദേശത്തേക്ക് മടങ്ങി. യാത്രാവേളയിൽ പ്രത്യേകമാംവിധം അഭിനന്ദനങ്ങളും ഉപഹാരങ്ങളും പരിഭാഷകർക്കു നൽകപ്പെട്ടു. ഏലെയാസറിനു, പ്രത്യേകം സമ്മാനങ്ങളും കത്തും കൊടുത്തയച്ചു (VSS. 318-21).

ഫിലോക്രാറ്റ്സിനു ഇത്തരം പദ്ധതികളിലുള്ള തന്റെ താൽപ്പര്യം പ്രകടമാക്കുന്ന ഹ്രസ്വമായ ഒരു ആമുഖമുണ്ട്. അരിസ്റ്റിയാസിനെക്കുറിച്ച് അടുത്തറിയാൻ ഇതു മതിയാകും.

**മൗലികമായ ഭാഷ**

അരിസ്റ്റിയാസിന്റെ മൗലികമായ ഭാഷ ഗ്രീക്കാണ്. എന്നാൽ ഇത് വ്യതിരിക്തമായതോ, കറയറ്റതോ അല്ല. ചില വാചകങ്ങൾ ഭാരിച്ചതാണ്. ചില വാക്കുകൾ പതിവായി കേൾക്കുന്നവയല്ല. ചില പദപ്രയോഗങ്ങൾ അവയുടെ വൈകല്യംകൊണ്ട് വേറിട്ട് നിൽക്കുന്നു. ഒരു സാഹിത്യരൂപമെന്നനിലയിൽ ഇത് എണ്ണപ്പെടുന്നില്ല.

**കാലഘട്ടം**

ഈ കൃതി എന്ന് രചിക്കപ്പെട്ടുവെന്ന് നിർണ്ണയിക്കുക അസാധ്യമാണ്. ഇതിൽ പറയുന്ന രാജാവ് ടോളമി രണ്ടാമനാണ് (ഫിലാഡെൽഫൂസ്, 285-247 ബി.സി.). അരിസ്റ്റിയാസിൽ മറ്റൊരു

പരാമർശമുള്ളത്, ഈ രാജാവിന്റെ പിതാവ് ടോളമി ഒന്നാമനെക്കുറിച്ചാണ് (ലാഗോസ്) ഇയാൾ 285-ൽ സ്ഥാനത്യാഗം ചെയ്യുകയും 283-ൽ മരണമടയുകയും ചെയ്തു. ജോസേഫൂസ് (ഏ.ഡി. 37-110) ജൂവിഷ് ആന്റികിറ്റീസിൽ ഈ രചന പരാവർത്തനം ചെയ്യുന്നുണ്ട്. ഇതിൽനിന്നു നമുക്ക് ചിന്തിക്കാവുന്നത് ഇത് രചിച്ചിട്ടുള്ളത് 250 ബി.സി.ക്കും ഏ.ഡി. 100 നും മധ്യേയാണെന്നാണ്. ഇതിനായി ചില കാലഘട്ടങ്ങൾ കൂടി കണക്കിലെടുക്കാവുന്നതാണ്. ഭൂരിപക്ഷമാളുകളും 150-100 ബി.സി. എന്ന കാലഗണനയിലാണ്.

## ചരിത്രപരവും ദൈവശാസ്ത്രപരവുമായ പ്രാധാന്യം

മേൽ സൂചിപ്പിച്ചതുപോലെ ഇതിന്റെ രചനാഘട്ടം കൃത്യമായി നിർണ്ണയിക്കുക എന്നത് വിഷമകരമാണ്.ജൂഡായിസം ഒരു പ്രത്യേക പ്രതിസന്ധിയിൽ അകപ്പെട്ടപ്പോഴുള്ള ചരിത്രപരമായ പ്രാധാന്യത്തെയാണ് ഈ രചന പരാമർശിക്കുന്നത്. യഹൂദർ ദൈവത്തിന്റെ പ്രത്യേക ജനമോ ജാതിയോ ആയി തെരഞ്ഞെടുക്കപ്പെട്ടിരുന്നുവോ? യഹൂദേതരായവരോടുള്ള ഇവരുടെ പരിഗണന എപ്രകാരമാണ്? അവർ യഹൂദേതരോടൊപ്പം വസിക്കുമോ? അതോ അവർ തങ്ങൾ പ്രത്യേക ജനപദമാണെന്നു കരുതി ജീവിക്കുമോ? ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ എന്തെങ്കിലും താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തി പരസ്പരം അംഗീകാരവും ആദരവും ക്രമീകരിച്ചിരുന്നോ? ഈ രചനയിൽ പറയുന്ന യഹൂദ നിയമത്തിനു അനുദിന ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട പ്രായോഗികത ഇതിൽ വിവരിക്കുന്നുണ്ട്. ഈജിപ്തിലും അലക്സാൻഡ്രിയായിലുമുള്ള യഹൂദർക്കുള്ള ഒരു ആഹ്വാനവുമാണിത്. ഗ്രീക്കിലേക്കുള്ള പരിഭാഷയായതുകൊണ്ട് ഇത് അവർക്കു കൂടുതൽ ബാധകമാവുകയും ചെയ്തു. ഇതുമൂലം അവർക്കു ഒരുമിച്ച് താമസിക്കുകയെന്നത് സാധ്യമായി. എന്നാൽ ഇതിനുള്ള വിഷമതകൾ കണ്ടെത്തുകയും ചെയ്തു. എന്തായാലും ഇതേ കാലഘട്ടത്തിൽ ഈ പ്രശ്നങ്ങളെ അഭിമുഖീകരിച്ചുകൊണ്ടാണ് അരിസ്റ്റിയാസ് ജീവിച്ചിരുന്നതെന്നത് ഒരു യോഗ്യതയായികാണാം. ഉദാഹരണത്തിന് വേണ്ട ക്രമീകരണങ്ങളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു. രണ്ടുതരത്തിലാണ് ഇതിലടങ്ങി യിട്ടുള്ള മുന്നറിയിപ്പ് കാണാനാവുക. ഒന്ന് - മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ കൂടുതലായി ജാഗ്രത കാണിച്ചു കൊണ്ട് അവർ പ്രത്യേക ജനപദമാണെന്ന് യഹൂദരിലെ ഒരു വിഭാഗം കരുതും. രണ്ട് - രണ്ടാമത്തെ വിഭാഗത്തിൽപെട്ട യഹൂദരാകട്ടെ ഗ്രീക്കുകാരേയും ഹെല്ലെനിസ്റ്റുകളെയും സമന്വയിപ്പിച്ചുകൊണ്ടുപോകാമെന്നു കരുതി. വിവിധ

ആചാരങ്ങളെയും സംസ്കാരങ്ങളെയും പരസ്പരം അംഗീകരിക്കുകയെന്നു പറയുന്നത് സദാചാര നീതിയാണ്.

## സാംസ്കാരികമായ പ്രാധാന്യം

പരിഭാഷയ്ക്ക് ഏതു പകർപ്പാണ് ഉപയോഗിച്ചതെന്നോ അവർ അതിനായി സ്വീകരിച്ച രീതിയെന്തെന്നോ അരിസ്റ്റിയാസ് വ്യക്തമാക്കുന്നില്ല. അരിസ്റ്റിയാസിന്റെ കത്തിന്റെ മുഴുവൻ ഭാഗത്തിൽ ചെറിയൊരു ഭാഗത്തുമാത്രമേ പരിഭാഷകരെയും അവരുടെ ജോലിയെയും കുറിച്ച് പറയുന്നുള്ളു. 1-മുതൽ 50 വരെയുള്ള വാക്യങ്ങളിൽ പരിഭാഷകരുടെ പേരുകളാണുള്ളത്. അവരുടെ യഥാർത്ഥ ജോലിയെക്കുറിച്ച് 301 മുതൽ 321 വരെയുള്ള വാക്യങ്ങളിൽ പറയുന്നു. കത്തിന്റെ മൂന്നിലൊരു ഭാഗവും ഏഴുദിവസമായി നടന്ന വിരുന്നിനെക്കുറിച്ചും അവർ ഉത്തരം നൽകേണ്ടിവന്ന ചോദ്യങ്ങളെക്കുറിച്ചും പറഞ്ഞുകൊണ്ട് വിവരണം കാടുകയറിപ്പോകുന്നു. രാജാവിൽനിന്നുള്ള സമ്മാനങ്ങളെക്കു റിച്ചും (വാക്യങ്ങൾ 51-82) പലസ്തീനയുടെ വിവരണവും മുഖ്യ പുരോഹിതന്റെ വസ്ത്രധാരണവുമെല്ലാം 83 മുതൽ 120 വരെയുള്ള വാക്യങ്ങളിലുണ്ട്.

എന്നുവരികിലും ഈ രചന പ്രധാനപ്പെട്ടതാണ്. ഈ വിഷയത്തെക്കുറിച്ച് അവശേഷിച്ചിട്ടുള്ള ഏക രേഖയാണിത്. അങ്ങനെയെങ്കിൽ ഈ രേഖയെ എങ്ങനെ പരിഗണിക്കണം? അഭിപ്രായങ്ങൾ പലതാണ്. ഗ്രീക്കുകാരെ ലക്ഷ്യംവച്ചുകൊണ്ടുള്ള യഹൂദരുടെ ക്രിസ്തുമതസംബന്ധമായ ഒരു രചനയാണിത്. ചെറിക്കോവർ (Tcherikover) അഭിപ്രായപ്പെടുന്നത് ഇത് സ്വയം പ്രതിരോധിക്കാനോ പ്രചാരണത്തിനോ അല്ലെന്നാണ്. മാത്രമല്ല, ഇത് ഗ്രീക്കുകാരെ ലക്ഷ്യം വച്ചുള്ളതുമല്ല; പകരം ലക്ഷ്യമിട്ടത് യഹൂദരായ വായനക്കാരെയാണ്. ഈ കാര്യങ്ങൾ സൂക്ഷ്മമായി രണ്ടായി വിഭജിക്കുമ്പോൾ ഇരുളടഞ്ഞതല്ല, പ്രകാശമാർന്നതായിട്ടാണ് അവ കാണുക. നാം സത്യത്തോടു അടുത്തായിരിക്കാം, പക്ഷേ നാം ലക്ഷ്യവും ഉദ്ദേശ്യവും കൂടിക്കലർന്നതായി ചിന്തിക്കണമെന്നുമാത്രം.

രചനയുടെ പശ്ചാത്തലം അലക്സാൻഡ്രിയയാണ്. പ്രബലരായ വിജാതീയ ജനപദത്തോടൊപ്പം യഹൂദർക്കു താമസിക്കേണ്ടിവന്ന നഗരമാണിത്. സംസ്കാരം, മതം എന്നീ കാര്യങ്ങളിൽ പ്രകടമായ വ്യത്യാസമുണ്ടായിരുന്നു. ജൂഡായിസവും ഹെല്ലെനിസവും തോളോടൊപ്പം ഐക്യത്തോടെ ജീവിച്ചു. പരസ്പരമുള്ള

അനുരൂപണം സാധ്യമായിരുന്നുവോ? അങ്ങനെയെങ്കിൽ അത് സംഭവിച്ചിരുന്നോ? ഈ ചോദ്യങ്ങളെല്ലാം ഉയരാം. ചില യഹൂദർ ബാബിലോണിൽ തടവിലാക്കപ്പെട്ടപ്പോൾ യഥാർത്ഥത്തിൽ ഈ ചോദ്യങ്ങൾ ഉയരുകതന്നെ ചെയ്തു. ഒരളവുവരെ പലസ്തീനിയയിലെ യഹൂദരുമായി താരതമ്യപ്പെടുത്തുമ്പോൾ ചിതറിപ്പോയ യഹൂദർ കുറേക്കൂടി വിശാല മനഃസ്ഥിതിയുള്ളവരായി. പലസ്തീനിയയിൽ ജറുസേലം ദേവാലയമായിരുന്നു യഹൂദമതത്തിന്റെ ശ്രദ്ധാകേന്ദ്രം. എന്നാൽ യഹൂദർ ചിതറിപ്പാർത്തതോടെ സിനഗോഗുകൾ അനിവാര്യമായി. എന്നിട്ടും മറ്റ് ഇടങ്ങളിൽ ചിതറിത്താമസിച്ച യഹൂദർ അവരുടെ തനിമ നിലനിർത്തുകതന്നെ ചെയ്തു. എന്നാൽ ഇങ്ങനെ ചിതറിപ്പാർക്കേണ്ടിവന്ന യഹൂദരോടൊപ്പം താമസിക്കേണ്ടിവന്ന വിജാതീയരായ ജനങ്ങൾ, അത്തരമൊരു സാമൂഹ്യപരിതഃസ്ഥിതിയിൽ പൂർണ്ണ തൃപ്തരായിരുന്നതുമില്ല. ഈ അസംതൃപ്തിയാകട്ടെ ചെറുതായി വിരോധമുള വാക്കുകയും ചെയ്തു. ഹെല്ലെനിസത്തിന്റെ ആദർശങ്ങൾക്കു സാംസ്കാരികവും മതപരവുമായ തലങ്ങളിൽ സാർവലൗകികമായ കാഴ്ചപ്പാടാണുണ്ടായിരുന്നത്. എന്നാൽ യഹൂദവിഭാഗീയതയും തങ്ങൾ പ്രത്യേക ജനപദമാണെന്ന അവരുടെ ചിന്തയും ഹെല്ലെനിസത്തിനു സഹിക്കാനാവുമായിരുന്നില്ല.

അരിസ്റ്റിയാസിന്റെ കത്തെഴുതിക്കഴിഞ്ഞ ഉടനെയാണ് അന്തിയോക്കസ് എപ്പിഫാനസിന്റെ കീഴിൽ പലസ്തീനിയയിലുള്ള യഹൂദർക്കുനേരേ അവരെ ഉന്മൂലനം ചെയ്യാനുള്ള മതപീഡനമുണ്ടാകുന്നത്. ഇതിന്റെ അലയൊലികളും ഉത്കണ്ഠയും അലക്സാൻഡ്രിയയിലും ചിതറിപ്പാർക്കുന്ന മറ്റ് യഹൂദ ജനപദങ്ങളിലുമെത്തി. കാലാകാലങ്ങളിൽ യഹൂദജനങ്ങളും വിജാതീയരും ഒരുമിച്ച് താമസിച്ച ഇടങ്ങളിലെല്ലാംതന്നെ യഥാർത്ഥത്തിൽ ഇത്തരത്തിലുള്ള പീഡനം അരങ്ങേറുകയോ അതിനുള്ള സാധ്യതയുണ്ടാവുകയോ ചെയ്തു.

അരിസ്റ്റിയാസ് ഈ അപകടം മുൻകൂട്ടി കണ്ടു. യഹൂദനിയമം ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തുന്നതോടെ ജൂഡായിസം എന്താണെന്നു യഹൂദർക്കും യഹൂദേതര ജനങ്ങൾക്കും ഗ്രഹിക്കാൻ കഴിയുമെന്നും അതുകൊണ്ട് ഈ പരിഭാഷ അസാധാരണ സംഭവമായിരിക്കുമെന്നും അദ്ദേഹത്തിനറിയാമായിരുന്നു. യഹൂദരുടെ സ്വന്തം ഭാഷകൊണ്ട് ഇത്തരമൊരു ആശയവിനിമയം സാധ്യമാകില്ലെന്നും, വിജാതീയരുടെ ഭാഷയിലേക്കുള്ള ഈ പരിഭാഷ കാലംപോലെ ജൂഡായിസത്തെ മറ്റ് ജനപദങ്ങളെ

പരിചയപ്പെടുത്താൻ ഉതകുമെന്നും അദ്ദേഹം കരുതി. യഹൂദർ ജീവിച്ചിരുന്ന വിജാതീയ ജനപദങ്ങൾക്കിടയിലും ചിതറിപ്പാർത്ത യഹൂദർ ജീവിച്ചിരുന്ന സ്ഥലങ്ങളിലും പരസ്പരം അറിയാൻ ഈ പരിഭാഷ സഹായകമാകുമെന്നും അദ്ദേഹം കണ്ടു. അതുകൊണ്ടു തന്നെ ഈ പദ്ധതിയെയും ഇത് നടപ്പിലാക്കിയവരെയും അദ്ദേഹം അഭിനന്ദിച്ചു. ഒരുപക്ഷേ ഇതൊരു അനുരഞ്ജനത്തിന്റെ ശ്രമമാണ്. തീർച്ചയായും യഹൂദരോടു പക്ഷപാതമുള്ള ഒരു നിലപാടാണി തെന്നു വിമർശിച്ചേക്കാം. എന്നു വരികിലും അടിസ്ഥാനപരമായ ആശയത്തിലും ദർശനത്തിലും ഇത് മികവ് പുലർത്തുന്നു. ഒരർത്ഥത്തിൽ അരിസ്തിയാസ് ഗ്രീക്കുകാരെയോ യഹൂദരെയോ അല്ല ലക്ഷ്യം വച്ചത്; രണ്ട് പക്ഷത്തെയുമാണ്.

# 12

## ജൂബിലികൾ

(ബി.സി. രണ്ടാം നൂറ്റാണ്ട്)

സീനായ് മലയിൽ മോശ ചെലവഴിച്ച 40 ദിവസങ്ങളുടെ വിവരണമാണ് ജൂബിലികളുടെ ഗ്രന്ഥത്തിലുള്ളത് (പുറ 24:18). ആദ്യത്തെ അധ്യായത്തിൽ ഭാവിയിൽ സംഭവിക്കാൻ പോകുന്ന തന്റെ ജനത്തിന്റെ വിശ്വാസത്യാഗത്തെക്കുറിച്ചും അവരുടെ തന്നെ വീണ്ടെടുപ്പിനെക്കുറിച്ചും മോശയോടു ദൈവം പറയുന്ന ഭാഗമാണുള്ളത്. ശേഷിച്ച അധ്യായങ്ങളിൽ (2-50) മോശയ്ക്ക് മാലാഖ നൽകിയ വെളിപാടുകളാണുള്ളത്. മാലാഖ മോശയോടു മാനവകുലത്തിനു പ്രാമുഖ്യമുള്ള ചരിത്രവും മോശയുടെ കാലം വരെയുള്ള ദൈവം തെരഞ്ഞെടുത്ത ജനത്തെക്കുറിച്ചും പറയുന്നു. പുറപ്പാട് പുസ്തകത്തിലെ ആദ്യ അധ്യായങ്ങളിൽ ഗ്രന്ഥകാരൻ പിന്തുടരുന്നത് ഇസ്രായേലിന്റെ ഈ ചരിത്രമാണ്. ബൈബിൾ പരമായ വിവരണങ്ങൾ ആവർത്തിക്കുന്ന ഗ്രന്ഥകാരൻ സ്വതന്ത്രമായി ആ വിവരണങ്ങൾ ചുരുക്കുന്നുമുണ്ട് (ഉദാ. ഫറവോയുടെ കാലത്തെ പ്ലേഗുബാധയുടെ കഥ, പുറ. 7-10 = ജൂബിലി 48:4-11). ചിലത് ഒഴിവാക്കി. (ഉദാ: എഫ്രായിമിനെയും മനാസ്സെയും അനുഗ്രഹിക്കുന്നത്,

പുറ 48:1-20) അശ്ളീലമെന്നു തോന്നുന്നത് നീക്കം ചെയ്തു (ഉദാ: അബ്രാഹാം വിദേശ ഭരണാധികാരികൾക്കു മുമ്പിൽ ഭാര്യയെ സ്വന്തം സഹോദരിയായി ചിത്രീകരിക്കുന്നത് ഉത്. 12:10-20, 20:2-7) ചിലത് വിശദീകരിച്ചു നൽകി (ഉദാ: റൂബന്റെ അടുത്ത ബന്ധുക്കളുമായുള്ള പ്രകടമായ ലൈംഗിക വേഴ്ച, ഉത്പ. 35:22 = ജൂബി 33:2-20). ചിലത് അനുബന്ധമായി നൽകി. (ഉദാ: അബ്രാഹത്തിന്റെ യൗവ്വനകാലഘട്ട കഥകൾ, ജൂബി 12:1-9, 12 f, 16-21, 25-27). ചിലപ്പോൾ സമ്പൂർണ്ണമായി ബൈബിൾ സംഭവങ്ങൾ പുനരാഖ്യാനം നടത്തി. (ഉദാ: ഇസഹാക്കിന്റെ അബിമെലക്കുമായുള്ള ഉടമ്പടി, ഉത്പ 26:23-3= ജൂബി 24:21-33).

**ജൂബിലികൾ താഴെ പറയുന്നവിധം ഇങ്ങനെ വിവരിക്കാം:**

**അധ്യായം**

| | |
|---|---|
| 1. | ആമുഖം |
| 2-4 | സൃഷ്ടിയും ആദാമിന്റെ കഥകളും |
| 5-10 | നോഹയുടെ കഥകൾ |
| 11-23:8 | അബ്രാഹത്തിന്റെ കഥകൾ |
| 23:9-32 | അബ്രാഹത്തിന്റെ മരണം സംബന്ധിച്ച മാർഗഭ്രംശ വിവരണം |
| 24-45 | യാക്കോബും കുടുംബവും |
| 46-50 | മോശയുടെ കഥകൾ |

അനതിവിദൂരഭാവിയിൽ മോശയ്ക്കുശേഷം സംഭവിക്കാനിടയുള്ള കാര്യങ്ങളെക്കുറിച്ച് രണ്ട് ഭാഗങ്ങളായി 23:9-32-ൽ ആമുഖമായി വിവരിക്കുമ്പോൾ, ഇവിടെ വിഷയത്തിൽ നിന്നുള്ള വ്യതിചലനം കാണാം. അബ്രാഹത്തിന്റെ മരണംവരെയുള്ള സംഭവവിവരണങ്ങളിൽ അബ്രാഹത്തിന്റെയും യാക്കോബിന്റെയും കഥകൾ വേർതിരിച്ചാണ് നൽകുന്നത്. ജൂബിലികളുടെ ഗ്രന്ഥകാരനാകട്ടെ, അബ്രാഹത്തിന്റെ പ്രത്യേക കരുതലും യാക്കോബിനു നൽകിയ അനുഗ്രഹവും വിവരിക്കുന്നു.

ആദാമിനെക്കുറിച്ച് പറയുന്ന അധ്യായത്തിൽ (3:1-31) ഗ്രന്ഥകാരന്റെ നൈസർഗ്ഗികമായ ശൈലിയുണ്ട്. വാക്യങ്ങൾ അൽപ്പം വലുതാക്കിയും പകർപ്പിൽനിന്ന് ചില്ലറ ഭേദഗതികൾ വരുത്തിയും ഉത്പ. 2:18-24 ലെ വിവരണം ജൂബിലികളുടെ ഗ്രന്ഥകാരൻ തന്റേതായ രീതിയിൽ വാക്യങ്ങൾ 1-7 ൽ നൽകിയിരിക്കുന്നു. ഏദൻതോട്ടത്തിലെ ആദാമിനെയും ഹവ്വായെയും ഉദാഹരണമാക്കിക്കൊണ്ട് വാക്യങ്ങൾ 8 മുതൽ 14

വരെയുള്ള ഭാഗത്ത് ശിശു ജനിച്ചതിനുശേഷമുള്ള സ്ത്രീകളുടെ ശുദ്ധീകരണത്തിന്റെ അനുഷ്ഠാനമായ ഹലാക്കാഹിനെക്കുറിച്ച് പറയുന്നു. ജൂബിലികളുടെ ഗ്രന്ഥത്തിൽ 15 മുതൽ 26 വരെയുള്ള വാക്യങ്ങളിലും പതനത്തിന്റെ പരിഷ്ക്കരിച്ച വിവരണമാണുള്ളത്. വാക്യങ്ങൾ 27 മുതൽ 29 വരെയുള്ള ഭാഗങ്ങളിൽ ബൈബിളിനോടു കൂട്ടിച്ചേർത്ത ആദാമിന്റെ പുറത്താക്കലുണ്ട്. ഉദാ: ബലിയും മൃഗങ്ങളെ നിശ്ശബ്ദമാക്കലും. വാക്യം 30f-ൽ ആദാമിനു ദൈവം നൽകിയ വസ്ത്രത്തെക്കുറിച്ച് ബൈബിളിലെ വിവരണമുണ്ട് (ജൂബി. 3:26) ഇതാകട്ടെ, നഗ്നതയ്ക്കെതിരേയുള്ള നിത്യമായ വിധിത്തീർപ്പാണ്. ഇതാണ് മനുഷ്യനെയും മൃഗത്തെയും വേർതിരിക്കുന്നതും.

നോഹയുടെ കഥകളിലാകട്ടെ, ഗ്രന്ഥകാരൻ പ്രളയത്തെക്കുറിച്ചുള്ള വിവരണം കർക്കശമായി ഹ്രസ്വമാക്കിയിട്ടുണ്ട്. കൂടാതെ ബൈബിളിൽ ഇല്ലാത്ത ചില വിവരണങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അവയിൽ ചിലത് : കാവൽക്കാരുടെ വിധി (5:6-16) ആഴ്ചകളുടെ തിരുനാൾ (6:17-22) കലണ്ടർ (6:23-28) നോഹയുടെ നിയമം (7:20-39) ലോകത്തിന്റെ വിഭജനം (8:10-9:15) മസ്റ്റെമയുടെ അരികിൽ നോഹയുടെ ഫലപ്രദമായ ഇടപെടൽ (10:1-14) ഇസ്രയേലിനു അവകാശപ്പെട്ട കാനാൻ ദേശം കീഴടക്കൽ (10:28-34)

അബ്രാഹത്തെക്കുറിച്ചുള്ള വിവരണം തുടങ്ങുന്നത് 11 f അധ്യായങ്ങളിലാണ്. ഇതിലാകട്ടെ ഹഗ്ഗാദിക് ഐതിഹാസിക കഥകൾ, യൗവ്വനകാലഘട്ടത്തിലെ അബ്രാഹമിന്റെ ധർമ്മനിഷ്ഠ, ആ നായക കഥാപാത്രത്തിന്റെ വിവേകം എന്നിവ വിവരിക്കുന്നു. അധ്യായം 19:10-22:30 ന്റെ അവസാനത്തിൽ പ്രസംഗങ്ങളും, നിയമങ്ങളും അനുഗ്രഹങ്ങളുമാണ് നൽകിയിട്ടുള്ളത്. അധ്യായങ്ങൾ 13 മുതൽ 19 വരെയുള്ള ഭാഗങ്ങളിലാണ് അബ്രാഹത്തിനു നൽകിയ വാഗ്ദാനങ്ങൾ, ഇസഹാക്കിന്റെ ജനനം എന്നിവ വിവരിക്കുക. ഉത്പ. 16:4-14-ൽ വിവരിക്കുന്ന സാറായുടെ ഹാഗാറിനോടുള്ള പരുഷമായ പെരുമാറ്റത്തിന്റെ വിശദാംശ ങ്ങളെല്ലാം ഹ്രസ്വമായിട്ടാണ് വിവരിക്കുന്നത്. ബൈബിൾപരമായ വിവരണത്തിൽ അനുബന്ധമായി ചിലത് ചേർത്തിട്ടുണ്ട്. ഉദാഹരണത്തിന് അബ്രാഹം നേരിട്ട പരീക്ഷണങ്ങൾ (17:15-18) ഉൾപ്പെടുത്തിയിരിക്കുന്നു. കൂടാതെ ദൈവത്തിന്റെ മനുഷ്യാ വതാരവും (16:15-19) അനുഷ്ഠാനപരമായ നിയമങ്ങളിലുള്ള ശ്രദ്ധമൂലം ആദ്യഫലങ്ങളുടെ തിരുനാളും (15:1 f, cf. 22:1) കൂടാരത്തിരുനാളും (16:20-31) ആചരിക്കാൻ ആവശ്യപ്പെടുന്നു. ഛേദനാചാരത്തെക്കുറിച്ചുള്ള ഒരു ദീർഘ വിവരണം വേറെയുമുണ്ട് (15:25-34).

ജൂബിലികളുടെ ഗ്രന്ഥത്തിൽ യാക്കോബാണ് നായക കഥാപാത്രം. അബ്രാഹം യാക്കോബിനെ നിരന്തരം പ്രശംസിക്കുകയും അനുഗ്രഹിക്കുകയും ചെയ്യുന്നുണ്ട് (19:17-25, 27-29; 22:10-24; 26:30). റെബേക്കാ (25:11-13; 14-23; 27:11; 35:6, 9-12). ഇസഹാക്ക് (26:22-24; 27:14-17; 35:13-17; 36:15f 4 f) തുടങ്ങിയവരെ കവിതാമയമായ വരികളിലൂടെയും (ഉദാ: 23:23; 31:15) യാക്കോബിനെ ഇസ്രായേലിനോടും സാദൃശ്യപ്പെടുത്തുന്നുണ്ട്. ഒരാളുടെ പേരിൽ നിന്നുണ്ടായതെന്ന മട്ടിൽ ഇസ്രായേലിന്റെ എല്ലാ സന്തതികളുടെ പൂർവികനായും യാക്കോബിനെ വിവരിക്കുന്നു. യാക്കോബിന്റെയും മക്കളുടെയും കഥകൾ ഫിലിസ്ത്യരോടും (24:25-33) കാനാന്യരോടും (25:1-10) അമോര്യരോടും (34:1-9) ഏദോമ്യരോടും (അധ്യായങ്ങൾ 37f) ബന്ധപ്പെടുത്തിയാണ് അവതരിപ്പിക്കുന്നത്. യാക്കോബിന്റെ നാല് മക്കൾക്കുമാത്രം പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. ജോസഫിന്റെ കഥകൾ (അധ്യായങ്ങൾ 39f, 42-45) ബൈബിളിലെതന്നെ വിവരണത്തിന്റെ ഹ്രസ്വരൂപമാണ്. അടുത്ത ബന്ധുക്കൾ തമ്മിലുള്ള ലൈംഗിക വേഴ്ചയ്ക്കുള്ള മുന്നറിയിപ്പെന്ന പോലെ റൂബന്റെ തിന്മ (അധ്യായം 33) വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. യൂദായുടെയും താമാറിന്റെയും കഥ നൽകിയിട്ടുള്ളത് അനുതാപത്തെക്കുറിച്ചും മാപ്പ് നൽകുന്നതിനെക്കുറിച്ചും ഇക്കാര്യത്തിൽ യൂദായുടെ നീതി പൂർവകമായ നിലപാടിനെക്കുറിച്ചും (41:23-28) വ്യക്തമാക്കുവാൻവേണ്ടിയാണ്. 31-ാം അധ്യായത്തിൽ യൂദായെ വീണ്ടും മാറ്റി നിർത്തി ലേവിയോടൊപ്പം അനുഗ്രഹങ്ങൾ പങ്കുവയ്ക്കുന്നുണ്ട്. ലേവിയെ 30-32 അധ്യായങ്ങളിൽ പ്രാധാന്യത്തോടെ അവതരിപ്പിക്കുന്നുണ്ട്. ജൂബിലികളുടെ ഗ്രന്ഥം രചിക്കുന്ന വേളയിൽ യൂദായും ലേവിയും പ്രധാനപ്പെട്ട ഗോത്രങ്ങളായിരുന്നു.

24-29 അധ്യായങ്ങളിലാകട്ടെ യാക്കോബിന്റെ ആദ്യകാല ജീവിതവും മെസപ്പൊട്ടാമിയയിലെ താൽക്കാലികവാസവും ബൈബിളിൽ നൽകിയിട്ടുള്ളതുപോലെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഏസാവിനേക്കാൾ യാക്കോബിനോടുള്ള റെബേക്കായുടെ പക്ഷപാതത്തെ ഗ്രന്ഥകാരൻ ന്യായീകരിക്കുന്നുണ്ട്. യാക്കോബിനെ പിതൃഭക്തിയുടെ മഹനീയ മാതൃകയായി അവതരിപ്പിക്കുമ്പോൾ ഏസാവിനെ മാതാപിതാക്കളോടു അവിശ്വസ്തത കാണിക്കുന്ന വ്യക്തിയായി ചിത്രീകരിക്കുന്നു.

ലേവിയുടെ പുരോഹിതനെന്നുള്ള ബൈബിളിലെ പാരമ്പര്യങ്ങൾ അധ്യായം 30-32-ൽ നൽകിയിട്ടുണ്ട്. 31-ാം അധ്യായത്തിൽ

യൂദാ ലേവിയുമായി അനുഗ്രഹം പങ്കിടുന്നുണ്ടെങ്കിലും മറ്റ് ഭാഗങ്ങളിലെല്ലാം ലേവിക്കാണ് പ്രാധാന്യം. 33-ാം അധ്യായത്തിൽ മിദ്രാഷിനെക്കുറിച്ച് പറയുന്നു. ഉത്പ. 35:22-ൽ റൂബന്റെ പാപത്തെക്കുറിച്ച് പറയുന്നതുപോലെതന്നെ.

അധ്യായങ്ങൾ 34-38-ൽ യാക്കോബിന്റെ യുദ്ധവിവരണമാണ് വിശദമായി നൽകിയിട്ടുള്ളത്. 34-ാം അധ്യായത്തിൽ അമോര്യരുമായുള്ള യുദ്ധവും, അധ്യായങ്ങൾ 35-38-ൽ യാക്കോബിന്റെയും ഏസാവിന്റെയും ബന്ധമെങ്ങനെ ശത്രുതയിൽ പര്യവസാനിക്കുന്നുവെന്നും ഏദോമിന്റെ പതനത്തെക്കുറിച്ചും പറയുന്നു.

ജോസഫിന്റെ കഥകൾ 39-മുതൽ 45 വരെയുള്ള അധ്യായങ്ങളിൽ ഗ്രന്ഥകാരൻ ഹ്രസ്വമായി നൽകിയിരിക്കുന്നു. മോശയുടെ പിതാവിനെക്കുറിച്ച് 46-ാം അധ്യായത്തിൽ പറഞ്ഞുകൊണ്ട് മോശയുടെ കഥയാരംഭിക്കുന്നു. ജോസഫിന്റെ ഭരണകാലത്തെ പ്രശാന്തസുന്ദരമായ അവസ്ഥയെ പിശാച് ഭൂമിയിൽ ഇല്ലാതിരുന്ന കാലമായിട്ടാണ് അവതരിപ്പിക്കുക (vss.1 f). കഠിനമായ അടിമത്തത്തിന്റെ അവസാനം അധ്യായത്തിന്റെ അവസാനത്തിൽ (vss. 14-16) വിവരിക്കുന്നു. ജോസഫിന്റെ മരണവും കാനാന്യരും ഈജിപ്തുമായുള്ള യുദ്ധവും വിവരിച്ചുകൊണ്ട് സ്ഥിതിഗതികൾ മോശമാകുന്നതായി വിവരിക്കുന്നു.

അധ്യായം 49f-ൽ മോശയുടെ കഥ സമാപിക്കുന്നു. പെസഹായെക്കുറിച്ചിട്ടുള്ള നിയമസംഹിതകളും (49) ജൂബിലികളെക്കുറിച്ചും (50:1-5) സാബത്തിനെക്കുറിച്ചും (50:6-13) ആണ് ഇവിടെ പറയുക. മോശയുടെ വ്യക്തിജീവിതം അധ്യായം 47f-ൽ തിടുക്കത്തിൽ വിവരിക്കുന്നു. അധ്യായം 48-ൽ ഉള്ളത് പഴയനിയമത്തിന്റെ പുറപ്പാട് സംഭവത്തിന്റെ പുനരാഖ്യാനമാണ്. ഇതാകട്ടെ മാസ്തെമ എന്തുകൊണ്ട് ഈജിപ്തിന്റെ സഹായം തേടിയെന്ന് വിശദീകരിക്കുന്നു.

**ഗ്രന്ഥനാമം**

ഏറ്റവും ആദ്യമായി ജൂബിലികൾ എന്ന പദം കാണുന്നത് ചാവുകടൽ ചുരുളുകളിലാണ് (CD 16. 2-4). ഇതേ ചുരുളിന്റെ ഏത്യോപ്യൻ പതിപ്പാകട്ടെ ഗ്രന്ഥനാമത്തിനു അനുയോജ്യമാംവിധം വിപുലീകരിക്കുകയുണ്ടായി. അത് ഈ രീതിയിലാണ്: 'നിയമമനുസരിച്ചുള്ള ദിവസങ്ങളുടെ വിഭജനവും അവരുടെ ആഴ്ചകളനുസരിച്ചുള്ള ജൂബിലികളുടെ വാർഷികാചരണങ്ങളും ലോകമെങ്ങും എല്ലാവർഷങ്ങളിലും പാലിക്കുവാനായിട്ടുള്ളത്.'

ഗ്രീക്ക്, സിറിയക്, ലാറ്റിൻ, പിൽക്കാലത്ത് ഹീബ്രു എന്നീ ഭാഷകളിൽ ചുരുക്കമായി ജൂബിലികളുടെ ഗ്രന്ഥം ചെറിയ ഉത്പത്തി ഗ്രന്ഥം എന്നിങ്ങനെയാണ് പരാമർശിക്കാറുള്ളത്. ഖുമ്റാൻ ചുരുളുകളിൽ വിശദമായ വിവരണത്തിന്റെ ലളിതമായ ചുരുക്കരൂപമാണ് ആദ്യകാലത്തെ ഈ ഗ്രന്ഥനാമങ്ങൾ പ്രതിനിധീകരിക്കുന്നത്. രണ്ടാമത്തെ ഗ്രന്ഥനാമമാകട്ടെ, ഗ്രന്ഥത്തിന്റെ ഉള്ളടക്കത്തെ അനുയോജ്യമായവിധം സൂചിപ്പിക്കുന്നു. ദിനവൃത്താന്തത്തിന്റെ രചയിതാവാകട്ടെ സാമുവലിന്റെ ഗ്രന്ഥത്തിലും രാജാക്കന്മാരുടെ പുസ്തകത്തിലും നിന്നുമുള്ള കുറെ സംഭവങ്ങൾ നൽകാനായി നൽകിയിട്ടുള്ളതിനു സദൃശമായി ജൂബിലികളുടെ ഗ്രന്ഥകാരനും ഉത്പത്തിപ്പുസ്തകത്തിൽ നിന്നുള്ള നിരവധി സംഭവങ്ങൾ നിയമത്തിന്റെ ശാശ്വതമായ സാംഗത്യവും കൂടുതലായുള്ള ഭക്ത്യാദരങ്ങളും പ്രകടമാക്കുവാനായി കൂട്ടിച്ചേർക്കുന്നുണ്ട്. ഉത്പത്തി ഗ്രന്ഥത്തേക്കാൾ പഴക്കമുള്ളതാണ് ഈ രചനയെങ്കിലും ഗ്രന്ഥകാരനായ ചാൾസ് ചെറിയ എന്ന നാമവിശേഷണം കാനോനികമായ രചനയിൽ ഇല്ലാത്ത മുഴുവൻ കാര്യങ്ങളും പ്രകടമാക്കാനായി ഉപയോഗിച്ചുവെന്നു പറയുന്നു.

മറ്റ് ഗ്രന്ഥനാമങ്ങളെക്കുറിച്ചുള്ള പുരാതനമായ ആധികാരിക രേഖകൾ അത്ര വ്യക്തമല്ല. സിഞ്ചെല്ലൂസ് (ക്രോണോഗ്രാഫിയ 1.5) പറയുന്നത് 'ചെറിയ ഉത്പത്തി' 'മോശയുടെ ദൈവസന്ദേശം' എന്നിങ്ങനെയും ജനങ്ങൾ പറയുമായിരുന്നുവെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ (ക്രോണോഗ്രാഫിയ 1.48) മറ്റൊരിടത്ത് 'മോശയുടെ ദൈവസന്ദേശം' എന്നുതന്നെയാണ് പറഞ്ഞിട്ടുള്ളത്. ഇതാകട്ടെ 'ചെറിയ ഉത്പത്തി' എന്ന രചനയിൽനിന്നു ഏറെ വ്യത്യസ്തവുമാണ്.

നൈസ്ഫോറസിന്റെ കാറ്റെനയിൽ (1.175) ജൂബിലിയിൽ നിന്നുള്ള ഒരു ഉദ്ധരണിയുണ്ട് (10:21). ഇവിടെ സിഞ്ചെല്ലൂസ് ചെറിയ ഉത്പത്തിയിൽനിന്നു ഏറെ വ്യത്യസ്തമായ രചനയെന്ന മട്ടിൽ മോശയ്ക്കായുള്ള ദൈവസന്ദേശം എന്നു പറയുന്നു. ഇത് ആമുഖത്തിലുണ്ട്. എച്ച്. റോൺഷ് he diatheke എന്ന പദപ്രയോഗം മോശയുടെ നിയമം എന്ന പരാമർശത്തോടെയാണ് വിശദീകരിച്ചിട്ടുള്ളത്. പുരാതനമായ നാല് കാറ്റലോഗുകളിൽ കാനോനികമായ അതിർത്തികൾ രേഖപ്പെടുത്തിയിട്ടുള്ള വയാണിവ. നൈസ്ഫോറസിന്റെ കാറ്റലോഗിലാകട്ടെ (1,100) ജൂബിലികളുടെ നാലിലൊന്നു മാത്രമേയുള്ളു.

ആദാമിന്റെ പുത്രിമാർ എന്ന ഗ്രന്ഥം ജെലാസിയൂസിന്റെയും സിഞ്ചെല്ലൂസിന്റെയും (1.7) ഡിക്രികളോടൊപ്പം ജൂബിലികളുടെ ഗ്രന്ഥത്തിലുള്ളതാണെന്നും ചെറിയ ഉത്പത്തി എന്നത് ആദാമിന്റെ ജീവിതമെന്ന പേരിലും വിളിക്കാറുണ്ടെന്നും പറയുന്നു. ജൂബിലികളുടെ ഗ്രന്ഥത്തിലെ നിശ്ചിതമായ ഭാഗങ്ങളെ ആദാമിനെ ഇതുമായി ബന്ധിപ്പിക്കാനുള്ളുവെന്നു പൊതുവേ കരുതപ്പെടുന്നു. നേരത്തെയുള്ള രചനകളിൽനിന്ന് ജൂബിലികളുടെ ഗ്രന്ഥത്തിലെ ഉൾപ്പെടുത്തിയ ചില ഭാഗങ്ങളുടെ പേരിലും ഇത്തരം ഗ്രന്ഥനാമ ങ്ങൾ രൂപപ്പെട്ടതായും പറയാം.

**മൗലികമായ ഭാഷ**

ജൂബിലികളുടെ ഗ്രന്ഥം യഥാർത്ഥത്തിൽ ഹീബ്രു ഭാഷയിലാണ് രചിച്ചിട്ടുള്ളതെന്നത് സംശയിക്കാൻ കാരണങ്ങളൊന്നുമില്ല. ആർ.എച്ച്. ചാൾസാകട്ടെ, കഴിഞ്ഞ എഴുപതു വർഷമായി ശക്തിയായി വാദിക്കുന്നത് ഈ ഗ്രന്ഥത്തിന് ഗ്രീക്കിലോ അരമായിക്കിലോ ഒരു മൂലരൂപമുണ്ടെന്നാണ്. എന്നുവരികിലും ഖുമ്റാനിലും മസാദയിലും കണ്ടെത്തിയ ചുരുളുകളുടെ ശകലങ്ങൾ ഗ്രീക്ക് ഭാഷയിലായിരുന്നുവെന്നത് ഈ വിഷയത്തിൽ കൂടുതൽ ചർച്ചയ്ക്ക് ഇടം നൽകുന്നുണ്ട്. പ്രത്യേകിച്ചും ഖുമ്റാനിൽ നിന്നു കണ്ടെടുത്ത ചുരുളുകൾക്ക് ഏറെ പ്രാധാന്യമുണ്ട്. ഏറ്റവും പഴക്കം ചെന്ന കൈയെഴുത്തു പ്രതിയാണിതെന്ന് അക്ഷരങ്ങളുടെ പ്രാചീനകാലം വ്യക്തമാക്കിക്കൊണ്ടുള്ള ഗവേഷണത്തിൽ വ്യക്തമാക്കുന്നു. ഇതനുസരിച്ച് ഈ രേഖ ഹസ്മോണിയൻ കാലഘട്ടത്തിലേതാണെന്നു കണക്കാക്കുന്നു (C 75-50 B C). ആ സമൂഹത്തിലെ പ്രബോധനങ്ങളും ജൂബിലികളുടെ ഗ്രന്ഥകാരൻ പ്രകടിപ്പിച്ച അഭിപ്രായങ്ങളും ഏറെ സമാന്തരമാണെന്നും കാണാം. ഖുമ്റാനിൽനിന്നു കണ്ടെടുത്ത കൈയെഴുത്തു പ്രതികളുടെ ഘടന അതിന്റെ യഥാർത്ഥത്തിലുള്ള സാമൂഹ്യരൂപം കൈക്കൊള്ളുന്ന കാലഗണനയിലേയ്ക്കെത്തുന്നുണ്ട്. ഇതാകട്ടെ മറ്റേതെങ്കിലും ഭാഷയിൽനിന്ന് പരിഭാഷപ്പെടുത്തിയതാണെന്നു തോന്നൽ നൽകുന്നില്ല. ഇതിന്റെ അനന്തരഫലമായി നമുക്ക് പൊതുവേ കണക്കാക്കാനാവുക, ഈ രചന ഹീബ്രു ഭാഷയിലാണെന്നാണ്.

**കാലഘട്ടം**

ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാലഗണന നടത്തുന്നതിൽ ഖുമ്റാനിൽ കണ്ടെത്തിയ ചുരുളുകൾ അതിന്റെ പരിധി വല്ലാതെ കുറയ്ക്കുന്നുണ്ട്.

ഗ്രന്ഥത്തിന്റെ കാലഗണന ഏറ്റവും പുതിയതായി തീരുമാനിക്കാൻ ഇത് സഹായകമായി. ജൂബിലികളുടെ ഗ്രന്ഥം അതുകൊണ്ടു തന്നെ താഴെപറയുന്ന സംഗതികൾക്ക് മുമ്പായി എഴുതിയിരിക്കണം;

(1) ഖുമ്റാനിൽ ചുരുളുകളുടെ ശകലത്തിലുള്ള കാലത്തിനുമുമ്പ് (2) ജൂബിലികളെ ആസ്പദമാക്കിയുള്ള കാലം. (3) ഖുമ്റാനിൽ വാസമുറപ്പിച്ച സെക്ടുകളും മക്കബായൻ പ്രസ്ഥാനവുമായുള്ള വേർപിരിയലിനുമുമ്പ്.

ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാണപ്പെട്ടതും ഖുമ്റാനിൽ കണ്ടെത്തിയതും അനുസരിച്ച് ഹാസ്മോണിയൻ കാലഘട്ടത്തിലാണ് രചന നടന്നിട്ടുള്ളത് (c. 75-50 ബി.സി.) പ്രസിദ്ധീകരിക്കാത്ത രണ്ട് ഗ്രന്ഥശകലങ്ങളുണ്ടെന്ന് വാൻഡർകാം പറയുന്നു (4Qm 16 jub a ഉം 4 Qm 17 Jub യ) ഇതിന്റെ കാലഘട്ടം എഫ്.എം. ക്രോസ് പറയുന്നത് 125-75 ബി.സി. യെന്നാണ്. അതായത് ഏകദേശം നിർണ്ണയിക്കാവുന്ന കാലഘട്ടം 100 ബി.സി. യാണ്.

ഖുമ്റാനിൽ കണ്ടെത്തിയ രണ്ട് ചുരുളുകൾ ജൂബിലികളുടെ ഗ്രന്ഥത്തിൽ ഉപയോഗിച്ചിരിക്കാം. ഡമാസ്ക്കസ് ഭരണത്തെ സംബന്ധിച്ച് (CD) മിക്ക പണ്ഡിതരും തീർച്ചയാക്കിയിട്ടുള്ളത് ജൂബിലികളുടെ ഗ്രന്ഥത്തിൽ പ്രകടമായ പരാമർശമുണ്ടെന്നാണ്. (CD 16.2-4) നേരത്തേയുള്ള ഡമാസ്ക്കസ് രേഖയുടെ കാലം 75-50 ബി.സി. യാണ്. എന്നാൽ ഇതിന്റെ ഘടനയനുസരിച്ച് ഇതിലും നേരത്തെയായിരിക്കാം. ഒരുപക്ഷേ ബി.സി. രണ്ടാംനൂറ്റാണ്ടിന്റെ അവസാനത്തിലോ ബി.സി. ഒന്നാംനൂറ്റാണ്ടിന്റെ ആരംഭത്തിലോ ആയിരിക്കാം ഇത് രചിച്ചിട്ടുള്ളത്. അതായത് ജൂബിലികളുടെ ഗ്രന്ഥം 100 ബി.സി.ക്കു മുമ്പായി രചിച്ചുവെന്നു സ്ഥിരീകരിക്കാം. ഉത്പത്തിയിലെ രഹസ്യാത്മക വിവരണത്തിലെ (1 Qap Gen) പാരമ്പര്യങ്ങളും പൊതുവായ ബൈബിൾ ടെക്സ്റ്റും ജൂബിലികളുടെ ഗ്രന്ഥത്തിലുമുണ്ട്.

ഈ രണ്ട് രേഖകളുമായി സൂക്ഷ്മാംശങ്ങളിലുമുള്ള ബന്ധം പണ്ഡിതന്മാർ ഇപ്പോഴും ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്. ഉത്പത്തിയിലെ രഹസ്യാത്മക വിവരണം ജൂബിലികളുടെ ഗ്രന്ഥകാരൻ ഉറവിടമായി ഉപയോഗിച്ചിരിക്കാം. ഉദാഹരണം : ജെ. ഫിറ്റ്സ്മെയർ അവകാശപ്പെടുന്നത് ഉത്പത്തിയിലെ രഹസ്യാത്മക വിവരണത്തിന്റെ അടിസ്ഥാനം ജൂബിലികളുടെ ഗ്രന്ഥമാണെന്നാണ്. പി. വീമാറും ജൂബിലികളുടെ ഗ്രന്ഥം ഉത്പത്തിയിലെ രഹസ്യാത്മക വിവരണത്തിനു ഉപയോഗിച്ചുവെന്ന് പറയുന്നു. ഉത്പത്തി

പുസ്തകത്തിലെ രഹസ്യാത്മക വിവരണം ഏത് കാലഘട്ടത്തിൽ എഴുതിയതാണെന്നു നിർണ്ണയിക്കുക എളുപ്പമല്ല. എന്നാൽ അതിന്റെ രചനാകാലം ബി.സി. ഒന്നാം നൂറ്റാണ്ടാണെന്നു പറയാം. ഉത്പത്തിയിലെ രഹസ്യാത്മക വിവരണത്തിനു ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാലഗണന നടത്താനോ ഡമാസ്ക്കസ് രേഖയെ സാക്ഷ്യപ്പെടുത്താനോ കഴിയില്ല. ഒന്നാം നൂറ്റാണ്ടിലെ രണ്ട് വ്യത്യസ്തരായ എഴുത്തുകാർ ജൂബിലികളുടെ ഗ്രന്ഥം ആധികാരിക ഉറവിടമാണെന്നാണ് സൂചിപ്പിക്കുന്നത്. ഈ നിഗമനത്തിനുള്ള സൂചനകളും ഏറെയുണ്ട്.

കുറേക്കൂടി നേരത്തേയായിരുന്നു രചനാകാലമെന്നു വാദിക്കുന്ന വരെ പിന്തുണയ്ക്കാൻ ഒബ്ജക്ടീവ് രീതിയിലുള്ള ചോദ്യത്തിലൂടെ യുള്ള തെളിവുകൾ അടിസ്ഥാനമാക്കാം. ജൂബിലികളുടെ ഗ്രന്ഥവും ഖുമ്റാനിലെ സെക്ടുകളുടെ സിദ്ധാന്തങ്ങളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഠിച്ച പണ്ഡിതന്മാരിൽ ഭൂരിഭാഗവും ഇവ തമ്മിലുള്ള ഇഴയടുപ്പം പ്രകടമാക്കുന്നുണ്ട്. ഇവ തമ്മിലുള്ള സാദൃശ്യം ഏറെ പ്രബലമാണ്. ദൈവശാസ്ത്രം, ആചാരങ്ങൾ, നിയമം, ഭക്ത്യാദരങ്ങൾ എന്നിവയിലെല്ലാം അനേകം സമാനത കളുണ്ട്. കൂടാതെ സാഹിത്യപരമായ അടിസ്ഥാനം വേറേ. രണ്ടും തയ്യാറാക്കാൻ ഉപയോഗിച്ച പൊതു ഔദ്യോഗിക കലണ്ടറും ഒന്നുതന്നെ. ആകെക്കൂടി വ്യത്യാസമുണ്ടെന്നു പറയുന്നത് യുഗാന്ത്യം സംബന്ധിച്ച കാര്യങ്ങളാണ് (viz. മിശിഹാ). ആചാരങ്ങൾ (ജ്ഞാനസ്നാനവും സമൂഹവിരുന്നുകളും) ദൈവശാസ്ത്രപരമായി ദേവാലയവും യുദ്ധങ്ങളും സംബന്ധിച്ച് അഭിപ്രായ ഭേദങ്ങളും. ഇക്കാര്യങ്ങൾ ബി. നോവാക്ക് ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇതാകട്ടെ ജൂബിലികളുടെ ഗ്രന്ഥം ഖുമ്റാൻ ചുരുളുകളിൽ എഴുതപ്പെട്ടിട്ടുണ്ടെന്ന വാദങ്ങൾ തിരുത്താനായിരുന്നു. ഹസിദിം അല്ലെങ്കിൽ എസ്സീൻ വിഭാഗങ്ങളിൽ നിന്ന് ഖുമ്റാനിലെ ചിലർ സെക്ടുകളിലേക്ക് പിൻവാങ്ങുന്നതിനു മുമ്പുള്ളതാണ് ജൂബിലികളുടെ ഗ്രന്ഥമെന്നു പറയാം.

## ഉറവിടം

ജൂബിലികളുടെ ഗ്രന്ഥം രചിച്ചത് പലസ്തീനിയയിൽ ജീവിച്ചിരുന്ന ഒരു യഹൂദനായിരുന്നു. നിരവധി നിരീക്ഷണങ്ങൾ ഇതിനു പിന്തുണ നൽകുന്നു. ഹീബ്രു ഭാഷയിലായതുകൊണ്ട് പലസ്തീനിയയാണ് പശ്ചാത്തലമെന്നു കരുതാം. സമകാലികരാ യിരുന്ന ആരും ഹീബ്രു ഭാഷയിൽ പ്രാവീണ്യമുള്ളവരായിരുന്നില്ല. പിതാവായ അബ്രാഹംപോലും ഹീബ്രു പഠിക്കണമെന്ന്

രചയിതാവ് പറയുന്നുണ്ട്. എന്നുവരികിലും തിരുലിഖിതങ്ങൾ പഠിക്കാൻ ഹീബ്രുവിൽ പരിജ്ഞാനമുണ്ടാകണമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു (12:25-27). പലസ്തീനിയൻ ബിബ്ലിക്കൽ ടെക്സ്റ്റാണ് അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. ഈ രചനയിലെ ബാഹ്യമായ ചിലത് ഖുമ്റാൻ ചുരുളുകളിൽ കണ്ടെത്തുകയുണ്ടായി (CD). ജോർദ്ദാനിൽനിന്ന് കടൽവരെയുള്ള ലെബനോൺ ദേശത്തെ അദ്ദേഹം പ്രത്യേകമായി പ്രശംസിക്കുന്നുണ്ട്. (10:29) ജെറുസലെം പരിശുദ്ധമാണ് (1:28). ഭൂമിയുടെ നാഭീ ഭാഗമാണ് സിയോൺ (8:19) 8 മുതൽ 10 വരെയുള്ള അധ്യായങ്ങളിലാകട്ടെ ലോകത്തിന്റെ ഭൂമിശാസ്ത്രം സംബന്ധിച്ച് അദ്ദേഹത്തിന് തീരെ വിജ്ഞാനമില്ലെന്നു പറയേണ്ടിവരും. കൂടുതൽ അറിയേണ്ട ഹാമിനെക്കുറിച്ചും യാഫെത്തിനെക്കുറിച്ചും അറിഞ്ഞിരിക്കേണ്ട അദ്ദേഹത്തിന്റെ വിവരണം ഷേം  എന്നിടത്ത് ചുരുങ്ങിപ്പോകുന്നുണ്ട്. ജോർദ്ദാൻ മുതൽ കടൽവരെയുള്ള ദേശമാണ് അദ്ദേഹത്തിനു കാനാൻ. ഇതാണ് ഭൂമിശാസ്ത്രപരമായി അദ്ദേഹത്തിന്റെ ഏറ്റവും ഉന്നതമായ അറിവ്. ഏത്യോപ്യൻ ടെക്സ്റ്റിൽനിന്ന് ഉദ്ധരിച്ചതുകൊണ്ടാകാം പല സ്ഥലനാമങ്ങളും തെറ്റായി നൽകിയിരിക്കുന്നു. പുരാതന കാനാനിലെ പല നഗരങ്ങളുടെയും പട്ടണങ്ങളുടെയും പേരുകളിൽ പലതും പണ്ഡിതന്മാർ വീണ്ടും കണ്ടെത്തേണ്ടിവന്നു.

പുരോഹിതന്മാരുടെ കുടുംബത്തിൽപെട്ട ഒരാളായിരിക്കണം ജൂബിലികളുടെ ഗ്രന്ഥകാരൻ. തിരുനാളുകളുടെ ഉത്ഭവം, വിശുദ്ധദിനങ്ങളുടെ നിർണ്ണയം, ആചാരങ്ങളിലുള്ള നിരന്തരമായ ഉത്കണ്ഠ (21:7-18) തുടങ്ങിയ കാര്യങ്ങളിലുള്ള പ്രത്യേക ശ്രദ്ധയാണ് രചയിതാവ് പുരോഹിതകുടുംബത്തിൽപെട്ടയാളാണെന്ന സൂചന നൽകുന്നത് (21:7-18). ഉത്പത്തിയുടെ പുസ്തകത്തിൽ അദ്ദേഹം കൂട്ടിച്ചേർത്ത ഭാഗങ്ങളിലാകട്ടെ യാക്കോബിന്റെ മക്കളേക്കാൾ പ്രാധാന്യം നൽകുന്നത് ലേവിക്കാണ് (അധ്യായങ്ങൾ 30-32). ഇതാകട്ടെ, യൂദായെക്കാൾ മുമ്പിലായിട്ടാണു താനും (31:12f). ലേവിയെയാണ് ഗ്രന്ഥാലയം മുഴുവനായി ഏൽപ്പിക്കുന്നതും (45:16) ഈ ഗ്രന്ഥങ്ങളിൽ യാക്കോബിനു നൽകപ്പെട്ട സ്വർഗീയജ്ഞാനത്തെക്കുറിച്ചുള്ള വിവരണവും ഉൾപ്പെടും (32:21-26). നേരത്തേയുള്ള പിതാക്കന്മാർ കൈമാറിയ വിശുദ്ധമായ കീഴ്വഴക്കങ്ങളും ഇതിലുണ്ട്. ലേവിക്കു നൽകിയിരുന്ന ചുമതല ഗ്രന്ഥങ്ങൾ സൂക്ഷിക്കുകയും അവ കാലാനുസൃതമായി പരിഷ്കരിക്കുകയും ചെയ്യണമായിരുന്നു. ഏതെങ്കിലും സ്ഥലത്ത് തന്റെ ഉപജീവനമാർഗം എങ്ങനെയായിരുന്നുവെന്നു പറയണമെന്നുണ്ടെങ്കിൽ അതിവിടെ കാണാനാകും. ലേവിവരെയുള്ള പഴയകാല

രചയിതാക്കളുടെ ഇടമുറിയാത്ത ശൃംഖലയിൽ അദ്ദേഹവും ഭാഗമായിരുന്നു. പൂർവിക ഗ്രന്ഥങ്ങളുടെ പുതിയ കോപ്പി തയ്യാറാക്കുക മാത്രമല്ല, അവ പരിഷ്കരിക്കാനുള്ള അനുമതിയും അദ്ദേഹത്തിനുണ്ടായിരുന്നു. പഴയകാല പാരമ്പര്യങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുവാനാണ് അദ്ദേഹത്തെ നിയോഗിച്ചിരുന്നത്.

**ചരിത്രപരമായ പ്രാധാന്യം**

മോശയുടെ കാലത്തിനുമുമ്പുള്ള ലോകചരിത്രമാണ് ജൂബിലികളുടെ ഗ്രന്ഥത്തിലുള്ളത്. ബൈബിൾപരമായ രചനകൾ ഉൾപ്പെടുന്നുവെന്നതല്ലാതെ വിശ്വസനീയമായ വിവരങ്ങൾ ഇതുസംബന്ധിച്ച് ലഭ്യമല്ല. ഗ്രന്ഥകാരന്റെ സങ്കല്പങ്ങളും സമകാലിക ചരിത്രവും ആധാരമാക്കിയാണ് ഇതെല്ലാം രചിച്ചതെന്ന് ഇത് അർത്ഥമാക്കുന്നില്ല. മുൻകാലത്തെ ഉറവിടങ്ങൾ അദ്ദേഹം ഇതിനായി ഉപയോഗിച്ചിരിക്കാമെന്നത് പ്രകടമാണ്. നിർഭാഗ്യകരമെന്നു പറയട്ടെ. അവയെല്ലാം ഗോത്രത്തലവന്മാരുടെ ശൈലിയിൽ ക്രമം മാറ്റിയാണ് സജ്ജീകരിച്ചിട്ടുള്ളത്. അമോര്യരും ഏദോമ്യരുമായിട്ടുള്ള യുദ്ധം മക്കബായക്കാരുടെ യുദ്ധത്തിന്റെ പശ്ചാത്തലത്തിൽ പുനരാഖ്യാനം ചെയ്തിരിക്കുകയാണ് ഗ്രന്ഥകാരൻ. ഇതിലാകട്ടെ ചരിത്രാതീതകാലത്തെ ബൈബിൾ പരമായ പാരമ്പര്യങ്ങളും ഉൾപ്പെടും. ജൂബിലികളുടെ ഗ്രന്ഥത്തിൽ സമ്പൂർണ്ണമായും അവ ഗോത്രത്തലവന്മാരുടെ കാലഘട്ടത്തിലാക്കി പുനരാവിഷ്ക്കരിച്ചിട്ടുണ്ട്. ഇതുകൊണ്ട് യഥാർത്ഥ ചരിത്ര സംഭവമെന്ന നിലയിൽ ഒരിക്കൽ അവയ്ക്കുണ്ടായിരുന്ന സ്ഥാനം ഇരുളടഞ്ഞതാകുകയോ നഷ്ടപ്പെടുകയോ ചെയ്തിട്ടുമുണ്ട്.

ഗ്രന്ഥകാരൻ ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ സാക്ഷ്യമെന്ന നിലയിൽ ഈ ഗ്രന്ഥത്തിനു ഏറെ പ്രാധാന്യമുണ്ട്. ജൂബിലികളുടെ ഗ്രന്ഥത്തിന്റെ യഥാർത്ഥ കാലഗണന സാധ്യമായിരുന്നുവെങ്കിൽ ബി.സി. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ ജീവിച്ചിരുന്ന ഹാസിദിമുകളുടെ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ പഠനങ്ങൾക്കു ഏറെ സഹായകമായ ഒരു യഥാർത്ഥ ഉറവിടമായി മാറിയേനെ. ഉദാഹരണത്തിനു അന്തിയോക്കസ് നാലാമന്റെ ചില നയങ്ങൾക്കെതിരേയുള്ള യഹൂദരുടെ പ്രതികരണമെന്തായിരുന്നുവെന്നു ഇതിൽനിന്നു ഗ്രഹിക്കാൻ കഴിയുമായിരുന്നു. മക്കബായരുടെ ഒന്നാം പുസ്തകത്തിൽ യഹൂദരോടു അവരുടെ വിശ്വാസങ്ങൾ ത്യജിച്ച് തങ്ങളോടൊപ്പം ചേരാൻ നിർദ്ദേശിക്കുന്ന അന്തിയോക്കസ് നാലാമനെയാണ് കാണാനാവുക. ഈ യഹൂദർക്കു

ഒരു കായികാഭ്യാസക്കളരി സ്ഥാപിക്കാനും പരിച്ഛേദനത്തിന്റെ അടയാളങ്ങൾ മായ്ച്ചു കളയാനും അങ്ങനെ വിജാതീയർക്കു സദൃശരാകാനും ചക്രവർത്തി അനുമതി നൽകുന്നുണ്ട് (1 മക്ക 1:14 f). ഈ രണ്ട് തിന്മകളും ജൂബിലികളുടെ ഗ്രന്ഥത്തിൽ കർക്കശമായി വിമർശിക്കുന്നുണ്ട് (3:31; 15:33f). ജൂബിലികളുടെ ഗ്രന്ഥകാരൻ ഉൾപ്പെട്ട സമൂഹത്തെ പ്രകോപിപ്പിക്കുന്ന മറ്റ് പല നടപടികളും അന്തിയോക്കസ് നാലാമൻ സ്വീകരിക്കുകയുമുണ്ടായി. രാജാവിന്റെ കല്പനകൾ നിഷ്ക്കളങ്കരുടെ രക്തം വീഴ്ത്താൻ ഇടയാക്കി (1 മക്ക 1:37; cf. jub 7:23-29). രാജാവ് ബലികൾ നിരോധിച്ചതും (1 മക്ക1 :45 cf. jub 32:4-22) സാബത്തിനെയും തിരുനാളുകളെയും അവൻ അനാദരിച്ചതും (1 മക്ക 1:46, cf jub 23:19; 6:37) പരിച്ഛേദനകർമ്മം നിരോധിച്ചതും (1 മക്ക 1: 47; cf jub 15:24-29) ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കിയതും (1 മക്ക 1:56; C f. jub 45:16) ഇവിടെ പരാമർശിക്കുന്നുണ്ട്.

ബി.സി. 161-നും 140നും മധ്യേയായിരുന്നു ജൂബിലികളുടെ രചനാകാലമെങ്കിൽ ക്രിസ്തു ജനിക്കുന്നതിനുതൊട്ടുമുമ്പ് യൂദായിൽ ശക്തി പ്രാപിച്ച മതവിഭാഗക്കാരുടെ പരിണാമം പഠിക്കാൻ ഇത് സഹായകമായിരുന്നു. ഖുമ്റാനിലെ സെക്ടുകളും മറ്റ് ചില രചനകളുമായുള്ള ബന്ധം എഫ്.എം. ക്രോസ് താഴെ കാണുന്ന വിധത്തിലാണ് വിശദീകരിച്ചിട്ടുള്ളത്.

*ദൈവശാസ്ത്രം, സാങ്കേതിക സംജ്ഞാശാസ്ത്രം, കലണ്ടറിലെ പ്രത്യേകതകൾ, പുരോഹിതരുടെ താൽപര്യങ്ങൾ എന്നിവയുമായി ഹെനോക്ക്, ജൂബിലികൾ, ലേവിയുടെ നഫ്ത്താലിയുടെയും നിയമങ്ങൾ എന്നിവ സംബന്ധിച്ച് ഖുമ്റാനിൽ കണ്ടെത്തിയതും ഖുമ്റാനിലെ സെക്ട്പരമായ പ്രവൃത്തികളും തുലനം ചെയ്യുമ്പോൾ, ക്രമപ്രകാരമുള്ളതും, പാരമ്പര്യത്തിന്റെ ഒരേ ചരടിൽ വയ്ക്കാവുന്നതുമാണ്.*

പാരമ്പര്യത്തിന്റെ ചരടിൽ എന്ന ജൂബിലികളുടെ ഗ്രന്ഥത്തിലെ പദപ്രയോഗം പ്രോട്ടോ എസ്സീൻ സമൂഹങ്ങൾ (ഹാസിദിക് എന്നാവാം) മറ്റ് സ്ഥലങ്ങളിലും ക്രോസ് ഉദ്ധരിച്ചിട്ടുണ്ട്. നേരത്തേയുള്ള റബ്ബിനിക് സമീപനങ്ങളിലും ജൂബിലികളുടെ ഗ്രന്ഥത്തിലും സമാന്തര പരാമർശങ്ങളുണ്ട്. ഗ്രന്ഥകാരൻ ഒരു ഫരിസേയനും പാരമ്പര്യവാദിയുമാണെന്ന ചാൾസിന്റെ വിധിത്തീർപ്പിനോടു നമുക്ക് യോജിക്കാനാവില്ല. എന്നാൽ അദ്ദേഹത്തിന്റെ വീക്ഷണം യുക്തിരഹിതവുമല്ല. ഫരിസേയരുടെ വിഭാഗത്തിൽപെടുന്ന സമൃദ്ധമായ സാഹിത്യമെന്നു ജൂബിലികളുടെ

ഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ ഖുമ്റാനിൽ കണ്ടെടുത്ത ഗ്രന്ഥശാലയിൽനിന്നുള്ളവയെ അടിസ്ഥാനമാക്കി ചിന്തിക്കാമായിരുന്നു. കാരണം, മക്കബായരുടെ കാലഘട്ടത്തിലുള്ള ഹസിദിക് പ്രസ്ഥാനവുമായി ഫരിസേയർക്കു ആഭിമുഖ്യമുണ്ടായിരുന്നു. അതുകൊണ്ടാവാം ജൂബിലികൾക്കും ഫരിസേയരുടെ നേരത്തേയുള്ള രചനകൾക്കും തമ്മിൽ ബന്ധമുള്ളതായി തോന്നുന്നത്. നൂറുവർഷം മുമ്പ് ഫരിസേയരും എസ്സീനുകളും തമ്മിൽ കർക്കശമായ വേർതിരിവുണ്ടായിരുന്നില്ല. അതുകൊണ്ടുതന്നെ പ്രോട്ടോ എസ്സീനുകളുടെ നിലപാട് ജൂബിലികളുടെ ഗ്രന്ഥത്തിൽ വ്യക്തമായി പ്രതിഫലിക്കുന്നു. സമരിറ്റൻ വിഭാഗങ്ങളുമായി നേരത്തേയുള്ള ഏനോക്കിന്റെ ഗ്രന്ഥങ്ങൾക്കും തമ്മിലുള്ള ബന്ധം ഇവിടെ പ്രകടമാണ്. ഇതാകട്ടെ മക്കബായൻ കാലഘട്ടത്തിൽ ഹാസിദിമിന്റെ തുറവിയും സമരിറ്റൻ വിഭാഗങ്ങളുടെതന്നെ സ്വാധീനവും ചില രസകരമായ ചോദ്യങ്ങൾ ഉയർത്തുന്നുമുണ്ട്.

**ദൈവശാസ്ത്രപരമായ പ്രാധാന്യം**

ജൂബിലി ഗ്രന്ഥങ്ങളുടെ ദൈവശാസ്ത്രത്തെക്കുറിച്ച് നിരവധി മികച്ച ചർച്ചകളുണ്ട്. ഇതിൽ ഏറ്റവും മികച്ചത് എം. തെസ്തൂസിന്റേതാണ്. ജൂബിലികളുടെ ഗ്രന്ഥങ്ങളിലെയും ഖുമ്റാൻ ചുരുളുകളിലെയും ദൈവശാസ്ത്രപരമായ സമാന്തര സ്വഭാവം കാണാൻ കഴിഞ്ഞിട്ടുള്ള വ്യക്തിയായതുകൊണ്ട് നേരത്തേയുള്ള പഠനങ്ങൾക്കപ്പുറത്തേക്ക് അദ്ദേഹത്തിന്റെ കണ്ണുകളെത്തിയെന്നു പറയാം. യുഗാന്ത്യത്തെക്കുറിച്ചുള്ള ജൂബിലികളുടെ ഗ്രന്ഥങ്ങളിലെ കാര്യങ്ങൾ ജി. ദാവെൻ പോർട്ട് അവതരിപ്പിച്ചിട്ടുള്ളതും പ്രധാനമെന്ന് കണക്കാക്കാം. ഈ പഠനത്തിലൂടെ വ്യക്തമാകുന്നതു ജൂബിലികളുടെ ഗ്രന്ഥകാരന് തന്റെ ജീവിതകാലത്തിന പ്പുറമുള്ള കാര്യങ്ങളിൽ വലിയ താൽപര്യമില്ലെന്നാണ്. ഭാവിയിൽ വരാനിരിക്കുന്ന മിശിഹായെക്കുറിച്ച് വിവരിക്കാനും ഗ്രന്ഥകാരൻ സന്നദ്ധനല്ല. അതുകൊണ്ടുതന്നെ മെസയാനിക് കാലത്തെക്കുറിച്ചോ ജീവിതാനന്തരം എന്തുസംഭവിക്കുമെന്നോ വിശദമായി നൽകാനും ഗ്രന്ഥകാരൻ മുതിരുന്നില്ല. ജൂബിലികളുടെ ഗ്രന്ഥങ്ങളിൽ യുഗാന്ത്യപരമായ വാക്കുകളെന്നു പറയുന്നത് ദൈവം സ്വന്തം ജനങ്ങളുമായി യഥാവിധിയുള്ള ബന്ധം വീണ്ടെടുക്കുമെന്നാണ്. ഇതാകട്ടെ വായനക്കാരോടു അനുസരണം പാലിക്കാൻ ആവശ്യപ്പെടുന്നതാണ്. ഖുമ്റാൻ ചുരുളുകളിൽ ചിതറിക്കിടക്കുന്ന പുതിയ വിവരങ്ങളനുസരിച്ച് യുഗാന്ത്യപരമായ വരികൾ വ്യാഖ്യാനിക്കുമ്പോൾ കരുതലോടെയാണ് അതിനെ സമീപിക്കുക.

ജൂബിലികളുടെ ഗ്രന്ഥങ്ങളിൽ നേരത്തേ നടന്ന ദൈവശാസ്ത്ര പരമായ ചർച്ചകൾ വായിക്കുന്നത് പ്രയോജനപ്പെടാം. ഇപ്പോഴുള്ള രചനകളിൽ ഏറ്റവും ഹ്രസ്വമായ രൂപമാണുള്ളത്.

പഴയനിയമത്തിലെ ദൈവത്തിന്റെ ശക്തി, മഹത്വം, പ്രതാപം, ജ്ഞാനം, നീതി, സൃഷ്ടിപരത, അനുകമ്പ അല്ലെങ്കിൽ ക്രോധം പൊതുവേ ജൂബിലികളുടെ ഗ്രന്ഥകാരൻ തന്റെ വായനക്കാരുമായി പങ്കുവയ്ക്കുന്നു. ഒരു ധർമ്മദേവൻ, തന്റെ ജനങ്ങളോടു നീതിയോ ടെ തന്നെ സേവിക്കാൻ ആഹ്വാനം ചെയ്യുന്നപോലെയാണത്. ഇസ്രായേലിനോടുള്ള ദൈവത്തിന്റെ ശ്രദ്ധ മറ്റ് രാജ്യങ്ങളുമായി തുലനം ചെയ്യുമ്പോൾ രണ്ടാം ഏശയ്യയുടെ ജനതകളുടെ പ്രകാശം (ഏശ 42:6) എന്ന പരാമർശത്തോടു ചേർന്നതാണ് ഗ്രന്ഥകാരന്റെ കാഴ്ചപ്പാട്. അതല്ലെങ്കിൽ നിനെവേയിലേക്കുള്ള യോനായുടെ ദൗത്യമാകാം. വിജാതീയരുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിഷിദ്ധമാണെന്നു പറഞ്ഞ ദിനവൃത്താന്തകാരന്റെ നിലപാടുമാവാം. ചരിത്രത്തിൽ ദൈവത്തിന്റെ നിയന്ത്രണത്തെ ക്കുറിച്ച് വിവരിക്കുമ്പോൾ ചില അർത്ഥഭേദങ്ങൾ ഗ്രന്ഥകാരൻ അവതരിപ്പിക്കുന്നുണ്ട്. ഇതാകട്ടെ ശരിയായി പറഞ്ഞാൽ നയിക്കുന്നത് നിയതിവാദത്തിലേക്കാണ്. ഗ്രന്ഥകാരൻ കരുതുന്നത് മനുഷ്യർ ഒരേസമയം തങ്ങളുടെ പാപങ്ങളുടെ പേരിൽ കുറ്റക്കാരും, സ്വതന്ത്രരുമായിരിക്കുമെന്നാണ്. എന്നുവരികിലും ഒന്നാം അധ്യായത്തിലെ പ്രവാചക വചനങ്ങൾ ദൈവത്തിന്റേതാണെന്നും, അവ പ്രവാചകരുടെ സ്വന്തമല്ലെന്നും ഗ്രന്ഥകാരൻ അഭിപ്രായപ്പെടു ന്നു. ദൈവത്തെക്കുറിച്ചുള്ള വചനങ്ങൾ അതിനാൽ തന്നെ അനിവാര്യമല്ല. എന്നാൽ ഭാവിയെക്കുറിച്ച് ദൈവത്തിന്റെ അറിവിനെ ഒഴിവാക്കാനുമാവില്ല. സ്വർഗീയ ഫലകങ്ങളിൽ ഇത്തരം ചില പ്രവചനങ്ങൾ രേഖപ്പെടുത്തിയിട്ടുമുണ്ട് (5:13). ഇവ സൂചിപ്പിക്കു ന്നത് സംഭവങ്ങളുടെ ക്രമാനുഗതമായ വിവരണമാണ്. ലോകത്തി ലെ തിന്മയുടെ ശക്തികളെ ക്രമപ്പെടുത്തിയിട്ടുള്ളതും ദൈവമാണ്. നോഹയുടെ കാലത്തു പിറവിയെടുത്ത പത്തിലൊന്നു പിശാചു ക്കളും മസ്തെമയിൽ ഉണ്ടായിരുന്നു (10:9). കർത്താവിന്റെ ഹിതമാ യിരിക്കാം അത് (48:15)

ജൂബിലികളുടെ ഗ്രന്ഥകാരൻ പറയുന്നത് ദൈവത്തിന്റെയും മനുഷ്യന്റെയും മധ്യേ മാലാഖമാരെയും പിശാചുക്കളെയും അവതരിപ്പിച്ചിട്ടുണ്ടെന്നാണ്. ഈ തലത്തെ സംബന്ധിച്ചിടത്തോളം ഗ്രന്ഥകാരൻ ഊഹിക്കുന്നത് ഏറെ ദൈർഘ്യമേറിയ ചരിത്രമാണ്. അദ്ദേഹത്തിന്റെ വിവരണമനുസരിച്ച് അശുദ്ധാത്മാക്കളുടെ

രാജകുമാരനു മസ്തെമ = സാത്താൻ എന്ന പേര് നൽകിയിരിക്കുന്നു. മാലാഖമാരെ പദവികളനുസരിച്ച് തിരിച്ചിരിക്കുന്നു. രണ്ടുതരത്തിലുള്ള പദവികളാണ് ഇവർക്കുള്ളത്. സാന്നിധ്യത്തിൽ മാലാഖമാരും പരിപാവനമായ മാലാഖമാരും. ഇവർ ജന്മനാ പരിച്ഛേദനം നടത്തിയവരാണ് (15:27). അതുകൊണ്ടുതന്നെ ഇസ്രായേലിന്റെ എല്ലാ ആചാരങ്ങളിലും തിരുനാളുകളിലും സാബത്ത് വിശ്രമ വേളയിലും അവർക്കു പങ്കെടുക്കാം. (2:18) ലോകം ഏഴാംദിനത്തിൽ ശ്രദ്ധ കൊടുക്കാതിരിക്കേ, ദൈവം അൽപം മാത്രം ദൈവദൂത സ്പർശമുള്ള കാറ്റ്, ഇരുട്ട്, മഞ്ഞ്, ചൂട് എന്നിവ സൃഷ്ടിച്ചു (2:2). കാവൽക്കാരെന്ന മട്ടിലുള്ള മാലാഖഗണവും, മനുഷ്യർക്ക് നല്ലകാര്യങ്ങൾ ചെയ്യാൻ നിർദ്ദേശിക്കുന്ന മാലാഖമാരുടെ ഗണവുമുണ്ട് (4:15). അവർ ദുഷിച്ചുപോയതിനുശേഷം മനുഷ്യരുടെ പുത്രിമാരോടൊത്തു ശയിക്കുകയും, അവർ രാക്ഷസന്മാരെ പ്രസവിക്കുകയും ചെയ്തു (7:21 f) നോഹയുടെ പുത്രന്മാരിലേക്കു പടർന്ന തിന്മയുടെ പിശാചുക്കൾക്ക് ജന്മമേകിയത് ചില കാവൽ മാലാഖമാരായിരുന്നു (10:1-6).

ലോകത്ത് മാലാഖമാർക്കും അശുദ്ധാത്മാക്കൾക്കും ചില ജോലികൾ ചെയ്യാനുണ്ട്. ദൂതരായ ആത്മാക്കൾ ലോകത്തിലെ പ്രകൃതിയുടെ ശക്തികളെ നിയന്ത്രിക്കുന്നു (2:2f). നല്ല മാലാഖമാർ മനുഷ്യർക്കു നൈപുണ്യമേകുന്നു (3:15; 12:26f). മാത്രമല്ല, അവർ മനുഷ്യരെ ദൈവഹിതമറിയിക്കുന്നു (12:22). അവരെ പരീക്ഷിക്കുന്നു (19:3). മനുഷ്യരുടെ പാപങ്ങൾ ദൈവത്തെ അറിയിക്കുന്നു (4:6). ഭാവിയിൽ സംഭവിക്കാനിരിക്കുന്നത് പ്രവചിക്കുന്നു (16:1-4,16). ബ്രഹ്മാണ്ഡസംബന്ധിയായ ജ്ഞാനം വെളിപ്പെടുത്തുന്നു (4:21) തിന്മയുടെ ആത്മാക്കളെ ബന്ധിക്കുന്നു (10:9f) തിന്മയുടെ ശക്തികൾ ആക്രമിക്കുന്നവരെ സഹായിക്കുന്നു (48:4,13). നല്ല മാലാഖമാരെ മനുഷ്യരെ സംരക്ഷിക്കാനായും നിയോഗിക്കാറുണ്ട് (35:17). എന്നാൽ, വിജാതീയരുടെ രാജ്യങ്ങളെ തെറ്റായ വഴിയിലേക്കു നയിക്കാനും മാലാഖമാരെ നിയോഗിക്കാറുണ്ട് (15:31). കാവൽ മാലാഖമാർ യഥാർത്ഥത്തിൽ നല്ല മാലാഖമാരാണ് (4:15). അവരിൽ ചിലർ മനുഷ്യ പുത്രിമാരോടൊത്ത് പാപത്തിൽ വീഴുകയും ബന്ധിതരായി ഭൂമധ്യത്തിലേക്കു പതിക്കുകയും ചെയ്തു (5:6-11) അവരുടെ മക്കൾ രാക്ഷസന്മാരായി. പക്ഷേ മക്കളുടെ ആത്മാക്കളെ അവർ നശിപ്പിച്ചുകളഞ്ഞു (1 ഏനോ 15:8f). രാക്ഷസന്മാരായി ഭൂമിയിൽ അലയുന്ന ഇവരാണ് രോഗങ്ങൾക്കു കാരണമാകുന്നത് (10:11 f). ഇവർ മനുഷ്യരുടെ വഴിതെറ്റിക്കും (10:11f).

അവർ നരബലി ആവശ്യപ്പെടുകയും വിഗ്രഹാരാധന പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു (1:11).

പിശാചുക്കളെ സംബന്ധിച്ച ഗ്രന്ഥകാരന്റെ താൽപര്യങ്ങൾ അവയെ കൈകാര്യം ചെയ്യാനുള്ള ചില പ്രായോഗിക മാർഗങ്ങൾ നൽകുന്നുണ്ട്. ദൈവത്തിന്റെ സർവശക്തിയും നന്മയും പിശാചിന്റെ പ്രകടമായ സാന്നിധ്യത്തിൽ ഒരാൾക്കു എങ്ങനെ ദൃഢീകരിക്കാനാകും? മറ്റൊരു വാക്കിൽ പറഞ്ഞാൽ തിന്മ എവിടെനിന്നു വരുന്നു? ജൂബിലികളുടെ ഗ്രന്ഥകാരൻ തിന്മ സംബന്ധിച്ച് മൂന്നുകാര്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു : (1) അവ അതിമാനുഷരാണ്. (2) എന്നാൽ അവ ദൈവത്തിന്റെ ഹേതുവല്ല. (3) അവ മാലാഖമാരുടെ ഗണത്തിൽനിന്നു വരുന്നു. പക്ഷേ ദൈവവുമായുള്ള നല്ല ഉടമ്പടി ലംഘിച്ചവരാണവർ. മനുഷ്യകുലം നേരിട്ടുകൊണ്ടിരിക്കുന്ന പാപാവസ്ഥയ്ക്കും രോഗങ്ങൾക്കും ഗ്രന്ഥകാരൻ ആദത്തെ കുറ്റപ്പെടുത്തുന്നില്ല. തിന്മ അതിമാനുഷ തലത്തിലുള്ളതായതുകൊണ്ട് ഇവയെ പ്രതിരോധിക്കുന്നതിലും അവയുടെ ശക്തിക്കു മുന്നിലും മനുഷ്യർ നിസ്സഹായരാണെന്ന നിലപാടാണ് ജൂബിലികളുടെ ഗ്രന്ഥകാരനുള്ളത്. (10:1 f, 8) രാജ്യങ്ങളുടെ കാര്യവും അങ്ങനെതന്നെ (15:31) എന്നുവരികിലും ഇതിനു ദൈവം ഉത്തരവാദിയല്ല. ഇവിടെ ബൈബിൾപരമായ പാരമ്പര്യങ്ങൾ ആത്മവിശ്വാസത്തോടെ ഗ്രന്ഥകാരൻ പുനരാവിഷ്കരിക്കുന്നു. ഇസഹാക്കിനെ ബലികൊടുക്കാൻ അബ്രാഹത്തെ പ്രേരിപ്പിച്ചതും (17:15-18:13; cf ഉത്പ. 22:1-19) ഇസ്രായേലിനെ പിന്തുടരാൻ ഈജിപ്തിനെ പ്രേരിപ്പിച്ചതും (48:12; cf. പുറ. 14:8f) ഈജിപ്തിലേക്കുള്ള മാർഗമധ്യേ മോശയെ വധിക്കാൻ ശ്രമിച്ചതും (48:2f; പുറ. 4:24) ദൈവമല്ല മസ്തെമയാണ്. മസ്തെമയുടെ ഉറവിടം ജൂബിലികളുടെ ഗ്രന്ഥത്തിൽ ചർച്ചചെയ്യുന്നില്ല. മസ്തെമയുടെ നിയന്ത്രണ ത്തിലുള്ളവരെല്ലാം ദൈവവുമായുള്ള ഉടമ്പടി ലംഘിച്ച കാവൽ മാലാഖമാരാണ്. ആദാമിന്റെ പതനത്തിന്റെ കഥ ജൂബിലികളുടെ ഗ്രന്ഥത്തിലും ആവർത്തിക്കുന്നുണ്ട്. പ്രളയകാലത്തിനുശേഷം അതിമാനുഷരുടെയോ അർദ്ധ ദേവദൂതരുടെയോ പതനമെന്ന തലത്തിലാണ് ഇതിനെ കാണുന്നത്.

മാലാഖമാരുടെ ലോകത്തിലെ ദ്വന്ദ്വഭാവം മനുഷ്യരുടെ ലോകത്തിലും പ്രതിഫലിക്കുന്നുണ്ട്. നല്ല രാജ്യമെന്നു പറയുന്നത് ഇസ്രായേലിന്റെ മക്കളോടൊപ്പമാണ്. ദൈവം, ഒരു പിതാവിനെ പോലെ (1:28) മറ്റ് ജനപദങ്ങളെക്കാൾ ഉപരിയായി പ്രത്യേക ജനപദമായി അവരെ തെരഞ്ഞെടുത്തു (2:21). ഇവർക്കായുള്ള

അടയാളമാണ് പരിച്ഛേദനം (15:11). ഇസ്രായേലിന്റെ എല്ലാ ആഘോഷങ്ങളിലും സാബത്തിലും ദൈവത്തോടും അവന്റെ അത്യുന്നതരായ മാലാഖമാരോടും ചേർന്ന് ഇവർക്കു പങ്കെടുക്കാം. മറ്റ് രാജ്യങ്ങൾ ദൈവത്തിൽനിന്ന് അകന്നു നിൽക്കുന്നവയാണ്. ദൈവത്തിൽനിന്നു വിഭജിക്കപ്പെട്ട അവരെ നാശത്തിലേക്കു നയിക്കാനുള്ള ആത്മാക്കളെ ദൈവം നിയോഗിച്ചിട്ടുണ്ട്. ദൈവത്തിന് മാത്രമേ ഇസ്രയേൽ ഭരിക്കാനാവൂ (15:32 f). ഗുണപരമായി ഇസ്രയേൽ മറ്റ് രാജ്യങ്ങളേക്കാൾ വ്യത്യസ്തരാണ്. ഇത്തരമൊരു സന്ദർഭത്തിൽ ഇസ്രായേലിനും ചുറ്റുമുള്ള രാജ്യങ്ങൾക്കും പരസ്പരം ശത്രുതയുണ്ടാവാം. ഇതാകട്ടെ നന്മതിന്മകളുടെ സംഘർഷമായി കാണാവുന്നതാണ്. കർത്താവ് റഫായിമിനെ തിന്മയുടെ പേരിൽ നശിപ്പിച്ചു. (29:11) പിശാചുക്കളുടെ രാജകുമാരനായ മസ്തെമയാണ് ഇസ്രായേലിനെ പിന്തുടരാൻ ഈജിപ്തിനെ പ്രേരിപ്പിച്ചത് (48:12) ഇസഹാക്ക് ശപിച്ചവരാണ് ഫിലിസ്ത്യർ. നോഹയുടെ എല്ലാ പുത്രന്മാരെയുംകാൾ കാനാന്യർ ശപിക്കപ്പെട്ടവരാണ്. ഇസ്രായേലിനു അവകാശപ്പെട്ട ഭൂമി അവർ കീഴടക്കിയതാണു കാരണം (10:32) ഇസ്രയേലിന്റെ നീതിമാന്മാരായ മക്കൾ ഷെക്കെമൈറ്റ്സിനെയും (30:4-6) അമോര്യരെയും (34:1-9) ഏദോമ്യരെയും (38:1-10) നശിപ്പിച്ചു. ദൈവശാസ്ത്രപരമായ തലത്തിൽ നാം മനസ്സിലാക്കേണ്ടത് ഇങ്ങനെയാണ്. ഉടമ്പടിക്കു കീഴിൽപെടാത്ത ജനം നശിപ്പിക്കപ്പെടുകയാണ് (15:26). തീർച്ചയായും ഇസ്രായേലിന്റെ മക്കളെപോലും തിന്മയുടെ ശക്തികൾ ആക്രമിക്കാൻ സാധ്യതയുണ്ട് (48:2f). ഇത്തരം സന്ദർഭങ്ങളിൽ ദൈവത്തിന്റെ നല്ല മാലാഖമാർ അവരെ രക്ഷിക്കും (48:4). തന്റെ മാലാഖമാരോടും ആത്മാക്കളോടും ദൈവം ഇസ്രായേൽ മക്കളെ കാത്തു പാലിക്കണമെന്നു നിർദ്ദേശിക്കും (15:32). ഇസ്രായേലിന്റെ മക്കൾ പാപം ചെയ്യുമ്പോഴാകട്ടെ, അവർക്ക് അനുതപിക്കുവാനും മാപ്പ് നേടാനുമുള്ള ദിനം ദൈവം നൽകുന്നു (5:17f)

പുരോഹിതനായ ഗ്രന്ഥകാരൻ തന്റെ ദൈവശാസ്ത്രപരമായ രചന ആധികാരികമായി ഒരു മാതൃക സമർത്ഥിക്കുന്നത് സംബന്ധിച്ച യാഥാസ്ഥിതിക പദവിയിലാണ് അവതരിപ്പിക്കുന്നത്. ഇസ്രായേൽ മക്കൾ വിശ്വാസം ത്യജിച്ച കാലഘട്ടങ്ങളും അവർ നാശത്തിലേക്കു പോകുമായിരുന്ന സന്ദർഭങ്ങളും ഗ്രന്ഥകാരന് അറിയാം (1:8-11). ചിലപ്പോൾ പാപം ചെയ്തവർ അതിക്രൂരമായി പെരുമാറുകയും ഉടമ്പടിയിൽനിന്നു പുറത്താകുകയും മാപ്പ് ലഭിക്കാത്തവരായി മാറുകയും ചെയ്യും (15:34). എന്നുവരികിലും

പൊതുവായിട്ടുള്ള ഒരു തിരിച്ചുവരവ് താൻ മാതൃകയായി സമർത്ഥിക്കപ്പെട്ടതും പ്രതിനിധീകരിക്കുന്നതുമായ ഇടത്തിലേക്ക് ഉണ്ടാകു മെന്നുള്ള ചിന്തയോടെയാണ് രചന നടത്തിയിട്ടുള്ളത് (23:26). ഗ്രന്ഥകാരന്റെ പ്രതീക്ഷ സംശയലേശമെന്യേ തകർക്കപ്പെട്ടു. കലണ്ടർ സംബന്ധിച്ച ഗ്രന്ഥകാരന്റെ വാദങ്ങൾ അവഗണിക്കുക യോ തർക്കത്തിൽപെടുത്തു കയോ ചെയ്തു. ഗ്രന്ഥകാരൻ ജീവിച്ചിരുന്ന നാളുകളിൽതന്നെ കലണ്ടർ പ്രകാരമുള്ളതൊന്നും ആചരിക്കാത്തതിനുള്ള തെളിവുകൾ അധ്യായം 6:34-38 ലുണ്ട്. വിജാതീയർക്കു പറ്റിയ അജ്ഞതയും തെറ്റുകളും അവർ പിന്തുടരുകയാണെന്നായിരുന്നു ഗ്രന്ഥകാരന്റെ ആരോപണം (6:35). എന്നാൽ ഗ്രന്ഥകാരന്റെ ഉത്സവങ്ങൾ സംബന്ധിച്ചിട്ടുള്ള കാര്യങ്ങൾ അനുഷ്ഠിക്കുന്നതിനെ ആരെങ്കിലും എതിർത്തുവെന്നതിന് തെളിവൊന്നുമില്ല. ഒരു ചെറിയ ന്യൂനപക്ഷം ഉൾപ്പെട്ട സമൂഹത്തിൽ കഴിഞ്ഞതിനു ഗ്രന്ഥകാരൻ കാരണമൊന്നും പറയുന്നതുമില്ല. പിൽക്കാലത്തു മുഖ്യപുരോഹിതന്റെ പദവിക്കുവേണ്ടിയുള്ള തർക്കം പൊട്ടിപ്പുറപ്പെട്ടപ്പോൾ ചന്ദ്രനെ ബന്ധപ്പെടുത്തിയുള്ള കലണ്ടർ തർക്കം ഒഴിവാക്കാനായി നടപ്പാക്കുകയുണ്ടായി. ഇതോടെ ജൂബിലികളുടെ ഗ്രന്ഥത്തിൽ നിർദ്ദേശിച്ച കലണ്ടർ പിന്തുടരുന്നവർ ന്യൂനപക്ഷമാവുകയും ചെയ്തു. ജൂബിലികളുടെ ഗ്രന്ഥത്തിലെ ദൈവശാസ്ത്രം അന്യാദൃശമാണ്. മറ്റ് വാദഗതിക്കാരുടെ ഇതു സംബന്ധിച്ച നിലപാടുകൾ അതുകൊണ്ടുതന്നെ അംഗീകരിക്കാനുമാവില്ല. നിയമത്തിന്റെ കൃത്യമായ അനുസരണയിലേക്കും ദൈവവുമായുള്ള ഉടമ്പടിയനുസരിച്ചുള്ള വിശുദ്ധദിനങ്ങളുടെ ആചരണത്തിലേക്കും ഇസ്രായേലിന്റെ ഭക്തരായ സന്തതികളെ ആഹ്വാനം ചെയ്യുന്നതാണ് ജൂബിലികളുടെ ഗ്രന്ഥത്തിലെ ദൈവശാസ്ത്രം.

**കാനോനിക ഗ്രന്ഥങ്ങളുമായുള്ള ബന്ധം**

പഴയനിയമത്തിലെ മിക്ക പുസ്തകങ്ങളും ജൂബിലികളുടെ ഗ്രന്ഥകാരന്റെ മുമ്പിലുണ്ടായിരുന്നു. പഴയനിയമത്തിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങൾ ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്. ഉത്പത്തി 1 മുതൽ പുറപ്പാട് 24:18 വരെയുള്ള ഭാഗങ്ങളാണ് പ്രധാന ഉറവിടങ്ങളായി ഗ്രന്ഥകാരൻ ഉപയോഗിച്ചത്. നിയമപരവും ആരാധനാപരവുമായി ആദ്യത്തെ ഈ അഞ്ച് ഗ്രന്ഥങ്ങളിൽ പലസ്ഥലത്തുമായി കണ്ടെത്തിയതും ഗ്രന്ഥകാരൻ പ്രയോജനപ്പെടുത്തി. പല സ്ഥലങ്ങളിലും ഒന്നാംനിയമം (6:22; 30:12; 21, 50:6) പരാമർശിക്കുകയോ പരോക്ഷമായി സൂചിപ്പിക്കുകയോ

ചെയ്തിട്ടുണ്ട്. പഞ്ചഗ്രന്ഥിയിലെ നിയമഗ്രന്ഥമാണ് പ്രകടമായും ഈ ഗ്രന്ഥത്തോട് സദൃശമായിട്ടുള്ളത്.

ഹീബ്രു ബൈബിളായ പ്രവാചകന്മാരുടെ ഗ്രന്ഥങ്ങളും ഗ്രന്ഥകാരനു പരിചിതമാണ്. രാജാക്കന്മാർ, ഏശയ്യാ, ജറെമിയ, എസെക്കിയേൽ തുടങ്ങി അപ്രധാനികളായ പന്ത്രണ്ട് പ്രവാച കന്മാർ എന്നീ ഗ്രന്ഥങ്ങളിലെ പരിചിതമായ പലവിവരങ്ങളും ഗ്രന്ഥകാരൻ പ്രയോജനപ്പെടുത്തുന്നുണ്ട്. ജൂബിലികളുടെ ഗ്രന്ഥത്തിന്റെ പരിഭാഷയിലെ മാർജിൻ കുറിപ്പുകൾ ഉദാഹരണമായി താഴെ നൽകുന്നു.

ഹീബ്രു ബൈബിളിലെ രചനകളടങ്ങിയ ഗ്രന്ഥങ്ങൾ ഗ്രന്ഥകാരനു അത്ര പരിചിതമല്ല. ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാലഘട്ടവും ഉറവിടവും കണക്കിലെടുക്കുമ്പോൾ എസ്തേറിന്റെ ഗ്രന്ഥത്തെക്കുറിച്ച് അറിവി ല്ലെന്നു പറയേണ്ടിവരും. മാർജിനിലെ കുറിപ്പുകൾ സങ്കീർത്തനങ്ങൾ, ദിനവൃത്താന്തം (1 ദിന., 2 ദിന, എസ്രാ, നെഹെമിയ) എന്നീ ഗ്രന്ഥങ്ങളുമായി സാദൃശ്യമുള്ള വയാണ്. ജൂബിലി 17f ലെ അബ്രാഹത്തിന്റെ പ്രലോഭനങ്ങൾ ജോബിന്റെ ഗ്രന്ഥത്തിൽ കാണുന്ന മുഖ്യപ്രതിപാദ്യത്തോട് യോജിക്കുന്നതാണ്. മറ്റ് ഗ്രന്ഥങ്ങളെക്കുറിച്ച് ഗ്രന്ഥകാരന് അറിവുള്ളതായി രചനയിൽ തെളിയുന്നുമില്ല.

## മറ്റ് അപ്രമാണിക ഗ്രന്ഥങ്ങളുമായുള്ള ബന്ധം

ജൂബിലികളുടെ ഗ്രന്ഥത്തിനു അപ്പോക്രിഫൽ രചനകളുമായുള്ള ബന്ധം വിശകലനം ചെയ്യുകയെന്നത് ഏറെ ക്ലേശകരമായ ചോദ്യമായി മാറുന്നു. അപ്രമാണിക ഗ്രന്ഥങ്ങളുടെ നേരത്തേ അറിവുള്ളതും പുതിയതായി ഖുമ്റാനിൽ കണ്ടെത്തിയതുമായ ചുരുളുകളിൽനിന്ന് പല രേഖകളും വീണ്ടും വിലയിരുത്തേണ്ട തായി വന്നു. ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാര്യത്തിലാകട്ടെ, പുതിയതായി കണ്ടെത്തിയ ചുരുളുകൾ പ്രോട്ടോ - എസ്സീൻ വിഭജനത്തിനു മുമ്പുള്ള കാലഗണനയും പിന്തുണയ്ക്കുന്നതാണ്. ഹെനോക്കിന്റെയും 12 സഭാപിതാക്കന്മാരുടെയും നിയമങ്ങളും ഖുമ്റാനിൽ കണ്ടെത്തിയിരുന്നു. ഇതാകട്ടെ ഈ രേഖ സംബന്ധിച്ച് പുതിയ ചർച്ചകൾക്കു ആരംഭമിട്ടു. അവ സമ്മിശ്രങ്ങളായ രചനകളാണ്. അതുകൊണ്ടുതന്നെ അവയുടെ വേർതിരിച്ചുള്ള കാലഗണനകളും ഓരോ രചനകളെയും സംബന്ധിച്ച് ആവശ്യമായി വരാം. ഖുമ്റാനിൽ കണ്ടെടുത്ത സങ്കീർത്തന ഭാഗങ്ങളുടെ ചുരുളിൽ സ്രഷ്ടാവിനുള്ള കീർത്തനമുണ്ട്. ഏറെ പ്രസിദ്ധമായ ഉത്പത്തി

യിലെ രഹസ്യാത്മക രചനയുമുണ്ട്. ഇതാകട്ടെ നിലവിലുള്ളവയിൽ നിന്നും തികച്ചും പുതിയതാണെന്നു പറയാം. അതോടൊപ്പം തന്നെ ജൂബിലികളുടെ ഗ്രന്ഥത്തിലെ പ്രസ്തുത ഭാഗങ്ങൾ ഖുമ്റാനിൽ കണ്ടെത്തിയ ടെക്സ്റ്റുകളോടു അടുപ്പം പുലർത്തുന്നുമുണ്ട്. ജൂബിലികളുടെ ഗ്രന്ഥവുമായുള്ള ഈ അടുപ്പമാകട്ടെ, രണ്ട് ടെക്സ്റ്റുകളെ സംബന്ധിച്ചും നിശ്ചിതമായ ഒരു കാലഗണന ആവശ്യപ്പെടുന്നുണ്ട്.

ജൂബിലികളുടെ ഗ്രന്ഥം വിപുലമായ ടെക്സ്റ്റുകൾ ഉള്ളവയാണ്. ഇവയുടെ തിയതി സംബന്ധിച്ച സംശയമാകട്ടെ, ഇവ ഖുമ്റാനിലെ സെക്ട് ഉപയോഗിച്ചതോ രചിച്ചതോ എന്നതിനു കൂടുതൽ ഗവേഷണം ആവശ്യമാണ്. ഇതിനുമുമ്പായി പരസ്പരം ബന്ധപ്പെട്ട മറ്റ് രചനകളുടെ കാലഗണനയും കൃത്യമായി വ്യക്തമാക്കേണ്ടതുണ്ട്. ഖുമ്റാനിൽ കണ്ടെടുക്കപ്പെട്ട അനുബന്ധ ചുരുൾ ശകലങ്ങൾ ജൂബിലി ഗ്രന്ഥങ്ങളിലെ പലതിന്റെയും സമാന്തര പരാമർശങ്ങൾ സംശയാതീതമായി അനാവരണം ചെയ്തേക്കാം. ഇതിനാകട്ടെ അവയുടെ ബന്ധം സ്ഥാപിക്കാൻ നമുക്ക് ലഭിച്ച നിലവിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഇതിനായി കാര്യകാരണ സഹിതം നിർദ്ദേശങ്ങൾ രൂപീകരിക്കാവുന്നതാണ്.

പൊതുവേ ജൂബിലികളുടെ ഗ്രന്ഥം ഹെനോക്കിന്റെ പുസ്തകത്തെ അടിസ്ഥാനമാക്കിയതാണെന്നു സമ്മതിക്കുന്നുണ്ട്. (1 ഹെനോ) അതേ സമയംതന്നെ ഹെനോക്കിന്റെ പുസ്തകത്തിലെ പിന്നീടുള്ള ഭാഗങ്ങൾ ജൂബിലികളുടെ ഗ്രന്ഥത്തെ ആധാരമാക്കിയാണെന്നും കാണുന്നു. ഈ പ്രശ്നത്തെക്കുറിച്ച് ടി.ജി. മിലിക്കാണ് ഈയിടെ പരാമർശിച്ചത്. അദ്ദേഹം വാദിക്കുന്നത് ഏനോക്കിന്റെ പഞ്ചഗ്രന്ഥിയിലെ നാല് ഗ്രന്ഥങ്ങളാണ് ഖുമ്റാനിൽ കണ്ടെത്തിയതെന്നാണ്. ആ നാല് ഗ്രന്ഥങ്ങൾ (1) ജ്യോതിശാസ്ത്ര ഗ്രന്ഥത്തിലെ വലിയൊരു ഭാഗം (1 ഹെനോ 72-82) (2) കാവൽക്കാരുടെ ഗ്രന്ഥം (1 ഹെനോ. 1-36) (3) സ്വപ്നങ്ങളുടെ ഗ്രന്ഥം (1 ഹെനോ 83-90) (4) ഏനോക്കിന്റെ പ്രവാചക ലേഖനം (1 ഏനോ 91-108) ഈ പട്ടികയിൽ ആദ്യത്തെ മൂന്നു ഗ്രന്ഥങ്ങൾ ജൂബിലികളുടെ ഗ്രന്ഥത്തിനു മുമ്പായി രചിച്ചതാണെന്നു അദ്ദഹം പറയുന്നു. ചാൾസാകട്ടെ ജൂബിലികളുടെ ഗ്രന്ഥം മേൽപറഞ്ഞ ഗ്രന്ഥങ്ങൾ പ്രയോജനപ്പെടുത്തിയെന്ന പക്ഷക്കാരനാണ്. പ്രവാചകലേഖനത്തെ സംബന്ധിച്ചിടത്തോളം മിലിക്ക് ഊഹിക്കുന്നത് അത് ജൂബിലികളുടെ ഗ്രന്ഥത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയെന്നാണ്.

അരമായിക് ഭാഷയിലുള്ള ലേവിയുടെ അപ്രമാണിക ഗ്രന്ഥവും ലേവിയുടെ നിയമവും ജൂബിലികളുടെ ഗ്രന്ഥവും തമ്മിൽ നിലനിൽക്കുന്ന ബന്ധത്തെക്കുറിച്ച് എ. ഹാർട്ഗാർഡ് ഈയിടെ പഠനം നടത്തുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ അപ്രമാണിക ഗ്രന്ഥവും ജൂബിലികളുടെ ഗ്രന്ഥവും ഒരേ ഉറവിടത്തെയാണ് ആശ്രയിച്ചിരിക്കുന്നതെന്നാണ്. ലേവിയുടെ നിയമം എഴുതിയ ഗ്രന്ഥകാരൻ ലേവിയുടെ അപ്രമാണിക ഗ്രന്ഥം ഉപയോഗിച്ചാണ് അത് തയ്യാറാക്കിയതെന്നു അദ്ദേഹം വാദിക്കുന്നു. അതുകൊണ്ടുതന്നെ ജൂബിലികളുടെ ഗ്രന്ഥവും ലേവിയുടെ നിയമവും സമാന്തരങ്ങളായി മാറിയത് യാദൃശ്ചികമായിരിക്കില്ല. ഈ വ്യാഖ്യാനങ്ങൾ ഈ ടെക്സ്റ്റുകളെക്കുറിച്ച് നാം മനസ്സിലാക്കുമ്പോൾ ന്യായീകരിക്കാനും കഴിയും.

സങ്കീർത്തനങ്ങളുടെ ചുരുളുകളിൽ കാണപ്പെട്ട സ്രഷ്ടാവിനായുള്ള കീർത്തനം ജൂബിലികളുടെ ഗ്രന്ഥത്തിലേതിനോടു അടുത്തബന്ധമുള്ളതാണെന്നു പി.ഡബ്ല്യു. സ്ക്കെഹാൻ ചൂണ്ടിക്കാട്ടുന്നു. ഈ കീർത്തനത്തെ അടിസ്ഥാനപ്പെടുത്തി ജൂബിലികളുടെ ഗ്രന്ഥത്തിന്റെ കാലഘട്ടം രണ്ടാം നൂറ്റാണ്ടിന്റെ അവസാനത്തിലാണെന്ന മിലിക്കിന്റെ കണ്ടെത്തൽ സ്ക്കെഹാനും അംഗീകരിക്കുന്നുണ്ട്. 1956-ൽ ആവിഗാഡും യാദിനും ചേർന്ന് തയ്യാറാക്കിയ ഉത്പത്തിയുടെ രഹസ്യാത്മക വിവരണമനുസരിച്ച് അത് നേരത്തേ തയ്യാറാക്കിയതാണെന്നും ജൂബിലികളുടെ ഗ്രന്ഥമായിരുന്നു അതിന്റെ ഉറവിടമെന്നും പറയുന്നു. ഈ രണ്ട് രേഖകൾ സംബന്ധിച്ച് നമ്മുടെ അഭിപ്രായമനുസരിച്ച് ഇത് മറിച്ചാണെന്നും ചിന്തിക്കാം. അതായത് ജൂബിലികളുടെ ഗ്രന്ഥം നേരത്തേ തയ്യാറാക്കിയതാണെന്നും സ്രഷ്ടാവിനായുള്ള കീർത്തനവും ഉത്പത്തിയിലെ രഹസ്യാത്മക വിവരണവും അതിന്റെ ഉറവിടമാണെന്നും ചിന്തിക്കാം.

ജൂബിലികളുടെ ഗ്രന്ഥത്തിൽ ആശയസാമ്യം കണ്ടെത്തിയ മറ്റു ടെക്സ്റ്റുകളിൽ ജൂബിലികളുടെ ഗ്രന്ഥത്തിന്റെ നാമം രേഖപ്പെടുത്തിയ ഡമാസ്ക്കസ് രേഖ, അച്ചടക്കത്തിനായുള്ള മാനുവൽ, കീർത്തനങ്ങൾ, നാലാം നമ്പർ ഗുഹയിൽനിന്നു കണ്ടെത്തിയ ഫ്ളോറി ലെജിയും എന്നിവയുമുണ്ട്.

# 13

## ഏശയ്യായുടെ രക്തസാക്ഷിത്വവും സ്വർഗ്ഗദർശനവും

(ബി.സി. രണ്ടാം നൂറ്റാണ്ട് - എ.ഡി.നാലാം നൂറ്റാണ്ട്)

ഏശയ്യായുടെ സ്വർഗദർശനം വിവിധ ഭാഗങ്ങൾ ഉൾച്ചേർത്ത ഗ്രന്ഥമാണ്. ഒന്നാം അധ്യായം മുതൽ അഞ്ചാം അധ്യായം വരെ ഒന്നാം ഭാഗം. ആറാം അധ്യായം മുതൽ പതിനൊന്നാം അധ്യായം വരെ രണ്ടാംഭാഗം. ആദ്യഭാഗം ഏശയ്യായുടെ രക്ത സാക്ഷിത്വം എന്ന പേരിലും രണ്ടാംഭാഗം ഏശയ്യാ യുടെ ദർശനം എന്ന പേരിലും അറിയപ്പെടുന്നു. ഏശയ്യായുടെ രക്തസാക്ഷിത്വമെന്ന ഒന്നാംഭാഗ ത്തിൽ വിവിധ ഭാഗങ്ങൾ ഉൾച്ചേർത്തിട്ടുണ്ട്. 3:13-4:22 എന്ന ഭാഗം സ്വതന്ത്രമായിട്ടാണ് കണക്കാക്കുന്നത്. ചിലപ്പോൾ ഇത് ഹെസക്കിയായുടെ നിയമം എന്ന പേരിലും അറിയപ്പെടുന്നു. മുഴുവൻ ഗ്രന്ഥവും അവസാനമായി എഡിറ്റ് ചെയ്ത വ്യക്തിയുടെ വകയായി, പ്രധാനപ്പെട്ട ഈ മൂന്ന് ഭാഗങ്ങൾ കൂടാതെ നിരവധി കൂട്ടിച്ചേർക്കലും എഴുതിച്ചേർക്കലും നടത്തി യതായി കാണാം.

ഏശയ്യായുടെ രക്തസാക്ഷിത്വമെന്ന ഭാഗത്ത് (ഇവിടെ അടിസ്ഥാനമാക്കിയിട്ടുള്ളത് 1:1-3 ലും 5:1-16ലും ആണ്) സ്വർഗദർശനമാണ് ഏറ്റവും പഴക്കം ചെന്ന ഘടകം. മനാസ്സെയുടെ കരങ്ങളാൽ വധിക്കപ്പെട്ട ഏശയ്യായുടെ രക്തസാക്ഷിത്വം ഐതിഹ്യമെന്ന രീതിയിലുള്ള ഒരു യഹൂദരചനയാണ്. ഹെസക്കിയാ തന്റെ മകനായ മനാസ്സെയെ വിളിച്ചുവരുത്തുന്നതോടെയാണ് വിവരണം തുടങ്ങുക. ചില നിർദ്ദേശങ്ങൾ നൽകാനായി ഹെസക്കിയാ മകനായ മനാസ്സെയെ വിളിച്ചുവരുത്തുന്ന വേളയിൽ പിതാവായ ഹെസെക്കിയായുടെ വാക്കുകൾ ബിലെയറിന്റെ പ്രേരണയാൽ മനാസ്സെ അവഗണിക്കുമെന്ന് ഏശയ്യാ പ്രവചിച്ചതാണ് അദ്ദേഹത്തിന് മരണകാരണമായത് (അധ്യായം1). പിന്നീടുള്ള വിവരണത്തിൽ ഏശയ്യായുടെ പ്രവചനം പൂർത്തിയാവുകയാണ്. മനാസ്സെയുടെ ഭരണകാലത്തെ ദുഷ്ടതമൂലം മറ്റ് പ്രവാചകരോടും വിശ്വസ്തരോടുംകൂടെ ജറുസലേമിൽനിന്നു ബെത്‌ലെഹെമിലേക്കും പിന്നീട് മരുഭൂമിയിലുള്ള ഒരു പർവ്വതത്തിലേക്കും ഏശയ്യാ പലായനം ചെയ്യുന്നു (2:7-11). സമരിയാക്കാർ ഏശയ്യായുടെ ഒളിത്താവളം കണ്ടെത്തി. അവർ ഏശയ്യായിൽ രാജ്യദ്രോഹക്കുറ്റവും ദൈവദൂഷണവും ചുമത്തി (2:12 എ, 3:1-10). മനാസ്സെ ഏശയ്യായെ പിടികൂടുകയും (3:11f) വധിക്കുകയും (5:1-16) ചെയ്യുന്നു. വിഷയത്തിൽനിന്നു വ്യതിചലിച്ചുള്ള ഒരുവിവരണം ഇവിടെയുണ്ട് (2:12 ബി-16). ഈഭാഗത്ത് ഇമ്‌ലായുടെ പുത്രനായ മിക്കായായുടെ കഥയാണുള്ളത് (1 രാജാ 22:5-28).

ഏശയ്യായുടെ രക്തസാക്ഷിത്വത്തിനു ചിലപ്പോൾ ക്രിസ്തീയമായ കൂട്ടിച്ചേർക്കൽ എന്ന നിലയിൽ ഹെസക്കിയായുടെ നിയമം എന്നും പേരുണ്ട് (3:13-4:22) മനാസ്സെ തടവിലാക്കുന്നതിനുമുമ്പ് എന്താണ് സംഭവിക്കാൻ പോകുന്നതെന്നതിനെക്കുറിച്ചുള്ള ഏശയ്യായുടെ ദർശനമാണിവിടെയുള്ളത്. പ്രിയപ്പെട്ടവരുടെ മരണം (3:13-20) സഭയിലെ അഴിമതി (3:21-31) ബിലെയറുടെ ഭരണം (4:1-13) കർത്താവിന്റെ രണ്ടാംവരവ് (4:14-22)എന്നിവയാണ് പിന്നീടുള്ള വിവരണത്തിലുള്ളത്.

ഏശയ്യായുടെ ദർശനം (അധ്യായം 6 മുതൽ 11 വരെ) ഒരു ക്രിസ്തീയരചനപോലെയാണ്. ആമുഖത്തിൽ ഹെസെക്കിയായുടെ ഭരണകാലത്തിന്റെ ഇരുപതാം വർഷത്തിൽ രാജകീയ സദസ്സിൽ ഹാജരാകുന്നതും സ്വപ്നത്തിൽ സ്വർഗത്തിലേക്കു കൊണ്ടുപോകപ്പെടുന്നതിനെക്കുറിച്ചും വിവരിക്കുന്നു (അധ്യായം

6). ദർശനത്തിൽ (അധ്യായം 7 മുതൽ 11 വരെ) ഏഴാംസ്വർഗ്ഗം വരെയുള്ള യാത്രയെക്കുറിച്ച് (7:1–9:26) ഏശയ്യാ പറയുന്നു. ഈ വിവരണമാണ് ഏശയ്യായുടെ സ്വർഗദർശനമെന്നു പേര് ലഭിക്കാൻ കാരണം. ഏഴാം സ്വർഗത്തിൽ ഏശയ്യാ കർത്താവിനെയും പരിശുദ്ധാത്മാവിനെയും ദർശിക്കുന്നു. കർത്താവിന്റെ മഹത്വം നൊടിയിടയിൽ ഏശയ്യാ കണ്ടു. ഇവിടെ നടന്ന ആരാധനയിൽ ഏശയ്യായും പങ്കെടുക്കുന്നു (9:27–10:6). കർത്താവ് ഭൂമിയിലേക്കു വരാൻ നിർദ്ദേശിക്കുന്നത് ഏശയ്യാ കേൾക്കുന്നു (10:7–16). ഏഴ് സ്വർഗങ്ങളിലൂടെയും കർത്താവ് അവരോഹണം ചെയ്യുന്നത് ഏശയ്യാ കാണുന്നു (10:17–31) അത്ഭുതകരമായ അവന്റെ ജനനം (11:1–16) ജീവിതം, മരണം, ഉത്ഥാനം (11:17–21) വീണ്ടും കർത്താവിന്റെ സ്വർഗാരോഹണം എന്നിവയും ഏശയ്യാ കാണുന്നു (11:22–33). അധ്യായം 11–ലെ 37 മുതൽ 43 വരെയുള്ള വാക്യങ്ങളോടെ ദർശനത്തിന്റെ വിവരണവും ഗ്രന്ഥവും സമാപിക്കുന്നു.

**ഗ്രന്ഥങ്ങൾ**

ഏശയ്യായുടെ സ്വർഗദർശനം ഗ്രീക്കിലാവാം രചിച്ചിട്ടുള്ളത്. ഏശയ്യായുടെ രക്തസാക്ഷിത്വമാകട്ടെ ഹീബ്രുവിലും. പിന്നീട് ഇത് ഗ്രീക്ക് ഭാഷയിലേക്ക് പരിഭാഷപ്പെടുത്തിയിരിക്കാം. ഗ്രീക്കിലുള്ള ടെക്സ്റ്റ് വിവിധ ഭാഷകളിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട് : ഏത്തിയോപ്പിക്, ലാറ്റിൻ, സ്ലാവേനിക്, കോപ്റ്റിക് എന്നിവയാണവ. ഇതിൽ ഏത്തിയോപ്പിക് പരിഭാഷയാണ് ഏറെ പ്രാധാന്യം. സ്വർഗദർശനത്തിന്റെ മുഴുവൻ ഭാഗവും ഈ പരിഭാഷയിലാണുള്ളത്.

ഏശയ്യായുടെ സ്വർഗദർശനത്തിന്റെ ഏത്തിയോപ്യൻ പരിഭാഷ അബിസീനിയായിൽ പ്രവാചകന്റെ യഥാർത്ഥ രചനയായി പരിഗണിക്കപ്പെടുന്നു. ഇതിൽ ബൈബിളിലും അപ്രമാണിക ഗ്രന്ഥങ്ങളിലുള്ളതും ഉൾപ്പെടുത്തിയിട്ടുണ്ട്. അബിസീനിയായിൽ ക്രിസ്തുമതം പ്രചരിക്കാൻ തുടങ്ങിയ നാലാം നൂറ്റാണ്ടിലോ, അതല്ലെങ്കിൽ ആറാം നൂറ്റാണ്ടിനു മുമ്പായോ ആയിരിക്കാം ഇതിന്റെ രചനാകാലവും ഏത്തിയോപ്യൻ പരിഭാഷയും ഗ്രീക്ക് ഗ്രന്ഥവും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ മൂലരൂപത്തിലുള്ളതെല്ലാം ഏത്യോപ്പിക് പരിഭാഷയിലുണ്ടെന്നു കാണാം.

**മൗലികമായ ഭാഷ**

സ്വർഗദർശനത്തിലെ മൗലികമായ ഭാഷയെക്കുറിച്ച് പരിഗണിക്കുമ്പോൾ, രക്തസാക്ഷിത്വവും ശേഷിച്ച ഭാഗങ്ങളുമായുള്ള വ്യത്യാസം കാണേണ്ടതുണ്ട്. രക്തസാക്ഷിത്വത്തെക്കുറിച്ചു പറയുമ്പോൾ, അത്

ഹീബ്രുവിലാണ് രചിച്ചതെന്നതിനു വ്യക്തമായ തെളിവുണ്ട്. 1:1, 2:1, 3:2 എന്നീ വാക്യങ്ങളുടെ വാചകഘടന ഹെബ്രായിക് മാതൃകയിലുള്ളതാണ്. രണ്ടാമതായി 2:1-ലാകട്ടെ വാചകക്കസർത്തിൽ നാസ്സെയുടെ പേര് ബന്ധിപ്പിക്കുക മാത്രമല്ല, ഹീബ്രു പദമായ നാസാ ഉപയോഗിക്കുന്നുമുണ്ട് (കാണുക : ഉത്പ 41:31). ഈ കാരണങ്ങൾ കൊണ്ടാണ് രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള ഗ്രന്ഥം ഹീബ്രുവിൽ രചിച്ചതാണെന്നു പറയുന്നത്. അന്തിമമായി 5:1, 11-ൽ ഏത്യോപ്പിക് പതിപ്പിൽ പറയുന്നത് ഏശയ്യായെ മരം മുറിക്കുന്ന ഈർച്ചവാൾകൊണ്ട് പകുതിയോളം മുറിച്ചുവെന്നാണ്. ഈ പതിപ്പിലെ ഭാഷാപ്രയോഗം സ്പഷ്ടമല്ല. ഇതു വേണമെങ്കിൽ മരം കൊണ്ടുള്ള വാൾ എന്നു പരിഭാഷപ്പെടുത്താം. ഗ്രീക്ക് ഐതിഹ്യത്തിലും അങ്ങനെയാണ് പദപ്രയോഗം. ഇതിൽനിന്ന് ഹീബ്രുവിൽനിന്നു ഗ്രീക്കിലേക്കുള്ള പരിഭാഷയിലുണ്ടായ അവ്യക്തതയാണ് കാരണമെന്നു കരുതാം.

രക്തസാക്ഷിത്വത്തെക്കുറിച്ച് ഹീബ്രുഭാഷയിൽ രചിച്ചതാണ് ഗ്രീക്കിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുള്ളത്. ഗ്രീക്ക് പരിഭാഷയുടെ ഒരു ശകലം ഇപ്പോഴും അവശേഷിക്കുന്നുമുണ്ട്. ഇതിൽനിന്ന് നമുക്ക് ഊഹിക്കാവുന്നത് ഏശയ്യായുടെ സ്വർഗദർശനത്തിന്റെ ബാക്കിഭാഗം ഗ്രീക്കിൽ എഴുതപ്പെട്ടുവെന്നാണ്. ഈ കണ്ടെത്തലിൽ സംശയിക്കേണ്ടതൊന്നുമില്ല.

### സ്വർഗദർശനത്തിലെ സങ്കീർണ്ണഘടന

ഏശയ്യായുടെ സ്വർഗദർശനത്തിന്റെ ആരംഭത്തിൽതന്നെ ഇത് പല ഭാഗങ്ങൾ ഉൾച്ചേർന്ന രചനയാണെന്നു കാണാം. ഇതിനു മുമ്പുള്ള ചർച്ചകളിലും ഇക്കാര്യം വെളിപ്പെട്ടിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനമെന്താണെന്നുകൂടി ഇവിടെ പറയേണ്ടി വരും. ഒന്നാമതായി 1 മുതൽ 5 വരെയുള്ള അധ്യായങ്ങളും 6 മുതൽ 11 വരെയുള്ള അധ്യായങ്ങളും തമ്മിലുള്ള വ്യക്തമായ വ്യത്യാസമാണ് ചൂണ്ടിക്കാണിക്കാവുന്നത്. കൂലങ്കഷമല്ലാത്ത വായനയിൽ 6 മുതൽ 11 വരെയുള്ള ഭാഗങ്ങൾ ക്രിസ്തീയ ഉറവിടങ്ങളിൽനിന്നാണെന്നു പ്രകടമാണ്. ഒന്നുമുതൽ അഞ്ചുവരെയുള്ള അധ്യായങ്ങളിലാകട്ടെ യഹൂദസ്പർശമുള്ള ഭാഗങ്ങളാണുള്ളത്. ഈ തെളിവുകൾക്കപ്പുറമായി രണ്ടാമത്തെ ലാറ്റിൻ പരിഭാഷയിലും സ്ലൊവാനിക് പരിഭാഷയിലും 6 മുതൽ 11 വരെയുള്ള അധ്യായങ്ങൾ ഏശയ്യായുടെ ദർശനമെന്ന പേരിൽ ഒന്നുമുതൽ അഞ്ചുവരെയുള്ള അധ്യായങ്ങളിൽ പുറത്തിറങ്ങിയിട്ടുണ്ട്. ഇവിടെ കൈകാര്യം ചെയ്യാൻ വിഷമമുള്ള ഒരു കാര്യമുണ്ട്. 6 മുതൽ 11 വരെയുള്ള

അധ്യായങ്ങൾ ഏശയ്യായുടെ നേരത്തേയുള്ള ജീവിതത്തിലുള്ളതാണ്. 1 മുതൽ 5 വരെയുള്ള അധ്യായങ്ങളാകട്ടെ നിർദ്ദേശിക്കുന്നത് സ്വതന്ത്രമായി കണക്കാക്കാവുന്നതല്ലെന്നാണ്. ഇതിനു സ്വതന്ത്രമായ ഒരു ഉറവിടമുണ്ട്. 1 മുതൽ 5 വരെയുള്ളതും 6 മുതൽ 11 വരെയുള്ളതും കൂട്ടിക്കലർത്തിയത് ഇത് എഡിറ്റ് ചെയ്തവരാണ്.

ആധുനികകാലത്താകട്ടെ 1 മുതൽ 5 വരെയുള്ള അധ്യായങ്ങൾക്ക് ഏശയ്യായുടെ രക്തസാക്ഷിത്വമെന്നാണ് പേര്. ഈ അധ്യായങ്ങളെ സംബന്ധിച്ചിടത്തോളം 3:13-4:22 ഭാഗങ്ങൾ വേർതിരിഞ്ഞ മട്ടിലാണ്. 1 മുതൽ 5 വരെയുള്ള ഭാഗങ്ങളിൽ യഹൂദ സ്പർശമാണുള്ളത്. 3:13-4:22 ഭാഗങ്ങൾക്കാകട്ടെ ക്രിസ്തീയ സ്പർശവും. 3:12 നും 5:1 നും മധ്യേ 3:13-4:22 രൂക്ഷമായ വിധത്തിൽ ഇടയ്ക്ക് വിഭജിക്കപ്പെടുന്നുണ്ട്. ഇതിൽനിന്ന് 3:13-4:22 ലെ ഭാഗങ്ങൾ സ്വതന്ത്രമായ രചനയാണെന്നു കാണാം.

ആർ.എച്ച്. ചാൾസ് നിരീക്ഷിക്കുന്നത് 3:13-4:22 ഭാഗങ്ങൾക്ക് സ്വതന്ത്രമായ അസ്തിത്വമുണ്ടായിരുന്നു വെന്നാണ്. ഈ വാദം നിരവധി പണ്ഡിതർ അംഗീകരിച്ചിട്ടുമുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, 1:2 ബി-5 എ എന്നിവ പരോക്ഷമായി സൂചിപ്പിക്കുന്നത് 3:13-4:22 ലെ ഭാഗങ്ങളാണ്. തന്റെ ഭരണകാലത്തെ പതിനഞ്ചാം വർഷത്തിൽ ഹെസക്കിയാ കണ്ട ദർശനമാണ് ഇതിനോടു ബന്ധപ്പെട്ടുള്ളത്. പതിനൊന്നാം നൂറ്റാണ്ടിലെ നാളാഗമ രചയിതാവ് ജോർജ് സെഡ്രിനസ് 4:12 ഇത് ഉദ്ധരിക്കുന്നത് ഹെസക്കിയായുടെ നിയമമെന്നു പേരിട്ടാണ്. ചാൾസ് തന്റെ വാദം അവസാനിപ്പിക്കുന്നത് 3:13-4:22 ഭാഗങ്ങൾ യഥാർത്ഥത്തിൽ ഒരു സ്വതന്ത്ര രചനയിൽ ഉൾപ്പെട്ടതാണെന്നും അതിനെ ഹെസക്കിയായുടെ നിയമമെന്നു വിളിക്കാമെന്നുമാണ്. ഇതിന്റെ ആദ്യഭാഗവും അവസാനഭാഗവും ഒഴിവാക്കാമെന്നും അദ്ദേഹം കരുതി.

ഹെസക്കിയായുടെ നിയമം സംബന്ധിച്ച് ചാൾസിന്റെ വാദഗതികളിൽ ഏറെ അവ്യക്തതകൾ കാണാനുണ്ട്. ഒന്നാമതായി ഏശയ്യായോടു ബന്ധപ്പെട്ട് 3:13-4:22-ലുള്ള വെളിപാടിൽ രാജാവിനെക്കുറിച്ചു പരാമർശമില്ല. ഈ അവ്യക്തത മാറ്റാൻ, ഈ വെളിപാട് ഹെസക്കിയായിൽനിന്ന് ഏശയ്യായിലേക്കു മാറ്റുകയും, സ്വർഗദർശനത്തിൽ ചേർക്കുകയും വേണം. സെഡ്രിനസാകട്ടെ, ഏശയ്യായിൽ നിന്നാണ് ഈ വാക്കുകളെന്നു വാദിക്കുന്നു. (ഹെസക്കിയായുടെ നിയമത്തിൽ യൂദായിലെ രാജാവ്, പ്രവാചകനായ ഏശയ്യാ പറയുന്നു...). സെഡ്രിനസിനു തെറ്റു പറ്റിയതാണെന്നു ചിന്തിച്ചാൽതന്നെയും 4:12 ലെ അദ്ദേഹത്തിന്റെ

ഉദ്ധരണികൾ ഹെസെക്കിയായുടെ പേരിൽ ഒരു സ്വതന്ത്രരചന യുണ്ടെന്നതിനു തെളിവായി സ്വീകരിക്കാനാവില്ല.

ഹെസെക്കിയായുടെ നിയമത്തിലെ 1 മുതൽ 5 വരെയുള്ള ഭാഗങ്ങൾ മുഴുവനായും എടുക്കുമ്പോൾ ഒന്നാം അധ്യായത്തിന് അത്തരമൊരു വാചകഘടനയില്ല (കാണുക പ്രത്യേകമായി n.g. on 1:2) രണ്ടാമതായി 1:2 ബി-5 എ യഥാർത്ഥത്തിൽ 3:13-4:22 പ്രകടമായി പരാമർശിക്കുന്നുണ്ട്. ഇതാകട്ടെ 1:5 ബി-6 എ- എന്ന ഭാഗത്തോടു ചേരുന്നതുമില്ല. ഇത് 6 മുതൽ 11 വരെയുള്ള അധ്യായങ്ങളെ പരാമർശിച്ചാണ് എഴുതിയിട്ടുള്ളത്. എന്നാൽ 1:2 ബി-6 എ അന്തിമമായി ഏശയ്യായുടെ സ്വർഗദർശനം എഡിറ്റ് ചെയ്ത വ്യക്തി ചേർത്തതാണ്. ഇത് നേരത്തേ ഹെസെക്കിയാ, മനാസ്സെയെ വിളിച്ചുവരുത്തി എങ്ങനെ ഭരിക്കണമെന്നു നിർദ്ദേശം നൽകിയെന്ന വിവരണം ഒഴിവാക്കിക്കൊണ്ടാണ് (കാണുക: n.g on 1:2). നിലവിലുള്ള വിവരണത്തിൽ നമ്മോടു പറയുന്നത് ഹെസക്കിയാ മനാസ്സെയെ വിളിച്ചുവരുത്തി താൻ ദർശനത്തിൽ ഈ ലോകത്തിന്റെ രാജകുമാരൻ വിധി നിർണ്ണയം നടത്തുന്നതും തന്റെ പ്രിയപ്പെട്ടവരുടെ വിശ്വാസത്തെക്കുറിച്ചും കണ്ടുവെന്നാണ് (vss. 2 ബി- 5 എ). ഏശയ്യാ കണ്ട ദർശനത്തിന്റെ വിവരണവുമുണ്ട് 1 മുതൽ 5 വരെയുള്ള അധ്യായങ്ങളും 6 മുതൽ 11 വരെയുള്ള അധ്യായങ്ങളും സംയോജിപ്പിച്ചുകൊണ്ടുള്ള ഗ്രന്ഥത്തിനു വെളിപാടിന്റെ പ്രബലമായ സ്വഭാവമുണ്ട്. ഗ്രന്ഥം അന്തിമമായി എഡിറ്റ് ചെയ്ത വ്യക്തി ഹെസക്കിയായെ മകന് പ്രായോഗികമായ ഉപദേശം നൽകുന്ന രാജാവെന്നതിനെക്കാൾ വെളിപാട് അനാവരണം ചെയ്യുന്ന ദീർഘദർശിയെന്ന രീതിയിൽ അവതരിപ്പിക്കാൻ ശ്രമിച്ചതുകൊണ്ടാണിത്. സ്വർഗദർശനത്തിലെ ഒരു പ്രത്യേകഭാഗമായി 1:2 ബി-5 എ ഭാഗത്തെ കാണേണ്ടി വരും.

3:13-4:22 എന്ന ഭാഗം ഹെസക്കിയായുടെ നിയമം എന്ന ഗ്രന്ഥത്തിൽ നിന്നുള്ളതാണെന്നതു വിശ്വസനീയമല്ല. ഇപ്പോഴും അജ്ഞാതമായ ഒരു രചനയിൽനിന്ന് സ്വർഗദർശനമെന്ന ഭാഗമെടുത്ത് കൂട്ടിച്ചേർത്തതാവാം. എന്നാൽ ഇതിന് നിശ്ചിതമായ രീതിയിൽ ഉത്തരം നൽകാനാവില്ല. ഇപ്പോഴുള്ള രൂപത്തിൽ 3:13-4:22 ഭാഗം 1 മുതൽ 5 വരെയുള്ള അധ്യായങ്ങൾ (രക്തസാക്ഷിത്വം) 6 മുതൽ 11 വരെയുള്ള അധ്യായങ്ങളുമായി (സ്വർഗ ദർശനം) കൂട്ടിച്ചേർത്തതായി കരുതാമെങ്കിൽ 3:13-ൽ 6 മുതൽ 11 വരെയുള്ള അധ്യായങ്ങളുമായി വ്യക്തമായി ബന്ധപ്പെടുത്തിയിരിക്കുന്നു. 3:13-4:22 എന്ന ഭാഗവുമായും സ്വർഗദർശനവുമായും മറ്റ് ചില ഭാഗങ്ങളിലും ബന്ധം കാണാനാകും.

3:13-4:22 ഒഴിവാക്കിയുള്ള രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള ഭാഗം 1:1-3:12, 5:1-16 (പ്രകടമായി തന്നെ എഡിറ്ററുടേതായ ചിലതൊഴികെ) ഉൾപ്പെടുന്നതാണ്. നേരത്തേ ചില പണ്ഡിതർ വാദിച്ചിരുന്നത് ഒന്നാം അധ്യായം രക്തസാക്ഷിത്വമെന്ന രചനാഭാഗത്തിന്റെ മൂലരൂപത്തിലില്ല എന്നാണ്. ചാൾസ് പക്ഷേ ഈ അധ്യായം നിലവിലെ 2:1 ആണെന്നും, ഗ്രന്ഥം അന്തിമമായി എഡിറ്റ് ചെയ്ത വ്യക്തി ചില വരികൾ കൂട്ടിച്ചേർത്തതാണെന്നും വാദിക്കുന്നു (കാണുക. vss 2 ബി - 6എ, 7, 13). സ്വർഗദർശനത്തിലെ ചില വരികളും ഇതേ എഡിറ്ററുടെ വകയാണ് (കാണുക: 2:9; 4:19-5:1 F; 5: 15f; 11:41-43).

സ്വർഗദർശനമെന്നത് നിരവധി ഭാഗങ്ങൾ കൂട്ടിച്ചേർത്ത രചനയാണെന്നു, ഈ ഗ്രന്ഥത്തെക്കുറിച്ച് പഠനം നടത്തിയ എല്ലാ പണ്ഡിതരും അംഗീകരിച്ചിട്ടുണ്ട്. സ്വർഗദർശനത്തിലെ വിവിധ ഘടകങ്ങളെക്കുറിച്ച്, അവ ഒരുമിച്ച് ഉൾപ്പെടുത്തിയതിനെക്കുറിച്ച് ചർച്ചകളും നടക്കുന്നുണ്ട്. ലോറൻസിന്റെ കാലഘട്ടത്തിനുശേഷം പണ്ഡിതരായ എഫ്.സി. ബർക്കിറ്റും വി. ബർക്കും സ്വർഗദർശനത്തിലെ രചനകൾക്കു ഐക്യമുണ്ടെന്നു അഭിപ്രായപ്പെട്ടു. ഇതിൽ ബുർക്കിറ്റിന്റെ ചർച്ചകളാണ് കൂടുതൽ പ്രധാനം. സ്വർഗദർശനത്തിലെ (അതായത് രക്തസാക്ഷിത്വം) വിവരണങ്ങൾ നീക്കിക്കളയുകയെന്നത് അസാധ്യമാണെന്നു അദ്ദേഹം വാദിച്ചു. രക്തസാക്ഷിത്വത്തെക്കുറിച്ചുള്ള വിവരണം സ്വർഗദർശനത്തിന്റെ അവിഭാജ്യഭാഗമാണെന്നും രാജാക്കന്മാരുടെ പുസ്തകത്തിന്റെ അപൂർണ്ണമായ ഗ്രീക്ക് പരിഭാഷ വായിച്ചതിലൂടെ നേടിയ അറിവാണ് രചനയ്ക്കു കാരണമെന്നും കൂടാതെ യഹൂദ വിദ്വത്തത്തിന്റെ ചില ശകലങ്ങൾ അവിടെയും ഇവിടെയുമായി ചിതറിക്കിടപ്പുണ്ടെന്നും അദ്ദേഹം പറയുന്നു. സ്വർഗദർശനത്തെക്കുറിച്ച് ബുർക്കിറ്റിനു മതിപ്പു പോരാ. അദ്ദേഹം പറയുന്നത് സ്വർഗദർശനവും മനുഷ്യാവതാരവും സംബന്ധിച്ച കാര്യങ്ങൾ എഴുത്തുകാരൻ കൂട്ടിക്കലർത്തിയെന്നാണ്. ബുർക്കാകട്ടെ അങ്ങനെയല്ല വാദിക്കുന്നത്. ഇത് രഹസ്യാത്മക വിവരണത്തിന്റെ സാഹിത്യരൂപത്തിൽ ഉൾപ്പെടുമെന്നാണ്. 1:1-3:12, 5:1-16, 3:13-4:22, 6:11 എന്നീ ഭാഗങ്ങൾ ബുർക്കിറ്റിന്റെ വീക്ഷണങ്ങളോട് നീതി പുലർത്തുന്നില്ല. കൂടുതൽ ചിന്തിക്കുമ്പോൾ സ്വർഗദർശനത്തിൽ നിന്ന് രക്തസാക്ഷിത്വത്തെ എടുത്തുമാറ്റാനും കഴിയില്ല. ഇപ്പോഴും നമുക്ക് ഊഹിക്കാവുന്നത് അധ്യായം 1 മുതൽ 5 വരെയുള്ള ഭാഗങ്ങൾ സാരവത്തായ മൂലഘടനയുള്ള യഹൂദവിദ്വത്തത്തിന്റെ ഭാഗമാണെന്നാണ്; ബുർക്കിറ്റ് പറയുന്നതുപോലെ കാടുകയറിപ്പോയ

യഹൂദവിദ്വത്തത്തിന്റെ ശകലങ്ങളല്ല. ഇക്കാര്യത്തിലും നാം ഒരിക്കൽക്കൂടി ഫലപ്രദമായി തന്റെ ഉറവിടങ്ങൾ പരിഗണിക്കേണ്ടി വരും. ബുർക്കിറ്റ് തുടങ്ങി വച്ചിട്ടുള്ള ചർച്ചകൾ രക്തസാക്ഷിത്വ ത്തിന്റെ മൂലരൂപം കണ്ടെത്തുന്നതിനെക്കുറിച്ചുള്ള മുന്നറിയിപ്പ് അടങ്ങിയതാണ്. ഇക്കാര്യത്തിൽ വെറും ഊഹങ്ങൾ നമ്മെ നയിക്കരുത്. സ്വർഗദർശനത്തിന്റെ ക്രിസ്തീയ സ്പർശമുള്ള ഭാഗങ്ങളും പ്രകടമായും ഏശയ്യായുടെ യഹൂദസ്പർശമുള്ള രക്തസാക്ഷിത്വത്തിലെ ഭാഗങ്ങളും എടുത്തുകളഞ്ഞാലും ക്രിസ്തീയമായ രീതിയിൽ, യഹൂദ ഉറവിടങ്ങളിൽനിന്നുള്ള കാര്യങ്ങൾ പുനരവതരിപ്പിച്ചുവെന്ന കാര്യം മനസ്സിലുണ്ടാകണം.

ഈ ചർച്ചകളിലും സ്വർഗദർശനത്തിന്റെ വിവിധ ാഗങ്ങൾക്കു അനുയോജ്യമായ തലവാചകങ്ങൾ നൽകാവുന്നതാണ്. രക്ത സാക്ഷിത്വമെന്ന പേരുതന്നെ ശ്രദ്ധിക്കുക (1:1-3:12; 5:1-16 എന്നീ ഭാഗങ്ങൾക്കു ആധുനിക ശൈലിയിലുള്ള തലവാചകം നൽകിയിരി ക്കുന്നു). 'ഹെസക്കിയായുടെ നിയമം' (4:12-ലെ ഉദ്ധരണി യോടു ബന്ധപ്പെടുത്തി ജോർജ് സെഡ്രിനസ് നൽകിയ തലവാചകം, 3:13-4:22 ഭാഗങ്ങൾ പരാമർശിക്കാനായി ചാൾസ് നൽകിയ തലവാചകമെന്നു ചിന്തിക്കാമെങ്കിലും ഇത് 1 മുതൽ 5 വരെയുള്ള അധ്യായങ്ങളിൽ നിന്നാണ് എടുത്തിട്ടുള്ളത്) 'ഏശയ്യായുടെ ദർശനം' (6 മുതൽ 11 വരെയുള്ള അധ്യായങ്ങൾക്കു നൽകിയിട്ടുള്ള തലവാചകം തന്നെയാണ് എത്ത്യോപ്യൻ പരിഭാഷയിലും ലാറ്റിൻ ഭാഷയിലും, സ്ലാവ് പരിഭാഷയിലുമുള്ളത്). ഈ ഗ്രന്ഥത്തിനു നൽകിയിട്ടുള്ള മറ്റ് തലവാചകങ്ങളും ഇത്തരുണത്തിൽ ഓർമ്മിക്കുന്നത് ഉചിതമാണ്.

ഏതോപ്യൻ പതിപ്പിന്റെ തുടക്കത്തിൽ കാണുന്ന തലവാചകമായ ഏശയ്യായുടെ സ്വർഗദർശനംതന്നെയാണ് സാമ്പ്രദായികമായി ഈ ഗ്രന്ഥത്തിനു നൽകാവുന്നത്. 9:35 ള നോടുചേർന്നുള്ള ഉദ്ധരണിയിൽ ഒരിടത്ത് എപ്പിഫാനൂസ് രണ്ടിടത്തായി ഇത് കാണുന്നുണ്ട്. ജെറോമിനെ പരാമർശിക്കുമ്പോൾ 11:34ലും. 3:6-10-ൽ ജെറോം ഏശയ്യായ്ക്കെതിരേ ഉന്നയിക്കുന്ന ആരോപണങ്ങ ളോടൊപ്പം മറ്റ് ചില സ്ഥലങ്ങളിൽ പരാമർശിക്കുന്നത് സ്വർഗദർശനത്തിന്റെ പൂർണ്ണരൂപം അദ്ദേഹത്തിന് അറിയാവുന്നതു കൊണ്ടായിരിക്കണം. എപ്പിഫാനൂസ് ഈ ഗ്രന്ഥത്തിനു മുഴുവനാ യിട്ടാണോ അതോ 6 മുതൽ 11 വരെയുള്ള അധ്യായങ്ങൾക്കായിട്ടാ ണോ ആ പേര് നൽകിയതെന്നതും വ്യക്തമല്ല. ഒരിജൻ നൽകുന്ന തലവാചകം ഏശയ്യായുടെ രഹസ്യാത്മക വിവരണമെന്നാണ്.

ഏശയ്യായെ പകുതിയായി മുറിക്കുന്നതിനെക്കുറിച്ചുള്ള കഥ ഒരിജൻ ഈ രഹസ്യാത്മക വിവരണത്തിൽ സൂചിപ്പിക്കുന്നുണ്ടെങ്കിലും, അതിൽ എന്താണ് ഉള്ളടങ്ങിയിരിക്കുന്നതെന്നത് വ്യക്തമല്ല.

**കാലഘട്ടം**

സ്വർഗദർശനത്തിലെ വിവിധ ഭാഗങ്ങൾ സൂക്ഷ്മമായി ഏതു കാലഘട്ടത്തിലാണ് രചിച്ചതെന്നു പറയുക വിഷമമാണ്. ഇതിന്റെ രചനാകാലഘട്ടം പൊതുവായി കണക്കാക്കാനേ കഴിയൂ.

ജസ്റ്റിൻ മാർട്ടിയറും തെർത്തുല്യനും ഏശയ്യാ രണ്ടായി മുറിക്കപ്പെട്ട് മരിച്ചുവെന്ന പാരമ്പര്യമാണ് പരാമർശിക്കുന്നത്. ഹെബ്രായർ 11:37 ലും ഗ്രന്ഥകാരൻ ഇതേ പാരമ്പര്യമാണ് പിന്തുടർന്നിട്ടുള്ളത്. ഈ അവസാനം പറഞ്ഞകാര്യം ശരിയാണെങ്കിൽ, രക്തസാക്ഷിത്വം രചിച്ചത് ഏ.ഡി. ഒന്നാംനൂറ്റാണ്ടിനു മുമ്പായിരിക്കാം. ഏലെയാസറിന്റെ രക്തസാക്ഷിത്വം, ഏഴ് സഹോദരന്മാരുടെയും അവരുടെ അമ്മയുടെയും രക്തസാക്ഷിത്വം (2 മക്ക. 6:18-7:42) എന്നീ വിവരണങ്ങൾ ബി.സി. 167-നും ബി.സി. 164-നും മധ്യേ നടന്ന യഹൂദ പീഡനത്തിന്റെ കാലത്ത് നടന്നതായിരിക്കാൻ സാധ്യതയുണ്ട്.

ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തിലാണ് 3:13-4:22 രചിച്ചതെന്നതിനു നിരവധി സൂചനകളുണ്ട്. സ്വർഗദർശനത്തിലെ ഈ ഭാഗം ഏ.ഡി. 68-ൽ നടന്ന നീറോയുടെ മരണത്തിനു മുമ്പായിരിക്കാം രചിച്ചത്. കാരണം നീറോ അന്തിക്രിസ്തുവിനെ പോലെ വരുമെന്ന് ഇതിൽ പ്രതീക്ഷിക്കുന്നതായി പറയുന്നുണ്ട് (കാണുക 4:2 ബി-4 എ). സംഭവ്യമെന്നു തോന്നാവുന്ന ഈ വിശ്വാസം വികസിപ്പിച്ചെടുക്കാൻ കുറേ സമയം വേണ്ടിവരും. ഏതായാലും ഇതനുസരിച്ച് രചനാകാലം ഏ.ഡി. ഒന്നാം നൂറ്റാണ്ടിനു മുമ്പായിരിക്കാമെന്നു കരുതാവുന്നതാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ 1 തിമോ; 2 തിമോ, 2 പത്രോ; ക്ലെമന്റ് 3 എന്നീ ഭാഗങ്ങളിൽ കാണുന്ന സഭയിലെ അഴിമതികൾ 3:12-31-ൽ കാണുന്ന പരാമർശങ്ങളുമായി സാമ്യമുള്ളതാണ്. 3:13-4:22 എന്നീ ഭാഗങ്ങളിലെ രചനാഭാഗങ്ങളും ഇതിന്റെ രചന നടന്നിട്ടുള്ളത് ഏ.ഡി. ഒന്നാംനൂറ്റാണ്ടിന്റെ അവസാനത്തിലാണെന്ന സൂചനയാണ് നൽകുന്നത്. ഇതാണ് രചനാകാലമെന്നതിനു മറ്റ് രണ്ട് തെളിവുകൾ കൂടിയുമുണ്ട്. ഒന്നാമതായി രണ്ടാം നൂറ്റാണ്ടിനുമുമ്പ് രചിച്ച 4 ബാറൂക്ക് 9:18, 20-ന്റെ രചയിതാവ് സ്വർഗദർനത്തിന്റെ ക്രിസ്തീയ രീതിയിലുള്ള 1 മുതൽ 5 വരെയുള്ള അധ്യായങ്ങൾ ഉള്ള ഒരു സമ്പൂർണ്ണഗ്രന്ഥമുണ്ടായിരുന്നുവെന്നു സൂചിപ്പിക്കുന്നുണ്ട്. ഈ

ഗ്രന്ഥകാരൻതന്നെ സ്വർഗദർശനത്തിലെ 3:17 നെക്കുറിച്ച് 9:18-ൽ ഉറപ്പില്ലാത്ത ഒരു ചോദ്യമുന്നയിക്കുന്നുമുണ്ട്. രണ്ടാം നൂറ്റാണ്ടിന്റെ മധ്യത്തിൽ രചിക്കപ്പെട്ട പത്രോസിന്റെ സുവിശേഷത്തിലുള്ള തുപോലെ (39 f) കല്ലറയിൽനിന്ന് ഉയിർത്തെഴുന്നേൽക്കുന്ന പ്രിയപ്പെട്ടവന്റെ (യേശു) വിവരണം സ്വർഗദർശനത്തിലെ 3:17-ൽ കാണുന്നുണ്ട്. ഇതെല്ലാം സൂചിപ്പിക്കുന്നത് 3:13-4:22 ഭാഗങ്ങൾ ഒന്നാംനൂറ്റാണ്ടിന്റെ അവസാനം രചിക്കപ്പെട്ടുവെന്നാണ്.

## ചരിത്രപരവും ദൈവശാസ്ത്രപരവുമായ പ്രാധാന്യം

പഴയനിയമത്തിലെ രക്തസാക്ഷിത്വകഥകളിലും (കാണുക: ദാനി 3, 6) അപ്രമാണിക ഗ്രന്ഥങ്ങളിലും (കാണുക: 2 മക്ക 6: 18-7:42) ഉള്ള കഥകളിൽ ഉൾപ്പെട്ടതാണ് ഏശയ്യായുടെ രക്തസാക്ഷിത്വവും. പഴയനിയമത്തിലേതാണ് കൂടുതൽ സമാന്തരമായുള്ളത്. ഏശയ്യായ്ക്കു നേരിട്ട മരണവും ഏലെയാസറിന്റെ മരണവും, അമ്മയുടെ ഏഴ് മക്കളുടെയും മരണവും അന്തിമമായി നോക്കുമ്പോൾ അന്തിയോക്കസ് എപ്പിഫാനസിന്റെ മതമർദ്ദനകാലത്ത് സംഭവിച്ചതാണ്. ഈ കഥകളെല്ലാം രചിച്ചത് യഹൂദരെ സ്വന്തം മതത്തോടു വിശ്വസ്തരായിരിക്കാൻ പ്രോത്സാഹിപ്പിക്കാനായിരുന്നു. ദാനിയേലിന്റെ ഗ്രന്ഥത്തിലെ മറ്റ് പഴയ കഥകൾപോലെ ശുഭപര്യവസായിയല്ല ഇവ. കർത്താവിനോടു വിശ്വസ്തരായിരിക്കുന്നതിന്റെ വില ചിലപ്പോൾ മരണമായിരിക്കുമെന്ന് ഇത് മുന്നറിയിപ്പ് നൽകുന്നു.

രക്തസാക്ഷിത്വത്തിന്റെ വിവരണത്തിന്റെ പരിഭാഷയിൽ കൂട്ടിച്ചേർത്തിട്ടുള്ള റഫറൻസുകളും കുറിപ്പുകളും ഒരളവുവരെ പഴയനിയമത്തിലെ 1, 2 രാജാക്കന്മാരിൽനിന്നു പ്രചോദനം സ്വീകരിച്ച് എഴുതിയിട്ടുള്ളതാണ്. 2 രാജാക്കന്മാരുടെ ഗ്രന്ഥത്തിൽ നല്ലവനായ ഹെസെക്കിയായും ദുഷ്ടനായ മനാസ്സെയുമുണ്ട്. 2 ദിന. 33-ൽ നൽകിയിട്ടുള്ള മനാസ്സെയുടെ അനുകമ്പാർദ്രമായ ചിത്രമല്ല ഇവിടെയുള്ളത്. മനാസ്സെയുടെ പ്രാർത്ഥന എന്നതും മുൻകൂട്ടി നൽകിയിരിക്കുന്നു. പഴയനിയമത്തിൽ, തീർച്ചയായും ഏശയ്യായുടെ മരണത്തെക്കുറിച്ച് ഒന്നും നൽകിയിട്ടില്ല. 2 രാജാ. 21:16-ൽ കാണുന്ന മനാസ്സെ നിഷ്കളങ്കരക്തംകൊണ്ട് ജറുസലെമിനെ ഒരറ്റം മുതൽ മറ്റേയറ്റംവരെ നിറയ്ക്കുകയും ചെയ്തു എന്ന വരികളിൽ നിന്നാവാം രക്തസാക്ഷിത്വകഥയ്ക്കു പ്രചോദനം ലഭിച്ചത്.

ഇരുപകുതികളിലായി ഏശയ്യായുടെ ശരീരം അറുത്തു മുറിച്ചായിരുന്നു പ്രവാചകന്റെ മരണമെന്നതിന്റെ വിശദാംശങ്ങൾ സങ്കല്പ കഥകളാകാനാണ് സാധ്യത. എന്നാൽ താൽമുദിലെ

പാരമ്പര്യത്തിലുള്ള കഥയാവാം ഗ്രന്ഥകാരനെ സ്വാധീനിച്ചത്. ബാബിലോണിയൻ താൽമുദിൽ (yeb. 49 യ) മനാസ്സെ നിരവധി കുറ്റങ്ങൾ ഏശയ്യാക്കെതിരേ ആരോപിക്കുന്നതായി പറയുന്നു. സ്വർഗദർശനത്തിൽ (3:8f) ഏശയ്യാ ദൈവത്തെ കണ്ടുവെന്നു പറയുന്നതിനെ മോശയുടെ വാക്കുകളായ ദൈവത്തെ ജീവനോടെ ആർക്കും കാണാനാവില്ല എന്നു പറഞ്ഞുകൊണ്ട് മനാസ്സെ ഖണ്ഡിക്കുന്നു. ഏശയ്യാ രക്ഷപ്പെടാനായി ദൈവത്തിന്റെ നാമം പറയുന്നു. ഇതിനെ തുടർന്ന് ഒരു ദേവദാരു മരം പ്രവാചകനെ വിഴുങ്ങുകയാണ്. ദേവദാരു മരം ഇതിനെ തുടർന്ന് രണ്ടായി അറുത്ത് ഏശയ്യായെ വധിക്കുന്നു. ഈ പാരമ്പര്യത്തിൽ ഞാൻ അശുദ്ധമായ അധരങ്ങളുള്ളവരുടെ മധ്യേ വസിക്കുന്നവനുമാണെന്ന വാക്കുകളാണ് (6:5) ഏശയ്യായുടെ മരണകാരണമെന്നു പറയുന്നു. ബാബിലോണിയൻ താൽമുദിന്റെ മറ്റ് പലഭാഗങ്ങളിലും മനാസ്സെ ഏശയ്യായെ വധിച്ചുവെന്നേയുള്ളൂ (കാണുക b. Sanh 103 1 ബി). ജെറുസലം താൽമുദിലാകട്ടെ (y. sanh) 10:2- ഇത് എഡിറ്റ് ചെയ്തിരിക്കുന്നത് എം. ഷ്വാബ് വാല്യം 11 പേജ് 49) ഏശയ്യായെ താൽമുദുമായി ബന്ധപ്പെടുത്തുന്ന ഒരു പാരമ്പര്യമുണ്ട്. ജറുസലേം താൽമുദിൽ മനാസ്സെയെ പേടിച്ച് ഏശയ്യ ഒരു ദേവദാരു മരത്തിന്റെ പൊത്തിൽ ഒളിച്ചു. എന്നാൽ പ്രവാചകന്റെ കുപ്പായത്തിന്റെ ശകലങ്ങൾ, അദ്ദേഹം ദേവദാരു മരത്തിൽ ഒളിച്ചിരിക്കുകയാണെന്നു വെളിപ്പെടുത്തി. മനാസ്സെ ദേവതാരു മരം മുറിക്കാൻ കൽപ്പിച്ചു. അങ്ങനെ ഏശയ്യായെ അവർ കണ്ടെത്തി. താൽമുദിലെ മറ്റ് രക്തസാക്ഷിത്വവിവരണങ്ങൾപോലെ ഇതും പാരമ്പര്യമെന്ന നിലയിൽ ശരിയാണെന്നു ധരിച്ചു വച്ചിരിക്കുകയാണ്. ഇതിൽ പറയുന്നത് ഏശയ്യാ മരത്തിനുള്ളിൽ ഒളിച്ചിരുന്നതുകൊണ്ടാണ് മരം മുറിക്കേണ്ടിവന്നതെന്നാണ്. അങ്ങനെ യാണ് ഏശയ്യാ രണ്ടായി മുറിക്കപ്പെട്ടത്. ഇത് ഇസ്രയേൽ ഇതര ഉറവിടങ്ങളിൽനിന്ന് കടമെടുത്ത പ്രതിപാദ്യമായിരിക്കാം. കുറേ പണ്ഡിതരെങ്കിലും വിശ്വസിക്കുന്നത് രണ്ടായി മുറിക്കുകയെന്ന വിവരണം ഇറാനിയൻ ഉറവിടത്തിൽ നിന്നാണെന്നാണ്. എന്നാൽ ഇവയുടെ കാലഗണനയനുസരിച്ച് ആ വാദം ശരിയാവണമെന്നുമില്ല. കെ. ഗാള്ളിംഗ് ആകട്ടെ, ഏശയ്യായെയും രക്തസാക്ഷിത്വത്തെയും സംബന്ധിച്ച പാരമ്പര്യങ്ങൾ അഡോണികളുടെ പുരാണ കഥകളുടെ പുനരാഖ്യാനമെന്നു വിശദീകരിക്കുന്നുണ്ട്.

ഏശയ്യായുടെ രക്തസാക്ഷിത്വം സംബന്ധിച്ചുള്ള ഭൂതശാസ്ത്രം ചില രസകരമായ കാര്യങ്ങൾ കാണിച്ചു തരുന്നുണ്ട്. തിന്മയുടെ

ശക്തികളുടെ നേതാവിന് തന്റെ ആജ്ഞാനുവർത്തികളായ നിരവധി ഉപമാലാഖമാരുണ്ട് (2:2; കാണുക 5:9). സമ്മായേൽ എന്നും (1:8, 11, 2:1; 5:15 f) ബിലെയർ എന്നും (1:8f; 2:4; 3:11; 5:1; (4) 15) സാത്താനെന്നും (2:2, 7, 5:16) മെല്ലാം വിളിക്കപ്പെടുന്ന വരാണവ. മറ്റ് ഉറവിടങ്ങളിലെല്ലാം ഇത് പര്യായപദങ്ങളായി ഉപയോഗിച്ചിട്ടുണ്ട്. ചാൾസ് പറയുന്നതുപോലെ ബിലെയറിന്റെ താഴെയുള്ളതല്ല സമ്മായേൽ. ഈ രൂപത്തിനു മറ്റ് രണ്ട് പേരുകളും കൂടി ബാധകമാകും. 1:8-ൽ മാൽക്കിര എന്നു പറയുന്നുണ്ട്. ഇത് സമ്മായേലിന്റെ മറ്റൊരു പേരാണത്രേ. ഹീബ്രുവിൽ ഇതിനർത്ഥം പിശാചിന്റെ തലവൻ എന്നാണ്. രണ്ടാമത്തെ പേര് മറ്റാൻ ബുക്കസ് (2:4-ലും 5:3-ൽ മെകംബെക്കസ് എന്നും പറയുന്നുണ്ട്). ഹീബ്രു ആശയമാണിത്. ശൂന്യതയുടെ സമ്മാന മെന്നാണർത്ഥം.

പല ഭാഗങ്ങളിലും മനാസ്സെയുടെ മനസ്സിൽ ബിലെയറും (1:9; 3:11; 5:1) സമ്മായേലും (2:1) താവളമടിച്ചിരുന്നതായി പറയുന്നു. ബിലെയറിന്റെ (അഥവാ സമ്മായേലിന്റെ) പ്രേരണമൂലം സമരിറ്റന്റെ വാക്കുകേട്ടാണ് മനാസ്സെ ഏശയ്യായെ വധിക്കുന്നത്. ബിലെയറിന്റെ ഒരു ഏജന്റായിരുന്നു സമരിറ്റനെന്നാണ് വിവരിക്കപ്പെടുന്നത്. ഇതിന്റെ ശരിയായ രൂപം ചില പ്രശ്നങ്ങളുയർത്തുന്നുണ്ട്. ഗ്രീക്ക് ശകലങ്ങളിൽ ബെലിച്ചെയർ, ബച്ചീര, മെൽച്ചീര, ബെൽച്ചീര എന്നും ലാറ്റിൻ പാലിംപ് സെറ്റിൽ ബെച്ചീര എന്നും ഏത്യോപ്യൻ പതിപ്പിൽ മറ്റ് രൂപത്തിലും ഈ പദം കാണാനാകും. ബൽക്കിര അല്ലെങ്കിൽ മൽക്കിര എന്നത് കോപ്റ്റിക്കിൽ (ബെൽച്ച് - ഇര) കാണാം. ഗ്രീക്ക് ഐതിഹ്യങ്ങളിൽ മെൽക്കിയാസ് ബെൽച്ചീരാസ് എന്നിങ്ങനെയാണുള്ളത് (2:5, 12, 16, 3:1, 6, 11, 5:2, 34, 5, 8, 12, 15 എന്നീ കുറിപ്പുകൾ കാണുക. മുഴുവൻ തെളിവുകളും ഇവിടെ നൽകിയിട്ടുണ്ട്). നിരവധിയായ തെളിവുകളിൽനിന്ന് രണ്ട് പേരുകളിലേക്ക് ചുരുക്കാൻ കഴിയും ബെൽച്ചീര, മെൽച്ചീര എന്നിവയാണവ. പൗരാണികമായ വ്യതിയാനങ്ങൾകൊണ്ടോ, അതല്ലെങ്കിൽ പിശക് പറ്റിയതുകൊണ്ടോ ഇങ്ങനെയായതാകാം.

സമരിറ്റൻ എന്നത് പിശാചിനാൽ തെരഞ്ഞെടുക്കപ്പെട്ടവൻ എന്ന അർത്ഥം വരുന്ന ഹിബ്രുപദത്തിൽനിന്ന് രൂപപ്പെട്ടതാണ്. ബെൽച്ചീര എന്നത് ഗ്രീക്ക് പദത്തിൽനിന്ന് രൂപം കൊണ്ടതാണ്. മെൽച്ചീരയ്ക്ക് പകരമുള്ള പേരാണ് ബെൽച്ചീര എന്നുകരുതാൻ രണ്ട് വസ്തുതകൾ ചൂണ്ടിക്കാണിക്കാം. ഇവയുടെ ആദ്യാക്ഷരങ്ങളായ ബിയും എമ്മുമെന്നത് സംശയമുണ്ടാക്കുന്നുണ്ട്. ഏനോക്ക് 6:7-ൽ ഇതേ രീതിയിലുള്ള പദപ്രയോഗസാഹചര്യമുണ്ട്.

സമരിറ്റൻ എന്നതിനെ മനുഷ്യരൂപത്തിലുള്ള പിശാചായി അവതരിപ്പിച്ചിരിക്കുകയാണ്.

നിലവിലുള്ള പരിഭാഷയിൽ ബെൽക്കീര എന്നാണ് പദപ്രയോഗം. ഏതോപ്യൻ പതിപ്പിലാകട്ടെ ഹീബ്രുവിലെ മൂലരൂപത്തോടു ചേർന്നാണിതു കാണുക. വിവിധ പരിഭാഷകളിൽ അക്ഷരവിന്യാസത്തിലെ വ്യതിയാനങ്ങൾ കുറിപ്പുകളിൽ നൽകിയിട്ടുണ്ട്.

ഡി. ഫ്ളസ്സറിന്റെ നേതൃത്വത്തിൽ നടത്തിയ ചാവുകടൽ ജനപദങ്ങളെക്കുറിച്ചുള്ള പഠനത്തിൽ പ്രതിഫലിക്കുന്ന ഒരു കാര്യമുണ്ട്. അത് രക്തസാക്ഷിത്വത്തെ സംബന്ധിച്ച ദ്വന്ദ്വാത്മക ദൈവശാസ്ത്രമാണ്. ഏശയ്യായുടെ കാലഘട്ടത്തിലെ മതപരമായ തർക്കങ്ങളാണ് ഗ്രന്ഥകാരൻ മുന്നോട്ടു വയ്ക്കുന്നതെന്ന് ഫ്ളസ്സർ വാദിക്കുന്നു. രക്തസാക്ഷിത്വവിവരണത്തിലും ഖുമ്റാൻ വിഭാഗത്തിന്റെ രേഖകളിലും സമാന്തരമായ പല വിവരണങ്ങളുമുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നീതിമാന്മാരുടെ ഗുരുവാണ് ഏശയ്യാ. മനാസ്സെ ദുഷ്ടതനിറഞ്ഞ പുരോഹിതനാണ്. ബെൽക്കിര, നുണയുടെ അധ്യാപകനാണ്. ഏശയ്യായും ഒപ്പമുള്ള പ്രവാചകന്മാരും ജറുസലേമിൽനിന്ന് മരുഭൂമിയിലേക്കു പിൻവാങ്ങുന്നത് സമൂഹത്തിൽനിന്ന് വിജനതയിലേക്കുള്ള പിന്മാറ്റമാണ്. ഏശയ്യായെ തടവിലാക്കുന്നത് സമൂഹത്തിനു നേരിടുന്ന പീഡനമാണ്. ഏശയ്യായുടെ അനുയായികളോടു ടയിറിലേക്കും സീദോനിലേക്കും പറയുന്നത് പ്രതീകാത്മകമായി സമൂഹത്തിന്റെ ഡമാസ്ക്കസിലേക്കുള്ള യാത്രയാണ്. ഫ്ളെസ്സറുടെ അഭിപ്രായങ്ങൾ ജെ വാൻ ദെർ പ്ലോഗും എം. ഫിലോ നെൻ കോയും അംഗീകരിക്കുന്നുണ്ട്. പ്ലോഗാകാട്ടെ, ഫ്ളസ്സറുടെ വാദഗതികൾ അംഗീകരിച്ചുകൊണ്ട് തന്റേതായ വ്യത്യസ്ത ആഖ്യാനം നൽകുന്നുമുണ്ട്. ഖുമ്റാൻ സമൂഹത്തിന്റെ ഉദ്ഭവത്തെക്കുറിച്ച് എ. ഡുപോണ്ട് - സമ്മർ നൽകിയിട്ടുള്ള അഭിപ്രായങ്ങളെ ഫിലോനെൽകോയും അംഗീകരിക്കുന്നു. നീതിമാൻമാരുടെ ഗുരു എന്ന വിവരണത്തിൽ പലഘട്ടങ്ങളിലായി മൂന്നുപേർ ഉൾപ്പെട്ട നാടകീയരംഗങ്ങൾ കാണാം : ഒന്ന് നീതിമാന്മാരുടെ ഗുരുതന്നെ. കൂടാതെ ഇദ്ദേഹത്തിന്റെ എതിരാളികളായ അരിസ്റ്റോബുളൂസ് രണ്ടാമനും ഹിർക്കാനൂസ് രണ്ടാമനും. ഏശയ്യായുടെ രക്തസാക്ഷിത്വത്തിലും നാടകീയമായി മൂന്നുപേർ പ്രത്യക്ഷപ്പെടുന്നു. ഏശയ്യാ, മനാസ്സെ, വ്യാജപ്രവാചകനായ ബെൽക്കീര. ഫിലോനെൻകോ ഏശയ്യായെ നീതിമാന്മാരുടെ ഗുരുവായും മനാസ്സെയെ അരിസ്റ്റോബൂളുസ് രണ്ടാമനായും

ബെൽക്കീരായെ ഹിർക്കാനൂസ് രണ്ടാമനായും കാണുന്നു. ഡുപോണ്ട്-സമ്മറും ഹിർക്കാനൂസിനെയാണ് ദുഷ്ടനായ പുരോഹിതനായി കാണുന്നത്. ഫ്ളസ്സർ ഈ വാദഗതികൾ അംഗീ കരിക്കാത്തതുകൊണ്ട് നമുക്ക് ഇത്തരമൊരു നിഗമനത്തിലെത്താം. നീതിമാന്മാരുടെ ഗുരുവെന്ന നിലയിൽ, അദ്ദേഹത്തിന്റെ ശത്രുക്കൾ അദ്ദേഹത്തെ വധിച്ചു. ഫിലോനെസ്കോയാകട്ടെ, നീതിമാന്മാരുടെ ഗുരു സ്വയം മരണം വരിച്ചുവെന്നു പറയുന്നു. കൂടുതൽ വിശദാംശങ്ങളിലേക്കു കടക്കാതെ മറ്റ് പണ്ഡിതരും ഏശയ്യായുടെ രക്തസാക്ഷിത്വവും ഖുമ്റാൻ സമൂഹവുമായി ബന്ധമുണ്ടെന്ന വാദം അംഗീകരിക്കുന്നു.

ഈ അഭിപ്രായങ്ങളോടു പ്രതികരിക്കുമ്പോൾ, ഏശയ്യായുടെ രക്തസാക്ഷിത്വം ഖുമ്റാൻ സമൂഹത്തിന്റെ മൂടപ്പെട്ട ചരിത്രമാണെന്നു പറയുക അസാധ്യമാണ്; അങ്ങനെ തോന്നുമെങ്കിലും. ഈ വിഷയത്തെ സംബന്ധിച്ച ഖുമ്റാൻ രചനകളിൽനിന്നു ഏറെ വ്യത്യസ്തമാണ് രക്തസാക്ഷിത്വവിവരണം. അതായത് ബൈബിൾ വ്യാഖ്യാനങ്ങളിലെല്ലാം ഖുമ്റാൻ സമൂഹം ജീവിച്ചിരുന്ന കാലത്തെ പുനരാവിഷ്ക്കരിക്കാൻ പഴയനിയമകാലത്തോടു ചേർന്ന് പ്രകടമായിത്തന്നെ പരിശ്രമിച്ചിട്ടുണ്ട്. ഫ്ളസ്സറും ഫിലോനെൻകോ രക്തസാക്ഷിത്വവിവരണം വ്യാഖ്യാനിച്ചതുമായി ഇതിനു ബന്ധമില്ലെന്ന് സൂചിപ്പിക്കുന്നു. ഫിലോനെൻകോ പറയുന്നതുമായി ഭൂരിപക്ഷമല്ലെങ്കിൽപോലും കുറേ പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നത് ദുഷ്ടനായ പുരോഹിതൻ ഹിർക്കാനൂസ് രണ്ടാമനല്ല, ജോനാഥനോ ശീമോനോ ആയിരിക്കുമെന്നാണ്.

ഖുമ്റാൻ സമൂഹത്തിന്റെ മൂടപ്പെട്ട ചരിത്രമല്ലെങ്കിലും രക്തസാക്ഷിത്വവിവരണം ഒരു ഖുമ്റാൻ രചനയാണെന്നു വാദിക്കാൻ കഴിയും. രക്തസാക്ഷിത്വവിവരണത്തിലെ ദൈവശാസ്ത്രത്തിലെ ദ്വന്ദ്വഭാവം ഖുമ്റാൻ രചനകളുമായി യോജിച്ചു പോകുന്നില്ല. അതാകട്ടെ ഈ രചനകളിലെ ഭാഷയിൽ ദൈവശാസ്ത്രപരമായ ഊന്നൽ ഇല്ലെന്നും വ്യക്തമാക്കുന്നു. രക്തസാക്ഷിത്വ വിവരണം ഒരു സെക്ടേറിയൻ രേഖയാണെന്നും, ഖുമ്റാൻ സമൂഹം ഉപയോഗിച്ച രചനാശൈലി ഉപയോഗിച്ചുവെന്നും പറയാം. പക്ഷെ, ഖുമ്റാൻ രചനകളിലൊന്നും രക്തസാക്ഷിത്വ വിവരണം കണ്ടെത്തിയിട്ടില്ല.

രക്തസാക്ഷിത്വമെന്ന ഗ്രന്ഥത്തിനു വിവരണ സ്വഭാവമാണുള്ളത്. എന്നാൽ 3:13-4:22 ഏശയ്യായുടെ പ്രവചനരൂപത്തിലുള്ള ഭാഗമാണ്. വികലമായ രീതിയിൽ പ്രവചനം വിവരണവുമായി ബന്ധപ്പെടുത്തി

യിരിക്കുന്നു (കാണുക 3:13). ഇതാകട്ടെ, ഏശയ്യായുടെ പ്രവചനമാണ് ബിലെയറിൽ കോപമുളവാക്കിയതെന്ന രീതിയിൽ നൽകിയിട്ടുള്ള ത്. ഭാവികാലത്ത് സംഭവിക്കാനുള്ള കാര്യങ്ങൾ എന്ന മട്ടിലാണ് പകുതി ഭാഗങ്ങളും (3:13–31) തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ നടന്നു കഴിഞ്ഞ പ്രിയപ്പെട്ടവന്റെ ജീവിതവും മരണവും (3:13–20) അപ്പോൾ നടന്നു കൊണ്ടിരിക്കുന്ന സഭയിലെ അഴിമതിയും (3:21–31) ഇതൊരു കപട പ്രവചനമാണെന്നു തോന്നിപ്പിക്കുന്നു. എന്നാൽ ബിലെയറുടെ ഭരണകാലവും (4:1–13) കർത്താവിന്റെ രണ്ടാമത്തെ ആഗമനവും (4:13–18) ഇതൊരു ശരിയായ രീതിയിലുള്ള പ്രവചനമാണെന്നു തോന്നിപ്പിക്കുന്നുമുണ്ട്.

സഭയിലെ അഴിമതി (3:21–31) വിവരണം അന്നത്തെ ദേശത്തെ ചില അവസ്ഥകളിലേക്കു വെളിച്ചം വീശുന്നുണ്ട്. സ്വർഗദർശനം രചിച്ചതിനുള്ള ലക്ഷ്യം ഇതിന്റെ രചനാഘടനയിൽനിന്നു വ്യക്തമാണ്. ക്രിസ്തീയ സമൂഹം നേരിടുന്ന അപകടങ്ങളെക്കുറിച്ച് 1, 2 തിമോത്തിയും 2 പത്രോസും മുന്നറിയിപ്പ് നൽകുന്നതുപോലെയാണ് ഇവിടെ ഗ്രന്ഥകാരന്റെ രചന. എന്നാൽ യുഗാന്ത്യം സമീപിച്ചിരിക്കുന്നുവെന്നും സഭയിൽ വ്യാജപ്രബോധനങ്ങൾ ഉണ്ടാകുമെന്നും പണത്തിനുവേണ്ടിയും പദവികൾക്കുവേണ്ടിയും ദുഷ്ടരായ മുതിർന്നവർ രംഗത്തിറങ്ങുമെന്നാണ് മുന്നറിയിപ്പ്. പ്രിയപ്പെട്ടവന്റെ (3:21f) കടന്നുവരവോടെയാണ് ഇതെല്ലാം സംഭവിക്കുക. അവന്റെ രണ്ടാമത്തെ ആഗമനം ആഗതമാകുന്നതോടെ, ലോകം അവസാനിക്കുന്നതിന്റെ അടയാളം (4:1) കാണപ്പെടും. കാലപരിധി നേരത്തേ നിശ്ചയിച്ചിട്ടുള്ള (4:72) ബിലെയറുടെ ഭരണകാലം താമസിയാതെ തുടങ്ങും. കർത്താവ് വീണ്ടും വരുന്നത് ബിലെയറെയും അവന്റെ കൂട്ടാളികളെയും (4:14) അധർമ്മികളായ മനുഷ്യരെയും (4:18) ശിക്ഷിക്കാനും തന്നോടു വിശ്വസ്തത കാണിച്ചവർക്ക് (4:15–17) സമ്മാനം നൽകാനുമായിരിക്കും. ഈ രചനയ്ക്ക് ഇവിടെയൊരു ക്രിസ്തീയ ശൈലി കാണാം. രക്തസാക്ഷിത്വവിവരണത്തോടു ചേർന്നു ചിന്തിക്കുമ്പോൾ ബിലെയർക്കു ദൈവശാസ്ത്രപരമായ ബന്ധവുമുണ്ട്. എന്നാൽ ഇവിടെയെല്ലാം ഈ രൂപത്തിനു തന്നെയാണ് പ്രാധാന്യം നൽകിയിട്ടുള്ളത്.

സാഹിത്യപരമായി നോക്കുമ്പോൾ, ഏശയ്യായുടെ ദർശനം ഒരു രഹസ്യാത്മക രചനയാണ്. ഇത്തരത്തിലുള്ള രചനകളുടെ കൂട്ടത്തിൽ ഇത് സ്വർഗയാത്രയുടെ വിവരണമായി കാണാം. ഒരുപക്ഷെ, ഇതേ രീതിയിലുള്ള രചനാമാതൃക കാണാനാകുന്നത് ഹെനോക്കിന്റെ സാദൃശ്യങ്ങളിലാണ് (1 ഹെനോ. 37–71). എന്നാൽ

കുറെക്കൂടി അടുപ്പമുള്ള സമാന്തരവിവരണങ്ങൾ കാണാനാവുക ലേവിയുടെ നിയമത്തിലെ 2:6-3:10 ലും, 3 ബാറൂക്കിലും 2 ഹെനോക്കിലുമാണ്. മറ്റ് ആധ്യാത്മിക രഹസ്യവിവരണംപോലെ തന്നെയാണ് ഏശയ്യായുടെ ദർശനവും. ഇതിൽ യുഗാന്ത്യത്തെക്കുറിച്ച് കൂടുതൽ ഊന്നൽ നൽകുന്ന വിവരണമില്ല. പകരം സ്വർഗങ്ങളെക്കുറിച്ചും നടന്ന സംഭവങ്ങളെക്കുറിച്ചും പ്രത്യേകിച്ച് കർത്താവിന്റെ ജീവിതത്തെക്കുറിച്ചും മരണത്തെക്കുറിച്ചുമാണ് പ്രതിപാദിക്കുന്നത്.

ഇത്തരമൊരു ദർശനഗ്രന്ഥം രചിക്കുന്നതിൽ ഗ്രന്ഥകാരന് രണ്ടു തലങ്ങളുള്ളതായി കാണാം. ഒരു വശത്ത് സ്വർഗത്തിൽ തങ്ങളെ കാത്തിരിക്കുന്ന അനുഗ്രഹങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് വായനക്കാരെ പ്രോത്സാഹിപ്പിക്കുന്നു. നീതിമാന്മാർ അണിയാൻ പോകുന്ന സ്വർഗീയ വസ്ത്രങ്ങളെക്കുറിച്ചും പറയുന്നു. സ്വർഗത്തിൽ വച്ചുണ്ടാകുന്ന രൂപാന്തരീകരണത്തിന്റെ പ്രതീകമാണിത്. അവർ ഇരിക്കുവാൻ പോകുന്ന സിംഹാസനങ്ങളെക്കുറിച്ചും ഇവിടെ വിവരിക്കുന്നു. മരണമടയുന്ന നീതിമാന്മാർ സ്വർഗത്തിൽ യേശുവിനോടൊപ്പമിരിക്കും. വിശ്വസ്തരായ ക്രൈസ്തവർക്ക് പ്രത്യേകിച്ചും രക്തസാക്ഷികൾക്ക് സമ്മാനമായി കിരീടങ്ങൾ ലഭിക്കും (കാണുക, പ്രത്യേകിച്ചും 9:9-18, 24-26, nn. i-k on 9:9 f) നീതിമാന്മാരായി മരിക്കുന്നവർക്ക് സ്വർഗത്തിൽ മാലാഖമാരേക്കാൾ വലിയ പദവി ലഭിക്കുമെന്നും ഗ്രന്ഥകാരൻ പറയുന്നുണ്ട് (കാണുക 9:28, 33, 38, 41, n. x2 on 9:38).

മറ്റൊരുവിധത്തിൽ പറഞ്ഞാൽ ത്രിത്വത്തെയും മനുഷ്യാവതാരത്തെയും ന്യായീകരിക്കുന്ന വീക്ഷണങ്ങളാണ് ഗ്രന്ഥകാരന്റേത്. ത്രിത്വത്തെക്കുറിച്ച് ഏശയ്യായ്ക്കു പറയാനുള്ളത് പ്രത്യേകിച്ച് ശ്രദ്ധിക്കേണ്ടതുണ്ട്. 9:27-42-ൽ ഏഴാം സ്വർഗത്തിൽ കർത്താവിനെ കണ്ടത് ഏശയ്യാ വിവരിക്കുന്നു. പരിശുദ്ധാത്മാവിനെ കണ്ടത് 9:33-36 ലും കർത്താവിന്റെ മഹത്വം ഒരു നോക്ക് കാണാനായത് 9:37-42 ലും വിവരിക്കുന്നു. പരിശുദ്ധാത്മാവിനെ മാലാഖയ്ക്ക് സദൃശമായാണ് (9:36) വിവരിച്ചിട്ടുള്ളത്. പിതാവായ കർത്താവിന് പ്രത്യേക സ്ഥാനമാണുള്ളതെന്നും, പരിശുദ്ധാത്മാവ് പിതാവിനെ ആരാധിച്ചുകൊണ്ടിരിക്കുകയുമാണെന്നാണ് വിവരണം (9:40).

സ്വർഗദർശനത്തിന്റെ അവസാന ഭാഗത്ത് ഏഴ് സ്വർഗങ്ങളിലൂടെയുമുള്ള കർത്താവിന്റെ അവരോഹണം, ജനനം, ജീവിതം, മരണം, പുനരുത്ഥാനം, സ്വർഗാരോഹണം എന്നിവയെല്ലാം ഓരോ ഘട്ടമായി കാണുന്നതായാണ് വിവരിക്കുന്നത് (10:7-11:33).

മനുഷ്യാവതാരത്തെക്കുറിച്ചുള്ള ഏശയ്യായുടെ താത്പര്യം ഇവിടെ കാണാം. ഇവിടെയും രണ്ട് ഊന്നലുകൾ കാണാൻ കഴിയും. അധോസ്വർഗങ്ങളിൽ കർത്താവിന്റെ യഥാർത്ഥ പ്രകൃതി മാലാഖമാരിൽ നിന്നും (10:20-27) ഈ ലോകത്തിന്റെ രാജകുമാരനും അവന്റെ മാലാഖമാരിൽ നിന്നും (10:29-31) മനുഷ്യരിൽനിന്നും (11:14,19) മറച്ചുവച്ചിരിക്കുന്നത് എങ്ങനെയെന്നു ഗ്രന്ഥകാരൻ വിവരിക്കുന്നുണ്ട്. ഏറ്റവും ഒടുവിൽ സ്വർഗങ്ങളിലൂടെ കർത്താവ് ആരോഹണം ചെയ്യുമ്പോൾ മാത്രമാണ് കർത്താവിന്റെ യഥാർത്ഥ പ്രകൃതി തിരിച്ചറിയാനാവുക (11:23f) ഗ്രന്ഥകാരന് ഇതിനുള്ള വിശദീകരണമെന്നു പറയുന്നത് കർത്താവിന്റെ സ്വത്വം നിഗൂഢമാണെന്നതാണ്. (11:16) പിതാവിന്റെ കൽപനയനുസരിച്ച് (10:7-15) അവൻ രൂപാന്തരീകരിക്കപ്പെട്ടു. ഈ വരികൾ (11:2-22) ഏതോപ്യൻ പരിഭാഷയിലുണ്ട്. ഇത് രണ്ടാമത്തെ ലാറ്റിൻ പരിഭാഷയിലും സ്ലോവാക്കിലുമില്ല. പ്രാചീനമായ ഇതിലെ വിവരണമനുസരിച്ച് മൂലകൃതിയിൽ ഉള്ളതാണോ ഇതെന്നു കണ്ടെത്തുക വിഷമമാണ്. കന്യകയിൽനിന്നുള്ള ജനനം എന്ന യാഥാർത്ഥ്യത്തെ ന്യായീകരിക്കാൻ ദർശനത്തെ ജെയിംസിന്റെ പ്രോട്ടോ ഇവാഞ്ചലിയൂമിലെ രചനകളോടു താരതമ്യപ്പെടുത്താവുന്നതാണ്. കൂടാതെ ബാല്യകാലസുവിശേഷങ്ങളോടും താരതമ്യം ചെയ്യാം.

ഏശയ്യായുടെ ദർശനവും ഗ്നോസ്റ്റിക് ഉറവിടങ്ങളും തമ്മിലുള്ള സമാന്തര സ്വഭാവം കണക്കിലെടുക്കുമ്പോൾ ദർശനഗ്രന്ഥത്തിന്റെ ഉറവിടം അർധ ക്രിസ്തീയ തലങ്ങളോ ക്രിസ്ത്യൻ ഗ്നോസ്റ്റിക് തലങ്ങളോ ആണെന്നു വാദിക്കുന്നവരുണ്ട്. സമാന്തര പ്രതിപാദ്യങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും ദർശനഗ്രന്ഥം ഒരു ഗ്നോസ്റ്റിക് രചനയാണെന്നും വ്യക്തമായി പറയാനാവില്ല.